സപ്തസൈന്ധവം-ചരിത്രത്തിന്റെ ഇടനാഴിയിലൂടെ.

ഡോ. സുവർണ്ണ നാലപ്പാട്ട്.

ഭാഗം 1 സിന്ധുസരസ്വതിലിപി

ഭാഗം 2 കടൽകടന്ന് കച്ചവടം

- ## ഭാഗം 1 സിന്ധുസരസ്വതീലിപി

മായൻ,ഈജിപ്ത്യൻ ഖ്ലുഭസ്സിനോട് (ഖ്ലുഭ)സാമ്യമുള്ളതും അവയേക്കാളും പഴക്കമേറിയതുമായ സിന്ധുസരസ്വതീലിപി വായിക്കാൻ ഒരാൾക്ക് എന്തെല്ലാം അറിഞ്ഞിരിക്കണം. അമര കോശവും തമിഴനിഘണ്ടുവും പുരാണേതിഹാസങ്ങളും വേദോപനിഷത്തുക്കളും ജോതിശ്ശാസ്ത്രവും സംഗീതനൃത്തശിൽപ്പകലവാസ്തുകലകളുമെല്ലാം അതിനുള്ള താക്കോലാണ്. ചുരുങ്ങിയത്

സംസ്കൃതവും പ്രാചീനതമിഴും കൂടി അറിഞ്ഞിരിക്കണം. ബ്രാഹ്മിലിപിപരിചയവും വേണം. ഞാനീ വഴിയൊക്കെ കുറെ സഞ്ചരിച്ചുനോക്കി. സിന്ധുലിപി ഏറ്റവുമധികം വായിക്കാനായി ശ്രമിച്ചിട്ടുള്ള ഫിന്നിഷ് യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞനായ ആസ്കോ പർപ്പോളയുടെ ഗ്രന്ഥങ്ങളില് തമിഴ് സംസ്കൃതഗ്രന്ഥങ്ങളെ ആശ്രയിച്ചിട്ടുണ്ട്. അതിനാലവ ഏറെക്കുറെ ശരിയാവുന്നുമുണ്ട് എന്ന് എനിക്ക് തോന്നുന്നു.

ആർക്കിയോളജിക്കല് ആയ പൂർവ്വീകആസ്ഥാനങ്ങളെ ആദ്യമായി പരാമർശിക്കുന്നത് വേദങ്ങളിലാണെന്നും അർമ്മ (ancient ruin mound)എന്ന പദത്തിന് അതാണ് അർഥമെന്നും പർപ്പോള പറയുന്നു. തൈത്തിരീയബ്രാഹ്മണത്തിൽ(തൈ.ബ്രാ.2,4,6,7,8) നാട്ടുവിട്ടുപോയവരുടെ ദേശമെന്നും ഋഗ്വേദസംഹിതയിൽ(1,133,3) മന്ത്രവാദക്കാരുടെ സ്ഥാനമെന്നും കൌശീതകീ സംഹിതയിലും(19,5) തൈത്തിരീയസംഹിതയിലും(5,1,6,2) കാട്ടുകളിൽ പാത്രക്കഷ്ണങ്ങൾകാണുന്നസ്ഥലമെന്നും മാത്രമല്ല, സിന്ധുസരസ്വതിദൃഷദ്വതിതീരങ്ങളിലെ പ്രാചീനവും പൂർവ്വീകവുമായ നഗരങ്ങളെന്നുതന്നെ പറയുന്നുണ്ട്. (ജാ.ബ്രാ.3,328. P B 25,10, 16,18, LSS 10,19,4-9) 326 ബിസിയില് അരിസ്റ്റോബുലസ് കണ്ടതായി പറയുന്ന 1000 നഗരവും ഗ്രാമവുമുള്ള ജനങ്ങളൊഴിഞ്ഞുപോയ നഗരങ്ങളെയാണ് വേദങ്ങളിലിങ്ങനെ പരാമര്ശിക്കുന്നത്(സ്ട്രാബോ 15. 1,19) 19ആം നൂറ്റാണ്ടിന്റെ ആദ്യം, ബ്രിട്ടീഷ് ആർക്കിയോളജിസ്റ്റുകൾഇതേ സ്ഥലങ്ങളെയാണ് പഠനവിധേയമാക്കിയത്.വേദത്തിലെ ഈ അർമ്മനഗരങ്ങള് പ്രാചീനനഗരങ്ങളുടെ തുടർച്ചയാണെന്ന അറിവും ഈ ആർക്കിയോളജിസ്റ്റുകള്ക്ക് ഉണ്ട്. സൈന്ധവസംസ്കൃതികാലത്തെ രണ്ട് സീലുകളിൽ കോഴി ചിത്രമുണ്ട്.

(ആദ്യത്തേത് ഒരു കോഴിമാത്രമുള്ള ഭഗവതി(റാണി)യുടെ രാജ്യവും രണ്ടാമത്തേത് 2 കോഴിയുള്ള രാജാവും റാണിയും വാഴുന്ന അർദ്ധനാരീശ്വരക്ഷേത്രവുമാണ്.)ഇതിനെ ആസ്പദമാക്കി ഐരാവതം മഹാദേവൻ മോഹഞ്ജോദാരോവിന്റെ പഴയനാമം കുക്കുടാരാമം എന്നാണെന്ന് സ്ഥാപിച്ചു. കേരളത്തിലെ മഹോദയരാജാക്കന്മാരുടെ ഘടികക്കും ഘോഷാരാമം അഥവാ കുക്കുടാരാമമെന്നായിരുന്നു പേരെന്നത് യാദൃഛികമല്ല എന്ന് എനിക്ക് തോന്നി. കുക്കുടാർമ്മാകമാണ് കുക്കുടാരാമം. കോഴികളുടെ പഴയ നഗരം. ഗോണ്ടിഭാഷയിലെ കൊക്കോടി,കൊക്കൊഴി ഇവയും സമാനാർത്ഥമുള്ളതാണ്.

കേരളത്തിലും ഈ അർത്ഥമാണ് കൊഴി(കോയി)എന്ന പേരോട്ടുകൂടിയ നിരവധി സ്ഥലങ്ങൾക്ക്. കേരളത്തിലെ ഏറ്റവും പഴയ രാജവംശം മൂഷകവംശമാണ്. ആ നാമം സൈന്ധവലിപിയിലുണ്ടോ എന്നതാണ് എന്റെ അടുത്ത ചോദ്യം. ഇന്ത്യയിലെ ഏറ്റവും പഴയസംസ്കൃതചരിത്രകാവ്യം അതുലന്റെ മൂഷകവംശകാവ്യമാണ്. കാർത്തവീര്യപുത്രനായ രാമഘടമൂഷകന്റെ നാമമുള്ള വംശം. ഈ വംശം മൂഷകനോസ് എന്ന പേരിൽ നിലനിന്നിരുന്നതായി അലക്സാന്റർുടെ കാലത്തെ ചരിത്രകാരന്മാര് രേഖപ്പെടുത്തുന്നു. അലക്സാന്ററെ മുട്ടുകുത്തിച്ച പുരുഷോത്തമനെന്ന പൂരു (പോറസ്) മൂഷകവംശക്കാരനായിരുന്നു എന്നും. (മെക്കർദോ കണ്ട സിന്ധ്. 18ആം നൂറ്റാണ്ടിലെ ചരിത്രകാരൻ) മൂഷകവംശ ത്തിലാണ് തെക്കേ ഇന്ത്യയിലെ രാജാക്കന്മാരെല്ലാം ജനിച്ചത്. (ശ്രീകൃഷ്ണനുൾപ്പെടെയുള്ള യാദവവംശം മൂഷകവംശത്തിന്റെ താവഴികളാണ്)അലക്സാന്റർുടെ പ്രതിമ തൃപ്രയാറിലും പൂരുവിന്റെ പ്രതിമ പെരുവനത്തും ഉണ്ടെന്നത് എന്റെ ശ്രദ്ധയിൽ പെട്ടു.

സൈന്ധവലിപിയിലെ മൂഷകനാമം-

Symbols / Indus logo				
First Step	Identification of object	Cone	Chessboard	Head gear decoration of a Kavari
Second Step	Sanskrit name	Musika means cone as well as cone shaped crucible	Sari	Kavari
Third Step	First syllable of the word is taken	Mu	Sa	Ka
Fourth Step	Corrected sound	Mu	Si	Ka

B 5



2 ex

A 11

മൂഷിക ശ്രീ കവരി എന്ന വാക്കിലെ ആദ്യാക്ഷരങ്ങളാണ് മൂഷക, മൂഷിക വംശനാമമായതെന്ന് കാണുന്നു. മൂഷകശ്രീനാമമാണ് മുശിരിയും മുസിരിയും മുചിരിയുമായി ഉച്ചാരണഭേദം വന്നത്. കോ(രാജാവ്,കോയി)ശ്രീ(ചീ)യാണ് കോച്ചി അഥവാ കൊച്ചി രാജകുടുംബമെന്ന് ലോപിച്ചത്. അതായത്, മൂഷകനാമവും കോഴിയുടെ കുക്കുടാരാമവും ചുരുങ്ങിയത് ഹരപ്പകാലം വരെയോ അതിനു മുമ്പോ ഇന്ത്യയിലുള്ളവർക്ക് സുപരിചിതമാണ്. ഇത് കേരളത്തിലെ ഭരണവ്യവസ്ഥിതിയുടെ പഴക്കത്തിലേക്ക് വിരല് ചൂണ്ടുന്നുണ്ട്.

- **ലോത്തലെന്ന ലാടദേശം**

മോഹഞ്ജോദാരോക്ക് 700 കി മീ തെക്കുകിഴക്ക് ലാടത്തിന്റെ രൂപത്തിലായി ഒരു ഭൂപ്ര ദേശമുണ്ട്. ഈ ലോത്തലാണ് ഇപ്പോഴത്തെ ഗുജറാത്തിന്റെ ഉൾനാട്ടുദ്വാരാപുരം. പർപ്പോള യുടെ ഭാഷയിൽ gateway settlement. ഹരപ്പയിലെ ജനത ,ഗുജറാത്തിലെ ഗിരിവനവാസി കൾ,ദക്ഷിണേന്ത്യക്കാരെന്നിവരിൽനിന്ന് അസംസ്കൃതവസ്തുക്കളും finished products ഉം ശേഖരിക്കയും അവ കടലിലും കരയിലുമുള്ള വാണിജ്യശൃംഖലയിലെത്തിക്കുകയും ചെയ്തിരുന്ന ത് ലോത്തലിലൂടെയായിരുന്നതുകൊണ്ടാണ് gateway settlement എന്നു വിളിച്ചത്. ശ്രീകൃ ഷ്ണന്റെ പ്രഭാസതീർത്ഥവും ദ്വാരകാപുരിയും ഇതിന്നടുത്താണ്.ദ്വാരക മുങ്ങിയശേഷമാണ് ലോത്തൽ ,അതിനുതൊട്ടുള്ള മച്ച്യമട(മത്സ്യമഠം)എന്നിവ ഇങ്ങനെ പ്രവർത്തിക്കാനാരം ഭിച്ചത്. കർണ്ണാടകത്തിൽകാണുന്ന fuchsite കൊണ്ടുണ്ടാക്കിയ ഒരു ലോട്ട മോഹഞ്ജോ ദാരോവില്നിന്നു കിട്ടിയിട്ടുണ്ട്. സൌരാഷ്ട്രം ,ഗുജറാത് എന്നിവിടങ്ങളിലെ അഗേറ്റ്, കാ ര്ണീലിയന്മണികളുണ്ടാക്കുന്ന ഒരു കേന്ദ്രം ലോത്തലില് കണ്ടെത്തി. ചുവന്ന കാർണീലി യൻമണിയില് വെളുത്തഡിസൈൻവരച്ച് കല്ല് ചൂടേൽപ്പിച്ച് ആണ് etched carnelian മണി ഉണ്ടാക്കുന്നത്. ഗുജറാത്തിലേയും സൌരാഷ്ട്രത്തിലേയും ഇത്തരം ബീഡ്സ് ബിസി 2500-2334 കാലത്തെ മെസപ്പെട്ടോമിയയിലെ ഉർഎന്ന രാജകീയശ്മശാനത്തി ൽകണ്ടെത്തി.(ഇത് ഏതാണ്ട് കേരളമൂഷകചരിത്രത്തിലെ മഹീരണകാലത്തോടടുത്തുവരും.)ഇന്ത്യയുടെ കടൽവ്യാ പാരത്തിൽ പങ്കാളികളായ മൂന്നുപേരുകൾ(ബിസി 3200-1900 വരെ) ക്രമത്തിൽ മെലൂഹ, മാഗൻ,ദിൽമുൻഎന്നിവയാണ്.

1. മെലൂഹഃ- മ്ലേഛദേശമെന്നു വിളിക്കുന്ന ഭാഗം സിന്ധുനദീതടത്തിലെ ചില ഭാഗങ്ങളും ഇന്തോഇറാനിയൻഅതിർത്തിദേശങ്ങളും (ബിസി 2334-2279 സാർഗ്ഗന്റെ കാലം,

ബിസി 2254-2218 കാലത്ത് പൌത്രൻനരംസെന്നെന്ന നരസിംഹന്റെ കാലം)ആമലകീദേശമെന്ന (തിരുനെല്ലി ഉൾപ്പെട്ട)ഉത്തരകേരളത്തിലെ പടിഞ്ഞാറൻകടലോര ഭൂമിയുമാണ്.ആമലകിയാണ് ആമലഹിയും ആ ലോപിച്ച് മലഹിയും മെലൂഹിയുമായ പദം. മുളക്(മിളഹായ്)എന്ന സ്പൈസ് ട്രേഡിന്റെയും ത്രിഫലയിലുൾപ്പെട്ട നെല്ലി (ആമലകി,ആമ്ലഹി)യുടെയും കുത്തകാവകാശമുള്ള കേകയംമുതലുള്ള പശ്ചിമഭാരതതീരമാണ് മെലൂഹദേശം.

2. മാഗൻ:- ഒമാനും ഇറാനിയൻമക്രദേശവും ഇന്ത്യയിലെ മാഗധദേശവും തമ്മില് കര, കടലു വഴി വ്യാപാരമുണ്ടായിരുന്നു. . 3000 ബിസിയില് ചെമ്പ് അസംസ്കൃതവസ്തുക്കളിൽനിന്ന് ഉണ്ടാക്കിയിരുന്നു. ആർക്കമെനിഡ് സാമ്രാജ്യത്തില് മക(ഗ)സാമന്തരുണ്ട്. മേശ്ശമരം ഇന്ത്യയിൽനിന്നാണ് കയറ്റിഅയച്ചിരുന്നത്. യാകാ(ശിശ്ശു)മരം എന്ന് പാക്കിസ്ഥാനിൽ പറയുന്നു.

3. ദിൽമുൻ:-ബഹ്റൈൻ,താരുത്,ഫൈലക്ക .3200ബിസി-1500ബിസി വരെ തുണി, മഴു,എന്നിവ ,ദിൽമുനിലെ നികുതിപിരിവുകാരനെയും രാജകുമാരനെയും കുറിക്കുന്ന പദങ്ങളെന്നിവക്ക് ഇന്ത്യൻഭാഷകളോടുള്ള സാമ്യം.

ശ്രീകൃഷ്ണന്റെ കാലംമുതൽ മൂഷകവംശത്തിലെ 50-51 രാജാക്കന്മാരുടെ കാലം വരെയുള്ള രേഖകളിൽ ഈ മൂന്നുപേരുകളും കാണുന്നു. അതുകൊണ്ട്,ദ്വാരകാതുറമുഖമുണ്ടാക്കിയ കാലത്ത് മുതലായിരിക്കാം ഈ സമുദ്രവ്യാപാരശൃംഖല ആരംഭിച്ചതെന്ന് അനുമാനിക്കാം. അതിനുമുമ്പും ബന്ധമുണ്ടായിരുന്നിരിക്കണം,എന്നാലിത്ര വിപുലമായിരുന്നിരിക്കയില്ല. ജരാസന്ധന്റെ ശക്തികുറക്കാൻ, ധർമ്മപുത്രർക്കും അർജ്ജുനനും ഇന്ദ്രപ്രസ്ഥം പണിയാൻ,വിപുലമായ വ്യാപാരശൃംഖലകളും സൌഹൃദബന്ധങ്ങളും ദക്ഷിണേന്ത്യ,അറേബിയ,ഈജിപ്ത്,തെക്കേ അമേരിക്ക,പോളിനേഷ്യഉൾപ്പെട്ട രാജ്യങ്ങളുമുള്ള ലോകരാഷ്ട്രത്തെ ഏകരാഷ്ട്രമാക്കി പടുത്തുയർത്താനുള്ള ലക്ഷ്യം സാധിക്കാന് വേണ്ടിയാണ് പൂർവ്വികരുടെ നഗരമായ കുശസ്ഥലിയിൽകൃഷ്ണന്റെ ദ്വാരകാപുരി പടുത്തുയർത്തപ്പെട്ടത്. ധർമ്മസംരക്ഷണത്തിനുള്ള മഹാകർമ്മയജ്ഞമായിരുന്നു അത്. കൃഷ്ണന്റെ 8 വിവാഹങ്ങളെ അയിനിക്കുറു സ്ഥാപിക്കലായിട്ട് കാണുന്നപക്ഷം രാഷ്ട്രത്തിന്റെ കെട്ടുറപ്പിനും ബന്ധുബലത്തിനുമായിരുന്നു അവയെന്നു വ്യക്തമാകും. തടവിലായ 16000 സ്ത്രീകളെ മോചിപ്പിച്ച് ഒരു സ്ത്രീസംഘം (കിള്ളിമൂഷകവംശത്തിന്റെ സംഘപ്പട) ഉണ്ടാക്കിയതും അവരുടെ രാജ്യങ്ങളേയും ബന്ധുക്കളേയും കൃഷ്ണാർജ്ജുനപക്ഷമാക്കി പെരുംപടകുമുത്തരയന്മാരുടെ കപ്പൽപ്പടയോട്ടുകൂടിയ തുറമുഖനഗരികളാല് പടിഞ്ഞാറെ കടലോരത്തെ സമൃദ്ധമാക്കിയതും അദ്ദേഹമാണ്. യാദവവംശത്തിന്റെ ഈ ചന്ദ്രൻ,സ്വയം ശതക്രതുവാകാതെ,അനുജനും സുഹൃത്തുമായ അർജ്ജുനനും ,ജ്യേഷ്ഠൻ ധർമ്മപുത്രർക്കും ദിഗ്വിജയത്തിനും രാജസൂയത്തിനും ചക്രവർത്തിപദത്തിനും അവസര

മൊരുക്കി. ശതക്രതുക്കളുടെയെല്ലാം ശതക്രതുവും സംരക്ഷകനുമായി. ഇത് സ്വവംശമായ മൂഷകകുലപാരമ്പര്യമാണ്. കുലസംഘസമ്പ്രദായമാണ്.

ബിസി 2144-2124 വരെ ഭരിച്ച ഗുഡിയ എന്ന ലഗാഷിലെ സുമേരിയൻരാജാവിന്റെ ലിഖിതം പറയുന്നു:-മെലൂഹന്മാർഅവരുടെ രാജ്യത്തിലെ ഉസൂമരവും സ്വർണ്ണപ്പൊടികളും കാർണീലിയൻമണികളും മറ്റ് ഐശ്വര്യവസ്തുക്കളുമായെത്തി. അവരാണ് ഗുഡിയയുടെ തലസ്ഥാനത്തിലെ പ്രധാനദേവാലയം പണിതത്.

ബിസി 2105-2071 വരെ അവരൊരു കോളനിയായി ഗുഡിയയില് താമസിച്ചു. (ഉർറിലെ മൂന്നാം രാജവംശകാലം)ആ സ്ഥലം പിന്നീട് മെലൂഹഗ്രാമം എന്നറിയപ്പെട്ടു. ബിസി 2000 ത്തിലെ Enki and the world order എന്ന ഗ്രന്ഥത്തില്ജലദേവനായ എങ്കി (വരുണ)ലോകം ചുറ്റിസ്സഞ്ചരിച്ച് ഭൂമിയിലെ വിവിധരാഷ്ട്രങ്ങളുടെ ഭാഗധേയം നിര്ണ്ണയിച്ചു എന്നു പറയുന്നു. ബിസി 4544ലെ മൂഷകരാജാവായ ചന്ദ്രവര്മ്മന് ഒന്നാമനെക്കുറിച്ച് ഭൂഭാരം കുറക്കാനായി ഭൂമിയിലെ സര്വ്വസ്ഥലവും തന്റെ കപ്പലിലേറി സഞ്ചരിച്ചതായി പറയുന്നു. എങ്കിയുടെ പുസ്തകത്തിൽ സമുദ്രവ്യാപാരത്തിലേർപ്പെട്ടവർക്കിടയില് പ്രധാനികള് മെലൂഹരാണെന്നു പറയുന്നുണ്ട്. 124- 30 വരെയുള്ള പദ്യങ്ങളിൽമെലൂഹരുടെ കപ്പലുകളെക്കുറിച്ചും 219-35 വരികള് മെലൂഹദേശസംബന്ധിയുമാണ്.മെലൂഹമെന്ന നാട്ടിലെ മനുഷ്യരെല്ലാം കറുത്തവരാണെന്ന പരാമർശം ശ്രദ്ധേയമാണ്. കറുത്തവരായ കൃഷ്ണന്മാരുടെ നാടാണ് മെലൂഹദേശം. മെലൂഹരുടെ കൂറ് അവൻ തരണം ചെയ്തു എന്ന വാചകത്തിലെ കൂറ് കേരളത്തിലെ തെക്കുംകൂറ്,വടക്കുംകൂറ് മുതലായ പദങ്ങളോട് സാമ്യമുള്ളതാണ്. കൂറ്,കൂറ്റ് മുതലായ വാക്കുകളെല്ലാം പഴയ ബ്രാഹ്മി ലിഖിതങ്ങളിലും തമിഴകത്ത് കണ്ടെടുത്തിട്ടുണ്ട്. മധുരജലമുള്ള സമുദ്രത്തിന്റെ അധിപനായ എങ്കി ആ ദേശത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്നു.

- എങ്കിയിലെ ചില പദ്യങ്ങളിങ്ങനെ:-

കരിംകൂറ്, നിന്റെ വൃക്ഷങ്ങൾ മഹാവൃക്ഷങ്ങളായിരിക്കും.അവ മലമുകളിൽമേസുത്തോട്ടങ്ങളുണ്ടാക്കും. അവരുടെ സിംഹാസനങ്ങൾരാജകീയമായ കൊട്ടാരങ്ങളിലെത്തും. നിങ്ങളുടെ മുളകൾദീർഘങ്ങളാവും. യുദ്ധക്കളത്തിൽവീരന്മാർഅവയെ ഉപയോഗിക്കും. നിങ്ങളുടെ കാളകൾമികച്ച മഹാഋഷഭങ്ങളാവും. ഗിരികളിലെല്ലാം ഋഷഭശ്രേഷ്ഠരുടെ നാദം ഉയർന്നുമുഴങ്ങും. ദേവന്മാരുടെ മഹാനിയമങ്ങൾ നിങ്ങൾക്കായി ഞാൻപൂർണ്ണമാക്കിത്തരും. ഗിരികളിലെ കോഴിപ്പക്ഷികളെല്ലാം കഴുത്തിൽ കാർണ്ണീലിയൻമണിയണിയും.(ദർപ്പക്ഷി എന്നാണ് വാക്ക്. അതിന്റെ ഇംഗ്ലീഷ് തർജ്ജമയാണ് fowl അഥവാ കോഴിയെന്നത്. നിങ്ങളുടെ പക്ഷികളെല്ലാം ഹൈആ പക്ഷികളാവും. (ഇത് വെളിച്ചപ്പാടിന്റെ ശബ്ദമാകാം.കോഴിയും കേരളത്തിലെ ദേവീക്ഷേത്രങ്ങളും തമ്മിലെന്തോ

ബന്ധമുണ്ട്. ഹൈആ പക്ഷി മയിലാണെന്ന് പർപ്പോള പറയുന്നു.ഇവയെ കേരളത്തിൽനിന്നാണ് കയറ്റി അയച്ചിരുന്നത്) അവരുടെ ആ കരച്ചിൽരാജകൊട്ടാരങ്ങളെ നിറക്കും. നിങ്ങളുടെ വെള്ളി പൊന്നാകും.(ആൽക്കെമി).ചെമ്പ് വെള്ളീയമാകും. ഭൂമിയിൽ സർവ്വവസ്തുക്കളും നിങ്ങൾക്കു ലഭിക്കും. നിങ്ങളുടെ വംശം വർദ്ധിക്കും. നിങ്ങളുടെ പുരുഷന്മാർമറ്റു പുരുഷന്മാരോട് കാളകളെപ്പോലെ പൊരുതും.

(കേരളത്തിൽ ഗിരി അഥവാ ഉയർന്ന പ്രദേശമെന്നതിന് കുർ,കുറു എന്ന പ്രയോഗം നിറയെ കാണാം.കുറുംപുറൈ,കുറുഗിനാട്,കുറുംബ എന്നിങ്ങനെ അനേകം)

Cross over Akkadല് (വരി 48-49) നരംസിംഹന്റെ കാലത്ത് സുമേരിലേക്ക് കറുത്തവരുടെ നാടായ മെലൂഹയിൽനിന്ന് എല്ലാ വസ്തുക്കളും ആയുധങ്ങളുമേറ്റിയ കപ്പലുകൾവന്നിരുന്നു എന്നു കാണാം. നരസിംഹനെന്ന നാമം തന്നെ ഭാരതീയമാണ്.

ഹൈയാ പക്ഷി മയിലാണെന്നതിന് പർപ്പോളക്ക് ആധാരം ബാവേരുജാതകമാണ്. കൈഞൊടിച്ചാൽഉച്ചത്തിൽശബ്ദിക്കയും കൈ അടിച്ചാല് നൃത്തം വെക്കയും ചെയ്യുന്ന രാജമയൂരവുമായി ഇന്ത്യക്കാർ ബാവേരുരാജ്യത്തേക്ക് പോയതായും 1000 സ്വർണ്ണ നാണ്യം കൊടുത്ത് അവയെ ബാവേരു വാങ്ങിയതായും കഥയുണ്ട്. ബാവേരു അഥവാ പേർഷ്യയിലെ ബാബിരു ,ബാബിലോണിയയിലെ ബാബിലുവും ആകാമെന്നദ്ദേഹം കരുതുന്നു. കേരളത്തിലെ ബാബേരു(വാവര്)സ്വാമിയുടെ സാന്നിദ്ധ്യവും ബാബേരു (ബഭ്രു)മയിൽവാഹനനായ മുരുകനെന്ന ദേവന്റെ ആരാധനയും മിത്ത് ആക്കി തള്ളുന്ന ചരിത്രകാരന്മാരാണ് ഇന്ത്യയിലുള്ളത്. പർപ്പോളയെപ്പോലുള്ളവർക്ക് ഇത്തരം ജാതകകഥകളിലും കൂടി കാണാനാവുന്ന സത്യം ഇവിടത്തെ ചരിത്രകാരന്മാർക്ക് വെറും നുണക്കഥയായി തോന്നുന്നു. കേരളത്തിലെ ബാബേരുസ്വാമി ബിസി 3000-2500ന് മുമ്പുള്ള (എങ്കെ എഴുതപ്പെട്ട കാലം)ഒരു ബാബിലോണിയൻസുഹൃത്തായി അയ്യപ്പന്റെ കൂടെ ഉണ്ടായിരുന്നതായി സങ്കൽപ്പിക്കാനാവാത്തതുകൊണ്ട് അവരദ്ദേഹത്തെ മുഹമ്മദ് നബിക്കു ശേഷമുള്ള കാലത്തേക്ക് കൊണ്ടുവന്ന് ,അയ്യപ്പകഥയേയും പുതിയതാക്കുന്നു. എങ്കിയും നിൻഹർസാഗും (Ninhursag) എന്ന ക്യൂണിഫോം ടെക്സ്റ്റിൽ, മെലൂഹദേശം നിങ്ങൾക്ക് കൊതിപ്പിക്കുന്ന അമൂല്യമായ കാർണ്ണീലിയന്, മാഗനിലെ ശിശുമരം, കടൽമരം(കട്ടുമരം)എന്നിവ തരട്ടെ എന്നു കാണാം. അക്കാഡിയൻഭാഷയിലെ ശാന്തു (തമിഴിലെ ചാന്തു)വാണ് gug (ഗുഗ്) എന്ന കാർണ്ണീലിയൻ. ചുവന്ന കല്ലാണ് അതിലെ etched carnelian . ഉർറിലെ മൂന്നാം ഡൈനാസ്റ്റികാലത്ത് കസാര,കഠാരപ്പിടി,ഇവയുണ്ടാക്കാൻമരം കൊണ്ടുപോയിരുന്നത് ഇന്ത്യയിൽനിന്നാണ്. കിഴക്കൻബലൂചിസ്ഥാനിലേയും സിന്ധിലേയും മാംഗ്രോവ് മരമാവാമെന്ന് പർപ്പോള കരുതുന്നു. മ്ലേച്ഛദേശത്തുനിന്ന് മറ്റൊരു പ്രധാനകയറ്റുമതി ആനക്കൊമ്പാണ്. ഇസിൻ-ലാർസ രാജവംശ(ബിസി 1760)ത്തിനുശേഷം ഗൾഫ് വഴി ആനക്കൊ

ന്ന് കയറ്റി അയക്കുന്നത് കുറഞ്ഞു. (പേജ് 14) പിന്നെ 200 കൊല്ലത്തേക്ക് (ബിസി 15ആം നൂറ്റാണ്ടുവരെ) മ്ലേഛദേശത്തെക്കുറിച്ച പരാമർശമില്ല. 3000 ബിസിയില് നൂബിയയിലും എത്തിയോപ്പിയയിലും ആനക്കൊമ്പുണ്ടെന്ന് ബാബിലോണിയക്കാരറിഞ്ഞിരുന്നില്ല. (തൊട്ട അടുത്തായിട്ടും) ബിസി 1760ൽ ഈ കാര്യം അവർക്ക് മനസ്സിലായി. പക്ഷേ അവിടത്തെ ആനക്കൊമ്പ് മോശമാണെന്ന് 200 കൊല്ലം കൊണ്ട് മനസ്സിലായി.. വീണ്ടും മ്ലേഛദേശത്തെ ആനക്കൊമ്പിന് ഡിമാന്റ് കൂടി. മെലൂഹയിലെ കറുത്തവ രേയും അവരുടെ നാട്ടിലെ ആനക്കൊമ്പിനേയും കുറിച്ച് ക്യൂണിഫോം ലിഖിതങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടുതുടങ്ങി. മെസപ്പെട്ടോമിയൻസംസ്കാരവുമായി വ്യാപാരബന്ധമുണ്ടായിരുന്നുവെങ്കിലും ഇവിടത്തെ സംസ്കാരം സ്വതന്ത്രമായി ഇവിടെത്തന്നെ വളർന്നുണ്ടായ ഒന്നാണ്. (പേജ് 15) ഇന്നും മോഹഞ്ചോദാരോയുടെ അടിയിലെ സ്ട്രാറ്റ ഖനനം ചെയ്യാനായിട്ടില്ല (വെള്ളം കാരണം) അതിനാലതിന്റെ പഴക്കം നിർണ്ണയിച്ചതും ഇന്നും അപൂർണ്ണമാണ്. 1974ൽജീൻഫ്രാങ്കോയിസ് ജാരിജ് മെഹ്ർഗാർഹ്, നൌഷാരോ (കച്ച് സമതലം) ബോളൻചുരംവഴി പടിഞ്ഞാറൻസിന്ധിൽനിന്നും ബലൂചിസ്ഥാനി ലേക്കു പോകുന്ന വഴിയിൽനടത്തിയ പഠനങ്ങള് ഭാരതത്തില് ബിസി 8000- 2000 വരെ തുടർച്ചയായി സ്വതന്ത്രമായി ഒരു സംസ്കാരം നിലനിന്നിരുന്നു എന്ന് തെളിയിച്ചു. ഇന്ത്യയിലുള്ള വരാരും മാക്സ്മുള്ളർവിചാരിച്ചപോലെ പുറത്തുനിന്ന് വന്ന ആര്യന്മാരല്ല എന്ന് മനസ്സിലാവുകയും ചെയ്തു. കറുത്ത മെലൂഹന്മാരുടെ സംസ്കാരം ഇവിടെ പണ്ടേ ഉണ്ടായിരുന്നു.അത് ട്രോപ്പിക്കൽ ഇന്ത്യയുടെ (പ്രത്യേകിച്ചും ദക്ഷിണേന്ത്യയുടെ) സംസ്കാരവുമായി ഇഴചേർന്നല്ലാതെ വിസ്തരിക്കാനാവുകയുമില്ല. ആര്യന്മാരുടെ വരവ് എന്ന കാലഹരണപ്പെട്ട തിയറി കുട്ടികളെ പഠിപ്പിക്കുന്നതിലും ജനങ്ങളെ ഭിന്നിപ്പിക്കുന്ന തിലും ജാഗരൂകരായ ചില ബുദ്ധിജീവികളാണ് ഇപ്പോഴും പറഞ്ഞുനടക്കുന്നത്.

- **നിയോലിത്തിക് കാലം::-**

ഏകദേശം 8000- 6000 ബിസിയിലാണ് ഭാരതത്തിലെ മെഹ്ർഗാർഹ് (മഹാഗൃഹ) കാലം. അന്ന് വായുവിലുണക്കിയ ചളിക്കട്ടപോലുള്ള കളിമണ്ണുകൊണ്ട് ഇഷ്ടികയുണ്ടാക്കി ധാരാളം മുറികളോട്ടുകൂടിയ ചതുരാകൃതിയിലുള്ള ഗൃഹങ്ങളുണ്ടാക്കിയിരുന്നു. ഇരുമ്പ് കൊണ്ടുള്ള അരിവാളുകൊണ്ടാണ് കൊയ്തിരുന്നത്. കൃഷിയും ആട്ടുവളർത്തലും പശുമേക്കലും സെബുവിനെ വളർത്തലും ആരംഭിച്ചിരുന്നു. ഇടയവർഗ്ഗമാണ് അക്കാലത്തെ നഗരനിർമ്മാതാക്കളായിരുന്നത്. നായാട്ടുകാരുടെ വർഗ്ഗത്തേക്കാളും ഇടയ വംശം ശക്തിയാർജ്ജിച്ചിരുന്നു. കളിമണ്ണുപ്രതിമകളും കന്മഴുവും ആഭരണങ്ങളും ശംഖുമാലകളും ലാപ്പിസ് ലസൂലി,ടർകോയിസ് മുതലായവയുടെ ആഭരണശേഖരവും അവ

ർക്കുണ്ടായിരുന്നു. അറബിക്കടലോരത്തെ പശ്ചിമദേശവും ഹിമാലയത്തിനപ്പുറമുള്ള ഗാന്ധാരവും തമ്മിൽ അക്കാലം മുതലേ വ്യാപാരസാംസ്കാരികബന്ധമുണ്ടായിരുന്നു. (പർപ്പോള പേജ് 15) ബലൂചിസ്ഥാനത്തിലെ കർഷകർക്കും (രാമായണത്തിലെ കേക യരാജ്യം)ദക്ഷിണേന്ത്യയിലെ ഇടയവർഗ്ഗത്തിനും ഒരേ സ്വഭാവങ്ങളാണ് കാണുന്ന ത്. 1500 അടി സമുദ്രനിരപ്പിനു മേലേയുള്ള കിലിഗുൽമുഹമ്മദ് പ്രദേശത്തും , 150 മീ ഉയരത്തിലുള്ള മെഹർഗർഹിലും ഒരേ ദ്രാവിഡിയൻസംസ്കാരമാണ് കാണുന്നത്. .അറബിക്കടലിലെ ശംഖും ചിപ്പിയും അത്രയും ഉയരമുള്ള ദേശങ്ങളിലും ബിസി 10000-8000 കാലത്തുതന്നെ എത്തിയിരുന്നു. ദ്രാവിഡരുടെ വടക്കോട്ടുള്ള യാത്രകളാണ് ഇതിനുപിന്നിലുണ്ടായിരുന്നത്. (മെഹർഗാർഹ് 1 കാലം ബിസി 8000-6000)ബിസി 6000-5000 വരെയുള്ള മെഹർഗാർഹ് 1 ബി (2 എ) കാലത്ത് നിയോലിത്തിക് (ന വീനശിലായുഗ) കാലം തന്നെ തുടർന്നു. വൈക്കോലും കളിമണ്ണും ഉപയോഗിച്ച പാത്രനിർമ്മാണം, പുതുമണ്ണ് തേച്ച കൊട്ടനെയ്ത്ത്, നെല്ലുശേഖരിക്കാനുള്ള അറകൾ, ധാരാളം വളർത്തുമൃഗങ്ങള് ,6000 ബിസി മുതല് സെബു എന്ന പൂഞ്ഞയോടുകൂടിയ ഋഷഭപ്രതിമകളുടെ ആധിക്യം.

- **ചാൽക്കോലിത്തിക് കാലം**

മെഹർഗാർഹ് 2 ബി, 3 വരെ ബിസി 5000-3600. ചെമ്പ് ഉരുക്കുന്നത് ആരംഭിച്ചു. ലോഹം കൊണ്ട് കത്തിയലകും കൊളുത്തുകളും awlsഉം ഉണ്ടാക്കാനാരംഭിച്ചു. വലിയ വർക്ക്ഷോപ്പില് bow drills ഉം ജലസേചനത്തിനുള്ള ഉപകരണങ്ങളും ഉണ്ടാക്കാനാ രംഭിച്ചു. പരുത്തിക്കൃഷി ധാരാളമായിരുന്നതിന്റെ തെളിവായി പരുത്തിക്കുരുശേഖരം തന്നെ കിട്ടിയിട്ടുണ്ട്. 4000 ബിസിമുതല് ജ്യാമിതീയഡിസൈനുകളോടുകൂടിയ പാത്ര ങ്ങളും പിന്നീട് മൃഗചിത്രത്തോടുകൂടിയവയുമുണ്ടായി. കച്ച് സമതലം, ബലൂചിസ്ഥാൻ, അഫ്ഗാനിസ്ഥാനിലെ മുണ്ടിഗാക്കിലെ അവസാനത്തെ ലവൽ,ഇവയിലെല്ലാം ഇ ത്തരം നിർമ്മിതികളുണ്ട്. ഏർളി ഹരപ്പനെന്നു പറയുന്ന ആദിഹരപ്പകാലം (മെഹ ർഗാർഹ് 4-5)ബിസി 3600-3200 വരെയാണ്. ഇക്കാലത്താണ് ഭാരതത്തിൽ ശ്രീകൃഷ്ണന്റെ കാലവും മഹാഭാരതയുദ്ധവുമെല്ലാം ഉണ്ടായത്. ജലസേചനം,ധാരാളം ധാന്യസംഭരണികൾ,വലിയഭരണികൾ,കുശവന്മാരുടെ പ്രത്യേകസീലുകള്(പ്രൈവറ്റ് ഉടമസ്ഥത)വട്ടവും ചതുരവുമായ സീലുകളും (കല്ലും,ടെറക്കോട്ടയും എല്ലും)ലിപികളും ജ്യാമിതീയചിത്രങ്ങളും ,എന്നിങ്ങനെ നല്ലൊരു കേന്ദ്രീകൃതഭരണസംവിധാനത്തിന്റെ എല്ലാ ലക്ഷണങ്ങളോടും കൂടിയ നാഗരികത അക്കാലത്തുണ്ട്. മെറ്റലർജി മുതലുള്ള എല്ലാ കൈത്തൊഴിലും പോഷിപ്പിക്കപ്പെട്ടു.

മെഹർഗാർഹ് 6-7 എന്നും നൌഷാരോ 1 എന്നും വിളിക്കുന്ന ബിസി 3200-2600 കാലത്ത് സീലുകളിൽ ഇരിക്കുന്ന മനുഷ്യരൂപങ്ങളും സെബു എന്ന പൂഞ്ഞക്കാളയും

ഉണ്ട്.ലോകത്തിന്റെ പലഭാഗങ്ങളിലും നിന്ന് ഒരേ മാതിരിയുള്ള വസ്തുക്കൾ കിട്ടുന്ന കാലവും ഇതാണ്. (മനുഷ്യനും മൃഗവും ജ്യാമിതിയുമുള്ള സീൽ,മണികളെന്നിവ) ഈ കൈമാറ്റം കാരവനുകൾവഴിയും സമുദ്രം വഴിയും നേരത്തെ നടന്നിരുന്നുവെങ്കിലും ഉച്ചകോടിയിലെത്തിയത് ബിസി 3000 ത്തിനു ശേഷമാണ്.(പേജ് 17)ഇടയിലുള്ള നഗരങ്ങൾക്കും ഇതുകൊണ്ട് മാറ്റം വന്നു. (ഇടനിലക്കാരായ അറേബിയ) അഫ്ഗാനി സ്ഥാനിലെ ഗാന്ധാരത്തിലെ ലാപ്പിസ് ലസൂലി ഖനിയായിരുന്നു പ്രധാനമായും അസംസ്കൃതവസ്തു കിട്ടുന്ന സ്ഥലം. അതിനെ സംസ്കരിച്ച് മണിയാക്കുന്നത് (ഫിനി ഷ്ഡ് പ്രൊഡക്റ്റ്) ഇന്ത്യയിലെ കൈത്തൊഴിൽക്കാരായ കാരുക്കളാണ്. . ഗാന്ധാരി യുടെ പിതാവിന്റേയും പുത്രന്മാരുടേയും കയ്യിലുള്ള ഖനനം,കച്ചവടത്തിന്റെ പ്രധാനതുറ മുഖം ദ്വാരക കേന്ദ്രമാക്കിയ കൃഷ്ണന്റെ തുറമുഖശൃംഖല, ദ്രാവിഡരാജാക്കന്മാരുമായി സൌഹൃദവും വൈവാഹികബന്ധവുമുള്ള പാണ്ഡവരുടെ പഞ്ചജനങ്ങളുടെ ടെക്നോ ളജി – ഇത്തരമൊരു ഇക്കോണമിയിലെ കൃഷ്ണന്റെ സ്വാഭാവികമായ പ്രത്യേകപങ്ക് – ലോകം ചുറ്റിയ വ്യാപാരവ്യവസായശൃംഖല പടിഞ്ഞാറിന്റെ കടൽത്തീരത്തെ കണ്ണ നും, കിഴക്കെ കടലോരത്തെ കർണ്ണനും (ചെറിയതോതിലാണെങ്കിലും) ഉണ്ടായിരുന്നു. കൌരവരുടെ കർണ്ണപ്രീണനവും ഇക്കാരണം കൊണ്ടുതന്നെ. ഗാന്ധാരത്തിന് സമു ദ്രസഞ്ചാരത്തിനുള്ള സമുദ്രതീരമോ തുറമുഖമോ ഇല്ല എന്നതുകൊണ്ട് , ചെറിയ ഒരു തുറമുഖമുള്ള കർണ്ണന്റെ അംഗരാജ്യം അവർക്ക് പ്രധാനമായിരുന്നു.

നദീതീരത്തായിരുന്നു നഗരങ്ങളെല്ലാം. കളിമണ്ണിഷ്ടികകൊണ്ട് പണിഞ്ഞവയും കല്ലു കൊണ്ടുള്ള അടിത്തറയുള്ളവയും ആയ മേൽക്കോട്ടകളുണ്ടായി. നദികളിലൂടെ ജലമാ ർഗ്ഗം വിപണനസാദ്ധ്യത കൂടി. ദാശവർഗ്ഗം അനുപേക്ഷണീയമായ ഒരു ആവശ്യമായി മാറി. ഇഷ്ടികയുടെ സാമാന്യമായ അളവ് . അക്കാലത്ത് 30 X20X 10 സെ മീ ആണ്. ക്ലാസ്സിക്കൽ ഇന്ത്യന് സ്റ്റൈലിലുള്ള 1: : 2 : 4 അനുപാതം വന്നിട്ടില്ല. ടെറക്കോട്ട കാളവണ്ടിയുടെ രൂപം,സീലുകളും മൃഗങ്ങളുടെ രൂപവും മനുഷ്യരൂപവും കണ്ടെത്തി. സിന്ധുലിപി വളരെയധികം പ്രചാരത്തിലിരുന്നു.

- **മാറ്റത്തിന്റെ കാലം** Transition phase.

നൌഷാരോ 1 ഡി,അമ്റി 3 എ (ബിസി 2600-2550).

പാത്രങ്ങളില് വൃക്ഷത്തില് കെട്ടിയിട്ട മൃഗചിത്രം വന്നു.കുള്ളിവെയറെന്ന പാത്രം. തെക്ക ൻബലൂചിസ്ഥാനത്തിലിതുണ്ട്. ഇൻഡസ് സീലിൽ വൃക്ഷത്തിനുപകരം ഇന്ദ്ര ധ്വജം (യൂപം)വന്നു. നദീജലമാർഗ്ഗവും സമുദ്രമാർഗ്ഗവുമായ സഞ്ചാരം കൂടിയതുകൊ ണ്ട് വളരെ പെട്ടെന്ന് ഒരു വികസിതനഗരസംസ്കാരമുണ്ടായതായി ആർക്കിയോളജി സ്റ്റുകൾ കരുതുന്നു. 2 പ്രധാനസംഭവങ്ങള് ഇക്കാലത്തുണ്ടായി.

1.മദ്ധ്യേഷ്യയുമായി കരവഴിയുള്ള ബന്ധം കുറഞ്ഞു. റഹ്മാൻഢേരി,മുണ്ടിഗാക്ക് ,ഷഹ ർഇസോക്ത എന്നിവ കാരവനുകളുടെ റൂട്ടിൽനിന്ന് അപ്രത്യക്ഷമായി.

2.ഗൾഫ് ഭാഗങ്ങളുമായി കടൽവഴിവ്യാപാരം വർദ്ധിച്ചു. എച്ഡ് കാർണ്ണീലിയ ൻമെസോപ്പട്ടോമിയയിലേക്ക് കയറ്റിഅയക്കപ്പെട്ടു. സുമേരിയക്കാരും കടലുവഴി അസംസ്കൃതവസ്തുക്കൾ കയറ്റി അയക്കാനാരംഭിച്ചു. കരമാർഗ്ഗം തീരെ ഉപയോഗശൂന്യ മായിത്തുടങ്ങി.

മെച്വർഹരപ്പൻ,നൌഷാരോ 2 എ, ആമ്രി 3 എ എന്നറിയപ്പെടുന്ന കാലത്ത്(ബിസി 2550-2300)ചൂളക്കുവെച്ച ഇഷ്ടികയാണ് ഉപയോഗിച്ചിരുന്നത്. അത്തരം ഇഷ്ടിക പതി ച്ച ചാലുകളുണ്ടായിരുന്നു. ഒറ്റക്കൊമ്പുള്ള മൃഗചിത്രം,ലിപിയുള്ള സീലുകൾ,തൂക്കവും കട്ടി യും കൃത്യമായി സ്റ്റാൻഡേഡൈസ്ഡ് ആയി ഉപയോഗിക്കുന്നതിലുള്ള നിഷ്കർഷ എ ന്നിവ ഇക്കാലത്തെ ശ്രദ്ധേയമാക്കി. മോഹഞ്ജോദാരോയിലെ സിറ്റാഡ ൽപ്രത്യക്ഷ പ്പെട്ടു. ജലസംഭരണികളും റിങ്ങ് വെല്ലുകളെന്ന ഇനം കിണറുകളുമുണ്ടായി.

ഇന്റർമീഡിയറ്റ് ഹരപ്പൻ(ബിസി 2300-1900)ഃ നിയമങ്ങളെ ക്രോഡീകരിക്കുന്നതിനും അറിവു ക്രമീകരിക്കുന്നതിനും സംവിധാനമുണ്ടായിരുന്നു. പണ്ടേ ഉണ്ടായിരുന്ന ജ്യോതി ശ്ശാസ്ത്രം ,ഗണിതം,വൈദ്യം,സാഹിത്യം,ആത്മവിദ്യ ഇവയെല്ലാം ക്രോഡീകരിച്ച് വെച്ചു.(Julian H Steward 1955. 204)

ലേറ്റ് ഹരപ്പൻ (മോഹഞ്ജോദാരോയുടെ മുകളിലെ ലയർ)1900-1800 ബിസി. . കാല ത്ത് എല്ലാ തൊഴിലുകളും കരവേലകളും താഴ്ന്ന നിലവാരം പുലർത്തുകയാണുണ്ടായത്. വലിയ വീടുകൾക്കുപകരം ചെറിയ കുടിലുകളിലായി ജനങ്ങളുടെ താമസം. ബിസി 1800ൽമോഹഞ്ജോദാരോ ഉപേക്ഷിക്കപ്പെട്ടു.ഇതിന്നു കാരണമായി പലരും പലതും പറയുന്നുണ്ട്.അതിലൊന്നുമാത്രമാണ് ആര്യന്മാരുടെ വരവെന്ന മാക്സ്മുള്ളറുടെ തിയറി. വാസ്തവത്തിലങ്ങനെയൊന്നുണ്ടായതിന് യാതൊരു തെളിവും ഇന്നുവരെ കിട്ടിയിട്ടുമില്ല.ഒരു റിസർച്ചില് മലമ്പനി പടർന്നുപിടിച്ചതാണ് കാരണമെന്നും കാണുന്നുണ്ട്. പ്രൊഡക്ഷൻ പ്രാദേശികമായതും, വിദേശങ്ങളിലേക്കുള്ള കയറ്റുമതി അവസാനിച്ചതും ഇക്കാലത്തുതന്നെയാണ്. കേന്ദ്രീകൃതമായ ഭരണവും ,നികുതിപി രിവും,വ്യാപാരനിയന്ത്രണവും അക്കാലത്ത് വടക്കെ ഇന്ത്യയിലില്ലാതായി. ഇതാണോ കാരണം,അതോ, അത് ജനങ്ങളൊഴിഞ്ഞതുകൊണ്ടുണ്ടായതാണോ എന്ന് വ്യക്തമ ല്ല.ഏതായാലും ജനവാസമില്ലാതാവലും വ്യാപാരനിയന്ത്രണമില്ലാതാവലും ഒന്നിച്ചാണു ണ്ടായതെന്നതിനാൽ ഒന്ന് മറ്റൊന്നിന് കാരണമോ കാര്യമോ ആയിരിക്കാം. അതേ കാലത്ത് , തെക്കെ ഇന്ത്യയിലെ വ്യാപാരനിയന്ത്രണവും കേന്ദ്രീകൃതഭരണവും പഴയ പോലെയോ,പൂർവ്വാധികം ശക്തിയോടെയോ നില നിന്നു എന്നത് ദ്രാവിഡരാണ് രണ്ടിടത്തും നാഗരികസംസ്കാരമുണ്ടാക്കിയതെന്നതിന് തെളിവായി കരുതാവുന്നതാ

ണ്. വടക്കെ ഇന്ത്യയിൽനിന്ന് ദ്രാവിഡരുടെ പിന്മാറ്റം പല കാരണങ്ങൾകൊണ്ടാ യിരുന്നിരിക്കാം. മൂഷകവംശത്തിന് സ്വന്തമായ വേദപാഠശാലകൾ തെക്കും വടക്കും മലബാറുകളിൽ അന്നും ഉണ്ട്. കടൽവാണിജ്യവും ജലഗതാഗതവും കൊണ്ട് വ്യാപാര ശൃംഖല വളരുന്നുമുണ്ട്. ഗുജറാത്തിലും മഹാരാഷ്ട്രയിലും ദക്ഷിണേന്ത്യയിലും പ്രത്യേകി ച്ചും കേരളത്തിലും കർണ്ണാടകത്തിലും വ്യാപാരവും സമൃദ്ധമായ കൃഷിയും അന്നും തുട ർന്നു. ഭരണം കേന്ദ്രീകൃതമാവുമ്പോൾ ആശയസംവേദനത്തിന് പൊതുവായ ഒരു ഭാഷ വേണം. 7000 ബിസി മുതലേ കേന്ദ്രീകൃതഭരണവും വ്യാപാരശൃംഖലയുമുള്ള , ആശയ സംവേദനം ചെയ്യുന്ന, ജനത ഭാരതത്തിലുണ്ടായിരുന്നു എന്നതിനർത്ഥം അന്നേ അവർക്ക് ഒരു ലിപിയും ഭാഷയുമുണ്ട് എന്നാണ്. ഇന്ന് ലോകത്തിലറിയ പ്പെട്ടിട്ടുള്ളവയിൽവെച്ച് ഏറ്റവും പുരാതനമായ സിന്ധുലിപി ഇതിനെ പ്രതിനിധീ കരിക്കുന്നു. വായ്മൊഴിയെ തെറ്റാതെ കൈമാറാനുള്ള പാഠങ്ങളുണ്ട് ഋഗ്വേദ സംഹിതയിൽ. വായ്മൊഴി ഉണ്ടായി അനേകം കാലങ്ങൾക്ക ശേഷമാണ് വേദം ലിപിരൂപമായി ക്രോഡീകരിക്കപ്പെട്ടതെന്നു വേണം കരുതാന്. അതുകൊണ്ട് വേദ ത്തിന്റെ പഴക്കം, കിട്ടിയ ലിപിയേക്കാളും ,എഴുതപ്പെട്ട ഗ്രന്ഥങ്ങളേക്കാളും എത്രയോ മുമ്പാവണം. ചിത്ര ലിപിയുടെ അർത്ഥമറിയാന്,അതാതു ദേശത്തെ ഭാഷ,അതിന്റെ നിഘണ്ടു, (Lexicon) തരുന്ന നാനാർത്ഥം എന്നിവ അറിയണം. ഏതാണ്ട് 20000 വർഷം മുമ്പാണ് പ്രാകൃതമനുഷ്യന് ഗുഹാചിത്രം വരക്കാനാരംഭിച്ചത്.അതിനും മുമ്പ് (40000 വർഷം മുമ്പ്) കപ്പ് മാർക്കിങ്ങുകളുപയോഗിച്ച് ജ്യോതിശ്ശാസ്ത്രപരമായ അറി വുപോലും അവൻ കൈമാറിയിരുന്നു. പാലിയോലിത്തിക് അസ്ഥികളിൽ കാണുന്ന അടയാളങ്ങള് ചന്ദ്രന്റെ വൃദ്ധിക്ഷയമനുസരിച്ച് ഉള്ള ദിനങ്ങളാണെന്ന് ആർക്കി

യോളജിസ്റ്റുകൾ കരുതുന്നു(പേജ് 29).



സുമേരിയൻ പിക്ടോഗ്രാഫും കളിമണ്ണടോക്കണും .

പേജ് 18ൽപർപ്പോള കൊടുത്ത ലിപിവിജ്ഞാനീയകാലം അദ്ദേഹം ഇതുവരെ ഉദ്ധരിച്ച ക്യൂണിഫോം ടെക്സ്റ്റുകളോട് യോജിക്കുന്നുവോ എന്ന് നോക്കാം. അദ്ദേഹത്തിന്റെ ക്രോണോളജി (പേജ് 18) താഴെ കൊടുക്കുന്നു.

ലിപി,ഭാഷ	കാലം(ബിസി)	തെക്കൻമെസപ്പൊട്ടോമിയൻ,ഇന്ത്യൻസംസ്കാരകാലം.
ബ്രാഹ്മി	100(തമിഴ്ബ്രാഹ്മി) 200 ഭട്ടിപ്രൊലു 300 മൌര്യന് 400 500 600	 (ഹെല്ലനിസ്റ്റിക് 330) അക്കമിനിഡ്(539-330) നിയോബാബിലോണിയൻ(626-539)
ഗ്രീക്ക്	700 800 900 1000	നിയോഅസീറിയൻ(1000-612) ഇന്ത്യൻ(ഇരുമ്പുയുഗം 1100)
ഉഗാരിത്തിക് ക്യൂണി ഫോം	1100	ഐസീൻ2(1155-1026)

ഹിതയിത് ഹീറോഗ്ലിഫി ക്സ് ലിനിയാർബി (സെമിറ്റിക്) അക്ഷരം ലിനിയാർഎ അക്ഷരം മിനോവന്ഹീറോഗ്ലിഫിക്സ്	1200 1300 1400 1500 1600 1700 1800 1900 2000	മദ്ധ്യബാബിലോണിയ(1600-1000) കസായിത്(1730-1158) ഹരപ്പക്കുമുമ്പുള്ളഇന്ത്യൻ(1800-1400-1100) ശേഷമുള്ള ഇന്ത്യൻ(1900-1800-1400) ഹമ്മുറാബികാലം1894-1595 ഐസിൻലാർസ,പഴയബാബിലോണിയ(2017-1763, 2000-1600)
ലിനിയാർഎലാമൈറ്റ് അക്ഷരം എബ്ലൈറ്റ് ക്യൂണിഫോം	2100 2200 2300	ഉറ്ർ3 2112-2004നിയോസുമേരിയ ഉഡിയ2144-2124,2154-2000 സാർഗൺ2334-2279, പഴയഅക്കാഡിയ(2334-2154)
സിന്ധുലിപി	2400 2500 2600 2700 2800 2900	എഡ്3 ബി രാജശ്മശാനം ഉറ്ർ1 2500-2334 മെചർഹരപ്പ(2550-1900) എഡ്3 എ2600-2500 പഴയരാജവംശം2900-2334 എഡ്2 2750-2600 എഡ് 1 2900-2750
ഈജിപ്ത് ഹീറോഗ്ലിഫിക്സ് ലോഗോസില്ലബിക്	3000 3100	ഉറുക്ക് 3 3100-2900 ജെംദെതസ്ർ3100-2900 (ശ്രീകൃഷ്ണകാലം)
പഴയസുമേരിയ(ലോഗോസില്ലബിക്) ടോക്കൺഷസീൽമുദ്ര സിലിണ്ടർസീൽ(നിയറീസ്റ്റ്) സ്റ്റാമ്പ് സീൽ,കുശവന്റെ മുദ്ര(ബലൂചിസ്ഥാനം-കേകയം)	3200 3300 3400 3500 3600 3700 3800 3900 4000 4100 4200 4300 4400 4500	ഉറുക്ക്4 (3500-3100),3700-3100 ഹരപ്പയുടെ ആദികാലം 3600-2550(കൃഷ്ണകാലം) ഉബൈദ്(4400-3700)

ബലൂചിസ്ഥാനിലെ(കേകയ) മുദ്രയുള്ളസീൽ	4600 4700 4800 4900	ഹലഫ് 5000-4400(വടക്കെമെസപ്പട്ടോമിയ) ഇന്ത്യൻചാൽക്കോലിത്തിക് 5000-3600
സ്റ്റാമ്പ് നിയറീസ്റ്റ് ടോക്കൻനിയറീസ്റ്റ്	5000 5100 5200 5300 5400 5500 5600 5700	ഹസ്സന-സമാറ 5700-5000 വടക്കെമെസപ്പട്ടോമിയ ഇന്ത്യയിലെ നിയോലിത്തിക് പൊട്ടറിയും കുശവന്റെ മാർക്കും 6000-5000 വരെ (9000-8000 മഹാഗൃഹകാലമാണ് ഇന്ത്യയിൽ. ഇക്കാലത്താണ് ശ്രീരാമനും കേകയത്തിലെ ഭരതനുമെല്ലാം ജീവിച്ചത്. ബിസി 10000 ത്തിലെ ഹിമയുഗംമുതലേ ഇവിടെ നാഗരികതയുണ്ട്)

കുശവന്റെ സ്റ്റാമ്പ് കേകയത്തിലുപയോഗിക്കുന്നതിന് 3000-5000 വർഷംമുമ്പ് ടോക്കൻ,സ്റ്റാമ്പ്,പോട്ടറിമാർക്ക് കച്ച്സമതലത്തിലുപയോഗിക്കാനാരംഭിച്ചതായി മനസ്സിലാവും.ശ്രീരാമകാലത്ത് ഇന്ത്യയിലെ ലിപി ,മാർക്ക്,ടോക്കണുകളാരംഭിച്ചു. അത് ഭരതന്റെ നാടായ കേകയമെന്ന ബലൂചിസ്ഥാനിലേക്കു വ്യാപിച്ചതിലത്ഭുതമില്ല. അത് സുമേരിയവരെ എത്തിച്ചത് കേകയത്തിലെ (അന്നത് ഭാരതത്തിന്റെ ഭാഗമാണ്) വ്യാപാരികളാവണം.അന്നും സമുദ്രവ്യാപാരമുണ്ടായിരുന്നുവെങ്കിലും ശ്രീകൃഷ്ണകാലത്താണ് സമുദ്രപ്പാതവഴിയുള്ള ഭാഷാവിനിമയം വിപുലമായതെന്നു വിചാരിക്കണം. ഈജിപ്തിലും ഏലാമൈറ്റ്,ബാബിലോണിയപ്രദേശത്തും ലിപിസമ്പ്രദായം തുടങ്ങുന്നതപ്പോഴാണ്. ഈ ലിസ്റ്റില് ഫുണിഷ്യന്റെ ലിപിയെ അദ്ദേഹം എടുത്തുപറഞ്ഞിട്ടില്ല. മിനോവന്,ക്രട്ടൻലിപി (ഹീറോഗ്ലിഫിക്സ്)എന്നേ പറഞ്ഞിട്ടുള്ളു.ഇത് പഴയബാബിലോണിയൻലിപി കാലമാണ്. ഫുണിഷ്യന്റെ ലിപി ബ്രാഹ്മിലിപിതന്നെയാണ്.അത്രയും നമ്പറില്ല എന്നേയുള്ളു. അതായത് ഇന്ത്യയിൽബ്രാഹ്മിലിപി ഏതാണ്ട് ബിസി 2000 മുതലുണ്ട്, അത് മൌര്യകാലത്തും തുടരുന്നുണ്ട് എന്നർത്ഥം. ഉത്ഭവം മൌര്യകാലത്തല്ല. അതിനെ ശിലാശാസനമാക്കിവെക്കുന്ന രീതിയാണ് മൌര്യകാലത്തുത്ഭവിച്ചത്. മനുഷ്യവംശത്തിന്റെ ഭാഷ ഇന്നത്തെപ്പോലെ സംവേദനസൌകര്യങ്ങളില്ലാതിരുന്ന കാലത്തും ഇത്രദൂരം ഇത്രയേറെ നാട്ടുകളിലേക്ക് വ്യാപിപ്പിച്ചതിലുള്ള ഭാരതത്തിന്റെ പങ്ക് ആലോചിക്കേണ്ടതാണ്. വ്യസനും കൃഷ്ണനും ഒരുമിച്ചുജീവിച്ചകാലമാണത്. അതിനുമുമ്പും ദക്ഷിണേന്ത്യയില് സമുദ്രമാർഗ്ഗവും ഉത്തരേന്ത്യയിൽകരമാർഗ്ഗവും കച്ചവടബന്ധങ്ങളുണ്ടാ

യിരുന്നു. ഈ രണ്ടു പഥങ്ങളേയും(ഉത്തര,ദക്ഷിണാപഥം)സന്ധിപ്പിച്ച് കേന്ദ്രീകൃതഭരണം കൊണ്ടുവന്നതിലാണ് തുവരികൈക്കോമാനെന്ന രണ്ടാം സംഘകാലത്തെ ശ്രീകൃഷ്ണന്റെ രാഷ്ട്രതന്ത്രം.ഒരുമിച്ചൊരു രാഷ്ട്രമായി നിൽക്കുന്നതിനുള്ള ധാർമ്മികമായ പോരാട്ടമായിരുന്നു കുരുക്ഷേത്രത്തിലുണ്ടായത്. ആദ്യത്തെ സ്വാതന്ത്ര്യസമരം. 1800 ബിസിയിലാണ് അന്നാരംഭിച്ച കേന്ദ്രീകൃതകച്ചവടവും ഭരണവും അവസാനിച്ചത് എന്നു പറഞ്ഞാലത് ശരിയാവില്ല. മൂഷകവംശത്തിലെ ശതകർണ്ണികള് ദക്ഷിണേന്ത്യ, പൂർവ്വപശ്ചിമസമുദ്രപാതകളെന്നിവ വഴി ഇത് തുടർന്നുനടത്തിയിട്ടുണ്ട്. ആസ്കോ പർപ്പോള പറയുന്ന 1800ൽമോഹഞ്ജോദാരോക്ക് സംഭവിച്ച അധഃപതനം ഇന്ത്യയിലെ മുഴുവനും കേന്ദ്രീകൃതഭരണത്തിന്റെ ,നാഗരികതയുടെ അവസാനമായിരുന്നില്ല. ഒരു ചെറിയ പ്രദേശത്തുമാത്രം അതിനുണ്ടായ അപചയമായിരുന്നു.പർപ്പോളയുടെ ലിസ്റ്റും ഇതുവരെ ഉദ്ധരിച്ച ക്യൂണിഫോം ടെക്സ്റ്റുകളും വെച്ച് സുമേരിയൻലിപി കാലം കേകയത്തിലെ കുശവന്റെ മാർക്കും സ്റ്റാമ്പ്സീലും ഉപയോഗിക്കാനാരംഭിച്ച കാലമാണ്.സുമേരിയൻലിപിയുടെ ആരംഭം കളിമണ്ണിൽകൊട്ടുക്കൽവാങ്ങലിലെ കടം ടോക്കണായി രേഖപ്പെടുത്തിവെക്കലിൽനിന്നാണ്. (പേജ് 31) അതായത് ,ഇന്ത്യയുമായുള്ള വ്യാപാരാവശ്യത്തിനാണ്.ചില ക്യൂണിഫോം ടാബ്ലെറ്റുകൾഓട്ട തുളച്ച് വിപണനവസ്തുക്കളോടൊപ്പം കെട്ടിവെച്ചിരുന്നു. സീലുകളുള്ളവർക്കേ വസ്തുക്കളെ ഇപ്രകാരം അയക്കാനാവുകയുള്ളു എന്ന നിയമം പാലിക്കാനാണ് സുമേരിയയിലെ സീലുകളുണ്ടായത്. കിട്ടുന്ന ആൾക്ക് ഇതാരുടേതെന്നറിയാനാണ് സീൽ.എത്രവസ്തു അയച്ചു,അതിനെത്ര മൂല്യം ഇതറിയുകയായിരുന്നു ലക്ഷ്യം. സ്വാഭാവികമായും ഇതവരെ പഠിപ്പിക്കുകയും അവർക്ക് സംഖ്യ(numerals)എളുപ്പത്തിൽഗ്രഹിക്കാനാവും വിധം പഠിപ്പിക്കാനുള്ള വഴി നേരത്തേ കണ്ടുപിടിക്കുകയും ചെയ്ത ഒരു കൂട്ടർഅവർക്കുമുമ്പേ ഉണ്ടായിരുന്നിരിക്കണം. ബിസി 8000 മുതലേ നിലനിൽക്കുന്നതും മെഹർഗാർഹ് സംസ്കാരമെന്നു വിളിക്കുന്നതുമായ ഇന്ത്യൻനാഗരീകത ആണ് ഇതവരെപഠിപ്പിച്ചതെന്നു കരുതണം. അതുമാത്രമാണ് സുമേരിയക്കുമുമ്പും,സുമേരിയക്കാലത്തും നിലവിലുള്ള ഒരേ ഒരു സംസ്കാരമായി ഇന്ന് അറിയപ്പെടുന്നത്. ദക്ഷിണേന്ത്യൻദ്രാവിഡസംസ്കാരത്തിൽനിന്നുള്ള സമുദ്രസഞ്ചാരവും ലിപിയും എണ്ണും എഴുത്തും സംഗീതവും വൈദികകാലത്തെ സമുദ്രയാനപരമായ പരാമർശങ്ങളും , ഫുണിഷ്യൻ,ബ്രാഹ്മി ലിപിസാമ്യവും കണക്കിലെടുത്താണ് എന്റെ നിഗമനം. ചിത്രലിപി എന്നതിന് ഗ്രീക്കുകാർ Eikon (ഉച്ചാരണം ആയ്ക്കോൻ)എന്നാണ് പറഞ്ഞിരുന്നത്. തമിഴിലിതിനർത്ഥം ആയ് വംശജരുടെ (യാദവ) രാജാവ് എന്നാണ്. തമിഴ്സംഘകാലത്തെ തൊവരികൈക്കോമാനായ യാദവവംശജനായ കൃഷ്ണന്റെ പേരിലാണിത് ഗ്രീസിലറിയപ്പെട്ടത്. ഇപ്പോളിത് ഇംഗ്ലീഷിലെ Icon ആണ്.



സുമേരിയൻലിപി . മത്സ്യം,സമുദ്രദൈവം (വരുണ) ജലം എന്ന് അർത്ഥം.

ഇതിലെ ഓരോ ഭാഗം മറ്റിവെച്ച് യോനി,ഋഷഭം ,ചെമ്മരിയാട് .

യോനി



ഋഷഭം



ചെമ്മരിയാട്



ക്യൂണിഫോം ഋഷഭം



ആർക്കെയ്ക്ക് ഋഷഭം



മത്സ്യമെന്ന ചിത്രലിപി എങ്ങനെ ഇത്തരംചെമ്മരിയാടെന്ന ചിത്രലിപിയായതെന്ന് പർപ്പോള അത്ഭുതം കൂറുന്നു. വാസ്തവത്തിൽ അജനാഭമെന്ന ഭാരതത്തിന്റെ പഴയ പേരിൽനിന്നാണ് ആടിന് ഇങ്ങനെയുള്ള സിംബലുണ്ടായത്. ഇത് ബ്രാഹ്മിയിലെ കകാരമായ ചിത്രകൂടത്തിനുചുറ്റും ദിശാചക്രം വരച്ച് ഭൂനാഭിയിൽനിന്നു വരുന്ന ഇട യവംശമെന്ന് കാണിക്കുന്ന സിംബലാണ്. Reading of ideograms requires acquaintance with culture-specific conventions(page 32) എന്ന പർപ്പോളയുടെ വാക്ക് അക്ഷരം പ്രതി സത്യമാണ്. മന്റം എന്ന വാസ്തുവിധാനത്തെക്കുറിച്ച് നേരത്തെ പറ യുകയുണ്ടായി. (വന്ദേരിനാട്ടുചുറ്റി മാനസയാത്ര)അജനാഭംതന്നെയാണ് വലിയ മന്റം. 90 ശതമാനം അപസവ്യമായി ഋഷഭമെന്ന സൈനിനെ (സിംബലിനെ)തിരിച്ചിട്ടതു കൊണ്ടാണ് അതിന് കണ്ടാലറിയാത്ത മാറ്റം വന്നത്. ക്യൂണിഫോം ടാബ്ലറ്റ് 45 ഡി ഗ്രി യിൽ മെയ്യോടുചേർത്തുപിടിച്ച് . എഴുതാനാവാത്ത വിധം കച്ചവടം വലുതായി വ ർദ്ധിച്ചപ്പോള് മേശപോലുള്ള പ്രതലത്തിൽവെച്ച് 45 ഡിഗ്രി തിരിച്ച് എഴുതി. വരിയുടെ

ദിശ ലംബം (vertical)ആയി.താഴെനിന്ന് മുകളിലേക്കായി എന്ന് പർപ്പോളയുടെ നിഗമനം.

അഗ്നി



ചൂട് (ടോർച്ച്) വെളിച്ചം

ഭരണി



ജലംനിറച്ചഭരണി ,ജലസംഭരണി
സോമം



കുർ പർവ്വതം,ഗിരി,വിദേശം



വിദേശിയായ അടിമപ്പെണ്ണ്,ഗിരികന്യക



ദു-ഗിൻ പോവുക,നിൽക്കുക



മെസപ്പൊട്ടോമിയയിലെ ഗിരിപ്രദേശത്ത് വിദേശികളായ (ഇന്ത്യക്കാരായ) ജനത താമസമാക്കിയിരുന്നതുകൊണ്ടാണ് കുറ് എന്ന ഗിരിചിഹ്നമുണ്ടായതെന്ന് പേജ് 32 ൽ പറയുന്നു. ഒരു ചിത്രത്തിന് നാനാർത്ഥമുണ്ട്. (പോളിഫോണി) വ്യത്യസ്തചിത്രങ്ങ ൾക്ക് ഒരേ അർത്ഥമുള്ള പോളിസെമിയുമുണ്ട് .ഒരേ ഉച്ചാരണമുള്ള വ്യത്യസ്തചിഹ്നങ്ങ ൾക്ക് താഴെ സംഖ്യ തു,തു1.തു2.തു3 എന്നിങ്ങനെ കൊടുത്തിരുന്നു. 2 ചിഹ്നം തമ്മി ൽകെട്ടുന്ന(പിണക്കുന്ന) വള്ളിമുടിച്ചിൽപോലെ മെടയുന്ന രീതിയുണ്ടായിരുന്നു. ഉദാഹ രണത്തിന് വിദേശിയായ അടിമപ്പെണ്ണെന്നും ഗിരികന്യയെന്നുമുള്ള ചിഹ്നം. പിൽക്കാ

ലത്ത് ഒരു ചിഹ്നത്തിനകത്ത് മറ്റൊന്നിടുന്നതും പതിവായി.



ഗി.മടങ്ങുക,നീണ്ടപുല്ല്(റീഡ്)
മടക്കിക്കൊടുക്കുക



ഭ,ഭക്തം,ഡിവൈഡ്,
കൊടുക്കുക,ഭാഗിച്ചുകൊടുക്കുക

തമിഴിലുപയോഗിക്കുന്ന പോലുള്ള ദ്ദ്ഭസ്സ് പണ്ട് ബാബിലോണിയക്കാരും ഉപയോഗിച്ചിരുന്നു. തമിഴുകാവ്യങ്ങളി ലും ഇന്ത്യയിലെ എല്ലാ വായ്മൊഴിഭാഷകളിലും ഇതുണ്ട്. സിദ്ധഭാഷ,രാധാമംഗലഭാഷ,എന്ന വ്രജത്തിലുണ്ടായിരുന്ന സാന്ധ്യഭാഷയെക്കുറിച്ച് (ഇതിന്റെ പേര് ബന്ദേരി അഥവാ വന്ദേരിഭാഷഎന്നായിരുന്നു)മുമ്പേ പല ഗ്രന്ഥങ്ങളിലും ഞാൻപറയുകയുണ്ടായി. ഉച്ചാരണം ഒന്നാവാത്തവിധം ഒരേ അക്ഷരം ഉപയോഗിക്കുന്ന ഈ രീതി സംഗീതമെന്ന പൺപാടലിലാണ് ഏറ്റവുമധികം ഇപ്പോഴും ഉപയോഗിച്ചുകാണുന്നത്. വായ്മൊഴി എന്ന ശ്രുതിസമ്പ്രദായത്തിലാണ് ഇതിന് എളുപ്പവും. എഴുതാനാരംഭിച്ചപ്പോൾ ഓരോന്നിനും വെവ്വേറെ ലിപി കണ്ടുപിടിച്ചത് പിന്നീടായിരിക്കണം. ആദ്യം എല്ലാം ഒരുപോലെ (തമിഴിലെന്നപോലെ)യായിരിക്കണം. ടോക്കണുകളും പിക്ടോഗ്രാഫുകളും ബാബിലോണിയക്കാർക്ക് ഭൌതികവസ്തുക്കളുടെ വിനിമയത്തിനുള്ളവയും അവയുടെ എണ്ണവും മാത്രമാണ്. സിന്ധുലിപിയിലാകട്ടെ, വളരെ അബ്സ്ട്രാക്ട് ആയ ഐഡിയകളും വലിയ ഒരു സാംസ്കാരികചരിത്രവും കൂടിയുണ്ട്. പലപ്പോഴും അവ ദൈവീകമായ കർമ്മങ്ങളെ ഉൾക്കൊള്ളുന്നുമുണ്ട്. ലോഗോഗ്രാം ഒരു പദചിഹ്നമാണ്.

ഉറുക്ക് 3,4 കാലത്ത് നക്ഷത്രചിഹ്നം ദൈവീകപുരുഷന്മാർക്കുമുമ്പിലായി വരച്ചിരുന്നു. പക്ഷേ അതിന് ദിംഗിർ അഥവാ ഈശ്വരനെന്ന ഉച്ചാരണം ഉണ്ടായിരുന്നില്ല. സ്ഥലനാമചിഹ്നം പ്രത്യേകമായി ഉണ്ടായിരുന്നു. ഡൈനാസ്റ്റിക് 2,3 (ബിസ് 2660-2400) കാലത്ത് ഉരു,ഊരു ,ചിഹ്നം സ്ഥലം,നദി,നഗരം ഇവയുടെ പൊതുചിഹ്നത്തിനു മുമ്പും

കി എന്ന ഉച്ചാരണമുള്ള ജലഭരണിചിഹ്നം അവക്കു ശേഷവും വരച്ചിരുന്നു.



നക്ഷത്രചിഹ്നം ഉറുക്ക് 3,4



സ്ഥലനാമചിഹ്നം



ഉരു,ഊരു
(സ്ഥലനാമത്തിനു മുമ്പ്)



കി
(സ്ഥലനാമശേഷം)

ഒരേ ഉച്ചാരണമുള്ള പല അർത്ഥങ്ങളുള്ള ഒരേ സിംബലിന് ഉദാഹരണം





മ.ദേവീക്ഷേത്രം,എൻകുണനെന്ന് ഇന്ത്യയിലെ അർത്ഥം.
മ യോട്ട എൻ ചേർത്ത ചിഹ്നം (മായഎൻ,മായേൻ) എൻ 8 ഡിവിഷനുള്ള ,രശ്മിയുള്ളത് അതിലൊന്നിനെ ജ്യാമിതീയമാക്കിയ ആയതചതുരശ്രം മുകളിലേക്കും താഴേക്കും തിരിഞ്ഞ ശ്രീയന്ത്രത്രികോണത്തിന്റെ ആദ്യരൂപം,ചുറ്റും ചതുരമായി ഭൂപുരം)

സുമേരിയയിൽ എൻകി (ഈശ്വരന്റെ സ്ഥലം ,ദെ (പ്രസരിപ്പിക്കുന്നു)ഗ (വിളിക്കുന്നു). ഇസിമുവിലേക്ക് എന്ന് പർപ്പോളയുടെ തർജ്ജമ.
എൻകി ഇസിമുദ് ഗ്ദേ .
എൻകികേ ഇസിമുദ്-രാ ഗുമു-ഉൻ-നാ-ദീ-ഈ എന്നാണ് എഴുത്ത്. രണ്ടാംവരിയിലെ മുദ്ര,രാഗുമു,ഉൻ(ഉത്ഥാനം)ഉദ്,നാദി,നാദം,എന്നിവ ശ്രദ്ധേയം. ദിംഗിറെന്ന ദൈവീക ഗീർവ്വാണി എന്നാണ് ഇതിന് അർത്ഥം. ബാബിലോണിൽവരുംമുമ്പ് നക്ഷത്രം (മീൻ)എങ്ങനെയൊക്കെ തമിഴർവ്യാഖ്യാനിച്ചിരുന്നു എന്ന് അവസാനം തന്നിരിക്കുന്നു. സംഗീതജ്യോതിശ്ശാസ്ത്രപരമാണ് ഇന്ത്യയില് ഈ സിംബൽ. താന്ത്രികവും ഭൂഗോള ശാസ്ത്രപരവും മണ്ഡലവാസ്തുപരവുമാണ് ഇത്.



Cheese ഗാർ
അക്ഷരലിപി

ഗാ അർ ലോഗോഗ്രാം





സുമേരിയൻഇഗ് ,അക്കാദിയൻ ഇഗ്, ഇക്, ഇക്' .ഫൊണറ്റിക് ചിഹ്നങ്ങൾ വർദ്ധിച്ചു.

അക്ഷരലിപിക്കുപകരം പിൽക്കാലത്ത് ലോഗോഗ്രാം ഉപയോഗിച്ചു.

	സുമേരിയൻ %	അക്കാദിയൻ %
ലോഗോഗ്രാം	60.3 -42.8	6.5 – 3.5
അക്ഷരചിഹ്നം	36.4 -54.3	85 .6 – 95 .7
Determination	3.1- 2.9	7. 6 - 0.7

1900 ബിസിക്കുശേഷം സുമേരിയയിലെ ഭാഷ കാണാതായി. 2500ബിസിമുതലുള്ള അക്കാദിയൻലിപി പ്രചാരത്തിലായി. ഫൊണറ്റിക് ചിഹ്നങ്ങൾ വർദ്ധിച്ചു. ലോഗോ ഗ്രാഫിക്കിൽനിന്ന് സില്ലബിക് ആയി. 120 ഗ്രാഫീംസ് മാത്രമേ ഉള്ളൂ. ലിനിയാർ ഇലാ മൈറ്റ് (2260-2225ബിസി)പുസുർ-ഇൻസുസിനാക്കിന്റെ ലിഖിതം (ഇതിനെ ഭ്രസുരി ൻശിശുനാഗനെന്ന് വായിക്കുന്നു) കണ്ടുപിടിച്ചു. ബോർക്ക് 1905ൽ സുസിനാക് എന്നു വായിച്ചു. ശിശുനാഗപ്രഭുവിനായി സൂസയുടെ (ശിശുവിന്റെ)ഗവർണ്ണറായ ഏലാം ഭര

ണാധിപതി ,ശിംബിശുഗകന്റെ പുത്രൻ ചെമ്പുബോൾട്ടുകളും സെഡാർവൃഡ്ഡമരവും

ശി



ശു

നാ



ക

കൊട്ടുക്കുന്നതാണ് ലിഖിതം.

ഭ്രസുർഅഥവാ കുടിക് എന്ന് പർപ്പോലയുടെ പുസ്തകം (പേജ് 35). അവാന്സാമ്രാജ്യ ത്തിന്റെ അവസാനത്തെ രാജാവായിരുന്നു ഇദ്ദേഹം. 103 അക്ഷരങ്ങളെ ലിനിയാ ർഎലാമൈറ്റിലുള്ളു. അക്കാദിയന്റെ ഒരു ലളിതരൂപമാണത്. ഈജിപ്തിൽ 3000-ബിസി മുതല് 400എഡിവരെ ഉണ്ടായിരുന്നപിക്ടോഗ്രാഫിന്റെ നവീകരണപ്രക്രിയ നടന്നത് ബിസി 700ലാണ്. പഴയത് ഹൈററ്റിക്,പുതിയത് ഡെമോട്ടിക് എന്നറി യുന്നു, ഈജിപ്തിലെ ഏറ്റവും പുതിയ സ്ക്രിപ്റ്റ് കോപ്റ്റിക് എന്നത് പതിനാറാം നൂറ്റാണ്ടു വരെ നിന്നു. ഗ്രീക്ക് ആൽഫബെറ്റില് എഴുതപ്പെട്ടനിലയിലാണിത് കാണപ്പെടുന്നത്. ഈജിപ്തിലെ ഭാഷ പഠിക്കാനിതാണ് സഹായകമായത്.സിന്ധുലിപി പഠിക്കാനും സംസ്കൃതവും തമി ഴും ബ്രാഹ്മിയും സഹായകമാണ്.

തെപ്പി യാഹ്യയിലെ പ്രോട്ടോഎലാമൈറ്റ് ടാബ്ലറ്റിൽ മൂന്നിതളുള്ള പുഷ്പം കാണുന്നു. ഇത് ഇന്ത്യയിലെ ശ്രീവത്സചിഹ്നവും സുവർണ്ണപുഷ്പവുമാണ്. ആദ്യകാലത്തെ ഈജി

പ്പിലെ ലിഖിതം കല്ലിൽ,(ചാണമേൽ) അഞ്ജനമരക്കുന്നതിലാണ് ആരംഭിച്ചത്.

ഈജിപ്റ്റ്



മൂന്നിതളുള്ള പുഷ്പം
ത്രികോണത്തിനകത്ത്

വാക്ക്,വാ,റാ
(ഉച്ചാരണം)

സൂര്യൻ,നാഭി

- എയിൻ, സൂര്യദേവനായ റാ . (രാ) രായെന്ന സൂര്യനെ എയിനനെന്ന തമിഴ് പദം കൊണ്ട് വിളിക്കുന്നു.

കൈ

ഇരിക്കുന്ന
ഫറവോ,ഈശ്വര,പിരഹ,
സൂര്യന്റെ പ്രതിപുരുഷനാണ്

പയോത്ഥാള്ള,പയോത്ഥാറ,പയോത്ഥാര എന്ന് ഉച്ചാരണം.

അജനാഭത്തിലെ ഭൂമി ചുറ്റിസ്സഞ്ചരിച്ച പിരഹ എന്നഭൃഗുരാമനെന്ന മൂഷകവംശത്തിലെ വാശിയും (ബ്രഹ്മ)ക്ഷത്രനും ആയ റാമെന്ന രാമനാണ് പിരഹ. സൂര്യചന്ദ്രവംശങ്ങളു ടെ സമ്മേളനമാണ് ഭൃഗുവംശത്തിലുള്ളത്. ഈജിപ്റ്റിൽസ്വരങ്ങളുച്ചരിക്കാതെ വ്യഞ്ജനം മാത്രം ലിപിയിലുപയോഗിക്കുന്നു. കോപ്റ്റിക്കിൽ സ്വരങ്ങളെഴുതുന്നുണ്ട്. അതിനാൽ മ്ന

(mn) എന്ന ഹീറോഗ്ലിഫ് ഏതുസ്വരം ചേർത്തും വായിക്കാം കോപ്റ്റിക്കിൽ.

ഌ. മൻ,മിൻ,മീൻ,മുൻ,മെൻ,മെനേ,മേനി,മനോ

n ന്ത്,ജലം.

മ(ന്ന)മാവു,മായിം ജലം (സെമിറ്റിക്)

ഹിക്സോസ്കാലത്ത് (1730-1580ബിസി) സ്വരാക്ഷരമുള്ള ആൽഫബെറ്റ് ഉണ്ടായി. 22 ഗ്രാഫീംസ് കൊണ്ട് എഴുതാനാരംഭിച്ചു. സെമിറ്റിക് ആൽഫബെറ്റ് അങ്ങനെ ഉണ്ടായി. ന്ത,ന മുതലായവയുടെ ചിത്രലിപിക്ക് ജലമെന്ന് അർത്ഥം. (ഈജിപ്തിൽ) മ,ന്ന ഇവക്ക് മാവു,മായിം ,ജലമെന്ന് സെമിറ്റിക്കിലും. (ചിത്രം 2.7 പേജ് 37ൽ പര്പ്പോള 1600ബിസിമുതലുള്ള ഈജിപ്ത്യൻ,പടിഞ്ഞാറൻസെമിറ്റിക് ,കാനൻ,ബ്രാഹ്മി, ഫൂണിഷ്യൻ,ഗ്രീക്ക് താരതമ്യം ചെയ്യുന്നു. ഇത് നേരത്തെ ചർച്ചചെയ്തു.

അഛനാണ് ബീജം തരുന്നത്.അഛനെന്നതിന് ബീ എന്നെഴുതുന്നതിനു പകരം ബ്ല എന്ന് എഴുതുന്ന രീതി ബിസി 1400ൽതന്നെ പാശ്ചാത്യരാജ്യത്തുണ്ട്. ഇന്ത്യയിൽ അതിനും മുമ്പ് ബ്രഹ്മാവാണ് അബ്ജയോനി. വേദകാലം മുതലേ ഇതാണ് അർഥം.



അ,ആ　　　പ,ബ　　　ജ　　　യോ　　　നി

അബ്ജയോനി

അസ്ത്രം　　　പരണി,ഭരണി　　പരസ്പരം തിരിഞ്ഞ മിഥുനം യോഗി നാഗം

ഭാരതസൈന്ധവലിപിക്ക് മദ്ധ്യ,ദക്ഷിണഅമേരിക്കൻലിപിയോടുള്ള അത്ഭുതാവഹമായ സാമ്യം ,ശ്രീകൃഷ്ണപുത്രനായ പ്രദ്യുമ്നനെ അവിടേക്ക് ശംബരനെടുത്തുകൊണ്ടുപോയി ഒളിപ്പിച്ച കഥ, അതലാന്തത്തിലെ മാല്യവാന്റെ പുത്രി കൈകസി നേപ്പാളിലിരുന്ന് തപം ചെയ്യുന്ന വിശ്രവസ്സിന്റെ പത്നിയായി രാവണന്റെ അമ്മയായകഥ,രാവണനും മയപുത്രി മണ്ഡോദരിയും വിവാഹിതരായ കഥ,ഇതിനെല്ലാം ജ്യോതിശ്ശാസ്ത്രപരമായ തെളിവുകളും വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തികയിലെ പരാമർശങ്ങളും എല്ലാം 25 വർഷം മുമ്പേ ഞാനെഴുതുകയുണ്ടായി.
അറിയാത്ത ഒരു ഭാഷ.അറിയാത്ത ഒരു സംസ്കാരത്തിന്റെ ഭാഷ ഒരാള്ക്കും വായിക്കാനെളുപ്പ മല്ല. ചില ഭാഷകൾ ബൈലിംഗ്വല്,മൾട്ടിലിംഗ്വല് (ദ്വിഭാഷ,നാനാഭാഷ)പരിചയവും സംസ്കാര ചിഹ്നങ്ങളേയും വഴക്കങ്ങളേയും ഉള്ള പരിചയവും കൊണ്ടെളുപ്പം മനസ്സിലാവും. (പേജ് 44 പർപ്പോള)സിീന്ധുലിപിയെ ഇത്തരത്തിലാണ് നോക്കിക്കാണേണ്ടത്. ആലിസ് കോബർ ലീനിയാർബി ടെക്സ്റ്റും മൈക്കേല് വെൻഡിസ് നോസ്സോസ് ടാബ്ലറ്റുകളും ശ്രദ്ധവെച്ച് പഠിച്ചുകൊണ്ട് അവ കുറച്ചെങ്കിലും അറിയാനുള്ള ഒരു പഠനരീതി നമുക്കുകിട്ടി. ആലിസ് കോബർ തുടങ്ങിവെച്ച സില്ലബിക് ഗ്രിഡ് പൂർത്തീകരിക്കുന്ന പഠനമായിരുന്നു വെൻട്രി സ്സിന്റേത്.

ലീനിയാർ ബി ടെക്സ്റ്റ് ആലിസ് കോബർ(1948)



സില്ലബിക് ഗ്രിഡ് (ആലിസ് കോബർ)



ഉച്ചാരണം അറിയാതെയാണ് ആലിസ് ഈ ഗ്രിഡ് ഉണ്ടാക്കിയത്. പിൽക്കാലത്ത് അവരുടെ നിഗമനം 100 ശതമാനം ശരിയാണെന്ന് തെളിഞ്ഞു.ഈ മാർഗ്ഗം വെച്ച് നോസോസി

ന്റെ അടുത്തുള്ള തുറമുഖനഗരത്തിന്റെ പേര് അമിനിസോ എന്നാണെന്ന് വെൻട്രിസ് കണ്ടു പിടിച്ചു. ഓ-നോ-സോ (കോ-നോ-സോ), തുലിസോ മുതലായ മറ്റുനഗരങ്ങ ളും ഇതേപോലെ ഗ്രിഡ് കൊണ്ട് വായിച്ചു.പൈലോസിൽ കണ്ടെത്തിയ ലിനിയാര് ബി ലിഖിതം (py Ta പൈതാ 641) ഇങ്ങനെ വായിച്ചു.

ഒന്നാംവരിഃ



തിരിപോദേഐകേയുകേരെസിജോവെകെ(തിരി) പോദേ(2) തിരിപോദഓവോവേ(ത്രിപോദ് 1) തിരിപോകേരെസിജോവെകേഅപുകേ കേരേഅ-2 ത്രിപോദകവുമേനോ

രണ്ടാം വരിഃ



ക്വതുപിഥോസ3ദൈപമെസോഎ1ക്വതൊരൊവേ(ഭരണി1) ദൈപൈമെസോഎതിരീഓയി(ഭരണി2) ദൈപമേവിജോ ക്വതോരോവേ (ഭരണി1)

മൂന്നാം വരിഃ



ദൈപമെവിജോതിരിജോവേ(ഭരണി1) ദീപമെവിജോഅനോവേ(ഭരണി1)

ട്രൈപോഡ് തിരിഓവി എന്ന മൂന്നുകാലുള്ള വസ്തു,3 ഓവ് അഥവാ മുരലുള്ളത് എന്ന.പാദവും മുരലും ഭാരതീയമായ നാമങ്ങളാണ്. അനോവേ ഓവ്(മുരലില്ലാത്ത കിണ്ടി) ഘടം,കുടം.ഭരണി (jar) എന്നു വായിച്ചിടത്തെല്ലാം കടം(ഘടം) എന്നായാൽ വെങ്കട എന്ന് ആവര്ത്തിച്ചുവരുന്ന ത്രിപദിയാണിത്.മാത്രമല്ല സാമവേദത്തിലെ ചില ആവർത്തനങ്ങളുമുണ്ട്.ഒരുപാട്ടിന്റെ പല്ലവി അനുപല്ലവി ചരണം എന്ന് മൂന്നുവരിയാണ്.ചുരുക്കത്തിൽനൃത്തത്തിന് ത്രിപദി ചെയ്യാനുള്ള ഗീതമാണിത്.

സിന്ധുലിപിയിലുള്ള ഇതിന്റെ വായനഃ-

ഒന്നാംവരി:

ത്രിപദേ ഐക്യേ യുഗേരസിജോവൈ ത്രിപദേ ത്രിപദേ ത്രിഭോഗമെപോതേ ഓ..വോ..വേ ത്രിപോത (ബോധ) ത്രിഭോഗേ രസിജോവെകാപ്പകേകരേഅ(കേരള) ത്രിപോതകവുമേനോ.

രണ്ടാം വരി:

ജുപിതോസാ..ദൈവ(വ) മെസോഹൈജലതുവരാ(ദ്വാരാ) വെങ്കടദൈപൈ(വൈ) മെസോ ഹൈ ത്രിപദിവെങ്കടദൈവ(വ) മെ വിജ്ജലന്മാരോവെങ്കട

മൂന്നാം വരി:

ദൈവ(വ) മേവിജ്യോതിജ്ജചോവെങ്കടദീപമേവിജ്ഞാനോവേങ്കട

ലിപി	ഭാഷ	ഉദാഹരണം
1.അറിയില്ല	അറിയും	ഈജിപ്ത്
2.അറിയും	അറിയില്ല	എട്രസ്കൻ.
3.അറിയില്ല	അറിയില്ല	ലിനിയാർ ബി, സിന്ധു(ഇന്ത്യ)

ശാസ്ത്രജ്ഞർ 3 വിധമാണ് ഭാഷകളുംലിപിയും പഠിച്ചറിഞ്ഞ് വിഭജിച്ചിരിക്കുന്നത്.ചിലത് ലിപി അറിയാം,ഭാഷ അറിയില്ല,ചിലത് രണ്ടും അറിയാം,ചിലത് രണ്ടും അറിയില്ല. ലിനിയാർ ബി ,സൈന്ധവലിപി എന്നിവ മൂന്നാമത്തെ വിഭാഗത്തിലാണ് അവരെല്ലാം പെടുത്തിയിരിക്കുന്നത്. ഇന്ത്യൻഭാഷകളും പ്രാചീനതമിഴും സംസ്കൃതവും അറിയുന്ന പക്ഷം സിന്ധുലിപി ഒന്നാമത്തെ വിഭാഗത്തിലേക്ക് മാറുമെന്ന് സാരം. അതറിയാത്ത പാശ്ചാത്യരും സ്വദേശിശാസ്ത്രജ്ഞരും ആണ് ഇങ്ങനെ വിഭജിച്ചത്.

1500 ബിസി മുതലേ അമേരിക്കയില് മായന്മാരുടെ ഭാഷയുണ്ട്. 250 ബിസിയില് അവർക്ക് ഒരു ലിപിയുണ്ടായി. എഡി 900ത്തിൽ മയസംസ്കാരം ജീർണ്ണിക്കാനാരംഭിച്ചു.(ഏതാണ്ട് കേരളത്തിന്റെ കൊല്ലവർഷം തുടങ്ങിയകാലം മുതലാണ് ഇത്). 1700ൽ പൂർണ്ണമായും അവരുടെ ലിപിയും സംസ്കാരവും നശിച്ചു. മരത്തോലിലെഴുതിയ എല്ലാ ഗ്രന്ഥങ്ങളും സ്പാനിഷ് കോളനിക്കാരാണ് നശിപ്പിച്ചത്. 4 കോഡെക്സുകളാണ് ബാക്കി അവശേഷിച്ചത്. 1000 ശിലാലിഖിതങ്ങളും നശിപ്പിക്കാനാവാത്തതുകൊണ്ടുമാത്രം രക്ഷപ്പെട്ടു. യുകത്താനിലെ റോസെറ്റാ ശില മായൻകലണ്ടറിന്റേയും ലിപിയുടേയും ഒരേകദേശരൂപം തന്നു. മായന്മാരുടെ ഗണിതം 1,20,400,8000 എന്ന് സംഖ്യാമൂല്യമായി പ്ലേസ് വാല്യു ഉള്ളതാണ്.ശംഖം പൂജ്യം, രേഖ ഒന്ന്, 20നെ 13 കൊണ്ടുഗുണിച്ച 260 ദിനം എന്ന് ഒരു വർഷം , 18നെ 20 കൊണ്ടുഗുണിച്ച 360 നോട് 5 കൂട്ടിയ 365 ദിനമുള്ള മറ്റൊരുവർഷഗണിതം(ദ്രാവിഡരുടേതുപോലെ രണ്ടുതരം വർഷഗണനം) ഉള്ളതാണ്.ഒരു ദിനം പറയുമ്പോൾ രണ്ടിലെ സ്ഥാനവും പറയും (സൂര്യ, ചന്ദ്രസ്ഥാനം) 52 കൊല്ലത്തിലൊരിക്കല് രണ്ടും ഒന്നിച്ചുവരും. 3114 ബിസിമുതല് 2012 എഡി വരെയുള്ള ഒരു കാലഗണനം ഇന്ത്യക്കാരുടെ 3104 ബിസിമുതലുള്ള കലിയുഗ ഗണനവുമാ

യിവെറും 10 വർഷം മാത്രം വ്യത്യാസമുള്ളതാണ്.1566ലെ ബിഷപ്പ് ഡീഗോഡിലാന്റെയുടെ മായൻലിപിവായന താഴെ കൊടുക്കുന്നു.



സംസ്കൃതഭാഷയെ നശിപ്പിച്ചാലേ ഇന്ത്യയുടെ സംസ്കാരം നശിക്കുകയുള്ളു എന്ന് കണക്കുകൂട്ടിയ വിദേശിനയത്തിനെതിരെ ഇന്ത്യയിലെ മനുഷ്യരുടെയും ഭാഷാസ്നേഹികളായ അനേകം വിദേശിപണ്ഡിതന്മാരുടേയും സംയുക്തകൂട്ടായ്മ കൊണ്ടുമാത്രമാണ് ഇന്നും പ്രാദേശികഭാഷകളിൽ പലതും നല്ല ഒരു ലെക്സിക്കോണോടുകൂടിത്തന്നെ അർത്ഥസമ്പുഷ്ടമായി അവശേഷിക്കുന്നത്,മലയാളം ഉൾപ്പെടെ.അമരകോശമില്ലാതെ മലയാളം നന്നായി മനസ്സിലാക്കാനാവില്ല. വാമൊഴിഭാഷയായി എല്ലാ പ്രാദേശികഭാഷകളും ചുരുങ്ങിപ്പോകാതെ സംസ്കൃതഭാഷ സംരക്ഷിക്കുന്നുണ്ട്.സിന്ധുലിപിയിലേക്കും പൂട്ടുതുറക്കാനുപയോഗിക്കേണ്ടത് പ്രാകൃതവും സംസ്കൃതവുമായ ഭാരതീയഭാഷകളും അവയുടെ അർത്ഥവ്യാപ്തിയുമാണ്. ഇവിടെ കേകയത്തിലേയും അയോദ്ധ്യയിലേയും വാണിജ്യവിനിമയപാതയിലൂടെ നമുക്ക് രാമായണകാലത്തെ ബലൂചിസ്ഥാനിലേക്കു പ്രവേശിക്കാം. ആദിസംസ്കൃതകാവ്യമായ വാത്മീകിരാമായണത്തിലെ വിശദീകരണത്തിലൂടെ.

അയോദ്ധ്യ മുതൽ കേകയം വരെ.

അയോദ്ധ്യാകാണ്ഡം 68ആം സർഗ്ഗത്തിൽ,ഭരതനേയും ശത്രുഘ്നനേയും കൂട്ടിക്കൊണ്ടുവരാനായി വസിഷ്ഠനയച്ച ദൂതന്മാർ കേകയത്തിലേക്കു പോകുന്ന വഴിയുണ്ട്. പട്ടുനൂലുകൊണ്ടു നെയ്ത വിശിഷ്ടവസ്തുങ്ങളും ആഭരണങ്ങളും അയോദ്ധ്യയിൽനിന്ന് കേകയത്തിലെ അശ്വപതിക്ക് സമ്മാനമായി അവര് കൊണ്ടുപോയിരുന്നു. എഴുപതാം സർഗ്ഗത്തില് അശ്വപതി ദശരഥന് അയക്കുന്ന സമ്മാനങ്ങളുടെ ഒരു വലിയ ലിസ്റ്റുതന്നെയുണ്ട്. എഴുപത്തിഒന്നാം സർഗ്ഗത്തില് 7 രാത്രി കൊണ്ട് ഭരതശത്രുഘ്നന്മാര് കേകയത്തിൽനിന്ന് അയോദ്ധ്യയിലെത്തിയ പാതയും വഴിനീളെ കണ്ട കാഴ്ചകളും വിസ്തരിക്കുന്നു. ബിസി 8000 മുതലോ അതിനുമുമ്പോ നിലവിലിരുന്ന മഹാഗൃഹസംസ്കാരത്തെക്കുറിച്ചുള്ള പുരാവസ്തുരേഖകളുടെ തെളിവുകളി

ൽനിന്ന് ,സാഹിത്യത്തിലും ഈ വഴികളുടെ സുപരിചിതത്വം കാണുന്നതിന്റെ പ്രാധാന്യം നമുക്ക് ഊഹിക്കാനാവുന്നതേയുള്ളൂ. അതുകൊണ്ട് ഈ രണ്ടുയാത്രകളുടെ വഴി നമുക്കൊന്ന് പരിശോധിക്കാം.

ദൂതന്റെ വഴി:-

അയോദ്ധ്യയിൽനിന്നു പുറപ്പെട്ട് മാലിനീനദിയുടെ തീരത്തിലൂടെ (ഇപ്പോളത്തെ ചംബ ൽനദി)മദ്ധ്യമമാർഗ്ഗം അവലംബിച്ച് മുന്നോട്ട് പ്രലംബോത്തരദിക്കിലുള്ള (വടക്കുപടിഞ്ഞാറ്) അതിർത്തിപ്രവിശ്യയിലേക്ക് ദൂതന്റെ യാത്ര തുടങ്ങി.അവർക്ഷണത്തില് കടന്ന പ്രദേശങ്ങള് ഇവയാണ്.

1.പാഞ്ചാലം

2. ഹസ്തി എന്നപുരത്തിൽ(ഹസ്തിനപുരം)ഗംഗ മുറിച്ചുകടന്നു.

3.പടിഞ്ഞാട്ട് കുരുജാംഗലഭൂമിയുടെ (അന്തപജാംഗലദേശം)മദ്ധ്യത്തിലൂടെ പൊയ്ക,പുഴ,എന്നിവ കണ്ടു സഞ്ചരിച്ചു.

4.ശരദണ്ഡപ്പുഴയിൽനാനാവിധങ്ങളായ പക്ഷികൾ(ദേശാടനക്കിളി)ഉള്ള സ്ഥലം കണ്ടു.

5.സത്യം ഉദ്ഘോഷിക്കുന്ന ദിവ്യമായ നികുലതരു (പിപ്പലെന്നു വിളിക്കുന്ന ദിവ്യകൽപ്പവൃക്ഷം) കണ്ടുവന്ദിച്ചു.

6.ആ കലിംഗാപുരിയുടെ ബോധിഗൃഹം പിന്നിട്ട് പൂർവ്വികരുടെ ഇക്ഷുമതിനദി കടന്നു.അവിടെ ഒരു കുടന്ന ജലം മാത്രം ഭക്ഷിക്കുന്ന വിപ്രരെ കണ്ടുവന്ദിച്ചു.

7.ബാഹ്ലീകദേശത്തിന്റെ മദ്ധ്യത്തിൽ സുദാമാദ്രി കണ്ടു. വിഷ്ണുപാദവും വിപാശനദിയും വൃക്ഷങ്ങളും തടാകങ്ങളും വ്യാഘ്രം സിംഹം ആന മുതലായ മൃഗങ്ങളുമുള്ള വനം പിന്നിട്ട് കേകയമെന്ന ഗിരിവ്രജത്തിലെ ശ്രീപുരത്തിലെത്തി.

ഭരതന്റെ വഴി:

1.സുദാമാ നദി കണ്ടു.(സുലൈമാൻപർവ്വതത്തിലൂടെ ഒഴുകുന്നത്)

2.പടിഞ്ഞാട്ട് ഒഴുകുന്ന വിശാലയായ ഹ്ലാദിനിനദി കമ്ട്ടു

3ശതദ്രുനദി കണ്ടു

4.ഏലാധാനേനദി കണ്ടു.(തക്ഷകശിലക്കടുത്താണ് ഏലാപത്രനാഗത്തിന്റെ നാഗരാജധാനി. ഇപ്പോളത് Hassal Abdal െന്നറിയപ്പെടുന്നതായി കണ്ണിങ്ങാം)

5.അപരപപ്പടത്തിലെ ശിലാനദി കണ്ടു

6 അതിന്റെ അഗ്നികോണിലായി ശിലാകർത്തനം ചെയ്യുന്ന ശിലാവഹയുണ്ട്.

7.അനേകം അദ്രികൾതാണ്ടി ചൈത്രരഥവനത്തിൽവന്നുചേർന്നു.

8.സരസ്വതീസിന്ധുസംഗമംകണ്ടു.

9.വീരമത്സ്യത്തിന്റെ വടക്ക് ഭാരുണ്ഡകാനനം

10.മലകളാൽ ചുറ്റപ്പെട്ടതും ഒഴുക്ക് ഏറെയുള്ളതുമായ കലിംഗാനദിയെന്ന യമുന കടന്ന് വിശ്രമിച്ചു.കുതിരകളെ നനച്ച് അന്നപാനാദികൾ കൊടുത്തു

11.പെരുംകാട്

12.അംശുധാനത്തിൽവെച്ച് ഗംഗ കണ്ടു. അവിടെ ഗംഗ മുറിച്ചുകടക്കാതെ പ്രാഗ്വാപുരത്തിൽവെച്ചാണ് മുറിച്ചുകടന്നത്.

13.കുടിഗോഷ്ഠിക

14.ധർമ്മവർദ്ധനം

15.അതിന്റെ തോരണങ്ങളുടെ തെക്കുവശത്തു ജംബുപ്രസ്ഥമാണ്

16.വരുഥഗ്രാമം .രമ്യവനത്തിൽതാമസിച്ചു.

17.കിഴക്കോട്ട് ഉജ്ജിഹാനോദ്യാനമുണ്ട്.അവിടത്തെ ചുവന്ന പരുത്തിഉദ്യാനം ഭരത ൻനടന്നുകണ്ടു

18.ഉത്ഥാനികാനദി കടന്നു

19.പലനദികടന്ന് ഹസ്തിസൃഷ്ടകത്തിലെത്തി.

20 കുടികാനദി

21.ലൌഹിത്യത്തിലെ കപീവതിനദി

22.ഏകസാലത്തിലെ സ്ഥാണുമതിനദി

23.വിനതത്തിലെ ഗോമതിനദി

24.കലിംഗദേശത്തിലെ കാട് മുറിച്ചുകടന്നു.

25.സൂര്യോദയത്തിൽ തന്റെ പൂർവ്വികരുടെ പ്രസിദ്ധമായ അയോദ്ധ്യാപുരിയുടെ വെള്ളമണലുവിരിച്ച ഭൂമിയെ തൊട്ടു.

ദൂതരുടെ വഴി	ഭരതശത്രുഘ്നരുടെ വഴി
1.കേകയരാജഗൃഹം.(ബലൂചിസ്ഥാനം) ഗിരിവ്രജം. (സുദാമാഗിരിയിലെ). സിന്ധിവാരം,ശൃംഗാർമുതലായ സ്ഥലങ്ങളിവിടെയാണ്. 2.ഇക്ഷുമതിയെന്ന പൂർവ്വികരുടെ നദി. ഓക്സസ് നദി കൊച്ചയോടുചേരുന്ന ഇടം. ഓക്സസ് താഴ്വര ഗാന്ധാരത്തിലാണ് (അഫ്ഘാനിസ്ഥാനം)	1. കേകയരാജഗൃഹത്തിൽനിന്ന് ആദ്യമായി സുലൈമാൻ(സുദാമാ)ഗിരിയിലെ നദിയാ ണ് മുറിച്ചുകടക്കുന്നത്. 2. പടിഞ്ഞാട്ടൊഴുകുന്ന വിശാലയായ ഹ്ലാദിനി. ഗിരിവ്രജത്തിൽനിന്ന് വടക്കോട്ടു പൊകുമ്പോ ള് നൌഷാരോ എന്ന സ്ഥലത്ത് വിശാല യായ സിന്ധുനദികാണം.ഇതിനെ ഇക്ഷ്വാകു വംശം ഇക്ഷുമതിയെന്നു വിളിച്ചിരുന്നു. (ഹി ക്സോസ്, ഇക്ഷ്വാകു). ഹക്രഗാഗ്ഗർനദീശൃം ഘലയുടെ ഒരു ബ്രാഞ്ച് ആയിരുന്നു ആദ്യ കാലത്ത് ഇത്. ഒറ്റനോട്ടത്തിൽ ഈ പ്രദേശങ്ങളൊന്നും ഭരതനും

3.കലിംഗപുരിയുടെ ബോധിഗൃഹം .ചിത്രകൂടം(ബ്രാഹ്മിയിലെകകാരം)പോലെ രാജഗൃഹത്തിലേക്കുളള 4 മാർഗ്ഗങ്ങളെ ബോധിപ്പിക്കുന്ന സിംബലായ വൃക്ഷം ഉള്ള സ്ഥലം. ശില(കല്ല്)അഥവാ ശിവലിംഗം ഉള്ള തുറമുഖനഗരം. കലങ്ങളെന്ന കപ്പലുകളെല്ലാം വരുന്ന സ്ഥലം. കുരുദേശത്തിലെ പിപ്പലാദന്മാരെന്ന വംശത്തിന്റെ പഴയ നാട്. 4.കൽപ്പതരു. കല്പമെന്ന സ്ഥലവും വൃക്ഷവും .(മുകളിലുള്ള വിവരണം,ഭാരതത്തിന്റെ അറ്റ് ലസ്സ് കാണുക.) 5.ശരത്കാലത്ത് ദേശാടനക്കിളികളെത്തി മുട്ടയിടുന്ന അനൂപഗൃഹമെന്ന അനൂപദേശം 6.കുരുജാംഗല,അനൂപദേശം 7.ഹസ്തിനപുരത്തിലാണ് ഗംഗ മുറിച്ചുകടന്നത്. 8.മാലിനി .കണ്വരുടെ ആശ്രമതീരത്ത് മാലിനി ഗംഗയോടുചേരുന്നു. ഈ സ്ഥല ത്താണ് പിന്നീട് ചമ്പന്റെ ചമ്പരാജധാനി പണിതതോടെ ചംബലെന്ന പേരിലൊരു നദിയുണ്ടായത്. ദൂതന്റെ പുറപ്പാടുസ്ഥലമായ കോസലം അവിടെയാണ്.	സംഘവും സ്പർശിക്കുന്നില്ല എന്നു തോന്നാം.
	3.ശതദ്രു. ശിരിതോയ് നദിക്കുശേഷം ഗിർദാവുവിൽ,ഗിരിവ്രജത്തിൽ,സ്വാത് എന്ന

<table>
<tr>
<td></td>
<td>സ്ഥലത്തുകൂടി ഒഴുകുന്ന ചർസദ്ദനദി. പഴയ ശതദ്രു.
4.ഏലാധാനേനദി. കിലാദ്രോഷിൽകൂടി കടന്നു പോകുന്ന കുണാർനദി. കൌണാറെ ന്നപേര് സ്വാത്പ്രദേശവുമായി ബന്ധമുള്ള ഏലംവിളയുന്ന ഭാഗങ്ങളിലെ ദ്രാവിഡരാവാം കൊടുത്തത്. (ഏലം,കുരുമുളക്).ഏലാമൈറ്റ് പദവും ഉത്ഭവകാലത്ത് ഇങ്ങനെ ഉണ്ടായി രിക്കാം.
5.അപരപപ്പടത്തിലെ ശിലാനദി. അപര ബർബ്ബരദേ ശത്തെ ചിത്രാനദി (ചിത്രാലിലാ ണ്).ഇതിന്റെ അഗ്നികോണിലെ ശല്യക ർത്തനം ചെയ്യുന്ന ശിലാവഹകളുണ്ട്. ശല്യകർത്തനെന്നതിന് ക്വാറിയെന്ന് അർത്ഥമുണ്ട്. (ഖനനം) ശിലാവഹ (പർവ്വതം). ചിത്രാലിന്റെ അഗ്നികോണിൽ ദോസ ത് പാസ് കടന്നാൽ, അംശുമാൻ,കുറം, കൊച്ച ഭാഗത്തെ ലാപ്പിസ് ലസൂലി മൈന്ദ കളുണ്ട്. ഇവയാണ് വാത്മീകി പറയുന്ന ശല്യക ർത്ത നം ചെയ്യുന്ന ശിലാവഹകൾ.
6.അദ്രികൾപലതും കടന്ന് ചൈത്രരഥവനം. 8126 മീറ്റര് സമുദ്രനിരപ്പിൽനിന്നുയർന്ന
ശിലാദ്രൊനി(ശിലാവനം).ചിത്രാലിൽനിന്ന് ഗിൽമിറ്റ് വഴി ശിലാദ്രൊനിയിലെത്തും. ഈപ്രദേശം ഒന്നിച്ച് ചിത്രരഥനഗരം അഥവാ ഗന്ധർവ്വനഗര(ഉപവനം)മെന്ന് അറിയുന്നു. ഗഗ്ഗറെന്ന ദൃഷദ്വതിയുടെ ചൌക്കിയാണ് ചിത്രാലെന്ന ഭാഗം. അതിന്നടുത്ത് ഉപ്പനഗ രം(ഉപ്പപർവ്വതം salt mountain)ഉണ്ട്. (Oromanous of Ptolemy) Silgarh of Nepal വരെ ശിലാഗൃഹമാണ്.
7.ഗിൽഗിറ്റിൽവെച്ച് ഭാരതത്തിൽനിന്നു വരു ന്ന സിന്ധുനദിയുടെ ഒരു ശാഖ ഹമീർ, അഷ്ക്ക മാൽഭാഗത്തുനിന്നുവരുന്ന അനേകം ചെറുന ദികളോട് ചേരും. ഈ നദികളുടെ സംഗമ സ്ഥാനത്തിന് ശിൽപ്പി എന്നാണ് പേര്.
(വിശ്വകർമ്മാ)സിന്ധുസരസ്വതിനദികളുടെ
സമതലസംഗമത്തിനുമുമ്പ് ,സിന്ധു ഇക്ഷുമ തികൂടി ചേരുന്നത് മുകളിൽവെച്ചാണ്.
8.വീരമത്സ്യത്തിന്റെ വടക്കുഭാഗത്തെ ഭാരു ണ്ഡകാനനം.തൈത്തരീയപ്രകാരം മത്സ്യ മുള്ളിടത്ത് ഭാരുണ്ഡം (ദേശാടനപ്പക്ഷി)വരും. ദൂതന്റെ ശരദണ്ഡപ്പുഴയും ഇതാവുമോ എന്ന് ശങ്കിക്കണം. നൌഷാരയുടെ തൊട്ടുവടക്ക്, മുകൾഭാഗത്തായി</td>
</tr>
</table>

പീർപാഞ്ചാലെന്ന പീഠഭൂ മിയുണ്ട്. ശിലദൊനിക്കു തെക്കും ശിബിയാ ൻപാസിന് വടക്കും . രാജതരംഗിണി യിൽകാശ്മീരിലേക്കുള്ള പീർപാഞ്ചാലവഴി തന്നിട്ടുണ്ട്. ഭാഷാപരമായി,ശരവനം-(സല വനം), ശിലദൊനി (സിയദൊനി) ശാലാതുര-പാണിനിജന്മഗൃഹം. (സിയാൽകോട്ട്). സിയ ദൊനിനേമകവണിജ എന്നാൽ ശിലദൊനി യിലെ ഉപ്പുവാണിജ്യക്കാരനെന്ന് ബ്രാഹ്മിലിപിയിൽ.ഗിൽഗാമേഷ് മത്സ്യന്മാരായ (മത്സ്യക്കൊടിയുള്ളത് കാമനാണ്,പാണ്ഡ്യനും) വീരമത്സ്യരെന്ന ദേശാടനക്കാരുടെ കഥയാ ണ്.

9.ചുറ്റുംമലകള്. നടുവില്ലൂടെ ശക്തമായ ഒഴുക്കു ള്ള കാളികാനദി .(കാശ്മീരം)അവിടെ ഭരതന്റെ സംഘം വിശ്രമിച്ചു.

10.കാട്ടുകടന്ന് അംശുധാനത്തിലെ ഗംഗ കണ്ടു. മുസഫർബാദിന് തെക്കുകിഴക്ക് കിസ്തന്ന് അടുത്തായി ഗംഗകാണാം.ഭാരതത്തിലേക്കു വരുന്നവരാരും അവിടെ ഗംഗമുറിച്ചുകടക്കരുത്. ഗൊണ്ട,ബസ്തിവഴി ഗോരക്പൂരിലെത്തി 20 നാഴികമുകളിലേക്ക് പോയാലാണ് കപിലവസ്തു.

11.വരൂഥഗ്രാമം. (താഴേക്ക്)നൌഷാരക്ക് താഴെ അഖന്നൂർ,ഉദ്ധംപൂർ,രാംനഗർ,ചംബാ,മാധപൂർ,ധർമ്മസ്ഥല,ജ്വാലാമുഖി, മാണ്ഡിമുതലായ സ്ഥലങ്ങ ൾരേഖപ്പെടുത്തിക്കാണാം.മാണ്ഡയുടെ വടക്കുപടിഞ്ഞാറ് വാഹഥമനുവാണ് വരൂഥഗ്രാമം. പ്രാഗ്വാപുരം രാംനഗറാണ്. രാംനഗറിലെ രാംഗംഗ മുറിച്ചുകടന്നാണ് ധർമ്മവർദ്ധ ന (ധർമ്മസ്ഥല)യില്ലൂടെ വരൂഥഗ്രാമത്തിലെത്തുന്നത് .ഹിമാചലപ്രദേശത്തിന്റെ ഏറ്റവും തെക്കാണ് മാണ്ഡി. നൌഷാരമുതലിങ്ങോട്ട് മാണ്ഡിവരെയുള്ള പ്രദേശങ്ങളുടെ ഒന്നിച്ചുള്ളപേരാണ് കുടിഗോഷ്ഠിക. സാര്ഥവാഹകസംഘങ്ങൾ കുടികളായി,സമൂഹങ്ങളായി താമസിക്കുന്ന സ്ഥലമാണ് കുടിഗോഷ്ഠിക. ഭാരതത്തിലെ കുടിഗോഷ്ഠിക വിന്ധ്യനിലെ ഉത്തരദക്ഷിണാപഥങ്ങൾ യോജിക്കുന്നിടത്താണ്.

12 രമ്യവനം(കാമ അഥവാ കാമ്യകവനം)

13.ഉത്ഥാനികാനദി.സ്വർഗ്ഗത്തിലേക്ക് ഉത്ഥാനം ചെയ്യിക്കുന്നത്(കഠോപനിഷത്ത്) കൌത്സമശാഖയുടെ ബോധിസ്ഥാനം. ഗണ്ഡകിനദി..ഉത്ഥംപൂരിനടുത്ത് ഒരു

	ശാഖാനദി (ഗംഗക്കും സരയുവിനും). 14 ഹസ്തിനപുരം. ഹസ്തിസൃഷ്ടക. 15.കുടിക(കുശിക) കൌശികിനദി.ഹസ്തിസൃഷ്ടക,കോശിനദു കളൊഴുകുന്നത് നേപ്പാളിലൂടെ. 16.ലൌഹിത്യത്തിലെ കപിവതി. കപിത്ഥലി. രോഹിതക ത്തിലെ വൈദികമായ കപിഥലിദേശം. സിന്ദൂർഗൃഹത്തി ലെ ബാഗ്മതി, അല്ലെങ്കിൽ സതിയയില് ദിഹോങ്ങിനോട് ചേരുന്ന ലോഹിതനദി.ഇങ്ങനെ ബ്രഹ്മപുത്രാനദി ഉണ്ടാ വുന്നു. 17.ഏകതാലത്തിലെ സ്ഥാണുമതി 18.വിനതത്തിലെ ഗോമതി(ഗംഗയുടെ പോഷകനദി) 19 കലിംഗ(ചേദി)ത്തിന്റെ വനഭൂമി മുറിച്ചുകടന്ന് രാജധാനിയിലെത്തുന്നു.

ഇത് നല്ലവണ്ണം പരിശോധിച്ചാൽ കോസലംമുതൽകേകയംവരെയുള്ള ഭൂമിയുടെ ഒരു ചതുര ശ്രീകരണം ചെയ്ത് കര,കടൽമാർഗ്ഗങ്ങളെ രഹസ്യമായ സിദ്ധഭാഷയി ൽപറയുന്നതാണെ ന്ന് വ്യക്തമാണ്.. ഇവിടെപറഞ്ഞ ഉത്തരാപഥദക്ഷിണാപഥമാർഗ്ഗങ്ങളെല്ലാം തന്നെ ഇന്നും എന്നും ഉപയോഗത്തിലുള്ളവയാണ് എന്നതാണ് എന്നെ ആകർഷിക്കുന്നതും അത്ഭുതപ്പെട്ടു ത്തുന്നതും. വൈദികഋഷിമാരുപയോഗിക്കുന്ന രഹസ്യനാമങ്ങളും ഇതിലുണ്ട്.



ഉത്തരാപഥദക്ഷിണാപഥങ്ങളുടെ സന്ധിപ്പ്. ശ്രീപഥം (നാലും കൂടുന്ന വഴി)കാമ്യകവനം,ഭരത്പൂർ എന്നിവ



കേകയത്തേയും ശ്രീപുരമെന്നാണ് പറഞ്ഞത്. അതുപോലെ ദേശാടനക്കിളികളും വനവും നിറഞ്ഞ ഭരത്പൂറിലെ കാമ്യകവനത്തിന് തൊട്ടുമുകളിലുള്ള ശ്രീപഥവും കാണുക. ശ്രീ (ഐശ്വര്യം)ഉള്ള പുരം എന്ന സാമാന്യനാമം .

സുദാമാ(സുലൈമാൻ)ഗിരി,നൌഷേരാ,ഗിർദാവ്വ(ഗിരിവ്രജം)വിലെ സ്വാത്, അപരബർബ്ബരത്തിലെ ചിത്രാൽശിലാനദിക്കു വടക്കുപടിഞ്ഞാറുള്ള ലാപ്പിസ് ലസൂലിഖനനം,ശിലാവനമെന്ന ഉഫ്ഫപാറ,ഗിൽഗിറ്റ് ഭാഗത്തെ ശിൽപ്പിസ്ഥാനത്ത് സിന്ധുഇക്ഷുമതിസരസ്വതീസംഗമം, പീർപാഞ്ചാലെന്ന വീരമത്സ്യപീഠഭൂമി,അതിനുവടക്ക് സാര്ഥവാഹകരുടെ സംഗമസ്ഥാനമായിരുന്ന ജലസ്ഥാനമുണ്ടെന്ന സൂചന, കാശ്മീരഗിരിവ്രജത്തിന്റെ കാളികാനദിസ്ഥാനത്ത് അടുത്ത സാർത്ഥവാഹകസംഗമസ്ഥാനം, പിന്നെ വത്രുഥസ്ഥാനം ഉത്തരാപഥദകഷിണാപഥങ്ങ ൾ വിന്ധ്യനില് സംഗമിക്കുന്നിടത്താണ്. പടിഞ്ഞാറുനിന്ന് ഏതാണ്ട് ബലൂചിസ്ഥാനം (മെലൂഹിസ്ഥാനത്തിന്റെ തുടക്കം കേകയത്തിലാണ്)നൌഷാരകളിൽനിന്ന് നേരെ സമുദ്രമാർഗ്ഗം വന്ന് ,രാജസ്ഥാനിലൂടെയോ ,അല്ലെങ്കിൽ,ഉത്തരാപഥത്തിലൂടെ വരുന്ന പക്ഷം സിയാൽക്കോട്ട്,കാശ്മീരംവഴിയോ എത്താം. ഈ രണ്ടുപഥങ്ങളും രഹസ്യഭാഷയിലാണ് പറഞ്ഞിരിക്കുന്നത്. ശോത്രുഘ്നൈ (ശത്രുഘ്നനാമത്തിലുള്ള നഗരം) ഏറ്റവും വടക്കുള്ള ഇന്ത്യ

ൻഔട്ട്പോസ്റ്റാണ്. അവിടംമുതൽ ശത്രുഘ്നപതിയായ ശ്രുതകീർത്തിയുടെ (ചേദികുമാ രി)നഗരം വരേയും, കൈകേയിയുടെ പിതാവും ഭരതന്റെ മാതാമഹനുമായ അശ്വപതിയുടെ ഗിരിവ്രജം (കേകയം)തൊട്ട്, ഭരതപതിയായ മാണ്ഡവിയുടെ നാമം വഹിക്കുന്ന മാണ്ഡ്യ, മാഹിഷ്മതി,ഭരതനാമം വഹിക്കുന്ന ഭരത്പൂർ വരേയും കാശിയിലൂടെ നാലും കൂടുന്ന കോസലത്തിലെ അയോദ്ധ്യവരേയും (കാശി സുമിത്രയുടെ ദേശം) ഉള്ള രാമഗൃഹക്കാരുടെ യാത്രയുമാണിത്.



പാതയുടെ ഡൈരക്ഷൻ. വൈദികഋഷിമാരുടെ സ്ഥലങ്ങളെല്ലാം സ്പർശിക്കുന്നു.

അശ്വപതിയുടെ സമ്മാനങ്ങൾ.

1.ആന,2.ചിത്രകംബളം,3.അജിനം(മരവുരി)4. 2000 സ്വർണ്ണപ്പതക്കം. 5. 1600 കുതിര, 6.വിശ്വസ്തരും ഗുണികളും ജ്ഞാനികളുമായ മന്ത്രിമാര് അകമ്പടിക്ക്. 7.ഐരാവതൈന്ദ്രശിരസ്കരായ ഗണങ്ങൾ. 8.വേഗം ഓടുന്ന ഖരങ്ങൾഅഥവാ കോവർകഴുത9ഖച്ചർ) , 9.പുലിയുടെ ശക്തിയുള്ളവയും അന്തഃപുരത്തിൽപ്രത്യേകം പോറ്റിവളർത്തിയവയുമായ ദംഷ്ട്രകളുള്ള വലിയഇനം വേട്ടനായ്ക്കൾ, (മാസ്റ്റിഫ്).

പ്രധാനമായും അനിമൽഹസ്ബന്റ്ട്രി ,പാസ്റ്ററൽഇനത്തിലുൾപ്പെട്ടവയാണ് ഈ സമ്മാനങ്ങൾ.. മാസ്റ്റിഫ്,നല്ലഇനം കുതിര എന്നിവക്ക് ഇപ്പോഴും ആ ഭൂഭാഗത്ത് പ്രാധാന്യമുണ്ട്. ഉർറിലെ രാജകുമാരിമാരെ അംശൻ(അംശുമാൻ,മാർഹസി)ശബ്സലിയിലെ പുരുഷന്മാർ വിവാഹം കഴിക്കാറുണ്ട്. കിഴക്കുള്ള മാർഹസിയില് നിന്ന് ഉർറിലെ ഇബിസിന്നിന് മെലൂഹയിലെ പുള്ളികളോടുകൂടിയ നായ്ക്കളെ (സ്പെക്കിൾഡ് ഡോഗ്)വിശിഷ്ടസമ്മാനമായി എത്തിക്കാറുണ്ടെന്ന പരാമർശം അവിടത്തെ റെക്കോഡുകളിലുണ്ട്. കേകയം ഇത്തരം നായ്ക്കളെ കിഴക്കോട്ടും പടിഞ്ഞാട്ടും അയച്ചിരുന്നു. ഇരുഭാഗവുമായും വിവാഹബന്ധവുമുണ്ടായിരുന്നു. പട്ടും ആഭരണവും (ഫിനിഷ്ഡ് ഗുഡ്സ്)ആണ് കോസലത്തിന്റെ സമ്മാനം. (സമ്മാനമെന്നു പറയാതെ

ദൂതരുടെ കയ്യിലയച്ച വസ്തുക്കൾ).ശില,ലോഹം,ഉപ്പ്(മിനറ ൽ) ശിലാവാഹ (ലാപ്പിസ് ലസൂലി),പക്ഷികൾ,ഇക്ഷു(കരിമ്പ്), സിംബൽ(ഭാഷ.ബോധി)ക അഥവാ സ്വസ്തി കത്തിന്റെ യുഗരൂപം(കുരിശുരൂപം)എന്ന ജ്യാമിതീയചിഹ്നം, ഉപവാസം,(ജലപാനം മാത്രമുള്ള ഋഷിമാരെ പരാമർശിച്ച),യോഗം(ബോധി),ധർമ്മം,കല്പതരുവിനെആരാധിക്കുന്ന വൃക്ഷാരാധന, വന്ദനം, ഭൂമിയെ വിഭജിക്കുന്നതും അതിന്റെ ഭൂമിശാസ്ത്രപരവും മിഥോളജിക്കലുമായ പ്രത്യേ കതകൾ, വഴി കൃത്യമായി രേഖപ്പെടുത്തുന്ന സമ്പ്രദായം (നദി,പർവ്വതം, അനൂപജാംഗലദേശം, ഓരോ ന്നിന്റെ അതിർത്തി)ആയുധനിർമ്മാണം, എന്നിവയുടെ അറിവ്, ശല്യകർത്തനമെന്ന ഖന നം, ശിൽപ്പി,സ്വർണ്ണപ്പണിക്കാരന്റെ നിർമ്മിതിയായ ആഭരണം,പതക്കം,നെയ്ത്തുകാരന്റെ നി ർമ്മിതിയായ പട്ട്, വാസ്തുവിജ്ഞാനീയവും മത്സ്യമൃഗപക്ഷിവിജ്ഞാനീയവും അവയുടെ സ്വഭാ വം കൃത്യമായി രേഖപ്പെടുത്താനും സങ്കരവംശത്തെ സൃഷ്ടിക്കാനുമുള്ള ജനിതകവിജ്ഞാനീ യം, ഗിൽഡ് സമ്പ്രദായത്തിലൂടെ കേന്ദ്രീകൃതമായ സാർത്ഥവാഹകസംഘങ്ങളുടെ പ്രവ ർത്തനം ക്രമീകരിക്കുന്ന രാഷ്ട്രതന്ത്രം, ശ്രീപുരം,ഗിരിവ്രജം,വിഷ്ണുപദം മുതലായ വാക്കുകളിലെ ഐശ്വര്യനഗരഗിരിദുർഗ്ഗ(കോട്ട)ങ്ങളെക്കുറിച്ച ജ്ഞാനം, ആത്മീയമായ അറിവ്- ഇങ്ങനെ ഈ മൂന്നുസർഗ്ഗം കൊണ്ടുതന്നെ പ്രാചീനഭാരതത്തിന്റെ ചെറിയൊരു ഖണ്ഡം വാത്മീകി വരക്കുന്നു.

ഇതിലുള്ള സ്ഥലങ്ങളെല്ലാം ക്രിസ്തുവർഷാരംഭംവരേയും അതിനുശേഷവും പ്രധാനപ്പെട്ട സ്ഥലങ്ങളാണെന്നതാണ് ശ്രദ്ധേയമായ മറ്റൊരു വസ്തുത. പുരാവസ്തുവിൽ അൽപ്പമെങ്കിലും അറിവുള്ളവർക്ക് രാമായണത്തിലെ ഈ പരാമർശം എത്ര മാത്രം ശാസ്ത്രീയമാണ് എന്ന് പറയാതെത്തന്നെ മനസ്സിലാവും. എല്ലാം മിത്ത് എന്നു തള്ളുന്നതിലെ അശാസ്ത്രീയത മനസ്സിലാവും. നദികളുടെ ഉത്ഭവം,അവ ശിലകളിലും സമതലത്തിലും ഒഴുകുന്ന പാതയിലൂടെ സാർത്ഥവാഹകസംഘങ്ങളുടെ യാത്ര ,അവരുടെ വിശ്രമത്താവളങ്ങൾ, ഇവ വ്യക്തമാകും.

വൈദികകാലം,ഹരപ്പകാലം,ബുദ്ധമൌര്യസാമ്രാജ്യകാലത്തെ മഹാജനപദങ്ങൾ,ഇവ മൂന്നും

വൈദികഋഷിയുടെ ഭാരതം. ഭരതൻ മുറിച്ചുകടന്ന ചേദിയുടെ വനം കഴിഞ്ഞാൽ കാശി,കോസലം, അയോദ്ധ്യ എന്നു കാണുക



ഉള്ള മൂന്ന ഭൂപടങ്ങളെ കാണുക.



ഹരപ്പക്കാരുടെ പാതയും ദ്രാവിഡരുടെ പാതയും ഒന്നാണ് എന്നു കാണുക.



ബുദ്ധന്റെ കാലം.



- **ശ്രീരാമന്റെ വനയാത്ര**

ചൈത്രമാസത്തിലെ കർക്കിടകലഗ്നത്തില് പുഷ്യം നക്ഷത്രത്തിലാണ് ദശരഥന് രാമന്റെ പട്ടാഭിഷേകം നിശ്ചയിച്ചത്.(അന്ന് ഭരതന്റെ ജന്മദിനവുമായിരുന്നു.ഭരതൻ യുധാജിത്തിന്റെ കൂടെ കേകയത്തിലേക്കു പോയിരിക്കയാണ്).അത് നടന്നില്ല. 14 വർഷത്തെ വനവാസത്തിനായിരുന്നു ശ്രീരാമന്റെ നിയോഗം. ശൃംഗിവേരപുരത്തുവെച്ചാണ് രാമൻ ഭരദ്വാജനെ കണ്ടു വണങ്ങി വഴിചോദിച്ചു മനസ്സിലാക്കുന്നത്. കാളിന്ദിയും യമുനയും ചേരുന്നിടത്ത് പടിഞ്ഞാട്ടൊഴുകുന്ന കാളിന്ദിയുടെ പഴയ കടവിൽ ചങ്ങാടമിട്ട് ഭാനവിപ്പുഴകടന്ന് സിദ്ധസേവിതമായ കൽപ്പവൃക്ഷം രാമനും കാണുന്നുണ്ട്. ആ പേരാലിനെ തൊഴുതുപ്രാർത്ഥിച്ചു. വിളിപ്പാടകലെയുള്ള കരിംകാട്ടിലാണ് ഭരദ്വാജാശ്രമമായ ചിത്രകൂടം.

നദി കടക്കാനുള്ള ചങ്ങാടം തീർത്തത് പാഴ്മരംകൊണ്ടാണ്. ചുറ്റും രാമച്ചപ്പുല്ലു പുതച്ചു. ഉണക്കമുളകൾപാകി.ആറ്റുവഞ്ചിയും ഞാവനും മുറിച്ച് സീതക്ക് സുഖമായിരിക്കാനായി പടിയുണ്ടാക്കി. ഇരുവശത്തും സീതയുടെ വസ്ത്രാഭരണങ്ങൾ വെച്ചു. കൈക്കോട്ടും തോൽക്കൊട്ടയും അസ്ത്രശസ്ത്രാദികളും തോണിയിൽ കയറ്റിവെച്ചു. കാളിന്ദിയുടെ തെക്കേ തീരത്താണ് യമുനാവനത്തിലെ ശ്യാമളമായ കൽപ്പതരു. ഹംസസാരസനാദമൊത്ത നദി,നിറയേ പിലാശുപൂത്ത ചിത്രകൂടം,ആനകളും മുനീന്ദ്രരും പാർക്കുന്ന വനഭൂമി, വാത്മീകിയുടെ പുണ്യാശ്രമം ഇതെല്ലാം അവർ കണ്ണുകുളിർക്കെ കണ്ടു. കൽപ്പവൃക്ഷം, ചിത്രകൂടം വരെ രാമന്റെ യാത്രയിലും ഭരതന്റെ യാത്ര യിലും ഒരേ വഴിയാണ്.അവിടുന്നങ്ങോട്ട് ഭരതന്റെ യാത്ര പടിഞ്ഞാട്ട് കേകയത്തിലേക്കും ഉത്തരാപഥത്തിലേക്കുമാണ്. രാമന്റെ യാത്ര തെക്കോട്ട് ദക്ഷിണാപഥത്തിലേക്കും ലങ്കയിലേക്കുമാണ്. പുഷ്പകത്തിലേറി ആകാശമാർഗ്ഗം ലങ്കയിൽനിന്ന് തിരിച്ചുവരുമ്പോള് സീതക്ക് രാമ ൻ ശ്രീലങ്കമുതല് അയോദ്ധ്യവരെയുള്ള ദക്ഷിണാപഥമാർഗ്ഗം ചൂണ്ടിക്കാണിക്കുന്നുണ്ട്.

1. ത്രികൂടാചലോപരി ലങ്കയിലെ പോർക്കളം
2. ലങ്കയിലെ സമുദ്രതീരം
3. കടലിൽ സീതാന്വേഷണത്തിനായി കെട്ടിയ നളസേതു.
4. ശംഖും ചിപ്പിയും നിറഞ്ഞസാഗരം(മാന്നാർകടലിടുക്ക്)
5. അതിൽ ഹനുമാന് നിക്ഷേപിച്ച ഹിരണ്യനാഭമായ പൊന്മല
6. ദക്ഷിണേന്ത്യയിലെ സമുദ്രതീരത്ത് ശ്രീരാമൻ സേതുബന്ധസമയത്ത് താമസിച്ച പടകുടീരം
7. സേതുബന്ധം(രാമേശ്വരം)
8. ചിത്രവനത്തോടുകൂടിയ കിഷ്കിന്ധാപുരി
9. സുവർണ്ണധാതു നിറഞ്ഞ ഋശ്യമൂകാചലം
10. പമ്പാസരസ്സും ചിത്രവനവും

11. പമ്പാതീരത്ത് ശബരിയുടെ ആശ്രമം .മതംഗാശ്രമം. (ഇവിടം മുതൽ വിമാനം കടലിന്നുപരിയാണ് സഞ്ചരിക്കുന്നത്.)
12. ജനസ്ഥാനത്ത് ജടായുവെ രാവണൻ വധിച്ച മരച്ചുവട്
13. പഞ്ചവടിയിലെ ആശ്രമം
14. ഗോദാവരീനദീതീരം,അഗസ്ത്യാശ്രമം
15. ശരഭംഗാശ്രമം,അത്രിയുടെ ആശ്രമം
16. ചിത്രകൂടം
17. കാളിന്ദിയും ചിത്രവനവും ഭരദ്വാജാശ്രമവും
18. മൂന്നുവഴിയായി ഒഴുകുന്ന ത്രിപഥഗയായ ഗംഗ
19. ശൃംഗിവേരപുരം
20. യൂപങ്ങൾനിറഞ്ഞ സരയുവും വനവും
21. അച്ഛന്റെ രാജധാനി അയോദ്ധ്യ.

(തെക്കുനിന്ന് ആദ്യം പടിഞ്ഞാട്ടും ,പിന്നെ വടക്കോട്ടും, അവസാനം കിഴക്കോട്ടുമായിട്ടാണ് യാത്രാഗതി.ശ്രീലങ്ക, പാണ്ഡ്യദേശം,കേരളം, സമുദ്രം, ആന്ധ്ര, മദ്ധ്യപ്രദേശം, യു.പി എന്നിങ്ങനെ)



ഭൂമിശാസ്ത്രപരമായി വളരെ കൃത്യമാണ് വിവരണം. ഭൂമിയുടെ കിടപ്പും ഗതാഗതമാർഗ്ഗങ്ങളും കൃത്യമായി വായ്മൊഴിയിൽ രേഖപ്പെടുത്തുന്ന സമ്പ്രദായം. ചങ്ങാടം ഉണ്ടാക്കുന്നതുമുതൽ, അതിൽ വനവാസിക്ക് വേണ്ട ആയുധവും ഉപകരണവും തെരഞ്ഞെടുത്തു വെക്കുന്നതിൽവരെ ശ്രദ്ധ വെച്ചിട്ടുണ്ട്. ചിത്രകൂടത്തിലേക്ക് ഭരതനെ അനുഗമിച്ച് രാമനെ വിളിക്കാനായി പോകുന്ന ചതുരംഗപ്പടയെ അനുഗമിക്കുന്നവരും അവരുടെ ഉപകരണങ്ങളും രീതികളും വളരെ വ്യത്യസ്തമാണെന്നതും ശ്രദ്ധേയമാണ്. ചക്രവർത്തിയായ രാമന്നു വഴിവെട്ടാനുള്ള (വിഷമവും സമവും ചേർന്ന വഴി)വേലക്കാരും ദുർഗ്ഗങ്ങള് നോക്കി സംരക്ഷിക്കുന്ന രക്ഷിജനങ്ങളും ആദ്യം പുറപ്പെട്ടു. അവരിൽ സ്ഥലങ്ങളെല്ലാം നന്നായറിയുന്നവരും, രജ്ജുവിദ്യ(നൂലിന്റെ,ചരടിന്റെ വിദ്യ)

അറിയുന്നവരും (സർവ്വേ)ശൂരന്മാരും യന്ത്രകാരന്മാരും തുരക്കുന്നവരും കൊത്തുവേലക്കാരും മേലാളന്മാരും,യന്ത്രകോവിദരും മരംവെട്ടികളും ആശാരിമാരും വഴിചെത്തിനിരത്തുന്നവരും മുളപ്പണിക്കാരും കുമ്മായപ്പണിക്കാരും കിണറുകുത്തുന്നവരും വഴികാട്ടികളും കൂലിക്കാരും അവരവർക്കാവശ്യമുള്ള ഉപകരണങ്ങളോട്ടുകൂടി ആദ്യം പോയി. മരമില്ലാത്തിടത്ത് മരം വെച്ചും വഴിയില്ലാത്തിടത്ത് വഴിവെട്ടിയും അരിവാളും മഴുവും കല്ലുളിയും രാമച്ചത്തണ്ടും ഏന്തിയുമാണ് യാത്ര. തോടുകള് വെട്ടി,കിണറുകുഴിച്ച്,ചുറ്റും അരമതിലും തിണ്ണയും കെട്ടി, മരങ്ങൾക്കുചുറ്റും കുമ്മായമിട്ട തറയുയർത്തി,ഭൂഷണങ്ങളോട്ടുകൂടിയ പാളയങ്ങളുണ്ടാക്കി. ചുറ്റും കിടങ്ങുണ്ടാക്കി, മണലു പരത്തി. പാതകൾ,പ്രാസാദങ്ങൽ,മതിൽമേടകൾചുറ്റി, കൊടിക്കൂറയണിഞ്ഞും വിമാനമുയർത്തിയുമുള്ള പാളയങ്ങള് ഗംഗാനദീതീരം വരെ ശോഭിച്ചു.കനകക്കോലുകൊണ്ട് യാമപ്പെരുമ്പറയടിച്ച്,ശംഖുമുഴക്കി സൂതമാഗധന്മാരുടെ മംഗളസ്തവങ്ങളുയരവേ,ഭരതൻ,ഞാനല്ല രാജാവ്, ഇതെല്ലാം രാമനെത്തിയിട്ടുമതി എന്നു വിലക്കി. ജനങ്ങളും തേരും അശ്വഗജാദികളുമൊത്ത ചതുരംഗപ്പടയോടെ ചിത്രകൂടത്തിലേക്കു പുറപ്പെട്ടു. കച്ചവടക്കാരും രത്നവേലക്കാരും കുലാലരും ആയുധപ്പണിക്കാരും നൂൽപ്പണിക്കാരും വീലിപ്പണിക്കാരും ഈർച്ചക്കാരും മിനുസപ്പെട്ടുത്താനായി ചിന്തേരിടുന്നവരും തുളക്കുന്നവരും കുമ്മായം തേക്കുന്നവരും കൊമ്പുവേലക്കാരും ഗന്ധജീവികളും തട്ടാന്മാരും കംബളങ്ങളലക്കുന്നവരും തിരുമ്മുകാരും കുളിപ്പിക്കുന്നവരും വൈദ്യരും ധൂപകരും ശൌണ്ഡികരും തുന്നൽക്കാരും ഇടച്ചേരികളിലെ മൂപ്പന്മാരും സ്ത്രീഗണങ്ങളോടുകൂടിയ നട്ടുവരും ദാശന്മാരും വേദവിത്തുകളും ടോഗികളും-എല്ലാവരും വെള്ളവസ്ത്രം,ചുവന്ന കുറി എന്നിവ അണിഞ്ഞ് കാളവണ്ടികളിലേറി ഭരതനെ പിൻതുടർന്നു.ഇത്തരം വലിയസംഘത്തിലെ ഗായകനർത്തകാദികളുടെ ഉപകരണങ്ങള് വഹിച്ചുകൊണ്ടുള്ള യാത്രകള് പിൽക്കാലത്തെ പലക്ഷേത്രങ്ങളിലും കാണുന്നുണ്ട്. വിജയനഗരകാലത്ത് രാജാവിന്റെ യാത്രയിൽ ഇത്തരം സംഘങ്ങൾ മുന്നിലെത്തി വഴിനീളെ പാളയമുണ്ടാക്കുന്നതു കാണുന്നു. വിജയനഗര രാജാവിന്റെ തിരുപ്പതിയാത്രയെ യൂറോപ്യന്മാർ വിവരിച്ചത് ഇനിയൊരദ്ധ്യായത്തില് കൊടുത്തിരിക്കുന്നു.(താരതമ്യം ചെയ്യുക).ഇന്ത്യയിലെ ഏതു പ്രദേശത്തും ഏതുകാലത്തും രാജാക്കന്മാരുടെ യാത്രകളുടെ പ്രത്യേകതകൾ ഒരേ രീതിയിലായിരു്ന്നു. രാജസൂയത്തിലും അശ്വമേധത്തിലും ജൈത്രയാത്രകളിലും കപ്പം പിരിക്കാനുള്ള യാത്രകളിലും ക്ഷേത്രദർശനത്തിനുള്ള സഞ്ചാരങ്ങളിലും സിവിലിയൻജീവിതത്തെ താറുമാറാക്കാതെയും അതേ സമയം എല്ലാ പരിവാരങ്ങളോടും (കാരവനുകളായി)സൌകര്യങ്ങളോട്ടുകൂടിയുമാണ് യാത്ര. ദിഗ്വിജയ യാത്രകളെപ്പോലെ വ്യാപാരികളുടേയും ദൂതന്മാരുടേയും ജ്ഞാനികളുടേയും സംഘമാർഗ്ഗങ്ങളും അവയുടെ ചുങ്കംകാവലും എല്ലാം ഇനി വരും അദ്ധ്യായങ്ങളിലുണ്ട്. ഇതിന്റെ പഴക്കം ആദികാവ്യം മുതലാണെന്ന് ചൂണ്ടിക്കാട്ടുകയാണിവിടെ. ഭാരതത്തിലെ ഗിരിവനവാസികളായ കുറുംബരും അറ്റ് ആദിവാസികളും ,കടലോരത്തെ മുക്കുവരും പരമ്പരാഗതമായി ഉപയോഗിച്ചുപോന്ന കര,ജലമാർഗ്ഗങ്ങലാണ് യൂറോപ്യരുടെ കാലം വരേയും ഇവിടെയുള്ള എല്ലാവരും

ഉപയോഗിച്ചിരുന്നത്. ഗിരിവനവാസികളുടെ ജീവിതം താറുമാറാക്കാതെയും അവരുടെ വനവിഭവങ്ങളെ വിനിമയം ചെയ്യുന്നതിൽ സഹായിച്ചും, അവരുടെ സൈനികസേവനവും ഗതാഗതരക്ഷാസേവനവും ഉപയോഗപ്പെടുത്തിയുമായിരുന്നു ഇവിടത്തെ കേന്ദ്രീകൃതമായ വിപണികളിയെ വ്യാപാരസമ്പ്രദായം. ഇത്തരം കാര്യങ്ങളാണ് ഭാരതത്തിലെ ഏകീകൃതഭരണം,ഏകരാഷ്ട്രസങ്കൽപ്പം മുതലായ വിശദമായ പഠനത്തിലേക്ക് വഴികാട്ടികളാവുന്നത്.

ഋചീകകാലത്ത് ശോണാനദീതീരത്തുനിന്ന് വിശ്വാമിത്രന്റെ സഹോദരി സത്യവതി ദ്രാവിഡ ദേശത്തേക്ക് വധുവായി വന്നു. അവളോടൊത്ത് കുശിക(കുടിക)ഗോത്രത്തിലെ വിശ്വാമിത്രനും വന്നു.വിശ്വാമിത്രന്റെ സിദ്ധാശ്രമം (ഹർദ്ദിബനം) കഴിഞ്ഞ് നർമ്മദാതീരത്തിലൂടെ ഗുജറാത്തിലെത്തിയ ഭൃഗുവംശത്തിലെ വധുവാണ് സത്യവതി. അവളുടെ മകനായ ജമദഗ്നിയുടെ പുത്രനാണ് കേരളത്തിന്റെ പരശുരാമൻ.

മദ്ധ്യേന്ത്യയിലെ ആദിവാസികളുടെ വംശം എട്ടാം നൂറ്റാണ്ടിൽ വിദേശിമുസ്ലീം ആക്രമണമുണ്ടായപ്പോളാണ് ആദ്യമായി ഇവിടെനിന്ന് ദയ്ബാൽബ്രോച്ച്,ഉജ്ജയിനിഭാഗത്തേക്ക് ആദ്യമായി അഭയം തേടി ഓടിപ്പോയത്. പിന്നെ കിഴക്കോട്ട് ശോണാതീരത്തെ രോഹ്തക് കുന്നുകളിലേക്കു മടങ്ങി. അവിടെ വെച്ച് രണ്ടായി പിരിഞ്ഞു. മലദരെന്ന വിഭാഗം(മാൽട്ടോ) വടക്കുകിഴക്ക് രാജ്മഹൽകുന്നിലേക്ക് മടങ്ങി. (ഇപ്പോളവിടെമാത്രം)കുറുക്കകളെന്ന ദ്രാവിഡവിഭാഗം ഛോട്ടാനാഗ്പൂരിലേക്കാണ് മടങ്ങിപ്പോയത്. തെക്കേ ഇന്ത്യയിലെ വംശങ്ങളാകട്ടെ , പിന്നേയും ഏറെക്കാലം അവരവരുടെ പ്രദേശങ്ങളിൽ പഴയ ആചാരാനുഷ്ഠാനങ്ങളോട്ടുകൂടി ജീവിച്ചു. കണ്ടാലറിയാത്തവിധം മാറിപ്പോയ ആ പൂർവ്വീകവംശമാണ് നമ്മളെല്ലാവരും തന്നെ. ഭാരതത്തിലെ എല്ലാവരും എതിക്കലായി ഒറ്റ മൂലവംശത്തിന്റെ ഉൾപ്പിരിവുകളാണ്.

- **സൈന്ധവരുടെ സീലുകളും ലിപിചിഹ്നങ്ങളും**

ബിസി 3600-2600 വരെയുള്ള ആദിമഹരപ്പൻകാലത്ത് ആയിരക്കണക്കിനു മൺപാത്രങ്ങളിലായി കുശവന്മാരുടെ സീൽ വെച്ചിരിക്കുന്നത് ദൈനന്ദിനോപയോഗത്തിനുള്ള ചായമടിക്കാത്ത മൺപാത്രങ്ങളിലാണ്,രാജകീയപാത്രങ്ങളിലല്ല. ഉണങ്ങാത്ത കളിമണ്ണിൽ ചുട്ടുംമുമ്പ് കൂർത്ത ആയുധം, നഖം എന്നിവയാലാണ് ഈ ചിഹ്നങ്ങളുണ്ടാക്കിയിരുന്നത്. ചൂളയി ൽച്ചുട്ടശേഷം ചിത്രങ്ങൾ വരച്ചിരിക്കുന്നവയാകട്ടെ കുശവന്റെ സൌന്ദര്യബോധം കാണിക്കുന്ന ചിത്രങ്ങളാണ്. ഇടനിലക്കാരുടേത് പ്രയോജനത്തിനുള്ളതും . ഏതാണ്ട് 150 ചിഹ്നങ്ങള് കിട്ടിയിട്ടുണ്ട്. മിക്കതും സംഖ്യകളാണ്. താഴേക്ക് ഒറ്റ വര(1) ഏകം (ഒന്ന്).ഈ ചിഹ്നം ബിസി 2600ൽത്തന്നെ ഉണ്ട്. (നഖചിത്രമെന്നപേരിൽ കാമശാസ്ത്രത്തില് പ്രിയമുള്ള സ്ത്രീകളുടെ ശരീരത്തില് ചിത്രമിടുന്ന സമ്പ്രദായവും ഇതിൽനിന്നുണ്ടായതാവാം.)ഏറ്റവും സാധാരണമായ സൈന്ധ

വചിഹ്നം  .ഇതിനെ സൈന്ധവലിപിയുടെ ഒമേഗ എന്ന് ഐരാവതം മഹാദേവന് പറഞ്ഞിട്ടുണ്ട്. ശരമുന,ത്രികോണം ,രണ്ടുവൃത്തങ്ങൾ പരസ്പരം ഛേദിക്കുന്ന ക്ലാസിക്കൽചിഹ്നം എന്നിവ ഗോമൽതാഴ്വരയിലെ പാത്രങ്ങളിലും തക്ഷശിലക്കടുത്ത







ശരായ്ക്കോലയിലും കാണാം. ശരായ്(ചെറായ്) കോല (കോലം) എന്ന രണ്ടുപദങ്ങളും തക്ഷശിലയിലും വന്ദേരി മൂഷകവംശക്കാരുടെ ദ്രാവിഡപ്രദേശങ്ങളിലും കാണുന്നു.ഇരട്ടനാഗ(അനന്ത) ചിഹ്നത്തിന്റെ ആദിമരൂപവും ജ്യാമിതീയവിജ്ഞാനത്തിന്റെ തെളിവുമാണ് വൃത്തങ്ങൾ പരസ്പരം ഛേദിക്കുന്ന ചിഹ്നം.

ആദ്യകാലഹരപ്പയിലും പിൽക്കാലഹരപ്പയിലും ഒരേ ചിഹ്നം ദിശമാറിഎഴുതപ്പെട്ടത് സ്ഥലം കൂട്ടുതൽകിട്ടാനാകാമെന്നാണ് പുരാവസ്തുഗവേഷകരുടെ നിഗമനം.

ആദ്യകാലഹരപ്പ   പിൽക്കാലഹരപ്പ

ആസ്റ്റെക്,മായൻസംസ്കാരങ്ങളിലെ പോലെ ഇന്ത്യയിലും എഴുത്ത് പലആവശ്യങ്ങ ൾക്കായിരുന്നു. രാമായണകാലത്ത് ഓരോ ജ്ഞാനശാഖക്കും ശാസ്ത്രത്തിനും വെവ്വേറെ എഴുത്തുകാരെ കാണുന്നു.

1.കൊല്ലം ,മാസം,ദിനം,മണിക്കുറുവെച്ച് രാജ്യത്തു നടന്നതെല്ലാം കൃത്യമായി രേഖപ്പെടുത്തു ന്നവർ.(ജ്യോതിഷി)

2. രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും വംശവൃക്ഷം ,ജനനം,മരണം, ,കിരീടധാരണദി നം,പ്രധാനയുദ്ധവിജയങ്ങളെന്നിവ രേഖപ്പെടുത്തുന്ന ഇതിഹാസപുരാണകാരന്മാർ

3. അതിർത്തികളെ അളന്നുനിശ്ചയിക്കുന്ന സൂത്രകാരന്മാർ. രാജ്യങ്ങൾ, വയലുകൾ,തോട്ട ങ്ങളെന്നിവയുടെ അതിര്ത്തി രജ്ജുവെച്ച് അളന്നു തിട്ടപ്പെടുത്തിയ കണക്കുകളെന്നിവ രേഖപ്പെടുത്തുന്നവർ.

4.നീതിന്യായം രേഖപ്പെടുത്തുന്നവർ. ധർമ്മശാസ്ത്രജ്ഞർ.

5.കർമ്മങ്ങളും ആചാരങ്ങളും അവയുടെ ചരിത്രവും രേഖപ്പെടുത്തുന്നവര്

6.ക്ഷേത്രം,വിഗ്രഹം,ആരാധനാക്രമം,ഉത്സവം,കലണ്ടറെന്നിവ രേഖപ്പെടുത്തുന്നവർ.

7.അതാത് സാസ്ത്രത്തിനും കലക്കും അവയുടെ പോഷണത്തിനുമായി പഠിക്കുകയും എഴുതുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ.

8.സംഗീത,പദ്യരൂപത്തിൽ ഇവയെല്ലാം ചേർത്ത് കാവ്യാത്മകമായി ജനങ്ങളെ പഠിപ്പിക്കാ നും രസിപ്പിക്കാനും ഇയൽ,ഇശൈ,നാടകം,കഥാപ്രസംഗരൂപേണ അവതരിപ്പിക്കുന്ന ഗന്ധ ർവ്വകലക്കാർ.

ഓല,(പനയോല)പടം(തുണി) എന്നിവയിലെഴുതി ഓരോ ഗുരുപരമ്പരയും അതിലെ ശിഷ്യരും എല്ലാം എഴുതി സൂക്ഷിച്ചു.പകർത്തിയെഴുതുകയായിരുന്നു ഓലയും പടവും നശിക്കുമ്പോള് , വിഷയം സംരക്ഷിക്കാനായി ചെയ്തിരുന്നത്. അതുകണ്ടുതന്നെ പല പ്രാചീനഗ്രന്ഥങ്ങളുടേയും കാലഗണന എഴുതപ്പെട്ട ഓല ,തുണി,അതാതുകാലത്തെ ലിപി ഇവ വെച്ചായതുകൊണ്ട്, ശരിയാണെന്നു തീർത്തുപറയാനാവില്ല. എണ്ണത്തിൽകുറവായിരുന്ന ആദ്യകാലമാനുസ്ക്രിപ്പുക ൾ,എല്ലാം കാലക്രമത്തിൽനശിച്ചു. ഇനിയും എത്രയോ വായിക്കപ്പെ ടാതെ,പഠിക്കപ്പെടാതെ പല സ്ഥലങ്ങളിലുമായി മറഞ്ഞുകിടക്കുകയുമാണ്. ഇതിൽ കിട്ടിയേടത്തോളം വെച്ച് ഇന്ത്യ യുടെ ചരിത്രം വളരെ വൃത്തിയായിത്തന്നെ 10000 കൊല്ലം മുമ്പുള്ള വംശാവലിയടക്കം എഴുത

പ്പെട്ടിട്ടുണ്ട് എന്നതാണ് വിസ്മയകരം. പുരാവസ്തുഗവേഷണത്തിന്റെ പഠനം കാര്യമായി നടന്നിട്ടുള്ളത് കച്ചവടാവശ്യത്തിനുപയോഗിച്ചിരുന്നതും (വണിക്കുകളുടെ പ്രയോജനത്തി നായി) പല രാജ്യങ്ങളിലേയും വിവിധഭാഷ സംസാരിക്കുന്ന ആളുകൾക്കു മനസ്സിലാവാനായി അവരുടെ സിംബലുകളുടെ കലർപ്പോടെ എഴുതിവെച്ചതുമായ ലിപികളാണ്. സിന്ധുലിപിയും

അത്തരമൊന്നാണ്.  ഈ സിംബൽ ബിസി 1700 വരെ മഹാരാഷ്ട്രക്കു തെക്കുള്ള ഭൂഭാഗം വരെ സാർവ്വത്രികമായി ഉപയോഗിച്ചിരുന്നു(ഒമേഗ). ഹരപ്പ ൻ മോട്ടിഫ് ആയ ചിത്രകൂടം ചാൽക്കോലിത്തിക് പാത്രങ്ങളിലെന്നല്ല, ഇന്നും സാർവ്വത്രികമായി ഭാരത



ത്തിലുപയോഗിക്കുന്ന ചിഹ്നമാണ്.

ഇരുമ്പുയുഗമെഗാലിത്തിക് പാത്ര ങ്ങളിൽ പടിഞ്ഞാറും തെക്കുമുള്ള ഭാരതത്തിലെ പ്രവിശ്യ കളിലും ഇന്ത്യയിൽ സൈന്ധവസര സ്വതിലിപി കാണാം. വാണിജ്യബന്ധം ഇന്ത്യയൊട്ടുക്കും ഉണ്ടായ ശേഷമായിരിക്കണം അത് ഇതരരാഷ്ട്രങ്ങളിലേക്കു വ്യാപിച്ചതെന്ന് ന്യായമായും ഊഹിക്കാം. കേന്ദ്രീകൃതമായ ഭരണകൂട ത്തിന്റെ സാന്നിദ്ധ്യം കൊണ്ട് സിസ്റ്റമാറ്റിക് ആയി കെട്ടുറപ്പുള്ള ഭരണസംവിധാനം ഉണ്ടായി രുന്നു എന്നതിലേക്കാണ് പുരാവസ്തുഗവേഷണ ത്തിന്റെ കണ്ടെത്തലുകൾ വിരല് ചൂണ്ടുന്നത്. വ്യാപാരവാണിജ്യകൊള്ളക്കൊടുക്കലുകളിൽ ഇന്ത്യ ഉപയോഗിച്ച സീലുകളിലെ ഇതേ ചിത്ര ങ്ങ ൾ തന്നെ അവരുടെ നാണയങ്ങളിലും

കാണുന്നു. (ശതവാഹനകാലത്തെ നാണ്യങ്ങള് കാണുക).മതപരം,ആത്മീയം എന്ന് വിളിക്കാവുന്ന അനേകം സിംബലുകളാണ് ക്രയവിക്രയ ത്തിനും ഉപയോഗിച്ചിരുന്നത്. നടുവിൽ ഓട്ടയുള്ള ഓട്ടമുക്കാല് അടക്കം പഴയ ക്രയവിക്രയോ പയോഗത്തിന് സീൽ കെട്ടിയിട്ടുന്ന പ്രാക്ടീസില്നിന്നുണ്ടായതാണ്. ചാണകം,കളിമണ്ണ് എന്നിവകൊണ്ട് മുറ്റം മെഴുകി കോലം (ഗോളം)വരയുന്നത് ദക്ഷിണേന്ത്യയിൽ നിത്യവും ,ഉത്തരേന്ത്യയിൽ വിശേ ഷദിവസങ്ങളിലും ഉണ്ട്. ഈ മണ്ഡലശൈലിയും സൈന്ധവലിപിയുടെ സംഭാവന യാണ്. പർപ്പോള ഇത്തരം ആചാരങ്ങളെ ഏറ്റവും പഴയ സൈന്ധവസംസ്കൃതിയു ടെ തുടർച്ചയായിത്തന്നെയാണ് കാണുന്നത്.(പേജ് 56.)ഇവ ഉപേക്ഷിക്കാനാവശ്യപ്പെടുന്ന ത്,ഭാരതീയസംസ്കൃതിയെ ഉപേക്ഷിക്കാനാവശ്യപ്പെടുന്നതിനു തുല്യമാണ്.കുറവസ്ത്രീകൾ മതല് ബ്രാഹ്മണസ്ത്രീകള് വരെ വീട്ടുമുറ്റത്തും ചുവരിലും കോലം എന്ന വാസ്തു,ജ്യാമിതീയജിസൈൻ വരക്കുന്ന സമ്പ്രദായം സംസ്കൃതിയാണ്. ബ്രഹ്മാവിന്റെ കെട്ട്, പവിത്രക്കെട്ട്, നാഗക്കെട്ട്, മണ്ഡലം,എന്നൊക്കെ വിളിക്കുന്ന ഈ കെട്ടും 3500 ബിസിയിലെ മെസപ്പട്ടോമിയയിലെ ചിത്രവും എല്ലാം വിഷ്ണുവിന്റെ മാറത്തെ ശ്രീവത്സമായി ഇന്ത്യയിലറിയപ്പെടുന്ന ചിഹ്നത്തിന്റെ വകഭേദങ്ങളാണ്.



ലിപി വലത്തോട്ട് എഴുതിവായിക്കുന്നതിനെ (സവ്യം)ബ്രാഹ്മി എന്നാണ് വിളിക്കുന്നത്. ബ്രാഹ്മി എന്നത് സരസ്വതിയുടെ പേരാണ്.സിന്ധുസരസ്വതിതീരത്തെ മനുഷ്യരുടെ ലിപിയാണ് ബ്രാഹ്മി. ലിപി ഇടത്തോട്ട് എഴുതി (അപസവ്യം,വിപരീതം)വായിക്കുന്നതിനെ ഖരോഷ്ഠി എന്നു വിളിക്കുന്നു. ഖരത്തിന്റെ (കഴുത)ചുണ്ട് എന്ന് അർത്ഥം.



ക കാ കി കീ കു കൂ കെ കൊ

(ബ്രാഹ്മിയിൽവ്യഞ്ജനത്തോട് സ്വരം ചേർക്കുന്നവിധം)



ക യ

ക,യ എന്നീ അക്ഷരങ്ങളെ മെടഞ്ഞ് കൂട്ടി ക്കെട്ടി ക്യാ ഉണ്ടാക്കുന്നത്.



ക്യാ

മെടയൽ,മെടച്ചൽ,മുടിച്ചലെന്ന് പറയുന്നതിനെ ഇംഗ്ലീഷിൽ ligature എന്ന് പറയുന്നു.

Adivasi language of India called Vallimutdichal is an ancient example of this.

ഇതുപോലെയാണ് സൈന്ധവസരസ്വതലിപിയിലും ചില ചിഹ്നങ്ങളുടെ മെടച്ചിൽ.ഉദാഃ മീനെന്ന മത്സ്യചിഹ്നവും ഒമേഗചിഹ്നവും തമ്മിലുള്ളത്.



മത്സ്യചിഹ്നങ്ങൾ

ഒമേഗചിഹ്നങ്ങൾ

ഇവയുടെ മെടച്ചിൽ
(Ligature)



ലിപി	ചിഹ്നം	അർഥം	ഉച്ചാരണം
archaic സുമേരിയ		മല,മലവാരം, വിദേശി	കുർ,കുറ
ഈജിപ്റ്റ്		പൂഴിയുള്ളമലവാരം മല	H3ST DW
archaic ചൈന		മല,കുന്ന്	സാൻ, ക്യൂഗ്, ബിയോഗ്
ഹിറ്റൈറ്റ്		കോട്ട,രാജ്യം	ഹർണാസ്,ന
സൈന്ധവ		ത്രികൂടം,ത്രിപുരം ത്രിമൂർത്തി	കുർ,കുന്റ്, കുറവ,കുരു

കുന്റ്ക്കുറവൈ,കുന്റ്ക്കുറവർഎന്നീ തമിഴ് പദങ്ങളെ സൈന്ധവലിപിയിലെഴുതുമ്പോള് താഴെ കാണുന്നവിധം ലഭിക്കും. കുരവൈയൂർ അഥവാ ഗുരുവായൂരെന്ന പദവും ഇപ്രകാരമാണ് കുർ,കുറം,കുറവൈ,കുരവൈ മുതലായ ഉച്ചാരണങ്ങളിൽനിന്ന് ഉണ്ടായത്.

തന്ത്ര കോഡ്ഃ മണ്ഡൂക ആദ്യാക്ഷരം മ, മദ്ര അന്ത്യാക്ഷരം ദ്ര . ആദ്യാക്ഷരവും അന്ത്യാക്ഷരവുമെടുത്ത് പദം സൃഷ്ടിക്കുന്ന രീതി. ഭൃഗുയി(ബ്രിഹുയി)കേകയമെന്ന ബലൂചിസ്ഥാനത്തിലുണ്ടായിരുന്ന ദ്രാവിഡിയൻഭാഷയാണ്. അതിലെ കുർ,കുന്റ്,കുറവ,കുരു എന്നിവ സംസ്കൃതത്തിലെ ഗുർ,ഗുരവ,ഗുരു ഇവതന്നെയാണ്. അതുകൊണ്ടാണ് ത്രിമൂർത്തി ചിഹ്നവും അതിന്റെ സ്ത്രീലിംഗചിഹ്നമായ ശ്രീവത്സവും (സൈന്ധവലിപിയിലുള്ളവ) ത്രിമൂർത്തി, ത്രിശക്തിസിംബലുമായിരിക്കുന്നത്. സൈന്ധവസംസ്കൃതിയിലെ ഗുരുപ്രതിമയുടെ ഉത്തരീയത്തിലുണ്ട് ശ്രീവത്സചിഹ്നമായ ട്രിഫോയിൽ. ഗുരുവായ ഭൃഗു എന്ന മലയനാണ്,കുറവനാണ് ആ സമൂഹത്തിന്റെ സംസ്കൃതിക്ക് തുടക്കമിട്ടത്. ഭൃഗുവിന്റെ ഗ്രാമ്യമാണ് പിരഹു. ഈജിപ്തിലെ ഫറവോന്റെ ഉറവിടവും

മറ്റൊന്നല്ല.



ഞണ്ട്,നന്ദ്

ദാനം,ദണ്ഡം,
ത്യാഗം



അലങ്കാരം,കവിത
നൃത്തം
ഹ്ലാദിനി

സൈന്ധവലിപിയിലെ നന്ദ് അഥവാ ഞണ്ട് എന്ന ലിപി തിരിച്ചിട്ടാൽ ദാനം,ദണ്ഡ്, Sacrifice എന്നെല്ലാം അർത്ഥമുള്ള ലിപി കിട്ടും. ആ ലിപിയുടെ അരയിലൊരു ഒഢ്യാണമിട്ടാൽ,അലങ്കാരം,കവിത,നൃത്തം,ആനന്ദിപ്പിക്കുന്നവളെന്നാണ് അർത്ഥം.

1924ൽ സർജോൺമാർഷലാണ് ആദ്യമായി സിന്ധുസംസ്കാരം ദ്രാവിഡിയൻസംസ്കാരമാണ് എന്നു പ്രസ്താവിച്ചത്. സൈന്ധവരുടെ ഭാഷയും ദ്രാവിഡമാണെന്ന് അദ്ദേഹം പറഞ്ഞു. മൂലദ്രാവിഡഭാഷയിൽനിന്ന് സംസ്കൃതം തുടർച്ചയായ ഒരു പരിഷ്കരണപ്രക്രിയയിലൂടെ ഇവിടെത്തന്നെ എപ്രകാരം രൂപപ്പെട്ടുവന്നു എന്ന് സൈന്ധവലിപി കാണിക്കുന്നു. ഫാദർഹെറാസ് 1800 സൈന്ധവടെക്സ്റ്റുകള് പ്രോട്ടോദ്രാവിഡഭാഷയിലെ വാക്യങ്ങളില് വായിച്ചെടുക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ചില വായനകൾ ശ്രദ്ധേയമാണ്.

1.മദ്ധ്യവർഷത്തിന്റെ അമ്മ ഉറുമ്പുപോലെ അരിക്കുന്നു.

2.മൂന്നുമത്സ്യങ്ങളുടെ മീനവനഗരത്തിനു പുറത്ത് മീൻകൊത്തികളുടെ ശപിക്കപ്പെട്ട നാട്ടില് സദ്യയുമില്ല,ഉത്സവവുമില്ല.

3. മീന്,മത്സ്യം,മച്ചം . മീൻ നക്ഷത്രം,അരുന്ധതിതാരം, രാജാവ്,മത്സ്യ(പാണ്ഡ്യ)രാജാവ്, മത്സ്യക്കൊടിയുള്ള കാമദേവൻ.മിൻ പ്രകാശിക്കുന്ന, മിന്നഗരം.



മീൻ,മത്സ്യം, നക്ഷത്രം പ്രകാശം
മച്ചം. അരുന്ധതി മിന്നഗരം
രാജാവ്
കാമദേവൻ

മീനവരുടെ രാജാവിന്റെ മിന്നഗരം

വ്യത്യസ്തഅർത്ഥം,ഒരേ ഉച്ചാരണം,ലിപിയിലാകട്ടെ ചെറിയവരകളുടെ ഏറ്റക്കുറവുമാത്രം. ഇത് ദ്രാവിഡഭാഷകളുടെ മാത്രം പ്രത്യേകതയാണ്. ദ്രാവിഡത്തിൽ മീനെന്നുവായിക്കണോ, സം സ്കൃതത്തിൽ മത്സ്യമെന്നു വായിക്കണോ. ഈ സംശയം തമിഴ് സംസ്കൃതലെക്സിക്കോണിലെ എല്ലാ പദങ്ങളും ക്രോഡീകരിച്ചാലേ തീർക്കാനാവൂ എന്നാണ് എന്റെ നിർദ്ദേശം. മുന്നിലും പിന്നിലും ,തുടർന്നുവരുന്ന ലിപികളും കൂട്ടിവായിച്ചാല് ഇതിലേതർത്ഥം സ്വീകരിക്കണമെന്നു വ്യക്തമാകും. ഇതിന് ഇന്ത്യയുടെ പഴയ സ്ക്രിപ്ചറുകളിലും ശാസ്ത്രങ്ങളിലും കലകളിലുമുള്ള അവഗാഹം അത്യന്താപേക്ഷണീയവുമാണ്.അവയെ മതമെന്നുപറഞ്ഞുമാറ്റിനിർത്തിയാല് ഭാരതചരിത്രം ഒരിക്കലും മനസ്സിലാക്കാനാവില്ല.

ഫാദർഹെറാസിന്റെ ആദ്യവാചകം ഏറെ വിമർശനമുയർത്തിയിട്ടുള്ള ഒന്നാണ്. അർത്ഥമി ല്ലാത്ത ഒന്ന് എന്തിന് സീലിലടിച്ചു എന്ന ചോദ്യം വരെ ഉണ്ടായി. മദ്ധ്യവർഷമെന്നതിന് മൂന്ന് അർത്ഥമുണ്ട്. ഭാരതത്തിന്റെ മദ്ധ്യമായ ഡെക്കാന്,രാശിചക്രനാഭി,ഭൂമദ്ധ്യം ഇവയാ ണ് അവ. രാശിചക്രനാഭിയുടെ ചലനം പതുക്കെയാണ്. ഒന്നിനുപിന്നാലെ ഒന്നായി അണ്ഡ ങ്ങളെവംശങ്ങളെ)സംരക്ഷിക്കുന്ന ജനസ്ഥാനമാണ് (കരുവൂരെന്ന് തമിഴിൽ) അവിടം. അതു പോലെ ഭൂമദ്ധ്യവും (ലങ്ക)ഭാരതമദ്ധ്യമായ ഡെക്കാനും ജനസ്ഥാനമായി വംശപരമ്പരകളെ സൃഷ്ടിച്ചുകൊണ്ടേ ഇരിക്കുന്നു.ശ്രീലങ്ക,ദ്രാവിഡഭാഷ സംസാരിക്കുന്ന ദക്ഷിണാപഥം (ഭൂമദ്ധ്യരേ

ഖതൊട്ട്) മദ്ധ്യേന്ത്യയിലെ ജനസ്ഥാനം വരെയുള്ള ഭൂഭാഗമാണ് സിന്ധുസംസ്കൃതി സൃഷ്ടിച്ചതും കടലും കരയും കടന്നുപോയതും ധ്രുവതാരം നോക്കി രാത്രിയും ദിശയറിഞ്ഞ് ആദ്യമായി ഖഗോളശാസ്ത്രവും ജ്യോതിശ്ശാസ്ത്രവും അറിഞ്ഞതും. ഗൂഢഭാഷയിൽ,ഏറ്റവും മിനിമം പദങ്ങ ളുപയോഗിച്ച്,സൂത്രവാക്യരീതിയിലാണ് ഈ വാക്യഘടന. മൂവേന്തർ(മൂവർ)ഭരിക്കുന്ന മീനവ (തുറമുഖ)നഗരങ്ങളോട്ടുകൂടിയ ഭാരതത്തിനുപുറത്ത് ,വെറുതെ മത്സ്യം പിടിക്കുക,തിന്നുക എ ന്നീ കർമ്മം മാത്രം ചെയ്യുന്ന (മറ്റു സംസ്കാരമില്ലാത്ത)മീൻകൊത്തിനഗരങ്ങളേ ഉള്ളു എന്നാ ണ് സറ്റയറോട്ടുകൂടി രണ്ടാം വാക്യം പറയുന്നത്. ഇത് സ്വാഭാവികമായും അവിടെ സന്ദർശി ച്ച തിരിച്ചുവന്നവർക്കുമാത്രമേ രേഖപ്പെടുത്താനാവൂ.

തമിഴ് ആട്ട്
തെലുങ്ക് തീ

ഐ.മഹാദേവൻ-
ഭരണി,പുരോഹിതൻ



നക്ഷത്രം,ശുക്ര



2 സിംബലുകളുടെ യോഗം



ഐ.മഹാദേവൻ. ഭാരം
ചുമക്കുന്ന ഉദ്യോഗസ്ഥൻ



ഐ.മഹാദേവൻ-യോദ്ധാവ്.

യൂറിയ .വി.ക്നോറോസോവ് മായന്മാരുടെ ലിപി പഠിച്ചതോടെ റഷ്യയിലെ ലിപിശാസ്ത്രജ്ഞ ന്മാ ർ സിന്ധുലിപി ലോഗോസില്ലബിക് ആകാമെന്ന് വാദിച്ചുതുടങ്ങി. (സില്ലബിക്കോ ,ആ ൽബറ്റിക്കോ അല്ല).ഒരേ ചിഹ്നം ആവർത്തിച്ച് വന്നാല് അത് വ്യാകരണചിഹ്നം

(Grammatical marker) ,കുറവ് വരുന്നത് root morphemes ഈജിപ്റ്റിലേതുപോലെ എന്നാണ് അവർകരുതിയത്. സോവിയറ്റ് ശാസ്ത്രജ്ഞന്മാർ ഘടനാപരമായ അനാലിസിസ്സിലൂടെ സിന്ധുലിപിയും ഭാഷയും ദ്രാവിഡമാണെന്ന് സ്ഥാപിച്ചു. പ്രോട്ടോദ്രാവിഡിയൻ oblique case suffixൽ തമിഴില് ആട്ടു(ആട്)എന്നും തെലുങ്കിൽ തീ എന്നും പറയുന്ന ചിഹ്നമാണ് ഒമേഗ സൈനെന്ന് അവർ പറഞ്ഞു. ഇത് അത്തി എന്ന വൃക്ഷത്തിന്റെ (ടോട്ടം ട്രീ) ചിഹ്നമാണെന്നും രേഖപ്പെടുത്തി. 1976ൽ Zveilebill ഇത് ശരിയാകാന് സാദ്ധ്യതയുണ്ടെങ്കിലും ഒരു ദ്വിഭാഷാമാർഗ്ഗത്തിലൂടെ പ്രൂവ് ചെയ്യേണ്ടതുണ്ട് എന്നു വാദിച്ചു. നക്ഷത്രമെന്നും ശുക്രനെന്നും അവർ വായിച്ചെടുത്ത ചിഹ്നം 2 ചിഹ്നങ്ങളുടെ സംയോഗമാണ്. സൂര്യൻ ആദ്യത്തെ അറുപതുനാൾ , 7 മീനുകളിൽ, അവർക്കായി ഇടിയും കാറ്റും മഴയും ദ്വിതീയസവനത്തില് തരുന്നു. എന്ന് മൺസൂൺകാറ്റുകളെയും മഴയേയും കാർത്തിക,പുണർതം നക്ഷത്രത്തിലെ സൂര്യപ്രവേശത്തോടെ തുടങ്ങുന്ന കർക്കിടകത്തിലെ ദക്ഷിണായനത്തേയും സൂചിപ്പിക്കുന്ന സീല് ടെക്സ്റ്റ് ലഭിച്ചിട്ടുണ്ട്.(പേജ് 60)1970ൽ ഐരാവതം മഹാദേവന് തമിഴിലുള്ള പാണ്ഡിത്യത്താല് ഒട്ടനവധി സിന്ധുലിപിചിഹ്നങ്ങളെ വായിച്ചെടുത്തു. മഹാദേവൻ ഒമേഗചിഹ്നത്തെ ഭരണി ,പുരോഹിതനെന്ന് രണ്ടുവിധം വായിക്കയുണ്ടായി. യോദ്ധാവ്, ഭാരം ചുമക്കുന്ന ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനെന്ന വായനയും ശ്രദ്ധേയമായി. ഭർ താങ്ങുക, ഭാരം ചുമക്കുക. ഈ ധാതുവിൽനിന്നാണ് ഭാരതപദമെന്നും വായിച്ചു. ഔദ്യോഗികമായ ധർമ്മഭാരത്തെയാണ് ഭ്രഭാരമെന്നതുകൊണ്ട് ഹരപ്പയിലെ ലിപി ഉദ്ദേശിക്കുന്നതെന്നാണ് അദ്ദേഹത്തിന്റെ വാദം. ഭരണിചിഹ്നവും ഈ ചിഹ്നവും കൂടിച്ചേർന്നാല് ബ്രാഹ്മണ്യപൌരോഹിത്യവും ,ബാണം,കുന്തം എന്നീ ചിഹ്നങ്ങള് ചെർന്നാല് യോദ്ധാവിന്റെ (ക്ഷത്രിയ)ഭാരവുമാണെന്ന് പറഞ്ഞു. ശാതവാഹന, ശാലിവാഹന എന്നീ പദങ്ങളില് ആദ്യത്തേത് ഭരണിചുമക്കുന്നതും(വൈശ്യ) രണ്ടാമത്തേത് ആയുധവും(ശല്യം)രാജ്യഭാരവും ചുമക്കുന്നതുമാണ്. (ക്ഷത്രിയ,ബ്രാഹ്മണ).ശാലി ഒരു ഇനം നെല്ലാണ്. ശാലകളിൽ വിളയിച്ചെടുക്കുന്ന നവരനെല്ല്(നവരനെല്ലിടയാണ് പഴയ ഒരു തുക്കത്തിന്റെ അളവ്).ശാലിചുമക്കുന്നവൻ അതിനാല് കർഷകനാണ്. ഭാരതം കാർഷികരാഷ്ട്രമാണ്.ആതനെന്ന പഴയ കേരളരാജാവിന്റെ ബിരുദത്തിൽനിന്നാണ് ചാ ,ആതൻ (ചാത്ത ൻ) ശാതനെന്നീ വാക്കുകളുണ്ടായതെന്ന മഹാദേവന്റെ വായന ശരിയെങ്കിൽ, ശാതം (ഭക്ഷണം)പാകം ചെയ്യാനുള്ള നെല്ലിന്റെ മൂട്ട-ചാക്ക് വഹിക്കുന്നവൻ എന്നും ചാതം(കോഴി) അഥവാ കൊറ്റവൈ എന്ന ദേവിയെ വഹിക്കുന്നവനെന്നും അർത്ഥങ്ങളുണ്ടാവണം. മുരുകനും കോഴിക്കൊടിയോനാണ് .ചോഴനും കോഴി അടയാളമാണ്. ഭാണ്ഡം ഇരുവശവും കെട്ടി തോളിലെടുക്കുന്നത് കാവ് ആണ്. കൊറ്റവൈയുടെ ആലയവും കാവാണ്. ഇരുമുടിക്കെട്ടും

(ചാത്തൻ അഥവാ ശാസ്താവിന്റെ) ഒരു കാവടിരൂപമാണ്.



നഗരം

.ഐ.മഹാദേവൻ



കോട്ട

.ഐ.മഹാദേവൻ



അമ്പു

അര(ച്ച)



അംബര

പൊതുവെളി

നഗരം ,കോട്ട എന്നതിന്റെ ചിഹ്നങ്ങളും മഹാദേവന്റെ വായനയിലുണ്ട്.

ഹരപ്പൻസംസ്കാരത്തിൽ സ്പെഷ്യലൈസ് ചെയ്ത വാള്ട്ടർ.എ.ഫെയർസർവ്വീസ് എന്ന പുരാവസ്തുഗവേഷകൻ 1976ൽ ആദ്യത്തെ വിളവിന്റെ രക്ഷകന്,സൂര്യവംശജൻ എന്ന വായന കൊണ്ട് സൈന്ധവലിപിയെ പുരാണേതിഹാസങ്ങളുമായി കൃത്യമായി ബന്ധിപ്പിച്ചു. മാത്രമല്ല,സൌരയൂഥത്തോടും ഭൂമിയിലെ ആദിമമനുഷ്യനോടും സൂര്യവംശത്തോടും ഈ വായ ന ബന്ധപ്പെട്ടതാണ്.അമ്പു,അര(ട്ട) ഇവയിൽഒന്നാമത്തേതിലെ ശരം (അമ്പ്), രണ്ടാമത്തേതിലെ പകുതി ചേർന്ന അംബരമെന്ന (പൊതുവെളി) ഫെയർസർവ്വീസിന്റെ വായന തെറ്റാണെന്ന് പറയേണ്ടതില്ല.വൈദികമായ അർത്ഥത്തിലേ ഇത് വ്യാഖ്യാനിക്കാനാവൂ. പൊതുസ്ഥലത്തിന് ഇങ്ങനെയൊരു സിംബൽവരില്ല എന്ന ക്രിറ്റിസിസം പലരും കൊണ്ടുവരികയുണ്ടായി. എന്നാലും അംബരം ചേരുകയും ചെയ്യും.എങ്ങനെ. വാനവർ അമ്പൻ.

ദേവന്മാരുടെ സുഹൃത്ത്. ദേവസേനാപതി മുരുകൻ. കേരളത്തിലെ ചേരരാജാവ്. അംബരമാണ് വാനം. അംബരചുംബിയായ കീർത്തിയുള്ള ചേരൻ.അശോകന്റെ ദേവാനാം പിയ എന്ന ബിരുദത്തിനേക്കാളും പഴക്കമുള്ള വാനവരമ്പനിൽനിന്നാവാം അദ്ദേഹം ഈ ബിരുദം സ്വീകരിച്ചത്. സ്വർഗ്ഗംസ്പർശിച്ച,അംബരചുംബിയായ ദൈവപുരുഷനെന്ന് വാനവരമ്പന് അർത്ഥം. ഋഷി മധുഛന്ദസ്സ് എന്നർത്ഥം. Koskanniemi & Parpola Asko Concordance



Fishsign (മത്സ്യചിഹ്നം)





2446. 11. 40.
3013. 11. 40.
2110 11- 51.
1345. 11. 50.
2507 11. 40.
6103 11. 40.
3281. 23. 99.
1003 11. 40.
1251 x 2.
2617. 11. 40.
1456. 23. 99.
412. x 6.
3358. x 2.
2655 11. 42.
3049 x 2
2197. 11. 40.
2392 23. 99.
1467. 23- 99.
1188 11-40.
2022 11- 40
5066. 62. 60.
2534 11- 42.
8551 x 3.
5660 11- 40
1308 11- 42
2196. 11- 40
2409 11- 42.
6059. 51. 91.
2543 11240
1455 23. 98.
1165 11- 91.
4141 23 99.

Mature Harappan miniature tabletsൽ ഏറ്റവുമധികം ആവർത്തിച്ച signs



ചിലതില് തിരിച്ചും ഇട്ടിരിക്കുന്നു. കണ്ണാടി പ്രതിബിംബം പോലെ. 3458(ഹരപ്പടാബ്ലറ്റ് lower level) ഒരുവശത്ത് ഉള്ള sequence മറിച്ചിട്ടാൽ കിട്ടുന്നത് ഇങ്ങനെ.ഇതിലേതു ദിശയിലാണ് വായന,ഇടത്തോട്ടോ വലത്തോട്ടോ അതോ ഇരുവശത്തേക്കും വായിക്കാമോ എന്ന പ്രശ്നം ഇക്കാരണത്താലുദിക്കുന്നു.(പേജ് 64).



വലത്തുനിന്ന് ഇടത്തോട്ട് ആദ്യം മത്സ്യം ,പിന്നെ അസ്ത്രമെന്ന് കാലിബംഗനിലെ പാത്രത്തി

ലെ ലിഖിതം കാണിക്കുന്നു. ഇതിൽ മത്സ്യത്തെ ഈ ദിശയിൽവരച്ച് പിന്നീട് ഇങ്ങനെ (താഴെ ചിത്രം) ചിറകുവെക്കുകയാണ്.ഇപ്പോഴും ഇന്ത്യയിലെ സ്റ്റൈൽ ഓഫ് റൈറ്റിങ്ങ് ഇങ്ങനെയാണ്.പക്ഷികൾ ഇരുവശം തിരിഞ്ഞിരിക്കുന്നതും കാണാം.



മയിലും മുട്ടക്കകത്തിരിക്കുന്ന അരയന്നവുമുണ്ട്. (ബ്രഹ്മാണ്ഡത്തിനകത്തെ ബ്രഹ്മഹംസം) വലത്തുനിന്ന്

ഇടത്തോട്ടാണ് എഴുതുന്നതെന്ന് ഉറപ്പുവരുത്തിയ ചതുരസീല് (ഹരപ്പ എച് 103.



എം 738, എം 66 എന്നിവയിലെ അവസാനത്തെ അക്ഷരം (വളരെ സുലഭമായ ഒമേഗ സൈൻ) ആദ്യാക്ഷരവും ഇതുള്ള സ്ഥലത്തെല്ലാം അവസാന ലിപിഅക്ഷരം 6 ആയി വിഭയിച്ച വൃത്തവും മേലകമെന്ന (ഐ,മഹാദേവൻ) ചിഹ്നവുമാണ്. ഇതിലേത് തുടക്കം ഏത് ഒടുക്കമെന്ന പ്രശ്നവും ഉണ്ടായി. ഒരേ ക്രമം 76 തവണ ആവർത്തിച്ചിട്ടുണ്ട്.

ആദ്യാക്ഷരം അന്ത്യാക്ഷരങ്ങൾ



76 തവണ ആവർത്തിച്ച ക്രമം

ഇത് വെറും യാദൃഛികമെന്നു കരുതാവതല്ല. മഹാദേവൻ 3573 വരികളില് 2974 എണ്ണം വലത്തുനിന്ന് ഇടത്തോട്ടും (83.23 ശതമാനം)235 എണ്ണം ഇടത്തുനിന്ന് വലത്തോട്ടും (6.57 ശതമാനം മാത്രം)190 എണ്ണം ഒറ്റക്കുള്ള ചിഹ്നവും 12 എണ്ണം സിമെട്രിക്കലായ ക്രമവും 155 എണ്ണം ശരിക്കുവായിക്കാനാവാത്തതിനാ ൽ സംശയാസ്പദവുമെന്ന് ഇവയെ വേർതിരിച്ചിട്ടുണ്ട്. 7 വരികള് മുകളിൽനിന്ന് ചുവട്ടിലേ

ക്കുണ്ട്.

seal 2348



seal 2564 ഇത് 2 വരിയാക്കി ഭാഗിച്ചിരിക്കുന്നു



മുകളിൽ

താഴെ

സീൽ 2348, 2564 എന്നിവയില് ഒരേ അക്ഷരമാണ് ഉപയോഗിക്കുന്നത്,ഒന്നിൽ ഒറ്റവരിയും മറ്റേതിൽ രണ്ടുവരിയുമാണ്.

ഗ്രാഫീം അനാലിസിസ്:-ഗ്രാഫീമുകളെന്നത് വ്യത്യസ്തചിഹ്നങ്ങളാണ്.അവയെ എങ്ങനെ തിരിച്ചറിയാം. ഒരേ ചിഹ്നത്തിന്റെ വ്യത്യസ്തരൂപങ്ങളെ (അല്ലോഗ്രാഫ്)എങ്ങനെ തിരിച്ചറിയാം. പ്രാദേശികഭേദങ്ങൾ,എഴുതാനുപയോഗിച്ച ഉപകരണങ്ങൾ, (മരം,കളിമണ്ണ്,ആംഗുലാറായ രൂപമുണ്ടാക്കും, പനയോല ഉരുണ്ടരൂപമാക്കും)എഴുതിയ വ്യക്തി (കവിയോ,ശാസ്ത്രജ്ഞനോ,കച്ചവടക്കാരനോ നിരക്ഷരനോ സാക്ഷരനോ) എഴുതാനുള്ള സ്ഥലത്തിന്റെ പരിമിതി,

(ചെറിയസീലോ വലിയസീലോ)കയ്യക്ഷരം ഇവകൊണ്ടെല്ലാം വ്യത്യസ്തരൂപങ്ങളുണ്ടാവുന്നു.



ഒന്നിച്ച് മുന്നിൽചിലസംഖ്യകളോടെ
ലിപിഅവസാനിക്കുന്നിടത്ത് കാണുന്ന ക്രമം.

ഇവയാണ് അല്ലോമോർഫുകൾ.ചെമ്പുടാബ്ലറ്റുകളിൽ അല്ലോമോർഫ് 4 എന്നു കാണിച്ചതുമാത്രമേ കാണാനുള്ളു.1, 2 എന്നിവ യോജിപ്പിച്ചാല് (ലിഗേച്ചർ-)കോംപോസിറ്റ് സൈനാവും. ഇവയെ വൃത്തത്തിനകത്ത് ഉപയോഗിക്കുമ്പോൾ പുതിയ ഒരു സെറ്റ് അല്ലോഗ്രാഫുകളുണ്ടാവും. (6,7) മദ്ധ്യകാലംവരെ സമാനമായ ഒരടയാളം TO Map എന്നപേരിൽ കപ്പലുകളിലുപയോഗിച്ചിരുന്നു (നാഗപഞ്ചമം കാണുക) അഷ്ടകോൺകാണാനായി തൊവരി ഗുഹയിലും അഹമസ് പാപ്പിറസ്സിലും ഉപയോഗിച്ച ഈ എന്ന ചിഹ്നമാണ് അല്ലോഗ്രാഫുകളിലെ 2 എന്നതിന് നിദാനമായിരിക്കുന്നത്. (12000 വര്ഷം മുമ്പ് ഇന്ത്യയിലുണ്ടായിരുന്ന ഭൂഗോള വിഭജനവും അളവുകളും ലോകത്തിന്റെ പലഭാഗത്തുമുണ്ടെന്നു കാണിച്ച് നേരത്തേ ഞാനെഴുതിയ ലേഖനങ്ങളോട്ടു ചേർത്തുവായിക്കുക.)ലിംഗത്തോട്ടുകൂടിയ പുരുഷചിഹ്നം ഹരപ്പയിൽ ലിംഗാരാധനയുണ്ടായിരുന്നതിന്റെ തെളിവാണെന്നു പറയാനാവില്ല. 3000 ബിസിയില് ഉറുക്കിലെ നന്ദീവിഗ്രഹം (ലാപ്പിസ് ലസൂലി പതിച്ച ശംഖുകളോട്ടുകൂടിയത്) ഇന്ത്യയിൽനിന്ന് പോയതാണെന്നും ഈ നന്ദിമേലുള്ള മൂന്നിതളുള്ള സുവർണ്ണപുഷ്പമെന്ന ശ്രീവത്സമാണ്

ടിഫോയിലെന്ന പേരിൽ മോഹഞ്ജോദാരോവിലെ പുരോഹിതന്റെ വസ്ത്രത്തിലുമുള്ളത് എന്നും (പരാശക്തി,ത്രിമൂർത്തിചിഹ്നം) ശ്രദ്ധേയമാണ്.(പേജ് 69 213).



സംഗീതോപകരണവും സംഖ്യാശാസ്ത്രവും കയ്യിലുയർത്തിയ മനുഷ്യരൂപവും കാണുന്നു. ഒറ്റവര പല ലിഖിതങ്ങളുടേയും മുന്നിലുണ്ട്.ഇരട്ടവര ലിഖിതങ്ങളുടെ അവസാനത്തിലുമുണ്ട്. (പേജ് 69 പർപ്പോള)ഇത് ഇന്നും ഇന്ത്യയിലെ സംഗീതത്തിലുപയോഗിക്കുന്ന രീതിയാണ്.അവസാനം ഇരട്ടവര വരുന്നത് ആ ലിഖിതത്തിലെ ആ പ്രത്യേക വാക്യം അവിടെ അവസാനിച്ചു എന്നു കാണിക്കാനാണ്. സാമവേദകാലത്ത് ഇതുണ്ടായിരുന്നതായി കാണുന്നു.മുകളിലേക്കും താഴേക്കുമുള്ള അസ്ത്ര ചിഹ്നം ഗതിയുടെ ആരോഹണാവരോഹണങ്ങളെ കുറിക്കുന്നു.ഇതും സംഗീതപരമായും ഉച്ചാരണപരമായും വ്യാഖ്യാനിക്കാം.



3 ചിഹ്നങ്ങളുപയോഗിച്ച് 3 വരിയായി ഓരോ വരിയിലും 5,8,9 ചിഹ്നങ്ങളെ ക്രമത്തില് വിന്യസിച്ച് (3 വരിയിലുമായി ആകെ22 അക്ഷരം) ഒക്ടേവ്,നവരസം,22 ശ്രുതിവരുത്തുന്ന രീതിയും അങ്ങനെ കൃത്യമായി ബാലൻസിങ്ങ് കൊ ണ്ട് സമീകരണം ചെയ്യുന്നതും (തുലാ ചിഹ്നം ഉള്ള ഗായക,മനുഷ്യരൂപം)അങ്ങനെ സമരസ പ്പെട്ട സാമഗാനവും അതിനെ പ്രൊഫഷനായി സ്വീകരിച്ച കുശീലവരെന്ന ഗായകസംഘവും രാമായണകാലം മുതലേ ഇന്ത്യയിലുണ്ട്.



തുലാ അഥവാ കാവ് ചുമലിലേറ്റിയ മനുഷ്യനെന്നും ഇതിനെ വായിക്കാവുന്നതാണ്.



ഇതുപോലെ മറ്റൊരു ലിഗേച്ചർചിഹ്നം പ്രധാനമാണ്.



1 2 1+2 Ligature

കോലമണ്ഡലം

ഗോളമണ്ഡലം



വാലുള്ള മത്സ്യമനുഷ്യൻ, മീനവൻ.

കാപേയമച്ചഗോത്രം

ചതുരത്തിനകത്ത് വൃത്തമുള്ള കോല(ഗോള)മണ്ഡലമാണത്.ജ്യോതിശ്ശാസ്ത്രപരവും സാംസ്കാരികവും ചരിത്രപരവും (ഗോളാദ്രിമണ്ഡലനാഥത്വം)ആണിത്. കാപേയമച്ചഗോത്രത്തിന്റെ സിംബലായ വാലുള്ള മത്സ്യമനുഷ്യനും ഇതുപോലെ പ്രാധാന്യമർഹിക്കുന്നു.

ഒറ്റഗ്രാഫീം മത്സ്യനഗരി,മീനവക്കോട്ട ചുറ്റും മതിലുണ്ട്



1, 2, 3 4



ligature of the 4 signs

കപ്പൽ,അമരക്കാരൻ,സമൃദ്ധി,ത്രിശൂലം,മൂവേന്തർ,ഭൂഗോളം,മച്ചയന്ത്രം ഇവയുടെ സിംബൽ.



1348

1373

നാലുസിംബലുകളെ മെടഞ്ഞ കപ്പലും അമരക്കാരനും (പെരുംപിടകമുത്തരയ)സമൃദ്ധിചിഹ്നവും ത്രിശൂലവുമുള്ള മൂവേന്തരുടെ ഭൂഗോളം(കോലം)മച്ചയന്ത്രം , ചുറ്റും മതിലുള്ളതും ഇല്ലാത്തതുമായ മത്സ്യനഗരി,അഥവാ മീനവക്കോട്ടയുടെ ചിഹ്നം ഇവയും സൈന്ധവലിപിയിലുണ്ട്.

417 ഗ്രാഫീമുകളുടെ Distribution ഐരാവതം മഹാദേവൻ ഇപ്രകാരം തന്നിരിക്കുന്നു.(1977ഃ 17.പർപ്പോള. 1969.എ 9)

Frequency range	Number,sign	Total signs	%
1000-അതിലധികം	1	1395	10.43
999-500	1	649	4.85
499-100	31	6344	47.44
99-50	34	2381	17.81
49-10	86	1833	13.71
9-2	152	658	4.92
ഒറ്റപ്രാവശ്യം	112	112	0.84

ആകെ	417	13372	100

പീഠികയുടെ ചിഹ്നം (pedestal) 2 എണ്ണത്തിനുമാത്രമാണുള്ളത്, മനുഷ്യരൂപത്തിനും (ദൈവം) വൃക്ഷത്തിനും.



വിഗ്രഹാരാധന
പ്രകൃത്യാരാധന
വൃക്ഷാരാധന

പുരുഷ(ബ്രഹ്മ) സ്ത്രീ(പ്രകൃതി)
സ്ത്രീയും പുരുഷനും പാദപീഠം വെച്ച്
പൂജിക്കപ്പെടുന്ന ഗുരുവാണ്.

പുരുഷസൂക്തം,ശ്രീസൂക്തം (വേദകാലം)



ആകാശചിഹ്നം ചിലയിടത്ത് മുകളിൽ ലിഗേച്ചറായി ഉപയോഗിക്കുന്നു



പണ്ഡിതന്മാർ Ideogram ആയി വായിച്ച 3 മനുഷ്യചിഹ്നങ്ങളുണ്ട്.



1 ധനുസ്സും ശരവും ധരിച്ച യോദ്ധാവ് അഥവാ ധനുർദ്ധാരി എന്നാണ് ഒന്നിന്റെ വായന. ഞാനിതിനെ gong അഥവാ പറ അടിക്കുന്ന വ്യക്തി ആയിട്ടാണ് വായിക്കുന്നത്.കാരണം മറ്റൊരിടത്ത് ഇരുകയ്യിലും ഇതുപോലുള്ള ഉപകരണം ധരിച്ച വ്യക്തിയെ കാണുന്നുണ്ട്. ശനുസസ് ഇരുകയ്യിലും ധരിക്കുന്നത് അസാധാരണമാണ്.ഒരു പക്ഷേ സവ്യസാചി എന്നാമ് വായനയെങ്കിൽ കഷ്ടിച്ച് ശരിയാകും . pestle and mortar പിടിച്ച വ്യക്തി ധാന്യം പൊടിക്കുന്ന ജോലി ചെയ്യുന്നവനാകാം,വൈദ്യനുമാകാം. എന്തുകൊണ്ട് അത് യാഴ് പോലുള്ള സംഗീതോപകരണം ധരിച്ച വ്യക്തിയായിക്കൂടാ എന്ന് എന്റെ ചോദ്യം. വലിയ ദണ്ഡ് (വടി) ധരിച്ചുനിൽക്കുന്ന ദണ്ഡകരനായ വ്യക്തിയുണ്ട്. ഇത്തരം ഒരു വ്യക്തി ഇരുകരത്തിലും ദണ്ഡ് ധരിച്ചുനിൽക്കുന്നതും കാണുന്നു.അത്തരമൊന്ന് പഴയ വെളപ്പായ ക്ഷേത്രത്തിലും കാണുകയുണ്ടായി.



ഇരുകൈയിലും വള, സംഗീതോപകരണം

ഒറ്റക്കാലിലും രണ്ടുകാലിലും തള, ചിലമ്പ്

നൃത്തക്കാരോ, അമ്പലത്തിലെ വെളിച്ചപ്പടന്മാരോ ആവാം.



വളയും തളയുമിട്ട നർത്തകസംഘമാവാനുള്ള സാദ്ധ്യത ഏറെയാണ്. 1070,2061 ,1402,1404 സീലുകളില് കാണുന്ന ക്രമം ഇന്ദ്രധ്വജത്തിന്റെ സിംബലോടുചേർത്തുവായിക്കണം. കണ്ണാടി പ്രതിബിംബചിത്രങ്ങളുണ്ട് (mirror image).ഇവ ക്രമമായി തരുന്നുമില്ല. ഞണ്ടുചിഹ്നം രണ്ടുപ്രാവശ്യം വരുന്നില്ല .മനുഷ്യൻ,മത്സ്യം,മയിൽ,സൂര്യൻ,മറ്റു പല ചിത്രങ്ങളും (താഴെ കാണുക) ക്രമമായി ഉപയോഗിക്കുന്നുമുണ്ട്.



3ഉം 4ഉം പ്രാവശ്യം ആവർത്തിക്കുന്ന സിംബലുകളുണ്ട്. ചൈനീസ് ആർക്കൈവ്സില് കാട്,കാവ് എന്നതിനുസമാനമായ ത്രിശൂലാകൃതിയുള്ള ചിത്രം ഇതിലൊന്നാണ്..



രണ്ടു ചിഹ്നങ്ങളുടെ മുന്നിലായി സംഖ്യയെ കുറിക്കുന്ന ലളുരേഖയുണ്ട്. 1165ലെ ക്രമത്തിൽ

കാണുന്ന ഇത്തരം മനുഷ്യചിത്രം എച്ച് 247ന്റെ പിന്നിലായി അൽപ്പം വ്യത്യാസത്തോടെയാണ് കാണുന്നത്. 2795,2803 എന്നീ 2 ആനക്കൊമ്പുവടികള് ഒന്നില് 3ഉം മറ്റേതിൽ 4ഉം ത്രിശൂലചിഹ്നം മാത്രമുള്ളവയാണ്. എച്ച് 94ൽ പറ (ഗോങ്ങ്)അഥവാ മുരജം (മുരശ്)കൊട്ടി

നിൽക്കുന്ന മനുഷ്യനാണ്.  ചെറിയ അർദ്ധചന്ദ്രാകൃതിയിലുള്ള നഖചിത്രങ്ങളാണ് കളിമണ്ണ് പാത്രങ്ങളിലുള്ളത്. സുമേരിയയിലെ കുർ-കുർ, ഹിന്ദിയിലെ ബഹുത്ബഹുത്, തമിഴ മലയാളം ഭാഷകളിലെ പലപല, സംസ്കൃതത്തിലെ ദിനേദിനേ,മുഹർമുഹർ മുതലായ പ്രയോഗങ്ങളുടെ മുന്നോടിയാണ് ആവർത്തിക്കുന്ന ഹരപ്പയിലെ ചിഹ്നങ്ങൾ.



എച്ച് 103 ഹരപ്പലിഖിതം 3 വരിയാണ്. ഇതുതന്നെ ഒറ്റവരിലിഖിതമായി മറ്റുസീലുകളിലും കാണുന്നു.



5012ലെ രണ്ടുവരി 2618ൽ ഒറ്റവരിയായി കാണുന്നു. ഏറ്റവും ദീർഘമായി ,തുടർച്ചയായി കാണുന്ന മോഹഞ്ജോദാരോലിഖിതം എം 314.3 വരികളുണ്ടിതിൽ. രണ്ടാമത്തെ വരിയിലെ അവസാനത്തെ അടയാളം ധനുസ്സാകൃതിയിലുള്ള യാഴ് ആണെന്നുതോന്നുന്നു. മൂന്നാംവരിയിലെ ആദ്യത്തെ 6 ചിഹ്നങ്ങളും കഴിഞ്ഞാല് 3 എന്ന സംഖ്യ വരുന്നു.(ഗൊദ എന്ന തന്ത്രീവാദ്യം,കുംഭം(ഭരണി),ത്രിശൂലം,പെരുമ്പറയോ ധനുസ്സോ ഏന്തിയ മനുഷ്യൻ, കുനിഞ്ഞരൂപം

(സോമബിന്ദു) പറ(ഗോങ്ങ്).



4512ലെ ഉകാരം(വൈഷ്ണവരുടെ നാമം പോലെ)കഴിഞ്ഞ് മൂന്നുള്ളരേഖ(3 എന്ന സംഖ്യ) അഥവാ 3 മാത്ര, പുരുഷചിഹ്നം ഒരു ലഘുമാത്രാചിഹ്നം മുകളിലായി ചെറിയ രണ്ടു വരകൊണ്ട് ഉച്ചസ്ഥായി എന്ന് അടയാളം കാട്ടുന്നു. ഒടുവിലായി ഷഡ്ബിന്ദുചിഹ്നം(വിഷ്ണു) മ്, ഇപ്രകാരം ഓങ്കാരവാചകമായി, ഓരോ സ്വരത്തിനും ഉച്ചാരണമാത്ര രേഖപ്പെടുത്തിയിരിക്കുന്നു. 4512ലെ മനുഷ്യചിഹ്നവും അതിന്റെ മാത്രാ(ലഘു)ചിഹ്നവും 3665ൽ ആദ്യമാണ് വരുന്നത്. അവസാനത്തെ ഷഡ്ബിന്ദുചിഹ്നം അതെത്തുടർന്നുതന്നെ വരുന്നു. ആദ്യാക്ഷരവും 3 രേഖകളുമാകട്ടെ, സീലിന്റെ പിൻവശത്തുണ്ടുതാനും. ഓങ്കാരവും അ(മ),ഉ(മ) മുതലായ ഉച്ചാരണങ്ങളും പറയാവുന്നതാണ്.



സൈന്ധവലിപിയിലെ ഏറ്റവും ദീർഘമേറിയ രേഖ എം 494, എം 495 എന്നിവയിലാണ് കാണുന്നത്. 26 ചിഹ്നങ്ങളുണ്ട്. 3 ഭാഗത്തായി ,ഒരു ത്രികോണപ്രിസത്തിന്മേലാണ് എഴുത

പ്പെട്ടിരിക്കുന്നത്.



പേജ് 83ൽ പർപ്പോള ചോദിക്കുന്നു:1. ചെറിയ ളജ്ജരേഖ ഒന്നോ രണ്ടോ എഴുതുന്നത് പദഭക്ത മാണെന്നുവരികിൽ എന്തിനാണവ വാക്യത്തിന്റെ അവസാനം വരുന്നത്. 2. എന്തിനവ തുട ക്കത്തിൽത്തന്നെ കാണുന്നു. 3. 1800 ബിസിയിലേ ഇത്തരം പദഭക്തം അസ്സീറിയന് ക്യൂണി ഫോം (കപ്പഡോണിയയിൽ) കാണിക്കാനാരംഭിച്ചിട്ടുള്ളു. അപ്പോഴേക്കും സൈന്ധവസംസ്കൃതി ഇല്ലാതാവുകയും ചെയ്തിരിക്കുന്നു. പിന്നെ ഇതെങ്ങനെ ഇന്ത്യക്കാർക്ക് ലഭിച്ചു. ഇവിടെയാണ് സാമഗാനം,സംഗീതം ഇവയുടെ പ്രത്യേകത എനിക്ക് അനുഭവപ്പെടുന്നത്. ഇന്ത്യയിലെ സൈന്ധവസംസ്കൃതിയിൽനിന്നാണ് അസ്സീറിയയിലേക്ക് ഇത് വ്യാപിച്ചതെന്നതാണ് എന്റെ ഉത്തരം.ജിപ്സികളെപ്പോലെ കച്ചവടസംഘക്കാരോടൊപ്പം പോയിരുന്ന സംഗീതനൃത്തനാടക

സംഘങ്ങളാണിവ അസ്സീറിയയിലേക്ക് എത്തിച്ചിരിക്കുക.



3091,6382,2395,3307,1597 എന്നിവയും 7 സ്വരം,12 ശ്രുതിമണ്ഡലം ,നാദസോപാനംകൊണ്ട് സംഗീതമുണ്ടാക്കുന്ന മനുഷ്യനും സംഗീതോപകരണങ്ങളുമാണ്. 6382ലെ ആദ്യത്തെ അക്ഷരമായ 0 1293ൽ അനുമാത്രമായിട്ടാണ് കാണുന്നത്.(ഒറ്റക്ക് 0 മാത്രം).1325,6204,1135,2466 എന്നിവയിൽഒറ്റക്ക് ഒരു വരിയിലും 0382ന്റെ തുടക്കത്തിലും നിൽക്കുന്നു. ഇത് ഓങ്കാരം (പ്രണവം)ഉച്ചരിക്കുന്നതാണ്. 0 ആദ്യമായി കണ്ടുപിടിച്ച ഭാരതീയരുടെ ബിസി 3500ലെ ഈ പദത്തിന്റെ അർത്ഥം സുധാസിന്ധു എന്ന ഉപനിഷദവ്യാഖ്യാനത്തിലും , ജ്യോതിശ്ശാസ്ത്രഗ്രന്ഥങ്ങളിലും ഞാനെത്രയോ തവണ പറഞ്ഞുകഴിഞ്ഞതാകയാൽ ആവർത്തിക്കുന്നില്ല.ഭാരതം പൂജ്യം സംഖ്യാശ്രേണി ഗണിതം സംഗീതം സാഹിത്യം ഇവയെ ബ്രഹ്മമെന്ന ഫിലോസഫിയോടും ബ്രാഹ്മി എന്ന ലിപിയോടും സംബന്ധപ്പെടുത്തിയിട്ട് ഏതാണ്ട് 5000ത്തിൽപ്പരം വർഷങ്ങളായി എന്നതിന്റെ തെളിവാണ് ഈ സൈന്ധവലിപികളെന്നുമാത്രം പറയട്ടെ. . സൈന്ധവലിപിക്ക് 1988ൽ പർപ്പോള കൊടുത്ത പഴക്കം ബിസി 2500 മാത്രമാണ്. പക്ഷേ ചുരുങ്ങിയത് മെഹ്ർഗാർഹ് സംസ്കാരത്തിന്റെ പഴക്കമായ ബിസി 7500 വരം പഴക്കമുണ്ട് അതിനെന്ന് പിന്നീടു മനസ്സിലായി.

ചിഹ്നം	സംസ്കാരം	കാലം
1.അക്ഷരം,പദം,പദഭക്തം , സ്വരം,വ്യഞ്ജനം,ഫോണീം	സൈന്ധവസരസ്വതി	7500 ബിസി. ഇന്നത്തെ എല്ലാ ഭാരതീയഭാഷകളും സംഗീതമടക്കം. Words,syllables.Logosyllabic . ക്യൂണിഫോമിനേക്കാളധികം പദചിഹ്നങ്ങളുണ്ട്. നാനാർത്ഥവും കൂടുതലാണ്.

		സന്ദർഭത്തിൽനിന്ന് അർത്ഥം ഗ്രഹിക്കുന്ന രീതി.
2.പദം.	സുമേർ (ഇറാക്ക്) ഏലാം (ഇറാൻ) ഈജിപ്ത്	3200 ബിസി
3.പദം ,അക്ഷരം	മെസപ്പട്ടോമിയ(ഇറാക്ക്) ഈജിപ്ത്	3000ബിസി
4.അക്ഷരം	ഏലാം(ഇറാൻ),ഗ്രീസ്.	2250 ബിസി
5.ഫോണീം	സിറിയ	1600ബിസി

7എന്ന സംഖ്യയെ കുറിക്കുന്ന ചിഹ്നം

7 എന്ന സംഖ്യയെ കുറിക്കുന്ന ചിത്രത്തില് കാണുന്ന ക്രമം ഒട്ടേറെ തവണ ആവർത്തിക്കുന്നു വെന്ന് പുരാവസ്തുഗവേഷകർ (പേജ് 88 പർപ്പോള)പറയുന്നു. സപ്തസ്വര, സപ്തവർണ്ണ, സപ്ത വിധസാമവിധാന,സപ്താശ്വ,സപ്തകുലശൈല,സപ്തർഷി,സപ്തമാതൃക എന്നിങ്ങനെ പല അർത്ഥങ്ങളിലുമാണ് ഇത് വായിക്കേണ്ടത്. നാനാർത്ഥമുള്ള ചിഹ്നമാണ്. കൂടെ വരുന്ന ചിഹ്നം ഏത് എന്ന് നോക്കി (സന്ദർഭം context)വായിക്കാൻ വേദം,തന്ത്രം,മന്ത്രശാസ്ത്രം, സംഗീതം, ജ്യോതിഷം ,ഗണിതം,എന്നിങ്ങനെ ഒട്ടേറെ വിഷയങ്ങളിൽ അറിവ് വേണം.ഇത്തരം ഒരു ചിഹ്നം സൈന്ധവജനത ലിപിയായി ഉപയോഗിച്ചു എന്നതുതന്നെ പഴക്കം മാത്രമല്ല, അക്കാലത്ത് ഇന്ത്യ ആർജ്ജിച്ചിരുന്ന ജ്ഞാനത്തിന്റെ വ്യാപ്തിയും ഗ്രഹിക്കാവുന്നതാണ്. ഇത് ക്രോണോളജി (വംശാവലി)യോട് കൂടി താരതമ്യപ്പെടുത്തിയാണ് എന്റെ കാലനിർണ്ണയം.



പർപ്പോള (89)ഗ്രിഡ് അനാലിസിസ്സ്: മുകളിൽ കാണുന്നത് ഗ്രിഡ് അനാലിസിസ്സ് (Grid Analysis)ആണ്. Syntax relations പഠിക്കാനായി ഗ്രിഡ് ഉപയോഗിക്കാം.

1.ചിഹ്നങ്ങളുടെ ഒരേ ക്രമം. ചില ചിഹ്നങ്ങൾ എപ്പോളും ഒപ്പംതന്നെ തുടർന്നുവരുന്നു.

2.ഇവയുടെ രേഖീയമായ ക്രമം

3.വ്യാകരണപരമായഭാഷാപ്രത്യേകതകൾ



2 ദീർഘങ്ങളായ ടെക്സ്റ്റുകളില് 1-3 ഒന്നിലധികം താളവൃത്തത്തില് കാണുന്നു. ചിലപ്പോൾ ഒരുതാളവൃത്തം 1 ചിഹ്നങ്ങൾകൊണ്ടുമാത്രവും മറ്റുചിലപ്പോള് 2 ചിഹ്നങ്ങള് മാത്രവും അല്ലെങ്കിൽ 3 ചിഹ്നങ്ങൾമാത്രവും , അതുമല്ലെങ്കിൽ 1-2, 1-3, 2-3,ഇങ്ങനെ കാണാം. ഈ താളവൃത്തങ്ങ ൾ തമ്മിലുള്ള മേജര് സിൻടാക്റ്റിക്ക് അതിർത്തിയാണ് മുകളില് കാണിച്ചിരിക്കുന്നത്.



7 ചിഹ്നം ആദ്യം ഒന്നിടവിട്ടു വരുന്നു, ഇവയും ആദ്യഭാഗത്തുവരുന്ന ചിഹ്നങ്ങളും ഇത് രണ്ടാം സൈക്കിളിലേയോ .രണ്ടിലേയുമോ ചില ഫ്രേസുകളും പലപ്പോഴും മുന്നിൽ കാണാം.



സെറ്റ് 1
1 ഫ്രേസ്

സെറ്റ് 2
1 ഫ്രേസ്

ഹരപ്പ അമുലറ്റ് 3305

പർപ്പോള പേജ്
91



സെറ്റ് ഒന്നും രണ്ടും ഫ്രേസ് ഒന്നാണ്. സെറ്റ് രണ്ടിലുള്ളത് ഒന്നിന്റെ കൂടെ വരുന്ന ഉദാഹരണങ്ങൾ ധാരാളമുണ്ട്. സെറ്റ് രണ്ട് ഒരു ലിഖിതത്തിന്റെ തുടക്കമാണ്. സെറ്റ് ഒന്ന് തുടക്കമല്ല. (സംഗീതലിപിയിലൊഴിച്ച്).ഹരപ്പൻ അമുലറ്റിലെ (3305)ഋഷഭക്കാലുള്ള പുരുഷരൂപം കയ്യിൽ ഒരു ഗദ(വടി)ഉയ ർത്തിപ്പിടിച്ചിരിക്കുന്നു. മുന്നിൽ മുട്ടിനുമുകളിൽവരെയെത്തുന്ന ഒരുചിഹ്നമുണ്ട് (മുകളിൽകാണുക)ഇവിടെ മുന്നിൽവെച്ച ഒരുവാദ്യത്തില് അടിക്കാനൊരുങ്ങുന്ന രൂപമാണ്.പേജ് 91ൽ പർപ്പോള ഇതിനെ സൈന്ധവലിപിയിലെ ഒരു അക്ഷരമായി വ്യാഖ്യാനിക്കുന്നു(വലത്തുകൈ

ത്രികോണാകൃതിയുള്ള പുരുഷചിഹ്നം) .



മൂന്നുസീലുകൾ (ഒന്നുഹരപ്പയിലേയും 2,3 മോഹഞ്ജോദാരോവിലേയും) 1 ബി,2 ബി,3 ബി ,പി ന്നിലെ നോബിൽമുദ്രണം ചെയ്തവയാണ്.പേജ് 93ൽ ഒരു ചിഹ്നവും ()ഒരു ക്രമവും

ഇവയുടെ കൂടെ വരുന്ന മുദ്രാശ്രേണികൾ,(sign sequences) മത്സ്യമെന്ന ചിഹ്നം ,അതിനെ തുടർന്നുവരുന്ന ചിഹ്നം ഇവയുടെ ചേർച്ച പ്രതിപാദിച്ചിരി ക്കുന്നു. മത്സ്യചിഹ്നത്തിന്റേയും  എന്ന ചിഹ്നത്തിന്റേയും ഒരു ലളിതമായ അനാലിസിസ്സ് പേജ് 94ൽ ഉണ്ട്.



Sequences (1)

sequence (2)

എന്ന രണ്ടു ശ്രേണികളുടെ ഉദാഹരണങ്ങ ൾ താഴെ പട്ടികരൂപത്തിലുണ്ട്. 2 വൃത്തം പരസ്പരം ഛേദിക്കുന്ന ചിഹ്നം വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തികയിലും യൂക്ലിഡിന്റെ പേജിലും കാണുന്നുണ്ട്.ഇത് ജ്യോതിശ്ശാസ്ത്ര ,ഗണിതപരമാണ്.

സീൽ 5061,6172,2472 .ഇതിൽ ആദ്യത്തേത് പർപ്പോള വായിക്കുന്നത് Carrier എന്നാണ്. ശരിക്ക് ഭാരതത്തിലെ ഭാഷയിൽ വായിക്കേണ്ടത് തുലാം,തൂക്കം എന്നാണ്. കാവ്(കാവടി)തൂക്കുന്ന ,ഭാരമുള്ള വസ്തു തൂക്കുന്ന മനുഷ്യനെന്നോ തുലാസെന്നോ വായിക്കാം. രണ്ടാമത്തെ

ചിഹ്നം നാമം, മൂന്നാമത്തേത് യോഗിചിഹ്നം. സീൽ 0003ൽ ഒരു അളവ്, തൂക്കം,തൂക്കക്കട്ടിയുടെ ഡിവിഷനെന്നാണ് അർത്ഥം .



2404 ,2155,1227,1536 ഇവ കാണുക. അഷ്ടകോണിനെ അളക്കുന്ന സമവാക്യത്തിൽ അഹ്മസ് പാപ്പിരസ്സും തൊവരിഗുഹാചിത്രവും കാണിക്കുന്ന ചിഹ്നമാണ് 2404, 1227ൽ ആദ്യചിഹ്നം.



Seal 0003



2404

1227

തന്ത്രീവാദ്യത്തോടും സാദൃശ്യമുണ്ട്. (ഒക്ടേവിനെ അളക്കുന്നതാണല്ലോ തന്ത്രീവാദ്യവും) മനുഷ്യനെന്ന ചിഹ്നത്തിന്റെ കൂടെ ചേർക്കുന്ന മോഡിഫിക്കേഷൻസ് ഒറ്റച്ചിലമ്പിട്ട, സംഗീതജ്ഞാനമുള്ള മനുഷ്യനും കൂടിയാണ്. ഒരു പ്രത്യേകചിഹ്നം മനുഷ്യചിഹ്നത്തോട്ടുകൂടിയാണ്

കാണുക.ഇത് മനുഷ്യർക്ക് വിശ്രമിക്കാനുളള സ്ഥലം, മണ്ഡപം എന്ന അർത്ഥത്തിലാണ്.

ഇവ ഭാരതത്തിലെ എല്ലാ പ്രദേശങ്ങളിലും സഞ്ചാരിക ൾക്കായി ഉണ്ടാക്കിയിരുന്നു. 5031 ൽ ഇത് ഒറ്റക്ക് നിൽക്കുന്നതിനാല് അത് (ലിഗേച്ചറില്ലാതെ) നാ ൽക്കവലയില് മുകളില് മേഞ്ഞതായി കാണപ്പെടുന്ന അത്താണി,സത്രം ,മണ്ഡപസ്ഥാനം എന്ന് വായിക്കാവുന്നതാണ്. 4087ൽ മനുഷ്യൻ,നാമ (വൈഷ്ണവം)മച്ചദേശം (പാണ്ഡ്യദേശം) നാമം,മുരുകന്റെ കോട്ടം, ആ ണ്ടി (അംബരചിഹ്നം,തേൻകൂട്) എന്നാണ്. (തമിഴ് സംഘകാല സാഹിത്യത്തിലെ ഭൃതചതുക്കം(ചതുഷ്കം)ആണ്.



2155



1536



0206 3235 3414



സോവിയറ്റ് ടീം വായിച്ച ഒരു ക്രമം മുകളിൽ കാണുക. പെരിയഅമ്മാ,ഞണ്ടുപെരിയമ്മാ ആത്ത് (great lady, ruling great lady's power)എന്നാണ് അവരുടെ വായന. ആദ്യവരിയുടെ, എന്റെ വായന മാ ആത്താ (തമിഴ്) പഞ്ചമുഖിയായ ഗായത്രീദേവി എന്നാണ്. രണ്ടാമത്തെ വരി, ഞണ്ടുരാശി കർക്കിടകമാണ്. നന്ദ എന്നും വായിക്കാം. ആടിമാസത്തിലെ പഞ്ചമുഖിയായ മാരിയമ്മയുടെ(മഴക്കാലം)ശക്തി ,ആടിപ്പെരുക്ക്, നന്ദനെന്ന രണ്ടാം മൂഷകപ്പെരുമാളിന്റെ രാജമാതാവായ മഗധരാജ്ഞി യുടെ (അന്നയുടെ) അരുളായ (അനുഗ്രഹമായ) ഐശ്വര്യം കൊണ്ടുവരുന്ന സൃഷ്ടി എന്നാണ്.വൈഷ്ണവനാമം രാജാവിന്റെ യാദവമൂഷകവംശത്തെ സൂചിപ്പിക്കുന്നു.



സോവിയറ്റ് ടീമിന്റെ വായന മറ്റു രണ്ടുലിഖിതങ്ങളുടേത് ഇങ്ങനെ: കെ പെരിയഅമ്മാ അത്താന് , പെരിയമ്മാ ആത്തു ആം കാ (He of the great lady, To him of the great lady).

എന്റെ വായന ഇങ്ങനെ: കോ ആതന്റെ വീട്ടിലെ മാതേവി(മഹാദേവി)ചേരൻ ആതന്റെ പത്നി. പെരുംതേവിയിൽനിന്ന് അവനുള്ള ആംഖ്(ധനം) Ankh.

ഞണ്ടുചിഹ്നം ആൽഫയാണ്. ഇതിനോടൊപ്പം ആവർത്തിക്കുന്ന ചില ക്രമങ്ങളില് മദ്ധ്യകാലത്തെ ടിഓ മാപ്പിനെ അനുസ്മരിപ്പിക്കുന്ന ചിഹ്നമുണ്ട്. ദക്ഷിണായനം, മണ്സൂൺ, ഇവകൊണ്ടു വരുന്ന സമൃദ്ധി,കപ്പലുകളിൽ വരുന്ന അളവറ്റ ശ്രീ, അതിനുപയോഗിക്കുന്ന ഭൂപടമായ ടിഓ മാപ്പുകളുടെ ചിഹ്നം എന്നിവ ശ്രദ്ധേയമാണ്. ഇതിന്റെ കൂടെ മത്സ്യചിഹ്നം കൂടി കാണുന്നപക്ഷം അത് മത്സ്യയന്ത്രം(നച്ചയന്ത്രം)എന്നു വായിക്കേണ്ടതാണ്. സ്വാമി,ഉടയവൻ, ഉടൈയത് എന്ന ഉടമസ്ഥാവകാശം ,ഉടൈ(വസ്ത്രം) എന്ന അർത്ഥത്തിലെല്ലാം വൈഷ്ണവചിഹ്നം ,ത്രിശൂലം ,മുരുകചിഹ്നം (വേൽ,ശക്തി)ഇവയോ ,രാജാക്കന്മാരുടെ മുദ്രകളോ വെച്ചിരു

ന്നു.



ദ്രാവിഡരാജ്യത്തെന്നപോലെയാണ് ഈ അനാലിസിസ്സിൽ സൈന്ധവലിപിയിലും കാണുന്നത്. സൈന്ധവലിപിയിലെ ആദ്യത്തെ 50 ജോഡി മുദ്രകള് (തമ്മിൽ സദൃശമായവ) ഒരു പാരഡിഗ്മാറ്റിക്ക് അനാലിസിസ്സിന് വിധേയമാക്കി. (1987ൽ പർപ്പോള).ഒരുപോലുള്ള ഗ്രൂപ്പ് ചിഹ്നങ്ങളിവയാണ്.





Index.	1	2	freq. 1	freq. 2
1.			3	3
0.91.			3	11
0.86.			38	3.
0.86.	Same -		38	3.
0.86.			3	4
0.85			4	4
0.83			12	61.
0.81.			5	105
0.77.			63	7.
0.76.			7	3
0.72.			5	3
0.71.			3	88
0.69.			17	15
0.67.			65	57.
0.67.			5	3
0.65			15	8
0.65			224	150
0.64			3	77
0.64.			77	3
0.64			65	125
0.63			125	57
0.62			8.	3
0.61			29	29
0.60			22	15
0.60			113	43

Index	1	2	freq. 1	freq. 2
0.59.			5	18
0.59.			7	11
0.58.			12	24
0.58.			143	11
0.57.			17	22
0.57.			5	95
0.55			3	6
0.55			38	77
0.54			11	8
0.54			14	48
0.54			88	11
0.54			3	15
0.53.			5	3.
0.52.			5	8
0.52.			5	26.
0.52			8	3
0.51			3	105
0.50.			15	189
0.50			6	23
0.49.			23	58
0.49.			26	3.
0.48.			6	4
0.48.			3	4
0.48.			10	70
0.47			150	3



ചന്ദ്രസദൃശമായ ഒരു ലിപി സൈന്ധവസംസ്കൃതിയിൽഇടത്തോട്ടും വലത്തോട്ടും(സവ്യം, അപസവ്യം)ആയി കാണുന്നു.ബിസി 3500ൽ പ്രബലമായിരുന്ന യാദവചന്ദ്രവംശത്തിന്റെ സിംബലായിരിക്കണം അത്. ഇതേ ലിപി താഴോട്ടുമുഖമായി ഈജിപ്തിലും മുകളിലേക്കു മുഖമായി സുമേരിയയിലും കാണുന്നുണ്ട്. ഭരണി(പരണി)എന്ന ചിഹ്നം അഥവാ നാമം നെറ്റിയിൽ വരച്ച വ്യക്തിയെ പാരണരെന്നും കപിലരെന്നും (സാംഖ്യമുനി –വിഷ്ണുവിന്റെ അവതാരം) വിളിക്കുന്നു. വൈഷ്ണവരുടെ നെറ്റിയിലെ നാമചിഹ്നം രണ്ടുവിധമാണ്.ഇംഗ്ലീഷിലെ യു എന്ന അക്ഷരത്തോടും വൈ എന്ന അക്ഷരത്തോടുമുള്ള സാമ്യം കിണ്ട് ഇതിനെ യു നാമം വൈനാമം എന്ന് വിളിക്കുന്നു. നാമം എഴുതിയ വ്യക്തി പാരണനും,ഭാഗവതപരായണനും വൈഷ്ണവനുമാണ്. അവരെ ജ്ഞാനത്തിന്റെ (വിജ്ഞാനഭരണി) ഭരണിയായി കരുതുന്നു. ജ്ഞാനത്തിന്റെ മാത്രമല്ല,സമ്പത്തിന്റേയും (ഐശ്വര്യം) ഭരണികളെ സമുദ്രം കടന്ന് വിവിധനാടുകളിലെത്തി

ച്ചതും യാദവമൂഷകവംശംതന്നെ.



ഈജിപ്ഷ്

സുമേരിയ

യാദവ

ചന്ദ്രവംശം

സൈന്ധവലിപി

ഇടത്തോട്ടും വലത്തോട്ടും

ഒരേ ലിപി



ഒരേമുദ്ര ,ചക്രമുദ്ര



1 2

പരണി **വൈഷ്ണവരുടെ നാമം**

പാരണർ



ഒരേമുദ്ര,ഭരണി,

ശംഖ് ,മേലകം

ഇരുവശവും ശാഖ അഥവാ പല്ലവം ആയി 4 വേദശാഖകളെ ഇവരാണ് വഹിക്കുന്നത്. ചതുർവ്വേദപാരംഗതരെന്നും ഗോമുഖരെന്നും ,വാഗ്ദേവതാകടാക്ഷമുള്ളവരെന്നും ഇവരെ അറിയുന്നു. വൃത്താകൃതിയിലും എലിപ്പിക്കലുമായി ഒരേ മുദ്ര അഷ്ടകോണും ധർമ്മചക്രവുമായി ഇവരണിയുന്നു.ഇതിനെ ചക്രമുദ്ര എന്നും പറയുന്നു. ഭൂമിയുടേയും ആകാശത്തിന്റെയും രാശിചക്രത്തിന്റേയും വിഭജനവും ചക്രമുദ്ര കാണിക്കുന്നു. ഭരണിരൂപത്തിലും ശംഖരൂപത്തിലും (2 തരം) ഉരുണ്ടതും കോണികരൂപമുള്ളതുമായ രൂരം മൂത്തിക എന്ന ഭൂമിചിഹ്നമായും അറിയുന്നു. ഇതി

നെ മേലകം എന്നും വായിച്ചിട്ടുണ്ട്.



ഈജിപ്തിലെ ഹോ അഥവാ ഹോയിങ്ങ് സൈനെന്ന ചിഹ്നം സിന്ധുലിപിയിൽ പലരൂപ ത്തിലുണ്ട്. ഇവയിൽ ചിലതിനെല്ലാം ഗരുഡൻരൂക്കത്തിനോട്ട സാമ്യമുണ്ട്. ഈജിപ്തിലെ തെബ്സിലെ നക്തിലെ ഒരു ചിത്രത്തിൽ വയലില് കിളക്കുന്നതിനായ് ഉപയോഗിക്കുന്ന (ഹോയിങ്ങിന്) ഉപകരണത്തിന് ബിസി 1420 വർഷത്തിന്റെ പഴക്കമേയുള്ളൂ. സൈന്ധവലി

പി ഇതിനേക്കാളും 1500 വർഷം പഴക്കമുള്ളതാണ്.  ഇറാനിലെ സൂസ(ബിസി 4100-3500) പാത്രങ്ങളിൽ കാണുന്ന ഒരു ചിഹ്നം പറക്കുന്ന പക്ഷിരൂപത്തിലുള്ളതാണ് ,സംഗീതോപകര ണമാണ് .സിന്ധുലിപിയിലെ വ്യത്യസ്തരൂപങ്ങൾ രണ്ടും കാണിക്കുന്നുണ്ട്.

വെള്ളിയും ഇലക്ട്രവും ചേർത്ത മഴ (ചോഗസാംബിൽ തെക്കുപടിഞ്ഞാറെ ഇറാനി ൽകിരില്ല ഷാ അഥവാ ഗിരില്ലഷാദേവിയുടെ അമ്പലത്തിൽനിന്നുകിട്ടി. (കിരില്ലഷാ എന്നത് കൃഷ്ണാ എന്നും ഗിരില്ലഷാ എന്നത് ഗിരിജാ എന്നും വായിക്കാവുന്ന പദങ്ങളാണ്.)ഇത് ബിസി 1250ലെ ഉന്താസ് –നപില്ലഷയുടെ തലസ്ഥാനമായിരുന്നു.



ഇലാമൈറ്റ് ഭാഷയിൽ മഴമേലുള്ള അദ്ദേഹത്തിന്റെ നാമം ഞാന് നബില്ലഷ എന്നാണ്.

മഴുവിന്റെ തല അഥവാ പിടി സിംഹത്തി ന്റെ വായും വരാഹവുമാണ്. ബിസി 2000ത്തിലെ ചെമ്പുമഴു സൂ-ഇരുൽ-അക്കാദ് രാജാവ് എന്നാണ്. മോഹഞ്ജോദാരോവിലെ പുരുഷപ്രതിമ ക്കൊപ്പം കിട്ടിയ 2 താമ്രനിർമ്മിതമായ മഴു 7 പിക്ടോഗ്രാം ഉള്ളതാണ്. തൊട്ടടുത്തുനിന്നു കിട്ടിയ പൊട്ടിയ സീലിലും കളിമണ്ണിലെ മുദ്രയിലും (കൂടുതൽ വലിയ സീൽ) ഇതേ ലിഖിത മുണ്ട്. മോഹഞ്ജോദാരോവിലുള്ളത് അദ്ദേഹത്തിന്റെ പേരോ ചിഹ്നമോ സൂചിപ്പിക്കുന്നതാവാം. പക്ഷേ മോഹഞ്ജോദാരോവിലെ കാലം ബിസി 2000ത്തേക്കാളും പഴക്കമുള്ളതാണ് എന്ന വസ്തുത ബാക്കികിടക്കുന്നു.





ഒന്നാമത്തെ മഴുവിന്റെ മുൻവശത്ത് 6 ചിഹ്നങ്ങളും പിന്നിലായി 7 ചന്ദ്രക്കലകളുമാണ് കാണുന്നത്. ശതക്രതു(ശതകർണ്ണി)യായ ശതവാഹനചന്ദ്രവംശത്തിലെ രാജർഷിയുടെ ചിഹ്നങ്ങളാണിവ. 3 വശമുള്ള ത്രികോണം (1) 4ഉം 6ഉം ആയി വിഭജിച്ച ചക്രം ഇവയുണ്ട്. വൈഷ്ണവ ശൈവമുരുകാരാധന,ശാക്തേയമായ ആരാധന, ചൈത്യം, സംഗീതോപകരണങ്ങൾ (ക്ഷേത്രകല)ധർമ്മചക്രപ്രവർത്തനസൂത്രധാരത്വം ഇവയാണ് കാണുന്നത്. 7 അമൃതകണം(സോമബിന്ദു)സപ്തസൈന്ധവങ്ങളുടെ പാവനതീർത്ഥവുമാണ്,ചന്ദ്രക്കലചൂടിയ സോമേശ്വര, സോമേശ്വരിമാരുടെ ആരാധനയിൽ സോമവംശജരുടെ മധുവിദ്യയുമാണ്.. പുരോഹിതന്റെ ഉത്തരീയത്തിലെ 3 ഇതളുള്ള സുവർണ്ണപുഷ്പം ജ്യാമിതീയ,മണ്ഡലരേഖ, കോലം, സോമം ഇവ ദ്രാവിഡരുടെ സംസ്കൃതിയുടെ തെളിവുകളാണ്. ശ്രീവത്സമുദ്രയാണ് ടിഫോയിലെന്ന സുവ ർണ്ണ പുഷ്പം. രണ്ടാമത്തെ മഴുവിന്റെ മുൻവശം ശക്തിവേലും അരണികടഞ്ഞ് അഗ്നിയെടുക്കുന്ന യാഗവും ചന്ദ്രക്കലയും (സോമവംശം,കാമശാസ്ത്രത്തിലെ നഖമുദ്ര)ധർമ്മചക്രവും (ആവർത്തനാത്മകമായ കാലവും താളവും സ്വരപ്രയോഗവും)ശംഖ(ചതുരശ്രം,മേലകം,ഭൂമി) എന്ന വൈഷ്ണവചിഹ്നവും കാണുന്നു. പിന്നിൽ ത്രിശൂലമുദ്രയുള്ള ദേവന്റെ കോട്ട(കോട്ടം) കാവടിത്തുക്കം (സ്കന്ദ, കുറവന്മാരുടെ കാവടി,രുദ്രന് ത്ര്യംബകഹോമത്തിൽ മൂടവും ആപൂപവും കൊണ്ടുവരു

ന്ന വിവാദ അഥവാ വേണയഷ്ടി) 1,അര,,കാലെന്നു ഭക്തമാക്കി വിഭജിച്ച തുക്കക്കട്ടി, ചന്ദ്രക്കല ഇവയാണുള്ളത്.

സീലിലെ ലിപിയിൽ ചക്രം(2തവണ)സാമം,ഭൂമി,മദ്ധ്യം,ത്രിശൂലമുള്ള ക്ഷേത്രം ഇവ ശാക്തേയമായ ആരാധനാലയത്തെ കുറിക്കുന്നു. തേൻകൂട് (മധുനാഡി)അംബരം,എന്ന് ഛാന്ദോഗ്യം പറയുന്ന സാമത്തിന്റെ മധുവിദ്യ,സോമലത, നാമം എഴുതിയ ചിഹ്നം ഇവയാണ് പിന്നീട് കാണുന്നത്.(മുകളിലെ ചിത്രം കാണുക)യോഗി,കല്പതരു (പുരുഷൻ,സോമബിന്ദു ഇവ വേദത്തിലെ സുപരിചിതമായ ബിംബങ്ങളാണ്. കളിമണ്ണുസീലിലെ ചിത്രങ്ങളിൽ കൊമ്പ്(2 കുഴലുകളാണ് കാണുന്നത്.സംഗീതോപകരണം),നാഗം(ശ്രീചക്രം,ശ്രീവത്സം-അമുലറ്റിലുള്ളത്) ചക്രവും രഥചക്രവും ലിംഗയോനീചിത്രം,ലംബരമെന്ന സംഗീതോപകരണം, ഉലൂഖലം(mortar and pestle type),ദീപസ്തംഭം ഇവകാണാം.മോഹഞ്ജോദാരോവിൽനിന്നുകിട്ടിയ എം 478ൽ 8 ദിക്കുകളോട്ടുകൂടിയ മണ്ഡലം (രാശിചക്രം,സ്വസ്തികം) അഷ്ടകോണുള്ള ക്ഷേത്രഫലം കാണാനായി ഉപയോഗിക്കുന്ന 9 എന്നു വിളിക്കുന്ന ചിഹ്നം(തൊവരിയിലും അഹ്മസ് പാപ്പിറസ്സിലും ഉള്ളത്) മതിലുള്ള ക്ഷേത്രത്തിനകത്ത് പുരുഷ(വിഗ്രഹ)ചിഹ്നം, നാമംപോലെ ഒരു യാഴ് (ലഘു)4 മാത്രകളുടെ സംഖ്യ, യാഴ് ഉയർത്തിപ്പിടിച്ച് മീട്ടി ചമ്രം പടിഞ്ഞിരുന്ന് കൽപ്പതരുവിനെ ആരാധിക്കുന്ന മനുഷ്യ(ഗായക)രൂപം എന്നിവ കാണാം.

അർത്ഥശാസ്ത്രത്തില് പറയുന്ന ശുൽക്കം അഥവാ കപ്പം അസ്സീറിയന് വ്യാപാരകാലത്തും ഉണ്ടായിരുന്നു. (TC 2,3,4 -11 Translated Veenhof 1972:32 pp 114 Parpola)ശുൽക്കമെന്ന സംസ്കൃതപദം ഈ തർജ്ജമയില് ശുക്ലം എന്നാമ് കാണുന്നത്. (suqlum)പഴയ അസ്സീറിയൻ വ്യാപാരത്തിൽ തുണിക്ക് കുടാനു(കുടാണു)അഥവാ കുടനാട്ടിലെ നൂലിന്റെ തുണി എന്നാണ് പറഞ്ഞിരുന്നത്(പേജ് 115 പർപ്പോള).

മൂഷകവംശചിഹ്നമായ ഒറ്റക്കൊമ്പൻഗണപതി മൂഷകവാഹനൻ:

ലോത്തലിലെ 77 കളിമണ്ണുടാഗ് അനലൈസ് ചെയ്ത ഫലം (പേജ് 114 ചിത്രം 7.17 പർപ്പോള)നോക്കിയാൽ ഒറ്റക്കൊമ്പനാണ് എല്ലാത്തിലും ഇക്കണോഗ്രാഫിക് പ്രതിനിധി. ഒരു സീൽടെ ക്സ്റ്റില് ചിത്രമുദ്ര ആനയാണ്. ഈ ടെക്സ്റ്റ് 11 പ്രാവശ്യം (മറ്റേത്



ടെക്സ്റ്റിനേക്കാളും അധി കം)ആവർത്തിച്ചിട്ടുമുണ്ട്.

ഒറ്റക്കൊമ്പനെന്ന യൂണിക്കോൺ മുദ്രയായ ടെക്സ്റ്റുകൾ:-



കാലിബംഗനിലെ യാഗവേദി ഖനനം ചെയ്തസ്ഥലത്ത് 7 ഒറ്റക്കൊമ്പ ൻഇക്കണോഗ്രാഫിയു ള്ള സീലുകളാണ് കിട്ടിയത്.ഒരേ ടെക്സ്റ്റിന് ഒരേ ഇക്കണോഗ്രാഫിതന്നെയുള്ള അനേകം ഉദാഹരണങ്ങളുണ്ട് സൈന്ധവലിപിയിൽ.



ഗുപ്തകാലത്ത് 2 ആനയുള്ള ഗജലക്ഷ്മി മോട്ടിഫ് ആയിരുന്നു ചക്രവർത്തിയുടെ സീലിലുള്ള ത്. മഹാരാഷ്ട്രയിലും കർണ്ണാടകത്തിലു(ഗോകർണ്ണം)മുള്ള മഹാലക്ഷ്മിക്ഷേത്രങ്ങളിലെ ആന (ഗണപതി)എഡി മൂന്ന്,നാലുനൂറ്റാണ്ടുകൾമുതലുണ്ട്. പുലി ചോളനും ആന ചേരനും (മൂഷക വംശം)അടയാളമാണ്.പൂഞ്ഞക്കാള എന്ന സെബു നന്ദി കാമശാസ്ത്രത്തിനും ശിവാരാധനക്കും

മൃദംഗവായനക്കും ചിഹ്നമാണ്. സീലുകളെ കഴുത്തിൽ ചരടിലോ മാലയിലോ കെട്ടിത്തൂക്കി ധരിച്ചിരുന്നതിന് തെളിവുകളുണ്ട്. ചിലതിൽ ഇത്തരം പതക്കത്തിന് ഒരടപ്പും കാണുന്നു. ചെപ്പുപോലെയിരിക്കും. ഏതാണ്ട് ഒരു ഏലസ്സുപോലെ (മാജിക് അഥവാ മന്ത്രം കെട്ടി ധരിക്കുന്നവിധം) രക്ഷയായി ധരിക്കാം.ഇത്തരം ഏലസ്സുധാരണം ഇന്ത്യയിലും മെസപ്പൊട്ടോമിയയിലും ഒരു സ്റ്റാറ്റസ്സ് സിംബലായിരുന്നു.സാധാരണക്കാരും രാജപുരുഷന്മാരും ധരിക്കുന്ന ഇത്തരം സീലുകളുടെ സ്വഭാവവും ഘടനയും ഉണ്ടാക്കാനുപയോഗിച്ച വസ്തുവും വ്യത്യാസമുണ്ട്. പക്ഷേ സിംബലും ടെക്സ്റ്റും(മന്ത്രം) ഒന്നുതന്നെയാണ്. സീൽവലുതാവുംതോറും ക്വാളിറ്റി കൂടുന്നതും പ്രോട്ടോശിവ(എം 304 മോഹഞ്ജോദാരോ) സപ്തസൈന്ധവ,അശ്വത്ഥ(എം 1186) മുതലായ ഇക്കണോഗ്രാഫിക് ചിത്രങ്ങൾവരുന്നതായും കാണാം. വളരെ രാജകീയമോ ദൈവീകമോ ആയ വ്യക്തി,സ്ഥാപനം,(കൊട്ടാരം,ക്ഷേത്രം) ഇവയുടെ സീലുകളുടെ സ്വഭാവം ഇങ്ങനെയാണ്. 1.വളരെ വലുത്. 2.നല്ല ക്വാളിറ്റി 3. ഇക്കണോഗ്രാഫി.



ചക്രവർത്തിമുദ്രയുള്ള സീലുകളാണ് മുകളിലുള്ളത്. സെബുവോ ഒറ്റക്കൊമ്പനോ ഒരുവശത്ത് കാണുന്നു. സെബു എന്നത് ചെമ്പു അഥവാ ചെമ്പിയനാണ്.ഇത് ചോളന്റെ പേരുമാണ്. ഇതിന്റെ നാമം The humped Brahmani bull Bos Indicus എന്നാണ്. ഋഷഭാരാധന ഭാരതത്തിലെ പഴയ സമ്പ്രദായമാണ്.മാട്ട്പ്പൊങ്കൽ കൊണ്ടാടുന്ന ദ്രാവിഡസമൂഹത്തിന്റെ ഏറ്റവും പുരാതനമായ ചടങ്ങ്. സാമവേദത്തിലെ ഋഷഭസ്വരം സൈന്ധവസരസ്വതിസംസ്കാരത്തിന്റെ തായ്‌വേരുതന്നെയാണ്. വേദം ഇന്ത്യയിലുണ്ടായത് ബിസി 1500ലല്ല,ബിസി 3500ൽത്തന്നെ അതിവിടെ വളരെയധികം പ്രചാരത്തിലാണ് എന്നതിന് തെളിവായിട്ട് പുരാവസ്തുക്കളുടെ ഈ പഠനം മാത്രം മതിയാവും.

1628,
2366,3626 എന്നീ സീലുകളില് ആവർത്തിക്കുന്ന ഒരേ ക്രമവും സെബുവെന്ന പൂഞ്ഞക്കാളയുമാണ്. (മുകളിലെ ലിപി)



ശൈവവൈഷ്ണവചിഹ്നങ്ങളും നാമവും ഋഷഭചിഹ്നവും(ഉഴവരു ടെ)മുരുകന്റെ കോട്ടവും വില്ലവന്റെ ചിഹ്നവും മീനവന്റെ മത്സ്യചിഹ്നവും(മുക്കുവനും നാവികനും പാണ്ഡ്യനും കാമനും യാദവനും)ഇതിലുണ്ട്.



വലിയസീലുകളിൽ ചക്രവർത്തിയുടെ ധർമ്മചക്രത്തിന് പ്രഥമസ്ഥാനമാണുള്ളത്. ധർമ്മചക്രം, ആകാശം(ഛത്രം,സോമം,ഏകഛത്രാധിപത്യം) ഇവമൂന്നും ചേർന്ന ലിഗേച്ചർസൈനും പ്രധാനമായി കാണുന്നുണ്ട്.2422ലെ ശ്യേനസുപർണ്ണമെന്ന പരുന്തിന്റെ മുദ്ര യാഗസംബന്ധമായ ക്രിയകളും വൈദികയജ്ഞവും അന്നേ ഉണ്ടെന്നും ഗരുഡനെന്ന വിഷ്ണുവാഹനത്തെ ജനത ദിവ്യമായി ആരാധിച്ചിരുന്നു എന്നും തെളിയിക്കുന്നു. 2069 എന്നവലിയസീലില് 3 തവണ ചക്രമുദ്രയുണ്ട്. 2119ലും 2 തവണ അടുത്തടുത്തായി ചക്രമുദ്ര കാണാം.

രാജരാജനെന്നോ ചക്രവർത്തിമാരുടെ ചക്രവർത്തിയെന്നോ അർത്ഥം വരും. (പർപ്പോള).രാജാധിരാജനെന്നു (രാജരാജേശ്വരനെന്നും)സാരം. ഈ സീലിൽ,ചെമ്പിയൻ,സെബു,ഋഷഭത്തിന്റെ പൂഞ്ഞയും ഒരുകൊമ്പും മാത്രമേ കാണുന്നു

ളളൂ, ബാക്കി നഷ്ടപ്പെട്ടിരിക്കുന്നു. 2 മഴുവിലും ഇതേ ലിഖിതം കാണുന്നതുകൊണ്ട് വളരെ പ്രധാനപ്പെട്ട ഒരു ബ്രഹ്മക്ഷത്രയോഗി(ചക്രവർത്തി)യുടെ സീലും ആയുധവുമാണതെന്ന് കരുതുന്നു. മഴു ആയുധമാക്കിയ ബ്രഹ്മക്ഷത്രവംശം കേരളത്തിന്റെ സ്രഷ്ടാവായ പരശുരാമന്റെ ഭൃഗുവംശമാണ്. (പിരഹ്ഗ) മെത്തേഡുകൾ ആധുനികപുരാവസ്തുഗവേഷകർക്ക് (പർപ്പോള)സ്വീകാര്യമാവാൻ പരമാവധി ശ്രദ്ധിച്ചുകൊണ്ട് ഭാരതത്തിലെ സാഹിത്യമായ (Literary sources)വേദപുരാണേതിഹാസങ്ങളിലെയും മൂഷകവംശകാവ്യത്തിലേയും പരാമർശങ്ങളെ കിട്ടിയ പുരാവസ്തുക്കളോടും അവയുടെ വായനയോടും താരതമ്യപ്പെടുത്തേണ്ടതുണ്ട്. ഹരപ്പയിലെ വലിയൊരു ആയുധശേഖരം താമ്രഭരണിക്കകത്ത് 20 വ്യത്യസ്തരീതിയിലുള്ള മഴു, 9 കഠാര,14 ശരമുന,ഒരു ഗദയുടെ ശിരോഭാഗം ,10 ഉളി,2 ഈർച്ചവാൾ, ഇവകളോടെ കിട്ടി. ഇവയിൽ വളഞ്ഞ ഒരു ചെമ്പുകഠാര (3795. കൃഷ് പോലെ)ചെമ്പുമഴു (3796)എന്നിവയിൽ 3

ചക്രവർത്തിചിഹ്നങ്ങളുണ്ട്.

മെസപ്പട്ടോമിയയിലെ സീലുകളിലെ ലിഖിതം ഒന്നുകിൽ സീലിന്റെ ഉടമസ്ഥന്റെ നാമം (proper name)മാത്രമാണ്. (പേജ് 117 പർപ്പോള).അല്ലെങ്കിൽ നാമവും ജോലിയും കാണിക്കുന്നതാണ്. ഉദാഹരണത്തിന് ഉറാനി (The scribe Early dynastic period) ദ്ദു (The incantation priest . Old Akkadian).അവിടെ എല്ലാവർക്കും സീലുകളുണ്ടെന്ന് ബാബിലോണിയക്കാരെക്കുറിച്ച് ഹെറഡോട്ടസ് പറഞ്ഞിട്ടുണ്ട്. സൈന്ധവസംസ്കൃതിയിൽ വംശം,കുലത്തൊഴി ൽ, രാഷ്ട്രം എന്നിവക്ക് പ്രത്യേകം പ്രത്യേകം സീലുകളുണ്ട്. പക്ഷേ ഒരു പ്രത്യേകവ്യക്തിനാമത്തിലുള്ള സീലുകൾ വളരെ കുറവാമ്. (വേദം പോലെ അപൌരുഷേയമായ ഒരു സംസ്കാരമാണ്) എന്നാൽ വളരെ വിശദമായി വംശാവലി ,ഗുരുശിഷ്യപരമ്പര എന്നിവ അതാത് പരമ്പരകളിൽ നാമസഹിതം രേഖപ്പെടുത്തിയിട്ടുമുണ്ട്. മോഹഞ്ജോദാരോവിലെ 85ആം മുറി (1 x-HR)ഒരു ശംഖ്-ചിപ്പിഫാക്ടറിയാണ്. അവിടെ 5 യൂണിക്കോ ൺ(ഒറ്റക്കൊമ്പൻ)സീലുകൾ കിട്ടി. മോഹഞ്ജോദാരോ സിറ്റാഡൽ(കോട്ട)ഭാഗത്തുനിന്ന് കിട്ടിയസീലുകൾ രാജകീയമാണ്. 1158, 1057 ഇവയിലെ 3 അക്ഷരം പൊതുവാണ്. രണ്ടും മോഹഞ്ജോദാരോ പ്രധാനനഗരത്തിലെ സ്തൂപഭാഗത്തുനിന്ന് കിട്ടിയവയാണ്.



ദക്ഷിണേന്ത്യയിലെ ദ്രാവിഡഭാഷസംസാരിക്കുന്ന സ്ഥലങ്ങളിൽ ഒരാളുടെ നാമത്തിന്റെ മുമ്പിൽ തന്റെ പൂർവ്വീകരുടെ ഗ്രാമനാമം ചേർക്കും. ഉദാഃചെമ്പൈ, ഊത്തുക്കുടി . മിനോവന്മാർക്കും (ഫുണീഷ്യ)ഇത് പതിവാണ്.അതുവെച്ച് linear Bലിഖിതങ്ങൾ വായിച്ചെടുത്തിട്ടുണ്ട്. ഇതുപോലുള്ള സ്ഥലനാമങ്ങൾ മത്സ്യദേശം,താമ്രപർണ്ണി മുതലായവ സൈന്ധവലിപിയിലും കാണാം. ചന്നുദാരോയിലെ 70 ലിഖിതങ്ങളില് 11 എണ്ണത്തില് മറ്റൊരു സൈന്ധവലിഖിതത്തിലും കാണാത്ത ഒരു ചിഹ്നമുണ്ട് .

ചന്നുദാരോ



5018, 5036ൽ ഈ ചിഹ്നം ആരംഭിക്കുന്നു. 8 ലിഖിതങ്ങള് ഈ ചിഹ്നത്തിലാണ് അവസാനിക്കുന്നത്. 5033ൽ ഇത് നടുവിലാണ്. ഇവയെ പർപ്പോള അടക്കമുള്ള പുരാവസ്തുഗവേഷകര് ഇന്നാളുടെ പുത്രൻ (Ur-lamma ,son of Urgar എന്നപോലെ) എന്ന് മെസപ്പട്ടോമിയയിലേതുപോലെ വായിക്കുന്നു. രാമനെ ദാശരഥിരാമനെന്നും കാകുത്ഥ്സനെന്നും രഘുരാമനെന്നും നാം പറയാറുണ്ട്. കൃഷ്ണനെ വാസുദേവനെന്നും യാദവനെന്നും സാത്വതനെന്നും പറയും. ഭാരതത്തിന്റെ പാരമ്പര്യത്തില് അഛന്റെ നാമംമാത്രമല്ല, ആദ്യത്തെ അറിയപ്പെടുന്ന പൂർവ്വികന്റെ നാമവും ഗോത്രനാമവും കൂടി ചേർത്തുവിളിക്കുന്നതാണ് പതിവ്. വംശപരമ്പരാനാമം, മഹാപുരുഷനാമം ഇവകൂടി ചേർത്തുവിളിക്കുന്നതാണ് നമ്മുടെ പാരമ്പര്യം. ചോളൻ തന്റെ ശിബിപാരമ്പര്യം കൊണ്ടാണ് ശിംബിയനെന്നും ചെമ്പിയനെന്നും വിളിക്കപ്പെട്ടത്. ചേര

നാകട്ടെ,ആതൻ,ഭൃഗു,മൂഷക,നന്ദ,ഗോദനാമങ്ങളാലും അറിയപ്പെടുന്നുണ്ട്. ലിഖിതമോ ഇക്കണോഗ്രാഫിക് ചിഹ്നങ്ങളോ കൂടാതെ വെറുതെ സ്വസ്തികം മാത്രമുള്ള ഒട്ടനവധി സീലുകളും സിന്ധുനദീതീരത്തുനിന്ന് കിട്ടി. ഇവ എല്ലാവരും ഉപയോഗിക്കുന്ന പൊതുചിഹ്ന മാണ്. ഇന്ത്യക്കാരനാണ് എന്നറിയാനുള്ള അടയാളം. ഇതിന്റെ പേര് മൂത്തികാചിഹ്ന മെന്നാണ്. മണ്ണിന്റെ അടയാളം,മണ്ണിന്റെ മക്കളുടേയും. സംഘകാലത്ത് മാധവി കോവ ലനയച്ച സന്ദേശത്തില് മൂത്തികാചിഹ്നമിച്ചാണ് അയക്കുന്നത്. കത്തിനുമുമ്പ് ഓം , ശ്രീ എന്നെഴുതുന്നതിനു തുല്യമാണ് മൂത്തികാചിഹ്നമിടുന്നത്. നാലുദിശയും കേന്ദ്രവും കാണിക്കുന്ന മൂത്തികാചിഹ്നം ഭൂമിയുടെ ചിഹ്നമാമ്. നാന്മാടക്കൂടലെന്ന രീതിയില് ക്ഷേത്രവും വീടുകളും നിർമ്മിക്കുന്ന വാസ്തുരീതിയുമാണ്. ഭൂമദ്ധ്യരേഖാഭാഗത്തുള്ള ലങ്കമുതല്, മുകളിലേക്ക് ഉള്ള ദ്രാവിഡദേശമെന്ന ദക്ഷിണഭാരതത്തില്,ഇവിടത്തെ മണ്ണിന്റേയും രണ്ടുദിശയിലായി ചരിക്കു ന്ന കാറ്റിന്റേയും രാശിചക്രത്തിന്റേയും വാസ്തുവിന്റേയും സ്വര(നാദ)മണ്ഡലത്തിന്റേയും തന്മൂലം പ്രണവത്തിന്റേയും ചിഹ്നവുമാണത്. നെറ്റിയിൽ തിലകം(ലലാടിക),മൂത്തികാചിഹ്നം എന്നിവ ഭാരതീയനാണെന്നു കാണിക്കുന്ന അടയാളചിഹ്നമാണ്.

ദക്ഷിണേന്ത്യയിൽ ഞാനെന്ന പദം (ഞായിറ്,ഞായ്ൻ,ഞാറ്) എന്നിവ അഹം, സൂര്യൻ, നെ ല്ല് ഇവയുടെ കൂടി ചിഹ്നമാണ്. എന്റെ , എൻ, ര്റെ എന്നാണ് ഞാനിന്റെ എന്നല്ല നാം പറ യുക. ഉർ 3 രാജവംശകാലത്തെ എൻ-ലിൽ എന്ന ദൈവം 3 തരത്തിലാണ് ലിനറ്റ് (1968) വ്യാഖ്യാനിച്ചത്.

1. എൻ-ലിൽലാ എന്നിലിന്റെ (മനുഷ്യൻ ,നായ,അടിമപ്പെണ്ണ്, വേലക്കാരൻ,വസ്തു)
2. എൻ-ലിൽ .മഹാൻ,വിദ്വാൻ,പ്രചോദനം,ധീരൻ,ദൈവം,എന്ന് അർത്ഥങ്ങൾ.
3. എൻലില് അറിയുന്നു,സന്തോഷിക്കുന്നു,വിശ്വസിക്കുന്നു,സാന്നിദ്ധ്യം,വാക്ക് .
   (എൻ,എന്റെ,എന്നിൽ,എന്നിലാ,എൺകുണൻ,മുതലായ തമിഴ് പദങ്ങൾഇതേ അർത്ഥമുള്ളവയാണ്. ഭഗവാനും ഭക്തനും ഒരേതരം കൊമ്പുള്ള ശിരോഅലങ്കാരം ധരിച്ചതും തന്മയീഭവിച്ചയുമായ കൽപ്പതരു(ഫിഗ് ട്രീ)ഇമേജറിയിൽ സപ്തസ്വരദേവതമാരും സരസ്വതി(വാഗ്ദേവത)യും ആരാധിക്കപ്പെടുന്നു. ഇവിടെ

ഋഷഭസ്വരമാണ് വേദിക് ഋഷഭം.



എം 304 പ്രോട്ടോശിവന്റെ ഇക്കണോഗ്രാഫിയുള്ളതാണ്.അതിൽ ഒറ്റവരിലിഖിതമുണ്ട്. എം 1186 കൽപ്പതരു(ഫിഗ് ഡെയിറ്റി)ഇക്കണോഗ്രാഫിയുള്ളതാണ്.അതിൽ 2 വരി ലിഖിതമുണ്ട്. (മുകളിൽ)

വിഷ്ണുവിന്റെ മത്സ്യാവതാരത്തിൽ വിഷ്ണു ആകാശത്തിലും ഭൂമിയിലെ ജലത്തിലും മത്സ്യ രൂപത്തിൽ കാണുന്നുഎന്ന് ഭാരതം വിശ്വസിക്കുന്നു. ആകാശത്തിലെ മത്സ്യചിഹ്നം തന്നെ ഭൂമിയിലെ ജലത്തിലെ മത്സ്യം ആവുന്നു. മത്സ്യചിഹ്നം തമിഴ്ഭാഷയിൽ മീൻ, മച്ചം,മച്ചിയം എന്നെല്ലാം വിളിക്കുന്നതാണ്.മൂകം എന്നും ഒരു പര്യായം മത്സ്യത്തിനുണ്ട്. (മിണ്ടാത്തത്) മീനെന്നത് മിന്നുന്ന നക്ഷത്രവും ജലജന്തുവുമാണ്.

മീനെന്നവസാനിക്കുന്നതും മീൻപദമുള്ളതുമായ പഴയ ദ്രാവിഡപദങ്ങൾ:-

1.ബൊതുമീൻ.

2.കോലാമീൻ(Needle fish)

3.കുളമീൻ

4.അരാക്കുലാമീൻ(അർക്കുലാമീൻ. മുകളിൽ നീലയും താഴെ വെള്ളിനിറവുമുള്ള കടലിലെ മീൻ.(Bearfish)

5.മുമ്മീൻ(3 നക്ഷത്രം)

6.അരുമീൻ(6 മത്സ്യം.കാർത്തികതാരം). Pleides. അറുമീൻകാതലൻ മുരുകക്കടവുൾ(ചേന്ദൻ ദിവാകരനിഘണ്ടു)

7.ആറാമീൻ കാർത്തികനക്ഷത്രം. ആറാമീൻ ആറാആറാവൊട്ടു. സൂര്യൻ കാർത്തികയിലേക്കു പ്രവേശിക്കുന്ന ഇടവരാശി (ഋഷഭം).കാർത്തികൈയിൽ, ചൂരിയൻപിരവേശിക്കും കാലം. കടലിലേക്ക്പോകുന്ന മുക്കുവന്മാർ ഇക്കാലം കണക്കാക്കും .ഇക്കാലത്ത് കാറ്റും കോളും കടലിലുണ്ടാവും.(കേരളതീരത്ത് ഇടവപ്പാതി തുടങ്ങുന്നത് കണക്കാക്കുന്നത്).

8.ആതിമീൻ(അശ്വതിനക്ഷത്രം)ആദ്യത്തെ താരം.

9.ആറ്റമീൻ,നൊയ് മീൻ(പുഴമത്സ്യം)

10.യാനൈമീൻ,ആനൈമീൻ.പെരുമീൻവകൈ.ആനൈയർക്കുലാ.കടലിലെ മഹാമത്സ്യം.

11.ഇതിമീൻ,മീൻവകൈ.പോണ്ടിച്ചേരിഭാഗത്ത് പറയുന്നത്.

12. വടമീൻ,ഉത്തരമീൻ.ഉർസാമൈനറിലെ അരുന്ധതിനക്ഷത്രം.ധ്രുവതാരം നോക്കി നിർണ്ണയിക്കേണ്ട്.

13.എതിർമീൻ.നീർപ്പായ്ച്ചലൈ എതിർത്തുചെല്ലും മീൻ. ഒഴുക്കിനെതിരെ നീന്തുന്ന ഇനം മത്സ്യം.

14.എളു(ഴ)മീൻ,ഏഴുമീൻ. സപ്തർഷിമണ്ഡലം. കൈതൊഴുമരപിൻ എളുമീൻപോല എന്ന് നറ്റിണൈ(231)കാണുക.

15.ഐമീൻ, 5 നക്ഷത്രം. കൈമീൻ(ഹസ്തം അഥവാ അത്തം നക്ഷത്രം എന്നും വിളിക്കുന്ന പതിമൂന്നാമത്തെ നക്ഷത്രം

16.ചേയ്മീൻ(ചുവന്നനക്ഷത്രം)എന്നു വിളിക്കുന്ന തിരുവാതിരയും രോഹിണിനക്ഷത്രവും.

17ഒറ്റ്ട്ടുമാ്ീൻ. ഒറ്റുവെച്ചുപിടിക്കുന്ന മത്സ്യം. ഇതിൽ crustacean shellfish ഇനങ്ങളും കൂടി ഉൾപ്പെടുന്നു.

18. കടൽനാക്കുമീൻ.കടലിന്റെ നാവ്. ഇതിന് എരുമൈനാക്കുമീനെന്നും പറയും

19.കടിച്ചൈമീൻ(കടൽമത്സ്യം)ഗതി(പ്രത്യേകദിശയിലുള്ള സഞ്ചാരം, സ്പീഡ്) കടി (മൂർച്ചയുള്ള പല്ലുകൊണ്ടുകടിക്കുന്ന സ്വഭാവം)ഇവയുള്ള മത്സ്യം. മത്സ്യത്തിന്റെ ഗതികൊണ്ട് നാവികർക്ക് കടലിലെ ദിശയറിയാമെന്ന് ഋഗ്വേദം പറയുന്നത് ഈ മത്സ്യത്തെയാണ്.

20.കടുമീൻ.ചൂരാ മുതലിയാന കടുമീൻകളിപ്പിനം എന്ന് അകനാനൂറ്.ചൂരാ സ്രാവാണ്.ഇതിന്റെ വഴിനോക്കിയും കടലിലെ സഞ്ചാരികൾ തങ്ങളുടെ ദിശ അറിയുന്നു. Severe ,cruel,sharp fish.എന്ന് Dictionary.

21.കടൈമീൻ.അവസാനത്തെ നക്ഷത്രം (രേവതി)ഇരേവതി.

22.കല്ലുക്കോളിമീൻ.കടലിലെ മത്സ്യം.(Stonecock.Holocanthus iniperator)

23.കളിമീൻ(കടലോരത്തെ കായലുകളിലും ആഴംകുറഞ്ഞകടലിലും ഉപ്പുവെള്ളമുള്ള നദികളിലും കാണുന്നത്)

24.കന്മീൻ .കടൽമത്സ്യം. Bridefish ,Stonefish.

25.കീരൈമീൻ.പച്ചനിറമുള്ള ചെറിയഇനം

26.കാക്കൈമീന്

27.കിളിമീൻ.തപ്പച്ചനിറം

28.കുടുവാമീൻ.കടൽമത്സ്യം. സ്വർണ്ണനിറമുള്ള Herring

29.കുതിരൈമീൻ.കുതിരൈമീനോട് അനൈമീൻ.(കുറുക്കുർപള്ളു-ചടകോപപ്പുലവർ)

30.കുലമീൻ.അരുന്ധതി. കുലമീനരുകിയ കർപ്പം. കുലനക്ഷത്രം.തന്ത്രശാസ്ത്രത്തിലെ വരി ഉദ്ധരിച്ച് രാധാകാന്തന്റെ ശബ്ദകൽപ്പദ്രുമം. വാരുണാര്ദ്രാഭിജിന്മൂലം കുലാകുലം ഉദാഹൃദം കുലാനി സമധിസ്ഥ്യാനി ശേഷാനി ചാകുലാനി ച.

രോഹിണി,പുഷ്യം,മഘം,ഉത്തരഫാൽഗുനി

,ചിത്ര,വിശാഖ,ജ്യേഷ്ഠ,പൂർവ്വാഷാഢ,ശ്രാവണ,ഉത്തരഭദ്രപാദ,ഭരണി . എന്നീ 11 കുലനക്ഷത്രങ്ങളും അരുന്ധതിയും.

31. കുഴിമീൻ(കുളിമീൻ)പാമ്പുവടിവാന മീൻവകൈ. മൊയ്യ്. (conger eel)

32.കുളമീൻ.കുളത്തിലെ മത്സ്യം. 20,21 നക്ഷത്രങ്ങൽ. പൂരാടം,ഉത്രാടം. ഇവയെ മുർക്കുളം ,ഉദയകുളം,കടൈക്കുളം എന്നും തമിഴിൽ വിളിക്കുന്നു. ഭഗവാപി അഥവാ ഖാടവാപി (എന്ന് ദിഗംബരജൈനരുടെ വിവരണം).ശ്രാവണം (22ആം നക്ഷത്രം) കുളത്തിന്റെ ആകൃതിയിലാണ്. അതാണ് കുളമീനെന്ന് ശ്വേതാംബരജൈനർ. ശ്രാവണം അസ്ത്രാകൃതിയായതുകൊണ്ട് ഈ വിവരണം ശരിയാവുന്നില്ല. എൻ സുബ്രഹ്മണ്യന്റെ അഭിപ്രായത്തിൽ കാർത്തിക എന്നും പുനർവസു എന്നുമാണ് . കുളമീനോട്ടും താത്പുകൈയിന്തും (പുറനാനൂറ്)എന്ന വിവരണം ഇതിനെ പുക(ധൂമം)യോട് ചേർന്ന ധൂമകേതു എന്നും അർത്ഥം പറഞ്ഞിരിക്കുന്നു. കുളം(ലം) പൊട്ടി പുറത്തുവന്നതില് മുർക്കുളം എന്ന മത്സ്യം(പൂരാടം,ഉത്രാടം,ശ്രാവണം, കാർത്തിക,പുനർവസു). ആദ്യമുദിച്ച ഉദയകുളം(അശ്വതി)കടൈക്കുളമായ അവസാനത്തെ നക്ഷത്രം (രേവതി). ഇവയിലേതെങ്കിലും ഒന്നില് ധൂമത്തോട്ടുകൂടി കാണപ്പെടുന്ന ധൂമകേതു.

33.കുറുമീനെന്ന ചെറിയഇനം മത്സ്യം.

34 കൊക്കുമീൻ. പത്തൊമ്പതാം നക്ഷത്രമായ മൂലം.കൊക്കുച്ചോതി ,ഊചിക്കുളുത്തി എന്ന് മണ്ഡപം പാമ്പൻഭാഗത്ത് കാണുന്ന പ്രിസ്റ്റിസ് മത്സ്യത്തെ വിളിക്കുന്നു.

35. കൊയ്മീൻ.കൊയ്മീൻചെപ്പല്ലി, സംസ്കൃതത്തിൽ കവയീ, കലികാ.

36.കൊഴുമീൻ.തടിച്ച മത്സ്യം.

37.കോട്ടുമീൻ(ച്ചുറാ)സ്രാവ്

38.കൊമ്മീൻ ഗ്രഹം. വാൻ ഇരാവിച്ചുംപിർ കോമ്മീൻ(ചിരുപാണാറ്റുപ്പടൈ)

39.കോഴിമീൻ. 18 അംഗുലം നീളവും കറുപ്പുനിറവുമുള്ള കടൽമത്സ്യം. Sturgeon

40. ചിപ്പിമീൻ. oyster,shellfish,cockles.

41. ചിറകിമീൻ, കിളുവൈ,പറവൈമീൻ.Flying fish

42.ചിരുമീൻ,അരുന്ധതി. ചിരുമീൻപുറൈയുൻകർപ്പിൻ അറുനുതൽ. നൊയ്മീൻ , പിത്തളൈക്കാളുമീൻ.

43.ചുറുമ്പുമീൻ. ചമ്പാനിറമും 10 അംഗുലനീളമും ഉടയ കടൽമീൻവകൈ.

44.ചെമ്മീന്. ചെമ്മീൻഅണൈയനിന്റൊന്നാകർച്ചെൽവി(അരുന്ധതി). ചെവ്വായ് എന്ന ചൊവ്വാഗ്രഹം, ആറാമത്തെ നക്ഷത്രമായ തിരുവാതിര(ആർദ്ര), പെരുന്തലൈ തിമിംഗലം ,രോഹിതമീൻ(spermwhale) ambergris അഥവാ ചെമ്മീൻവയിരം ഈ ചെമ്മീനിന്റെ വയറ്റിൽ കാണപ്പെടുന്നു. മീനംബരന്റെും മരുത്തുപ്പണ്ഡം എന്ന് തമിഴിലെ നിഘണ്ടു പറയുന്നത് തിമിംഗലത്തിന്റെ വയറ്റിലായി കാണുന്ന ambergris നെയാണ്. ഇത് കടലിലെ ധ്രുവഭാഗങ്ങളിലായി പൊന്തിക്കിടക്കും. ലോകം ചുറ്റി സഞ്ചരിക്കുന്ന നാവികരാണ് ഇത് ശേഖരിച്ച് പല സ്ഥലങ്ങളിലും മരുന്നായി വിതരണം ചെയ്തിരുന്നത്.ഫ്ണീഷ്യർക്ക് ഇതിന്റെ വിൽപ്പനയുണ്ടായിരുന്നു.തമിഴ്സംസാരിക്കുന്ന കേരളമുൾപ്പെട്ട ദ്രാവിഡദേശത്തെ കടലോരവാസികളായ മീനവരാണ് ഫ്ണീഷ്യരെന്ന ഫണീശ്വരന്മാരെന്ന് സാരം. (നാലപ്പാട്ട് നാരായണമേനോന്റെ കുട്ടിച്ചെറിയമ്മ എന്നു വിളിക്കുന്ന ചെറിയമ്മ അമ്മാളുവിന്റെ പെട്ടിയിൽ ambergris ഉണ്ടായിരുന്നു)

45.ത്തുൾമീൻ,പൊടിമീൻ, small fish

46. ത്തുറുമീൻ. മണ്ഡപം ,പാമ്പൻഭാഗത്ത് ധാരാളം കാണുന്ന ഇനം . Holothuria ,sea cucumber.

47.നകരമീൻ,നഖരമീൻ. പറവമകളിരതു ഐവർണ്ണവണിയുള് കണ്ടുവിരലിർപൂണും അണിവകൈ. മീൻപീലി. കാർചിറുവിരലിൽഅണിയും മീനുരുവാന മോതിരം. (പരിച്ചകം, മിഞ്ചിലി,മിട്ടി)

48.നാക്കമീൻ. (മലയാളം)നാലുകചേപ്പ(തെലുഗു)കടലിലെ മത്സ്യം.പതിനാറു അംഗുലം വളർവതും കരുനിറം ഉള്ളതും ആന വാരൈയെന്നും മീൻവകൈ.

49.നാൻനീർമീൻ.പാനൈമീൻ.

50.നാൾമീൻ,നാന്മീൻ. അശ്വതി. മുതലിയ നച്ചത്തിരപ്പൊട്ട്. നാന്മീൻവായ് ച്ചുളിന്തമതിപോൽ (കലിത്തൊകൈ)

51.നായ്മീൻ.(ശ്ലനകതാരം)Dogstar.Sirius A and B (Binary stars)

52.നെയ്മീൻ.നെയ്യാൻമീൻ(.white prawn), വെള്ളിരുൾ(പതിനാലാമത്തെ നക്ഷത്രമായ ചിത്ര.)

53.നൊയ്മീൻ.മണലിന്റെ നിറമുള്ള ആറ്റുമത്സ്യം.

54.പച്ചവാമീൻ.പച്ച പച്ച,മഞ്ഞ,സ്വർണ്ണനിറങ്ങളാണ്. രോജാനിറമുള്ള കടൽമത്സ്യം.

55.പറവെട്ടിമീൻ. നെയ്യെട്ടി Mudskipper.

56.പന്റിമീൻ.കന്നടത്തിലെ പണ്ഡിമീൻ. പന്റിച്ചേട്ടൻ. മഞ്ചൾനിറം ആനാതും നെടിതായ് വളരുവതും ആന കടൽമീൻ. പലുപ്പ(പഴപ്പ)നിറം ഉള്ളതും ഏൽഅതിവളർവതും ആന കടൽമീന്.

57.പനൈമീൻ. പതിനേഴാമത്തെ നക്ഷത്രം അനുരാധം (അനിഴം).ഓങ്കും പനൈ തുലങ്കൊലി പുരട്ടാതി എന്ന് ഇലക്കണവിളക്കം. ചുനൈയിർപനൈമീൻ(കമ്പരാമായണം) പരൈമീൻവളങ്കും വളൈമെയ് പരപ്പിൻ(മധുരൈക്കാഞ്ചി)
58.പാൽമീൻ.നീലനിറമുള്ളതും മൂന്നടിവളർവതുമാന വെളൈമീൻ.
59.പിത്തളൈക്കാച്ചുമീന്.ചെമ്പുകാശിനെപ്പോലെയുള്ള ചെറിയ ശുദ്ധജലമത്സ്യം.
60.പുണർമീൻ.ആശ്ലേഷിക്കുന്നതും മൈഥുനം ചെയ്യുന്നതുമായ സ്വർണ്ണം, വെള്ളിനിറങ്ങളിലുള്ള ഇരട്ടമത്സ്യം. പുനർവസുനക്ഷത്രങ്ങൾ. പേജ് 282 ൽഇവയെക്കുറിച്ച് (അപ്പൻഡിക്സ് പർപ്പോള)കൃത്യമായി പറഞ്ഞിരിക്കുന്നത്:- Brace of carp in gold or silver, an auspicious object carried before kings or other great personages, one of the Attamangala(Ashtamangalya – 8 auspicious objects). Inaikayal- chutamani Nikantu by Mantalapurutan. ഇണൈക്കയലെന്ന സ്വർണ്ണരജത മീനുകളാണ് പുനർവസുതാരങ്ങളും ബ്രഹ്മപ്രകൃതികളും അഹോരാത്രങ്ങളും ഭാരതീയർക്ക്. (ബ്രഹ്മസിന്ധുവിന്റെ കവർപേജിലെ ഇരട്ടനാഗമിഥുനങ്ങൾക്ക് സ്വർണ്ണരജതനിറങ്ങളെ കൊടുത്തത് ഇതുകൊണ്ടാണ്.)
61.പുളിമീൻ. പുളിയിട്ടുവെച്ച മത്സ്യക്കറി
62. പൂമീൻകെണ്ടൈ, പൊന്മീൻ. മീനിന്കുവാചക്കരുവി. കെണ്ടൈ carpfish .-Mahsir, silvery weighing 100-150 lbs. Barbos tor,the great freshwater gamefish of India. നന്നീരിൽവാഴും പെരുമീൻ.
പൊന്മീൻ -പെരുമീൻ-വിയാളൻ(വ്യാഴം)ജൂപ്പിറ്റർ. പൊന്നോട്ടുവെള്ളിയും ഇരുക്കൈയീയവേ (കമ്പരാമായണം)
63.മകരമീൻ.ചുറാമീൻ.കോട്ടുമീൻ. മകരമത്സ്യം. മകരരാശിയിലെ മുതലചിഹ്നം . ശിംശുമാരം crocodile,dolphin
64.മഞ്ചദ്കോയിമീൻ മഞ്ഞനിറമുള്ള കോഴിമത്സ്യം.
65.മട്ടിമീൻ(ചിപ്പിമീൻ)മുത്തുച്ചിപ്പി. മണിവായൻ തിറന്ത് അകന്ത വായ് ഉള്ള മീന്. പാറക്കെണ്ടൈ. പാറയിടുക്കിലെ ജലത്തിൽകാണുന്നത്. പരുത്തുവായനെന്നും പറയും.
66.മടവാമീൻവെൺനിറമുള്ളത്. മടവൈക്കണ്ടൈ
67.മണലൈമീൻ.കൽനവരൈ,നവരൈ.
68.മയിൽമീൻ. .9 അടി നീളം വളരുന്നതും മങ്ങിയനീലനിറമുള്ളതുമായ കടൽമത്സ്യം. ഇയമൻകോള. (യമൻകോലമത്സ്യം)യമഗോളത്തിലെ മത്സ്യം. ദക്ഷിണേന്ത്യയിലെ മത്സ്യം.
69.മുമ്മീൻ 5 നക്ഷത്രം മൃഗശിരസ്സ്

70.മൈയ് മീൻ മയ്യിന്റെ (കരിമഷി)നിറമുള്ള ശനിഗ്രഹം.മയ്മീൻ പുകയിനും (പുറനാനൂറ്)

71.മൊട്ടമീൻ,മുകുടമീൻ.മുകളിൽ ആകാശം,മല,ഗൃഹോപരി കാണുന്ന ചിഹ്നം

72.യാനൈമീന്.പെരുമീൻ.തിമിംഗലം,വ്യാഴഗ്രഹം

73.വയമീൻ.ഏറ്റവുംപ്രായം കൂടിയ നക്ഷത്രം.നാലാമത്തെ നക്ഷത്രമായ രോഹിണി. ചന്ദ്രന് പ്രിയയായ താരം. Old star

74.വവ്വാൽമീൻ. Dolphin

75.വൻമീൻ.മുതല,ശിംശുമാരം.മിതൈത്തു വൻമീനുയിർകവര

76.വാന്മീൻവാലുള്ള നക്ഷത്രം ,ധൂമകേതു. എമൻകോല swaodfish

77.വിടിമീൻ,വിടിവെള്ളി,ശുക്രഗ്രഹം. Morning star.വിടിവെള്ളിമുളൈത്ത താലം (കല്ലാടം)

78 വിളുമീന് വീഴുന്ന നക്ഷത്രം meteor

79.വെണ്മീൻ.ശുക്രഗ്രഹം

80 വൈക്കുരുമീൻ. വൈക്കുരു ഉദയതാരമാണ്.Morning star. വൈയ്യം,ഉദയം. വൈയ്യം കായലിന് ആ പേരുണ്ടായത് മഹോദയം അഥവാ മഹാസൂഷ്ടിയായ പെരുമ്പടപ്പിന്റെ പേരിലാണ്. വിടിവെള്ളി അഥവാ ശുക്രഗ്രഹം. ഭൂഗോത്രത്തിലെപ്രകാശിക്കുന്ന ഉതിയന്(ഉദയൻ)ചേരലുകളുടെ നാടാണ് കേരളം.

ഈ നാനാർത്ഥങ്ങളറിയുന്ന പക്ഷം സൈന്ധവലിപിയുടെ വായന കുറെക്കൂടി സുഗമമാവും.

ഒരേ ഭാഷ.ഒരേ സംസ്കാരം ഏതുഭാഷയാണ് സൈന്ധവസരസ്വതിസംസ്കാരകാലത്തെ ജനത സംസാരിച്ചിരുന്നത്. ഔദ്യോഗികഭാഷയായി ഒറ്റ ഭാഷമാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ എന്നും ഈ ഭാഷ തുടക്കംമുതൽ ഒടുക്കംവരെ (7500ബിസി-മുതൽതുടർച്ചയായി) ഉപയോഗിച്ചിരുന്നു എന്നുമാണ് പർപ്പോള വിചാരിക്കുന്നത്. (പേജ് 125). ഇതിനുള്ള തെളിവ്:-

1. Syntactic uniformity of the texts
2. ഒരേ ക്രമം (Sequences) തന്നെ എല്ലായിടത്തും ആവർത്തിക്കുന്നു.

ഈ ഔദ്യോഗികഭാഷക്ക് സംസാരഭാഷകൾ പ്രാദേശികമായി നേരത്തേ ഉണ്ടായിരുന്നിരിക്കണം. (ഉച്ചാരണഭേദങ്ങൾ).പക്ഷേ ലിപി ഇന്ത്യയിലെന്നല്ല,വിദേശങ്ങളിൽപോലും മനസ്സിലാവുന്ന ഒരു അന്തർദ്ദേശീയതലത്തിലുള്ള ലിപിയായിരുന്നു. ഇപ്പോൾ ഇംഗ്ലീഷ് ഉപയോഗിക്കുന്നപോലെ ഒരു International language.മെസപ്പൊട്ടോമിയൻ സിലിണ്ടർസീലുകളിലും ഗൾഫ് ടൈപ്പ് വൃത്താകൃതിസ്റ്റാമ്പുകളിലും സൈന്ധവഹരപ്പൻലിപിയാണുള്ളത്. മെസപ്പട്ടോമിയൻലിപിയല്ല. ഹരപ്പൻഇക്കണോഗ്രാഫിയുമുണ്ട്. ഉദാ:കണ്ടാമൃഗം,ആന.

അതായത്,അവിടെ വ്യാപാരനിയന്ത്രണവും ഭരണവും സിന്ധുനദീതടത്തിലെ ജനതയുടെ ഭാഷയിലൂടെയും കൈകളിലൂടെയുമായിരുന്നു. അക്കാഡിയൻസിലിണ്ടർലിഖിതത്തില് സൂ-ഇലിസു-മെലൂഹ(മ്ലേഛ) ദ്വിഭാഷി എന്ന് എഴുതുകമാത്രമല്ല,കുള്ളനായി,കറുത്ത ഒരു ബ്രാഹ്മണനെ രാജാവിന്റെ മടിയിലിരുന്ന് വായിച്ചുമനസ്സിലാക്കിക്കൊടുക്കുന്ന ചിത്രവും കാണിച്ചിരിക്കുന്നു. 1932ൽ ഹണ്ടര് അഭിപ്രായപ്പെട്ടു: ഒന്നുകില് ഇന്ത്യയിൽനിന്ന് വ്യാപാരാവശ്യങ്ങൾക്കായി എത്തിച്ചത്, അല്ലെങ്കിൽ മെസപ്പട്ടോമിയയില് താമസമാക്കിയ ഇന്ത്യക്കാരനായ ഒരു വ്യക്തി (സെമിറ്റിക് ഭാഷയും അറിയുകയും സംസാരിക്കയും ചെയ്യുന്ന വ്യക്തി) അവിടെ വെച്ച് നിർമ്മിച്ചത് ആയിരിക്കണം മെസപ്പട്ടോമിയയിലെ സീലുകളെന്ന്.(പേജ് 131).ഹണ്ടറുടെ ഈ അഭിപ്രായത്തിനുശേഷം അനേകം സീലുകൾരണ്ടിടത്തുനിന്നും കിട്ടി. പക്ഷേ ഹണ്ടറുടെ അഭിപ്രായം മാറ്റേണ്ട രീതിയിലുള്ള ഒന്നും ഇതുവരെ കിട്ടിയിട്ടുമില്ല എന്ന് കാണാം.ഇതിനുദാഹരണമായി പർപ്പോള രണ്ടെണ്ണം എടുത്തുപറയുന്നു.

1.കിഷിലും മോഹഞ്ജോദാരോവിലും കാണുന്ന ഒരേ തരം സീലുകൾ. ഇവയിലെ ലിഖിതം ,ഒറ്റക്കൊമ്പന്റെ ഇക്കണോഗ്രാഫി ഇവ ഒന്നുതന്നെയാണ്. (കിഷ് ഐ,എം. 1822, മോഹഞ്ജോദാരോ എം.228)



മെസപ്പട്ടോമിയയിൽതാമസിച്ചിരുന്ന ഇന്ത്യൻവണിക്സംഘത്തിലെ ആളുകള്,അവരുടെ മക്ക ൾക്ക് (മെസപ്പട്ടോമിയയിൽ ജനിച്ചകുട്ടികൾ)പേരുകൾമാറ്റി (താമസിക്കുന്ന നാട്ടിലെ പേര്)സ്വീകരിച്ചിട്ടും മാതൃഭൂമിയായ ഇന്ത്യയുമായി ബന്ധം പുലർത്തിയിരുന്നു എന്നും ഇവരാണ് പിൽക്കാലത്ത് സൈന്ധവമെസപ്പട്ടോമിയൻവ്യാപാരശൃംഖലയുടെ ഏജന്റുമാരായി പ്രവർത്തിച്ചതെന്നുമാണ് ഇതിന് ആകെയുള്ള ഒരു വിശദീകരണമായി പർപ്പോള കരുതുന്നത്(പേജ് 132-133).പുന്തിന്റെ കഥയും യയാതിപുത്രനായ തുർവ്വശുവിന്റെ കഥയും മൂഷകവംശത്തിലെ ചന്ദ്രവർമ്മന്റെ സമുദ്രസഞ്ചാരകഥയും ഈ നിഗമനത്തെ ശരിവെക്കുന്നവയായിട്ടാണ് എനിക്കു കാണാനാവുന്നത്.

ഇത്രയും പറഞ്ഞുകഴിഞ്ഞ പർപ്പോള , “The earliest texts ,the hymns of Rgveda ,are assumed to have come into being during the latter half of the second millennium “എന്നു പറയുന്നതിലെ യുക്തിരാഹിത്യം മാത്രമാണ് കല്ലുകടിപ്പിക്കുന്നത്. സംസ്കൃതഭാഷ ബ്രാഹ്മണരുടേയും പ്രാകൃതഭാഷ അബ്രാഹ്മണരുടേയും എന്ന ഒരു തെറ്റിദ്ധാരണ കൊണ്ടാണിത് സംഭവിക്കുന്നത്. അനേകം പ്രാകൃതഭാഷകളും അവ സംസാരിക്കുന്ന അനേകം ജനങ്ങളും ഇന്ത്യയിലുണ്ട്. അവരുപയോഗിക്കുന്ന സിംബലുകളെക്കൊണ്ട് ,അവർക്കെല്ലാവർക്കും മനസ്സിലാവുന്ന ഒരു ലിപിഭാഷയുണ്ടാക്കി സംവേദനം ചെയ്യത് 7000-7500ബിസിയിലാണെന്നിരിക്കെ, പ്രാകൃതം സംസ്കൃതമായിട്ടും ചുരുങ്ങിയത് അത്രയും കാലമായിട്ടുണ്ടാവണം. ഈ ഭാഷയെ ഇന്നും ഇന്ത്യയിലെ എല്ലാ വിഭാഗം ജനങ്ങളുടെ ദൈനന്ദിനജീവിതത്തിലും കാണാം. ദക്ഷിണേന്ത്യൻതെരുവുകളിലും വീട്ടുകളിലും ,മനുഷ്യശരീരത്തിലണിയുന്ന വസ്തുക്കളിലും എല്ലാത്തിലും സൈന്ധവചിഹ്നങ്ങളുണ്ട്. അവയുടെ അർത്ഥംഗ്രഹിക്കാന് നിഘണ്ടു ,അനേകം ഗ്രന്ഥങ്ങൾഎന്നിവ ഇന്ത്യയിലുണ്ട്. ഭാരതത്തിലെ ജനജീവിതത്തിന്റെ സ മ്പ്രദായങ്ങളും ഉത്സവങ്ങളും ക്ഷേത്രാചാരങ്ങളും പഠിക്കുന്ന പക്ഷം സൈന്ധവലിപി അനാ വരണം ചെയ്യാൻ പ്രയാസമുണ്ടാവില്ല.

1959ൽ പിന്നോ(Pinnow)ആസ്ട്രോഏഷ്യൻഭാഷകളുടെ distribution map നോക്കിയാൽ ഈ ഭാഷകൾ കിഴക്ക് ബംഗാൾ,മദ്ധ്യത്തിൽ നാഗ്പൂർ,വരെ ഏതാനും ചിലഭാഗങ്ങളിലുണ്ട്. പക്ഷേ ഇന്ത്യയുടെ ഭൂരിഭാഗം വരുന്ന ദക്ഷിണേന്ത്യയിലില്ല എന്നുകണ്ടു.ദക്ഷിണേന്ത്യയിൽ ഇരുള,വെഡ്ഡ(വേട),ലങ്ക,റോസിയഭാഷകളുമുണ്ട്. പടിഞ്ഞാറുനിന്നുള്ള നഹാലി മദ്ധ്യേന്ത്യയിലെ തംബി എന്നൊരു ചെറിയ സ്ഥലത്തുമാത്രമേ ഉള്ളൂ. ദക്ഷിണേന്ത്യയും ഭൂരിഭാഗം വടക്കേ ഇന്ത്യയും അതിന്റേതായ പ്രാദേശികഭാഷകളും (വാമൊഴി)സംസ്കൃതവും (വരമൊഴി)ഉള്ളവയാണ് .Eastern Neolithic cultures of South Asiaയുടെ Mapൽലോക്കിയാലും കിഴക്ക് ബംഗാളിലലല്ലാതെ വേറെ എവിടേക്കും കാര്യമായി കാണുന്നില്ല. ദക്ഷിണേന്ത്യയിൽ മദ്ധ്യത്തിലെ ഒറ്റ സ്ഥലത്തുമാത്രമാണ് ordinary shouldered tool കിട്ടിയത്. അതായത് , തെക്കുകിഴക്കൻസംസ്കാരം (south Eastern culture)ഭാരതത്തിന്റെ മുഖ്യധാരയിലേക്ക് ഒരിക്കലും പ്രവേശിച്ചിട്ടില്ല, Near East ൽനിന്നും ഒരു സംസ്കാരധാരയും ഇന്ത്യയിലേക്ക് പ്രവേശിച്ചിട്ടുമില്ല. ഇവിടുന്നങ്ങോട്ട് (ഭാരതത്തിൽനിന്ന്) എല്ലായിടത്തേക്കും പ്രവേശിച്ചിട്ടുമുണ്ട്.ഒരൊറ്റ യുദ്ധവും കൂടാതെ, സാമ്രാജ്യങ്ങളൊന്നും സ്ഥാപിക്കാതെയാണ് ഈ സംസ്കാരം അങ്ങോട്ട് പരന്നത്.

ദക്ഷിണഏഷ്യയിലെ വടക്കൻനിയോലിത്തിക് ഭാഷ(ബറുഷാക്കി) ചൈനയിലെ യാങ്ഷൂ നിയോലിത്തിക് ഭാഷ,എന്നിവയുടെ തരിപോലും ഏഷ്യക്കകത്തുകൂടി പോകുന്ന വ്യാപാരമാ ർഗ്ഗം ഉണ്ടായിട്ടും ഇന്ത്യയെ തൊട്ടുകപോലും ചെയ്തിട്ടില്ല. കാരക്കോറംവരെ എത്തിയ

ബുരുഷാക്കിഭാഷ കാരക്കോറവുമായി നിരന്തരസ്പർശം (വ്യാപാരമാർഗ്ഗം വഴി) ഉണ്ടായിരുന്ന ഭാരതത്തെ തൊട്ടിട്ടില്ല. ഇത്രയെല്ലാം തെളിവുകളുണ്ടായിട്ടും പിന്നെയും എന്താണിത്ര Confusion ഉണ്ടാവാനുള്ള കാരണം.

1. ആര്യന്മാരെന്നാൽ വെളുത്ത തൊലിയുള്ളവരാണെന്ന തെറ്റിദ്ധാരണ
2. ആര്യന്മാരും വേദങ്ങളും ബ്രാഹ്മണരും അവരുടെ സംസ്കാരവും ഇന്ത്യയുടെ പുറത്തുനിന്ന് (തൊലി വെളുത്തവരുടെ നാടായ യൂറോപ്പിൽനിന്ന് വന്നതാവാനേ ന്യായമുള്ളൂ, കറുത്ത ഇന്ത്യക്കാർക്ക് അത്ര സംസ്കാരമുണ്ടാവാനിടയില്ല എന്ന തെറ്റിദ്ധാരണ. ഇത് തെറ്റിദ്ധാരണ മാത്രമല്ല,യൂറോപ്യരുടെ ഒരു സുപ്പീരിയോറിറ്റി കോംപ്ലക്സും കൂടിയായി രുന്നു.

ഈ വലിയ തെറ്റിദ്ധാരണകളാണ് പൂട്ടുതുറക്കാനാവാത്തവിധം ഭാരതസംസ്കൃതിയെ തളച്ചിട്ടുകളഞ്ഞത്. ഇവയെ മാറ്റി നിർത്തി,സ്വതന്ത്രമായി ചിന്തിക്കുന്ന പക്ഷം കാര്യങ്ങളെല്ലാം വളരെ ലളിതമാവും. ആദ്യമായി നമുക്ക് ശതവാഹനപദം എടുക്കുക.

ശതം 100. പൂജ്യം കണ്ടുപിടിച്ച ഭാരതീയരുടെ ദശാംശം,ശതമാനം മുതലായ ഗണിതപ്രക്രിയകളുടെ കണ്ടുപിടുത്തങ്ങളും അതിപ്രാചീനമാണ്. ഇക്കാര്യത്തിൽ ഒരാള്ക്കുംസംശയവുമില്ല.ഈ വാക്ക് ശതക്രതു,ശതവാഹന,ശതപഥ മുതലായ പദങ്ങളിലെല്ലാം നാം കാണുന്നു. 100 യാഗം ചെയ്യാൻ 100 വർഷം വേണം. 99 യാഗം കഴിഞ്ഞ വ്യക്തി ശതക്രതുവായി. വിശ്വജിത്ത് ആയി. അങ്ങനെ വിശ്വജിത്തായ ശതക്രതു(ശതവാഹന)വായി രാജസൂയവും ചെയ്ത് ചക്രവർത്തിയായവരുടെ വംശവൃക്ഷം (യാഗം,ക്ഷത്രം,വേദം)ബ്രഹ്മക്ഷത്രവംശമാണ്. ശതമെന്ന പദം ഫിന്നിഷ് ഭാഷയിൽ ശത(സദ എന്ന് ഉച്ചാരണം)തന്നെയാണ്.ഫിന്നിഷ് ഭാഷ ദ്രാവിഡഭാഷയാണെന്ന് കാൾഡ്വെല് സ്ഥാപിച്ചിട്ടുണ്ട്.

സൈന്ധവ	ശതം(100)
വെപ്പ്സ്,എസ്റ്റോണിയൻ	സദ
ലിവോണിയൻ	സതം
മോർദ്വിന് ഇ	സാദോ
മോർദ്വിന് എം	സദ
ചേറെമിസ്(മാറി)	സുദോ
വോട് യക്	സു
സിറിയൻ	സോ
വൊഗൾ	സാത്,സേത്,ശാത്
ഒസ്ത്യക്	സോത്
ഹങ്കറി	szaz

പ്രോട്ടോഫിന്നോഉഗ്രിക് കാലത്തിനുശേഷമാണ് പ്രോട്ടോആര്യൻപ്രോട്ടോഇറാനിയൻ ശതം(ചതം)ഉണ്ടായതെന്നും ആര്യന്മാരാണ് അത് ഇന്ത്യയിലെത്തിച്ചതെന്നും പറയുക, വേദത്തിലും ഗണിതത്തിലും അതിന്റെ വാല്യു (മൂല്യം)എന്തെന്നോ അതുണ്ടെന്നു പോലുമോ അറിയാതിരിക്കുക - അങ്ങനെയുള്ളവരുടെ അന്ധമായ സിദ്ധാന്തമാണ് ആര്യന്മാർ വേദവും കൊണ്ട് ഇന്ത്യയിലേക്കുവന്ന വെളുത്തയൂറോപ്യൻവർഗ്ഗമാണെന്ന സമർത്ഥനം.

ഇന്ത്യയിൽനിന്ന് ഇറാനിലേക്കും ഫിന്നിഷ് രാജ്യങ്ങളിലേക്കും ആദ്യമായി സ്വതന്ത്രമായി (Direct) ലിപിയും ചിഹ്നങ്ങളും സഞ്ചരിച്ചു,പിന്നെ ഇന്ത്യയിൽനിന്ന് അറേബിയ വഴി യൂറോപ്പിലേ ക്കും വ്യാപിച്ചു (indirect) . ഇങ്ങനെയാണ് ശതം (പൂജ്യം)എന്ന ഗണിതചിഹ്നവും ഗണിതഭാഷയും സഞ്ചരിച്ചത്. പൂജ്യത്തിന്റെ പാത തന്നെയാണ് ശതവാഹനരുടെ (ശതക്രതുക്കളുടെ) പാതയും. 1500-1300ബിസിയിൽ വടക്കൻസിറിയയിലെ മിത്തനി(മിത്ര)രാജവംശം ആര്യൻദൈവീകനാമം ഉപയോഗിക്കുന്നത് (വൈദികം) പേജ് 132-133ൽ പർപ്പോളതന്നെ പറഞ്ഞുപോലെ അവരിവിടുന്നുപോയ മനുഷ്യരുടെ മക്കളും അവരുടെ പിൻഗാമികളുമായതിനാലാണ്. കസാക്കിസ്ഥാനിലും സൈബീരിയയിലും ഇങ്ങനെയാണ് ശതം എന്ന വാക്ക് എത്തിയത്. മിത്രനിവംശം ഇറാനിലെ ന്യൂറിസ്ഥാനിവംശമല്ല, ഭാരതത്തിലെ ആര്യവംശമാണെന്ന് തീരുമാനമായിട്ടുണ്ട്. മിത്രൻ,വരുണൻ,നാസത്യന്മാരെ സ്തുതിക്കുന്ന ഋഗ്വേദത്തിലെ സ്തോത്രം കൊണ്ടുതുടങ്ങുന്ന ഒരു സന്ധി അവരുടേതായിട്ടുണ്ട്. ശരതുഷ്ട്രന്മാർ വരുണനെ പറയാറില്ല. (കടലിനോടടുത്തല്ലാത്തതുകൊണ്ടാവാം)വേദത്തിലേ അതുള്ളൂ. (കടലിനോട്ടു സാമീപ്യമുള്ള വൈദികഭാരതത്തിന്റെ സാഹിത്യത്തിൽ).അവെസ്തയിൽ രണ്ടേരണ്ടുപ്രാവശ്യമാണ് ഇന്ദ്രനെ പരാമർശിക്കുന്നത്. അതും ഒരു ദുഷ്ടരാക്ഷസനായും സൌര്യ(വേദത്തിലെ ശർവ്വ), നാൻഹൈവ്യ(വേദത്തിലെ നാസത്യ)ഇവരോടൊത്തും. അവെസ്തക്ക് ഇവ ർദേ
വന്മാരല്ല. രാക്ഷസരാമ്. പ്രോട്ടോഇറാനിയൻവംശജരായ അവർക്ക് ഭോഗ (ഭഗ) എന്ന കാമമാണ് ഈശ്വരൻ. തിന്നുക,കുടിക്കുക,രമിക്കുക എന്നതാണ് ഭോഗശാസ്ത്രം. ഇതാണ് കാമശാസ്ത്രവും. മിത്തനിയും ഈജിപ്തും തമ്മിൽ ബന്ധമുണ്ടായിരുന്നു. മിത്തനിവംശം അവസാനിച്ചതോടെ അവരുടെ സംസ്കാരവും അവിടെ തീർന്നു. അത്, ഇന്ത്യയി ൽ വേദത്തിന് സംഭവിക്കുന്നില്ല. സംഭവിക്കയുമില്ല. അത്ര ആഴത്തിലാണ് അതിന്റെ വേര്. കാസ്പിയൻകടലിന്റെ തെക്കുകിഴക്കേമൂലയിൽനിന്നാണ് മിത്തനിആര്യന്മാർ വന്നതെന്നുള്ള വിഡ്ഢിത്തം ഇത്യം തെളിവുകൾമുന്നിൽഉണ്ടായിട്ടും ശാസ്ത്രജ്ഞര് അശാസ്ത്രീയമായി പറയുന്നത് അവിശ്വസനീയമായി തോന്നും. യുക്തിക്കുനിരക്കാത്തത് ശാസ്ത്രീയമാവുന്നതെങ്ങനെ. ബാക്ട്രിയ, മാർജിയാനയിലാണ് ഋഗ്വേദം എഴുതപ്പെ

ട്ടതെന്ന വിക്ടര് സരിയാനിധിയുടെ നിഗമനത്തെ ബാലിശമെന്നല്ലാതെ വേറൊന്നും വിളിക്കാനില്ല.

മിത്തനിരാജവംശം അശ്വവിദ്യക്ക് ഏറ്റവും പേർപെറ്റവംശമായിരുന്നു. തെപ്പേ ഹിസ്സാറിലെ 3 ബിയാണ്(വടക്കൻഇറാനിലെ)ഏറ്റവും പഴയതും കുതിരവലിക്കുന്നതുമായ ഇരുചക്രത്തേരിന്റെ ചിത്രം. (സിലിണ്ടർസീൽ).2 ക്രോസ്ബാറുകളും 2 ചക്രവും സ്വർണ്ണം വെള്ളിഇവകൊണ്ടുള്ള ചെറിയ ടമ്പറ്റുകളും ഇതേസ്ഥലത്തുനിന്ന് കിട്ടി.(തെപ്പേ ഹിസ്സാർ 3 സി.)ടമ്പറ്റുകൊണ്ട് കുതിരകളെ യുദ്ധത്തിൽ, എവിടേക്കുതിരിയണമെന്ന് പരിശീലിപ്പിച്ചിരുന്നു. രാംസസ്സ് മൂന്നാമന്റെ ബാസ് റിലീഫിൽ (12ആംനൂറ്റാണ്ട്ബിസി) ഇത്തരം പരിശീലനം കാണാം.ഇത് മിത്തനികളുമായി പരിചയപ്പെട്ടശേഷമാണ് അവർപഠിച്ചത്. മിത്തനി(മിത്രാനി)വൈദികഭാരതത്തിലെ മനുഷ്യവംശമാണെന്ന് തീരുമാനമായിട്ടുണ്ട്.ചാക്ഷുഷി(ഓക്സസ്)നദീതീരത്തെ ഹരപ്പന്മാരുടെ കോളനിയായ ശോർത്തുഗൈ(ശത്രുഘ്നനഗരം)ഹരപ്പൻഇന്ത്യക്കാര് ഉപേക്ഷിച്ചുപോയശേഷമാണ് ബാക്ട്രിയ മാർജിയാന ആർക്കിയോളജിക്കല് കോംപ്ലക്സിലെ (ബിഎംഎസി) ചെമ്പുയുഗം ആരംഭിക്കുന്നത്. 1900- 1700ബിസി, 1700-1500ബിസി എന്നിങ്ങനെ തുടർച്ചയായ കാലമാണ് ബിഎംഎ സി യ്ക്ക് ബിഎംഎസിയിലെ ആയുധങ്ങളിൽ കുതിരയുണ്ട്. ഇവിടെനിന്നും ചെറിയ ടംപെറ്റുകൾ കിട്ടിയിട്ടുണ്ട്.അതായത്,അവിടത്തെ അക്കാലത്തെ ജനത യുദ്ധത്തിൽ കുതിര ഉപയോഗിച്ചിരുന്നു.ബാക്ട്രിയയിലെ ശ്മശാനത്തിൽനിന്ന്കുതിരപ്പുറത്ത് നഗ്നനായി ഇരിക്കുന്ന ഒരാളുടെ ചെമ്പുപ്രതിമ കിട്ടി. കാൽ പിന്നിലേക്ക് ,കുതിരയുടെ താഴേക്ക്, വളച്ചിരിക്കുന്നു.സ്റ്റിറപ്പുകളില്ല. മെഹ്ർഗാർഹ് 7, സിബ്രി, മെഹ്ർഗാർഹിനും നൌഷാരോക്കുമിടയിലായിട്ടും ബിഎംഎസി ശ്മശാനങ്ങള് കാണുന്നുണ്ട്. അതായത് ബിഎംഎസി സംസ്കാരം ബലൂചിസ്ഥാനിലെ (കേകയം) ജനതയോട്ടു ബന്ധപ്പെട്ടതാണ്. ബലൂചിസ്ഥാനം (കേകയം)പണ്ടത്തെ ഭാരതത്തിലുൾപ്പെട്ട പ്രദേശമായിരുന്നുതാനും. ഇതിലൊന്നും ആർക്കും ഇതുവരെ എതിരഭിപ്രായമൊന്നുമില്ല. (148-149 പർപ്പോള)പ്രശ്നം വരുന്നത് രാമായണത്തേയും വേദത്തേയുമെല്ലാം ഇന്നലെ ഉണ്ടായതെന്നു സങ്കൽപ്പിച്ച് കഥ മെനയുന്നവർക്കാണ്. രാമായണത്തിലെ കൈകേയി ബലൂചിസ്ഥാനക്കാരിയാണ്. യുധാജിത്തും അശ്വപതിയും അവളുടെ സഹോദരനും പിതാവുമാണ്.പേരിൽത്തന്നെയുണ്ട് ഭാരതീയത. അശ്വപതിയുടെ പേരക്കുട്ടിയും യുധാജിത്തിന്റെ മരുമകനും കൈകേയിയുടെ പുത്രനുമായ ഭരതനും ഇക്ഷ്വാകുവംശജനും സൂര്യവംശജനുമായ ദാശരഥിയാണ്,ശ്രീരാമസഹോദരനാണ്. ഭരതനെ ബാക്ട്രിയക്കാരനെന്നു വിളിക്കാവതല്ല. നൌഷാര,മെഹ്ർഗാർഹിനിടയിലുള്ള ശ്മശാനങ്ങളുണ്ടാക്കിയവരാണ് ബാക്ട്രിയയിലെ ശ്മശാനങ്ങളുമുണ്ടാക്കിയവരെന്നു വിചാരിക്കുന്നതാണ് യുക്തി. 7500ലധികം വർഷം പഴക്കമുള്ള രാമായണകഥയെ മിത്ത് എന്നു

വിചാരിക്കുന്നതാണ് മിത്ത്. അതുപോലെത്തന്നെ അഫ്ഘാനിസ്ഥാനിലെ ഗാന്ധാരത്തിലെ ഗാന്ധാരി മഹാഭാരതകാലത്ത് ഭാരതത്തിലെ വധുവും രാജമാതാവുമായിരുന്നു.ആ പ്രദേശങ്ങളെല്ലാം ഒരുകാലത്ത് ഭാരതത്തിന്റെ ഭാഗങ്ങളായിരുന്നു. ചുരുങ്ങിയത് ബിസി 3500 മുതലുണ്ട് ഗാന്ധാരിയുടെ ഈ ബന്ധം.

അവസ്ഥയിൽ ഇന്ദ്രന് ശത്രുവാണ്. വേദത്തിൽ അങ്ങനെയല്ല. ഇന്ദ്രന്റെ പ്രിയപാനീയമായ സോമം (അവസ്ഥയിലെ ഹോമം) എന്ന ലഹരിപദാർത്ഥം,ശത്രുവാണെങ്കിലും അഹുര(അസുര)ന്മാർ സ്വീകരിക്കുന്നു. ദാസ,ദസ്യൂ,പണി(ഫണി)എന്ന് ഋഗ്വേദത്തിൽ പറയപ്പെട്ടവരെല്ലാം ഇന്ത്യയിലെ പ്രബലരായ രാജാക്കന്മാരും ചക്രവർത്തിമാരുമാണ്. ത്രസദസ്യു ഇക്ഷ്വാകുവംശത്തിലെ ചക്രവർത്തിയാണ്,ശ്രീരാമവംശജരെല്ലാം ദാസന്മാരാമ്. (ക്രോണോളജി കാണുക)അതായത് ദേവാസുരയുദ്ധങ്ങളെല്ലാം കസിൻസ് തമ്മിലുള്ള വ്യവഹാരത്തർക്കങ്ങൾമാത്രമാണ്. മഹാഭാരതയുദ്ധവും അങ്ങനെയായിരുന്നുവല്ലോ. ദസ്യുക്കളുടെ ദുർഗ്ഗസംവിധാനം വൃത്താകൃതിയില് അനേകം മതിലുകളോടെയാണ്. രാവണന്റെ കോട്ട വരക്കുന്നപോലെ. ആന്ധ്രപ്രദേശിലെ വിരാടപർവ്വം മൂറലിലെ വിരാടന്റെ കോട്ടപോലെ. വന്ദേരിനാട്ടിലും ദ്രാവിഡരുടെ എല്ലാ സങ്കേതങ്ങളിലും മുമ്പുണ്ടായിരുന്നത് ഇത്തരം വാസ്തുവായിരുന്നു. പുരാതന ദ്രാവിഡവംശത്തിന്റെ ഉമുലിപോലെയുള്ള വാസ്തുവാണത്. ഇവ ചിലകാലങ്ങളി ൽമാത്രമാണ് രാജാവ് ഉപയോഗിക്കുന്നത്. കാലവർഷക്കാറ്റിനെ ആസ്പദമാക്കി കപ്പലുകള് തിര കൊണ്ടുവരുന്ന കാലത്ത് അവിടെ താമസിച്ച് ഇന്ദ്രോത്സവം ആഘോഷിക്കുന്നു. പർണോയ് (പാരണർ)ദാഹ(ദാസ)ജനതയിലുൾപ്പെട്ട ഒരു കൂട്ടമാണെന്ന് സ്ട്രാബോ പറയുന്നുണ്ട്. പിപർത്തി,പ്രണാതി മുതലായ സംസ്കൃതമൂലത്തിൽനിന്നാണ് ദാസരാജാവ് പിപ്രു എന്ന പദം (ഋഗ്വേദം)ഉത്ഭവിച്ചത്. ഇതിൽനിന്ന് പൃണി-പർണോയ് എന്ന് ഭേദമുണ്ടായതായി പർപ്പോള.(പേജ് 150).മൂന്നുകോട്ടമതിലും കിടങ്ങുമുള്ള വൃത്താകൃതിയിലുള്ള ത്രിപുരങ്ങളാണ് ദ്രാവിഡരുടേത്.ഇത്തരം ത്രിപുരങ്ങൾ അഫ്ഘാനിസ്ഥാനിലും ഹരപ്പയിലും ഖനനം ചെയ്തിരുന്നു. യദുക്കളുടേയും തുർവ്വശുക്കളുടേയും വടക്കുപടിഞ്ഞാറൻകേന്ദ്രങ്ങളും ,അവരുടെ ദക്ഷിണാപഥകടലോരതുറമുഖനഗരങ്ങളും തമ്മിലുള്ള ശൃംഖലകളാണ് പ്രധാനവ്യാപാരശൃംഖലകളായി പ്രവർത്തിച്ചിരുന്നത്.ഇവയുടെ ഒരു തുടർച്ച(extension)ആണ് അച്ചേമിനിഡിലെ കുട്ലുഗ് തെപ്പേ.(ബാക്ട്രിയ)യിൽ കാണുന്നകോട്ടകൾ.(Sariianidi 1986 a-59 &73.quoted page 150 Parpola)

ഋഗ്വേദത്തിൽ ശബരപുളിന്ദവർഗ്ഗത്തെ പരാമർശിക്കുന്നു.ശബരിഗിരി ശബരരുടെ ഒരാസ്ഥാനമായിരുന്നു.ശബരരുടെ ഒരു വംശം 12000 കൊല്ലം മുമ്പ് തന്നെ അമേരിക്കയിലുണ്ടായിരുന്നു.അറ്റ്ലാന്തിയനെന്ന് വിളിക്കുന്ന ഇവരുടെ വംശത്തിലാണ് രാവണന്റെ അമ്മ കൈകസി, മയദാനവനും പുത്രി മണ്ഡോദരിയും(രാവണന്റെ ഭാര്യ)

രാവണകുംഭകർണ്ണവിഭീഷണന്മാരെന്നിവരുടെ ജനനം. ഇതേ വംശത്തിലുള്ള ഒരു ശംബരനാണ് ബിസി 3500നോടടുത്ത് ശ്രീകൃഷ്ണപുത്രനായ പ്രദ്യുമ്നനെ കട്ടു കൊണ്ടു പോയി തടവുകാരനാക്കി അമേരിക്കയിൽ പാർപ്പിച്ചത്. മയ,ആസ്റ്റെക് ലിപികൾക്ക് സൈന്ധവലിപികളോട് ചില സാദൃശ്യങ്ങളുണ്ട്. അവരുടെ കാലഗണനയും ഭാരതത്തിന്റേതിന് സദൃശമാണ്. പക്ഷേ യൂറോപ്പിന് അവരെയോ അവരുടെ വാസ്തുവിനേയോ കാലഗണനയേയോ ഈയടുത്തകാലംവരെ അറിവുണ്ടായിരുന്നില്ല. ഭാരതത്തിന് അറിവുണ്ടായിരുന്നു.തങ്ങളുടെ അറിവിലെ ഏതെല്ലാം അംശങ്ങളാണ് മയദാനവനിൽനിന്നു സ്വീകരിച്ചതെന്ന് ഇന്ത്യയിലെ പഴയ ശാസ്ത്രജ്ഞരെല്ലാം എടുത്തു പറഞ്ഞിട്ടുണ്ട്. ഇത്ര സത്യസന്ധമായി മറ്റൊരുവംശത്തിൽനിന്ന് തങ്ങളെന്തു സ്വീകരിച്ചു എന്നു രേഖപ്പെടുത്തുന്ന ഇന്ത്യ യൂറോപ്പിൽനിന്ന് വേദം സ്വീകരിച്ചിരുന്നുവെങ്കില് അതും സത്യസന്ധമായി രേഖപ്പെടുത്തുമായിരുന്നു.അങ്ങനെ കാണുന്നില്ല.

1700 ബിസിയിലാണ് ദാസ,ദസ്യുസംസ്കാരം എംബിഎസിയിൽകാണുന്നത്. 2000 ബിസിയിൽവന്നുചേർന്ന ആര്യൻഭാഷസംസ്കരിക്കുന്ന നോമഡ്സുകളാണ് അതവിടെ എത്തിച്ചത്. (പേജ് 152)ദസ്യുക്കളാണ് ആര്യന്മാരെന്നതിന് ഇതിലധികം തെളിവാവശ്യമില്ല. ഗാലെഗോ 4 സംസ്കാരം 15-1800 നൂറ്റആണ്ട് ബിസിയിലാണ് സ്വാറ്റിലുള്ളത്. അക്കാലത്താണ് സ്വാറ്റില് കുതിരപ്പുറത്ത് (കുതിരയുടെ ഉപയോഗം) സഞ്ചരിക്കുന്നതിന്റെ തെളിവ് ആദ്യമായി കാണുന്നത്.സ്വാറ്റ് ദ്രാവിഡകേരളവുമായി ആദികാലം മുതലേ ബന്ധംപുലർത്തുന്ന പ്രദേശമാണ്. ഗാലഗോ ഫേസ് നാലില് സ്വാറ്റിലും സിന്ധിലും വ്യാപകമായി നെൽക്കൃഷി തുടങ്ങി.ഇത് കേരളവുമായുള്ള ബന്ധംകൊണ്ടാണ്. നെല്ലും കുതിരയും വൃത്താകൃതിയിലുള്ള തുമുലിരീതി ദ്രാവിഡവാസ്തുശൈലിയിലുള്ള ദുർഗ്ഗം(കോട്ട)നിർമ്മിതിയും പത്മനാഭദാസനെന്ന രീതിയിലുള്ള ദാശ(ദാസ)മുക്കവപദവും (ഈശ്വരദാസരായ പരതവരെന്ന കടലോരനാവികരും സമുദ്രസഞ്ചാരികളും)ആയ ഭൃഗുക്കളുടെ പടിഞ്ഞാറെ തീരത്തുനിന്നുള്ള വരവാണ് നെൽകൃഷി വടക്കോട്ടും,കുതിരയെ തെക്കോട്ടും വ്യാപിപ്പിച്ചതെന്നുകരുതാവുന്നതാണ്.

- **കുതിരയെക്കുറിച്ച തർക്കംഃ-**

കുതിരയെ ഹരപ്പനഗരാവശിഷ്ടങ്ങളിൽ കാണാനില്ലെന്നതാണ് വലിയ ഒരു വിഷയമായിട്ട് പഴയ പുരാവസ്തുശാസ്ത്രജ്ഞർ എടുത്തുകാട്ടിയിരുന്നത്. 2000 ബിസിക്കുമുമ്പ് ഇന്ത്യക്കാർക്ക് കുതിരയെ അറിയില്ലായിരുന്നു എന്നാണ് വാദം. കുതിരയെ അറിയാത്തവരെങ്ങനെ അശ്വമേധയാഗം നടത്തും.അതുകൊണ്ട് അശ്വമേധമുൾപ്പെട്ടവേദം പുറത്തുനിന്ന് വന്നതാണെന്ന് വാദിക്കാനിതു കാരണമായിത്തീർന്നു. Equus hominus khur എന്ന ഉത്തമാശ്വത്തിന്റെ ജന്മദേശം N.W.South Asia യാണ്. ഇത് ബലൂചിസ്ഥാനിലും വടക്കുപടിഞ്ഞാറെ ഇന്ത്യൻപ്രവിശ്യകളിലും കാണുന്ന ഇനമാണ്.

മെഹർഗാർഹ് 1,2,3-6 കാലഘട്ടം, സാലക്കോട്ട്,നൌഷാരോ,സിബ്രി,പിറക്ക് ഇവിട ങ്ങളിലെല്ലാം കുതിരയെ ഉപയോഗിച്ചിരുന്നു. ഉത്തമാശ്വത്തെ പിറക്കിൽ മാത്രമാണ് ഉപയോഗിച്ചിരുന്നത്. ഭൂഉകഛമെന്ന റാൻഓഫ് കഛില് ഖുര് അഥവാ ഖുരം(ഖരം) എപ്പോഴും ഉണ്ട്. (പട്ടിക.Meadow. 1991. 55 പേജ് 157 പർപ്പോള).

മിത്തനിയിലെ ഒരു രാജാവിന് ദശരഥനെന്നു പേരുവന്നതെങ്ങനെയെന്ന് എന്തു കൊണ്ട് ആരും ചിന്തിക്കുന്നില്ല. ഋക്സംഹിതയിൽ(5.61.13)പറയുന്നു: ത്വേഷ രഥ (രഥ ത്തോട്ടുകൂടിയവൻ). ഈ രാജാവിന്റെ കാലത്താണ് ഋഗ്വേദമുണ്ടായതെന്നു ബന്ധിപ്പി ക്കുന്ന പാശ്ചാത്യർ (പേജ് 158) ,തേർക്കുതിരകളെ യുദ്ധത്തില് വിദഗ്ധമായി ചരിപ്പിക്ക ന്നതിനെക്കുറിച്ചുള്ള ഒരു പുസ്തകം (അശ്വവിദ്യ)ഹിറ്റൈറ്റ് ഭാഷയിൽ മിത്തനിരാജാവ് കിക്കുലി എഴുതിയതിൽ,എങ്ങനെ ഇത്രയധികം സംസ്കൃതപദങ്ങളുണ്ടായി എന്ന് ആ ലോചിക്കേണ്ടതാണ്. രാമായണകാലത്തെ ദശരഥന്റെ മകനായ ഭരതന്റെ പിൻഗാമി കളായ ബലൂചിസ്ഥാനമെന്ന കേകയത്തിലെ സന്തതികളാണവരെന്ന് ആലോചിക്കാ ത്തത് രാമായണത്തെ മിത്ത് എന്ന മുൻവിധിയോടെ സമീപിക്കുന്നതുകൊണ്ടാണ്. ഋഗ്വേദം മിത്തനിയിലെ ദശരഥന്റെ ശേഷമാണ്, അതുകൊണ്ട് രാമായണവും ഭാര തവും ഒക്കെ അങ്ങനെയാവണം എന്നനിലപാടാണ് അടച്ചമനസ്സുകാർക്കുള്ളത്. മിത്തനിയിലെ ദശരഥന് കിള്ളി അഥവാ ഇളയതാവഴി സ്ത്രീവംശത്തിലെ ഒരു പ്രജയാ ണെന്നറിഞ്ഞാൽ അതിനുമുമ്പുള്ള രാമായണകാലത്തെ ദശരഥനും പുത്രനായ ഭരത നും ശേഷമാണ് മിത്തനിയിലെ ദശരഥകാലമെന്നും മനസ്സിലാവും.

ഋഗ്വേദത്തിലെ ശതവാഹനഅശ്വമേധ,ദിഗ്വിജയങ്ങൾ, എപ്പോഴും യുദ്ധങ്ങളായിരുന്നി ല്ല. സുഹൃദ്ബന്ധസ്ഥാപനങ്ങളും വസ്തുക്കളുടെ കൈമാറ്റവും വിവാഹബന്ധത്തിലൂടെ പരസ്പരസഹായം ഉറപ്പാക്കലും ഒക്കെയായിരു്ന്നു.ചിലസന്ദർഭങ്ങളില് മാത്രമാണവ യുദ്ധങ്ങളായി കലാശിച്ചിരുന്നത്. വിവിധതരം അശ്വങ്ങളെക്കുറിച്ച് രാമായണകാല ത്തുതന്നെ വാത്മീകിക്ക് അറിയാം,ഭദ്രമെന്ന ഉത്തമാശ്വങ്ങളെ ഗാന്ധാരത്തിലും, ര ണ്ടാം തരമായവയെ വടക്കുപടിഞ്ഞാറൻപ്രവിശ്യകളിലും പടിഞ്ഞാറൻതീരത്തും കിട്ടു മെന്ന് പറഞ്ഞിരിക്കുന്നു. ചതുരംഗപ്പട ആനയും കുതിരയും കാലാളും തേരുമുള്ളതാ ണ്. ചതുരംഗക്കളിയിലും ഇതേ കരുക്കളാണ് ഉപയോഗിക്കുന്നത്.ഇത്തരം കരുക്കൾ മോഹഞ്ജോദാരോവിൽനിന്നു കിട്ടിയതിന് അർത്ഥം കുതിര,തേര്,ആന,കാലാളോട്ടു കൂടിയ ചതുരംഗപ്പടമാത്രമല്ല,ചതുരംഗക്കളിയും ഇവിടത്തെ ജനതക്ക് അറിയാമെന്നാ ണ്. അശ്വമേധവും ദിഗ്വിജയവും പറയാത്ത ഒരു പുരാണേതിഹാസമോ വേദമോ ശാ സ്ത്രമോ കാണാനില്ല. സമൃദ്ധമായ ഈ സാഹിത്യം ഇന്ത്യക്കാർക്ക് കുതിരയെ അറിയി ല്ല എന്നാണോ ,അറിയാമെന്നാണോ കാണിക്കുന്നത്. ഭീംതെക്ക് പൌരാണികഗുഹയി ലെ അതിപ്രാചീനമായ കുതിരയുടെ ചിത്രം ,ചിരപുരാതനമായ വാജീകരണവിദ്യക്ക്

കുതിരയുടെ നാമം കൊടുത്തിരിക്കുന്ന രീതി ഇതെല്ലാം കുതിരയുടെ പേരോ രൂപമോ അറിയാത്ത ഒരു വർഗ്ഗത്തിന് എങ്ങനെ കഴിയും. പടിഞ്ഞാറൻതീരത്തെ രണ്ടായി വിഭജിച്ചാൽ, കന്യാകുമാരിമുതൽ ഭൃഗുകച്ഛംവരെയുള്ള ജനതയുടെ അടയാളമായിരുന്നു ആന അഥവാ ഹസ്തി(ഗജം). അതിനുമുകളിലെ വടക്കുപടിഞ്ഞാറ ൻപ്രവിശ്യകളിലെ ജനതയുടെ ചിഹ്നം കുതിരയും. കിഴക്കൻതീരത്തിലുള്ളവർക്ക് രഥചിഹ്നവും പ്രത്യേകമായിരുന്നു. എല്ലാവർക്കുമുള്ളതാണ് കാലാൾ. ഇങ്ങനെ നാലുവശവും ഉൾപ്പെട്ട



ചതുരംഗപ്പടക്ക് ചിഹ്നമുണ്ടായിരുന്നു. കേകയമെന്ന ബലൂചിസ്ഥാനിലും ഗാന്ധാരമെന്ന അഫ്ഗാനിസ്ഥാനിയും ഉള്ള ബ്രാഹ്വയി എന്ന ദ്രാവിഡ ഭാഷ സംസാരിക്കുന്ന ശക്തരായ ഭൃഗുക്കളെ (പിരഹ്വയി , ബ്രഹ്വയി തദ്ഭവങ്ങളാണ്) ക്കുറിച്ച് സർ ഡെന്നിസ് ബ്രേ എഴുതിയത് ഉദ്ധരിക്കട്ടെഃ-Then there is this alien,and to the ears of his neighbors, barbarian languages , an island of Dravidian utterly severed from its kin by many hundreds of miles of surrounding Indian and Iranian languages and possibly by far more hundred years of isolation…Who are these strange , Dravidian speaking tribesmen ? And if the racial riddles of such a commixture of people is unanswerable,what of their language? Polyglot in vocabulary, it is sheer Dravidian in structure. Is it indigenous to Baluchisthan or immigrant ? If immigrant whence, and when did it wander in ? And if it is indigenous , where and why and how did its kin wander forth beyond its utmost kin? (Sir Dennis Bray 1934 . 11,41) ഇതിൽനിന്ന് കേകയത്തേയും ഗാന്ധാരത്തേയും അവിടത്തെ ദ്രാവിഡഭാഷയേയും കുറിച്ച് എന്നാണ് നാം ഗ്രഹിക്കുന്നത് .

1.. അതൊരു ഒറ്റപ്പെട്ട ദ്രാവിഡിയൻദ്വീപായി,ഇന്ത്യയിൽനിന്ന് അകന്നുനിൽക്കുന്നതായിരുന്നില്ല.

2. അവരുടേത് ഇന്ത്യൻഭാഷകളാല് ചുറ്റപ്പെട്ട ഒരു വിദേശഭാഷയുമായിരുന്നില്ല.

3. അവിടെയുള്ളവർ ഇന്ത്യക്കാരായ മാതാപിതാക്കള്ക്കുജനിച്ച ഇന്ത്യക്കാർതന്നെയായ ഒരതിപുരാതനവംശമായിരുന്നു.സൂര്യവംശത്തിലെ ഇക്ഷ്വാകുക്കളും ചന്ദ്രവംശത്തിലെ യദു,ദുർവ്വസുക്കളും അവരുടെ പൂർവ്വീകരായിരുന്നു. ഈ പൂർവ്വവംശങ്ങളുടെ സമ്പൂ

ര്ണ ക്രോണോളജി ഇന്നും ഇന്ത്യയിലെ ഗ്രന്ഥങ്ങളിലുണ്ട്. ഒരിടത്തും വംശാവലിയിലൊരു വിടവ് കാണുന്നില്ല.

4. അതുകൊണ്ടുതന്നെ ഇന്ത്യയിലെ പഴയ ഗ്രന്ഥങ്ങൾനോക്കിയാല് ഇവരാര് എന്ന പ്രശ്നം ഉദിക്കുന്നില്ല.

5.ബലൂചിസ്ഥാനം,അഫ്ഗാനിസ്ഥാനം,ഭാരതം എന്ന വ്യത്യാസം വന്നതിനുശേഷമുള്ള കാലത്തല്ല,ഈ ഭാഷകളുണ്ടായതും ഇവിടത്തെ വംശം സൃഷ്ടിക്കപ്പെട്ടതും. അതിനെത്രയോ മുമ്പാണ്. ഭാരതഭാഷ എന്നല്ലാതെ വിദേശഭാഷ എന്നോ Immigrant ഭാഷ എന്നോ ഇവയെ പറയാവതല്ല.

6.Indegenous ആയ ഈ ഭാഷ ഒരിക്കലും അവരുടെ ഗോത്രങ്ങളിലുള്ളവർ മറന്നിട്ടില്ല. ഇപ്പോളും അവരത് പറയുന്നുണ്ട്. ഇന്ത്യയിലുള്ള അവരുടെ ഗോത്രങ്ങളുമായി അവരെന്നും പുലർത്തിയ കര,സമുദ്രവ്യാപാരം,വിവാഹം മുതലായ ബന്ധം കൊണ്ടാണ് ഇന്നും പുരാവസ്തുഗവഷകർക്ക് ഒരു പിടിവള്ളിയായി അവരുടെ ഭാഷയും അതിന് ദ്രാവിഡഭാഷയോടുള്ള സാമ്യവും നിലനിൽക്കുന്നത്. പുരാവസ്തുഗവേഷകരുടെ ഖനനം കൊണ്ട് പുറത്തുവരുന്ന വസ്തുക്കളും ഈ ബന്ധം കാണിക്കുന്നു.

7. വടക്കുപടിഞ്ഞാറേ അതിർത്തികാക്കുന്ന കാപ്പതന്മ്പുരാന്മാരായിട്ടാണ് കേകയ, ഗാന്ധാരദേശത്തുള്ളവർ വാണത്. അതിർത്തികളെ പരിപാലിക്കുന്നവരായിരുന്നു ഇവർ. സൂര്യചന്ദ്രവംശികൾക്ക് അവരിലുണ്ടാവുന്ന കുട്ടികൾക്ക് ,മൂത്തകുട്ടി തന്റെ യോഗ്യത തെളിയിക്കുന്ന പക്ഷം ചക്രവർത്തിസ്ഥാനത്തിനും അർഹനായിരുന്നു.ഭരതന്റെ ചക്രവർത്തിസ്ഥാനം സ്വയം നിരസിച്ചതുകൊണ്ടുമാത്രമാണ് നഷ്ടപ്പെട്ടത്. ദുര്യോധനന്റേത് യുധിഷ്ഠിരനേക്കാളും പ്രായം കൊണ്ടും യോഗ്യതകൊണ്ടും ഇളയവനായതുകൊണ്ടും.

8.അവരുടെ സീലും സമ്മതപത്രവുമില്ലാതെ പുറത്തുനിന്ന് ഒരുകുട്ടിപോലും ഇന്ത്യയിലേക്ക് കടന്നിരുന്നില്ല. നല്ലൊരു പ്രതിരോധശക്തിയായിരുന്നു കരുത്തരായ കേകയ, ഗാന്ധാരദേശക്കാരായ ഇന്ത്യക്കാർ. പുറംരാജ്യങ്ങളിലുള്ളവർക്ക് ഇവരുടെ പ്രതിരോധനടപടികളെ ക്രൂരമായും മ്ലേഛമായും ബാർബാറിസമായും തോന്നിയത് അവരുടെ പട്ടാളസ്വഭാവം കൊണ്ടാണ്.

9. ഇളം തലമുറ കാപ്പതന്മ്പുരാന്മാരായും യുവരാജാക്കന്മാരായും ഈ അതിർത്തിപ്രദേശങ്ങളിലേക്ക് അയക്കപ്പെടാറുണ്ട്. ഇപ്രകാരം അവരവരുടെ വീര്യം തെളിയിക്കാനൊരവസരം ലഭിക്കും.ഇത് ഭാരതത്തിലെ പഴയ പതിവാണ്.അവിടെവെച്ച് അവിടത്തെ പെൺകുട്ടികളെ വിവാഹം കഴിച്ച് കുഞ്ഞുങ്ങളുണ്ടാവിന്നതും പതിവാണ്.കൃഷ്ണന്റെ ഒരു ഭാര്യ കേകയരാജകുമാരിയും സ്വന്തം മുറപ്പെണ്ണുമാണെന്ന് ഭാഗവതത്തിലുണ്ട്.

10.ഉത്തരാപഥദക്ഷിണാപഥമാർഗ്ഗങ്ങള് (കരവഴി) ,സമുദ്രമാർഗ്ഗം എന്നിങ്ങനെ രണ്ടുമാർഗ്ഗത്തിലൂടെയും വ്യാപാരബന്ധം പുലർത്തിയിരുന്ന ഭാരതീയരാകയാൽ,

ഇക്കൂട്ടർ (കടലോരവാസികളും കേകയ,ഗാന്ധാരവാസികളും) ശക്തരായിരുന്നു. സമൃദ്ധരുമായിരുന്നു. ഉത്തരഭാഗത്തെ ബ്രാഹ്വയി സംസാരിക്കുന്ന ബന്ധുക്കൾക്ക് പടിഞ്ഞാറൻ തീരത്തുനിന്ന് (പ്രത്യേകിച്ചും മലബാർതീരം)നെല്ലും അരിയും സ്ഥിര മായി എത്തിച്ചിരുന്നു.അവിടത്തെ അസംസ്കൃതവസ്തുക്കളായ ചിപ്പി,മുത്ത് മുതലായവ കൊണ്ട് കൈത്തൊഴിലുകളേയും പോഷിപ്പിച്ചിരുന്നു. അതിമനോഹരവും കേന്ദ്രീകൃ തവും സഹകരണാടിസ്ഥാനത്തിലുള്ളതുമായ ഏകരാഷ്ട്രഭരണസംവിധാനത്തിലെ റിപ്പബ്ലിക്കുകളായി ചുരുങ്ങിയത് 7500 ബിസി മുതലെങ്കിലും നിലനിന്ന വലിയൊരു സംവിധാനത്തിന്റെ ഭാഗമായിരുന്നു എല്ലാവരും.

M.S.Andronov,Kanil V.Zvelebil എന്നീ ദ്രാവിഡിയോളജിസ്റ്റുകള് ബിസി 4000 മുതല് ബ്രാഹ്വയികൾ ബലൂചിസ്ഥാനിലുണ്ടെന്നും Jules Bloch അവർവന്നത് തെക്കേ ഇന്ത്യ, മദ്ധ്യേന്ത്യ എന്നിവിടങ്ങളിൽനിന്നാണെന്നും സ്ഥാപിച്ചിട്ടുണ്ട്. 1987ൽ, Joseph Elphenbeen ഇതുതന്നെ വീണ്ടും സ്ഥാപിച്ചു. യദു, ഹൈഹയ,മൂഷക,കേരളവംശം മദ്ധ്യേന്ത്യ ,ദക്ഷിണേന്ത്യ എന്നിവിടങ്ങളിൽനിന്നാണ് ഉത്ഭവിച്ചതെന്ന് ഇന്ത്യയിലെ ക്രോണോളജികളും പറയുന്നു. ബ്രാഹ്വയി ഉച്ചാരണഭേദം കൊണ്ട് ബ്ലാലൂചിയും പിന്നീട് ബലൂചിസ്ഥാനവുമായി എന്നും ഒരു വാദമുണ്ട്. ബ്രാഹ്വയി അഥവാ ബാഹ്ലീകഭാഷ സംസാരിക്കുന്ന ദേശമെന്നാണ് ബലൂചിസ്ഥാനമെന്നതിന്റെ അർത്ഥം. ബാഹ്ലീകം, ബാഹ്ളീകർ, എന്ന സംസ്കൃതപദം ബ്രാഹ്ലീകവും ബ്രാഹ്വയിയുമായതാവാം. ബലോചി (ബലൂചി)എന്ന ആർക്കെയ്ക്ക് വടക്കുപടിഞ്ഞാറന് ഇറാനിയൻഭാഷ സംസാരിക്കുന്ന വരും ബ്രാഹ്വയി ദ്രാവിഡഭാഷ സംസാരിക്കുന്നവരും കിഴക്കേ കേകയമെന്ന (ബലൂ ചിസ്ഥാനെന്ന)സ്ഥാനത്തുനിന്ന് ഉത്ഭവിച്ചവർതന്നെയാണ്. കിഴക്കെ ബലൂചിസ്ഥാന ത്തിന് സംസ്കൃതഭാഷയിൽ ഭദ്രാവതി എന്നും ഇറാനിയന് ഭാഷയില് വദ്രാവതി എ ന്നും പേരുണ്ട്. ഇതിനെയാണ് ഗ്രീക്കുഭാഷ ജെഡ്രോഷ്യ എന്ന് വിളിക്കുന്നത്.ഭദ്രം എന്ന കുതിരകളുടെ (ഉത്തമാശ്വങ്ങളുടെ)നാടായതുകൊണ്ടാണ് സംസ്കൃതം ഭദ്രാവതി എന്നു വിളിക്കുന്നത്. കുതിരക്കച്ചവടത്തിന് പേരുകേട്ട ബാഹ്ലീകദേശം.

1961ലെ കാനേഷുമാരിയിൽ,363000 ആളുകളാണ് പാക്കിസ്ഥാനില് ബ്രാഹ്വയി സംസാരി ക്കുന്നത്. (പ്രൈമറി ഭാഷ ബ്രാഹ്വയിയായവർ).87000 ആളുകളുണ്ട് ഇതിനെ സെക്കന്ററി ഭാഷയായി സംസാരിക്കുന്നവരായിട്ട്. 151000 പേരാണ് ബലൂചിസ്ഥാനിലെ കലാത്തില് ബ്രാഹ്വയി സംസാരിക്കുന്നത്. വേനലിൽ ബലൂചിസ്ഥാനിലും മറ്റുകാലങ്ങളിലെല്ലാം സിന്ധിലും (സിന്ധുദേശം)വസിക്കുന്ന ആഭീരവർഗ്ഗം(യാദ വ)ആണ് ബ്രാഹ്വയി സംസാരിക്കുന്നവർ. തെക്കുകിഴക്കെ അഫ്ഘാനിസ്ഥാനിൽ 50000 മുതല് 200000 വരെ ആളുകള് ബ്രാഹ്വയി രണ്ടുതലമുറയായിട്ടേ ഉള്ളു അഫ്ഘാനികൾ ബ്രാഹ്വയി സംസാരി ക്കുന്നത് നിർത്തി പൂർണ്ണമായി ബലൂചി സംസാരിക്കാനാരംഭിച്ചിട്ട്. ഭാരതത്തിലെ ബ്രാഹ്മി പദത്തിൽനിന്നാണ്

ബ്രാഹ്വയി ഉണ്ടായത്. ബ്രാഹ്മണ, ബ്രാഹ്മണോയ്(ഗ്രീക്ക്) അബ്രാഹ്മണ മുതലായ പദങ്ങളെല്ലാം ബ്രഹ്മം ,ബ്രാഹ്മി എന്ന പദങ്ങളിൽനിന്ന് ഉണ്ടായി. തികച്ചും ദ്രാവിഡമായ ഭാഷയാണ് ബ്രാഹ്മി. ഭാഷമാത്രമല്ല,ബ്രഹ്മമെന്ന ആശയവും ബ്രാഹ്മണരും ദ്രാവിഡമാണ് എന്ന് മനസ്സിലാക്കുക. സംസ്കൃതമെന്ന ബ്രാഹ്മണഭാഷയും ബ്രാഹ്മിയും ബ്രാഹ്മണരും തെക്കേ ഇന്ത്യയിലും മദ്ധ്യേന്ത്യയിലുമുള്ള ജനതയാണ് ഉത്തരേന്ത്യയിലും പിന്നീട് ഇതരനാട്ടുകളിലും എത്തിച്ചത്.വേദവും ഇവിടെയാണുണ്ടായത്. ആര്യരെന്നും ദ്രാവിഡരെന്നും ബ്രാഹ്മണിസമെന്നും പറഞ്ഞ് വിഭാഗീയത കുത്തിവെക്കുന്ന ചരിത്രകാ രന്മാരുടെ മനസ്സിലേക്ക് ഒരിത്തിരി അദ്വൈതം പകരുമെങ്കിൽ ഈ വരികളെഴുതിയ ഞാനും കൃതകൃത്യയാകും.

മൂന്നുപേർ സംസാരിക്കുമ്പോള് ,സമമായവർ രണ്ടുഭാഷയും സംസാരിക്കും.ബലൂചി ആർക്കും സംസാരിക്കാം. താഴ്ന്ന റാങ്കിലുള്ളവർ (ഇളയവർ)മൂത്തവരോട് ബ്രഹ്വയി പറയണം. (ഇത് ഭരതമുനിയുടെ നാട്യശാസ്ത്രത്തിൽ സ്ത്രീകളും അധമകഥാപാത്രങ്ങളും പ്രാകൃതം മാത്രമേ പറയാവൂ എന്ന് നിഷ്കർഷിക്കുന്ന പോലെയാണ്) സരസ്വതി ശിവനോട് സംസ്കൃതത്തിലും മാർഗ്ഗിയിലും,പാർവ്വതിയോട് പ്രാകൃതം ദേശിയിലും സംസാരിച്ചു എന്ന് കാളിദാസമഹാകവി എഴുതിയതും ഈ പഴയ നിയമമനുസരിച്ചാണ്. ഇന്ത്യയിലെ ഈ പതിവ് ബലൂചിസ്ഥാനിലുണ്ടെന്ന് Elfenbein കാണിക്കുന്നു. ഭർത്താവ് ഭാര്യയുടെ ഭാഷയില് ഭാര്യയോടും ,ഭാര്യ ഭർത്താവിന്റെ ഭാഷയില് ഭർത്താവിനോടും സംസാരിക്കണമെന്നാണ് അവിടെ നിയമം. ഇപ്പോൾ മൂന്നിലൊന്നുഭാഗം ബലൂചി,ബ്രഹ്വയികളും സുന്നികളാണ്. ജാട്ട്(യാദവ)ഭാഷയിൽ നിന്ന് ഒട്ടനവധി പദങ്ങളുണ്ട് അവരുടെ ഭാഷയിലെന്നത് ശ്രദ്ധേയമാണ്. ജാട്ട് പഴയ ജർത്ത(ജരത) അഥവാ ജർത്തികയിൽനിന്നുമ്ടായി .മഹാഭാരതത്തിൽ ഇവര് വടക്കൻസിന്ധുതീരത്താണ് താമസിച്ചിരുന്നത്. കപറുക്ക്,മാൾട്ടോ എന്ന വടക്കന് ദ്രാവിഡിയൻഭാഷകളുമായി ബ്രഹ്വയി ഒട്ടനവധി പദങ്ങള് ഷെയര് ചെയ്യുന്നു.

കുറുക്ക്ഃ- (കൂർഗ്,കുടക് ഭാഷകൾ). 1,300000 ആളുകള് (നേപ്പാൾ,മദ്ധ്യപ്രദേശ്,ബീഹീർ, ഒറീസ്സ,വംഗാൾ,ആസ്സാം) സംസാരിക്കുന്ന ഇന്ത്യൻഭാഷയാണ് കുറുക്ക്. ഏറ്റവും കൂടുതൽ ഈ ഭാഷ സംസാരിക്കുന്നവരുള്ളത് ഛോട്ടാനാഗ്പൂരിലാണ്. ഏറ്റവും ജനസാന്ദ്രത കൂടിയ ബീഹാറിലെ റാഞ്ചിജില്ല, മദ്ധ്യപ്രദേശിലെ റായ്ഗാർഹ് ജില്ല,ബീഹാറിലെ രാജ്മഹൽഗിരികൾ,പശ്ചിമബംഗാൾ എന്നിവിടങ്ങളില് 90000 ആളുകള് സംസാരിക്കുന്ന മലദഭാഷയുമായി ബന്ധം പുലർത്തുന്നതാണ് ഇത് .രാമായണത്തിലും ജാതകകഥകളിലും പറയുന്ന പാതകളും ഇവ സംസാരിക്കുന്ന പ്രദേശങ്ങളും താരതമ്യപ്പെടുത്തുക.

കൊറഗർ,കുറവർ,കുടക്കോൻ (ചേരന്റെ ബിരുദം)ആദ്യഭാഗങ്ങളിൽ ചർച്ച ചെയ്തുകഴിഞ്ഞു. കുടം,കുടക്ക –തമിഴിൽ കുടനാട് പടിഞ്ഞാറുനാടാണ്. (അസ്തമയസൂര്യന്റെ നാട്). തെക്കൻ കർണ്ണാടകത്തിലെ തുളുവും വടക്കൻദ്രാവിഡ,കൊടഗുഭാഷയും (കുറുക്ക)സംസാരിക്കുന്ന കൊ

റഗരാണ് വിശ്വാമിത്രഗോത്രക്കാരെന്ന് അർത്ഥം. കുറവള്ളിയായ മുരുകപത്നി ഈ വംശക്കാരിയാണ്. വടക്കൻ ദ്രാവിഡഭാഷയിലെ 2 ശാഖകളാണ് കുറുക്ക് (മാൾട്ടോ എന്ന മലദ), ബ്രഹ്വയി എന്നിവ .ഇങ്ങനെ ഒരു ശാഖാവിഭജനം ഇവതമ്മി്ിൽ എപ്പോഴുണ്ടായി എന്നു പറയാൻ വിഷമമാണ്. ബ്രഹ്വയി ചോദുമാ(ഗോതമ്പ്) എന്ന സംസ്കൃതപദത്തിനു പകരം ചോളം എന്ന ദ്രാവിഡപദമാണ് ഉപയോഗിക്കുന്നത്. ചോളിസ്ഥാൻ, ചോളസാമ്രാജ്യം എന്നിവ ചോളവുമായി ബന്ധപ്പെട്ടുണ്ടായ പദങ്ങളാണോ എന്ന് തീർത്തുപറയാവതല്ല. ധാന്യം മെതിക്കുന്ന നിലത്തെ ഖലം എന്നല്ല ദ്രാവിഡപദമായ കളം എന്നാണ് പറയുന്നത്. അതുപോലെ മുഖത്തിനുപകരം മുകമെന്നു പറയുന്നു.തമിഴിനോടുള്ള സാമ്യം ശ്രദ്ധിക്കുക.

കുറുക്ക് ഐതിഹ്യങ്ങളെ അടിസ്ഥാനപ്പെടുത്തി നർമ്മദനദിക്കു ചുറ്റുമാണ് വടക്കന് ദ്രാവിഡരുടെ ഉത്ഭവമെന്ന് എൽഫൻബീന് പറയുന്നു.നർമ്മദ ജനസ്ഥാനമായ ദ്രാവിഡരാണ് എല്ലായിടത്തേക്കും തങ്ങളുടെ ഭാഷയുമായി സഞ്ചരിച്ച് അത് പരത്തിയത്. മലദജില്ലയേയും വിശ്വാമിത്രന് രാമായണത്തില് രാമലക്ഷ്മണർക്കു പറഞ്ഞുകൊടുക്കുന്നുണ്ട്. വേനലിൽ മലഞ്ചെരിവിലും അല്ലാത്തകാലം സമതലത്തിലും കഴിയുന്ന ട്രൈബലുകളാണ്ദ്രാവിഡസമൂഹം. ബലൂചിസ്ഥാനിലെ ബ്രഹ്വയികൾ ഇതുപോലെ ഇന്ത്യന് സമതലത്തിലും സുദാമാ (സുലൈമാൻ)പർവ്വതത്തിലും കാലാവസ്ഥയനുസരിച്ച് മാറിത്താമസിച്ചിരുന്നവരാണ്. അതായത് അതൊരു മൈഗ്രേഷനല്ല,സ്വന്തം നാട്ടിലെ രണ്ടു പ്രദേശങ്ങളെ വേനൽക്കാലവസതിയായും ഇതരകാലങ്ങളിലെ വസതിയായും ഉപയോഗിക്കൽ മാത്രമാണ്. ഇത്തരം ജീവിതരീതിയെ മൈഗ്രേഷനെന്നു പറയാവതല്ല. പുതിയ രാഷ്ട്രീയാതിർത്തികളുണ്ടാകുമ്പോള് ,രാഷ്ട്രീയമൊന്നുമില്ലാത്ത അവിടങ്ങളിലെ ആദിവാസിസമൂഹത്തിന് പല ബുദ്ധിമുട്ടുകളും സഹിക്കേണ്ടിവരുന്നു. ജീവിതശൈലി മാറ്റാൻ തയ്യാറാകാത്തവര് ദാരിദ്ര്യവും മറ്റ് പ്രയാസങ്ങളും അതുമൂലം വിപ്ലവാത്മകചി ന്തകളും അനുഭവിക്കുന്നു. ചരിത്രം നിരന്തരം ഈ തത്വം നമ്മെ പഠിപ്പിക്കുന്നു.

തെക്കേ ഏഷ്യയിലെ ഏറ്റവും പഴക്കമുള്ള ഭാഷ ദ്രാവിഡഭാഷയാണെന്നും ഹരപ്പ, മോഹഞ്ജോദാരോ നിവാസികൾ സംസാരിച്ചിരുന്നത് ഈ ഭാഷയാണെന്നും നിശ്ചയിച്ചിട്ടാണ് പർപ്പോള (പേജ് 169) ദ്രാവിഡഭാഷയിൽ സൈന്ധവലിപി വായിക്കുന്നത്. ഇപ്പോഴത്തെ ഇന്തോആര്യൻഭാഷകൾക്കുശേഷം രണ്ടാമത്തെ ഏറ്റവും വലിയ ലിംഗ്വിസ്റ്റിക് കുടുംബമാണ് തെക്കേ ഏഷ്യയിലെ ദ്രാവിഡഭാഷാകുടുംബം. 3000 ബിസിയില് ആര്യജനത ഇവിടെ വന്നിട്ടില്ല എന്നും , ഗംഗാസമതലത്തിലേക്ക് കൃഷി എത്തിയിട്ടില്ല എന്നും ഇരുമ്പുയുഗം 1000 ബിസിയിലേ തുടങ്ങിയിട്ടുള്ളു എന്നും ഉള്ള വിചാരത്തിലാണ് പല ചരിത്രകാരന്മാരും തങ്ങളുടെ അഭിപ്രായങ്ങൾ പറയുന്നത്.ഈ മൂന്നു വിചാരങ്ങളും ആധാരമില്ലാത്തവയുമാണ്, അവയുടെ സാദ്ധ്യത തന്നെ ഇല്ല.(ആര്യന്മാരുടെ അധിനിവേശമുണ്ടായിട്ടില്ല, സൈന്ധവസരസ്വതി സംസ്കാരം ബിസി 7500നുമുമ്പേ ഉണ്ടെന്ന് ഖനനം തെളിയിച്ചുകഴിഞ്ഞു .ഇരുമ്പിനെ അറി

യാതെ മറ്റവല ലോഹങ്ങളേയും നിർമ്മിക്കാനാവില്ലെന്നും അത്തരം ലോഹങ്ങളുടെ ശില്പ ങ്ങൾബിസി 3500 മുതലേ മോഹഞ്ജോദാരോ,ഹരപ്പപ്രദേശങ്ങളിലുണ്ടെന്നും കണ്ടുകൊണ്ട് , ഇരുമ്പുയുഗം അന്നേ ഇവിടെയുണ്ടെന്നും തെളിയിക്കപ്പെട്ടുകഴിഞ്ഞു.പ്രാചീനമായ ഇന്ത്യ ൻഗ ണിതത്തിന്റെ കൃത്യമായ അളവിലും തൂക്കത്തിലുമാണ് ഹരപ്പക്കാരുടെ ക്രയവിക്രയമെന്നും മനസ്സിലായിക്കഴിഞ്ഞു. ചെറിയ അനുപാതങ്ങൾ(13.625 ഗ്രാം എന്ന ബേസിക് യൂണിറ്റ്ന്റെ അര,കാൽ, ആറിലൊന്ന്,എട്ടിലൊന്ന്,മഹാണി എന്നിങ്ങനെ) വലിയ അനുപാതങ്ങൾ (2,4,10,12.5,20,40,100,200,400 ,500,800 തവണകളായി ബേസിക് യൂണിറ്റായ ഒന്നിനെ ഗുണിച്ചത്).

എട്ടിനെ 8 കൊണ്ടുഗുണിച്ച 64 ഒരു പ്രധാനയൂണിറ്റായിരുന്നു. 16 അണ ഒരു രൂപ, 64 അണ 4 രൂപ, 64 ന്റെ വരഗ്ഗമൂലം 8 ,8ന്റെ വർഗ്ഗമ 64 എന്ന അറിവ് ഹരപ്പന്മാർക്കുണ്ടായിരുന്നു. 100ന്റെ വർഗ്ഗമൂലം പത്തും, പത്തിന്റെ വർഗ്ഗംനീറുമാണെന്നും അവരറിഞ്ഞിരുന്നു. ദശാംശം, എൺകുണം എന്ന അഷ്ടകോണഗണിതം, എന്നിവ രണ്ടും സൈന്ധവസരസ്വതിസംസ്കാര ത്തിലെ തൂക്കം,അളവുകട്ടികളിലുണ്ട്. പ്രോട്ടോദ്രാവിഡിയൻ ഗണനത്തിലും ഇതുണ്ട്. ഹൈഹ യത്തിലെ കാർത്തവീര്യന്റെ (നർമ്മദാതടമാണ് ഇവരുടെ ആദിജനസ്ഥാനം)പൌത്രനായ ഉഗ്രന് ഇവയിലെല്ലാം വൈദഗ്ധ്യമുണ്ടായിരുന്നു എന്ന് മൂഷകവംശത്തിന്റെ ചരിത്രകാവ്യം പറയുന്നത് അവിശ്വസിക്കേണ്ട കാര്യമൊന്നും അതിനാൽ, ഈ തെളിവുകൾ മുന്നിലിരിക്കെ കാണുന്നില്ല.മദ്ധ്യ,ദക്ഷിണേന്ത്യകളിലെ ഭരണം മുഴുവനായി നർമ്മദാതീരത്തെ മഹാബലി കാലം മുതലും, പിന്നീട് രാമഘടമൂഷകന്റെ കാലം മുതലും ദ്രാവിഡരുടെ കയ്യിലാണ്. ദ്രാവിഡ ഭാഷ ഉത്ഭവിച്ചത് നർമ്മദാതടത്തിലും അതിന്റെ താഴെയുള്ള മദ്ധ്യദക്ഷിണേന്ത്യകളിലുമാ ണ്, അത് ഹരപ്പയിലും മോഹഞ്ജോദാരോവിലും ബിസി 3500ൽ ഉണ്ടായിരുന്നുതാനും. പി ന്നെ ഒരു ആര്യ ൻഅധിനിവേശം ബിസി 1500ൽ ഉണ്ടാവുന്നതും, അവർ വേദവും കൊണ്ടുവ ന്ന് ഇന്ത്യക്കാരെ വേദം പഠിപ്പിക്കുന്നതും,അവരുടെ ജന്മനാട്ടിലൊന്നും കാണാത്ത വേദം ഇന്ത്യക്കാരുടെ ജന്മനാട്ടിൽ മാത്രം ഇത്രയും കാലം സജീവമായി നിലനിന്നതും വിഴുങ്ങാന ൽപ്പം പ്രയാസമുള്ള കാര്യങ്ങളാണ്.

1985ൽ പാലിയോ ബൊട്ടാണിക്കൽതെളിവുവെച്ച് ഡി.ബെഡിഗിയനെന്ന ഗവേഷകൻ എ ള്ള് മെസപ്പട്ടോമിയയിലെത്തിയത് ഇന്ത്യൻവ്യാപാരികളിലൂടെയാണെന്ന് തെളിയിച്ചു. എള്ളു എന്ന് അക്കാദിയന്മാരും ഇല്ലു,ഇലി എന്ന് സുമേരിയന്മാരും വിളിക്കുന്നത് തെക്കൻദ്രാ വിഡ ഭാഷയിലെ എൾ,എള്ള് എന്ന സെസാമം ഇൻഡിക്കത്തെയാണ്. പിതൃക്രിയകളിൽ ദ്രാവി ഡർക്ക് എള്ള് പ്രധാനമാണ്. ഉച്ചാരണം തെക്കൻദ്രാവിഡഭാഷയിലാണ് മെസപ്പ ട്ടോമിയ, അക്കാഡിയയിൽനിന്നു കിട്ടിയ എള്ളിന്. ആഫ്രിക്കയിൽ വിളയുന്നതും നേപ്പാളിലും കിഴക്ക ൻബംഗാളിലും വിളയുന്നതുമായ എള്ള് തെക്കൻദ്രാവിഡർവഴിയാണ് സമുദ്രമാർഗ്ഗം അവിടെ

യെല്ലാം എത്തിയതെന്നാണ് ഈ ഉച്ചാരണം കൊണ്ടുമനസ്സിലാക്കേണ്ടത്. അക്കാദിയൻ,ബാബിലോണിയൻക്യൂണിഫോമില് തങ്ങളുമായി കച്ചവടം നടത്തുന്ന കപ്പലുകള് മെലൂഹദേശത്തുനിന്ന് വരുന്നവയാണെന്ന് പറയുന്നുണ്ട്. മെലൂഹ(മ്ലേഛ)പദം ഉപയോഗിക്കുന്നത് പ്രാകൃതഭാഷ ഉപയോഗിക്കുന്ന ജനതയെ കുറിക്കാനാണ് ഭാരതദേശത്ത്. അല്ലെങ്കിൽ മലേച്ഛക്കളെ,ആമ്ലകീദേശവാസികളെ എന്നും പറയാം. ഭൌതികവസ്തുക്കൾ സമ്പാദിക്കാനായി പാടുപെടുന്നവരേയും ധർമ്മാനുസൃതമല്ലാതെ ഹിംസ ചെയ്യുന്നവരേയും ഇത് കുറിക്കുന്നുണ്ട്. ദ്രാവിഡഭാഷ പ്രാകൃതമല്ല. വളരെ ഉയർന്നരീതിയിലുള്ള വ്യാകരണനിയമങ്ങളോട്ടു കൂടിയതാണ്. എന്നാൽ ഇത്തരം ഉന്നതമായ ദ്രാവിഡഭാഷ ഉണ്ടാവുന്നതിനുമുമ്പേ അതിർത്തികടന്നുപോയ പഴയ ദ്രാവിഡഭാഷയാണ് വിദേശങ്ങളായ ബാബിലോണിയ അക്കാദിയകളിലുള്ളത്. ദ്രാവിഡദേശത്തുനിന്ന് ഭാഷ പൂർണ്ണമായി ഡെവലപ് ചെയ്യുന്നതിനുമുമ്പേ പോയവരാകാം ഇതവിടെ എത്തിച്ചത്.ഒരു പക്ഷേ അതിർത്തി കാവൽക്കാരോ, കച്ചവടക്കാരോ, ആകാം.അവർക്ക് വിദേശത്തുജനിച്ച സങ്കരവർഗ്ഗക്കാരായ കുട്ടികളാവാം ഇത് അവിടെ നിലനിർത്തിയത്.

മേലഹം(മേലകം) മേലുഹമായിഎന്ന് അർത്ഥം കൊടുത്ത് തമിഴകത്തിന്റെ അവസാനത്തെ 3 അക്ഷരം മാറ്റി തമേലകം (ത- മേലകം) തമേലുഹവും മേലുഹവും ആക്കുന്നതിൽ വലിയ യുക്തിയുണ്ടോ എന്നെനിക്ക് സംശയമാണ്. ചില യൂറോപ്യന്മാർ അങ്ങനെ ശ്രമിച്ചുകാണുന്നുണ്ട്. തിരൈയിടം,തിരൈവീടം,തിരുവിടം (ശ്രീദേവി വാഴുന്ന ശ്രീപുരം) എന്നതാണ് തിരുവിടാംകോടെന്ന ദ്രവിണപുരമായ ദ്രമിളം,ദ്രമിഡം എന്നിവയുടെ ശരിയായ ഉത്ഭവം. ഇതിന് കേരളത്തിൽ ചെല്ലൂർ, പെരുംചെല്ലൂരെന്നും പറയും. ഇന്ത്യയിലെ ബാഹ്ലീകം ,നിയോഅസ്സീറിയൻ ബാലുഹ്ഹ,മേലുഹ്ഹ,മേലുഹ,എന്ന് എറ്റിമോളജി ഹാൻസ്മാന് തരുന്നു. ഇത് കുറെക്കൂ ടി യുക്തിക്ക നിരക്കുന്നുണ്ട്. കിഴക്കെ ഇറാനിലും അഫ്ഘാനിസ്ഥാനിലും വളരുന്ന ഒരുതരം മരം നിയോഅസ്സീറിയൻ ഭാഷയില് ബലൂഹ ഗൽബാനം (ബാൽഹീകകല്പവനം) എന്നും സിന്ധാ (സിന്ധുദേശത്തെ മരം) എന്നും പര്യായമുള്ളതാണ്. ഇതുവെച്ചാണ് ഹാൻസ്മാന്റെ നിഗമനം.

നഗരം,മിന്നഗരം(പെരിപ്ലസ്,ടോളമി) സൌരാഷ്ട്രത്തിലെ ഏറ്റവുമധികം പരുത്തി വിളയിക്കുന്നതും കയറ്റിഅയക്കുന്നതുമായ സ്ഥലമാമ്. നഗരം(ബിനഗരം)സിന്ധുദേശത്താണ് ടോളമിയുടെ ഭൂപടത്തിൽ. രാമായണകാലത്ത് അവിടെ പരുത്തിവിളയുന്ന സ്ഥലം പരിശോധിക്കാനായി ഭരതന്റെ സംഘം പോയതായി നാം കണ്ടു. വള്ളി,പള്ളി,പാടം,പാടി,വാത,വാടി, വാദ, വാദ്,പട്ടണം,പത്തൻ-ഇവയെല്ലാം പട്ടു (കിടക്കുക,ഉറങ്ങുക) എന്ന ദ്രാവിഡമൂലത്തില്നിന്ന് ഉണ്ടായതാണ്. ഇവക്കുപുറമേ കോട്ടയുമുണ്ട് ഹരപ്പനഗരത്തില്. ചുറ്റം കാവലുള്ള കോട്ട ഹരപ്പയിലും വടക്കുപടിഞ്ഞാറൻപ്രവിശ്യകളിലുമാണ് ആദ്യം ഉണ്ടായത്. (അതിർത്തികാക്കുന്നവ ർക്കായി).

- **മരുമക്കത്തായം:**

മാതൃദായം അഥവാ മരുമക്കത്തായം മുറപ്പെണ്ണിനെ വിവാഹം കഴിക്കുക,മുറമാമനെ വിവാഹം കഴിക്കുക ഇതെല്ലാം ദാക്ഷിണാത്യരായ ദ്രാവിഡർക്കുള്ള സമ്പ്രദായങ്ങളാണ്. ഇത്തരം വിവാഹത്തെ പരാമർശിക്കുന്ന സംസ്കൃത,പ്രാകൃത,പാലി ലിഖിതങ്ങളും ഗ്രന്ഥങ്ങളും പഠിച്ച് തോമസ് ട്രോട്ട്മാൻ അവയെല്ലാം എഴുതിയത് തെക്കേ ഇന്ത്യയിലും ശ്രീലങ്കയിലും വെച്ച് അവിടത്തെ വിദ്വാന്മാരാണെന്ന് കണ്ടുപിടിച്ചു. മുറപ്പെണ്ണിനെ വിവാഹം കഴിക്കൽ മഹാരാഷ്ട്രം,ഗുജറാത്ത്, സൌരാഷ്ട്രം എന്നിവിടങ്ങളിൽവെച്ച് എഴുതപ്പെട്ട ജൈനകൃതികളിലുമുണ്ട്. സംസ്കൃതം സംസാരിക്കുന്നവരായാലും പ്രാകൃതമോ ദ്രാവിഡമോ സംസാരിക്കുന്നവരായാലും ഈ പ്രത്യേകരീതി (അയിനിക്കുറുസമ്പ്രദായം)വംശം നിലനിർത്താനായി ഉപയോഗിച്ചിരുന്നു. ഇതുവെച്ചാണ് കേകയ,ഗാന്ധാരദേശങ്ങളിലെ കുട്ടികളെ ഭാരതത്തിലെ രാജവംശങ്ങളിലുള്ളവർ വിവാഹം കഴിച്ചിരുന്നത്. കേരളത്തിലെ വെളിയൻവേണ്മാള് മകള് ചേരചക്രവർത്തിക്ക് വധുവാകുന്നതും ഇങ്ങനെയാണ്. ശ്രീകൃഷ്ണന്റെ പത്നിമാരിൽ പലരും(കേകയരാജകുമാരി ഉൾപ്പെടെ) അദ്ദേഹത്തിന്റെ മുറപ്പെണ്ണുങ്ങളാണ്. ഇന്നും കേരളത്തിലെ ഏറ്റവും പുരാതനമായ ആദിവാസിവംശങ്ങളിലൊന്നായ കരിമ്പാലർ ഇതനുസരിച്ച വിവാഹം (നായന്മാരെപ്പോലെ) ചെയ്യുന്നുണ്ട്.





മെൻഡലിന്റെ സിദ്ധാന്തം അറിയാതെ ഇങ്ങനെ ഈ രീതിയിൽവ്യത്യസ്തജൈവവർഗ്ഗങ്ങളെ (വർണ്ണങ്ങളെ) നിലനിർത്താനാവുകയില്ല.



വംശവർദ്ധനവുണ്ടാക്കുന്നതോടൊപ്പം വർണ്ണസങ്കരം ഇല്ലാതെ എല്ലാ ആദിമവംശങ്ങളേയും അതുപോലെ നിലനിർത്തുകയും ചെയ്യുന്നതിനുള്ള രീതിയാണിത്. 1981ൽ ട്രോട്ട്മാനെഴുതി:- ഈ ഭാഗങ്ങളിലുള്ള ആളുകൾ ഏതുഭാഷ സംസാരിക്കുന്നവരായാലും അവരുടെ വിവാഹ ബന്ധങ്ങളിൽ ദ്രാവിഡരീതി പിൻതുടരുന്നു. അതിനാൽ മൂലദ്രാവിഡകുടുംബമാണ്. മാത്ര മല്ല,അവരുടെ ഓർമ്മകളിൽ പ്രോവെർബ്ബുകൾ(പഴഞ്ചൊല്ല്) ഐതിഹ്യമെന്നിവയിൽ എല്ലാം ഇത്തരം വിവാഹങ്ങളുണ്ട്. കഥകളിലും ചരിത്രത്തിലും സ്വജീവിതത്തിലുമായി ആ ഓർമ്മ അവർ സൂക്ഷിക്കുന്നു ,എന്ന്.

രാമായണത്തിൽ വിശ്വാമിത്രന് പറയുന്ന അതേ വഴി, ഇന്നത്തെ ആദിവാസികളായ കുറുക്കുകളും ഓർമ്മയിൽനിന്നു പറയുന്നതുപോലെ. ഇന്ത്യയുടെ ഈ പഴയ സ്മരണഖനി സൈന്ധവലിപി വായിച്ചെടുക്കാനുള്ള ഒരേ ഒരായുധമാണ്. പ്രത്യേകിച്ചും ദക്ഷിണേന്ത്യൻ തമിഴ്ഭാഷയിലെ ലെക്സിക്കോൺ,ദക്ഷിണേന്ത്യൻ ജീവിതരീതി എന്നിവ.

മദ്ധ്യേന്ത്യയിലെ മാഹിഷ്മതി, ശോണാനദിക്കരയിലെ കൌശികരുടെ നഗരം,ദുഷ്യന്തനും ശകുന്തളയും അവരുടെ പുത്രരായ ഭരതനും ആന്ധ്രകനും ,സൂര്യവംശത്തിലെ ഇഖ്ഷ്വാകുക്കൾ, ശിബി എവരെല്ലാം യദുതുർവ്വശുക്കളുമാണ്. പരശുരാമകാലത്തും അതിനുമുമ്പും. ദക്ഷിണേന്ത്യയിൽ ഉള്ളവരാണ്. പിൽക്കാലത്ത് അവസാനത്തെ ഘട്ടംവരെ വ്യത്യസ്തപ്രവിശ്യകളി ൽനിന്ന് വധുക്കളും പെരുമാക്കന്മാരും വന്നു. പക്ഷേ ,ഈ തമിഴ്സംസ്കാരം മാറിയില്ല. ഒരു ദ്വിഭാ ഷാപദ്ധതി (സംസ്കൃതവും പ്രാദേശികഭാഷയും)ഭാഷയറിയാത്ത പുറംരാജ്യക്കാർക്ക് എളുപ്പം മനസ്സിലാവുന്ന ചിത്രലിപി(സൈന്ധവ)യോടെ ഹരപ്പമോഹഞ്ജോദാരോകാലത്ത് ഇവിടെ നിലനിന്നു. നല്ലൊരു വിദ്യാഭ്യാസസമ്പ്രദായം ഏതാണ്ട് 7500 വർഷം മുമ്പ് (മെഹ്ഗ്ാർഹ്) തന്നെ കേന്ദ്രീകൃതമായ നിയമങ്ങളോടെ ഇപ്രകാരം നടത്തണമെങ്കില്, ആ സമ്പ്രദായം ആവിഷ്കരിക്കാനെത്രകാലം എടുത്തിരിക്കണം. പുരാണേതിഹാസങ്ങളിൽ പറയുന്ന ക്രോണോ ളജി ഈ കാലഗണനക്ക് നമ്മെ സഹായിക്കും.

ബിസി 2000ത്തിൽത്തന്നെ പഞ്ചാബിലെ സിന്ധുതീരത്ത് ദ്രാവിഡഭാഷ ഉണ്ട്(പേജ് 172 .ബ്രിജറ്റും റൈമണ്ട് അൽച്ചിനും 1982) നിയോലിത്തിക്ക് മുഖ്യന്മാർ ദക്ഷിണേന്ത്യയില് അക്കാലത്തുതന്നെ ഉണ്ടെന്നും അവരെല്ലാം ദ്രാവിഡഭാഷ സംസാരിക്കുന്നവരായിരിക്കണമെന്നും കരുതപ്പെടുന്നു. 2100-1700ബിസിവരെ വൃത്താകൃതിയിൽ ദ്രാവിഡതുമുലിമാതൃകയിലുള്ള കുടിലുകൾ കെട്ടിയ ഗ്രാമങ്ങളും ,മലഞ്ചെരിവുകളില് മരമുപയോഗിച്ച വീടുകളും ഉണ്ടായിരുന്നു. അക്കാലത്ത് പാത്രം,ചെമ്പ് ഉപകരണങ്ങളെന്നിവയും ഉണ്ട്. (പേജ് 174 പർപ്പോള)1700-1050ബിസി ചാൽക്കോലിത്തിക് കാലമാണ്. അന്ന് മാൾവ,മഹാരാഷ്ട്രമോഡൽ ആയുധവും ജലസേചനവും കൃഷിയും പഞ്ചാബിലെത്തി. ഹല്ലൂരിൽനിന്ന് കുതിരയുടെ എല്ല് കിട്ടിയിട്ടുണ്ട്. (ഇക്കാലത്തെ കുതിരയുടെ)കന്മഴ അതിന്നെത്രയോ മുമ്പാണ്കാണുന്നത്. ഇവിടെ എല്ല് കണ്ടെത്തിയ അതേ കാലയളവിലാണ് സ്വാത്തിലും കുതിരഉപയോഗം ആരംഭിക്കുന്നത്. ദ്രാവിഡദേശത്ത് ചത്തജീവികളെ ദഹിപ്പിക്കുക(ചുടുക)പതിവാണ്. എല്ല് പുഴയിലൊഴുക്കിക്കളയും. പൊടിച്ച് വയലിലിടും. അതുകൊണ്ടാണ് പഴയ എല്ല് അധികമൊന്നും ഖനനത്തിൽ കിട്ടാത്തത്. ഇതുമാത്രം വെച്ച് കുതിരയെ ഉപയോഗിച്ചിരുന്നില്ലെന്നുപറയാനാവില്ല.

ദ്രാവിഡഭാഷാകുടുംബം



ഇതിൽ തെലുങ്ക് ,തമിഴ്,മലയാളം,കന്നഡഭാഷകൾക്ക് കൂടുതലായി പ്രാമുഖ്യം കൊടുത്ത് ഇവയിലെ synonyms, സംസ്കൃതപദങ്ങള്(lexiconൽനിന്ന്) + Indian scriptures വെച്ച് പഠിക്കുന്ന രീതി സൈന്ധവലിപിപഠനത്തിന് ഗുണകരമായിരിക്കും. സാധിക്കുന്നയിടങ്ങളിലെല്ലാം മറ്റ ദ്രാവിഡകുടുംബാംഗങ്ങളായ ഭാഷകളേയും താരതമ്യപ്പെടുത്തണം.

സൈന്ധവലിപിയിൽഏറെ ആവർത്തിക്കപ്പെടുന്ന മത്സ്യചിഹ്നം മീന്, മിൻ, കണ്,കാണ് എന്ന ദ്രാവിഡിയൻരീതിയില് മിന്നുന്നത് മീനെന്നാണ് ഇതിന്റെ വായന. മിന്നുന്നത് നക്ഷത്രവുമാകയാൽ സൈന്ധവലിപി വായിച്ചവരെല്ലാം ഇതിനെ രണ്ടുവിധത്തിലും വായിച്ചിട്ടുണ്ട്. ദ്രാവിഡിയൻഭാഷകളിലെല്ലാം മത്സ്യത്തെ മീനെന്നു പറയുന്നു. മലയാളത്തിലും കന്നഡത്തിലും ഇതിന് നക്ഷത്രമെന്നും പേരുണ്ട്. തെലുങ്കിൽമിന്റുഗു,മിഡുഗു എന്നാണ് ഉച്ചാരണം. ചിഹ്നം മത്സ്യംതന്നെ. അമ്രി,മെഹ്ർഗാർഹ് എന്നിവിടങ്ങളില് ബിസി 7000 മുതലേ ഈ ചിഹ്നം ഉപയോഗിക്കുന്നുണ്ട്. നക്ഷത്രമെന്നതിന്റെ നക്ഷത്രചിഹ്നമെഴുതാതെ പരിഷ്കരിച്ച് മീൻചിഹ്നമുപയോഗിക്കുന്നതിനർത്ഥം ഈ മുദ്ര ഉപയോഗിച്ചവര് ദ്രാവിഡഭാഷ സംസാരിച്ചിരുന്നവരാണെന്നു തന്നെയാണ്. അവരെ മീനവരെന്നും പരതവരെന്നും തമിഴ്സംഘകാലത്തും വിളിച്ചിരു



നക്ഷത്രം



ഋഷഭരാശി
കാർത്തിക

പുണർതം ,പുനർവസു



ശിരോലങ്കാരം

ന്നു.

വരുണൻ,ജലദേവത,കാമൻ,പാണ്ഡ്യരാജാവ് എന്നിവരാണ് മത്സ്യത്തെ ചിഹ്നമായും കൊടിയടയാളവുമായി ധരിക്കുന്നവർ. നക്ഷത്രചിഹ്നത്തിന് ആകാശദേവതയെന്നാണ് മറ്റൊരർത്ഥം. മത്സ്യത്തിന് ആകാശം,ജലം,ഭൂമി ഇവയുടെയെല്ലാം ദേവതാസ്ഥാനമുണ്ട് . വിഷ്ണുവിന്റെ മത്സ്യാവതാരം ആദ്യാവതാരമാണ്.അതുണ്ടായത് ദ്രാവിഡദേശാധിപതിയായ സത്യവ്രതമനുവിന്റെ കാലത്താണ്. സമുദ്രസഞ്ചാരിയായ മീനവൻ നക്ഷത്രം നോക്കി ദിക്കറിഞ്ഞ് രാത്രിയും പകലും ഭേദമില്ലാതെ സഞ്ചരിക്കുന്ന (നിശാചര)കടലോരവാസിയാണ്. 6 മുനയുള്ള ദിക്ചിഹ്നത്തെ അരുന്ധതിപാർത്ത് ധ്രുവതാരമായറിഞ്ഞ് വേണം സഞ്ചാരം. ജലം,വരുണന്,മഴക്കാറ്റ്,നദി എന്നിവക്ക് സമൃദ്ധി,കൃഷി,ഉപജീവനം എന്നിവയുമായുള്ള ബന്ധം മനസ്സിലാക്കിയവനും ജ്യോതിശ്ശാസ്ത്ര,വാനശാസ്ത്രനിരീക്ഷണപടുവുമാണ് ദ്രാവിഡനും കടലോരവാസിയുമായ സമുദ്രസഞ്ചാരി. അവന്റെ നിത്യോപയോഗചിഹ്നമാണ്

മത്സ്യചിഹ്നം.ചേരചോളപാണ്ഡ്യരെ ഒന്നിച്ച് മൂവരെന്നാണ് പറയുക.മൂവരുടെ ഉച്ചാരണഭേദമായി മൂകരെന്നും പറയും.മൂകം(മിണ്ടാത്തത്)മത്സ്യത്തിന്റെ പര്യായവുമാമ്. പുലിയും വില്ലും മീനും എഴുതിയ മൂന്നുകൊടികളോടെയാണ് ദക്ഷിണേന്ത്യയിലെ ഈ മൂന്നുരാജാക്കന്മാരും ഹിമാലയത്തിലേക്ക് ജൈത്രയാത്ര നടത്തി അവിടെ മൂവേന്തരുടെ കൊടി നാട്ടുന്നത്. ദക്ഷിണേന്ത്യൻസാമ്രാജ്യത്തിന്റെ പ്രധാനചിഹ്നങ്ങളിലൊന്നാണ് മത്സ്യം.വാസ്തവിൽ ദക്ഷിണേന്ത്യയുടെ നടുനാടാണ് പാണ്ഡ്യദേശം.ഇരുവശവും ചേരന്റെ വില്ലും ചോളന്റെ പുലിയുമെഴുതി,രണ്ടു കാപ്പതമ്പുരാന്മാരെ ഈ നടുനാട്ടുകാക്കാലായി നിർത്തിയിരിക്കുന്നു. സർവ്വകാമഭോഗങ്ങളുമനുഭവിച്ച് കാമ,വരുണന്മാരുടെ ചിഹ്നമുള്ള കൊടിയും ധർമ്മച്ചെങ്കോലും മധുരൈസംഘത്തിന്റെ വിദ്വത്സദസ്സുമായി പാണ്ഡ്യനെന്ന തെന്നവനാണ് ദക്ഷിണേന്ത്യയുടെ ചക്രവർത്തി. പാണ്ഡുപുത്രരുടെ കാലം മുതലേ മാറിൽ വൈജയന്തി അണിഞ്ഞ് കൃഷ്ണരൂപത്തിലിരിക്കാനുള്ള അവകാശം യാദവവംശജനായ പാണ്ഡ്യനുണ്ട്. പെരുമ്പടകമുത്തരയന്മാരുടെ മീൻചിഹ്നം അങ്ങനെ നടുനാടിനും കാപ്പതമ്പുരാക്കന്മാർക്കും ഒരുപോലെ വേണ്ടപ്പെട്ടതായിത്തീരുന്നു. കൃഷി,കാമശാസ്ത്രം,ശിവഭൃതഗണങ്ങൾ,മൃദംഗം(സംഗീതം)ഇവക്കുനാഥനും കാർത്തികനക്ഷത്രസ്ഥാനവുമായ ഋഷഭരാശി(ഇടവം)യെ കാളയുടെ ചിഹ്നം വരച്ചും മീനിന്റെ മുകളിലായി ചിഹ്നംവരച്ചും രണ്ടുവിധം എഴുതുന്നു,സൈന്ധവജനത. ഉഴവർ,സംഗീതനൃത്താദികലകളിൽ നിപുണർ,നക്ഷത്രശാസ്ത്രമറിഞ്ഞവർ,മുരുകാരാധകർ (കാർത്തികേയർ)എന്നർത്ഥവും അങ്ങനെ വന്നുചേരുന്നു. യോഗിരൂപത്തിൽ ഇരിക്കുന്ന പശുപതി,ചുറ്റും കൊമ്പുള്ള നാഗം, മുതല എന്നീ ജലജന്തുസമൂഹം ഇവയുള്ള സീല് മോഹഞ്ജോദോരോവിൽനിന്നുകിട്ടിയത് ദക്ഷിണേന്ത്യയിലെ ദ്രാവിഡവംശം വ്യാപാരാവശ്യങ്ങൾക്കായി നിർമ്മിച്ച ദ്രാവിഡനഗരമാണ് അതെന്നതുകൊണ്ടാണ്.

പാണ്ഡ്യന്റെ കൊടിയിലും നാണ്യത്തിലും ഒറ്റമീനല്ല, ഇരട്ടയായ (മിഥുനം)പുണർമീനാണുള്ളത്. (പുണർവസു).ഇത് മീനം രാശിക്കും മിഥുനരാശിക്കും ഉപയോഗിക്കുന്ന ചിഹ്നമാണ്. മീനമിഥുനം (മീനരാശിയും മിഥുനരാശിയും . A pair of fish)എന്നാണ് സംസ്കൃതപദം. ഇന്ത്യയിലെ ജൈന ബുദ്ധമതക്കാരടക്കം ഫെർട്ടിലിറ്റി സിംബലായി ഇതിനെ ഉപയോഗിക്കാറുണ്ട്. ദിഗംബരജൈനസമ്പ്രദായത്തിൽ ത്രിശാല ഗർഭം ധരിച്ചപ്പോള് (മഹാവീരനെ)പതിനാറാമത്തേതും അവസാനത്തേതുമായ സ്വപ്നം തടാകത്തിൽ പരസ്പരം പുണരുന്ന മീനമിഥുനങ്ങളെയാണ്. ആ സ്വപ്നം കൊണ്ടാണ് തന്റെ പുത്രൻ ഭുവനചക്രവർത്തിയാവുമെന്ന് അവളറിയുന്നത്. പുണർവസുതാരങ്ങള് വളച്ചുവെച്ച വില്ലുപോലെ 3 മിഥുനതാരങ്ങളോട്ടുകൂടിയതാണ്. ഇതിലൊന്നാണ് ശുനകതാരമെന്ന സിറിയസ് ബൈനറി. വില്ലവരുടെ(ചേരന്മാർ)ചിഹ്നവുമാണ് പുണർമീനിന്റെ വില്ല്. 7 നക്ഷത്രങ്ങളും (3 മിഥുനവും ഒറ്റ നക്ഷത്രവും) ധനുസ്സും ബാണവും ചേർന്ന ചിഹ്നമാണ്ത്.

ഒറീസ്സയിലെ വധു വരന്റെ വീച്ചിലേക്കു പോകുംമുമ്പ് ഒരു മത്സ്യം പോകണം.അതിനായി ചിത്രകാരന്മാർ വാതിലില് മത്സ്യം,കുലവാഴ,പൂർണ്ണകുംഭം,മാവിലയും ജലവും നാളികേരവും നിറച്ച ജലപാത്രം,എന്നിവ വെക്കും.എതിരേൽക്കാനും ഇതെല്ലാം വേണം. മത്സ്യം ജലപുഷ്പവും ജലഫലവുമാണ് അവിടെ(മർഗ്ലിന് 1985).അശ്വമേധയജ്ഞ്തിൽ രാജ്ഞിയുടെ യോനിയെ ശകലമത്സ്യത്തോടുപമിക്കുന്നത് മത്സ്യം കാമചിഹ്നമാകയാലാണ്. (എ.എസ്.20,136,1. വി. എസ്. 23,28) ബിസി ഒന്നാംനൂറ്റാണ്ടിലെ സാഞ്ചിസ്തൂപത്തിൽ തോരണത്തില് മംഗലകമായി രണ്ടുമത്സ്യം(പുണരുന്നമത്സ്യം,പുണർമീൻ,മാനമിഥുനം) ഒരു മാലയിൽ കോർത്തവിധം കാണാം. മെസപ്പട്ടോമിയ,ഉറുക്ക് എന്നിവിടങ്ങളിലെ സീലുകളിലും മീനമിഥുനചിഹ്നമുണ്ട്. ശിവന്റെ നെറുകയിൽനിന്ന് ഗംഗപോലെ തോളിൽനിന്ന് ജലധാര ഒഴുക്കുന്ന ജലദേവതയാണ് മെസപ്പട്ടോമിയയുടെ എൻകി. (ജലധാരയിൽ മത്സ്യചിഹ്നമുള്ള അക്കാഡിയൻ സീൽ.ബി. എം. 89115).ബിസി 3100ൽതന്നെ പ്രോട്ടോഎലാമൈറ്റ് സീലില് തടാകത്തിൽനീന്തുന്ന മത്സ്യചിഹ്നമുണ്ട്. മോഹഞ്ജോദാരോവിലെ പ്രോട്ടോശിവനെന്നുവിളിക്കുന്ന പശുപതി(എം.304) വളഞ്ഞ പോത്തിൻകൊമ്പുള്ള യോഗിയാണ്.(പോത്ത് തെക്കേ ഭൂഖണ്ഡത്തിന്റെ അധിപനായ യമധർമ്മനാണ്).സിംഹാസനത്തിന്റെ കാൽ,ചർമ്മവാദ്യമായ ചെണ്ടയാണ്. ചുറ്റും ചോളന്റെ ചിഹ്നമായ പുലി,സഹ്യാദ്രിയിലെ ചേരന്റെ ചിഹ്നമായ ആന,പാണ്യെന്റ മത്സ്യം,ഒറ്റക്കൊമ്പൻയൂണിക്കോൺ, മഹിഷം,താഴെ ഭാഗത്തായി നീലഗിരിയിൽ മാത്രം കാണുന്ന നീൽഗായ് ഇനത്തിലുള്ള മൃഗം,കൈനിറയെ നർത്തകീശിൽപ്പത്തിലുള്ളപോലെ വളകളുണ്ട്. (കാപ്പ്)ശിരോലങ്കാരത്തിൽ കൊമ്പുകൾക്കിടയിലായി ഏഴായി വിഭജിച്ച (ഏഴു നാഗഫണംപോലെ,ഏഴു കുലശൈലംപോലെ) മകുടഭാഗമുണ്ട്.കൊമ്പിന് ആകെക്കൂടിനോക്കിയാലൊരു ചന്ദ്രക്കലാരൂപമാണ്. ഇതിലെ മത്സ്യം ഇക്കണോഗ്രാഫിയായല്ല, ലിഖിതഭാഗത്താണുള്ളത്. ഇതേ ലിഖിതം അരയാൽവൃക്ഷത്തിന്റെ (ഫിഗ് ഡെയിറ്റി)സീലിലുമുണ്ട്. ലിഖിതത്തിൽ ഋ,രണ്ടുതരം നാമചിഹ്നം,മത്സ്യം ഇവയാണുള്ളതെന്നതിനാലും ഇരിക്കുന്ന വ്യക്തി ധരിച്ച ശിരോലങ്കാരാദികളാലും അദ്ദേഹം ദക്ഷിണേന്ത്യൻ മൂവേന്തരുടെ രാജർഷിയും ,സമുദ്രത്തിലും കൈലാസം(കൈലൈ)വരെയുള്ള മുഴുവൻ ഭൂമിക്കും അധിപനുമായ ചക്രവർത്തിയാണ്.

മഹിഷം തെക്കുദിക്കിന്റെ അധിപനായ യമധർമ്മവാഹനമാണ്. വേദത്തിൽ വരുണനുമാത്രമാണ് മഹിഷത്തെ യാഗം ചെയ്യുന്നത്. (എം എസ് 3,14,20, വിെസ് 24,28).തെക്കും കിഴക്കും പടിഞ്ഞാറും കടലുണ്ടെങ്കിലും ഭാരതത്തിലെ പുരാണങ്ങളെല്ലാം വരുണനു പടിഞ്ഞാറുദിശയിലെ സാഗരമാണ് വിധിക്കുന്നത്. (കേരളകർണ്ണാടക,മഹാരാഷ്ട്ര,ഗുജറാത് തീരം) തെക്കും പടിഞ്ഞാറും ദിശകളിൽനിന്ന് യമ,വരുണന്മാരയക്കുന്ന കാലവർഷക്കാറ്റുകളെ ദക്ഷിണേന്ത്യക്കാരും ഉത്തരേന്ത്യക്കാരും (പ്രത്യേകിച്ച് പടിഞ്ഞാറൻതീരത്തുള്ളവരും) തങ്ങളുടെ കൃഷിക്കും സമുദ്രയാനത്തിനും വ്യാപാരത്തിനും ആശ്രയിക്കുന്നു. അതിനാൽ,ഇവചേർന്ന (ജലം,

അന്നം,ധർമ്മദേവത)ആരാധനയാണവരുടേത്. ഋഗ്വേദത്തിൽ ആപാം പതി (ജലദേവതയുടെ ഭർത്താവ്) കടലമ്മയുടെ (അപ്സരസ്സിന്റെ)ഭർത്താവുമാണ്. വരുണനാണ് ആപാംപതി. എല്ലാ നദികളും(ജലവും)കടലിലേക്ക ചേരുന്നു.അവയെല്ലാം വരുണന്റേയാണ്. യാദസാംപതി,അംബസാംപതി എന്നതുകൊണ്ട് മഹാഭാരതം വരുണനെ ജലജന്തുക്കളുടേയും ജലവിഭവങ്ങളുടേയും പതിയെന്നു വിളിക്കുന്നു. തിമി,തിമിംഗലം,മകരം,ഝഷം,കൂർമ്മം, ഗ്രാഹം(മുതല)തുടങ്ങി സകലവും അവന്റെ സ്വത്താണ്. ശിംശുമാരമെന്ന നക്ഷത്രം ആകാശത്തിലെ ജലജന്തുവായി, സർവ്വപ്രപഞ്ചനാഭിയായി വേദം പറയുന്നു. ഈ ശിംശുമാരമാണ് ആദിമമായ വിഷ്ണുരൂപം. ധർമ്മസംരക്ഷണത്തിന് വിഷ്ണുവാണ് എന്നും ഭാരതഖണ്ഡത്തിൽ. പശുപതിയെ പ്രോട്ടോശിവനെന്നു വിളിക്കുന്നതിനെപ്പറ്റി അഡയാറിലെ തിയോസഫിക്കൽ ലൈബ്രറി ഡയറക്ടറായിരുന്ന ശങ്കരനാരായണനുമായി സംസാരിച്ചതോർക്കുന്നു. പശുപതി എന്ന യോഗി ശിവ നുമാകാം,കൃഷ്ണനുമാകാം എന്നാണ് അന്ന് ഞങ്ങളെത്തിയ നിഗമനം.

ഏറ് എന്നാൽ ഒരു ജോഡി കാള എന്നാണ് പഴയ മലയാളത്തില് അർത്ഥം. മീനേറ്റ്,അഥവാ മീനേറ് മത്സ്യവും കാളയും(ഋഷഭം) ചേർന്ന ഒരുജോഡി.മീന,ഇടവരാശികളെന്ന മിഥുനം . ചൂറാമീനെന്ന സ്രാവും മകരമത്സ്യവും വരുണവാഹനങ്ങളാണ്. ഭഗവദ്ഗീത ഞാനാണ് മത്സ്യങ്ങളിലെ മകരമത്സ്യമെന്നു പറയുന്നു. പ്രളയകാലത്ത് ശൃംഗമുള്ള മീനായി വിഷ്ണു അവതരിച്ചു.ആ ശൃംഗത്തിലാണ് സത്യവ്രതമനു എന്ന ദ്രാവിഡാധിപതി തന്റെ നാവ (കപ്പൽ) കെട്ടിയിട്ട് വംശങ്ങളെ സംരക്ഷിച്ചത്. ഝഷപദത്തിന് വാധുലസൂത്രം വീട്ടുമൃഗമായ അജവും(ആട്) കാട്ടുമൃഗമായ ശരഭവും ഇണചേർന്ന പോലെ രോഹിതമത്സ്യവും സാധാരണമത്സ്യവും ചേർന്നതെന്ന് അർത്ഥം പറയുന്നു. തന്ത്രസമ്പ്രദായത്തിൽ ശംബരാസുരന് ദുർഗ്ഗയുടെ കാമുകനും ശത്രുവുമാണ്. ശംബരൻ പടിഞ്ഞാറെ കടലിന്റെ ഏറ്റവും അറ്റത്താണ് രാജധാനി പണിഞ്ഞത്.(ഇപ്പോഴത്തെ അമേരിക്ക)ശംബരനും തിമിധ്വജനാണ്(മകരധ്വജ) കാമദേവനേയും പാണ്ഡ്യരാജാവിനേയും പോലെ. ശിംശുമാരം ഏറ്റവും പഴയ വിഷ്ണുരൂപമാണ്,അത് ശിവനും പ്രധാനമാണ്. സ്കന്ധപുരാണം മഹേശ്വരഖണ്ഡം 17ൽ ശിവനെ മീനനെന്ന് വിളിക്കുന്നു. ശിവപാർവ്വതിമാര് സേത(ശ്വേത)ദ്വീപിലിരിക്കുമ്പോൾ ശിവന് പാർവ്വതിക്ക് ജ്ഞാനോപദേശം കൊടുത്തു. യാത്രാമദ്ധ്യത്തിൽ കടലിലെ മത്സ്യം (മച്ഛേന്ദ്ര)വിഴുങ്ങിയ ഒരു മനുഷ്യൻ അതെല്ലാം കേട്ടുപഠിച്ചു. ഉദ്ധിയാനപീഠം(സ്വാത്, അഥവാ ഉജ്ജിയാനം) എന്ന സ്ഥലത്ത് 4 യുഗത്തി ൽ 4 നാഥന്മാർക്ക് വെളിപ്പെട്ടതാണ് ക്രമതന്ത്രം. അവസാനത്തേതാണ് മത്സ്യത്തിന്റെ വയറ്റിലിരുന്ന് പഠിച്ച കലിയുഗത്തിലെ മച്ഛേന്ദ്രനെന്ന് മഹായാനപ്രകാശം.

സ്വാത്തിൽ കടലില്ല. പക്ഷേ സമുദ്രം വഴി സഞ്ചരിച്ച് സ്വാത്തിലെത്തുന്ന മത്സ്യരാജാക്കന്മാരായ മച്ഛേന്ദ്രന്മാരുണ്ട്,അവരുടെ ജ്ഞാനവെളിച്ചവുമെത്തുന്നുണ്ട്. രാമായണകാലം മുതലേ സ്വാത്തിലെ വീരമത്സ്യശാഖ നിലവിലുണ്ട് എന്ന് ഭരതന്റെ യാത്രാവിവരണം കാണിക്കുന്നു.

വിഷ്ണുധർമ്മോത്തരപുരാണം ശ്രീകൃഷ്ണപുത്രനായ പ്രദ്യുമ്നന് കാമന്റേയും വരുണന്റേയും അവതാരമാണെന്ന് പറയുന്നു. ഏഴാംകടലിനക്കരെ വരുണന്റെ ശംബരരാജധാനിയിൽ മത്സ്യത്തിന്റെ ഉദരത്തിൽനിന്ന് കീറിയെടുത്ത മച്ചേന്ദ്രനാണ് പ്രദ്യുമ്നന്. കാമനും വരുണനെപ്പോലെ മകരവാഹനനും പാണ്ഡ്യനെപ്പോലെ മകരകേതനനുമാണ്. ബിസി രണ്ടാം നൂറ്റാണ്ടിലെ റബസ് നഗറിലെ പ്രദ്യുമ്നക്ഷേത്രം മകരധ്വജത്തോടുകൂടിയതാണ്. ഹിമാലയത്തിലെ ഉംഗ് നാഥിൽ സരസ്വതിതടാകമദ്ധ്യത്തിലായി ഒരു ലിംഗമുണ്ട്. എല്ലാ കൃഷ്ണചതുർദ്ദശിക്കും അവിടെ ഒരു വലിയ മത്സ്യം കാണുമെന്നും ആ മത്സ്യം ലിംഗമാണെന്നും (ലക്ഷണം) അതിനെ പൂജി ക്കാനായാൽ സർവ്വകാമപ്രാപ്തി ഫലമെന്നും വിശ്വസിക്കപ്പെടുന്നു. ആ മത്സ്യത്തിന്റെ ശിരസ്സി ൽ മഞ്ഞള് പുരട്ടിയിട്ട് പുരുഷന്മാര് ഞാൻ നീയാകട്ടെ എന്ന് പ്രാർത്ഥിച്ചാല് പുരുഷവന്ധ്യ ത നശിക്കുമെന്ന് കരുതുന്നു.(ക്രൂക്ക് 1926)മുരുകന് മീൻകാവടി(മത്സ്യക്കാവടി) എടുക്കുന്ന പതി വ് ,മത്സ്യദ്വാദശിക്ക് വിഷ്ണുവിന്റെ സ്വർണ്ണമത്സ്യരൂപം നടുവിലും നാലുപാത്രം നിറയെ ജലം നാലുവശവും വെച്ച് (നാലുസമുദ്രമെന്ന് സങ്കൽപ്പം)പ്രാര്ത്ഥിക്കുന്ന ചടങ്ങ് വരാഹപുരാണ ത്തിലുണ്ട്. ജലം,കാമം,പാണ്ഡ്യദേശം,കൃഷ്ണനും പ്രദ്യുമ്നനും കടലോരത്തെ കപ്പൽസഞ്ചാരികൾ,ദാശർ,വരുണൻ,ശിവൻ,വംശോദ്ധാരണം –ഇങ്ങനെ അനേകം ആശയങ്ങളെ മത്സ്യചിഹ്നത്തിൽനിന്ന് സന്ദർഭമനുസരിച്ച് വായിച്ചെടുക്കണം.



മുമ്മീൻ(മൃഗശീർഷം), ത്രിമൂർത്തി., 3 സ്വരമുള്ള സാമമന്ത്രം.

ആറുമീൻ കാർത്തിക (ഇടവരാശിയിലെ നക്ഷത്രം) 6 സ്വരം ഷഡ്ജം pleides



ഏളുമീൻ, വസിഷ്ഠനടക്കം സപ്തർഷിസമൂഹം. 7 സ്വരമുള്ള സാമഗാനം .സപ്തവർണ്ണം ,സപ്തരശ്മി,സപ്തമാതൃക

കാളികാപുരാണത്തിൽ മത്സ്യവും മനുഷ്യനുമടക്കം ഈ സീലില് കാണുന്ന എല്ലാ പദാർഥ്ഥങ്ങളും കാളിക്ക് ബലിവസ്തുക്കളാണ്. ഋഗ്വേദം 7, 33,7-13ൽ വസിഷ്ഠന്റേയും അഗസ്ത്യന്റേയും

ജനനം കുംഭത്തിൽനിന്നാണ്. വരുണപുത്രരാണവർ. തെക്കുവശത്തെ കുംഭ(ഭരണി)യിൽ ജനിച്ച കാനോപ്പസ്സ്,വടക്കു ജനിച്ച മിസാറെന്ന വസിഷ്ഠതാരം. മിത്രാവരുണർക്ക് ഉർവ്വശിയെക്കണ്ട് രേതസ്സ സ്ഖലിച്ചതുകൊണ്ടുണ്ടായവരാണ് ഈ മിത്രാവരുണികൾ. അവരോടൊപ്പം ഒരു മത്സ്യവും ജനിച്ചു. മത്സ്യോ മഹാദ്യുതി എന്ന് ബൃഹദ്ദേവത 5-149-55).

ജൈമിനീയഗൃഹ്യസൂത്രത്തിൽ(2,9)പച്ചനിറമുള്ള വിഷ്ണു ,പച്ചനിറമുള്ള ബുധഗ്രഹത്തിന്റേയും പച്ചനിറമുള്ള ഭൂമീദേവിയുടേയും നാഥനാണ്. നവമണി(നവരത്നം)യിൽ മരതകമണിനിറമാണവർക്ക്. മാൽ(തിരുമാൽ),ശ്യാമ മുതലായ പര്യായപദങ്ങലിരുവർക്കുമുണ്ട്. പച്ച,പച്ചൈ എന്നീ ദ്രാവിഡമൂലത്തിൽനിന്ന് പച്ചു,ഹരിക്കുക,ഭാഗിക്കുക,പശിമ,മുതലായി പല പദങ്ങളുമുണ്ടായിട്ടുണ്ട്.



പച്ചമീൻ **കന്നുകുട്ടി,ബുധ** **മെയ്യീൻ ശനി, മത്സ്യക്ഷേത്രം**

പച്ചമീനെന്ന ചിഹ്നത്തെ രണ്ടായിഭാഗിച്ച് ഒന്നായ നിന്നെ രണ്ടായി(ബ്രഹ്മത്തെ സ്ത്രീ,പുരുഷന്മാരായി)കാണുന്നു.,സൂര്യനെന്ന കാമധേനുവിന്റെ അരികെനിന്ന് മാറിപ്പോകാതെ അടുത്തുതന്നെ നിൽക്കുന്ന കന്നുകുട്ടി(പയ്യനായി)യായി ബുധഗ്രഹത്തെ കാണുന്നു. ഒട്ടും യൌവനം നശിക്കാത്ത സ്ഥിരമായ പച്ചക്കിടാവായും മേധാവിയായും നിത്യഹരിതനായും ബുധഗ്രഹത്തിന്റെ സ്ഥിതി ഇവിടെ ഈ ചിഹ്നം കാണിക്കുന്നു. മത്സ്യത്തിനുമുകളിലായി കൂരപോലെ ഒന്നു വരച്ചാലത് ക്ഷേത്രമായി. വീടായി. മെയ്യീനെന്ന കറുത്തവനായ ശനിയുടെ ധർമ്മക്ഷേത്രമെന്നും അർത്ഥം. ശനി യമധർമ്മപുത്രനാണ്. ശനിയുടെ വാഹനമാണ്കൂർമ്മം (വിഷ്ണുവിന്റെ മറ്റൊരവതാരം). കൂർമ്മത്തിനുപുറത്ത് മേൽക്കൂര (തോട് ഉള്ള ആമ) സ്വാഭാവികമായിത്തന്നെ ഉണ്ട്. ശനിയുടെ വാഹനമാണ് കച്ഛപം എന്ന കൂർമ്മം. മത്സ്യക്ഷേത്രം,കൂർമ്മക്ഷേത്രം കച്ഛപന്റെ (കശ്യപ)ക്ഷേത്രം എന്നും വായിക്കാവുന്നതാണ് എന്ന് ആസ്കോ പർപോളയുടെ പുസ്തകങ്ങൾ വായിച്ചാലറിയാം. മത്സ്യക്ഷേത്രമെന്നത് ശരിയാണ്. കൂർമ്മം ,കച്ഛപം എന്നത് ശരിയുമാവാം തെറ്റുമാവാം എന്ന് തോന്നുന്നു.സന്ദർഭമനുസരിച്ചാണ് ഈ വായന ചെയ്യേണ്ടത്.

മീനെന്ന ഒറ്റചിഹ്നം ദ്രാവിഡരീതിയിൽ വായിക്കുമ്പോൾത്തന്നെ സ്വാഭാവികമായും നാം ഇന്ത്യ ൻ ജ്യോതിശ്ശാസ്ത്രത്തിന്റെ മേഖലയിലേക്ക് പ്രവേശിക്കുന്നു. എത്രമാത്രം ഇന്ത്യയിലെ നക്ഷത്രഗണിതം സൈന്ധവ,ഹരപ്പകാലത്ത് പുരോഗമിച്ചിരുന്നു. എത്ര ഇനം നക്ഷത്രങ്ങളെ ,ഗ്രഹങ്ങളെ അന്നവർക്കറിയാമായിരുന്നു. സമുദ്രയാത്രികരായ അവരുടെ ഗോളക്ഷേത്രഗണിതം എപ്രകാരം ദൈനന്ദിനനിരീക്ഷണം ,ഗവേഷണം എന്നിവയിലൂടെ സിന്ധുലിപികാലത്തുതന്നെ ചന്ദ്ര,സൂര്യ,നവഗ്രഹ,നക്ഷത്രാധിഷ്ഠിതമായി വ്യക്തമായ ഒരു പഞ്ചാംഗവും കലണ്ടറും ആയി അംഗീകരിക്കപ്പെട്ടിരുന്നു. ഇതെല്ലാം നമ്മുടെ ജ്യോതിശ്ശാസ്ത്രത്തിന്റെ പഴക്കം കാട്ടുന്നു. വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തികയിലൂടെ എന്ന ഗ്രന്ഥത്തില് ഒരു കരണഗ്രന്ഥത്തിന്റെ സഹായത്തോടെ ചെയ്യുന്നത് ഇവിടെ പുരാവസ്തുഗവേഷണത്തിന്റെ തെളിവുകളിലൂടെ ഒന്നുകൂടി ഉറപ്പിക്കാം. ഏതു ക്ഷേത്രത്തിലും നവഗ്രഹങ്ങൾക്ക് പ്രത്യേകസ്ഥാനമുണ്ട്. ഉപദേവന്മാരായി അവരെ പൂജിക്കുന്നത് പഴയ പതിവാണ്. ക്രോണോളജികളിൽ വ്യക്തമാകുന്നപോലെ സൂര്യചന്ദ്ര അഗ്നികുലങ്ങളാണ് ഇവിടെയുണ്ടായിരുന്നത്. നവഗ്രഹപൂജ ഏതു ശുഭകാര്യത്തിനു മുമ്പും ഭാരതത്തിലുള്ളവർ ചെയ്തിരുന്നു എന്ന് എഡി ഒന്നാം ശതകത്തിലെഴുതിവെച്ച വൈഖാനസ ഗൃഹ്യസൂത്രത്തിന്റെ മാനുസ്ക്രിപ്റ്റിലുണ്ട്.(4, 13) .അഞ്ചാം നൂറ്റാണ്ടിൽ ഗുപ്തകാലം മുതല് വടക്കേ ഇന്ത്യയിൽ നവഗ്രഹപൂജയുണ്ടായിരുന്നതിന് തെളിവുണ്ട്. ദിശാനാഥരായും ദിവസനാഥരായും ഗ്രഹങ്ങളെ ഇന്നത്തെപ്പോലെ അന്നും പൂജിച്ചിരുന്നു. വിഷ്ണുധർമ്മോത്തരപുരാണം ദിശാനാഥരായി കേതുവിനെ കൂട്ടാതെ അഷ്ടഗ്രഹമെന്നു പറഞ്ഞിരിക്കുന്നു. കേതു ഒരു പ്രത്യേകപ്രതിഭാസമായതുകൊമ്ടാണ് അതിനെ കൂട്ടാത്തത്. കേതുവിനെ എന്നും നിരീക്ഷിക്കാനാവില്ല.

മഹാഭാരതത്തിലും രാമായണത്തിലും നവഗ്രഹങ്ങളേയും പഞ്ചഗ്രഹങ്ങളേയും കുറിച്ച് പ്രതിപാദിക്കുന്നു. രാഹു അഥവാ സ്വർഭാനു ഭൂമിയാണ്. അഹോരാത്രപജത്തിലെ നടുവിലെ 2 അക്ഷരം തിരിച്ചിട്ടതാണ് രാഹോ പദം. ഈ പദമാണ് അവസ്തയിലെ അഹോര എന്നത്. (അസുരപദം). കേതു കൊടിയാണ്. സൂര്യന്റെ ,അഗ്നിയുടെ ധൂമക്കൊടി. കേതവ എന്ന് അനേകം കേതുക്കളെ ബഹുവചനമായിട്ടാണ് വേദം പറഞ്ഞിരിക്കുന്നത്. (പർപ്പോള199). വരാഹമിഹിരൻ കേതുവിനെ വിശദമായി പ്രതിപാദിക്കയും തനിക്കു മുമ്പുള്ളവരുടെ ക്ലാസിഫിക്കേഷനുകളോടെ വിശദമാക്കയും ചെയ്യുന്നു. രാഹുവിന്റെ വാൽ നാഗരൂപമാണെന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. കേതുവിനെക്കുറിച്ച് വരാഹമിഹിരന്റെ സുദീർഘമായ വിവരണം ബൃഹദ്വാരാഹീസംഹിതയിലുണ്ട്. (പ്രകാശസിന്ധു എന്ന എന്റെ ഗ്രന്ഥം കാണുക)ഇത്രയും നന്നായും ദീര് *ഘമായും മറ്റാരെങ്കിലും അതിനുമുമ്പ് പ്രതിപാദിച്ചിട്ടുണ്ടോ എന്നു സംശയമാണ്.*

18 അംഗുലം ചതുരമായ വേദിമേല് അഷ്ടദളപത്മം വരക്കുക. ഓരോ ദളത്തിലും അതാതു ഗ്രഹത്തിന്റെ നിറം ചേർക്കുക. ഓരോന്നിലും ഗ്രഹത്തെ പ്രതിനിധാനം ചെയ്യുന്ന വിഗ്രഹം, ലോഹത്തകിട്. സിംബലുകൾ,നിറമുള്ള പട്ട്, ചോറും തൈരും എന്നിവയിലേതെങ്കിലും വെക്കുക.

മന്ത്രോച്ചാരണത്തോടെ പൂജ ചെയ്യുന്നു.ഓരോന്നിന്റെ ഇടത്തും വലത്തും ഉപദേവന്മാരെ പ്രതിഷ്ഠിക്കൽ,ഓരോന്നിനും വേറെവേറെ നേദ്യം,(വിറകുപോലും വേറെ വേറെ വേണം) ഇങ്ങനെയുള്ള പൂജ ക്രിസ്തുവർഷാരംഭത്തിലും ഉത്തരേന്ത്യയിലുണ്ട്. യാജ്ഞവൽക്യസ്മൃതി ((1,290, 303) ജൈമിനീയഗൃഹ്യസൂത്രം (2,9)എന്നിവപ്രകാരം ഐശ്വര്യം ,മഴ,ആയുസ്സ്,ആരോഗ്യം ഇവക്കായി വീട്ടുകളിൽവെച്ചുതന്നെ ഈ പൂജ ചെയ്യാറുണ്ട്. ഇന്ത്യയുടെ നവഗ്രഹാരാധന പ്രീഹെല്ലനിസ്റ്റിക് സമ്പ്രദായങ്ങളിൽത്തന്നെ ഉണ്ട്. ഇതിനു തെളിവാമ് സൈന്ധവലിപി. സൈന്ധവലിപിയിൽനിന്ന് മനസ്സിലാവുന്നത് നവഗ്രഹജ്ഞാനം ഇന്ത്യയില് ഗ്രീക്കുസംസ്കാരത്തിനുമുമ്പേ ഉണ്ടെന്നാണ്.ജ്യോതിശ്ശാസ്ത്രം ഗ്രീസുകാരില്നിന്ന് ഇന്ത്യക്ക് കിട്ടി എന്നു വാദിക്കുന്നവരെല്ലാം ഇത് ശ്രദ്ധിക്കേണ്ടതാണ്.

മൈത്രായനിഉപനിഷത്തില് ചന്ദ്രന് നക്ഷത്രയോഗം,ശുക്രന്,ശനി,രാഹു,കേതു, ദിശാസ്ഥാനങ്ങൾ, (കോമ്പാസ് ദിശകൾ)ബൃഹസ്പതിയും ശുക്രനുമാണ് ദേവാസുരഗുരുക്കളെന്ന നിഗമനം (7,1-6, 7-9) ഇവ കാണുന്നു. അഥർവ്വവേദത്തില് (19,9,7, 10)രാഹു,മൃത്യു,ധൂമകേതു, സൂര്യചന്ദ്രന്മാ ർ,ദിവിചരാഗ്രഹാ(ആകാശചാരികളായ ഗ്രഹങ്ങള്) എന്നു കാണാം. ഗ്രഹം പ്ലാനറ്റ് മാത്രമല്ല, ശിംശുമാരമെന്ന മുതലയുമാണ്. വേദകാലത്തെ ഇന്ത്യക്കാരന് ഗ്രഹങ്ങളെ നന്നായറിയാമെന്നതിന് പർപ്പോളയുടെ ഗ്രന്ഥം വേണ്ടത്ര തെളിവുകള് തരുന്നുണ്ട്. നക്ഷത്രയോഗം , ചന്ദ്രസൂര്യസ്ഥാനം ഇവ അറിഞ്ഞ് നിരന്തരം ആ കാലാന്തരം(കലണ്ടർഉപയോഗിക്കയും വാനനിരീക്ഷണം ചെയ്കയും ചെയ്യുന്ന ഹരപ്പ,മോഹഞ്ജോദാരോജനത ഗ്രഹങ്ങളെമാത്രം ഗ്രീക്കുകാരിൽനിന്ന് കടം വാങ്ങേണ്ട ആവശ്യമേ വരുന്നില്ല എന്നദ്ദേഹം യുക്തിയുക്തം സ്ഥാപിക്കുന്നു. (അദ്ധ്യായം 11)

The orientation of the Harappan cities according to the cardinal directions provides irrefutable evidence for the practice of astronomy by the Indus people (pp 201).

ഇത്രയും എഴുതിയ വ്യക്തിപോലും പഴയ യൂറോപ്യൻചിന്താഗതി വിടാതെ 12 രാശിയും 7 ദിനവും ഇന്ത്യക്കാർ ഗ്രീസിൽനിന്നു കടമെടുത്തു എന്നും പറയുന്നത് അത്ഭുതാവഹമാണ്. ഇതിലെ യുക്തിരാഹിത്യം ജ്യോതിശ്ശാസ്ത്രവും സംഗീതവും ഭാരതത്തിൽ (രൂപം,നാമം)പ്രകാശരശ്മി, നാദതരംഗം ഇവയുടെ ഗണിതം അനുസരിച്ചാണ്,അവരണ്ടും ഒന്നുതന്നെയാണ് എന്ന നാട്ടുനടപ്പറിയാത്തതുകൊണ്ടുമാത്രമാണ്. സാമവേദസംഗീതവും ദേശിസംഗീതവും ഉൾപ്പെട്ടഭാരതീയ സംഗീതത്തിന്റെ ലിപി സൈന്ധവലിപിയില് അദ്ദേഹം വായിച്ചെടുത്തിട്ടില്ല. അതിനെക്കുറിച്ച് പിന്നാലെ പറയും. വേദത്തിൽ സപ്തർഷി,സപ്തസാമം എന്ന് 7 രശ്മികളേയും 7 നാദതരംഗസ്ഥാനങ്ങളേയും 7 നദീജലദേവതകളേയും പറയുന്നുണ്ട്. 12 വർഷത്തിലൊരിക്കല് വരുന്ന വ്യാഴവട്ടം ഇവിടെ അതിപ്രധാനമായ ഒരു നദീജലസംഗമോത്സവമാമ്. ഋഗ്വേദത്തിൽ 10800 നക്ഷത്രേഷ്ടികകൊണ്ട് വൃത്താകൃതിയിൽ ഉണ്ടാക്കുന്ന വേദി 10800 നിമിഷങ്ങളാണ്. (360

ദിവസം അഥവാ ഡിഗ്രിയെ 30 നിമിഷം കൊണ്ടു ഗുണിച്ചത്).നക്ഷത്രകാലാന്തരം (കലണ്ട ർ)ഉണ്ടാക്കിയത് ഹരപ്പയിലാണ് ,മറ്റെവിടെയുമല്ല, എന്ന് അദ്ദേഹം തന്നെ സ്ഥാപിക്കുന്നുമു ണ്ട്(പേജ് 201). നക്ഷത്രങ്ങളെ 12 രാശിയില് 13 ഡിഗ്രി 20 മിനുട്ട് ആയി വിന്യസിച്ചാണ് ന ക്ഷത്രകലണ്ടറുണ്ടാക്കിയത്. 12 രാശി അറിയാതെ അപ്പോളെങ്ങനെ ഹരപ്പക്കാരായ ഭാരതീ യർ നക്ഷത്രക്കലണ്ടറുണ്ടാക്കും. അതിന് ഗ്രീക്കുസംസ്കാരത്തെ കൂട്ടുപിടിക്കണമെങ്കില് ഹരപ്പ ക്കാരെ 3000 കൊല്ലം പിന്നിലേക്കു കൊണ്ടുവരേണ്ടിവരുമല്ലോ. 12 രാശിയെ 7 കൊണ്ടു ഹരി ച്ച 84 വേദസംഖ്യയാണ് . വേദസംഖ്യയെ 3 കൊണ്ടുഹരിച്ചാല് 28 നക്ഷത്രം കിട്ടും. വേദകാല ത്ത് അഭിജിത്ത് കൂടി കൂട്ടി 28 നക്ഷത്രമാണ് ഉണ്ടായിരുന്നത്.

അലഞ്ഞുതിരിഞ്ഞുനടക്കുന്ന വർഗ്ഗത്തിന് (*wandering nomads)* അത്ര കൃത്യമായ കലണ്ടർ, (*accurate calendar*)വേണ്ട എന്ന വാദം ശരിയാവാം.പക്ഷേ അത് ആടുമേച്ച് അലയുന്ന വ ർഗ്ഗത്തിനാണ്. സമുദ്രസഞ്ചാരം ചെയ്യുന്നവർക്കല്ല. ദക്ഷിണേന്ത്യയിലെ സമുദ്രസഞ്ചാരിക ളും അലഞ്ഞുതിരിയുന്നവരാമ്,അവർക്ക് കൃത്യമായ നക്ഷത്രകലണ്ടറുണ്ടായേ മതിയാവൂ. അ വ ർ, ഗുജറാത്,ഭൃഗുകച്ഛം മുതൽ വടക്കോട്ട് സിന്ധുദേശം വരെയും ,തെക്കോട്ട് കന്യാകുമാരി മുനമ്പുചുറ്റി കിഴക്കോട്ടും കാലവർഷക്കാറ്റിന്റെ സഹായത്തോടെ ആഫ്രിക്കമുനമ്പുചുറ്റി പടി ഞ്ഞാട്ടും കടക്കുന്ന മീനവരാണ്. ഈ സമ്പ്രദായം കൊണ്ടാണ് വ്യാപകമായ രീതിയിൽ ഹരപ്പ,സൈന്ധവസംസ്കൃതി എല്ലായിടത്തുമെത്തിയത്. ദാശരായ മീനവരുടെ കേന്ദ്രീകൃത മായ ഭരണസംവിധാനത്തിൽ വ്യാപാരം,സമ്പദ്വ്യവസ്ഥ, കൃഷി,മതാചാരങ്ങളെന്നിവക്കും കലാഭിവൃദ്ധിക്കും ഇത് കാരണമായിത്തീർന്നു. ശാസ്ത്രങ്ങളുടെ പ്രായോഗികജ്ഞാനം നാലു വർണ്ണങ്ങൾക്കും ഉണ്ടായിരുന്നു എന്നർത്ഥം

ശുനകതാരം എന്ന സിറിയസ്സിനെ നോക്കി മഴ ,വെള്ളപ്പൊക്കം എന്നിവ പ്രവചിക്കുന്നത് ബൈനറിതാരങ്ങളെ ആദ്യമായി നിരീക്ഷിച്ചവരും ഭാരതീയരാണെന്നു കാണിക്കുന്നു. ഇത് സുധാസിന്ധു എന്ന ഉപനിഷദ്‌വ്യാഖ്യാനത്തിൽ നേരത്തെ വിശദമായി ചർച്ച ചെയ്തു. കാ ർത്തികമുതലാരംഭിക്കുന്ന കലണ്ടര് മഴ,കാലവർഷക്കാറ്റ് , സമുദ്രസഞ്ചാരം ,കൃഷി ഇവയെ ആസ്പദമാക്കിയാണ്. വേദം അങ്ങനെയാണ് കാലം ഗണിക്കുന്നതുതന്നെ. കാലവർഷക്കാറ്റി നെ ആസ്പദമാക്കിയ കാലഗണന തന്നെ വേദമുണ്ടായത് ദക്ഷിണേന്ത്യയിലാണെന്നതിന്റെ തെളിവാണ്. കാർത്തികയുടെ നാമങ്ങള് അഭ്രയന്തി,വർഷയന്തി, മേഘയന്തി എന്നൊക്കെ യാണ്. എല്ലാം കാലവർഷസംബന്ധിയായ നാമങ്ങളാണ്. കാർത്തിക, വിശാഖം,മകം, ധനി ഷ്ഠമെന്നീ 4 ബിന്ദുക്കളെ എടുത്ത് രാശിചക്രം വരക്കുന്ന രീതി പലതവണ സൈന്ധവലിപിയി ൽ ആവർത്തിച്ചുകാണുന്നുണ്ട്.. ദിശാനിർണ്ണയത്തിനുള്ള താരങ്ങൾ,മച്ച(ത്സ്യ)യന്ത്രം,എന്ന കോമ്പാസ് എന്നിവയും ഈ ലിപികളിൽ വായിച്ചെടുക്കാം. ഇന്ത്യയിലെ വാസ്തുവിന്റെ ആരം ഭവും ഇതിലാണുള്ളത്.നഗരസംവിധാനമുള്ള ഹരപ്പ മോഹഞ്ജോദാരോ സംസ്കൃതികളിലെ

വാസ്തുവിദ്യ നക്ഷത്രം,ദിശ ഇവയെ ആസ്പദമാക്കിത്തന്നെയാണ്.



equinox based on 4 points

Intersecting circles Harappa



Euclid's page



കാത്യായനശുൽബസൂത്രം സമതലത്തില് ശങ്കു നാട്ടി അതിന്റെ തുല്യം നീളമുള്ള രജ്ജുകൊണ്ട് ചുറ്റും വൃത്തം വരച്ച് ,വൃത്തത്തിന് ഇരുവശവും രണ്ട് വടിനാട്ടി (ശങ്കുവിന്റെ അഗ്രത്തിന്റെ നിഴൽ ആദ്യം വീഴുന്ന ഉദയമുഹൂർത്തം, പുറത്തുപോകുന്ന അസ്തമയം) ഈ രണ്ടുബിന്ദുക്കളെ അളന്ന് അവതമ്മിൽ ഒരു ഋജുരേഖവരച്ച് ബന്ധിപ്പിച്ചാല് ഉദയാസ്തമയ (കിഴക്കുപടിഞ്ഞാറൻ)രേഖ കിട്ടുമെന്ന് പറയുന്നുണ്ട്. സൈന്ധവലിപിയിലെ പരസ്പരം ഛേദിക്കുന്ന വൃത്തം (ഉദയാസ്തമയവൃത്തം) എന്ന ഇരട്ടനാഗചിഹ്നം ഇത് ഹരപ്പന്മാരുടെ കാലത്തേ ഇന്ത്യക്കാർക്കറിയാമെന്നതിന്റെ തെളിവാണ്. .ഇതേ ചിത്രമാണ് സഹസ്രാബ്ദങ്ങൾക്കുശേഷം യൂക്ലിഡിന്റെ നോട്ടുബുക്കിൽ ചെറിയ മാറ്റത്തോടെ കാണുന്നത്.

വടക്ക് ഉദിക്കുന്ന സപ്തർഷിയുടെ പത്നി എന്ന് കിഴക്കുദിക്കുന്ന കാർത്തികതാരസമൂഹത്തെ ശതപഥബ്രാഹ്മണം (2,1,2,4-5) പറയുന്നത് മുമ്പുകാലത്ത് അങ്ങനെയാണ് നിശ്ചയിച്ചിരുന്നത് എന്നതുകൊണ്ടാണ്. ഇപ്പോളവയെ അഗ്നിപത്നിമാരായി കണക്കാക്കുന്നു.അതായത് ,കാർത്തിക,സപ്തര്ഷിസമൂഹങ്ങളുടെ ചലനം അത്രയും കാലമായി നിരന്തരം ഭാരതം നിരീക്ഷിക്കുന്നുണ്ട്. അഗ്നി(ശിവ)കാർത്തികേയനെ ജനിപ്പിച്ച കാലം മുതലാണ് അവരെ അഗ്നിപത്നിമാരാക്കിയത്. അരുന്ധതി (*Alcor)* മാത്രം വിശ്വസ്തയായി വസിഷ്ഠനെന്ന മിസാറിനെ പിന്തുട

രുന്ന പതിവ്രതയായി ,ബൈനറിതാരമായി, അറിയപ്പെടുന്നു. മറ്റുള്ളവർക്ക് സ്ഥാനചലനമുണ്ടായി. 6 ഋതുക്കളാകുന്ന ഷണ്മുഖത്തോടുകൂടിയ കാലചക്രമെന്ന അഗ്നിപുത്രനെ തങ്ങളുടെ ശരവനപ്പൊയ്കയിലാണ് കൃത്തികകൾ വളർത്തിയത്. ഇവിടെ സൂര്യൻ (കിഴക്ക്) ഉത്ഭവിച്ച കഥയാണ് കാണുന്നത്. രാശിചക്രത്തിൽ ചൊവ്വയുടെ സിന്ദൂരം ,സൂര്യന്റെ മഞ്ഞളോടു ചേർന്ന് നിത്യദേവദാസീസങ്കൽപ്പമാണ് കാർത്തികക്ക്. ഋഗ്വേദത്തിൽ തന്നെ രോഹിണി (*Aldebaren)*നക്ഷത്രത്തെക്കുറിച്ച് പറയുന്നുണ്ട്. ആദ്യം രോഹിണിയുടേയും പിന്നീട് കാർത്തികയുടേയും ആരംഭത്തിലാണ് വേദകാലത്തെ കലണ്ടർ. ഇടവപ്പാതിയിൽ രോഹിണിയാണ്. മേടം ഒടുക്കം മുതൽ ഇടവം 10 ഡിഗ്രിവരെയാണ് കാർത്തിക. ഒരുകാലത്ത് ഇടവപ്പാതിയുടെ സമയത്തിലുണ്ടായ ചെറിയ മാറ്റം നിരീക്ഷിച്ചിട്ടാണ് ഇങ്ങനെ കാർത്തികയെ രോഹിണിക്കു പകരം സ്വീകരിച്ചത്. രോഹിണിയിൽ ചന്ദ്രന് ഉച്ചരാശിയാണ്. 3054 ബിസിയില് രോഹിണി വീണ്ടും വെർണ്ണല് ഈക്വിനോക്സിലെത്തി. അപ്പോഴാണ് ഹരപ്പയിലെ ആദിമസംസ്കാരകാലത്ത് (കോട്ട് ദിജികാലം)ശ്രീകൃഷ്ണാവതാരമുണ്ടായത്. അതുവരെ മുരുകനായിരുന്ന ശിവപുത്രന്റെ വൈഷ്ണവരൂപമാണ് അമ്മാമനായ വിഷ്ണു. മെചർഹരപ്പൻഫേസിനു തൊട്ടുമുമ്പ് മെസപ്പട്ടോമിയ, മറ്റ് സംസ്കാരങ്ങൾ എന്നിവിടങ്ങളിലേക്കും ഈ സംസ്കൃതി വ്യാപിച്ചു. (പേജ് 206) ഇന്ത്യക്കാർ സിറിയസ് ഉദിച്ചാല് സമുദ്രയാത്ര ആരംഭിക്കുമെന്ന പ്ലിനിയുടെ അഭിപ്രായം ,ഛാന്ദോഗ്യത്തിലെ ബകദാൽബ്യന്മാരുടെ ശുനകതാരനിരീക്ഷണം എന്നിവ അന്നത്തെ ഭാരതീയരുടെ ശാസ്ത്രീയവും പ്രായോഗികവുമായ ജ്ഞാനത്തിനു നിദർശനമാണ്.

ഭേകുരി,ബാകുരി,വേകുരഃ- വൈഖരി എന്ന സംസ്കൃതപദം കേൾക്കാത്തവരുണ്ടാവില്ല. എന്നാൽ അഞ്ചുവേദികളിലായി അനുഷ്ഠിക്കുന്ന യാഗത്തിൽ ഒരു മന്ത്രത്തില് ഇതിനെ ഭേകുരി എന്ന ദ്രാവിഡപദം കൊണ്ടാണ് വിവക്ഷിക്കുന്നത്. രഥന്തരസാമത്തെ ഭകരമെന്നു പറയാറുണ്ട്. വായസനേയസംഹിത ഭേകുരി എന്ന ദ്രാവിഡപദത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്(18, 42) സൂര്യരശ്മികളോടുകൂടിയ ഗന്ധർവ്വനായ സോമന് ,ഭേകുരി എന്നുപേരുള്ള അപ്സരസ്സുകളൊത്ത് എന്നാണ്. ഭേകുരി അഥവാ ദൈവീമേധയായ വൈഖരി(സരസ്വതി) അപ്സരസ്സാണ്, അപ്സരഗണങ്ങളുടെ നാഥയാണ്. ശതപഥബ്രാഹ്മണം പറയുന്നുഃ അവ ഭാകുരിയാണ്, നക്ഷത്രങ്ങ ൾ പ്രകാശം തരുന്നു. ഭാം ഹി നക്ഷത്രാനി കുർവ്വന്തി . എന്നാൽ മറ്റു ഗ്രന്ഥങ്ങളില് ഭേകുരി, വേകുരി എന്നാമ് പദപ്രയോഗം. ഇത് വാഗ്ദേവതയെന്ന അപ്സരവാചിയാണ്. വൈഖരിയുടെ ഈ പ്രാകൃതരൂപം നക്ഷത്രങ്ങൾക്ക് നൽകുന്നു. ഈ പദം തമിഴപദമാണ്. വൈകുമീനെന്ന് പ്രഭാതതാരത്തെ അകനാനൂറ് (17, 21) പെരുംപാണാറ്റുപട(318) നറ്റിണൈ(48,4)) മധുരൈക്കാഞ്ചി(208)യിൽ വൈകൽമീനെന്നാണ് .ഗോണ്ടുഭാഷയിൽ വിയാസുകം (വ്യാസുകം) കുയിഭാഷയിൽ വേഗം ബോദുരി . വ്യാപിക്കുക, വെക്കുക എന്ന അർത്ഥവുമുണ്ട് ഇതിന്. വൈപ്പിർക്കുടി, വൈകൈ,വൈയ്യം, മുതലായ വാക്കുകളുടെ ഉത്ഭവവും ഇങ്ങനെയാണ്. പുരുഷൻ സ്ത്രീയെ വെച്ചിരിക്കുക, എന്ന തമിഴപദത്തിന്റെ അർത്ഥത്തില് ഒരുമിച്ചുജീവിക്കുക എ

ന്നാണ് അർത്ഥം. ചന്ദ്രനും താരങ്ങളും ഗന്ധർവ്വനും അപ്സരസ്സുകളും ഒന്നിച്ച ജീവിക്കുന്നു. ഗന്ധർവ്വനിലിരിക്കുന്ന സർവ്വജ്ഞതയും അപ്സരസ്സുകളിലിരിക്കുന്ന ദൈവീമേധയും തരിക എന്ന് ഉപനിഷത്തുക്കളിലും കാണാം. ചന്ദ്രമാ നക്ഷത്രേ വസതി(ശത.ബ്രാ. 10.5.4,17)ഇത് 3054 ബിസിക്കു മുമ്പ്തന്നെ അറിയാമായിരുന്ന ഹരപ്പൻസംസ്കൃതി ദ്രാവിഡസംസ്കൃതിയാണ്. തെക്കും വടക്കും ദ്രാവിഡഭാഷകളായി പിരിഞ്ഞ ചരിത്രാതീതകാലത്തിനുമുമ്പേ ഈ അറിവ് സമ്പാദിച്ചിട്ടുണ്ടാവണം. അവർ സംസാരിച്ചിരുന്ന ഭാഷ അതുകൊണ്ട് പ്രോട്ടോദ്രാവിഡിയന് ഭാഷയായിരുന്നിരിക്കണം. ഗോഭിലഗൃഹ്യസൂത്രത്തിൽ,ജനിച്ചപ്പോൾ കൊടുക്കുന്ന ഗുഹ്യനാമം (രഹസ്യനാമം,ഗുഹ്യകന്മാർ),പിന്നീട് കൊടുക്കുന്ന നാമം എന്ന് രണ്ടെണ്ണത്തെ പറയുന്നു. രണ്ടാമത്തേത് ജന്മനക്ഷത്രം,അതിന്റെ ദേവത, വംശനാമം ഇവയിലൊന്നായിരിക്കും. ആപസ്തംബഗൃഹ്യസൂത്രത്തിൽ (6,15,2-3)അഛൻ കുട്ടിയുടെ ചെവിയില് ജനിക്കുമ്പോള് ഉച്ചരിക്കുന്ന ജന്മനക്ഷത്രനാമമാണ് അവന്റെ രഹസ്യനാമം. ഭവത്രാതൻ(ജൈമിനീയസൂത്രം 1.7.5)ഈ നാമം ഈശ്വരൻ തന്ന നാമമാണെന്നു പറയുന്നു. ഇതനുസരിച്ച് എല്ലാവർഷവും പിറന്നനാൾനക്ഷത്രം, ദേവത ന്നിവക്ക് പ്രാർത്ഥന അർപ്പിക്കുന്നു.

ശതപഥബ്രാഹ്മണം 7 ധിഷ്ണ്യദേവതകളെയാണ് ഗന്ധർവ്വന്മാരായി ,സപ്തസാമമായി സങ്കൽപ്പിക്കുന്നത്.(3,6, 2,24). സോമം ചന്ദ്രനും ധിഷ്ണ്യവേദികൾ ഗന്ധർവ്വന്മാരുമാണ്. ശതപഥബ്രാഹ്മണം(5,1,4,3-27)നക്ഷത്രങ്ങളെ 27 ഗന്ധർവ്വന്മാരെന്നു പറയുന്നു. ആഷാഢകൈശിൻ,ആഷാഢിസൌമശ്രോമതേയ,ആഷാഢഭാല്ലഭേയ,ഗൈരേയആഷാഢി, ആഷാഢഉത്തരപാരാശര്യ,രൌഹിണവാസിഷ്ഠ,രൌഹിണായന,ചിത്രഗാംഗ്യായനി മുതലായ നാമങ്ങൾ വംശബ്രാഹ്മണത്തിലെ ശ്രാവണദത്ത,പുഷ്യയശസ്സ് ,മൂലമിത്രൻ,പുഷ്യമിത്രസുംഗ മുതലായ നാമങ്ങൾ മുതൽ ഇപ്പോഴത്തെ സ്വാതിതിരുനാൾ,ഉത്രാടംതിരുനാളെന്ന നാമകരണം വരെ ഇങ്ങനെ നക്ഷത്രനാമം ചേർത്ത് പേരുപറയുന്ന പ്രാചീനദ്രാവിഡരീതിക്ക് ഉദാഹരണങ്ങളാണ്. ഇന്ദ്രൻഫാൽഗുനിനക്ഷത്രത്തിലാമ് ജനിച്ചത്. ഇന്ദ്രപുത്രനായ അർജ്ജുനനും ഫാൽഗുനഅർജ്ജുനനാമ്. (ഋ.സം 10.85.13) മനുസ്മൃതി ഈ രീതിയെ വിലക്കിയ ശേഷമാണ് ഉത്തരേന്ത്യയിൽ ഇത് ഇല്ലാതായത്. എന്നിട്ടും, കുട്ടിയുടെ ശിരോപതനലഗ്നത്തിന് നാളുനോക്കി ജാതകമെഴുതുന്ന പതിവ് ഉത്തരേന്ത്യക്കാരാരും ഉപേക്ഷിച്ചിട്ടില്ല. ഇത് വൈഖാനസഗൃഹ്യസൂത്രത്തിലെ പതിവാണ്. അഥർവ്വവേദത്തില് ഇത്തരം നാളുനിർണ്ണയം എത്രയോ കാലം മുമ്പേ നിലവിലുണ്ടെന്ന് സമ്മതിച്ച അതേ പേജിൽത്തന്നെയാണ് (പേജ് 208) എഡി 200ൽ ഗ്രീസിൽനിന്നാണ് ആദ്യമായി നക്ഷത്രവിജ്ഞാനീയം ഇന്ത്യയിലെത്തിയതെന്നും പർപ്പോള പറഞ്ഞിരിക്കുന്നത്.

പ്രശ്നോപനിഷത്തിലെസൌരായനി ഗാർഗ്ഗ്യ,ശതപഥബ്രാഹ്മണത്തിലെ ഗോതമരാഹുഗണ, സൂര്യദത്ത,ഹരിശ്ചന്ദ്ര,ബൌധായന(ബുധ)ബൃഹസ്പതി ,ശുക്രമുനി,മുതലായ നാമങ്ങളും ശനി ,

ചൊവ്വ മുതലായ ഗ്രഹങ്ങളുടെ വർണ്ണനകളും നാമത്തിലും വർണ്ണനയിലും നവഗ്രഹജ്ഞാനം ഇവിടെ ഉണ്ടായിരുന്നതിന് സാക്ഷ്യം വഹിക്കുന്നതായി പുരാവസ്തുഗവേഷകരെല്ലാം അംഗീകരിക്കുന്നുണ്ട്. ബൌധായനനെന്നപേരിൽ ഒരു യജുർവ്വേദസൂത്രകാരനുണ്ടായിരുന്നു. ബുദ്ധനെന്ന നാമം ബുധനെന്നതിൽനിന്നുണ്ടായതാണ്. ബുദ്ധപുത്രൻ രാഹുലൻ, ചന്ദ്രഗുപ്തമൌര്യനെന്നീ ചരിത്രപുരുഷന്മാരിലും ഗ്രഹോപഗ്രഹനാമങ്ങളുണ്ട്. എഡി 150ലെ ഒരു ലിഖിതം ചന്ദ്രഗുപ്തന്റെ സഹോദരൻ പുഷ്യഗുപ്തനെന്നു പൂയം നക്ഷത്രക്കാരനായ സഹോദരനെ (പൂയത്താൽ സംരക്ഷിക്കപ്പെട്ടവനെന്ന്) പറയുന്നു. മഹാഭാരതത്തിൽ അംഗാരകരാജാവിനെ കൽക്കരിച്ചുട്ടെടുത്തപോലെ ചുവന്ന ചൊവ്വയായി പറയുന്നു. ഹരിവംശത്തിൽ അംഗാരസേതുതന്റെ നാമത്തിന്റെ ഒരുഭാഗം ഗാന്ധാരദേശത്തിനു കൊടുത്തു എന്ന് കാണാം. (23,130,2).

അം-----**ഗാര**—സേതു

ഗാൻധാര-

ഹരപ്പകാലത്തും അതിനുമുമ്പുമാണ് ഗാന്ധാരദേശം സിന്ധുനദീതീരവും ഭാരതഭൂമിയുമായി ഒന്നിച്ച് ഒരു സാമ്രാജ്യമായിരുന്നത്. ഗാന്ധാരിയുടെ മക്കളും കുന്തീപുത്രന്മാരും തമ്മിൽ ബിസി മുവ്വായിരത്തോടടുത്ത് നടന്ന യുദ്ധംകാരണം ആ ബന്ധം വിഛേദിക്കപ്പെട്ടു. അംഗാര പ്രഭ എന്ന ചൊവ്വപോലെ ചുവന്നുതിളങ്ങുന്ന ഗാന്ധാരരാജാവിന്റെ കാലം അതിനെത്രയോ മുമ്പാണ്. അംഗാരപ്രഭയുടെ പുത്രനായിരുന്നു ചന്ദ്രപ്രഭ. (കഥാസരിത്സാഗരം 8, 1 ,17). മഹാഭാരതത്തിലെ അംഗാരകൻ (3,249,10) സിന്ധു,സൌവീര,ഗുജറാത് ഭാഗങ്ങളിലാണ് ഭരിച്ചിരുന്നത്. ഈ നാമങ്ങളെല്ലാം ഗ്രഹങ്ങളെ മഹാഭാരതകാലമായ ഹരപ്പകാലത്തിനുമുമ്പേ ഭാരതത്തിനു പരിചയമുണ്ടെന്ന് കാണിക്കുന്നു. (പർപ്പോല 209)സിന്ധിലെ മംഗലദാസ് (ചൊവ്വയുടെ ദാസൻ)മുതലായ നാമങ്ങൾ വിഭജനകാലം വരെ തുടർന്നിരുന്നു. (ഗിദ്വാനി 1981)താര,താരാചന്ദ്രന്,മൂലചന്ദ്രൻ,രാമചന്ദ്രൻ മുതലായ നാമങ്ങള് സിന്ധുദേശം മുതലിങ്ങോട്ട് ഭാരതത്തിലങ്ങോളമിങ്ങോളം കാണുന്ന നാമങ്ങളാണ്.

തെക്കൻകർണ്ണാടകത്തിലെ കൊറഗർ,ആന്ധ്രപ്രദേശിലെ കൊണ്ടദോരകൾ,പോത്തിൻകൊമ്പു ധരിക്കുന്ന മരിയഗോണ്ടികൾ എന്നിവരെല്ലാം ഇപ്പോഴും തങ്ങളുടെ കുട്ടികൾക്ക് ഗ്രഹനക്ഷത്രങ്ങളുടെ പേരാണ് ഇടുന്നത്. ദ്രാവിഡനാട്ടിലെ പഴയൊരു നാട്ടുനടപ്പായിരുന്നു ഇത്. കൊറഗരും ഗോണ്ടുകളുമെല്ലാം നാളുനോക്കിയാണ് പേരിടുന്നത്. ആഴ്ചകളുടെ നാമം കുട്ടികൾക്ക് കൊടുക്കുന്നതിന് ഒരു ഗ്രീക്കു ശാസ്ത്രവും അവർക്ക് പ്രചോദനമായിട്ടില്ല. ഭാരതീയരായ അവരുടെ പൂർവ്വികരുടെ പതിവ് അതേപടി ചെയ്യുകമാത്രമാണ് അവർ. തോഡസമുദായം ചുരുങ്ങിയത് ബിസി മൂന്നാം നൂറ്റാണ്ടുമുതലെങ്കിലും ദ്രാവിഡഭാഷയാണ് സംസാരിക്കുന്നത് എന്ന് ശാസ്ത്രജ്ഞരുടെ അഭിപ്രായം. അവരുടെ ഇടയിൽ പുരുഷന്മാർക്ക് കിതാസ്പി

ളി(ക്വിത്- നാസ്-പിളി) എന്ന് പേരുകൊടുക്കാറുണ്ട്. ക്വിത് മുടി,പിളി ശുക്രഗ്രഹം, (വെള്ളി) നാസ് സുന്ദരൻ. ഈ മൂന്നുവാക്കും ചേർന്നതാണ് നാമം. രോമക,ഭൃഗുവംശത്തിലെ ശുക്രമുനി, നാശ്ക,ക്വിതസക്കോത്തൽ മുതലായ പദങ്ങളിലും ഈ വാക്കുകളുണ്ട്. ഭൃഗുവംശത്തിന്റെ തല അഥവാ ഉത്ഭവസ്ഥാനം(കരുവൂര്) എന്ന വന്ദേരിനാടിലെ തലപ്പിള്ളി (പിളി-ശുക്ര,ഭൃഗുവംശം) ആയിരുന്നു. ഇവരാണ് തെക്കേ അമേരിക്കയും മദ്ധ്യഅമേരിക്കയുമായി സമുദ്രയാത്ര ചെയ്ത് ബന്ധം പുലർത്തിയിരുന്ന ഫണീശ്വരന്മാർ(ഫ്യുണീഷ്യർ.) ആദികാല യാദവവംശജരായ ഫണി(വേദത്തിലെ പണി)മലനാട്ടിലെ ഈ ദ്രാവിഡഗോത്രമാണ്. അവരുടെ പഴയശാഖ മാത്രമാണ് തോഡവംശം.തോഡഭാഷ ദ്രാവിഡമാണ്,തമിഴിൽനിന്ന് വ്യത്യസ്തവുമാണ്. തോഡരും വെട്ടത്തുനാട്ടിലെ വള്ളുവക്കോനാതിരിയുടെ മൂത്ത പുരുഷനും മാത്രമാണ് ആദിശൂദ്രവംശമായ മഹാബലിയുടെ കാലത്തെന്നപോലെ ഇപ്പോഴും പെരുവിരലറ്റംകൊണ്ട് ഇളയവരെ അനുഗ്രഹിക്കുന്നതെന്ന നരവംശശാസ്ത്രപരമായ പ്രത്യേകത എടുത്തുപറയട്ടെ.

മത്സ്യചിഹ്നത്തെ പഠിക്കുമ്പോൾ ഇങ്ങനെ നക്ഷത്രഗ്രഹനാമങ്ങളെ മനുഷ്യരുടെ നാമമായും ബിരുദമായുമാണ് പർപ്പോള കണക്കാക്കിയിരിക്കുന്നത്. ദൈവനാമങ്ങളും മത്സ്യചിഹ്നത്തിലുണ്ട്. ദ്രാവിഡഭാഷയിൽ മീനെന്നുവായിച്ചാലേ ഇത് ശരിയാവുകയുള്ളൂ. പുലുമായി (പിളി-ലി-മായി)എന്ന രാജാവിന്റെ നാണ്യങ്ങളിൽ ഇരട്ടമത്സ്യങ്ങളെ കാണും. ശുക്ര,ഭാർഗ്ഗവ,ശതക്രതു വംശീയരായ പിളി അതിലുണ്ട്.ക്രോണോളജിയിൽ ഇവരും ശതവാഹനരാണ്. പുലുമായി നായന്മാരെന്ന വടക്കെ മലബാറിലെ ശൂദ്രവംശവുമാണ്. ഹൈഹയകേരളപാരമ്പര്യമുള്ള മൂഷകവംശവുമായാണ് തലപ്പിള്ളി കാടവവംശത്തിനു ചാർച്ച. തിരുവിതാംകൂറിലെ രാജചിഹ്നത്തിൽ രണ്ട് ആനകളുടെ മദ്ധ്യത്തിലായി ഒരു കുതിരമത്സ്യത്തെ കാണുന്നുണ്ട്. രണ്ടുനാമങ്ങളെ ചേർക്കുന്ന (രാധാകൃഷ്ണ,രാമകൃഷ്ണ)പതിവ് സൈന്ധവലിപിയിലെ മത്സ്യചിഹ്നങ്ങളിലുണ്ടാവാനുള്ള സാദ്ധ്യത പർപ്പോള ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇന്ദുക്കോത,കോതശങ്കരൻ മുതലായ നാമങ്ങൾ ചേര,തലപ്പിള്ളിവംശങ്ങളിലുള്ളപോലെ. ഇന്ദുക്കോതയിൽ ചന്ദ്രനും ഭൂമിയുമുണ്ട്. കോതശങ്കരനിൽ ഭൂമിയും ശിവനുമാണ് ഉള്ളത്. മഹാഭാരതം (3.277.24)സാവിത്രീമന്ത്രം കൊണ്ട് പ്രീതയായി സാവിത്രി കൊടുത്ത കുട്ടിക്ക് സാവിത്രി എന്നുപേരിട്ടു എന്നു പറഞ്ഞിരിക്കുന്നു.നക്ഷത്രം,ഗ്രഹം,ഇഷ്ടദേവതകളായ ദേവന്മാരെന്നിവരുടെ നാമം കുട്ടിക്ക് കൊടുക്കുമ്പോൾ അത് സ്വാഭാവികമായും മുമ്പുണ്ടായിരുന്ന പൂർവ്വീകരുടെ നാമത്തിന്റെ ആവർത്തനവുമായിത്തീരുന്നു.

- **മൂന്നിതളുള്ള സുവർണ്ണപുഷ്പം.**

മോഹഞ്ജോദാരോയിലെ പുരുഷപ്രതിമയെ രാജപുരോഹിതനെന്ന് 1931ൽ സര് ജോണ് മാർഷലാണ് വിളിച്ചത്. വലത്തെ കൈ കാൽമുട്ടില് വെച്ച് ഇരിക്കുന്ന പുരുഷരൂപമാണ്. ചെവികൾക്കു താഴെ ദ്വാരങ്ങളുണ്ട്. തലയിലെ വൃത്താകൃതിയായ കെട്ട്, ഉത്തരീയത്തിൽ

മൂന്നിതളുള്ള പുഷ്പങ്ങളുണ്ട്. അവയുടെ നടുവിലായി ഡ്രിൽചെയ്ത ഓരോ ചെറിയ കുഴികളുമുണ്ട്. 8 എന്ന ചിഹ്നം പോലെ 2 എണ്ണം കൂട്ടിച്ചേർത്ത കോൺസന്റ്ട്രിക്ക് വൃത്തങ്ങള് ,പിന്നിലായി മുകൾ ഭാഗത്ത് നാഗമിഥുനചിഹ്നം .ഒറ്റ വൃത്തങ്ങൾ ഒരു ബിന്ദുവോടുകൂടിയും കാണാം . (നാദ ബിന്ദു, താന്ത്രിക,വൈദികമുദ്ര).ഈ ഡിസൈനിലെല്ലാം ചുവന്ന തരികളും (പണ്ടുകാലത്ത് കുങ്കുമാർച്ചന ചെയ്ത ബാക്കി) പുരാവസ്തുഗവേഷകർ കണ്ടെത്തി.

സുമേരിയയിലെ കല്ലിൽ കൊത്തിയ മൂന്നിതളും, നാലിതളുമുള്ള പൂക്കളിൽ ലാപിസ് ലസൂലിയും, കാർണീലിയനും പതിച്ചിരുന്നു. സുമേരിയയിൽനിന്നു കിട്ടിയ ഇരിക്കുന്ന ചെറിയ നന്ദിപ്രതിമകളിൽ (ഉറുക്ക് 2100 ബിസി, 3000 ബിസി) ഇതുപോലെ മൂന്നിതളുണ്ട്. 3000 ബിസിയിലേതി ൽ ശംഖും ചിപ്പിയും വെച്ച് ലാപ്പിസ് ലസൂലികൊണ്ട് അലങ്കരിച്ചിട്ടുണ്ട്. 2100 ബിസിയിലേതി ൽ, കൊക്കുള്ള പക്ഷിമുഖമാണ് നന്ദിക്ക്. ചന്ദ്രനും സൂര്യനും നക്ഷത്തരങ്ങളും പുറത്തും (ആചന്ദ്രതാരം എന്നു വായന)മൂന്നും നാലും ഇതളുള്ള പുഷ്പങ്ങൾ ശരീരമാകെയും കാണാം. രണ്ടു കാളകളാണ് പരസ്പരം പിന്തിരിഞ്ഞ് ഇരിക്കുന്നത്. ഒരുവശം ഗരുഡനും ഒരുവശം കാളയുമായിച്ചാണ് മുഖം കാണുക.(ശങ്കരനാരായണന്റെ വാഹനം). മോഹഞ്ജോദാരോയിലും മൂന്നിതളും നാലിതളും രണ്ടിതളിൽ 8 ആകൃതിയിലും ഒന്നായി ഒറ്റ വൃത്താകൃതിയിലും ഡിസൈനുകളുള്ള കാളയുടെ സ്റ്റിയറ്റൈറ്റ് പ്രതിമ കിട്ടി. ഇതിലുമുണ്ട് കുങ്കുമപ്പൊടി (കുങ്കുമാർച്ചന ചെയ്ത അടയാളം). 1800 ബിസിയില് വടക്കേ അഫ്ഘാനിസ്ഥാനിലെ ഡാഷ്ലി-3 കൊട്ടാരത്തിൽനിന്നുള്ള അലബാസ്റ്റർമൊസൈക്ക് കാളരൂപത്തില് മൂന്നിതളുകള് വരച്ചതാണ്. ഋഷഭം (ഇടവം)രാശിയിലെ കാർത്തിക,രോഹിണി,മൃഗശിരസ്സ് അഥവാ മൃഗവ്യാധനെന്ന കിരാതരൂപിയായ (വേട്ടൈക്കൊരുമകൻ)ശിവനും ശിവശക്തിമിഥുനവും ശിവപുത്രനും നന്ദി എന്ന ദൈവീകവർഷകനായ കാമദേവനും ചേർന്ന സിംബലുകളാണിവ. ഋഷഭം,മിഥുനം,എന്നീ രാശികളുടെ സിംബലുമാണ്. മോഹഞ്ജോദാരോവിലെ ശിവശക്തി ,മുരുക,കാമപൂജയുടെ ചിഹ്നങ്ങളാണ് പൂജാരിയോ രാജപുരോഹിതനോ ആയി കരുതപ്പെടുന്ന പുരുഷപ്രതിമയുടെ ഉത്തരീയത്തിലെ മൂന്നിതളുള്ള പുഷ്പം. (ത്രിമൂർത്തി,ത്രിശക്തി). ഉത്തരീയധാരണം സമ്പ്രദായികഭാരതീയരീതിയിലാണ്. കൃഷ്ണൻ സ്വർണ്ണപ്പീതാംബരമുടുത്തിരുന്നു. ക്യൂണിഫോം ടെക്സ്റ്റുകളി ൽ *Golden garments of Gods and divine kings(1949. A.Leo Oppenheim)* പരാമർശിക്കപ്പെടുന്നു. നിയോബാബിലോണിയയിലെ ടെക്സ്റ്റുകളിൽ, 700ബിസി വരെ ഇത്തരം പട്ടുകളുടുത്തിരുന്നതായി കാണുന്നു. അവയിൽ റോസറ്റ്(പത്മം),ചക്രം, നക്ഷത്രം,വലയം,സിംഹം എന്നിങ്ങനെ സ്വർണാലങ്കാരം ഉന്നിപ്പിടിപ്പിക്കല് 2000 ബിസിമുതല് ബാബിലോണിയയിലുണ്ട്. (പത്മവും ചക്രവും വിഷ്ണുവിനുണ്ട്. രണ്ടും ദേവിക്കുള്ളതുമാണ്,സിംഹവും ദേവിവാഹനമാണ്). തെപ്പേ ഗാവ്റയിലെ ശവക്കല്ലറയിൽ 4000 ബിസിയിലെ ഇത്തരമൊരു വിംശതിദളപത്മം(പുഷ്പം) സ്വർണ്ണനിർമ്മിതമായി കണ്ടു. ഇതിൽ നാലുസുഷിരം തുണിയിലേക്കു തുന്നിപ്പിടിപ്പിക്കാനായി ഉണ്ടാക്കിയിരുന്നു. ബാബിലോണിയക്കാരുടെ ഇടയിൽ പതിനാറും പതിനേഴും

ദിനങ്ങളിൽ കാളയെ നബുവിന് ബലിയർപ്പിക്കയും ,പതിനെട്ടാം ദിനം അവനെ ആന്മ കൊണ്ട് പുതപ്പിക്കയും ചെയ്യും. ആന്മ അക്കാദിയൻ ഭാഷയില് ആകാശവസ്ത്രമാണ്. ദിഗം ബരമാണ് *(Garment of the sky)*. ഭാരതത്തിലെ ആകാശവസ്ത്രപ്പുതപ്പ് അഥവാ ദിഗംബരം (യാതൊരു മറയുമില്ലാത്ത ഉപാധിഹീനമായ ആത്മാവ്) ആത്മാവാണ്, ആന്മാവെന്നത് ആത്മാവിന്റെ തദ്ഭവമാണ്.തമിഴിലാണ് ആത്മാവിനെ ആന്മാവെന്നു പറയുന്നത്. ബാബിലോണിയക്കാർ ഈ വാക്കും കാളയുടെ അടയാളവും തമിഴ്സംസാരിക്കുന്ന ദ്രാവിഡരായ സഞ്ചാരികളിൽനിന്ന് സ്വീകരിച്ചതാണ്. മൂഷകവംശത്തിന്റെ പണ്ഡിതശ്രേഷ്ഠരായ നന്ദിമാരെയാണ് കാളയുടെ നാമത്താലറിയുന്നത്. ബലി ഭൌതികകാമനകളുടെ ബലിയാണ്. അതിനെ ശരീരം ബലികൊടുക്കലായി (കുരുതി) മാറ്റിയത് അജ്ഞതകൊണ്ടാവണം. രാശിചക്രം വരച്ച സ്വർണ്ണപ്പട്ട് (ആകാശ,ദിഗംബരവസ്ത്രം) ഉടുത്ത ശിവനും കൃഷ്ണനും ജൈനദിഗംബരനും ഇവിടെ ഒന്നാണ്,അദ്വൈതമാണ്. രാശിചക്രമെന്ന സ്വർണ്ണവസ്ത്രം തന്നെയായ പരമാത്മാവാണ് എങ്ങും വ്യാപിച്ച വിണ്ണ(വിഷ്ണു)എന്ന വിണ്ണ്. . നീലാകാശമെന്ന കൃഷ്ണമേനി, സ്വർണ്ണപ്പൊട്ടുപോലെ തിളങ്ങുന്ന താരകങ്ങളുള്ള പ്രകാശപീതാംബരം ചാർത്തിയ വിഷ്ണുരൂപം. അത് ശിവന് എന്നും കാമമോഹിനീരൂപമാണ്. ആയ് അഫ്ഫൻ (ആയപ്പനെന്ന അയ്യപ്പൻ) എന്ന ധർമ്മപരദേവതയായ വേട്ടേക്കരന് ജന്മകാരണമായത് ആ ശിവകാമദേവന്റെ പുണർതം(ആലിംഗനം)ആണ്. ഏർപ്പാട്ടാണ് ഋഷഭങ്ങളെ പൂട്ടി ഉഴുന്നവരുടെ പാട്ട്. വർഷകനായ ഋഷഭനും ഉഴവരായ കൃഷിക്കാർക്കും അന്നപൂർണ്ണയായ ഭൂമിക്കും പ്രിയങ്കരമാണത്.കാലവർഷത്തിന്റെ പാട്ടാണത്. ഇടവ,മിഥുന,കർക്കിടകങ്ങളിലെ പടിഞ്ഞാറൻതീരത്തെ കാലവർഷക്കാറ്റുകളുടെ തമിഴ്,ദ്രാവിഡിയൻ സംസ്കാരമാണ് ഹരപ്പമുതല് ബാബിലോണിയവരെ കാണുന്ന ഋഷഭനടക്കമുള്ള ചിഹ്നങ്ങളെല്ലാം. ആന്മായ്ക്ക് അക്കേഡിയൻ ഗ്ലോസ്സില് പറഞ്ഞ അർത്ഥത്തിനുപുറമേ (ആകാശത്തിന്റെ രക്ഷകൻ) എർപ്പേത്തു (ഉർ-പ്പി-തി എന്ന് ഉച്ചാരണം. മഴമേഘം ഉതിർത്ത ജലം ഉണ്ടാക്കിയതും രാജ്യത്തെ വലംവരുന്നതുമായ കടലെന്ന് അർത്ഥമുള്ള ഉതിർപ്പെരുവലംകടലെന്ന പഴയ അറബിക്കടലിന്റെ തമിഴമലയാളം പേരുമായിട്ട് ഈ വാക്കിനുള്ള സാമ്യം ശ്രദ്ധേയം) അഥവാ മേഘമെന്ന് അർത്ഥവുമുണ്ട്. ഈ അർത്ഥമാണ് ജ്യോതിഷഗ്രന്ഥമായ എനുമാ അനു എൻടില് തരുന്നത്. മനുഷ്യനുമായി പ്രകൃതിയും അതിന്റെ ശക്തികളായ മഴ,കാറ്റ്,ജലം,കടലെന്നിവ തരുന്ന ധനവും എങ്ങനെ ഇണങ്ങുന്നു എന്ന് അറിഞ്ഞ ഒരു ജനതയുടെ സിംബലുകളാണ് ഇപ്പറഞ്ഞതെല്ലാം. ദേവന്മാർക്കു പ്രിയരായി,(ദേവാനാംപിയ)വാനവർക്ക് അൻപരായി (വാനവരൻപ) ഈശ്വരദാസരായി,പത്മനാഭദാസരായി അന്നും എന്നും ജീവിക്കുന്ന ദാസവർഗ്ഗമാണ് (ദാശ) ബ്രഹ്മക്ഷത്രകുലമായ അഗ്നികളെന്ന് മനസ്സിലാക്കണം. ഭൃഗുക്കളെല്ലാം അഗ്നികുലമാണ്. അവരുടെ രാജാവാണ് വരുണൻ.ദാസന്മാരുടെ(ദാശരുടെ)പ്രധാനദേവത വരുണനാണ്. വേദത്തിൽ വരുണന്റെ പര്യായമാണ് ജംബുവെന്ന്.ജംബുദ്വീപം വരുണന്റെ കടലിലെ ദ്വീപ

മാണ്. (ഭൂമി).വേദത്തിലെ വരുണനെ പുരാണങ്ങളിലെല്ലാം കാണാം. ചിലപ്പതികാരത്തിൽ ബ്രാ ഹ്മണക്ഷത്രിയഭൂതങ്ങളെ കഴിഞ്ഞാണ് വൈശ്യഭൂതമായ വരുണനെ പറയുന്നത്. പ ക്ഷേ , പ്രീഹരപ്പൻ കാലത്ത് അങ്ങനെയായിരുന്നില്ല.

ഋഗ്വേദസംഹിത(7, 64, 1) മിത്രാവരുണന്മാർക്ക് നെയ്യുകൊണ്ട് വസ്ത്രം കൊടുത്ത് (യാഗം) അവരെക്കൊണ്ടു മഴ പെയ്യിക്കുന്ന മന്ത്രത്തെകുറിച്ച് പറയുന്നു. 1, 25, 13 (ഋഗ്വേദസംഹിത) വരുണരാജാവിന്റെ മിന്നുന്ന സുവർണ്ണവസ്ത്രത്തെ പരാമർശിക്കുന്നു.മഹാഭാരതം(2,9, 6) വരുണന്റെ വസ്ത്രാഭരണങ്ങളേയും പറയുന്നു.മഹാഭാരതത്തില്(10, 1,25)ഗ്രഹനക്ഷത്രമണ്ഡല ങ്ങളേയും നക്ഷത്രങ്ങളെ വാരിവിതറിയ അലങ്കാരപുഷ്പങ്ങളോടെ മനോഹരവസ്ത്രം പോലെ തിളങ്ങുന്നതും, എവിടേയും എപ്പോഴും കാണുന്നതുമായ രാത്രിയിലെ ആകാശത്തേയും വർണ്ണി ക്കുന്നു. അഹുര മസ്ദയിലും ആകാശവസ്ത്രമണിഞ്ഞ അഹുരമസ്ദയുടെ ആഭരണങ്ങളാണ് നക്ഷത്രങ്ങൾ. ഋഗ്വേദം മഹാസുരനെന്നു വിളിക്കുന്ന വരുണനാണ് ശരതുഷ്ട്രരുടെ അഹുരമ സ്ദയിലെ അഹുരമസ്ദ. വരുണൻ ജലംമാത്രമല്ല,രാത്രിയും കൂടിയാണ്. പ്രലയരാത്രിയായ മൃത്യുവാമ്.പടിഞ്ഞാറിനും തെക്കിനും നാഥനായ ധർമ്മദേവതയാണ്. കൃഷ്ണവും ശ്യാമവുമായ സകലവും വരുണന്റേതാണ്. ഇത്തരം പരാമർശങ്ങളെക്കൂടി കണക്കിലെടുത്താൽ, ഇതിന്റെ ആധികാരികത തെളിയും. അസുരഗുരുക്കന്മാരായ ശുക്ര,ഭൃഗുവംശജർ ഭൃഗുകച്ഛം മുതലാരംഭി ക്കുന്ന പടിഞ്ഞാറെ തീരത്താണല്ലോ തപസ്സുചെയ്തിരുന്നതും. നക്ഷത്രങ്ങൾ രാത്രിയുടെ കണ്ണു ക ൾ,സൂര്യൻ പകലിന്റെ കണ്ണ്. ഇവയെ പഠനവിഷയമാക്കുന്ന ജ്യോതിശ്ശാസ്ത്രം വേദത്തിന്റെ കണ്ണ്,കണ്ണുകളുടെയെല്ലാം കണ്ണ്. അങ്ങനെ വേദവേദാംഗപാരംഗതരായി ഭൂമിയിലെ നേത്ര നാരായണരായി പടിഞ്ഞാറൻ തീരമാകെ വാഴുന്ന മീനവ,ദാശ,ഫണീശ്വരവംശം.



സൈന്ധവ ചിഹ്നം വൃത്തം,ബിന്ദു മത്സ്യം നെറ്റിക്കണ്ണ് രണ്ടുകണ്ണ് ലെമിനിസ്കേറ്റ്(നാഗമിഥുനം)

2582 സീൽ, 2877(പാത്രത്തിലെ സ്റ്റാമ്പ്)

 അതേ ചിഹ്നം, മനുഷ്യരൂപവും

മുകളിലെ ചിത്രത്തിൽ ആദ്യം കാണിച്ച സൈന്ധവചിഹ്നത്തെ വൃത്തത്തില് ബിന്ദു,മത്സ്യചിഹ്നം ഇവയുടെ ചേർച്ചയായി വരക്കപ്പെടുന്ന ലലാടനേത്രം (തിലകം) ,നെറ്റിക്കണ്ണ് ആണ്. ദ്രാവിഡഭാഷയിലെ കണ്ണ് എന്നും ഇതുവരച്ച (നാമം)ആളെ കണ്ണനെന്നും മുക്കണ്ണനെന്നും വിളിക്കാം. കാണുക എന്ന ക്രിയക്ക് രണ്ടുകണ്ണാണ് വരക്കുക.അതുതന്നെ കൂട്ടിവരച്ച് ലെമിനിസ്കേറ്റ് (നാഗമിഥുനം) വരക്കുന്നു. ദർശകൻ,പാർപ്പനർ,എന്നർത്ഥമുള്ള ഋചീകന്മാരായി രാജർഷിമാരായിരിക്കുന്നവരാണ് എന്ന് സാരം. തമിഴിൽ കണി,കൺകാണി (*overseer)*,കാണി മുതലായ വാക്കുകളെല്ലാം ആദ്യകാലത്ത് ഇങ്ങനെയാവാം എഴുതിയതെന്ന് പർപ്പോല ചൂണ്ടിക്കാണിക്കുന്നു. ആകാശത്തിലെ അദ്ധ്യക്ഷനായ വിശ്വകർമ്മാവും ഭൂമിയിലെ അദ്ധ്യക്ഷനായ (പണ്യാദ്ധ്യക്ഷ) തുറമുഖനിയന്താവായ കണ്ണനും ഇങ്ങനെ പുതുയുഗധർമ്മത്തിന്റെ അവതാരകരും ദർശകരുമാണ്. 1000 കണ്ണുകളുള്ള വരുണനെന്ന ധർമ്മദേവന് സൂര്യനേത്രത്തിലൂടെ ഭൂമിയിലെ ദൈനന്ദിനവ്യാപാരങ്ങളെല്ലാം വീക്ഷിക്കുന്നു എന്ന് വേദത്തിലുണ്ട്. സൂര്യചന്ദ്രന്മാർ പരബ്രഹ്മമായ വരുണന് ഭൂമിയെ നിരീക്ഷിക്കാനുള്ള ഇരുനേത്രങ്ങളാണ്. ഭൂദേവന്മാർക്ക് അവരുടെ കണ്ണുകൾ വരുണനേത്രങ്ങളാകാൻവേണ്ട അനുഗ്രഹവും ആ കണ്ണുകളിലൂടെ വരുണ ൻ അരുളുന്നു. സീലിലും (2582)പാത്രത്തിലെ സ്റ്റാമ്പിലും (2877) ഒരേ ചിഹ്നങ്ങളുണ്ട്. ഇപ്രകാരമുള്ള നാമം ധരിച്ച കൺകാണി, കാണി ,പണ്യാദ്ധ്യക്ഷനെന്ന് അർത്ഥമാണ്. മറ്റൊരു ലിഖിതത്തിൽ മനുഷ്യചിഹ്നം കൂടി കാണുന്നുമുണ്ട്. ഇതിന്റെ മറുവശത്ത് ഹരപ്പന് ജലദേവതയായ വരുണന്റെയും സമുദ്രസഞ്ചാരത്തിന്റേയും അടയാളമായി വഞ്ചിയും മുതലയും കാണാം. വഞ്ചിനരേശന്റെ പണ്യാദ്ധ്യക്ഷൻ വെച്ച സീലാണ് എന്നു സാരം. ഈ വഞ്ചിനരേശൻ മുതല, മകരമത്സ്യം,എന്നിവയെ വാഹനമാക്കിയ വരുണന്റേയും വേട്ടേക്കരന്റേയും ദാസനായ

സമുദ്രസഞ്ചാരിയാണെന്നും കുട്ടിവായിക്കണം.

1.ഒരുവശം എം 1429. ത്രികോണാകൃതി പ്രിസം മോഹഞ്ജോദാരോ



2.രണ്ടാംവശം 4.6സെമി നീളം ശിംശുമാരചിഹ്നം .വായിലുള്ളത് ഇരയാവാം. ഗൊദ പോലെ ഒരു സംഗീതോപകരണം



3.മൂന്നാംവശം നീളം 4.6 സെമി. വഞ്ചി(കപ്പൽ) നാവ



മൂന്നാംവശത്തുള്ള നാവയിലെ നടുവിലെ ചതുരമായ ക്യാബിനിൽ മച്ചയന്ത്രവും ശങ്കുവും പരസ്പരം തിരിഞ്ഞിരിക്കുന്ന പക്ഷിമിഥുനവുമുണ്ട്.

രാജസൂയമെന്ന വൈദികയജ്ഞത്തിനുമുമ്പ് യജമാനന്റെ അശ്വം കരമാർഗ്ഗമായി ചതുരംഗപ്പടയോടെ ദിഗ്വിജയം ചെയ്യുന്നു. സമുദ്രത്തിലൂടെ അശ്വമുഖം വെച്ച കപ്പലുകളും ദിഗ്വിജയം ചെയ്യും. യാത്രകളിൽ കപ്പമായി ലഭിക്കുന്ന ധനം യജ്ഞാവശ്യത്തിനുള്ളതാണ്. യജ്ഞത്തിൽ ശിരസ്സില് അഭിഷേകം ചെയ്യുന്ന വരുണസവനമെന്ന ചടങ്ങിന് താർപ്യം എന്ന ഒരു പ്രത്യേകവസ്ത്രം അണിയണം. ആ അഭിഷേകത്തോടെ ചക്രവർത്തി സമുദ്രത്തിന്റെ അധിപനായ വരുണനായിത്തീരുന്നു. ജംബുദ്വീപം മുഴുവനും മാത്രമല്ല,സർവ്വകാമങ്ങളും അവന്റേതായിത്തീരുന്നു. ഇതിന് സഹായിച്ച ഗുരുവിന് ചക്രവർത്തി അഗ്ര്യപൂജ ചെയ്യുന്നു. മഹാഭാരതത്തിൽ യുധിഷ്ഠിരന് രാജസൂയത്തിനുശേഷം അഗ്ര്യപൂജനം ചെയ്തത് തിളങ്ങുന്ന സ്വർണ്ണപ്പട്ടുടുത്ത സമുദ്രനീലവർണ്ണനും ദ്വാരകാതുറമുഖത്തിന്റെ നിയന്ത്രണമുള്ളവനുമായ കൃഷ്ണനാണ്. താർപ്യമെന്നത് തർപ്പണമെന്ന പദത്തിൽനിന്ന് ഉണ്ടായതാണ്. പിതൃതർപ്പണവും ജലത്തിലിറങ്ങിനിന്ന് ജലംകൊണ്ടാണ് ചെയ്യുക. ഉരുക്കിയ നെയ്യ് (ഘൃതം)കൊണ്ട് സാന്ദ്രമായതാണ് (തൃപ് ധാതു-തൃപ്തി വന്നതാണ്) ഈ വസ്ത്രം. ജലതർപ്പണംകൊണ്ട് പിതൃക്കള് തൃപ്തരാകു

ന്നു ,പിതൃലോകം സാന്ദ്രമാകുന്നു എന്ന് സാരം. താർപ്യം ധിഷ്ണ്യ എന്ന യജ്ഞവേദിയുടെ രൂപത്തിൽ(രൂപങ്ങളാൽ) അലങ്കരിക്കണം. ധിഷ്ണിയാനാം രൂപം എന്നാൽ അനേകം വൃത്താകൃതിയിലുള്ള മണ്ഡലങ്ങളെന്ന് പർപ്പോള .(*Series of circles.page 216)*മോഹഞ്ജോദാരോയിലെ രാജർഷി(രാജപുരോഹിത)രൂപം ഇപ്രകാരം രാജസൂയം ചെയ്ത് താർപ്യം ധരിച്ച് സമുദ്രാധിപതിയായ വ്യക്തിയുടേതാണെന്ന് പർപ്പോള അഭിപ്രായപ്പെട്ടിരിക്കുന്നു.

സോമയാഗത്തിൽ ഏഴു പുരോഹിതര്(സപ്തർഷി) ഹോമിക്കുന്ന വേദികളാണ്, ഹോമകുണ്ഡങ്ങളാണ് ധിഷ്ണ്യ.ഇത്തരം ആറെണ്ണം ഒരുവരിയായി ഒരുമുറിയിലും , ഏഴാമത്തെ (അഗ്നീധ്രന്റെ) ആദ്യമുണ്ടായ അഗ്നി വടക്കുവശത്തെ മറ്റൊരു മുറിയിലുമായി പുരാവസ്തുഗവേഷകർ കണ്ടെത്തി.അതായത് ബിസി 3500 മുതലേ വൈദികയജ്ഞം ഭാരതത്തിലുണ്ട്. വേദകാലം ബിസി 1500ലാണെന്ന പാശ്ചാത്യരുടെ നിഗമനം ശരിയല്ലെന്ന് ഈ കണ്ടുപിടുത്തം തെളിയിച്ചു. മൂന്നുകല്ലുകൂട്ടിയ സാധാരണ ഭാരതീയരുടെ അടുപ്പുപോലെ , 3 ദളമുള്ള സ്വർണ്ണനിറവും ചുവപ്പുപൊടി(കുങ്കുമം)യുമുള്ള പൂ (മഞ്ഞളും കുങ്കുമവും) സോമം കുടിക്കുന്ന ഗന്ധർവ്വരുടേയും അപ്സരസ്സുകളുടേയും ചിഹ്നമാണ്. അർജ്ജുനന്റെ സ്വർഗ്ഗയാത്രയില് (മഹാഭാരതം 3, 43) ധിഷ്ണ്യയെ പരാമർശിക്കുന്നുണ്ട്.ഇന്ദ്രരഥത്തിൽ മാതലി തെളിച്ച് , നീങ്ങുന്ന സ്വർഗ്ഗയാനം ചെയ്യുന്ന അർജ്ജുനനന് , മനുഷ്യർക്ക് അദൃശ്യമായി,അത്ഭുതകരമായി വായുവിൽ സഞ്ചരിക്കുന്ന ആയിരമായിരം രഥങ്ങള് കണ്ടു. അവിടെ സൂര്യചന്ദ്രന്മാരില്ല,അഗ്നിയില്ല,ആ രഥങ്ങളെല്ലാം സ്വയംപ്രഭങ്ങളായി വിരാജിച്ചു. ദൂരെനിന്ന് നക്ഷത്രംപോലെയും ചെറിയ എണ്ണവിളക്കു പോലെയും തോന്നുന്ന അവ സ്വമഹിമയാല് പ്രകാശം സൃഷ്ടിക്കുന്നവയും വളരെ വലുതുമാണ്. ദൂരംകൊണ്ട് ചെറുതായി തോന്നുകയാണ്. അവയെ പാണ്ഡവൻ സ്വന്തം ധിഷ്ണ്യകളിൽ, സ്വന്തം അഗ്നി ഉജ്ജ്വലിപ്പിച്ച് മനോഹരവും പ്രകാശവത്തുമായി എരിയുന്നവരായി അടുത്തുകണ്ടു. രാജർഷികളും ,വീരമൃത്യു വരിച്ചവരും തപസ്വികളും അവരിലുണ്ട്. സൂര്യാഗ്നിസമരായ ഗന്ധർവ്വന്മാരും ഗുഹ്യകരും ദർശകരും അനേകം അപ്സരസ്സുകളും അവരിലുണ്ട്.മാതലി പറഞ്ഞു: സ്വന്തം ധർമ്മം കൊണ്ട് സ്വന്തം ഹോമകുണ്ഡങ്ങളില് ജ്വലിക്കുന്ന ഇവരെയാണ് താഴെ ഭൂമിയിലിരുന്ന് നിങ്ങളെല്ലാം നക്ഷത്രംപോലെ കാണുന്നത് എന്ന്.

സൂര്യൻ കുന്തിക്ക് ദിവ്യദൃഷ്ടി കൊടുത്തപ്പോള് കുന്തി മുപ്പതുദേവന്മാരേയും ആകാശത്തില് അവരവരുടെ ധിഷ്ണ്യകളിൽ ജ്വലിക്കുന്നതായി കണ്ടു. അതിനാൽ രാജസൂയം ചെയ്യുന്ന വ്യക്തിയുടെ താർപ്യത്തിലെ അലങ്കാരങ്ങള് നക്ഷത്രം,ഹോമകുണ്ഡം,അഗ്നി,ആകാശം, സ്വർഗ്ഗം, ഗന്ധർവ്വാപ്സരസ്സുകൾ, പൂർവ്വികരായ പിതൃക്കളെന്നിവരെയെല്ലാം സൂചിപ്പിക്കുന്നു. പുണ്യലോകം പ്രാപിച്ച് സർവ്വകാമപ്രാപ്തി നേടിയ തൃപ്തമായ ആത്മാക്കളുണ്ടാക്കുന്ന വംശപരമ്പരയുടെ കണ്ണിയിൽ ആ വ്യക്തിയും ഒരു സ്ഥാനം നേടി എന്ന് അർത്ഥം. പുഷ്യം,മൂലം എന്നീ നക്ഷത്രങ്ങൾ ആയതുകൊണ്ട് എന്നതിന് ഗണിതത്തിലെഴുതുന്ന സിംബൽപോലെയാണ്. അശ്വതിക്കും

ഭരണിക്കും മുമ്മൂന്നു നക്ഷത്രം തന്നെയാണ്.ഭരണിയുടേത് ആപബ്ഭരണിരൂപത്തിലാണ്. (ജല സംഭരണി).ദിഗംബരജൈനർ ഇതിനെയാണ് അടുപ്പുകല്ലുനക്ഷത്രമെന്നു വിളിക്കുന്നത്. അവരുടെ വാക്കുകൾ കുള്ളിപാഷാണം,ദ്ദ്രഷാക്കുള്ളി എന്നാണ്. പാഷാണം കല്ല്(വിഷം). പിംഗളനിഘണ്ഡുവിൽ ഭരണി മുക്കൂട്ടുനക്ഷത്രമാണ്. മുക്കൂടൽ ത്രിവേണിയാണ്. ചേരചോളപാണ്ഡ്യരെന്ന മൂവേന്തരുടെ മുക്കൂട്ടുനടക്കുന്ന നദീജലസംഗമവും ത്രിവേണിയാണ്. ശ്വേതാംബരജൈനർക്ക് ഇത് ഭഗയോനിരൂപമാണ്. കുള്ളി എന്നവാക്കിന് അങ്ങനെ ഒരർത്ഥമുണ്ടെന്ന് പർപ്പോള പറയുന്നു. ഉയരം കുറഞ്ഞവനെന്നോ വാമനനെന്നോ ആണ് കുള്ള,കുള്ളിപദത്തിന് ഞാൻ കേട്ടിട്ടുള്ള അർത്ഥം. ചൂള,ചുള്ളി (അടുപ്പ്,വിറക്) എന്ന് അർത്ഥമുള്ള വാക്കുകളുണ്ട് ദ്രാവിഡഭാഷയിൽ. ഇതിന് ഉല,ഒല,(കന്നഡ,കൊഡഗു) ഹുലി(മാണ്ഡ) ഹോൾ(പെങ്കോ) ഹൊല്ലു(കുഹ)സൊല്യ(കൊണ്ട)മുതലായി ദ്രാവിഡഭാഷകളിൽ ഒട്ടേറെ ഉച്ചാരണഭേദങ്ങളുണ്ട് ഇപ്പോൾ.

അഗ്നിഗര്ഭം (ഋഗ്വേദസം. 2,36,4)എന്നുപറയുന്ന അർത്ഥമാണ് ഇവിടെയെല്ലാമെന്ന് പർപ്പോള ചൂണ്ടിക്കാട്ടുന്നു. തൈത്തിരീയബ്രാഹ്മണത്തിൽ (3,1,2,11) ഭരണികൾ നമ്മുടെ ദോഷങ്ങളെ ഹരിക്കുന്നത് യമന് കാണട്ടെ, നമ്മുടെ സ്വർഗ്ഗമാർഗ്ഗം എളുപ്പമാകട്ടെ എന്നുണ്ട്. യാഗശേഷമുള്ള അവഭൃതസ്നാനത്തിന് ആപബ്ഭരണി എന്ന നാമം തന്നെ കൊടുത്തിരിക്കുന്നു. ഒരു വർഷാവസാനവും ഒരു യാഗാവസാനവും പുതിയ ഒന്നിന്റെ തുടക്കമാണ്. ഇതിന്റെ ആവർത്തനം,വംശാനുചരിതം ഇവയെ കാലഗണനക്ക് ഉപയോഗപ്പെടുത്തുന്നു. ദ്രാവിഡരുടെ മുമ്മീൻ എന്നർത്ഥമുള്ള നക്ഷത്രനാമത്തോട് മൃഗശിരസ്സിനെ ഇണക്കി ,മൂന്നു മത്സ്യം വരച്ചാ ൽ മൃഗശീർഷമെന്ന് പർപ്പോള വായിച്ചെടുക്കുന്നു. (എം 1429 ലെ മത്സ്യചിഹ്നം കഴിഞ്ഞ് 3 വരകളുണ്ട്) . രണ്ടു നേത്രചിഹ്നം (ഒന്നാംവശം) തുടരെ വരുന്ന ദർശകമോട്ടിഫുകളുണ്ട്. നക്ഷത്രസ്വർല്ലോക,കൽപ്പഗണിതദർശകർ. ദർശകരുടെ ദർശകരായ ,നാമം ധരിച്ച, ധർമ്മോന്നപരദേവതാ എന്നും ധർമ്മപരദേവതയായി വേട്ടേക്കരനെ ആരാധിക്കുന്ന ഭാർഗ്ഗവകുല, തമിഴക,സമുദ്രാധിപതിയായ വരുണവംശം (സാഗര)ചക്രവർത്തി, വാഹനം, മുതലയും (ശിംശുമാരം) വഞ്ചിയും . സീൽ കിട്ടിയത് മോഹഞ്ജോദാരോവിൽനിന്നാണ്.

ആപബ്ഭരണിയും താർപ്യവും സ്ത്രീയോനീസൂചകവുമാണ്. ഹരപ്പക്കാരെല്ലാം ശക്തി ആരാധകരായിരുന്നു,ദ്രാവിഡരും അങ്ങനെയാണ്. മഞ്ഞളും കുങ്കുമപ്പൊടിയും പൂശിയിരിക്കുന്നത് അതിന്ന് തെളിവാണ്. ജലം സ്ത്രീയാണ്. മുത്തി (വൃദ്ധ),മുത്തീ(മൂന്ന് അഗ്നി) മുത്ത് (ചിപ്പിക്കകത്തെ അമൂല്യവസ്തു) എന്നീ വാക്കുകളുടെ പണ്ണുഖളാല് തമിഴ്ഭാഷ സമൃദ്ധമാണ്. മോഹഞ്ജോദാരോവിൽനിന്നു കിട്ടിയ ലിംഗപീഠം(ഡി.കെ. 4480)ചുവന്ന കല്ലിൽ നിറയെ ത്രിദളചിത്രാലങ്കൃതമാണ്.(ട്രിഫോയിൽ)ഇത്തരം പത്തു പീഠം മോഹഞ്ജോദാരോവിൽനിന്നു കിട്ടി. ശക്തിയോനിയില ർപ്പിതമായ ശിവലിംഗമാണത്. ബില്വദളത്തിനും ത്രിദളമാണുള്ളത്. അത് ശിവശക്ത്യാരാ

ധനക്കുള്ളതാണ്. ബില്വ എന്ന സംസ്കൃതപദത്തെ പർപ്പോള വെള്ളിലെന്ന ദ്രാവിഡപദത്തോട് തുലനം ചെയ്യുന്നു.വില്ലവ,വള്ളുവ,വെള്ളിയൻ,വെളിയൻ എന്നീ പദങ്ങളെ നോക്കുക. വെള്ളി ,വെള്ളിയനെന്ന ശുക്രതാരവും അസുരഗുരുവുമാമ്. കാമദേവനാമ്.വെളിയൻ വേണ്മാൾ -ചക്രവർത്തിയുടെ വിവാഹം വെള്ളിയനെന്ന സമുദ്രതീരവാസിയായ ആവി (ആന്മാ, ആത്മാ) കോമാന്റെ മകളുമായി നടത്തുന്നത് പതിവായിരുന്നു. യയാതിക്ക് ശുക്രപുത്രിയായ ദേവയാനിപോലെയാണിത്. കേരളത്തിലെ രാജകുമാരന്മാർക്ക് വില്ലവൻകോത എന്ന നാമം കാണുന്നു. വില്ല് ചേരചിഹ്നമാണ്. വെള്ളുവനാട്(വള്ളുവനാട്)ചേരന്മാരുടെ ആദിരാജധാനിയിലുൾപ്പെട്ടതാണ്. പർപ്പോളയുടെ അഭിപ്രായത്തില് യോനീമുദ്രയും വെള്ളി(രജത)നിറമായ ശുക്ലത്തിന്റെ നാമസാമ്യവും ചേർന്ന കൂവളത്തില ശിവലിംഗത്തിന്മേല് ആരാധിക്കുന്നത് അതുകൊണ്ടാണ്. കാമവൈരിയായ ശിവന്റെ കാമാരാധനമാണത്. ബ്രഹ്മർഷിമാരുടെ പ്രജാസംരക്ഷണവും വംശവർദ്ധനവും അങ്ങനെയേ നടക്കൂ. ശിവലിംഗം ധ്വജവും യോനി കാമപതാകയുമായി സങ്കൽപ്പമുണ്ട്. അമ്പലത്തിലെ കൊടിയേറുമ്പോൾ, കൊടി ഒന്നു പിളർന്നാണ് കാണുക.



1 കൊടി



2 പയറ്വിത്ത്



3.ധാന്യം(ബാർളി)



4.ആലിലത്തളിർ,പഴംഇരുവശം



5,ആൽവിഴുത(വേർ)



6.ഉലൂഖലം



7സപ്തമാതൃക്ഷേത്രം
സപ്തർഷിക്ഷേത്രം



സുമേരിയയിലെ പുരുഷലിംഗം
പിക്ടോഗ്രാഫ്

അശോകസ്തംഭംപോലുള്ള സ്തംഭങ്ങളും സ്തൂപങ്ങളും യൂപവും കൊടിമരവും ശിവന്റെ കോസ്മിക് ലിംഗപ്രതീകങ്ങളാണ്. ജ്യോതിഷത്തിലും ശങ്കുലിംഗമായ ശങ്കു നാട്ടിയാണ് കാലനിർണ്ണ

യം. കമ്പം(സ്കംബം)നാട്ടി ബലിയർപ്പിക്കുന്ന തമിഴരീതി ,അയ്യപ്പന് പാലക്കൊമ്പ് എഴുന്ന ള്ളിക്കുന്ന സ്വഭാവമെന്നിവ ഹരപ്പൻസംസ്കാരത്തിന്റെ സ്വഭാവമോ തുടർച്ചയോ ആയി അനുബന്ധമായി ഉണ്ടായതാണ്. കാമദഹനത്തില് ദഹിച്ച കാമശരീരം മരമായി മുളച്ചു. അതിന്റെ വിറകെരിച്ച ഭസ്മം പൂശിയ ശിവന്റെ തപസ്വിശരീരം കാമശരീരമായിത്തീർന്നു. ഹോളി കാമന്റെ പുനർജ്ജനിയാണ്. ജ്യോതിശ്ശാസ്ത്രത്തിലെ വെർണ്ണല് ഈക്വിനോക്സ് ആണത്. മദ്ധ്യേന്ത്യയിലും ദക്ഷിണേന്ത്യയിലും മണ്ണേവരെ(മൺതേവരെ)ഉണ്ടാക്കി (കാമനും രതിയും)ഉത്സവഷഷം തേവരെ അഗ്നിയിലെരിക്കുന്ന സമ്പ്രദായമുണ്ട്. മഹാരാഷ്ട്രയിലാക ട്ടെ,അതിനു ചുറ്റും സ്ത്രീയോനിപര്യപദങ്ങളെ വിളിച്ചുപറഞ്ഞ് പുരുഷന്മാർ നൃത്തം വെക്കും. (കൊടുങ്ങല്ലൂരിലെ ഭരണിക്കുമുണ്ടായിരുന്നു ഇത്തരമൊരു ആചാരം) കൃഷ്ണനും രാധയും തമ്മിലുള്ള ലീലപാടി യൂപത്തിനു ചുറ്റും നൃത്തംവെച്ച് അവസാനദിനം യൂപം കരിച്ചുകളയുന്ന പതിവുമുണ്ട് കുമയോണിൽ. മരത്തെ ആരാധിക്കലും മരംകൊണ്ടുള്ള യൂപത്തെ ആരാധിക്ക ലും പ്രകൃതിആരാധനയാണ്.സരസ്വതി,അപ്സരസ്സുകൾ എന്നിവരെ സപ്തസ്വരദേവതകളും സപ്തമാതൃക്കളുമായി ആരാധിക്കലും ഹരപ്പയിലുണ്ടായിരുന്നു.

പുംസവനത്തിലെ സവനവസ്തുക്കളായ ധാന്യം,പയറ്,ആൽമരം ഇവയെല്ലാം വരുണന്റേ താ ണ്. ഇതിലുപയോഗിക്കുന്നതെല്ലാം സ്ത്രീപുരുഷന്മാരുടെ അവയവങ്ങളെപ്പോലെയാണെന്ന് പർപ്പോള കരുതുന്നു. ആലിലത്തളിരും ആലിന്റെ വിഴുതും(വേര്)ഉലൂഖലത്തിലിടിച്ച് അരച്ചെ ടുത്ത് ഭർത്താവ് ഭാര്യയുടെ മൂക്കിലേക്കു കടത്തുന്നു (നസ്യം). ഉലൂഖലത്തിന് ലിംഗയോനീമുദ്ര യാണ്.ഇപ്രകാരമുള്ള എല്ലാ ചിഹ്നങ്ങളും ഹരപ്പയിലുണ്ട്.അതുകൊണ്ട് ഭാരതത്തിലെ മനു ഷ്യരാണ് ഹരപ്പമോഹഞ്ജോദാരോവിലെ ജനത,പുറത്തുനിന്ന് വേദവും കൊണ്ടുവന്ന വിദേശി കളല്ല എന്ന് പുരാവസ്തുശാസ്ത്രജ്ഞരെല്ലാം മനസ്സിലാക്കുന്നു. ശിവന്റെ ജ്യോതിർല്ലിംഗത്തിന് വീര്യം ലഭിക്കാനും വാജീകരണത്തിനും ഇഡപിംഗളകളിലെ സൂര്യനാഡി ഉണർത്താനുമാണ് ഈ കർമ്മങ്ങളെല്ലാം. കാളീബംഗനിൽനിന്ന് ഒരു ജ്യോതിർല്ലിംഗം കിട്ടിയിട്ടുണ്ട്. ഗംഗാധര ക്ഷേത്രാധികാരികളെന്ന വന്ദേരിപെരുമ്പടപ്പ പള്ളിവിരുത്തിതാവഴിയുടെ വെളിയങ്കോട് പെ രുമ്പടപ്പിലെ ധ്വജേശ്വരം (മൂഷികവംശകാവ്യം) ,അയിനിക്കുറുസമ്പ്രദായമെന്നിവ നേരത്തെ ച ർച്ച ചെയ്തുകഴിഞ്ഞു. അതും കൂടി ചേർത്ത് പർപ്പോളയുടെ ഈ നിഗമനങ്ങളെ ശ്രദ്ധിക്കുക.

സപ്തർഷികൾ,ഗന്ധർവ്വന്മാരെന്നിവരോടാണ് ധിഷ്ണ്യകളെ കൂടുതലായി ബന്ധിപ്പിക്കാറുള്ളത്. പൂർവ്വപ്രപിതാക്കളായ സപ്തർഷികളുടെ യജ്ഞവും സോമവും കാക്കുന്ന കാപ്പതമ്പുരാക്കന്മാ രാണ് ഗായകരും കൂടിയായ , സർവ്വവേദവേദാംഗപാരംഗതരായ ഗന്ധർവ്വരും അവരുടെ അപ്സരഗണവും. സപ്തർഷികളെ ഋക്ഷരെന്നും വിളിക്കുന്നു. സപ്തപർണ്ണ,സപ്തശൃംഗ,സപ്തലിംഗ, സപ്തസ്വര,സപ്താശ്വ,സപ്തവർണ്ണരാണിവരെല്ലാം. കാമശാസ്ത്രത്തിൽ 64 കലകളിൽവെച്ച് ഏ റ്റവും പ്രധാനം സംഗീതമാണ്. ഇതിൽ വിദഗ്ധരുമാണ്, രൂപരഹിതരാകയാൽ കാമദേവനേ

യും ബ്രഹ്മത്തേയും പോലെ അനംഗരുമാണ്. സപ്തർഷിഗൃഹം,ക്ഷേത്രമെന്ന സിംബലുണ്ട് സൈന്ധവലിപിയില്. ഇത് സപ്തസ്വരമൂർത്തികളുടേയോ,സപ്തമാതൃക്കളുടേയോ ക്ഷേത്രമെന്നും വായിക്കാം. സുമേരിയയിലെ പിക്റ്റോഗ്രാഫിൽ പുരുഷലിംഗത്തിന്റെ ചിഹ്നത്തിന് സാമ്യമുള്ളതും ലിംഗമില്ലാത്തതുമാകയാൽ സാമദേവതയായ സ്ത്രീ(അപ്സര,ജലദേവത)അഥവാ സപ്തമാതൃക്കളാവാനും സാദ്ധ്യത ഏറെയാണ്. 7 ലിംഗം 7 സാമവും 7 സാമവും 7 ഹോമകുണ്ഡവുമാണ്. ഏഴ് ,ഏഴി എന്നിവ ഏൽ,ഏലി എന്നും ഉച്ചരിക്കാറുണ്ട്. ഏലിമല,ഏഴുമല (സപ്തകുലശൈലം)എലിമല എന്നീ പദങ്ങളെല്ലാം ഒരേ ധാതുവിന്റെ തദ്ഭവങ്ങളാണ്. ഏഴിക്കൊമ്പനെന്ന് സോമലത കാക്കുന്ന കാപ്പതമ്പുരാനായ കന്തിരവ(ഗന്ധർവ്വ)കുലത്തിലെ കൊല്ലങ്കോട്ടുരാജാവിനെ വിളിക്കാറുണ്ട്.ഉയർന്നസ്ഥാനം,ഉദ്ധൃതമായ സ്ഥാനം, കുന്ന്, എന്ന അർത്ഥത്തില് ശൃംഗം ഉപയോഗിക്കുന്നു. ശൃംഗാരപദം കാമശാസ്ത്രത്തിൽ ലിംഗോദ്ധാരകകരമാണ്. ശ്രീകൃഷ്ണന് അവ 7 കാളക്കുര്റന്മാരെ അടക്കുന്ന ഇന്ദ്രിയനിഗ്രഹവിദ്യയാണ്. ഋഷഭങ്ങളെ (നന്ദിയെന്ന കാമശാസ്ത്രവിദഗ്ധനെ) തളക്കുന്നവനാണ് ഇന്ദ്രിയജയം നേടിയ ജിനനെന്നത്. വിഷ്ണു,സഹോദരി പാർവ്വതി,മരുമകനായ മുരുകനെന്ന മാതൃദായസമ്പ്രദായത്തിൽ, മുരുകന്റെ അച്ഛന്റെ സ്ഥാനമാണ് ശിവന്റേത്. ശൈവവൈഷ്ണവശാക്തങ്ങൾക്കുതമ്മിലുള്ള സഹകരണം ഈ മാതൃദായസമ്പ്രദായം കൊണ്ടാണ് ഭാരതത്തിലുണ്ടായത്. അതാകട്ടെ, ദാക്ഷിണാത്യരുടെ സമ്പ്രദായവുമാണ്. ഇരുവംശത്തിനും പ്രിയങ്കരനാണ് കുമാരനായ മുരുകൻ. കാർത്തികേയനായ മുരുകന്റെ കൾട്ടിന് ഏറ്റവും പ്രചാരമുള്ളത് ദ്രാവിഡദേശത്തിലാണ്. ബിസി 3000- 2300 വരെ ഹരപ്പയില് മുരുകന്റെ കൾട്ട് ഉണ്ട്(പേജ് 225)ആറുമീനെന്ന സിംബലുള്ള എം 112 ,അതിലെ 3 അക്ഷരം (അടിവരയിട്ടത്) പൊതുവായി കാണുന്ന എം 241, എം 241ലെ രണ്ട് അടിവരകളിട്ട 3 അക്ഷരം പൊതുവായി കാണുന്ന ടാബ്ലറ്റിലെ

ലിപി ഇവ താഴെ കാണുക.

M 112 Six fish sign



M 241 ,Underlined 3 signs common with M 112, doublelined 3 signs common with one side of seal with Anthropomorphic deity



2 naaga and Chithrakoota (resemblance to Garuda(bird)



One side of Anthropomorphic deity seal



other side of anthropomorphic deity

ശൂലം,ശൂലമിരിക്കുന്ന കോട്ടം,നാലുദിശ എന്നിവ കാണിക്കുന്നതുകൊണ്ട് ശൂലം ധരിച്ച ചേയോന്റെ നാമം, അമ്മാമനായ വൈഷ്ണവനാഗചിഹ്നം എന്നിവയുണ്ട്.പലയിടത്തും ഇതേ സിംബലുക ൾ ആവർത്തിക്കുന്നുണ്ട്. പിന്നിലൊരു മനുഷ്യരൂപം (ആന്ത്രപ്പോമോർഫിക് ഡെയിറ്റി) സിംഹാസനത്തിലിരിക്കുന്നതും മുട്ടുമടക്കിയിരിക്കുന്ന ഒരാരാധകനുചുറ്റും രണ്ടു നാഗങ്ങളുള്ളതുമായ ഒരു ടാബ്ലറ്റിൽ മറുവശത്ത് കാണുന്ന ലിഖിതവും മുകളിലുണ്ട്. പർപ്പോല ഇതിനെ സ്കന്ദനെന്നാണ് വിളിക്കുന്നത്. നാമം വരച്ച നാഗവും (വൈഷ്ണവ) ഇരട്ട(മിഥുനം) യായി അവരിണചേരുന്ന ദൈവീകനാഗപുരുഷനും(യോഗി) നാഗാരാധനാചിത്രമാണെന്നു സൂചന തരുന്നു. ഹരപ്പയിൽ ശൈവ,വൈഷ്ണവ,നാഗ,മുരുക,ശക്തി ആരാധനകളെല്ലാം അന്നും ഉണ്ടായിരുന്നു എന്ന് സാരം. നാഗവും ശൂലവും മുരുകനും ശിവനും പൊതുചിഹ്നങ്ങളാണ്. മയിലും മയിലിന്റെ പീലിയും നാഗവും മുരുകനും വിഷ്ണുവിനും പൊതുവാണ്. മുരുകന് തമിഴ്നാട്ടിൽ സർപ്പക്കാവടിയെടുക്കും. ഇരട്ടനാഗം കർപ്പ്(പാതിവ്രത്യം),കാപ്പ്(വലയം) അഥവാ മണ്ഡലം ,വംശം,സന്തതി, ഇവയോടു ബന്ധപ്പെട്ട ആലിംഗനബദ്ധരായ മിഥുനങ്ങളെ കുറിക്കുന്നു. ഭോഗവും യോഗവും ചേ ർന്നതാണ് നാഗചിഹ്നം. എം 453 ലെ യോഗിക്ക് (ആന്ത്രപ്പോമോർഫിക് ഡെയിറ്റി) ഒരു ചിത്രകൂടകല്ലിന്റേയും രൂപമുണ്ട്. ചിത്രകൂടം ഭരദ്വാജവംശത്തിന്റെയും നാഗങ്ങളുടേയും വാസസ്ഥാനമാണ്. അത് ബ്രാഹ്മിലിപിയിലെ കകാരരൂപവുമാണ്. സുബ്രഹ്മണ്യനെ നാഗമായി

രാഹുരൂപത്തിലാരാധിക്കാറുണ്ട്. ഇത് കേരള,കർണ്ണാടക,തമിഴകങ്ങളിലെല്ലാം ഉണ്ട്. ഇതിന്റെ ഐതിഹ്യം രസമാണ്. മൊഴിപ്പെയർദൈവം എന്ന് വിളിക്കുന്ന മുരുകന് പ്രണവരഹസ്യം(മൊഴിപ്പൊരുള്) അറിയില്ലെന്നു പറഞ്ഞ ബ്രഹ്മാവിനെ തടവിലാക്കി. ബ്രഹ്മാവ് ശപിച്ച് മുരുകനെ നാഗമാക്കി. ശിവപാർവ്വതിമാര് കുഞ്ഞിനെ കാണാതെ തിരഞ്ഞും ഉപവസിച്ചും കഴിഞ്ഞു. ലോകം ഇരുണ്ടിരുണ്ടുവന്നു. ബ്രഹ്മാവിൽനിന്ന് ,തന്റെ പുത്രൻ നാഗരൂപത്തിലിരിക്കയാലാണ് ഈ പ്രതിഭാസമെന്ന് ശിവൻ അറിഞ്ഞു. ശിവൻ നാഗത്തിന്റെ ശിരസ്സില് തലോടി. പാമ്പ് വള ഊരിക്കളഞ്ഞ് (വള-നാഗത്തിന്റെ പുറംതൊലി) പുറത്തുവന്നു.വീണ്ടും ലോകത്തിലാകെ പ്രകാശം വന്നു.ഇവിടെ രാഹു അഥവാ ഭൂഛായയാണ് മുരുകനെന്നത്.

5 പ്രാവശ്യം സ്വസ്തികമെഴുതിയ ശേഷം എം 241ലെ മൂന്നക്ഷരങ്ങളെഴുതിയ ഹരപ്പൻടാബ്ലറ്റില് അതേ 3 അക്ഷരം തന്നെ മറുവശത്തും കാണാം.അവ കഴിഞ്ഞ് മൃദംഗമടിക്കുന്ന മനുഷ്യരൂപവുമുണ്ട്.അതിന്റെ മുഖം ഒരു വശത്തേക്കു ചെരിച്ചുപിടിച്ചിരിക്കുന്നു. ഹനു നീളംകൂടി ഒരു ഋക്ഷരൂപമാണ്. നന്ദിയോ (ഋഷഭ)മനുഷ്യനന്ദിയായ മൂഷകവംശജനോ, ജാംബവാനോ ആവാം.പിന്നെ ഒരു പുലിചിഹ്നമാണ്. പുലി ചോളന്റെ ചിഹ്നമാണ്. മൃദംഗമടിക്കുന്ന ഋക്ഷ(ഋഷഭ)മനുഷ്യൻ ജാംബവാനാണെങ്കിൽ, ലോകം ചുറ്റി ജാംബവാന്റെ സഞ്ചാരമാകാം വിഷയം. പ്രപഞ്ചം ഭ്രമണം ചെയ്യുന്നപോലെയുള്ള താളവൃത്തലയം കാണിക്കാനാവാം സ്വസ്തികത്തിന്റെ ദിശ മാറ്റി വരച്ചിരിക്കുന്നത്. യുഗപരിവർത്തനചിഹ്നമാണത്.





മുരുക്ക,മുരുഗ പദത്തിന് ചേയോനെന്ന് (കുഞ്ഞ്)അർത്ഥമുണ്ട്.മുറുക്ക എന്നുച്ചരിച്ചാലത് വളഞ്ഞ് വൃത്താകൃതിയിലുള്ള ഒരു പലഹാരമാണ്. കാതിലും മൂക്കിലും കയ്യിലുമണിയുന്ന , മുറുക്കന്ന, കാപ്പ്,വളയം,വള,ആഭരണം .ചിലമ്പ്, വള,മൂക്കുത്തി,മിട്ടി,പരിച്ചകം ഇവ കർപ്പിനെ (പാതിവ്രത്യം)മാത്രമല്ല,സുമെഗലിയെന്ന അവസ്ഥയേയും സൂചിപ്പിക്കുന്നു. വിവാഹത്തിന് മുറുക്ക് എന്ന പലഹാരം ദ്രാവിഡർ ബന്ധുവീട്ടിലേക്ക് കൊടുത്തയക്കുന്നു. കാപ്പ്,വളൈകാപ്പ് ഗർഭകാലത്ത് ചെയ്യുന്ന ഒരു ഉർവ്വരതാചടങ്ങാണ്. കാപ്പുതമ്പുരാൻ അഥവാ രക്ഷാപുരുഷനെന്ന രക്ഷകനാകട്ടെ,കുഞ്ഞിനേയും സഹോദരിയേയും സംരക്ഷിക്കുന്ന അമ്മാമനെന്ന തറവാട്ടുകാരണവപ്പാടാണ്. രാജ്യത്തേയും രാജ്യാവകാശിയായ മരുമകനേയും സംരക്ഷിക്കുന്ന വിഷ്ണുവാണ് അമ്മാമന്റെ സ്ഥാനത്ത്. മുരുകന്റെ ആരാധനയും ശൈവ,വൈഷ്ണവ,ശക്തിആരാധനയും അതുകൊണ്ടുതന്നെ ഒറ്റ മൂലവംശത്തിന്റെ തന്നെ ആരാധനാക്രമമാണ്. ശക്തിആരാധന കുഞ്ഞിന്റെ അമ്മ(രാജമാതാ)എന്ന സഹോദരിയുടെ സംരക്ഷണമാണ്. വാസുകിയും സഹോദരി പത്മാവതിയുമാണ് നാഗക്കോട്ടങ്ങളിലാരാധിക്കപ്പെടുന്ന അമ്മാമനും അമ്മയും. (നാഗരാജാവും നാഗയക്ഷിയും). ചിലമ്പും വളയും കാപ്പും മൂക്കുതുളച്ച് മൂക്കുത്തിയും കാതുതുളച്ച് കടുക്കനുമിട്ട് യോദ്ധാക്കളെല്ലാം കാപ്പുതമ്പുരാന്മാരായി ,രക്ഷാപുരുഷരായി, ഐശ്വര്യപതിമാരായി, ശംഖനിധി,പത്മനിധി ,ചക്രനിധിയെന്നീ നിധികളോടെ (അവ തോളിൽധരിച്ച്) മാറി

ലെ ശ്രീവത്സവുമായി ആരാധനയേറ്റ. രാജാവിന്റെയും രാജ്ഞിയുടേയും കർണ്ണാഭരണങ്ങള് തമ്മിൽ ചെറിയൊരു വ്യത്യാസമുണ്ടായിരുന്നു. രാജാവിന് ചതുരശ്രീകരിച്ചത്,രാജ്ഞിക്ക് ഗോളാകൃതി. *Ytß*



ഭൂമി(സ്ത്രീ)യും കോസ്മിക് പ്രകൃതിയും ഗോളാകൃതിയാണ്. ഭൂമിയെ പഠനാർത്ഥം ചതുരശ്രീ കരിച്ചതാണ് വാസ്തുപുരുഷനായ ജീവാത്മാവ്. എം 1644ലെ മോഹഞ്ജോദാരോ-ഹരപ്പൻ വളയിൽ രണ്ടു വൃത്തം ഛേദിക്കുന്ന ചിത്രമുണ്ട്. പയ്യന്നൂരിലെ പവിത്രവും ഇതിന്നു സദൃശമാണ്.മൂഷകവംശകാവ്യത്തിലെ പരാമർശങ്ങളെ ഹരപ്പ മോഹഞ്ജോദാരോ ചിഹ്നങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ചാല് ഈ ചിഹ്നത്തിന്റെ പ്രാധാന്യം മനസ്സിലാവും. 1200 ഡിഗ്രി സിയില് ചൂടേൽപ്പിച്ചാണ് ഹരപ്പയിലെ വളകളില് ഈ ചിഹ്നം ഉണ്ടാക്കിയിട്ടുള്ളതെന്ന് പുരാവസ്തുഗവേഷകർ കണ്ടെത്തി.ഈ വളകളിൽ കല്ലുകൊണ്ടു മുട്ടിയാല് ലോഹംപോലെ സ്വരമുണ്ടാകും.. ക്ഷേത്രങ്ങളില് കല്ലില് സപ്തസ്വരമുണ്ടാക്കുന്ന അതേ വിദ്യയാണിത്. ചൂളക്കു വെച്ചുണ്ടാക്കിയ ഇരട്ടക്കാപ്പാണെന്നും അതിനെ ചൂടുകൊണ്ട് എങ്ങനെ വളച്ചു എന്നും കാണിക്കുന്ന ഹരപ്പയിലെ എഛ് 147 സീലിനെ മുകളില് കാണുക.രണ്ടു വൃത്തം ഛേദിക്കുന്ന മാതൃകയുടെ യൂക്ലിഡിയൻ സാമ്യം നേരത്തെ പറഞ്ഞു.ഞങ്ങളുടെ കുട്ടിക്കാലത്ത് പറമ്പിലെ കുപ്പിവളപ്പൊട്ടുകളെല്ലാം പെറുക്കിയെടുത്ത് തീയിൽ കാണിച്ച് വളച്ച് ചേർത്ത് വളമാലയുണ്ടാക്കാ

റുണ്ട്. ആ വളമാലപോലെ ഒരു ചിഹ്നം ബാലിശമെന്നു തോന്നാം. പക്ഷേ വളരെ സോഫിസ്റ്റി ക്കേറ്റഡ് ടെക്നോളജി കൂടാതെ ഒരു ശില്‍പ്പിക്കും 1200 ഡിഗ്രി ചൂടുള്ള ചൂളക്ക് വെച്ച് സപ്തസ്വര മുണർത്തുന്ന വള ലോഹത്തിലോ കല്ലിലോ ഉണ്ടാക്കാനാവില്ല. അപ്പോൾ രണ്ടു വൃത്തം ഛേദി ക്കുന്ന ചിഹ്നം ചൂള,അഗ്നി, ഗർഭപാത്രം(കരു)കുഞ്ഞ്, നാഗം,വംശതന്തു,വള,കാപ്പ്, കർപ്പ്, വള കാപ്പ്, കുമാരൻ, ഗർഭഗൃഹ(ഗുഹനെന്ന രഹസ്യനാമം)എല്ലാമായിത്തീരും.ഒരേ ചിഹ്നത്തിന് സന്ദർഭാനുസൃതം നാനാർത്ഥം കൊടുക്കുന്ന ഭൻതൃന് ഭാഷകളുടെ രീതിയാണിത്. ഗർഭിണി യേയും കുഞ്ഞിനേയും കാക്കുന്നതിനാണ് വളൈകാപ്പ് എന്ന ചടങ്ങ് (5, 7 മാസത്തില്) നട ത്തുന്നത്. ചിലയി ടങ്ങളിൽ ഇതിന്ന് ചൂൾകാപ്പ് എന്നും പറയുന്നുണ്ട്. (ഗർഭരക്ഷ).ചെറിയ കുഞ്ഞിനും വള,തള, കുച്ചുമണി എന്നിവ 5, 7, 9 ദിവസങ്ങലിലായി കെട്ടും. അല്ലെങ്കിൽ 28ആം ദിനം. അരയിൽ നൂലിൽകോർത്ത് ഓട്ടുമുക്കാലുകളും കുച്ചുമണിയും ഇപ്പോഴും നമ്മള് നമ്മുടെ കുട്ടികൾക്ക് കെട്ടി ക്കാറുണ്ട്.ഇത് 5000 വർഷം മുമ്പേ നമ്മുടെ പൂർവ്വികരായ ഹരപ്പ മോഹ ഞ്ജോ ദാരോ ജനത ചെയ്തിരുന്നതാണെന്ന് എത്രപേർക്കറിയാം. സംസ്കാരത്തിന്റെ അനുസ്യൂ തമായ തുടർച്ചയെ അതു കാണിക്കുന്നു. 1920ൽ *Hartland* എഴുതിഃ-പാപശമനത്തിനായി ഇന്ത്യ യിലെ ജനത കല്ലു കളിൽ തുളച്ചുണ്ടാക്കിയ ഗുഹകളില് നൂഴുന്നു എന്ന്. പുനർജ്ജനി നൂഴലെ ന്നാണിതിനു പേര്. അങ്ങനെ മരണജനനങ്ങൾക്കിടയിലെ പുനർജ്ജനിനൂഴലും പുറത്തുവ രലും ആവർത്തിക്കുന്ന കർമ്മശൃംഖലയുടെ ചിഹ്നവുമാണ് വളയും കാപ്പും. ഇത് ലിംഗയോനി കളിലൂടെ സംസാരം തുടരുന്ന പ്രക്രിയയേയും കാണിക്കുന്നു. പച്ചനിറമുള്ള വള മരത്തിൽ കെട്ടിയിട്ട് കുട്ടിയുണ്ടാവാനായി പ്രാർത്ഥിക്കുന്ന ചടങ്ങും മുരുക,വിഷ്ണു,പ്രകൃതി, പ്രപഞ്ചസംബ ന്ധിയാണ്. കാച്ചാംകുറിച്ചി യിലെ പുരാതനമായ കാശ്യപ(വിഷ്ണു)ക്ഷേത്രത്തിലെ നാഗപ്രതിമ കൾക്കു താഴെ ഇപ്പോളും കാ ണാം ആളുകള് അർപ്പിച്ച പലവർണ്ണ കുപ്പിവളകൾ. അലഹബാ ദിൽ മൂസ സൊഹാഗിന്റെ ശവക്കല്ലറക്കു സമീപം പഴയ ചമ്പകവൃക്ഷത്തില് 7, 11, 13, 21, 29, 126 എന്നിങ്ങനെ ഗണിത ക്രമത്തിലാണ് വള തൂക്കുക. (ക്രൂക്ക് 1926) വ്യത്യാസം 4,2, 8, 8, 87.ഇതിന്റെ പകുതി 2,1, 4, 4, 48.5.പകുതിയോട് 3 ചേർക്കുക.ഉത്തരം 5,4,7,7,51.5 (51 അക്ഷ രാളിയുള്ള ഭാഷാദേവത)

കർണ്ണാടകത്തിലെ എല്ലമ്മക്ക് പച്ചവള വഴിപാടുചെയ്യുന്ന ജനതയുടെ ആചാരം തന്നെയാ ണിതും. വിജയനഗരത്തിൽ രണ്ടു ക്ഷേത്രങ്ങളിൽഗർഭഗൃഹത്തിൽനിന്ന് പുറത്തേക്ക് നീട്ടിയ 2 വടികളിൽ ആരാധകര് വളകള് തൂക്കും. അല്ലെങ്കിൽ ക്ഷേത്രമുറ്റത്തെ മരക്കൊമ്പില് കെട്ടി ത്തൂക്കും.പ്രജനനം,വംശവർദ്ധനവ് എന്നിവയോടു ബന്ധപ്പെട്ട് ഇന്ത്യയിൽനിലനിൽക്കുന്ന ഈ ആചാരങ്ങളെല്ലാം സൈന്ധവസരസ്വതീസംസ്കാരകാലത്തുതന്നെ ഉള്ളതാണ് എന്ന തിനു തെളിവായി പച്ചവളകൾ അവിടെ ഖനനം ചെയ്തപ്പോഴും കിട്ടി.മോഹഞ്ജോദാരോവിലെ ഫിഗ് ഡെയിറ്റി (ആൽമരദേവത)കൈനിറയെ വളയിട്ട രീതിയിലാണ്. അതിനുതാഴെ കാ ണുന്ന സപ്തസ്വരദേവതകളെന്ന സപ്തമാതൃക്കളും നിറയെ വളയിട്ടവരാണ്. തലയിലെ കിരീ

ടത്തിൽ പൂമരത്തിന്റെ ഇലയും പൂവുമണിഞ്ഞ ഇവരാണ് വേദത്തിലെ സപ്തനദീജലകന്യകകളെന്ന അപ്സരസ്സുകളും അവരുടെ രാജ്ഞിയായ ദൈവീമേധയായ സരസ്വതിയും. ബംഗാളിൽ ഷഷ്ഠിയുടെ വനരൂപം,ആൽച്ചുവച്ചിലിരിക്കുന്ന പൂച്ചയുടെ അരിമാവുകൊണ്ടുണ്ടാക്കിയ രൂപമാമ്. അരിമാവുകൊണ്ടുള്ള വള അതിനുനേദിച്ചാൽ കുട്ടിയുണ്ടാവുമെന്ന് ബംഗാളികള് കരുതുന്നു. മാർജാജരനെന്നാണ് പൂച്ചക്ക് സംസ്കൃതം. മാർജ്ജാലീയമെന്നാണ് യാഗത്തിലെ അപ്സരനൃത്തവേദിയെ പറയുക. ഈ ഉച്ചാരണസാമ്യമാണ് പൂച്ചരൂപമായി കലാശിച്ചത്. വൃക്ഷങ്ങളിൽ ദേവതാസാന്നിദ്ധ്യം സങ്കൽപ്പിക്കുന്നത് ധമ്മപദആട്ടക്കഥയിലും കാണാം. (വിവർത്തനം. ബർലിംഗ് ഗെയിം 1921. 1,146 ഉദ്ധരിച്ചത് ആനന്ദകുമാരസ്വാമി 1928, 1-22)ഃ- ശ്രാവസ്തിയില് മഹാസുവർണ്ണനെന്ന ഗൃഹസ്ഥനുണ്ടായിരുന്നു. അദ്ദേഹത്തിന് കുട്ടികളുണ്ടായില്ല.ഒരിക്കൽ സ്നാനഘട്ടത്തിൽനിന്ന് മടങ്ങവേ, വനവൃക്ഷത്തെ കണ്ട ധനികൻ അതിലൊരു ദേവതയുണ്ടെന്ന പൂർണ്ണവിശ്വാസത്തോടെ ചുറ്റും വൃത്തിയാക്കി പ്രാകാരം നിർമ്മിച്ചു. അകത്ത് പൂഴിവിരിച്ചു.മരത്തിൽ തോരണവും കൊടിക്കൂറയും തൂക്കി അലങ്കരിച്ചു. എനിക്കൊരു മകനോ മകളോ ഉണ്ടായാൽ ധാനിനിയും നിനക്കായി ഒട്ടേറെ പൂജചെയ്യുമെന്ന് പ്രാർത്ഥിച്ചു.

ഈ ഉദ്ധരണിയിൽ വൃക്ഷത്തെ അപ്സരയായി, മതിലുകെട്ടി അലങ്കരിക്കുന്ന ഹരപ്പൻരീതി(എച്ച് 188 ടാബ്ലറ്റ്)യാണ് ഇപ്പോഴും നാം പിൻതുടരുന്നതെന്ന് കാണിക്കുന്നു. പ്രാകാരമോ വേദികയോ കെട്ടി വൃക്ഷങ്ങളെ ആരാധിക്കുന്ന(പ്രകൃതിയെ)സംസ്കാരം ഹരപ്പ,ബുദ്ധമതകാലം, മദ്ധ്യകാലം മുതലിങ്ങോട്ട് ഇന്നുവരേയും ഇന്ത്യയിലുണ്ട്. ഇത്തരം വൃക്ഷത്തിലും വൃക്ഷച്ചോട്ടിലും വാഴുന്ന ദേവതകളിൽ ഗന്ധർവ്വാപ്സര,യക്ഷ,നാഗാദികളെല്ലാം പെടുന്നു. എം 1202ൽ രണ്ടു വൃത്തം ഛേദിക്കുന്ന സാംബലിനുശേഷം അണ്ണാന്റെ ചിഹ്നമാണ്. തമിഴിൽ അണിൽ, അണിൽപിള്ളൈ,പിള്ളൈ എന്നാണ് അണ്ണാനെ പറയുക. എച്ച് 771ൽ ഇതേ ചിഹ്നമുണ്ട്. പിള്ളൈ, പിള്ളയാരെന്നാൽ കുഞ്ഞ്. അണ്ണാനും,കീരിക്കും,കിളിക്കും (മരത്തിലെ ജീവി, മരത്തിന്റെ കുഞ്ഞ്)തമിഴിൽ പിള്ളൈക്കുട്ടി വിളിക്കും.അതുപോലെയാണ് മുരുകനേയും ആനയായ ഗണപതിയേയും പിള്ളയാരായി കാണുന്നതെന്ന് പർപ്പോള(പേജ് 230)ചിലപ്പോഴെല്ലാം കാമനേയും ശുക്രനേയും മുരുകനേയും വിഷ്ണുവിനേയും കാമാദിവികാരമുള്ള മനുഷ്യദേവരായും ദേവതകളായും ചിത്രീകരിക്കാറുണ്ട്. മുരുകനും അമ്മാമനായ വിഷ്ണുവും മരുമക്കത്തായക്കാർക്ക് ഓങ്കാരപ്പൊരുൾദൈവങ്ങൾകൂടിയാണ്.സംസാരവും നിർവ്വാണവും അവർക്കൊരുപോലാണ്,യോഗവും ഭോഗവും അവർക്ക് രണ്ടല്ല.ശുക്രനും അസുരഗുരുവെങ്കിലും കവിയാണ്, ഋഷിയുമാണ്. കാമശാസ്ത്രകാരനായ നന്ദി (ഋഷഭ),കൃഷ്ണപുത്രനായ പ്രദ്യുമ്നനെന്നിവരാണ് കാമന്റെ അവതാരങ്ങൾ. മുരുകനും മായോനുമുള്ള കുറിഞ്ചിപ്പാട്ടുകൾ ശൃംഗാരരസപ്രധാനങ്ങളുമാണ്,ഭക്തിരസപ്രധാനങ്ങളുമാണ്.

വേൾ എന്ന പദം::- വേൾവി (യാഗം)വേൾക്കുക,വേളികഴിക്കുക(വിവാഹം)എന്ന് രണ്ട് അർത്ഥം. വെളിയൻ വേള് ആവിക്കോമാനെന്ന രാജാവിന്റ പുത്രൂ വേണ്മാളെന്നതിന് വേളി കഴിക്കുന്ന പട്ടമഹിഷിയെന്നും യാഗത്തിന് കൂടെ ഇരിക്കുന്ന യജമാനപത്നി എന്നും രണ്ടർത്ഥമുണ്ട്. ഇതിന് വെള്ളി(ശുക്ര)പദത്തോടാണ് അടുപ്പം. ശുക്രമുനി ഭൃഗുവംശമാണ്.കേരളം ഭൃഗുവംശജരായ ബ്രഹ്മക്ഷത്രരുടേതാണ്. സൈന്ധവ,ഹരപ്പൻസംസ്കാരം ദക്ഷിണപശ്ചിമ തീരത്തെ ഭാർഗ്ഗവ,മൂഷക,ദ്വാരകാപുരികാപ്പതമ്പുരാന്മാരായ യാദവരുടെ സംസ്കാരത്തിൽനിന്നു വിഭിന്നമല്ല. വേലി (അതിർത്തി) എന്ന രക്ഷാകവചവും വേലെന്ന ശക്തിചിഹ്നമായ രക്ഷക്കുള്ള ആയുധവും കൂടിയതാണ് മുരുകാരാധനയും ക്ഷേത്രപ്രാകാരനിർമ്മിതിയും വളെ കാപ്പും. വെള്ളാള,വേൾവിയാള,വെള്ളുവ(വള്ളുവ),വെളിയൻ മുതയാല തമിഴുപദങ്ങളെല്ലാം ഈ മൂലത്തിൽനിന്നുതന്നെ ഉച്ചാരണഭേദംവന്നവയാണ്. വെള്ളി ശുക്രനാണെങ്കിലും നക്ഷത്രമെന്ന അർത്ഥവും ചേരുന്നു.(രജതനിറമുള്ളത്,രജനിയിൽ കാണുന്നത്). ആകാശത്തിലെ നക്ഷത്രത്തെ കണക്കാക്കാനാവുമോ എന്നതിന് വാനത്തിലുള്ള വെള്ളിയെ കണക്കിട മുടിയുമാ എന്നാണ് കാണുന്നത്. അതുപോലെ ഇരവിൽ വാനത്തില് വെള്ളികള് കാണപ്പട്ടും എന്നിടത്തും വെള്ളി നക്ഷത്രമാണ്. ഈ രണ്ടുവാചകവും പർപ്പോള ഉദാഹരണമായി ഉദ്ധരിച്ചിട്ടുണ്ട്. ചിദംബരനാഥചെട്ടിയാരുടെ ഡിക്ഷ്ണറി (1965)വിണ്മീൻ, വാൻവെള്ളി എന്നു കൊടുത്തിട്ടുള്ളതുകൊണ്ട് ,വിണ്ണിലെ മീനും വാനിലെ വെള്ളിയും ഒന്നാണ്,നക്ഷത്രമാണ്. വിടിവെള്ളി

ശുക്രന്റെ അപരനാമമാണ്.(ഉദയതാരം).

M 172



1 A

H 6

1 B



Allographs

1 A ,1 B Allographs

മുകളിലെ ചിത്രത്തിന് ആൽമരവും മീനും ,2 വരകളുമെന്ന് പർപ്പോള വായിക്കുന്നു. ഇവിടെ അല്ലോഗ്രാഫുകളുടെ ഉപയോഗം കാണാം.

- **ഞണ്ട്(നന്ദ്)അഥവാ കർക്കിടകം സൈന്ധവസരസ്വതീലിപിയില്.**



Allographs of Crab sign



Ligature sign with crabsign within.

ഇത് പർപ്പോളയുടെ പുസ്തകത്തിൽ(പേജ് 232-13.12) കാണുന്ന ചിത്രമാണ്. എൽ 11ൽ അകത്തെ ചിത്രം നന്നായി സൂക്ഷിച്ചുനോക്കിയാൽ ഞണ്ടല്ല,ചമ്രംപടിഞ്ഞിരുന്ന് യാഴ് വായിക്കുന്ന മനുഷ്യനാണ്.അതിന്നുമുന്നിലായി മറ്റൊരു ചിഹ്നവും കാണുന്നുണ്ട് .ഏതാണ്ട് ഒരു പ്രാചീന സംഗീതോപകരണത്തിന്റെ മാതൃകയായി എനിക്ക് തോന്നുന്നു.എച്ച് 598ലാകട്ടെ മറ്റൊരു സംഗീതോപകരണമാണ്,ഞണ്ടല്ല. താഴെ കാണുക.598ലെ ഇന്ദ്രധ്വജം എൽ 11ലേതുപോലെ ഒഴുക്കനല്ല,ഇതിലെ മൃഗത്തിന് ജീനിയുണ്ട് . എൽ 11 ലെ മൃഗം മുഖംതിരിച്ച് (തിരിയുന്ന പോസ്) നിൽക്കുന്നത് ആവർത്തനം,ഭ്രമണം,താളവട്ടം എന്നിങ്ങനെയുള്ള ചിഹ്നമായും കരുതണം.

L 11

Ancient Musical Instruments



H 598 Indradwaja





H 598 Musical and Astronomical Instruments

കൊൾ എന്നാല് ഗ്രഹം. വിടാതെ പിടിക്കുന്നത്,ഗ്രഹിക്കുന്നത്. കോളെന്നാൽ കൊല്ലുന്നത്, ഞണ്ട്, കർക്കിടകം,ക്യാൻസറെന്ന് രാശി. ഇതാണ് പർപ്പോള പറഞ്ഞിട്ടുള്ളത്. ഇതിനെ (ഞണ്ടിനെ)തമിഴിൽ നന്ദ് എന്നും ഉച്ചരിക്കും. നന്ദിപ്പിക്കുന്നത്,ആനന്ദിപ്പിക്കുന്നത്, ആശ്ലേഷിക്കുന്നത് എന്ന് തമിഴിലെ പണ്ണിൽ പറയുന്നു. സംസാരവും സംഗീതവും അങ്ങനെയാണ്. നന്ദിപ്പിക്കുന്നതും,ആനന്ദിപ്പിക്കുന്നതും,വിടാതെ മമത ഉണ്ടാക്കുന്നതും, കൊല്ലുന്നതും നശിപ്പിക്കുന്നതും ,നിർവ്വാണസുഖവും സംസാരസുഖദുഃഖങ്ങളും തരുന്നതുമാണ്. കാമവും മോക്ഷവുമാണ്. രണ്ടും ശരീരബോധം ഇല്ലാതാക്കുന്നു. ലയഭാവം തരുന്നു. ശരീരമില്ലാത്ത ആവി (പ്രാണലയം, ചിത്തലയം)എന്ന അവസ്ഥ തരുന്നു,അനുഭവിപ്പിക്കുന്നു. ശനുസ്സും ശരവും ധരിച്ച് ഒരു പുരുഷരൂപം (ഋഷഭവും അജവും ചേർന്ന ധനുർദ്ധാരി)രണ്ടുസെറ്റ് കോപ്പർ ടാബ്ലറ്റുകളില് മോഹഞ്ജോദാരോവിൽനിന്നു കിട്ടി. ഹരപ്പൻ കലയില് മലയാടിന്റെ മുഖമോ താടിയോ ഉള്ള അജ(മേഷ)രൂപം സാധാരണമാണ്. (പേജ് 224,260 പർപ്പോള). എം 1186 സപ്തസ്വരമൂർത്തി, അരയാലിലെ വാഗ്ദേവീരൂപത്തിലും ഈ അജരൂപമുണ്ട്.അജം ബ്രഹ്മപുരുഷനുമാണ്,സരസ്വതിയുടെ പിതാവും ഭർത്താവുമാണ്,സരസ്വതി വിഷ്ണുജിഹ്വയുമാണ്(നാവിലെ ജലരസം).

സി 6ൽ ലിപിയും വേട്ടക്കരന്റെ ചിത്രവുമുണ്ട്. വേട്ടക്കരന്റെ ചിത്രത്തിലാകട്ടെ,ചേരന്റെ വില്ലും ചോളന്റെ പുലിയും ,അജം,ഋഷഭമെന്നിവയും കൂടാതെ, ശരീരത്തിൽ വരച്ച 6 ചെറിയ മാർക്കു

കളും കാണാം. ഇവയെ ഷഡ്ചക്രമായി മനസ്സിലാക്കണം.

സി 6



അജജ്ജഷഭരാശികളിലെ വേട്ടേക്കരൻ രാശിചക്രത്തിൽ,കാർത്തികേയനാണ് പുരാണത്തിൽ. കൊൽ,കൊലി,കോൾ,കോളി എന്നതിന് ഗ്രഹം,പിടിച്ചെടുക്കുക,എന്നതിനുപരി എല്ലാവിധ വിളവുകളും ഫലവൃക്ഷങ്ങളും എന്നൊരർത്ഥവുമുണ്ടെന്ന് പർപ്പോള സ്ഥാപിച്ചിട്ടുണ്ട്.(പേജ് 234). ഇത് അർത്ഥവത്തായിത്തോന്നുന്നു. വന്ദേരിയിലെ പരന്നുകിടക്കുന്ന നീർത്തടങ്ങളിലെ സമൃദ്ധമായ കോൾ കൃഷിപുഞ്ചപ്പാടങ്ങളുടെ നടുവിലാണെന്റെ വീട്. കോലാദ്രി, കോലത്തിരി,(ഗോളാദ്രി)നാമമുള്ള രാജവംശമാണ് അവിടത്തെ മൂഷകവംശം. ഈ രാജവംശത്തെക്കുറിച്ച് ഏറെ ഗവേഷണം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട് ഞാൻ. ഇവിടത്തെ ആലും,കോളും, കൃഷിയുമെല്ലാം എന്റെ നാട്ടിന്റെ സമൃദ്ധമായ ഭൂതകാലത്തെ കാണിക്കുന്നതാണ്. ഞണ്ടിനുമാത്രമല്ല, ആലിനും കോൽ എന്നു പേരുണ്ട് എന്നതിന് പർപ്പോളയുടെ വാക്കുകളാണിവ:-

The crab sign was read as kol,seizer,planet. A close homophone with an eminently suitable meaning is Koli. Banyan,peepal,all kinds of fig trees which bear fruit without outwardly

blossoming epidendron,grasping plant. This word is already in old Tamil(Puram 58, 2;254,7)and it has cognates in other South Indian Dravidian anguages and Tulu. The meaning Grasping Plant suggests that it is derivative of the proto-Dravidian root Kol, to grasp,seize.

കൊള്ളുക,(കൈക്കൊള്ളുക) സ്വീകരിക്കുക.

കൊൾകൈ –കടമ.ഉത്തരവാദിത്തം.

ഈ അർത്ഥങ്ങളും ഇതേ ധാതുവിൽനിന്നുണ്ടായി. ഹരപ്പയിലെ ധനുർദ്ധാരി (വില്ലവ ൻ) പുരുഷനെ കുറിക്കുന്നതിന് കോലെന്ന(കോലി) പദം എങ്ങനെ ചേരുന്നു. കോളിയന്മാരെന്ന ദക്ഷിണേന്ത്യയിലെ നാഗവംശക്കാരുമായി ബന്ധപ്പെട്ടാണ് ഈ പദം മനസ്സിലാക്കേണ്ടത്. നാഗഭൂഷണനായ രുദ്രനും, നാഗശയ്യയിലുള്ള വിഷ്ണുവും ,നാഗം കാൽക്കീഴിലുള്ള രാഹുരൂ പമാർന്ന സുബ്രഹ്മണ്യനും,ശിവപുത്രന്മാരും (സ്കന്ദ,അയ്യപ്പ,ഗണപതി,വേട്ടക്കൊരുമകനെ ന്നിവരെല്ലാം)ഇങ്ങനെ കോളിയനാഗവംശജരുടെ സൃഷ്ടികളാണ്. രുദ്രന് വേദത്തിലും പുരാണത്തിലും ധനുർധ്ധാരിരൂപമാണ്. ത്ര്യംബകം ധരിച്ചവനാണ്,പിനാകപാണിയാണ്, വേട്ടക്കിറങ്ങി വില്ലും ശരവും ധരിച്ചവനാണ്. (ഋ.സം. 2,33, 10-11, 5-42,12,10,125, 6, ശ.ബ്രാ. 9,1,1,6, 14).വേട്ടേക്കരനും വില്ലും ചുരികയുമാണ് ആയുധം.വിഷ്ണുവിനും ശാർങ്ഗധരനെന്നാണ് പേര്.നരനാരായണന്മാരും ശ്രീരാമനും അർജ്ജുനനും (നരന്റെ അവതാരം) വില്ലാളികളാ ണ്.ബിസി 3000ത്തിനു മുമ്പേ ആരംഭിച്ച കൃത്തികാദിയിലുള്ള ഭാരതീയനക്ഷത്രകാലഗണ നക്കുമുമ്പേ ശിവനും,രുദ്രനും മറ്റു ദേവന്മാരും ഈ രീതിയിൽകോളിയന്മാരാലാണ് ആരാധി ക്കപ്പെട്ടിരുന്നത്. കോൾ,കോളി എന്നീ ദ്രാവിഡപദങ്ങള് ഇപ്രകാരം ദക്ഷിണേന്ത്യയുമായും, പ്രത്യേകിച്ച് കോൾനിലങ്ങളോടു കൂടിയ മൂഷകവംശക്കാരായ കോലത്തിരിമാരുടെ വന്നേരി നാട്ടുകൂടി ഉൾപ്പെട്ട മലബാറുമായും ബന്ധപ്പെട്ടിരിക്കുന്നു. ഈ യാഗഭൂമിയിലാണ് വേദങ്ങളെ ല്ലാം ഉണർന്നതും,വളർന്നതും തളർന്നതുമായ ആരണ്യകങ്ങളുണ്ടായിരുന്നത്. കോളും കോളി യും ശിവന്റെ മിഥോളജിയോടു ബന്ധപ്പെട്ടതാണെന്ന് പർപ്പോളയും കണ്ടെത്തുന്നു. (പേജ് 234) ശിവനാമമായ ഹരനെന്നത് ഹരിക്കുന്നത് എന്ന ഗണിതക്രിയയിൽനിന്നുണ്ടായതാണ്. അഗ്നി,ഹരനെന്നിവ രുദ്രപര്യായങ്ങളായി രുദ്ര,ശിവനാമങ്ങളുണ്ടാവുന്നതിനുമുമ്പേ ഇവിടെ നിലനിന്നിരുന്നു. (അശ്വലായനഗൃഹ്യസൂത്രം 4,8,19, കഠസംഹിത 8.2,ഋ.സം 2.12, തൈ.സം .5.5.7) ശൂദ്രകന്റെ മൃച്ഛകടികത്തിൽ(3.13-15)പറയുന്നപോലെ സ്കന്ദകുമാരനും ശിവനും ദേവ ന്മാരുടെ മാത്രമല്ല,നായാട്ടുകാരായ കിരാതന്മാരുടെയും സ്നേഹിതനും സേനാപതിയുമാണ്. അസുരന്മാരുടെ സഹായിയുമാണ്,പുരാണങ്ങളിൽശിവനും ശിവപുത്രനും. ദേവാസുരന്മാരെ തമ്മിലിണക്കുന്ന ഒരു സുഹൃത്ത്. യുദ്ധമുണ്ടാവുമ്പോൾ ഏതു പക്ഷത്തിലും ചേരും. ഇണങ്ങാ ത്തവരുടെ വസ്തുക്കൾമാത്രമല്ല,ജീവനും ഹരിക്കും.കൾവരുടെ കാവലനെന്ന് തമിഴ്. (കള്ളന്മാ

രുടെ കാവൽക്കാരൻ).കൾവർകാവലന്ന് കൊല്ലാനും വെല്ലാനും ത്രാണിയുണ്ട്. തെക്കൻദ്രാവി ഡിയൻ(തുളു,തെലുഗു)ഭാഷകളിൽ കോളെന്നതിന് കരയുക,ഓലിയിടുക,രോദനം ചെയ്യുക എന്ന് രുദ്രപദത്തിന്റെ അർത്ഥം തന്നെയാണ്. (രുദ് എന്ന് സംസ്കൃതമൂലം).രുധിരനിറം,ദുഃഖം ജനിപ്പിക്കുന്ന വധിക്കുന്ന സ്വഭാവം. ഋഗ്വേദത്തിൽ(1,114,5- 2.33.5 -9) ആരുഷം,ബഭ്രു,ബബ്ലുഷ, താമ്ര,അരുണ,വിലോഹിത,എന്നീ നാമങ്ങളുണ്ട്.ആരുദ്ര(തിരുവാതിര)നക്ഷത്രത്തിൽ ജനിച്ച ശിവന് ആ നക്ഷത്രംപോലെ തീക്കട്ടനിറെ കൊടുക്കുന്നു. അഗ്നിയിൽ കാച്ചിയ സുവർണ്ണനിറം , സൂര്യവർണ്ണം എന്നും (ഋ.ശം 1,43,5)പറയുന്നു. ചുവന്ന വസ്ത്രം,ചുവന്ന രക്തം,ചുവപ്പും നീല യുമായ അഗ്നി,-സ്കന്ദനും(കന്തനെന്നു തമിഴ്)ചൊവ്വയുമായ കുമാരന് ഇങ്ങനെയാണ് രൂപം. ശിവനുമുണ്ട് ചോര ഇറ്റുവീഴുന്ന മൃഗചർമ്മം. കപാലമെന്നിവ. ചെവ്വേൽ,ചെയ്യോൻ, ചേയോൻ, ചൊവ്വായ്,ചെവ്വായ്-ശിവപുത്രന് ചുവപ്പുമായി തമിഴിലിങ്ങനെ ബന്ധം കൊടുക്കുന്നു. ചുവപ്പ് വികാരസൂചകമാണ്. പ്രത്യേകിച്ചും ശൃംഗാര,ക്രോധസൂചകം. ശിവപുത്രനണിയുന്നത് കടമ്പു വൃക്ഷത്തിന്റെ പൂമാലയാണ്. കടമ്പിൻപൂവിനുമുണ്ട്(*Nauclea cadamba*) ചുവപ്പ്. 3 ശാഖയു ള്ള വൃക്ഷവും കൊൾ എന്നു വായിക്കുന്ന നന്ദ്(ഞണ്ട്)ചിഹ്നവും അങ്ങനെ കദംബവനവാസി നിയായ കൊറ്റവൈ,അവളുടെ മകനും വിഷ്ണുവിന്റെ മരുമകനും,ശിവപുത്രനുമായ വേട്ടേക്കര നും കോൾനിലങ്ങളുടെ സമൃദ്ധിക്കും നാഗവംശത്തിന്റെ വംശവൃദ്ധിക്കും കാരണമായ, അധിപ തിയായ മൂഷകവംശമെന്ന (ചന്ദ്ര,യദുവംശം)രാജവംശത്തിന്റെ ശക്തനായ , കന്തബിരുദമു ള്ള യുവരാജാവിനുള്ളതാണ്. അവനാണ് കാപ്പുതമ്പുരാനായി കാടവത്തലപ്പള്ളിയിലെ അ യിനിക്കുറ്റിലെ നമ്പിതിമാരുടെ (ചേരാലയം,ചിറളയം,ചിറക്കല് അഥവാ ചേരിക്കൽ) ആദിമ ട്രൈബൽ വെളിയന് ആവിയുടെ വള്ളുവനാട്ടും വന്ദേരിയും പേരാറും പൊന് ആനിയും തിരു നാവായും കാത്തിരുന്ന വ്യക്തി. ഇതിന്റെ വടക്കേ അറ്റത്ത് കദംബവനവാസിനിയായി ,കദം ബപ്പൂങ്കൊഞ്ചൂടി മൂകാംബിക വസിക്കുന്നു. മൂവേന്തരുടേയും വില്ലവരുടേയും കാടവരായ (വന വാസികം)ആരണ്യകന്മാരുടേയും ചിഹ്നമായ ആൽമരവും (ഏതു വൃക്ഷവും ടോട്ടം മരമാകാം. സൈന്ധവരുടെ ഫിഗ് ട്രീ സൈനെന്നത് പൊതുവായി എല്ലാവർക്കും ഉള്ളതാണ്) ഞണ്ടു (നന്ദു)അഥവാ ക്രാബ് സൈനും അവയുടെ അല്ലോഗ്രാഫുകളും കാണുക.

Fig Tree & Crab signs Allographs and Ligature signs
PARPOLA (Page 235)



മുരുകൻ ചെവ്വായ് എന്ന ചുവന്ന യുദ്ധദൈവമാണ്.ഐതരേയബ്രാഹ്മണത്തിൽ (7,13) ഹരിശ്ചന്ദ്രൻ(സ്വർണ്ണനിറമുളള ചന്ദ്രൻ) 1000 ഭാര്യമാരിൽ(നക്ഷത്രങ്ങളിൽ) കുഞ്ഞുങ്ങളുണ്ടാവാതെ ,നാരദന്റെ ഉപദേശപ്രകാരം വരുണനെ സമീപിച്ചു.ഒരു പുത്രനുണ്ടായാൽ അവനെ വരുണന് നൽകാമെന്ന് പ്രാർത്ഥിച്ചു. രോഹിതൻ(ചുവന്നവൻ) ഉണ്ടായി. പതിനാറാം വയസ്സിൽ വില്ലാളിവീരനായ രോഹിതൻ ഈ യജ്ഞത്തിനു സമ്മതിക്കാതെ ,ധനുർദ്ധാരിയായി വനത്തിലേക്ക് ഓടിയൊളിച്ചു.അഥർവ്വവേദത്തിലെ മൂന്നാം പുസ്തകം രോഹിതനെ ചുവന്ന ഉദയസൂര്യനെന്നാണ് പറയുന്നത്. (അ.സം. 13.1.4).രോഹിതന് കൊടുമുടിയിലേറിക്കഴിഞ്ഞു, (ഉച്ചം) യുദ്ധത്തിന്റെ ദേവനാണ് അവൻ. ധനം,കന്നുകാലികൾ,ശ്രീ എന്നിവയെ ജയിക്കുന്നവനും കവരുന്നവനുമാണ്(അ.സം. 13.1.37).അച്ഛനോട്ടു പിണങ്ങി, ബ്രഹ്മാവിനെ കളിയാക്കി പഴനി മലയിലെ ശൃംഗത്തിലേറിയ കഥ ഈ വേദകഥയിൽനിന്നുണ്ടായതാണ്.

അജമുഖം.



മുകളിലുള്ളത് വളരെ പഴയ ഒരു റോക്ക് (ശിലാ)ചിത്രമാണ്. പാറപ്പുറത്ത് ചരിത്രാതീത കാലത്ത് ആദിവാസികളായ ഗിരി,വനവാസികളാരോ രേഖപ്പെടുത്തിയത്. ഈ ശിലാചിത്രം കേരളത്തിലെ ക്ഷേത്രങ്ങളുടെ ചരിത്രമന്വേഷിച്ചുനടക്കവേയാണ് കണ്ടെത്തിയത്. ഈ പാറയ്ക്ക് പാറൊലി മഹാവിഷ്ണുക്ഷേത്രത്തിന്റെ മുകളിലാണ് സ്ഥാനം.ഇവിടെ പഞ്ചപാണ്ഡവതീർത്ഥമെന്ന പേരില് 5 കുളങ്ങളും പാഞ്ചാലിയുടെ തീണ്ടാരിസമയത്ത് കുളിച്ചിരുന്നതെന്ന പേരിൽ വലിയ ഒരു ഗർത്തവും കാണാനുണ്ട്. അതിന്റെ വക്കത്ത് ഭീമന്റെ പാദമെന്ന് വിളിക്കുന്ന അതിപ്രാചീനമായ കപ്പ് മാർക്കിങ്ങുകളും, പാഞ്ചാലി വാകയും താളിയും വെച്ചിരുന്നതെന്നു കരുതുന്ന ചെറിയ കപ്പ് മാർക്കിങ്ങുകളും കാണുന്നു.ഈ ശിലാചിത്രത്തെ നാട്ടുകാരിയായ ഒരു സ്ത്രീ ഇത് പാഞ്ചാലി തീണ്ടാരിയായിരിക്കുമ്പോൾ പിടിച്ചിരുന്ന വാൽക്കണ്ണാടി ശിലയിലുറച്ചതെന്നു പറഞ്ഞാണ് എനിക്കു കാണിച്ചുതന്നത്. ക്യാമറ സൂം ചെയ്തപ്പോളാണ് ആടിന്റെ മുഖമുള്ള (അജമുഖം) അക്ഷയപാത്രവും അതിൽ കൃഷ്ണന്റെ (കറുത്ത മനുഷ്യരൂപം) സൂര്യനമസ്കാരചിത്രവുമാണെന്ന് മനസ്സിലായത്. പിന്നിലായി ഒരു പലകയും,കയ്യിൽ വെളുത്ത വസ്തുവും (രത്നം)കാണുന്നു. ശിരസ്സിലെ ശിരോലങ്കാരത്തിന് നീണ്ട മുടിപോലെ ഒരു വാലുണ്ട്. കൂടാതെ പലകഭാഗത്തേക്ക് ചെറിയ ഒരു വാലും കാണാം .(ഇതിന്റെ പ്രസക്തി മോഹഞ്ജോദാരോ ചിത്രം നോക്കി കാണുക.) ഇതായിരിക്കണം കൃഷ്ണന്റേതായി നമുക്ക് കിട്ടിയിട്ടുള്ള ആദ്യത്തെ ശിലാചിത്രമെന്നു തോന്നുന്നു.ബ്രഹ്മപുരുഷനും പാഞ്ചാലിയുടെ കൺകണ്ട ദൈവവുമായ കൃഷ്ണ നെ സ്വയം വരച്ചതാവാം ആ ഭക്ത.

ഋഷഭവും അജവും (ആടിന്റെ താടി,ഋഷഭത്തിന്റെ കൊമ്പ്) ചെറിയവാലുമുള്ള പുരുഷരൂപത്തിന്റെ മോഹഞ്ജോദാരോ കാലത്തെ ചിത്രത്തെ കുറിച്ച് നേരത്തെ പറഞ്ഞു.ഹരപ്പ, മോഹഞ്ജോദാരോ കാലവും കൃഷ്ണ,യുധിഷ്ഠിരകാലവും കലിയുഗഗണനയും വെച്ചാണ് ഈ പുരുഷരൂപം കൃഷ്ണന്റേതാവണമെന്ന് കരുതുന്നത്. അഗ്നിക്ക് മേഷ(അജ)രൂപമാണ്. അഗ്നിവാഹനവും മേഷമാണ്. (മത്സ്യ,സ്കന്ദപുരാണങ്ങൾ 260.11, 1.2.16.50.)മഹാഭാരതത്തിലെ സ്കന്ദന് (കന്തന്)6 അജമുഖമുണ്ട്. (മ.ഭാ. 3.217.12). സ്കന്ദപുത്രനായ വിശാഖന് അജമുഖമാണ്. സ്കന്ദന്റെ വലത്തുവശത്ത് ഇന്ദ്രവജ്രം തട്ടിയ പാടിൽനിന്ന് മുളച്ചുണ്ടായ ശാഖയാണ് വിശാഖന്റേത്. തന്ത്രാഖ്യായിക (1,44)ചോദിക്കുന്നു: വിഷ്ണുവിനെ വരാഹമായും സ്കന്ദനെ അജമായും ശുചികളെല്ലാം ആരാധിക്കുന്നില്ലേ. ഉദയസൂര്യനെ അജ ഏകപദ് എല്ല വിളിക്കുന്നു. മഹാഭാരതവും അജമുഖനായ സ്കന്ദനെ ഉദയസൂര്യനോട് ഉപമിക്കുന്നു. സൂര്യരശ്മികളെക്കൊണ്ട് അവൻ പിടിച്ചുകെട്ടി,സ്വന്തമാക്കി എടുക്കുന്നു. നവഗ്രഹങ്ങൾ ഇപ്രകാരം പ്രതിഫലിച്ച സൂര്യരശ്മികള് തന്നെയാണ്. ചുവന്ന ചൊവ്വ, പച്ചച്ച ഭൂമിയുടെ പുത്രനാണ്. കറുത്ത ശനി സ്വർണ്ണവർണ്ണമുള്ള സൂര്യന്റെ പുത്രനാണ്. പച്ച ബുധൻ മഞ്ഞച്ച വ്യാഴത്തിനും വെളുത്ത ചന്ദ്രനും പുത്രനാണ്. ഏഴുഗ്രഹങ്ങളും ഇപ്രകാരം പിതൃപുത്രബന്ധമു ള്ളവരാണ്. രാഹുകേതുക്കളാകട്ടെ ,ഭൂഛായയും , ഭൂകാന്തനായ സൂര്യനുയർത്തുന്ന ധൂമ ക്കൊടിയുമാണ്. ഈ സൂര്യനവഗ്രഹ ക്ഷേത്രത്തി ൽ, ചൊവ്വക്ക് സ്ഥാനം അജം(മേഷം) രാ ശിയിലും വൃശ്ചികരാശിയിലുമാണ്. മേഷമാകട്ടെ ലങ്കാ സ്ഥാനമാണ്, ഭൂമദ്ധ്യരേഖാസ്ഥാനമാണ് ഭാരതീയജ്യോതിഷശാസ്ത്രപ്രകാരം. ഭൂമദ്ധ്യരേഖ തൊട്ട് 10 ഡിഗ്രിവരെയുള്ള ഭാഗമാണ് ലങ്കയും തമിഴകവുമുള്ള ഭാഗം. അശ്വതി,ഭരണി, കാർത്തികക്കാലും മേഷത്തിലും, കാ ർത്തിക മുക്കാലും രോഹിണി,മൃഗശിര പകുതിയും ഋഷഭത്തിലുമാണ്.ഋഷഭക്കൊമ്പും അജമുഖ വുമുള്ള പുരുഷരൂപം ഭൂമദ്ധ്യരേഖാഭാഗത്തെ മനുഷ്യരുടെ പ്രതിനിധിയാണ്. വൃശ്ചികത്തിലെ വിശാഖം കാലും,അനുരാധവും ജ്യേഷ്ഠയും ഭൂമദ്ധ്യം തൊട്ട് 10 ഡിഗ്രി താഴെ ദക്ഷിണസമുദ്രം-പാലാഴിയിലെ അനന്ത,വിഷ്ണു,ലക്ഷ്മി(ശ്രീമൂല)സ്ഥാനവുമാണ്.അമ്മാമനായ വിഷ്ണുവിന്റെ കുട്ടിക്കാലം മുരുകനാണ്,മുരുകന്റെ മുതിർന്നകാലം വിഷ്ണുവുമാണ്.അമ്മാമന്റെ സ്ഥാനം മരുമകനാണ് മരുമക്കത്തായികളായ ദക്ഷിണേന്ത്യയിലെ കോളിയരെന്ന നാഗഗണങ്ങൾക്ക്. അതായത് മുരുകനും വിഷ്ണുവും ഒന്നാണ്.

സ്കന്ദനെ സുശ്രുതസംഹിത കുട്ടികൾക്കുള്ള 9 രോഗങ്ങളോടു ബന്ധിപ്പിക്കുന്നു. മഹാദേവനും കൃത്തികയും ഉമയും ചേർന്ന് ഗുഹനെ സംരക്ഷിക്കാനായി സൃഷ്ടിച്ചതാണ് അവരെ. നൈഗമേയഗ്രഹത്തിനും അജമുഖമാണ്. പാർവ്വതി ഗുഹനെ രക്ഷിക്കാനായി അവന്റെ സുഹൃത്തായി സൃഷ്ടിച്ചവനാമ് നൈഗമേശൻ. സ്കന്ധായസ്മാരന് അഗനി ഉണ്ടാക്കിയവനും അഗ്നിതുല്യനും സ്കന്ധന്റെ സന്തതസഹചാരിയുമാണ്. അതിന്റെ മറ്റൊരു പേരാമ് വിശാഖനെന്നത്. ത്രിപുരാന്തകനായ ശിവനാണ് കുമാരസ്കന്ധനെ സൃഷ്ടിച്ചത് (തർജ്ജമ, കുന്ദലാൽ ഭിഷക് രത്ന .1963. 3.161).മഥുരജൈനകലയിൽ എഡി 100 വരെ ഭഗ വാ നെമേശോ എന്ന പേരിൽ

ഈ നൈഗമേശനെ കാണുന്നുണ്ട്. (നിഗമം, നൈമിശാരണ്യം ഇവയുടെ ഉച്ചാരണസാമ്യം കാണുക).നൈഗമേശനായ മേഷാനനമുള്ള (അജമുഖം) പാഷണ്ഡച്ചാത്തനായിട്ടാണ് ചില പ്പതികാരത്തിലുള്ളത്. കുട്ടിയെ (സന്താനം)കൊടുക്കുന്ന നൈജമേശമന്ത്രം(ഖില .30.1 ഋഗ്വേ ദം)ഭർത്താവ് ഭാര്യയോടുകൂടി സഹശയനം ചെയ്യുമ്പോളാണ് ജപിക്കുന്നത്.

ഓ,നൈജമേശാ, സുന്ദരനായ പുത്രനേയും കൊണ്ട് ഇവിടേക്ക് പറന്നുവരിക. പുത്രകാമിയായ എനിക്ക് പുത്രബീജം തരിക . ഋഗ്വിധാനത്തിൽ സ്ത്രീയും ഈ മന്ത്രം ജപിക്കുന്നുണ്ട് (4,23,2-3). പ്രസവസമയത്തും ഇതു ജപിക്കും. ബൌധായനഗൃഹ്യസൂത്രം (2,1,18)പ്രസവശേഷം അശ്വത്ഥ പർണ്ണേഷു (ആലിലയിൽ)ശയിക്കുന്ന അഘോരനൈജമേശന് (കൃഷ്ണ) കാലിത്തൊ ഴുത്തിൽ വെച്ച് പഴിപാടുകളർപ്പിക്കുന്നു.അതുകൊണ്ട് ഈ രൂപം ആലിലകൃഷ്ണന്റേതും, പുലയരുടെ കാലിച്ചാനെന്ന ദൈവത്തിന്റേതുമാണ്.ഘോരനൈജമേയൻ സ്കന്ധനും അഘോര നൈജ മേയ ൻ ശ്രീകൃഷ്ണനുമാണ്. ശ്വേതാംബരകൽപ്പസൂത്രം ഹരിനേഗമേശനാണ് മഹാവീരനെ ഒരമ്മയുടെ ഗർഭപാത്രത്തിൽനിന്ന് മറ്റൊരമ്മയുടേതിലേക്ക് മാറ്റിയത് എന്നു പറയുന്നു. നേമി നാഥചരിതത്തിൽ ഈ ഹരിനൈഗമേശനാണ് പ്രധാനഭാഗം വഹിക്കുന്നത് .നൈഗമേശ വാഹനം മയിലാണ്,ജൈനർക്ക്. (മുരുകനെന്നപോലെ). പ്രജാപതി, ആലിലയിലെ കൃഷ്ണരൂ പം, സ്കന്ദനെന്നിവരെല്ലാം അങ്ങനെ ഒന്നിന്റെ തന്നെ വ്യത്യസ്തരൂപമായി കാണുന്നു. ശതപഥ ബ്രാഹ്മണം (2,4,4. ,1,2) വേദത്തിലെ പ്രജാപതിയെ ദക്ഷനെന്നു (തച്ച,വിശ്വകർമ്മാ, വാസ്തുപു രുഷ) വിളിക്കുന്നു. പ്രജാകാമിയായി ദാക്ഷായന(ദക്ഷിണായന)യജ്ഞം (ദക്ഷിണാപഥം) ആ ദ്യം ചെയ്തത് ദക്ഷനാണ്. ദക്ഷിണാപഥത്തിലെ പടിഞ്ഞാറെ സമുദ്രതീരത്ത്, (കുരവൈയൂര്) ദക്ഷന് പ്രചേതസ്സുകളെന്ന മക്കളെ കിട്ടി. ദക്ഷന് ശിവൻ ശിരച്ഛേദം ചെയ്തശേഷം പകരം ആടിന്റെ (മേഷ)തല വെച്ചു കൊടുത്ത കഥ പ്രസിദ്ധമാണ്. ദക്ഷപ്രജാപതി, ബ്രഹ്മപുരുഷനെ ന്നിവരെല്ലാം അജരാണ്.

വടവൃക്ഷം 6 എന്ന സംഖ്യ(ഷഡ്ജംപാടുന്ന കേകി),നിത്യകൈശോരവേഷം,ഘോരവും അ ഘോരവുമായ രണ്ടുഭാവം, കാർത്തിക,വിശാഖം,രാശി(മാസ)ങ്ങളും നക്ഷത്രങ്ങളും ആയി അടുത്ത ബന്ധം, അജമുഖം,ചലാക്ഷിഭ്രൂ(ചലിക്കുന്ന കണ്ണും പുരികവും-നാട്യചലനം), വാഗ്ദേവി, അനുരാധ എന്ന രാധാദേവിയായ പത്മാവതി,ജ്യേഷ്ഠദേവനായ ബലരാമന്റെ കൃഷിയായുധം, ഭ്രൂണത്തെ ഗർഭപാത്രത്തിൽനിന്നു മാറ്റലും ഗർഭരക്ഷയും –ത്രിമൂർത്തിസങ്കൽപ്പത്തെ ഒന്നായി ണക്കുന്ന ഈ ബാലരൂപമാണ് സൈന്ധവലിപി ഇവിടെ സംവദിക്കുന്നത്. പിന്നീട് ഇന്ത്യയി ലുണ്ടായ എല്ലാ ശാസ്ത്രഗ്രന്ഥങ്ങളും ഈ ലിപിയെ പലവിധത്തിൽ ,പല ഭാവങ്ങളിൽ, കലാരൂ പങ്ങളിൽ വായിക്കുന്നവ തന്നെയാണ്. ധനുസ്സും ശരവും യോദ്ധാവിനു മാത്രമല്ല, കാമദേവ നുമുണ്ടെന്ന് ഓർക്കണം. കാമശരം വേദനാജനകമാണ്.(അ.സം .3,25)പുരുഷൻ ധനുസ്സു പോലെ ഞാണുമുറുക്കി, (അ.സം.4,4,6-7)അമ്പെയ്യുന്നു. ശരം ആവനാഴിയിലെന്ന പോലെ

(ബീജം ഗർഭപാത്രത്തില്)ഒരു പ്രത്യേകപ്രജാലക്ഷ്യത്തിലേക്ക് കുതിക്കുന്നു. (അ.സം 3,23,2). അപ്പോൾ കോൾ,കൊൾ,കൊൽ എന്നത് ഫലം വഹിക്കുന്ന ഒരു കൊൾകൈയാവുന്നു. അകനാനൂറിൽ കോളിന് ആ അർത്ഥമുണ്ട് (2,1. 162,19, 1335,14. 386,10. 399,14.). ഔഷധയാ ഫലം ഗൃഹ്ണന്തി എന്ന സംസ്കൃതത്തിലെ അർത്ഥം തന്നെ. ഇപ്രകാരം ധനധാന്യ,സസ്യ,രത്നഗർഭയായ ഭൂമി (വൈയ്യകം) സമുദ്രം തന്ന പൈങ്കെഴുംവൈപ്പിർക്കുടി യാണ്, വൈയ്യം കായലും കോൾനിലങ്ങളും ഉള്ള സമുദ്രതീരഭൂമി. (വന്ദേരിനാട്)കോലാദ്രി (ഗോളാദ്രി) കോലാടിന്റെ അജമുഖമുള്ള ,നീലക്കുറിയാട്ടും നീലക്കുറിഞ്ഞിയുമുള്ള,കോളുള്ള സമുദ്രതീരത്തെ കേരളത്തിലെ മലവാരത്തെ, കോൾകൃഷിക്കാരുടെ സസ്യസമൃദ്ധയായ വസുന്ധരയാണ്. ധനുസ്സുപോലെ വളഞ്ഞ് (പുനർവസു)കിടക്കുന്ന ഈ ഭൂഭാഗം.

അശ്വത്ഥം (പുരുഷനെന്ന ആൽ),ശമീ (സ്ത്രീ)ഈ മരങ്ങളുടെ രണ്ടു കഷ്ണം,അല്ലെങ്കിൽ ശമിമേൽ വളർന്ന അശ്വത്ഥത്തിന്റെ രണ്ടു കഷ്ണം ഉരച്ച് അഗ്നി ഉണ്ടാക്കുന്ന യജ്ഞവിധി ആദിമമനു ഷ്യന്റെ അഗ്നി കണ്ടെത്തിയ പ്രക്രിയയെ അനുകരിക്കുന്നതാണ്. ഈ പ്രക്രിയ കൂടാതെ ഒരു വൈദികയാഗവുമില്ല.ഇതിനെ പുത്രജനനമായിത്തന്നെയാണ് വേദോപനിഷത്തുകളിലെ മെറ്റഫറിൽ നാം കാണുക. സ്ത്രീപുരുഷന്മാർ അരണിയിലെന്നപോലെ അവ്യക്തമായി മറ ഞ്ഞിരിക്കുന്ന ബീജത്തെ (അഗ്നിയെ) പ്രകാശിപ്പിക്കുന്ന മന്മഥകലായുദ്ധമാണ് പ്രജനനകല. കാമശാസ്ത്രം ശിവൻ പാർവ്വതിക്ക് ഉപദേശിച്ചത് മറഞ്ഞുനിന്ന് കേട്ട നന്ദി(ഋഷഭ) യാണ് ആദ്യകാമശാസ്ത്രകാരൻ. എച്ച് 182ൽ മൃദംഗമടിക്കുന്ന രൂപം ഈ നന്ദിയാണ്. പുലിക്കൊടിയുള്ള ചോളന്റെ ഋഷഭവും സുബ്രഹ്മണ്യന്റെ പവിത്രക്കെട്ടിലെ സന്തതിചിഹ്നമായ ഇരട്ടനാഗവും പുനർവസുവും അഞ്ചു സ്വസ്തികവും (പഞ്ചജനം)അതിലുണ്ട്.

- **ശക്തി (ദേവി) ആരാധനം:-**

കോളി എന്നത് ഉച്ചാരണഭേദം കൊണ്ട് കോഴിയുമാണ്.മുരുകന് കോഴിക്കൊടിയുണ്ട്.കോഴി കൊറ്റവൈയുടെ പര്യായമാണ്.വടവൃക്ഷത്തിനും കോലി എന്ന് പേരുണ്ട്.ദേവിക്ക് കോലം വരയുന്നത് ദ്രാവിഡരുടെ പ്രധാനസമ്പ്രദായങ്ങളിലൊന്നാമ്.പഞ്ചജനങ്ങളെ അഞ്ച് കോലം (മണ്ഡലം)ആയി സ്വസ്തികം വരച്ചിരിക്കുന്നു എച്ച് 182ൽ. ഹരപ്പൻ പോട്ടറി(മൺപാത്രം) യി ൽ ആലിലയുടെ ചിത്രങ്ങൾധാരാളം കാണാം കയ്യിലും തലയിലും മൂന്ന് ആലില ധരിച്ച സാവിത്രി വടവൃക്ഷദേവതയാണ്.പാതിവ്രത്യം (കർപ്പ്)സാവിത്രിയുടെ സ്വഭാവമാണ്. ഋഗ്വേദത്തിലെ സാവിത്രി സോമന്റെ വധുവാണ്.(ഋ.സം.10.85, 14.4).സിന്ധുതാഴ്വരയിലെ മൂലസ്ഥാനത്ത് സാവിത്രിയുടെ ക്ഷേത്രം ഉണ്ടായിരുന്നു.(ഹരപ്പസംസ്കാരത്തിന്റെ കേന്ദ്രസ്ഥാനം) സ്കന്ധപുരാണവും ഇതിനെ പരാമർശിച്ചിട്ടുണ്ട്(7,4,14. 14-18)18 വർഷം ഉപവസിച്ച് യജ്ഞം ചെയ്തപ്പോൾലക്ഷം പ്രാവശ്യത്തെ സാവിത്രീമന്ത്രത്താൽ സാവിത്രീദേവി അശ്വപതിരാജാവിന്റെ മകളായി പുനർജനിച്ചു.സത്യവാനെ വിവാഹം കഴിച്ചു .ഒരുവർഷത്തി

നുശേഷം അശ്വത്ഥവൃക്ഷച്ചോട്ടിൽവെച്ച് സത്യവാനെ യമധർമ്മരാജാവ് കയറിട്ടു വലിച്ചു.സാവിത്രിയുടെ പാതിവ്രത്യം യമനെ തോൽപ്പിച്ച് സത്യവാനെ പുനരുജ്ജീവിപ്പിച്ചു. വടസാവിത്രീവ്രതം ഇന്നും ഇന്ത്യയിൽ മംഗല്യത്തിനും പുത്രലബ്ധിക്കും അനുഷ്ഠിക്കുന്നു. ശുക്ലജ്യേഷ്ഠമാസത്തിൽ ത്രയോദശിമുതലുള്ള മൂന്നു ദിവസം ഉപവാസം (*Vernal Equinox*ൽ അമാവാസി വരുന്ന ദിനം .സൂര്യചന്ദ്രന്മാർ പുതിയ ജനനം)ചെയ്ത് സ്ത്രീകൾ വടവൃക്ഷം നനക്കും.അതിനെ ആലിംഗനം ചെയ്യും,അതിനു ചുറ്റും നൂൽകെട്ടും.ഇത് വിവാഹസൂചകമാണ്.അരുന്ധതിയെ നോക്കി പ്രാർത്ഥിക്കും.ചുവന്ന വസ്ത്രമണിഞ്ഞ സാവിത്രിയും വെളുത്ത വസ്ത്രമണിഞ്ഞ ഭർത്താവ് ബ്രഹ്മാവും ,സത്യവാനും സാവിത്രിയും യമനും-ഇവരുടെ പ്രതിമകളെ വൃക്ഷച്ചോട്ടിൽ വെച്ച് ആരാധിക്കും.സ്കന്ദ,ഭവിഷ്യ,അഗ്നി, ബ്രഹ്മവൈവർത്ത, പത്മപുരാണങ്ങളിലെല്ലാം ഇതിനെ പറഞ്ഞിട്ടുണ്ട്.ഹേമാദ്രിയുടെ ചതുർവർഗ്ഗചിന്താമണി വ്രതകാണ്ഡത്തിലുമുണ്ട്.ഈ സമ്പ്രദായം സൈന്ധവഹരപ്പന്സരസ്വതികാലത്തേ ഉണ്ടായിരുന്നതിന്റെ തുടർച്ചയാണ്.വടം അഥവാ വട(വൃത്തം,വലയം,രജ്ജു,കയറ്,വൃത്താകൃതിയുള്ള മുറുക്ക് മുതലായ പലഹാരങ്ങൾ,വടക്കോട്ടുമാത്രം തിരിയുന്ന അയസ്കാന്തസൂചി,വടക്കുദിക്കിലെ വടമീനെന്ന പതിവ്രതയായ അരുന്ധതിഎന്ന ബൈനറിതാരം)മെന്ന പ്രോട്ടോദ്രാവിഡിയൻപദത്തോടു ബന്ധപ്പെട്ടതും ,തെക്കും വടക്കുമുള്ള ഭാരതീയർ ഒരുപോലെ ആചരിക്കുന്നതുമായ വടവൃക്ഷവുമായി ബന്ധപ്പെട്ട ദേവീ ആരാധന (ശക്തിആരാധന) വേദപ്രോക്തമാണ്.ഇത് ഹരപ്പകാലത്തെ സീലുകളിലും മറ്റും കാണുന്നതുതന്നെ ഇതിന്റെ ഉറവിടം മറ്റൊരു ഭൂഭാഗവുമല്ല,ഇന്ത്യ തന്നെയാണെന്നതിന് തെളിവാണ്.ആര്യദ്രാവിഡരെന്ന കെട്ടുകഥയും ഭേദഭാവനയും ഇല്ലായ്മ ചെയ്യുന്നതുമാണ്.ഇവിടെത്തന്നെയുള്ള ജനതയുടെ ധർമ്മമാണ് സംസ്കാരം.ഇവിടെയുള്ളവരെയാണ് ആര്യന്മാരെന്ന് വിളിച്ചിരുന്നത്. വടമീനിനെ കർപ്പമായി ബന്ധിക്കുന്ന ദ്രാവിഡഭാഷ ഇന്ത്യയുടെ മുഴുവനും ഭാഷയായിരുന്നു. അതിൽനിന്ന് എല്ലാവർക്കും പ്രാദേശികഉച്ചാരണഭേദം വരാതെ ഗ്രഹിക്കാവുന്ന വിധം സംസ്കൃതത്തെ വിദ്യാഭ്യാസഭാഷയായി രൂപീകരിച്ചെടുത്തതാണെന്നുമുള്ള കാര്യം വ്യക്തമാണ്.ഇങ്ങനെ സംസ്കരിച്ചെടുത്ത ഭാഷക്ക് ഉണ്ടാക്കിയ ആദിമലിപിയാണ് സൈന്ധവസരസ്വതിലിപി. ഇതിന് പഴയ പേരാണ് ബ്രാഹ്മി എന്ന പര്യായപദം (സരസ്വതിയാണ് ബ്രാഹ്മി). സപ്തർഷിയുടെ വാൽഭാഗത്തെ കേന്ദ്രതാരമാണ് ഉർസ മയോറിസ് എന്ന വസിഷ്ഠതാരം.തൊട്ടടുത്ത് കാണുന്ന സൂക്ഷ്മതാരമാണ് ബൈനറിയായ അരുന്ധതി.അഥവാ ആൽക്കോറെന്നത്.ഈ വടമീനിനെ നോക്കി ദിശയറിഞ്ഞ കൈവർത്തരാണ് അവളെ വടസാവിത്രിയായി ആരാധിക്കാനാരംഭിച്ചത്.



ബിസി 5000 മുതല് എഡി 2000 വരെ ഉത്തരധ്രുവതാരങ്ങളുടെ സ്ഥാനമാറ്റം (പർപ്പോള പേജ് 243).അർദ്ധവൃത്തം പതുക്കെ മാറുന്ന ധ്രുവസ്ഥാനത്തെ കാണിക്കുന്നു. ഈ സ്ഥാന മാറ്റം ആദ്യം നിരീക്ഷിച്ച ജ്യോതിശ്ശാസ്ത്രജ്ഞരും സമുദ്രസഞ്ചാരികളും അതിന്റെ ജ്ഞാനം സാധാരണക്കാരിലേക്ക് പകർന്നത് വളരെ കാലം കഴിഞ്ഞാവണം. വൈദിക വിവാഹ ച്ചടങ്ങിലും ,സംഘകാലത്തെ ചിലപ്പതികാരത്തിലും അരുന്ധതിയെ നോക്കുന്ന, ചൂണ്ടിക്കാട്ടുന്ന ചടങ്ങ് വിവരിക്കുന്നു. അതുകൊണ്ട് വസിഷ്ഠതാരത്തിന്റെ ബൈനറിയായ അരുന്ധതിയെ ക്കുറിച്ച അറിവ് ഭാരതത്തിലെ ജനതക്ക് പളരെ മുമ്പേ ഉണ്ടായിരുന്നു എന്ന് അനുമാനിക്ക ണം.ശുനകതാരത്തിന്റെ ബൈനറിനോക്കി മഴ പ്രവചിക്കുന്നതും പാടുന്നതും ഉപനിഷത്തില്യ ണ്ട്. (സുധാസിന്ധു ഉപനിഷദ് വ്യാഖ്യാനം കാണുക.ഡി സി ബുക്സ്)ആദ്യം ജ്വലിക്കുന്ന ധ്രുവ താരം നോക്കി,പിന്നെ അവ്യക്തമായ അരുന്ധതിയെന്ന ബൈനറിയിലേക്ക് വസിഷ്ഠതാര ത്തെ കണ്ടശേഷമാണ് കണ്ണു ചെല്ലേണ്ടത്.അങ്ങനെയാണതിനെ നോക്കിക്കാണുന്ന വിധം. ഈ അരുന്ധതീദർശനന്യായം ശങ്കരഭാഷ്യവും പറയുന്നുണ്ട്. കേരളത്തിലെ അളവൈവാദി കളായ നൈയായികരെല്ലാം ഇക്കാര്യത്തിൽ അതിവിദഗ്ധരായിരുന്നു.

ബിസി 2780ൽആൽഫാ ഡ്രാക്കോണിസ് അഥവാ ത്സുബനെന്ന താരം 3.6 ഡിഗ്രിമാത്രം ധ്രുവത്തിൽനിന്നകലെയായിരുന്നു. പോളാറിസ് എന്ന ധ്രുവതാരത്തിൽനിന്ന് അകലെ പോകാത്ത നക്ഷത്രമാണത്. 3000 ബിസിയില് ,ഹരപ്പൻസംസ്കാരകാലത്തുതന്നെ ഭാരതീയര് ഈ നക്ഷത്രനിരീക്ഷണശാസ്ത്രത്തിൽ വൈദഗ്ദ്ധ്യമുള്ളവരായിരുന്നു. ബിസി 3000ത്തിനു മുമ്പ് രോഹിണിയായിരുന്ന ധ്രുവതാരത്തിന്റെ പ്രിയപത്നി. അതിനുശേഷമാണ് കാർത്തിക ആയത്. ഇക്കാലത്ത് കാർത്തികമാരെ സപ്തർഷിമാരുടെ പത്നിമാരായ സപ്തമാതൃകകളായിട്ടാണ് കരുതിയിരുന്നത്. മഹാഭാരതത്തിൽ (1. 188,14)ദ്രുപദരാജാവ് യുധിഷ്ഠിരനോട് ചോദിക്കുന്നു: ഒരു സ്ത്രീ പല പുരുഷന്മാർക്ക് ഭാര്യയായിരുന്നിട്ടും ധർമ്മം (പാതിവ്രത്യം)പിഴയ്ക്കാതിരിക്കുന്നതെങ്ങനെ.

യുധ്ഷ്ഠിരന്റെ ഉത്തരം ഇതാണ്: ഗൌതമി ജടില എന്ന പേരില് സപ്തര്ഷിമാരുടെ പത്നിയായിരുന്നതു പോലെ.

ജടാധാരിണിയായി ഋഷികയായിരുന്ന ഗൌതമി (ജടില)യെപ്പോലെ അരുന്ധതിയും ഋഷികയാണ്,വസിഷ്ഠനുമാത്രം ഭാര്യയുമാണ്. ജടധരിച്ച ഋഷികയെപ്പോലെ അനേകം വേടുകളിറങ്ങിയ(വിഴുത്)വടവൃക്ഷം വടസാവിത്രിയാണ്. ഹേമചന്ദ്രന്റെ ത്രിഷഷ്ഠിശലാകാപുരുഷചരിതത്തിലും(1.5.559, 1.6.405, 1.3.128)കാളിദാസന്റെ രഘുവംശത്തിലും(1.3.71)ജടിലപദത്തെ ജടധരിച്ചവളോടും വടവൃക്ഷത്തോടും പ്ലക്ഷവൃക്ഷത്തോടും സാദൃശ്യം പറയുന്നുണ്ട്. മഹാഭാരതത്തിൽ(3,84. 80, 19)ജടിലയെ അരുന്ധതീവടവൃക്ഷമെന്ന തീർത്ഥയാത്രാസ്ഥലമായും പറയുന്നു. അക്ഷവടത്തെ അലഹബാദിലും ബോധഗയ മുതൽ എല്ലാ സ്ഥലങ്ങളിലും പൂജിക്കുന്നു. രാമായണത്തിലെ കൽപ്പവൃക്ഷാരാധനയായി (ഭരതന്റെ കേകയയാത്ര നോക്കുക)വൃക്ഷാരാധന കാണാം. വടവൃക്ഷത്തിനകത്ത് ദേവത,ഇരുവശം രണ്ടു നക്ഷത്രം (ഹരപ്പ എച്ച് 179)ഉള്ള ടെറക്കോട്ട ടാബ്ലറ്റ് കാണുക. നക്ഷത്രങ്ങൾ വടവൃക്ഷത്തിനു താഴെ പകുതി വളഞ്ഞ ലൂപ്പപോലെയുള്ള ഡിസൈനിനകത്താണ്. നക്ഷത്രം 8 മുനയുള്ളതാണ്. (അഷ്ടദലപത്മം) അഷ്ടലക്ഷ്മി, അഷ്ടവാഗ്ദേവി, അഷ്ടകം(ഒക്ടേവ്)ഇവയെ കാണിക്കുന്നു. അരുന്ധതിക്ക് അഷ്ടമിരോഹിണിയുമായുള്ള ഐക്യവും ഇവിടെ ചിഹ്നങ്ങളിലൂടെ കാണാം.



പതിറ്റുപ്പത്ത് വടമീനിന് ചെമ്മീനെന്നും പറയുന്നു. (ചുവന്ന താരം വഴയ നക്ഷത്രമാണ്) ഇത് രോഹിണി 9ആൽഡിബാരൺ)എന്ന പതിവ്രതയെയാണ് എന്ന് പർപ്പോള മനസ്സിലാക്കിയിട്ടുണ്ട്. (പേജ് 244)രാമായണം (3.59.16)കരിന്തിരി കത്തിയ ഗന്ധമറിയാത്തവരും സുഹൃത്തിന്റെ വാക്കു കേൾക്കാത്തവരും അരുന്ധതിയെ കാണാത്തവരും മരണമടുത്തവരാണെന്നു പറയുന്നു. അതായത് എല്ലാവർക്കും കാണാവുന്ന രോഹിണിയാണ് ,അതിസൂക്ഷ്മമായ അരുന്ധതിനക്ഷത്രമായിരുന്നില്ല രാമായണകാലത്തെ അരുന്ധതിയെന്ന വടമീന്(ചെമ്മീൻ). അക്കാലത്ത് കർപ്പൂക്കരശിമാര് ധാരാളമായിരുന്നു. സ്കന്ധപുരാണം അരുന്ധതിയുടെ ശോഭയെക്കുറിച്ചു പറയുന്നതും അതുകൊണ്ടാണ്.ഒരു ക്ഷാമകാലത്ത് സപ്തർഷിമാര് ചണ്ഡാലനിൽനിന്നു ഭക്ഷണം സ്വീകരിച്ചു. അവരിൽ പ്രമുഖനും ജ്യേഷ്ഠനുമായ വസിഷ്ഠന് ,അയിനിക്കുറു സമ്പ്രദായപ്രകാരം ചണ്ഡാലപുത്രിയായ അക്ഷമാലയെ വിവാഹം കഴിച്ചു. (അക്ഷം ചൂത് എന്നും കേന്ദ്രം,ആധാരം,എന്നും. അക്ഷമാല സരസ്വതിയുടെ കയ്യിലെ ജപമാല).തപസ്സ് കൊണ്ട് അവൾക്ക് പ്രകാശംകിട്ടി,സൂര്യശോഭയായി. അർക്കബിംബം അരുന്ധതാ. അങ്ങനെ അവൾക്ക് അരുന്ധതിയെന്ന നാമം കിട്ടി.

ഋ.സം.(10.135.1)വൃക്ഷേ സുപലാശേ –യമൻ ദേവകളോടൊത്ത് സോമം കുടിക്കുന്ന സ്ഥാനം. രാമായമം (3.35-6)സുപർണ്ണകൃതലക്ഷണം ന്യഗ്രോധം. ഋഗ്വേദം (1.24.7)താഴെ ശാഖയും മേലെ വേരുമുള്ള അശ്വത്തത്തെ അനാദിയും അനന്തവുമായ ദേശകാലത്തിലാണ് വരുണൻ ഉറപ്പിച്ചിരിക്കുന്നത്. മുകളിലെ വേരുകളുടെ രശ്മീസമൂഹമാകുന്ന കൊടികള്(കേതവ) നമ്മിലുറപ്പിക്കട്ടെ. (സ്ഥിരമാവട്ടെ)കേതു കൊടി. സൂര്യരശ്മി,ധൂമകേതു എന്നെല്ലാം വ്യാഖ്യാനിക്കാവുന്നതാണ്. വിളു(വീഴുക,വിഴുത്) അവരോഹണം എന്നതിൽനിന്നാണ് വിളുമീനെന്ന (വീഴുന്ന താരം-കൊള്ളിമീൻ-മീറ്റിയോർ)തമിഴ്പദം. ശതപഥബ്രാഹ്മണം (2,3,3,7-8)സൂര്യരശ്മികൾ കൊടുക്കുകയും എടുക്കുകയും ചെയ്യുന്ന (ജനനമരണങ്ങളുടെ ശൃംഖല)പ്രാണങ്ങളായി

വ്യാഖ്യാനിക്കുന്നു. ഋഗ്വേദം (1.24.8)ഇതിനെ വരുണരാജൻ സൂര്യനു പിന്തുടരാനായി ഉണ്ടാക്കിയ രാജപഥമായി കാണുന്നു.(ആവർത്തനഭ്രമണരൂപമായ രാശിചക്രം,കാലചക്രം ജനിമൃതിസംസാരചക്രം,വംശവൃക്ഷം,ജലം,അഗ്നി,മേഘം,മഴ എന്നിവയുടെ സൂര്യചക്രം). നക്ഷത്രങ്ങളും ഗ്രഹങ്ങളും ധ്രുവതാരത്തോട് അദൃശ്യമായ പ്രാണരശ്മിയാലാണ് (വാതരശ്മി) ബന്ധിതമായിരിക്കുന്നത്.അതുകൊണ്ട്, ഒരിക്കലും കക്ഷ്യ(പാത)യിൽനിന്ന് വ്യതിചലിക്കാത്ത ധർമ്മിഷ്ഠരായി കരുതപ്പെടുന്നു. (വിഷ്ണുപുരാണം 2,9,12. മത്സ്യപു. 127,12,14. ഭർതൃഹരി 3.91).പ്രവഹാനിലസങ്കൽപ്പത്തെക്കുറിച്ച് വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തികയിലൂടെ(എൻ . ബി.എസ് കോട്ടയം) എഴുതിയത് ഇവിടെ ആവർത്തിക്കുന്നില്ല .കോസ്മിക് പ്രപഞ്ചത്തിൽ മാത്രമല്ല, ശരീരത്തിലും വാതരജ്ജു നാഡീജാലങ്ങളായി വർത്തിക്കുന്നുണ്ട്. മുനയോ വാതരസനാ എന്ന ഋഗ്വേദവചനം(10,136,2) വാതരസനാ ഋഷയ,അരുണാ കേതവ എന്ന് ചുവന്ന പൊടിയണിഞ്ഞവസ്ത്രം ,കാറ്റിനോടൊപ്പമുള്ള സഞ്ചാരമാർഗ്ഗം എന്നിവയെ കൂടി ചേർത്തു പറയുന്നു. രജസ്സിന്റെ പൊടിയണിഞ്ഞ് കാലവർഷക്കാറ്റിന്റേയും ,ധനസമ്പാദനമാർഗ്ഗത്തിന്റേയും ,കലകളുടേയും ശാസ്ത്രങ്ങളുടേയും ദേശാടനപ്പക്ഷികളുടേയും വലിയ മത്സ്യങ്ങളുടേയും പാതകളിലൂടെ സഞ്ചരിച്ച് ലോകം ചുറ്റി തിരിച്ചുവരുന്ന ബ്രഹ്മക്ഷത്രവൈശ്യശൂദ്രപഞ്ചമകുലങ്ങളെന്ന പഞ്ചജനങ്ങളെ ഒന്നിച്ചു നിർത്തിയിരുന്ന ധർമ്മം അചഞ്ചലമായ ധ്രുവനീതി,കർപ്പ് എന്നിവയെ പരാമർശിക്കുന്നു. എല്ലാവരേയും ഒന്നിച്ചുനിർത്തുന്ന വടം(കയറ്)അഥവാ രജ്ജുവാണ് സപ്തർഷികളുടെ ജടിലയായ ഗൌതമി. (പാണ്ഡവർക്ക് ദ്രുപദപുത്രിയും അങ്ങനെയായിരുന്നു) അരുന്ധതിയുടെ ഉറപ്പേറിയ വടം അഥവാ വ്രതശുദ്ധി നിഹിതായാ ഉച്ചാ ,രാത്രിയിലാണ് കാണുന്നത്. പകലിലല്ല(ഋ. 1.24.10)നക്ഷത്രങ്ങളെപ്പോലെ സ്ത്രീയുടെ ധർമ്മം രാത്രി പ്രകാശിക്കുന്ന ശക്തി ആരാധനയാണ്. മേരു(സുമേരു)വിനെ മത്താക്കി,(കടകോലാക്കി ,ഉന്മത്തമാക്കി) അതിലെ സ്വർണ്ണമയമായ ഐശ്വര്യങ്ങളെല്ലാം കടഞ്ഞെടുക്കാനും അത് എല്ലാവർക്കും എത്തിക്കാനുമായി വാസുകിയെന്ന ഫണീശ്വരനെ കയറാക്കി മായോനായ മഹാവിഷ്ണു കൂർമ്മപൃഷ്ഠനായി ഭൂമി താങ്ങി നടത്തുന്ന ലീലയാണ് ഭാരതീയബ്രഹ്മർഷിമാരുടെ സമുദ്രസഞ്ചാരം. വിഷം കുടിച്ച നീലക്കഴുത്തായ ശിവന്റെ ഷഡ്ജം വിഷ്ണുവിനും ,വിഷ്ണുവിന്റെ കൈശികീപദം ശിവനും പ്രിയമായി.അങ്ങനെ ഹരിഹരപുത്രനായി ഒരു കുമാരസംഭവം നടന്നു. ഇവിടത്തെ വധൂജനം സർവ്വാഭരണങ്ങളുമണിഞ്ഞ്, 64 കലകളുമറിഞ്ഞ് വിദുഷികളായി മറ്റു രാജ്യങ്ങളിലെ രാജാക്കന്മാർക്ക് പത്നിമാരായി .അങ്ങനെ പോകുന്നവരുടെ കൂടെ സമ്മാനങ്ങളും സീലുകളും വിദ്യകളും വാസ്തുശാസ്ത്രവും ജ്ഞാനവും കൈമാറപ്പെട്ടു. കുറെക്കാലം വിദേശത്തുനില നിന്ന ആ വിജ്ഞാനം പിന്നീട് പലകാരണങ്ങളാലും വേരുകളുമായി ബന്ധം വിഛേദിച്ചു.ചില ചിഹ്നങ്ങളെ മാത്രം അവശേഷിപ്പിച്ചുകൊണ്ട് നശിച്ചുപോയി.ഇവിടെയാകട്ടെ, ഇന്നും മനുഷ്യരുടെ ദൈനന്ദിനജീവിതത്തിൽ അവ ജീവിക്കുന്നു. അതുകൊണ്ട്,ലോകത്തിലുള്ള ഏതു പഴയ സംസ്കാര

ത്തിനും ഇവിടത്തെ സിംബലുകളുടെ പഠനം കൊണ്ടുതന്നെ അവരുടെ സംസ്കാരത്തെ ഗ്രഹിക്കാനാവും. ഇന്ത്യ ലോകത്തിനു മുഴുവനുമുള്ള ജീവിക്കുന്ന ഹെറിട്ടേജ് സ്ഥാനമാണ്.

ഋഗ്വേദസംഹിത(1,24,7-10)ധ്രുവതാരത്തെ വരുണനോടു ചേർത്ത് പ്രാർത്ഥിക്കുന്നത് സമുദ്രസഞ്ചാരവും സമുദ്രാധിപത്യവും അന്നുണ്ടായിരുന്നതുകൊണ്ടാണ്. ധ്രുവസ്ഥാനം ധ്രുവമൂലമാണ്. സ്ഥിരമായ നീ നക്ഷത്രങ്ങൾക്ക് തൂണാണ്. എന്നെ സംരക്ഷിച്ചാലും. നീ പ്രപഞ്ചനാഭിയാണ്.ഞാനും ഈ രാഷ്ട്രത്തിന്റെ നാഭിയാവട്ടെ.നീ പ്രപഞ്ചകേന്ദ്രമാണ്,ഞാനീ രാഷ്ട്രത്തിന്റെ കേന്ദ്രമാവട്ടെ.നീ പ്രപഞ്ചത്തെ ഒന്നിച്ചുചേർക്കുന്ന രജ്ജുവാമ്.ഞാനും ഈ രാജ്യത്തെ ഒന്നായി ചേർക്കുന്ന ഉറപ്പുള്ള രജ്ജുവാകട്ടെ. നീ പ്രപഞ്ചത്തിന്റെ നെടുംതൂണാണ്. ഞാനീ രാഷ്ട്രത്തിന്റെ താങ്ങാവട്ടെ. നീ പ്രപഞ്ചനാഭി, ഞാനീ രാഷ്ട്രനാഭിയാവട്ടെ. സപ്തർഷികളെ ഭരിക്കുന്ന വരുണൻ വരുണസ്യ ധ്രുവം സദാ.പേജ് 246ൽ നാല്,നാല എന്ന ദ്രാവിഡപദത്തെ സൈന്ധവലിപിയുമായി ബന്ധപ്പെടുത്താനായി പർപ്പോള ശ്രമിക്കുന്നു.



H 289

One side



other side

പ്രോട്ടോദ്രാവിഡിയൻഭാഷയിലെ പദങ്ങൾ.
നാല് 4
നാണൽ
തൂങ്ങിക്കിടക്കുന്നവൃക്ഷം,ചാഞ്ഞത്,വശംവദ
നാളി
ഉള്ളുതുറന്ന.സുഷിരമുള്ള,നാഡി,മുരളി,താമരത്തണ്ട്,നാളികേരം,ചകിരികൊണ്ടുണ്ടാക്കുന്ന കയറ്
നേലാ (തൂളു)തൂങ്ങിക്കിടക്കുന്ന കയറ്
നാൽവട തൂങ്ങിക്കിടക്കുന്ന വേരുള്ള വടവൃക്ഷം
നാൽവായ് തൂങ്ങിക്കിടക്കുന്ന നാളിപോലുള്ള വായുള്ള മൃഗം(ആന)
നാൾ ദിനം,7 ദിനം, തൂങ്ങിക്കിടക്കുന്നത്, സപ്തസ്വരങ്ങൾ,ആശ്രയിക്കുന്നത്.
നാന്തൽ പൂണൂൽ
നാൽമരം ആൽമരം

എച് 289ൽ ഒരുവശത്ത് ലിഖിതവും മറുവശത്ത് 5 വരകളുള്ള ആലിലയുമാണ്. ഇടത്തുനിന്ന് വലത്തോട്ടാണ് എഴുത്ത്. നാൾ,ഞാഴ്,ഞായിറ് എന്നിവ സൂര്യസംബന്ധിയാണ്. നാൽവായ്,ആൽവായ്,ആലവായൻ(ക്ഷേത്രത്തിലെ ഭക്തിപ്പാട്ടുകാരന്)ശിവപുത്രനായ ഗണപതി എന്നിവയെ കാണിക്കുന്നു. ശാഖകളെ ,അകലുകളെ,പ്രവരങ്ങളെ അകലേക്കു വ്യാപിപ്പിക്കുന്ന വടവൃക്ഷം,സപ്തരശ്മികളെ പ്രസരിപ്പിക്കുന്ന സൂര്യൻ,സപ്തസ്വരമെന്നിവയെ ഈ പദം സൂചിപ്പിക്കുന്നു. വടവൃക്ഷത്തിന്റെ ഇലയിലാണ് കണ്ണനും സരസ്വതിയും എല്ലാം ഇരിക്കുന്നത്.

എം 308ൽ ആറു ജടയുള്ള ഒരു യുവാവ് ഓരോ കയ്യിലും ഓരോ പുലികളെ ഉയർത്തിപ്പിടിച്ച് നിൽക്കുന്ന ചിഹ്നമുണ്ട്. ഇതിലെ ലിഖിതം



.മഹിഷീമര്ദ്ദനനും പുലികളെ തോൽപ്പിച്ചവനുമായ അയ്യപ്പചിഹ്നമാകാം. ആദ്യം ത്രികോണം ശൂലവും മൂവേന്തരുടെ അടയാളവുമാണ്. രണ്ടാമത്തെ മത്സ്യം പാണ്ഡ്യചിഹ്നമാണ്. അപ്പോൾ പുലിയെ തോൽപ്പിക്കുക എന്നത് നായാട്ടുകാരനായ വേട്ടേക്കരനുമാകാം, ചേരപാണ്ഡ്യന്മാരുടെ ചോളനുമേലുള്ള വിജയവുമാകാം. ഹരപ്പയിലെ സീലിൽ മോഹഞ്ജോദാരോവിലെ സീലിലുള്ള പോലെ പുലിയല്ല,സിംഹമാണ് കാണുന്നത്. സുമേരിയയിലും സിംഹമാണ്. അക്കാഡിയയിലെ ചിത്രത്തില് 6 പീലി കുത്തിയ ഒരു വ്യക്തി രണ്ടു കാളകളെ തോൽപ്പിക്കുന്ന ചിഹ്നമാണ്. ഋഷഭമുഖമുള്ള ഒരാൾ രണ്ടു സിംഹങ്ങളെ തോൽപ്പിക്കുന്നതും കാണാം. ബിസി 3100-2900 കാലത്ത് സൂസയി ൽ ഇത്തരം മോട്ടിഫുകള് കാണുന്നുണ്ട്.മൃഗം ജയിച്ചതും മനുഷ്യൻ ജയിച്ചതുമായ മോട്ടിഫുകളു ണ്ട്. നന്മയും തിന്മയും ,മൃഗവും ദൈവവും ,രാവും പകലും തമ്മിലുള്ള അവസാനിക്കാത്ത യുദ്ധ മാണതെന്ന് പിയറി അമിയറ്റ് (1956). ദേവാസുരയുദ്ധമെന്ന് പുരാണങ്ങളും ഇതിനെ പറയു ന്നു. സുവർണ്ണനിറമുള്ള രോമങ്ങളോടുകൂടിയ സിംഹം(ഹരി, ഹരികേശ)സൂര്യചിഹ്നമാണ്. ച ന്ദ്രക്കല ധരിച്ച് രജതഭസ്മം പൂശിയ രാത്രി (ചന്ദ്ര)ഋഷഭചിഹ്നവും .(സൂര്യചന്ദ്രവംശങ്ങളാണിവ മനുഷ്യലോകത്ത്). അവരാണ് മാറിമാറി ലോകം ഭരിക്കുന്നത്.

കാൽമടക്കി ഇരിക്കുന്ന ഋഷഭം (നന്ദി)കാമമാണ്, മൃദംഗവാദനവുമാണ്. അതിനെ ആസ്വദിക്കാ ൻ,അധീനമാക്കി വാഹനമാക്കാൻ ശിവനെപ്പോലെ നിഷ്കാമനാകണം.സപ്തർഷിമാരും അരുന്ധതിയും ശിവനെപ്പോലെ യോഗിധർമ്മവും ഗൃഹസ്ഥാശ്രമധർമ്മവും ഒപ്പം അനുഷ്ഠിക്കുന്നു .(കാമവും സാമവും ഒരുപോലെ). പ്രോട്ടോശിവന് മഹിഷക്കൊമ്പും യമധർമ്മന് മഹിഷവാഹനവും ,പട്ടമഹിഷിയെന്ന് മഹാറാണിക്ക് നാമം, മഹിഷാസുരമർദ്ദിനിയായ ദുർഗ്ഗക്ക് ആരാധന. മഹിഷീമർദ്ദനനാണ് ദുർഗ്ഗക്കും ഹരിഹരന്മാർക്കും പ്രിയപുത്രനായ അയ്യപ്പന്. 7 സ്വരങ്ങളേയും 7 കാളക്കുറ്റന്മാരേയും തളക്കുന്ന, അടക്കിയ ശ്രീകൃഷ്ണനെന്ന മഹാഭാരതത്തിലെ നായകരൂപം. —എല്ലാവരും യോഗികളും യോഗയോഗേശ്വരരുമാമ്. ഇല്ലറം,നല്ലറം, എന്ന രണ്ടു ധർമ്മവും വൈരുദ്ധ്യം കൂടാതെ പാലിക്കുന്ന ദ്രാവിഡർക്ക് ഇതെല്ലാം പ്രധാനമാണ്.

മഹിഷം ഇന്ത്യയിൽ കാണുന്ന മൃഗമാണ്. ബിസി 2334-2279ലെ സാർഗ്ഗന്റെ ഭരണകാലത്താണ് മെലൂഹയിൽനിന്ന് അക്കാദിയയിലേക്ക് മഹിഷങ്ങലെ , മറ്റു സമ്മാനങ്ങളോടൊപ്പം എത്തിക്കുന്നത്. അവ അവിടെ ദുർല്ലഭമാകയാൽ, രാജകീയോദ്യാനങ്ങളിൽ സാർഗ്ഗന് യാഗാവശ്യങ്ങൾക്കായി പ്രത്യേകം പരിരക്ഷിച്ചു. (പേജ് 248-254 പർപ്പോള). സാർഗ്ഗന്റെ കാലത്തിനുശേഷം മഹിഷത്തിനുപകരം കാളയെ അയക്കാനാരംഭിച്ചു. ബിസി 2000ത്തിനുശേഷം മെസപ്പട്ടോമിയയിൽ പുതുതായി മെലൂഹയിലെ മഹിഷങ്ങളെത്തുകയുണ്ടായിട്ടില്ല.

കാലിബംഗനിലെ സിലിണ്ഡർസീലില് (കെ.65)മുടി പിന്നിലേക്ക് കുടുമകെട്ടിയ രണ്ടുയോദ്ധാക്കളാണ് പരസ്പരം വാൾപയറ്റുചെയ്യുന്നത്. നടുവിലായി രണ്ടാളുടേയും കൈ പിടിച്ച്, ശിരസ്സിൽ നീണ്ട മുടിയലങ്കാരത്തോടുകൂടിയവളും വളകളും ശംഖും കവിടിയും ടർക്കോയിസും ചേർന്ന ലോക്കറ്റുള്ളവളും പാവാടക്കാരിയുമായ ദേവത .ഇതിനപ്പുറത്ത് ഇതേ ദേവത ശരീരം പുലിയും (ചാമുണ്ഡയുടെ വാഹനം) ശിരസ്സിൽ മുമ്മുനയുള്ള (ത്രിശൂലം)വൃക്ഷക്കൊമ്പും ,മൃഗക്കൊമ്പും അണിഞ്ഞ് കാണുന്നു. നീട്ടി പിന്നിയിട്ട മുടി ഭരതനാട്യത്തിലെ നർത്തകിമാരുടേതുപോലെയാണ്. പ്രോട്ടോമഹിഷാസുരമർദ്ദിനി(കൊറ്റവൈ)രൂപമായി ഇതിനെ കാണുന്നു. പിന്കുടുമ വെച്ച് യുദ്ധം ചെയ്യുന്ന അഭ്യാസികളുടെ ഒരു സ്റ്റിയറ്റൈറ്റ് പ്ലേക്ക് ബനവാലി (ബി 26)യിലും കിട്ടിയിട്ടുണ്ട്. പിന്കുടുമക്കാരായ നാഗരാണ് യോദ്ധാക്കളെന്നു കാണാം.ഇത്തരം നാഗ(ഫണീശ്വര-ഫുണീഷ്യ)രുടെ നാടാണ് കേരളം. തമിഴ്നാട്ടിലുമുണ്ട് ഇവര്. ദുർഗ്ഗയെപ്പോലെ ഇനന്ന ഇഷ്ത്തർസിംഹത്തോടും നാഗത്തോടും ബന്ധപ്പെട്ട ദേവിയാണ്. ദുർഗ്ഗയുടെ നാമങ്ങ ളി ല് മിക്കതും (ദുർഗ്ഗ,ത്രിപുര, കൊറ്റവൈ,അപരാജിത,സാരഥി,ശാരദാപുരം) ശക്തി,ദുർഗ്ഗം, കോട്ട,കൊത്തളം, മുതലായ യുദ്ധത്തിനുളല പ്രതിരോധത്തോടു ബന്ധപ്പെട്ടവയാണ്. വാഹ നമായ സിംഹം ഈ ശക്തിസ്ഥാനങ്ങളെ കാക്കുന്നു.മതിലിലും വാതിലിലും സിംഹചിത്രമോ പ്രതിമയോ വെക്കുന്ന പതിവുണ്ട്. വസന്ത,ശരദസമരാത്രങ്ങളിലെ നവരാത്രിപൂജ ദശമി നാളില്(വിജയദശമി)വിജയാഘോഷമായി അവസാനിക്കുന്നു. വ്രാത്യസ്തോമം ,മഹാവ്രതം, (അശ്വ, നരമേധം)ഇവയുമായി ബന്ധപ്പെട്ടവയാണ് . ശാക്ത,താന്ത്രികമതം ,രാജസൂയം, സമുദ്രസഞ്ചാരം, അതു കഴിഞ്ഞ തിരിച്ചുവരവ്,കാലവർഷാരംഭത്തിനുമുമ്പ് സമുദ്രയാനത്തിനുള്ള ഒരുക്കം,പ്രജനനം,കൊല്ലപ്പെടാന്സാദ്ധ്യതയുള്ള യുദ്ധത്തിനുപോകുന്ന യുവാവ് (യോദ്ധാവ്)പട്ടമഹിഷിയോടൊത്ത് ദീർഘയാത്രക്ക് മുമ്പ് നടത്തുന്ന അവസാനത്തെ സഹശയനം, - ഈ ആചാരങ്ങളെല്ലാം ഇതിലുണ്ട്. സിംബോലിക് ആണെന്നു മാത്രം.ഇന്ത്യയിലെ നാലുവടങ്ങളെ ആരാധിക്കണമെന്ന് കരുതുന്നു.നാൽപ്പാമരമെന്ന് ഇവക്ക് പേര്. (നൽ ആല് എന്ന ലിപി ഇതാണെന്ന് പർപ്പോള .

1. വടം (ന്യഗ്രോധം) *Ficus indica, F.bengalensis,Banyan Tree*

2. അശ്വത്ഥം (പിപ്പലം) *F.religiosa*
3. ഔദുംബരം (ഗ്രാമവൃക്ഷം) *F. glomerata*
4. പ്ലക്ഷം.*F.infectoria*

അദൃശ്യകാമധേനുവായ ഈ ഫലവൃക്ഷങ്ങളെ ദുർഗ്ഗയുടെ ശക്തിയായി ഹിമാലയംമുതല് കന്യാകുമാരിവരെയുള്ള ജനത ഹരപ്പകാലത്തും ഇന്നും പൂജിക്കുന്നു. ഇവയെ പാൽവൃക്ഷങ്ങളെന്നു പറയും. ഇവയുടെ പാൽ അമ്മയുടെ പാലാണെന്നു കരുതിയിരുന്നു. മഹാഭാരതത്തിൽ മനുഷ്യനെ ഭക്ഷിക്കുന്ന വൃക്ഷിക എന്ന ദേവിയേയും പുത്രകാമികള് ഭജിക്കുന്നുണ്ട് . (3,220.16) ബംഗാളിൽ വടവൃക്ഷം ഷഷ്ഠിയുടെ സ്ഥാനമലങ്കരിക്കുന്നു.ഷഷ്ഠി മക്കളെ കൊടുക്കുകയും ചെയ്യും,സംരക്ഷിക്കുകയും ചെയ്യും.പൂജിക്കാതിരുന്നാല് നശിപ്പിക്കയും ചെയ്യും. ബംഗാളി പൂച്ചയായും ദുർഗ്ഗാരൂപത്തിലും ഷഷ്ഠിയെ പൂജിക്കുന്നു. ദ്രാവിഡരാകട്ടെ, ദുർഗ്ഗയെ നാഗരൂപത്തിലും പൂജിക്കുന്നു. സൌരാഷ്ട്രത്തിലെ പ്രഭാസതീർത്ഥത്തില് ഭൂതപ്രിയ എന്നൊരു ദേവത വൃക്ഷത്തിൽ വസിക്കുന്നു. ഒരിലമാത്രം ഒരു ദിനം തിന്നുന്ന ഏകപർണ്ണ (ഏകപാതാള) ഹിമാലയപുത്രിയാണ്. ബ്രഹ്മപുരാണത്തിൽ പാർവ്വതിയെപ്പോലെ.(34.81-92) സനിയാഴ്ചകളിൽ മഹാലക്ഷ്മി അരയാലിലകളില് വന്നു വസിക്കുന്നു. മറ്റ് ആറു ദിനം അവളുടെ ജ്യേഷ്ഠത്തി ജ്യേഷ്ഠ(അലക്ഷ്മി)യും. ഇതാണ് പത്മപുരാണം പറയുന്നത് (ഉത്തരകാണ്ഡം 118, 24-7).അരയാലിന് ശ്രീവൃക്ഷമെന്നും പേരുണ്ട്. മത്സ്യപുരാണം (178, 69) അശ്വത്ഥം അമ്മദേവിയാണെന്നും ,(13, 51) 108 ദുർഗ്ഗാരൂപത്തില് ഒന്നായ വന്ദനീയ അശ്വത്ഥത്തിലാണ് വാഴുന്നതെന്നും പറയുന്നു. ആശാപൂർണ്ണ (രജപുത്രരുടെ ബുന്ദി രാജ്യത്തിന്റെ പരദേവത) രാജ്ഞിയെ രക്ഷിക്കാനായി ആലിൽനിന്നിറങ്ങിവന്നു. യോന്യാശ്വത്ഥദളാഭയാ – യോനീരൂപമായ അശ്വത്ഥദളപീഠത്തിലാണ് ശരദനവരാത്രിക്ക് ദുർഗ്ഗയുടെ വിഗ്രഹം പൂജിക്കേണ്ടത്(ഭവിഷ്യപുരാണം ഉത്തരകാണ്ഡം 138, 33).ബ്രഹ്മവൈവർത്തപുരാണം (ശ്രീകൃഷ്ണഖണ്ഡം 16. 177) ചണ്ഡികയെ അരയാലിന്റെ ചോട്ടിലാണ് പൂജിക്കുന്നത്. ജയദേവകവിയുടെ അഷ്ടപദിയിലും ഭാണ്ഡീരകമരച്ചോട്ടിൽ വെച്ച് ക്രീഡിക്കുന്ന സമയത്ത് രാധയെ ചണ്ഡികേ എന്ന് രണ്ടുതവണ കൃഷ്ണൻ വിളിക്കുന്നു. വടമാതരം,വടയക്ഷിണി,ബ്രാഹ്മണി, കൌമാരി ഇവരെല്ലാം ആലിന്നരുകിൽ അന്ധകനെന്ന ഇരുട്ടിനെ നശിപ്പിക്കാനായി സൃഷ്ടിക്കപ്പെട്ടവരാണ്. ബംഗാളില് അർദ്ധരാത്രി ആൽമരച്ചോട്ടില് ദുർഗ്ഗയെ ആരാധിക്കും. ചൊവ്വ,വെള്ളി,-വനദുർഗ്ഗക്കും 12 മക്കൾക്കും (ആദിതേയർ) പ്രധാനമാണ്. അമ്മമാർ കുട്ടികളുടെ രക്ഷക്ക് മരത്തില് മഞ്ഞൾക്കയറു

കളോ മഞ്ഞത്തുണിയോ കെട്ടിയിട്ടും.(കരുകാത്തമ്മനെന്ന് തമിഴ്).



ബലിക്കല്ലും ബലിപാത്രവും

ഇതെല്ലാം ഹരപ്പയിലെയും മോഹഞ്ജോദാരോവിലേയും ജനത തന്നെയാണ് ഇന്ത്യക്കാരെന്ന് കാണിക്കുന്നു. കൂടാതെ ബലിക്കല്ലും ബലിപാത്രവും സൈന്ധവലിപിചിത്രങ്ങളിലുണ്ടെന്നും ക്ഷേത്രാരാധനയിലെ ബലിക്കല്ല് അന്നേ നിലവിലിരുന്നു എന്നും പർപ്പോള ചൂണ്ടിക്കാട്ടുന്നു.(പേജ് 260-261).വൈഖാനസാഗമത്തിൽ ചൊവ്വ (സ്കന്ദൻ-കന്തൻ)ശരഭധ്വജനാണ്. അരയാൽദേവതസീലില് ശരഭ(അജ)മുഖമുള്ള മൃഗം ,ബലിക്കല്ല് എന്നിവ കാണാം. പഞ്ചമകാരങ്ങൾ (മത്സ്യമാംസ,മദ്യ,മദിര,മൈഥുന) ങ്ങളുടെ പ്രതീകമായ ബലിക്കല്ലും,ഭരണിചിഹ്നവും (നാമം പോലെ)7 കന്യകമാരും (അപ്സര,സപ്തസ്വര)ഭക്തനും ദേവിയും കാണുന്നു. എം 1186ൽ ഇവയുണ്ട്. അതായത് അന്നുതന്നെ പ്രതീകാത്മകമാണ് പഞ്ചമകാരങ്ങളെന്നു സാരം. നാമം പോലെ കാണുന്ന ദ്രപ്സാ (ഒരു തുള്ളി)രക്തമല്ല, സോമമാണ്. ലഘു എന്ന മാത്രയായി ഇതിനെ സംഗീത,സാഹിത്യ, വ്യാകരണശാസ്ത്രങ്ങളിലറിയുന്നു. ഭാഷയുടെ ,സംഗീതത്തിന്റെ ഒരു തുള്ളി തന്നെ ലഹരിതരുന്ന മദ്യവും മദിരയുമാണ്. ഭക്തിരസവും അങ്ങനെത്തന്നെ. സപ്തമാത്ര തന്നെ സപ്തമാതൃക. സപ്തമാതൃകാചിത്രത്തിൽ മാത്ര(തുള്ളി) എന്നത് ഉച്ചാരണത്തിലെ ലഘുവുമാണ്, ഔഷധത്തിന്റെ അളവുമാണ്. അപ്സരസ്സുകൾ ജലകന്യകമാരായ മത്സ്യങ്ങളുമാണ്. പലപ്പോഴും അവരെ ഇതരജലജന്തുക്കളായും പറയാറുണ്ട്.ഉദാ:മുതല.(പഞ്ചനാരീതീർത്ഥത്തിന്റെ കഥ).ഉപരിചരവസുവിൽനിന്ന് സ്ഖലിച്ച ഒരു മാത്ര ബീജം പക്ഷി ഇലയിലാക്കി അദ്ദേഹത്തിന്റെ ഭാര്യക്കായി കൊണ്ടുപോകുമ്പോൾ യമുനയില് വീണു. മത്സ്യരൂപിയായ അപ്സരസ്സ വിഴുങ്ങി. അവളുടെ വയറ്റിൽ ജനിച്ച മിഥുനങ്ങളെ ദാശനാണ് (മുക്കുവ) വളർത്തിയത്.അവരിലെ പുരുഷനെ ഉപരിചരവസു പുത്രനായി സ്വീകരിച്ച് മത്സ്യരാജ്യത്തെ രാജാവാക്കി. ചേദിയുടെ തൊട്ടടുത്ത രാജ്യമാണ് മത്സ്യമെന്ന വിരാടം. ഇതിനെ വീരമത്സ്യരാജ്യമെന്നും

പറയാരുണ്ട്. രാമായണകാലത്തിനുമുമ്പേ ഈ രാജ്യമുണ്ട്. വിരാടരാജ്യത്തെ , പാണ്ഡ്യ രാജ്യത്തെയെന്നപോലെ മത്സ്യചിഹ്നം സൂചിപ്പിക്കുന്നു. പാണ്ഡവരുടെ അജ്ഞാതവാസം ദക്ഷിണേന്ത്യയിലെ വിരാടരാജ്യത്തായതുകൊണ്ട് വിരാടമത്സ്യരാജ്യം ഇപ്പോളത്തെ കേര ളത്തിന്റെ ഭാഗങ്ങളും കൂടി ഉൾപ്പെട്ട പാണ്ഡ്യരാജ്യമാണ്. വിരാടപുത്രിയായ ഉത്തരക്കും പാ ണ്ഡവനായ അഭിമന്യുവിനും ഉണ്ടായ പരീക്ഷിത്തിന്റെ വംശമാണ് തെക്കന് പാണ്ഡ്യവം ശമെന്നു പ്രസിദ്ധമാണ്. ദാശനുകിട്ടിയ മിഥുനശിശുക്കളിലെ സ്ത്രീപ്രജയാണ് കുരുവംശ ത്തിന്റെ മാതൃസ്ഥാനമലങ്കരിച്ച് ശന്തനുവിന്റെ രണ്ടാം ഭാര്യയായ സത്യവതി.അവളുടെ മകനാണ് (പരാശരനിൽ) വ്യാസമുനി. വ്യാസന്റെ മക്കളാണല്ലോ മഹാഭാരതകഥയിലെ മഹാരാജാക്കന്മാരെല്ലാം. അങ്ങനെ ഉപരിചരവസുവും ദാശനും ഉൾപ്പെട്ട കഥയുടെ തുട ർച്ചയാണ് മഹാഭാരതകഥതന്നെ.മത്സ്യചിഹ്നത്തിന്റെ പ്രാധാന്യവും ഇതാണ്.

കാർത്തികമാരെ ശരവണപ്പൊയ്കയില് കളിക്കുന്ന അപ്സരസ്സുകളായി കണ്ട് ശിവന് മോ ഹിച്ച കഥയും കാർത്തികേയജനനവും ഇതുപോലെ മത്സ്യം,അപ്സര,ജലകന്യകമാരെ ഒന്നി പ്പിക്കുന്നു. അപ്സരസ്സുകളുടെ വാസസ്ഥാനം വൃക്ഷങ്ങളും ജലസ്രോതസ്സുകളും ഋതുക്കളും ന ക്ഷത്രങ്ങളുമാണ്. പ്രകൃതിയിലെ അതിസുന്ദരങ്ങളായ ശക്തികളാണ് അവർ. ഇവരുടെ യെല്ലാം അധിഷ്ഠാനദേവതയും ദൈവീമേധയുമാണ് വാഗ്ദേവത അഥവാ സരസ്വതി. വൃക്ഷത്തിലാണ് സരസ്വതിയെ കൊത്തലർപൂങ്കൊത്തണിഞ്ഞ് , വളകാപ്പും മെടഞ്ഞ് കുഞ്ചലം കെട്ടിയ നീണ്ട മുടിയുമായി നിൽക്കുന്ന വിധം,7 സഖികളോടുകൂടി (സപ്തമാതൃ)എം 1186ൽ നാം കാണുന്നത്. സരസ്വതിയുടെ മുന്നിലായി അതേ മട്ടിലുള്ള ശിരോലങ്കാരമ ണിഞ്ഞ്, ,ചമ്രംപടിഞ്ഞോ,ഒരുമുട്ടുമടക്കിയോ, ഇരുന്ന് ഇരുകയ്യും ഉയർത്തി, പ്രാർഥനാഭാ വത്തോടെ.കയ്യിലെ യാഴ് മീട്ടി സാമം പാടുന്ന ഭക്തനുണ്ട്. ഭക്തനും ദേവതയും സാരൂപ്യ മുള്ള തന്മയതാഭാവമാണിതിലുള്ളത്. അജമുഖമുള്ള ഭക്തന് ഒരേ സമയം ദേവതയുടെ മകനും ഭർത്താവുമാണ്. ഈ സീലിൽ മൂന്നിതളുള്ള സുവർണ്ണപുഷ്പമുണ്ട്. പ്രകൃതിയുടെ മൂന്നുഭാവങ്ങലെ (വിദ്യ,ഐശ്വര്യം,വീരം)ചേർന്ന സരസ്വതി,ലക്ഷ്മി,ദുർഗ്ഗമാരെ ആരാധി ക്കുന്ന നവരാത്രിസമ്പ്രദായം (ശരദ്,വസന്ത,വിഷുവങ്ങൾ . പൂങ്കൊത്ത് വസന്തചിഹ്നമാ ണ്.ഇത് വസന്തനവരാത്രത്തിലെ ആരാധനയാണ്),സപ്തസ്വര,സപ്തമാതൃകാ ആരാധ ന,അവരുടെ ദേവീമേധയായ സരസ്വതീഉപാസന ഇതെല്ലാം ബിസി 4000-3500 (ചുരു ങ്ങിയത് 6000 കൊല്ലം മുമ്പ്)ഭാരതത്തിലുണ്ട്. ഇതിന്റെ തെളിവാണ് എം 1186. ദേവീഭാ ഗവതത്തിൽ ശ്രീകൃഷ്ണകാലത്ത് ഈ സമ്പ്രദായം പുനരുദ്ധരിക്കപ്പെട്ടതായി പ്രസ്താവിക്കു ന്നുണ്ട്. അതിന് ഈ സീൽ തെളിവാണ്. രോഹിണിയെ ആദ്യപ്രജാപതി(കാർത്തികക്കു മുമ്പ്)യായി എടുത്തിരുന്ന കാലത്താണ് അഷ്ടമിരോഹിണിക്ക് രൌഹിണേയനായി കൃഷ്ണജനനം. ബെക്കുരാ,വൈക്കുരമീനെന്ന പ്രഭാതതാരം ഒരിക്കലും ആരാലും തോൽപ്പി

ക്കാനാവാത്ത വാഗ്ദേവതയുടെ ഒരുതുള്ളി സോമം (സാരസ്വതം)ആയി ഹിരണ്യ ഗർഭം (സുവർണ്ണബീജം-*golden seed)*ആയി, സോമവംശത്തിൽ സോമന്റെ പ്രിയപത്നി യായ രോഹിണിയിൽ പതിച്ച അവതാരമായി .അഷ്ടമി കൃഷ്ണനുമാത്രമല്ല,ദുർഗ്ഗക്കും പ്രധാനമാണ്.അന്നുതന്നെ ദുർഗ്ഗ യോഗമായാരൂപമെടുത്ത് അമ്പാടിയിലും പിറന്നു. യജ്ഞ സംസ്കാരം ,ജ്യോതിശ്ശാസ്ത്രം എന്നിവയും അന്ന് വളരെ പുരോഗമിച്ചിരുന്നു. സപ്ത മാതൃകസീലെന്ന എം 1186 ഇതിനു തെളിവാണ്. ഇന്ദ്രപുത്രിയായ ജയന്തി എപ്പോളും ജയിക്കുന്നവളാണ്.അവളുടെനാമമാണ് ജനനദിനത്തിന് നാമിന്നും കൊടുക്കുന്നത്. രോഹിണിക്ക് ജയന്തി എന്ന് നാമമുണ്ടായിരുന്നതായി പത്മപുരാണത്തിലുണ്ട്.(ഉ.ഖ. 32-41, 8. അഗ്നിപു. 183-14)ചുവന്ന പശുവിനെ ദാനം ചെയ്യുക ,ചുവന്ന കുങ്കുമതിലകം (നവ രാത്രിയിലെ നാലാം ദിനം ദുർഗ്ഗക്ക് ചാർത്തുന്നു) നാലാം നക്ഷത്രമായ രോഹിണിയെ സങ്കൽപ്പിച്ച് ദുർഗ്ഗയെ അണിയിക്കുക ഇതെല്ലാം രോഹിണിയുടെ പ്രാധാന്യം പറയുന്നു. മെഹ്ർഗാർഹ് കാലം 7 മുതൽക്ക് നെറ്റിയില് നക്ഷത്രചിഹ്നമിട്ട ഋഷഭപ്രതിമകളെ കിട്ടിയിട്ടുണ്ട്. ഋഷഭത്തിനു തിലകം ചാർത്തി പൂജിക്കുന്നത് ദ്രാവിഡരുള്ള തമിഴകത്ത് ഇന്നും പ്രചാരത്തിലുള്ളതാണ്. ബിസി 7000 മുതല് എഡി 2015 വരെ തുടർച്ചയായി നിലനിൽക്കുന്ന ഒരാചാരം. ഇടവരാശിയുടെ(ഋഷഭ)നെറ്റിയിലെ രോഹിണിതാരം ഋഷഭ ത്തിന്റെ മൂന്നാം തൃക്കണ്ണായി ആജ്ഞാചക്രത്തിൽ ഒരു ചിഹ്നമായി വരച്ചുവെക്കുന്നു. സാധാരണ വരക്കുന്ന ചിഹ്നങ്ങളിവയാണ്.

നെറ്റിക്കണ്ണ് നാമം തിലകം ചന്ദ്രക്കല,തിലകം ചന്ദ്രക്കല ചന്ദ്രക്കല,താരം

ഈ പൊട്ട്,അഥവാ പുണ്ഡ്രം വളരെക്കാലം കഴിഞ്ഞാണ് വൈഷ്ണവം,ശൈവം ,ശാക്തം എന്ന് മൂന്നായി അറിയപ്പെടാനാരംഭിച്ചത്.എഡി അഞ്ചാം നൂറ്റാണ്ടിനുമുമ്പ് ഇങ്ങനെ ഒരു വിഭജനമുണ്ടായിരുന്നില്ല. അതുവരെ നാമെല്ലാവരും ഒന്നാണെന്ന ബോധം നമ്മിലുണ്ടായിരുന്നു. ക്രിസ്തുമതം പരക്കാനാരംഭിച്ചതോടെയാണ് ഇവ വെവ്വേറെയാണ് എന്ന തെറ്റിദ്ധാരണയും പരന്നത്. കുതിരക്കും ആനക്കും കാളക്കും പശുവിനും മരത്തിനും നാഗത്തിനുമെല്ലാം ഇതിലേതെങ്കിലുമൊരു പൊട്ട് ചാർത്തി അലങ്കരിക്കുന്ന ഭാരതീയർക്ക് അതുവരെ ജാതിമതഭേദങ്ങളൊന്നും അറിഞ്ഞിരുന്നില്ല. മാനുഷരെല്ലാരുമൊന്നുപോലെയായിരുന്നു ജീവിതം. എല്ലാം പ്രകൃതിശക്തികളാണ്, എല്ലാം ഈശ്വരചൈതന്യമാണ്, ഈശ്വരദ

ത്തമാണ് എന്നതിനാലാണ് ഈ അദ്വൈതം. ശുക്ലയജുർവ്വേദത്തിലാണ് അതുവരെ രോഹിണിശകടമെന്നു വിളിച്ചതിനെ കാർത്തികയുടെ ശകടമെന്നു പറയുന്നത്.(ശ.ബ്രാ. 4.2.4, കം. 20, 34)ശകടം വണ്ടി. ചക്രമുള്ള വാഹനം. മഹാഭാരതകാലത്ത് ശ്രീകൃഷ്ണസ്വർഗ്ഗാരോഹണശേഷം കലിയുഗം തുടങ്ങി. മഹാഭാരതം (3, 219, 11) കാർത്തിക ഇപ്പോള് രാശിമണ്ഡലത്തിൽ ഒരു ശകടരൂപത്തില് മിന്നാന് തുടങ്ങിയിരിക്കുന്നു എന്ന് പറയുന്നു. എന്നാൽ സാമ്പ്രദായികമായി, കൃത് (മുറിക്കുക, ഭാഗിക്കുക,കർമ്മം,യജ്ഞം ചെയ്യുക) എന്ന അർത്ഥത്തില് ക്ഷുര, ക്ഷുരധാര,വ്യജന,(വീശുന്ന വിശറി,ചാമരം)എന്ന് സംസ്കൃതത്തിലും കത്തിയലക് എന്ന് തമിഴുമലയാളം ഭാഷകളിലും കാർത്തികയുടെ രൂപം പറയുന്നു. ഉരുൾ,ഉരുളി,എന്ന് തമിഴിലും (ഉരുണ്ടത് ഉരുളുന്നത്,ചക്രം വൃത്തം,പന്ത് ,) ശകടം എന്ന് സംസ്കൃതത്തിലും വിളിച്ചിരുന്നത് രോഹിണിയെയാണ്.വാമനപുരാണം(9, 18)ശകടചക്രാക്ഷം (വണ്ടിച്ചക്രത്തിന്റെ അക്ഷം,കമ്ണ്,ധ്രുവം) എന്ന് രോഹിണിയെ വിളിക്കുന്നു. നെറ്റിക്കണ്ണ് ആജ്ഞാചക്രത്തിലെ കണ്ണ് ,ചന്ദ്രവംശത്തിന്റെ കണ്ണ്, ചന്ദ്രന്റെ പ്രിയതാരം രോഹിണിയാണ്. ബിസി 3000ത്തിലെ അയനാംശചലനം മുതലാണ് ഈ സ്ഥാനം കാർത്തികക്ക് ലഭിക്കുന്നത്. (പേജ് 270 പർപ്പോള)ചുവന്ന തിലകം ക്ഷത്രിയരും വെളുത്തത് ബ്രാഹ്മണരും സ്വർണ്ണ(മഞ്ഞ,ചന്ദനനിറം)വൈശ്യരും കറുത്തത് ശൂദ്രരും ധരിക്കണമെന്ന് പറയുന്നത് പത്മപുരാണമാണ്. (25. 26) ഇത് പിൽക്കാലത്തുണ്ടായ പുരാണമാണ്.

1. ഭസ്മം വെളുപ്പ്.വെളുത്ത ചന്ദനം. മോക്ഷം ആഗ്രഹിക്കുന്ന വിദ്യോപാസകർക്ക് .(സത്യം)
2. കുങ്കുമം ചുവപ്പ് .സാമ്രാജ്യം,ഭരണം ആഗ്രഹിക്കുന്ന രജോഗുണമുള്ളവർക്ക്.
3. ചന്ദനം (മഞ്ഞ)കളഭം. ഐശ്വര്യം,ധനം കലാഭിവൃദ്ധി ആഗ്രഹിക്കുന്നവർക്ക്
4. കറുപ്പ്. കരി,അഞ്ജനം. സമാധാനം ആഗ്രഹിക്കുന്നവർക്ക് സുഖം ആഗ്രഹിക്കുന്നവർക്ക്. (പത്മപുരാണം ഉത്തരകാണ്ഡം 253-40)

ക്ഷത്രിയർക്ക് തിലകം ചുവന്ന മത്സ്യരൂപം. (മത്സ്യന്യായം –വലുത് ചെറുതിനെ തിന്നുന്ന രീതി).മധുരമീനാക്ഷിയെകുറിച്ച് മെഗാസ്തനീസ് ബിസി 300ൽ എഴുതിയത് അവളെ ഏഴാംവയസ്സിൽ പിതാവ് വിവാഹം ചെയ്തു എന്നാണ്. ഇത് പർപ്പോള ഉദ്ധരിക്കുന്നു. (*Arrian Indike 8-9. Q.Parpola pp 270)*ഇത് യഥാർത്ഥവിവാഹമല്ല. കെട്ടുകല്യാണമാണ്. മെഗാസ്തനീസ്

ഇതിനെ സദാചാരലംഘനമെന്നു തെറ്റിദ്ധരിച്ചു.

മീനാക്ഷിയുടെ തിലകം

കയൽമീനുകളുടെ ചലനംപോലെയുള്ള കണ്ണുകളുള്ള മീനാക്ഷിക്ക് അങ്കയർകണ്ണി,മുക്കണ്ണി എന്നു പേർ. ദുർഗ്ഗയാണ് മീനാക്ഷി. ഐം ഹ്രീം,ശ്രീം എന്നത് നേത്രബീജമാണ്. മീനാക്ഷിയുടെ കണ്ണുകളിൽ ശൃംഗാരഭാവവുമുണ്ട്,ക്രോധവുമുണ്ട്.ത്രിശൂലം എം 1186ൽ ഇല്ല. അതുകൊണ്ട് മഹിഷാസുരമർദ്ദിനിയായ ദുർഗ്ഗയല്ല, ഇയലിശൈനാടകരൂപിണിയായ വേദമാതാവായ വിദ്യ(സരസ്വതി0യാണ് ,ദൈവീമേധയാണ് സപ്തമാതൃകാസീലിലുള്ളത്. ഭാരതത്തിൽ ഇന്നും ജീവിക്കുന്ന സംഗീതസമ്പ്രദായം,ജീവിതരീതികൾ,തിലകധാരണം,കോലംവരക്കലെന്നിവ മെഹ്ർഗാർഹ് ഹരപ്പ മോഹഞ്ജോദാരോ കാലം മുതലേ ഇവിടെ ഉള്ളതാണെന്ന നരവംശശാസ്ത്രപരമായ പഠനം സൈന്ധവലിപിപഠനത്തിന്റെ സഹായമായി ഫിന്നിഷ് ശാസ്ത്രജ്ഞനായ പർപ്പോളക്ക് ഉപകരിച്ചു.ഭാരതത്തിലെ ബുദ്ധിജീവികളാണ് ഇതെല്ലാം മിത്ത് ആണെന്നും, ഇതെല്ലാം മതപരമാണെന്നും സാംസ്കാരികമല്ലെന്നും പറഞ്ഞ് തള്ളിക്കളയുന്നത്. ഇന്ത്യക്ക് വിദേശികളുടെ ആഗമനത്തോടെയല്ലാതെ ചരിത്രമേ ഇല്ല എന്ന മട്ടിലുള്ള ബുദ്ധിശൂന്യമായ നിലപാടിലേക്ക് പർപ്പോള ഒരിക്കലും വഴുതിപ്പോകാഞ്ഞതും അദ്ദേഹത്തിന്റെ നരവംശശാസ്ത്രപരവും വൈദികവുമായ അറിവുകൊണ്ടാണ്. സൈന്ധവലിപി ഒരു *cross word puzzle*

പോലെയാണെന്ന് പർപ്പോള പറയുന്നുണ്ട്. *(pp 273 Epilogue.) Only very experienced puzzle solvers will arrive at the correct solutions right away.* മത്സ്യമെന്ന ചിത്രലിപിസന്ദേശം കറുത്ത നക്ഷത്രമെന്ന ശബ്ദശാസ്ത്രപരമായ സന്ദേശത്തോടു ശ്ലേഷ രീതിയില് ബന്ധിപ്പിക്കാൻ സിന്ധുലിപി സൃഷ്ടിച്ച പൂർവ്വികരായ മനുഷ്യര് എത്രയേറെ ശ്രദ്ധിച്ചിരിക്കണമെന്നും അതിന് മന്ദഗതിയിൽ സഞ്ചരിക്കുന്ന (ആമവേഗം)ശനി എന്ന് അർത്ഥം വരുത്തിയതില് അവരുടെ ജ്യോതിശ്ശാസ്ത്രജ്ഞാനവും കൂടി കാണുന്നു എന്നും പർപ്പോള അപഗ്രഥിക്കുന്നത് ശ്രദ്ധേയമാണ്.


മീൻ,നക്ഷത്രം,ജലം,ഉർവ്വരദേവത


മീനുംമീനും,മിനുംമിനും. മിന്നുന്ന മിഥുനം,ബൃഹദ്ദേവത,ദൈവ(മത്സ്യ മിഥുനം)


മുമ്മീൻ മൃഗശിരനക്ഷത്രം


ആറുമീൻ കാർത്തികതാരം (7 വരവരച്ചാൽ എഴുമീൻ,സപ്തർഷി)


മെയ്മീൻ,മയ്മീൻ തമോഗ്രഹം, ശനിയുടെ ആമവാഹനം,കറുത്ത മൃത്യു,യമൻ


പച്ചമീൻ,പച്ചനിറം,രണ്ടായി ഭാഗിച്ചത്, ബുധഗ്രഹം,കുഞ്ഞായ കൃഷ്ണൻ.


പൊട്ടുമീൻ രോഹിത(രോഹിണി)ആൽഫ ടോറി ഋഷഭരാശിയിലെ ദൈവീ കവധുവിന്റെ തിലകം.

കൺ


കണ്ണും കണ്ണും കണ്ണും കാണിയും ,ദർശകനും ദർനവും. സൃഷ്ടിയും സ്രഷ്ടാവും, വരുണൻ.


മുറുക്ക,മുരുഗ,മുരുക,പവിത്രം,നാഗചിഹ്നം ,അനന്തം,ലെമിനിസ്കേറ്റ്,ജ്യാമിതിസംബന്ധം.



വേൽമീൻ,വെള്ളിമീൻ, ശുക്രഗ്രഹം



വടമീൻ ആൽക്കോർ, ധ്രുവൻ, അരുന്ധതി,വടവൃക്ഷം



കോൾമീൻ.പുണർതം,പൂയം,ആയില്യം,2 തരം ജലജീവികൾ. കർക്കിടരാശിനക്ഷത്രങ്ങൾ

വടവേളി,വടവെള്ളി,വിടിവെള്ളി ശുക്ര,അരുന്ധതി,ധൂമകേതു

നാൽവടം,നാലുതരം വടവൃക്ഷം സഭ കൂടുന്ന സഭാസ്ഥാനം

കോളി,കോല,കോൽ.പിടിച്ചെട്ടുക്കുന്ന കൾവനായ ആൽമരം, ഹര,രുദ്ര,വേട്ടക്കൊരുമകൻ,ഇരുമുടിക്കെട്ടുള്ള ശിവപുത്രൻ

പൂളം മുരുക്കം, സീമന്തം, വളൈ കാപ്പ്, ഗർഭരക്ഷ, പൂളക്ക് വെച്ച് ഉണ്ടാക്കിയ വള.

മുരുഗപ്പിള്ളൈ,യാഴ്,ചിലമ്പ്.സംഗീതോപകരണം,മുരുകാരാധന, അണ്ണാൻ



വേൽമുരുക,വേലിമുരുഗ,ആശകൾക്ക് വേലികെട്ടിയ യോഗി

കോൾ,ഞണ്ട്,നന്ദ്.കർക്കടരാശി, ഗ്രഹം,കോൾനിലം,മുതല,ആനന്ദം

ഭരണി,പരണി(പാരണർ)വഴിപാട്ടുപാത്രം,ധാന്യംശേഖരിക്കുന്ന പാത്രം(സന്ദർഭാനുസരണം)ആൾ,

ആൻ.മനുഷ്യ,ദൈവം,അടിമ,ദാസൻ

ആട്,ആത്തു,അജമുഖ,തന്ത്രിവാദ്യം

ചോളന്റെ പുലിയും പാണ്ഡ്യന്റെ മീനും ചേരന്റെ വില്ലുമുള്ള സൈന്ധവലിപിയും സിംബലുകളും കരസമുദ്രമാർഗ്ഗമായുള്ള വാണിജ്യവുമാണ് മൂഷകവംശകാവ്യത്തിലെ അതുലന്റെ ക്രോണോളജിയിലും ചിലപ്പതികാരത്തിലും സംഘകാലത്തും നാം കാണുന്നത്. ആർക്കിയോളജി സംസ്കൃതവും പ്രാകൃതവുമായ ഭാരതീയരേഖകളിലെ ഗ്രന്ഥപരാമർശങ്ങളെക്കൂടാതെ ,ഭാരതത്തിലെ ജനതയുടെ സമ്പ്രദായങ്ങലെ അറിയാതെ , ഒരിഞ്ചുപോലും മുന്നോട്ട് നീങ്ങുകയില്ല. ഇതെല്ലാം മതപരവും മിഥോളജിയുമെന്ന് മാറ്റിനിർത്താതെ പർപ്പോളയെപ്പോലുള്ളവരുടെ പാത പിന്തുടരേണ്ടതാണ്. സിംബലുകളെ ചരിത്രപരമായി വ്യാഖ്യാനിക്കുമ്പോ ള് ഇന്ത്യയുടെ ചരിത്രത്തില് നിർണ്ണായകമായ പങ്കുവഹിച്ച ഇവിടത്തെ ജനതയുടെ സമ്പ്രദായങ്ങളും ജീവിതവും ഇതിഹാസവും അറിവുമെല്ലാം ആവശ്യമായി വരുന്നു. അവയുടെ മഹത്വവും ചരിത്രപ്രാധാന്യവും മനസ്സിലാക്കണമെന്നു മാത്രം.

- **ആര്യാവർത്തത്തിലെ ദ്രാവിഡകുലസംഘങ്ങൾ.**

ആര്യാവർത്തം മനുവിന്റെ കാലത്ത് വടക്ക് ഹിമാലയം മുതൽ തെക്കും കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രം വരെ വ്യാപിച്ചിരുന്നു. അതായത് ആര്യാവർത്തമാണ് ദ്രാവിഡരുടേയും

സ്വദേശം. ആര്യരും ദ്രാവിഡരും ഒരേ വംശമാണ്. ആര്യാവർത്തത്തിലെ വിന്ധ്യപർവ്വത ത്തിൽ ബെത്വ,ചംബൽ(മാലിനി)ഉറവെടുക്കുന്ന ഭാഗംമുതല് വടക്ക പടിഞ്ഞാറുള്ള ഭാഗ ത്തിന് പാരിയാത്രമെന്ന് പറഞ്ഞിരുന്നു.(ഭണ്ഡാർക്കർ).ഈ പാരിയാത്രത്തിലെ യാത്രാ വഴിയാണ് രാമായണത്തിൽ ഭരതനും സംഘവും സ്വീകരിച്ചതായി പറയുന്ന വഴി. ആ ന്ധ്ര, പുണ്ഡ്ര,ശബര,പുളിന്ദ,മൂതിബ(മൂഷികരെല്ലാം വിശ്വാമിത്രപുത്രർ ആണ്,കുശികരും പരശുരാമനും ബന്ധുക്കളാണ്. രാമായമത്തിലും ഈ കഥ വിശ്വാമിത്രൻ പറയുന്നുണ്ട്. ഐതരേയആരണ്യകം ചേരപാദം എന്ന് ചേരന്മാരെ വിളിക്കുന്നതുകൊണ്ട് അക്കാലം മുതലേ മറ്റു ദക്ഷിണേന്ത്യൻ ഭാഗങ്ങളിലെ ചോളപാണ്ഡ്യാദികളിൽനിന്ന് ഇവർക്ക് ചില പ്രത്യേകതകളുണ്ടായിരുന്നിരിക്കണം. ഐതരേയബ്രാഹ്മണം രചിക്കപ്പെട്ടത് ബിസി 1000 ത്തിലാണെന്ന് നീലകണ്ഠശാസ്ത്രി പറയുന്നു (പേജ് 62)ഇത് അംഗീകരിക്കുന്ന പക്ഷം ,അതിന്റെ രചനക്കു മുമ്പാണ് ഈ വ്യത്യാസം സംഭവിച്ചിരിക്കുക. ഹത്ഷേപ്സൂത്തിന്റെ പൂർവ്വികര് പുന്ത് യാത്രയില് പിരഹുവും ഈജിപ്തുമായി നടന്ന ചില സന്ധികള് ,ക്രേതെയി ലെ ഫുണീഷ്യവംശം (ഭാരതീയനാഗഫണീശ്വരവംശം)പൂർണ്ണമായും സുനാമിയും അഗ്നിപ ർവ്വതസ്ഫോടനവും കൊണ്ട് നശിച്ചത് ,അതേത്തുടർന്ന് ഹസ്തിനപുരത്ത് ഭരിച്ചിരുന്ന പാ ണ്ഡവവംശത്തിലെ അവസാനത്തെ രാജാവിനെ (ക്ഷേമക)സേനാപതി വധിക്കുന്നത്, വിശ്രവസ്സിന്റെ കാലത്ത് മിത്തനിരാജാവ് അശ്വവിദ്യ വിദേശികൾക്ക് പഠിപ്പിച്ചു കൊടു ത്തത്, 1140ൽ തെന്മധുരയിലെ രണ്ടാംസംഘകാലാരംഭം,ബിസി 1000ത്തിൽ ദാവൂദ്, സോളമനെന്നിവരുടെ ഭരണകാലത്തെ മലബാറിന്റെ വ്യാപാരബന്ധം, അക്കാലത്ത്(ബി സി 1500-1000)ഉണ്ടായ ഈ സംഭവങ്ങളാവണം മറ്റുള്ളവരിൽനിന്ന് ചില പ്രത്യേകതക ളോ,മാറ്റങ്ങളോ ചേരപദത്തിന് ഉണ്ടാവാനുള്ള കാരണം.

അഗസ്ത്യമുനി ശിവപാർവ്വതിവംശമായ (മീനാക്ഷി,സുന്ദരപാണ്ഡ്യ)ആയ് (യാദവ)രാജാവ് പാണ്ഡ്യന്റെ പൂർവ്വീകകുലഗുരുവായിരുന്നു.പൊതിയിൽ(പൊതികൈ)മലയിൽ വസിക്ക യാലാണ് പൊതികൈമുനി എന്ന പേര്. അകത്തീയരെന്നാണ് തമിഴിലെ നാമം. കുംഭ ത്തി ൽ അഗസ്ത്യനും വസിഷ്ഠനും മിത്രാവരുണികൾക്ക് ജനിച്ച കഥ രാമായണംമുതല് മണിമേഖലവരെയുള്ള കാലത്ത് എല്ലാ ഗ്രന്ഥകാരന്മാർക്കും അറിയാം. മുതൽസംഘകാ ലത്തും രണ്ടാം സംഘകാലത്തും ഉണ്ടായിരുന്ന അകത്തീയം എന്ന ഗ്രന്ഥം മൂന്നാം സംഘ കാലത്തും ഇന്നും ദക്ഷിണേന്ത്യയിലെ സ്വീകാര്യമായ ഗ്രന്ഥമായി തുടരുന്നു. ദണ്ഡകാര ണ്യത്തെ ജനവാസയോഗ്യമാക്കുന്നതിന് വാത്പി,ഇല്വലനെന്നിവരെ തോൽപ്പിച്ചത് അഗ സ്ത്യനാണ്. (പിന്നീട് വിശ്വാമിത്രനും രാമലക്ഷ്മണന്മാരും അതിനെ നരഭോജിക ളിൽനിന്ന് വിമുക്തമാക്കി.)താടകയുടെ ഭർതാതവായ സുന്ദനെ വധിച്ചത്,വിന്ധ്യനു തെക്ക് തൊവ രികൈ (തൊവരിഗുഹ- വയനാട്ടിലുള്ളത്)ഗുഹകളിൽ 18 വേളിർമാരോടു കൂടി വന്നു താമസിച്ചത്, തലൈക്കാവേരിയിലെ കുടജാദ്രിയിൽതപസ്സു ചെയ്യവേ കമണ്ഡ

ലുവിൽനിന്ന് ജലമൊഴുക്കി കാന്തനെന്ന ചോളരാജാവിനുവേണ്ടി കാവേരി നദി സൃഷ്ടിച്ചത് ,മലയാചലത്തിൽവസിക്കവേ തുങ്കെയിൽ(തുങ്കെഴില്)എന്ന ചടങ്ങ് ഉപേക്ഷിച്ച് പുകാറിൽ കൊല്ലം തോറും ഇന്ദ്രോത്സവം തുടങ്ങാൻ നിർദ്ദേശിച്ചത്, നാച്ചിയാർക്കിനിയാര് തന്റെ കൃതിയി ൽ പരാമർശിക്കുന്നതുപോലെ രാവണനെ പൊതികൈമലയിൽവരാതെ ലങ്കയി ൽ മാത്രമിരുത്തിയത്, അതിന്നായി സഹ്യാദ്രിയുടെ തെക്കേ അറ്റത്ത് അഗസ്ത്യകൂടത്തില് താമസമാക്കിയത്,രാവണവധത്തിനായി ആദിത്യഹൃദയം രാമന്ന് ഉപദേശിച്ചത് ,ലോപാ മുദ്രക്കു വേണ്ടി എല്ലാ ഐശ്വര്യങ്ങളും തികഞ്ഞ രഥം തീർത്ത് ലോകം ചുറ്റിയത്, ലോപാമു ദ്രാസൂത്രമെന്ന പഞ്ചദശി, സിദ്ധവൈദ്യം ഇവ ദക്ഷിണേന്ത്യയിലാകെ പഠിപ്പിച്ചത്- ഇങ്ങ നെ എണ്ണിയാലൊടുങ്ങാത്ത അപദാനങ്ങളുള്ള അഗസ്ത്യമുനി ദക്ഷിണേന്ത്യയുടെ ചരിത്ര ത്തിലെ പ്രധാനകഥാപുരുഷനാണ്. അഗസ്ത്യമുനി ഭൂമദ്ധ്യരേഖയുടെ 10 ഡിഗ്രി വടക്കു മേ ലെയുള്ള അഗസ്ത്യകൂടമലനിരകളിലിരുന്ന് നിരീക്ഷിച്ച് നിർണ്ണയിച്ച നക്ഷത്രം ദക്ഷിണധ്രു വരാശിഭാഗത്തുണ്ട്.ദക്ഷിണഭാഗത്ത് 10 ഡിഗ്രിവടക്കുനിന്ന് കാണാനാവുന്ന അഗസ്ത്യോ ദയത്തെ ഭാരതത്തിലെ ജ്യോതിശ്ശാസ്ത്രഗ്രന്ഥങ്ങളെല്ലാം കൃത്യമായി പറയുന്നു. തമിഴുമുത ൽസംഘം 4440 വര്ഷവും രണ്ടാം സംഘം 3700 വർഷവും മൂന്നാം സംഘം 1850 വ ർഷവും (ആകെ 9990 വർഷം) നിലനിന്നു എന്നാണ് നീലകണ്ഠശാസ്ത്രി പറയുന്നത് (പേജ് 68)9990 വർഷത്തില് 8598 കവികളും 197 രാജാക്കന്മാരും (പേജ് 105)ചേർന്ന രാജവം ശകുലസംഘങ്ങളാണ് കേരളംകൂടി ഉൾപ്പെട്ട തമിഴകത്ത് ഉണ്ടായത്. ബിസി അഞ്ചാം നൂറ്റാണ്ടിനുമുമ്പ് ബാബിലോണിയയിലേക്ക് കൊണ്ടുപോയിട്ടുള്ള എല്ലാ വസ്തുക്കൾക്കും അതാതിന്റെ തമിഴുനാമമാണ് ബാബിലോണിയക്കാർ കൊടുത്തിരിക്കുന്നത്.ഇത് ബാ ബിലോണിയയുമായി കച്ചവടം ചെയ്തിരുന്ന സമുദ്രസഞ്ചാരികളായ ഫുണീഷ്യർ ദ്രാവിഡ രാണെന്നും തമിഴുസംസാരിച്ചിരുന്നവരാമെന്നുമുള്ളതിന്റെ തെളിവാണ്.. അഗസ്ത്യകാലം മെഹ്ർഗാര്ഹ്, രാമായണ,പരശുരാമ,ശ്രീരാമകാലമാണ്.അന്ന് സൈന്ധവസരസ്വതി ലിപി ഉപയോഗിച്ചിരുന്നവരുടെ ഭാഷ തമിഴെന്ന ദ്രാവിഡഭാഷയാണ്. അഗസ്ത്യനും തമി ഴാണ് സംസാരിച്ചിരുന്നത്, വിദ്യാഭ്യാസഭാഷ സംസ്കൃതമായിരുന്നു. അത് എഴുതിയിരുന്ന ലിപിയാണ് സൈന്ധവസരസ്വതി-ബ്രാഹ്മിലിപി. (എൻ.കെ.ശാസ്ത്രി പേജ് 71).ബിസി ര ണ്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലെ ഹാത്തിംഗുംബ ഖരവേലശാസനം 113 വർഷമാ യിട്ട് നില നിൽക്കുന്ന ഒരു തമിഴ് കുലസംഘരാഷ്ട്രം കലിംഗത്തിനു ഭീഷണിയാണെന്നു പറഞ്ഞിരിക്കുന്നു. ഇത് മൂഷകരാജ്യത്തെ കേരളീയനായ ചേരന്റെ രാജ്യമാവണം. അന്ന് മഹോദയപുരം ശക്തമായിക്കൊണ്ടിരിക്കയാണ്.സമുദ്രവ്യാപാരം അവരുടെ കുത്തകയാ ണ്. സിന്ധുവാരുണൻ ഒന്നാമനെന്ന ശതക്രതു നിപാതവർമ്മന്റെ കാലമാണത്.

മധുരമാവട്ടത്തിലെ 67 ദമിലി ലിഖിതങ്ങളില് ശ്രീലങ്കൻലിഖിതങ്ങളുമായി സാമ്യം കണ്ടെ ത്താനായിട്ടുണ്ട്. (ഐരാവതം മഹാദേവന്റെ വായന). ഇവ സ്വാഭാവികമായ പർവ്വതഗു

ഹകളിലാണ് എഴുതപ്പെട്ടിരിക്കുന്നത്. അരിക്കമേട്,ഉറയൂർ,അളഗരൈ,കോർക്കൈ ഭാഗത്തുനിന്നുള്ള പോട്ടറിലിഖിതം,ആണ്ടിപ്പട്ടിയിലെ 125 നാണ്യങ്ങളെന്നിവ ഇന്നും പൂർണ്ണമായി വായിച്ചെടുത്തിട്ടില്ല. രണ്ടാം നൂറ്റാണ്ടിലെ ഭട്ടിപ്രൊലു ബ്രാഹ്മിയാണ് അവയിലുള്ളത്. വ്യഞ്ജനം (സ്വരമില്ലാതെ)സൈന്ധവലിപിയിലുള്ളപോലെയാണ് ഇതും. ഇക്കാലത്തെ ലിഖിതങ്ങൽ ഭൂരിഭാഗവും മീനാക്ഷിപുരം, തിരുവടവൂർ,കിളളിവളവു, കൊങ്കർപുളിയംകുളം, ശിറ്റന്നവാസലെന്നിവിടങ്ങളിൽ നിന്നാണ്. നെടുഞ്ചെഴിയൻ പണവന് കടലന് വഴുതി എന്ന പാണ്ഡ്യൻ ജൈനമുനി നന്ദന് കൊടുത്ത ദാനമാണ് മധുരക്കടുത്ത മീനാക്ഷിപുരത്തെ പ്രധാനലിഖിതം. ബിസി രണ്ടാം നൂറ്റാണ്ടിലെ നെടുഞ്ചെഴിയന് ഒന്നാമനാണ് പറയപ്പെട്ട രാജാവ്. ബ്രാഹ്മണർക്കും ജൈനർക്കും വ്യത്യാസം കൂടാതെ രാജാക്കന്മാർ ദാനം ചെയ്തിരുന്നു. ക്രിസ്തുവർഷാരംഭത്തിലെ ലിഖിതങ്ങള് ആനമല,തിരുപ്പരംകുന്റം, പുഗലൂർ എന്നിവിടങ്ങളിൽനിന്ന് കിട്ടി. ഈ ഗ്രൂപ്പിൽ പുഗലൂരിലെ അർണാട്ടർമലയില് ചേരന്മാർ ജൈനർക്ക് ഭൂമി കൊടുത്ത ലേഖനമാണ് കാണുന്നത്. ഇതിലെ ചേരൻ യുവരാജാവ് ഇളം കടുംകോ ആണ്. കോ-ആതൻ-ചേൽ ഇരുമ്പൊറൈ (ശെൽവക്കടുംകോ) യുടെ മകനായ പെരും കടുംകോ(പാലൈ പാടിയകവി),ഇളംകടുംകോ (മരുതം പാടിയ കവി)എന്ന് മൂന്നു പൂർവ്വികരെ ലിഖിതെ സംഘം സാഹിത്യത്തിലുള്ള പോലെത്തന്നെ പരാമർശിച്ചിട്ടുണ്ട്.

മൂന്നാം ഘട്ടമാണ് എഡി മൂന്നാം നൂറ്റാണ്ട്. വട്ടെഴുത്ത്,തമിഴ് ഇവയുടെ ആദ്യഘട്ടം ആരംഭിക്കുന്നത് അക്കാലത്തെ ലിപിയിലാണ്. ദമിലി (തമിഴ്ബ്രാഹ്മി)ലിപിയിൽ ഭാഷ തമിഴാണ്. രണ്ടെണ്ണം പ്രാകൃതലിപി (അരിക്കമേട്)കിട്ടിയിട്ടുണ്ട്. ല,ര,ഴ,ന (ദ്രാവിഡപദങ്ങ ൾ)ഉണ്ട്. ധ,ഥ ഇല്ല. എല്ലാം ജൈനമുനിമാർക്ക് ഭൂമികൊടുത്ത രേഖകളാണ്. സല്ലേഖനമരണം അനുഷ്ഠിച്ച സ്ഥലത്ത് അറുപ്പിത്തക്കൽ (ശില)എന്ന വീരക്കല്ല് നാട്ടുന്നത് ജൈനരുടെ കാലത്താണ് എന്നത് ശരിയാണോ എന്ന് സംശയമുണ്ട്. വീരക്കല്ല് ജൈനമുനിമാർക്ക ല്ല, വീരയോദ്ധാക്കൾക്കാണ്.മധുര,നെൽവേലി,കരുവൂരെന്നിവിടങ്ങളിൽ ദാനം ചെയ്യുന്നവർ രാജാവ്,യുവരാജാവ്,സേനാപതി,വണികർ,സ്ത്രീകൾ,കുടുംബികൾ,ഇള എന്നിവരാണ്. സ്വീകരിക്കുന്നവർ (ദക്ഷിണ)ജൈന,ബൌദ്ധ,ബ്രാഹ്മണരാണ്. പൊൻവണികന് , കുലവണികൻ,ഉപ്പുവാണികനെന്ന് വിൽപ്പനവസ്തുവിന്റെ നാമം ചേർത്തും ,നിമാതത്താരെന്ന് വണികസംഘപ്പേരുചേർത്തും(*guild*) ലിഖിതങ്ങളുണ്ട്. കണി(കാണി),ഗണത്തിലെ അംഗം,അധിത്താനം(അധിഷ്ഠാനം)ദമ്മം(ധർമ്മം),താനം(സ്ഥാനം),ഉപാസാ(ഉപാസകൻ),പാലീയം(പള്ളി),കുവീര(കുബേര)മുതലായ തമിഴ്പ്രാകൃതപദങ്ങൾ എല്ലാവരും ഉപയോഗിച്ചിരുന്നു. ദാനം ചെയ്യുന്നവരെല്ലാം ഇവ ഉപയോഗിക്കുന്നുണ്ട്. അതിനെ ജൈനഭാഷ എന്നു പറയാവതല്ല.തമിഴ്ഭാഷ എന്നല്ലാതെ ഹിന്ദുഭാഷ.ദൈനഭാഷ,ബൌദ്ധഭാഷ എന്നു പറയുന്നതിലെ അർത്ഥശൂന്യത മനസ്സിലാക്കണം.

വംശാവലിഃ

1. കോ ആതന് ചേല് ഇരുമ്പൊറൈ (ശെൽവക്കടുംകോ)
2. രണ്ടു മക്കൾ പെരും കടുംകോ(പാലൈ), ഇളംകടുംകോ (മരുതം)
3. ഉതിയൻചേരൽ(എഡി 130 എന്ന് നീലകണ്ഠശാസ്ത്രി)ബിസി 56 –എഡി 204 വരെ 254 വർഷമാണ് ഇവരുടെ ശാഖ ഭരിച്ചത്)വിക്രമശകാരംഭം ബിസി 56ൽ.
4. നെടുംചേരൽ ആതൻ.(യവനർ,സപ്തരാജാക്കന്മാരെന്നിവരെ തോൽപ്പിച്ചു. സമുദ്രയുദ്ധം നടത്തി. അധിരാജാ, ഇമയവരമ്പനെന്നീ ബിരുദങ്ങളുണ്ടായിരുന്നു.തലസ്ഥാനം മന്തൈ,അഥവാ മാന്തൈ. ചോളരുമായി യുദ്ധം ചെയ്ത് ചോളനെ വധിച്ചതിനാൽ ചോളരാജ്ഞിക്ക് സതി അനുഷ്ഠിക്കേണ്ടിവന്നു.
5. അദ്ദേഹത്തിന്റെ ഇളയസഹോദരൻ.അനേകം ആനകളുടെ ഉടമസ്ഥനായ കുട്ടവന്. കൊങ്ങുനാട് മുഴുവനും കീഴടക്കി. സാമ്രാജ്യവിസ്തൃതി പടിഞ്ഞാറേ കടലുമുതൽ കിഴക്കേ കടലുവരെ.
6. നെടുഞ്ചേരലാതന് രണ്ടുമക്കളാണ്. കളംകായ് കണ്ണി നാർമുടിച്ചേരല് ,ചേരൻ ചെങ്കുട്ടവൻ. നാർമുടിച്ചേരല് അതികമാന് ആഞ്ചിയെ(തകടൂർ)തോൽപ്പിച്ചു. അധിരാജനായി 7 മുടിമാല (7 രാജാക്കളെ തോൽപ്പിച്ച)മാല ചൂടി. ചെങ്കുട്ടവനാണ് ചിലപ്പതികാരത്തിലെ ചേരരാജാവ്. മോകൂരിലെ വിജയം,സമുദ്രയുദ്ധം,നാവികപ്പട, അശ്വപ്പട,ആനപ്പട, ഏഴുമുടിമാല ചൂടിയ അധിരാജപദവി, യോദ്ധാവാണ്, കലാപോഷകനാണ്, കോട്ടകളെ പ്രതിരോധിച്ചു, നന്നന്റെ വിയലൂർ പിടിച്ചു. കൊങ്ങുനാട്ടിലെ കൊടുഗൂർകോട്ട പിടിച്ചു. 9 ചോളരാജാക്കളെ വധിച്ച് പത്താമതൊരു ചോളയുവരാജാവിന് ചോളരാജ്യം കൊടുത്തു ചോളരുടെ ഇളമുറത്തർക്കം തീർത്തുകൊടുത്തു. പത്തിനിദൈവം കൾട്ട് കൊടുങ്ങല്ലൂരിൽ തുടങ്ങിവെച്ചു. പിൽക്കാലത്തെ ചിലപ്പതികാരം ഈ കഥ പറയുന്നു. സമകാലീനനായിരുന്നു പരണരെന്ന കവി.

പതിറ്റുപ്പത്തിൽ ഉതിയന് ചേരല് പരമ്പരയിലെ അഞ്ചു രാജാക്കന്മാരുടെ കഥയാണുള്ളത്. 201 വർഷം ഇവരഞ്ചുപേരും കൂടി ഭൂമി ഭരിച്ചു. പിന്നെയുള്ള 58 വർഷം ഇവരുടെ തന്നെ മറ്റൊരു ശാഖയാണ് ഭരിച്ചത്. ആകെ 259 വർഷം. ചേരന്മാരുടേത് ഒരു കുലസംഘഭരണമായിരുന്നു.(*An efficient form of state organization)*.ഇത്തരം കുലസംഘങ്ങളാണ് സൂര്യ,ചന്ദ്ര,അഗ്നി,ശതകർണ്ണിവംശങ്ങളുടേതും .അതായത് സൈന്ധവസരസ്വതി സംസ്കൃതി,മൂഷകവംശം,ശതക്രതുക്കൾ,ഇക്ഷ്വാകു,യാദവവംശങ്ങളെന്നിവയും മഹാബലിയെപ്പോലുള്ളവരുടെ അസുരവംശങ്ങളും ഇതേ ഭരണസംവിധാനമാണ് തുടർച്ചയായി സഹസ്രാബ്ദങ്ങളോളം കൊണ്ടുനടന്നിരുന്നത്. കുലസംഘം വണിക, ബ്രാഹ്മണ,ക്ഷത്രിയ, ശൂദ്ര,പഞ്ചമവേദസംഘം കൂടിയാണ്.ഇവരാമ് ഭാരതത്തിലെ പഞ്ചജനം. 9 ചോളരാജാക്ക

ന്മാരുടെ ജീവഹാനി (വംശവിഛേദം)വന്നതുകൊണ്ടാണ് ചെങ്കുട്ടവൻ മന്ത്രിമാ ർധർമ്മോപദേശം ചെയ്തത്. രാജാക്കന്മാരുടെ യുദ്ധക്കൊതി തീർക്കാന് ബ്രാഹ്മണരുടെ ധർമ്മോപദേശം ഉണ്ടായിരുന്നു. വണികരും പഞ്ചമവേദവും ഇതിന്നായി ബ്രാഹ്മണരെ സഹായിച്ചിരുന്നു.പതിറ്റുപ്പത്തിലെ അവസാനത്തെ മൂന്നു പത്തുകളിലെ വീരനായകർ ഉദയ ൻചേരലിന്റെ വംശത്തിന്റെ സമകാലീനരായ അവരുടെ തന്നെ മറ്റൊരു ശാഖയാണ് (109. നീലകണ്ഠശാസ്ത്രി).ആണ്ടുവൻ,മകനായ ശെൽവക്കടുംകോവഴിയാതന് എന്നിവര് അവര്ക്കു മുമ്പാണ്. രണ്ടുപേരും വൈദികജ്ഞാനമുളളവരും ശതക്രതുക്കളുമായിരുന്നു. ഉറയൂരിലെ ബ്രാഹ്മണകവികളുടെ സുഹൃത്തായ ആയ്,കപിലരുടെ സുഹൃത്തായ പാരി, ചേരസദസ്സിലെ ബ്രാഹ്മണകവി കപിലർ എന്നിവര് പരാമർശിക്കപ്പെടുന്നു. ശെൽവക്കടുംകോവഴിയാതന്റെ സദസ്സിൽ പാരിയുടെ മരണശേഷമാണ് കപിലരെത്തുന്നത്.

വേൾമാർ:-

അഗസ്ത്യന്റെ ഹോമാഗ്നിയിൽ ജനിച്ചവരാണ് വിഷ്ണുവംശജരായ ആയ്(യാദവ)വംശം. ആയ്ശാല(ഹോയ്സല)വംശത്തിനെന്നപോലെ ഇവർക്കുമുണ്ട് പുലിയിൽനിന്ന് തപസ്വിയെ രക്ഷിച്ച കഥ. ടോളമിയുടെ കാലത്ത് ആയ് വേളാണ് കന്യാകുമാരിക്കും ബെത്തിഗോ(പൊതികൈ)മലക്കുമിടയിലുള്ള ഭൂഭാഗം ഭരിക്കുന്നത്. ഉറയൂരിലെ ആന്തിര ന്(ആന്ധ്ര ൻ)സുഹൃത്തുക്കൾക്കെല്ലാം ആനകളെ സമ്മാനിച്ചിരുന്നു.നാഗമുഖ്യനായ നീലൻ കൊടുത്ത മൃദുലമായ പട്ട് ആന്തിരനാണ് ശിവന് സമർപ്പിച്ചത്. കൊങ്ങരെ പടിഞ്ഞാറെ കടലുവരെ ഓടിച്ച ചരിത്രവുമുണ്ട് ആന്തിരന്ന്. വളരെ സമാധാനപ്രിയനായിരുന്നു,അദ്ദേഹം. ആന്തിരന്റെ മരണത്തില് ,ഇന്ദ്രലോകം അദ്ദേഹത്തെ മുരദമടിച്ച് സ്വീകരിച്ചു എന്ന് പതിറ്റുപ്പത്ത്. കൊട്ടുംകുന്റും ,പിറമ്പുമലയിലെ പാരിവള്ളലെന്ന് (ദാനശീലം)സുന്ദരമൂർത്തിനായനാരെഴുതുന്നു. പറമ്പുമല ഇപ്പോളത്തെ പറമ്പിക്കുളമാണ്. കൊട്ടുംകുന്റും വള്ളുവനാട്ടരചന്മാരുടെ പരദേവതയായ കൊടിക്കുന്നത്തുഭഗവതിയുടെ തട്ടകവും.

നടുവിലായി കോട്ടയോട്ടുകൂടിയ കുന്ന്. ചുറ്റും 300 ഗ്രാമം. ആ സ്ഥലത്തിന്റെ സസ്യസമൃദ്ധി, കോട്ടയുടെ ശക്തി,പാരിയുടെ ദാനശീലം,കപിലരുടെ പരിശീലനം കൊണ്ട് ഭാഷ പഠിച്ച കിളികൾ(ശുകം),ശത്രുവിന്റെ പിറകേ ചെന്ന് സൈന്യങ്ങൾക്കുവേണ്ട ധനധാന്യം സംഭരിക്കുന്നതുകൊണ്ട് മാസങ്ങളോളം ക്ഷാമമറിയാത്ത കോട്ട, ആരും പ്രവേശിക്കാത്ത പർവ്വതദുർഗ്ഗമായതുകൊണ്ട് കാവലില്ലാതെ പാരിയും രണ്ടു പെണ്മക്കളും മട്ടുപ്പാവിലിരുന്ന് വെളുത്തവാവിന് ആനന്ദിക്കവേ ,അപ്രതീക്ഷിതമായി യുദ്ധമുരജം അടിച്ച് ശത്രുക്കൾ കടന്നുവന്നു. പാരിയെ ചതിച്ചു വധിച്ചു. ഒരുമകളെ കപിലർ മലയമാന് തിരുമുടി കാരി (മുള്ളൂർമല)ക്ക് വിവാഹം കഴിച്ചുകൊടുത്തു. (വന്ദേരിനാട്ടിന്റെ പഴയ അതിർത്തി കാണുക. വേളുകളുടെ ഭൂമി കാണാം).കൊല്ലിമലയിലെ കാരിയെ വധിച്ച് കൊല്ലിമല ചേരനാടിനോടു ചേ

ർത്ത വ്യക്തിയാണ് ഈ കാരിയെന്ന് കപിലര് പറയുന്നുണ്ട്. പാരിയുടെ എല്ലാ സദ്ഗുണങ്ങളും തികഞ്ഞ ശെൽവക്കടുംകോവഴിയാതന്റെ (ആണ്ടുവന്റെ പുത്രൻ) അടുത്ത് പിന്നീട് കപിലൻ ചെന്നു.അവിടെ സദസ്യനായി. ആതന്റെ മകനായ പെരും ചേരൽ ഇരുമ്പൊറൈ (സി.190)തകടൂർ പിടിച്ചടക്കി (ധർമ്മപുരി,സേലം).അത് അതികമാന്മാരുടെ ശക്തികേന്ദ്രമായിരുന്നു. കളുവുൾ എന്ന ഇടയമുഖ്യന്റെ കോട്ട പിടിച്ചടക്കി. ധാരാളം യാഗങ്ങളനുഷ്ഠിച്ച ധർമ്മിഷ്ഠനും ത്യാഗിയുമായിരുന്നു ഇരുമ്പൊറൈയിലെ പെരുംചേരല്. ഇരുമ്പൊറൈ തോൽപ്പിച്ച നെടുമാനാഞ്ചി അതികമാന്റെ സദസ്യയായിരുന്നു ഔവ്വയാർ. അദ്ദേഹത്തിന്റേയും പുത്രനായ പൊഗുത്തെളിനി(എഴ്ലി,എഴിനി)യുടേയും കഥകൾ ഔവ്വയാരാണ് പാടിയിട്ടുള്ളത്. തൊണ്ടൈമാനോട് സന്ധിസംഭാഷണത്തിന് അതികമാന്റെ പ്രതിനിധിയായി പോയതും ഔവ്വയാരാണ്. ഔവ്വയാർക്ക് ആഞ്ചി ജര(വാർദ്ധക്യം)തടുക്കാനും ആയുസ്സിനുമായി ഒരപൂർവ്വഇനം നെല്ലിക്ക (ത്രിഫല-നെല്ലിക്ക,താന്നിക്ക,കടുക്ക)കൊടുത്തു. ഔവ്വയാരുടെ പാട്ടിലെ അതികമാൻ ദേവന്മാർപോലും ബഹുമാനിക്കുന്ന തറവാട്ടില് പൂജായജ്ഞാദികളുടെ ഫലമായി പിറന്നവനാണ്. ആദ്യമായിട്ട് കരിമ്പുകൃഷി തുടങ്ങിയത് അതികമാന്റെ വംശമാണ്. ബിസി 327ൽഅലക്സാണ്ടറുടെ കാലത്ത് തന്നെ ഇന്ത്യയില് കരിമ്പുകൃഷിഉണ്ടെന്ന് ഗ്രീക്കുകാരുടെ പുസ്തകങ്ങളിലുള്ളതിനാല്,അതികമാന്റെ വംശവും അതിനേക്കാളും പഴക്കമുള്ളതാവണം. കോവലൂരിനെ അതികമാൻ തോല്പ്പിച്ചു. ചേരന്റെ തകടൂർയാത്രയും അതികമാന്റെ തോൽവിയും മാത്രം ഔവ്വയാര് പറയുന്നില്ല. അതികമാൻ ,പാണ്ഡ്യൻ,ചോളൻ മൂവരും ചേർന്നാണ് ചേരനെ എതിർത്തത്. ചേരന്റെ വിജയത്തോടെ ചേരന് ചക്രവർത്തിപദം കിട്ടി. ഇതിന്റെ അവമാനം തീർക്കാന് നന്ദന്റെ പാഴിയെ ആക്രമിച്ച അതികമാനും അദ്ദേഹത്തിന്റെ ആയ് എയിനനും (അയിനിക്കുറ്)നന്ദന്റെ സേനാധിപനായ മിഞ്ഞിലിയാൽവധിക്കപ്പെട്ടു. അതികമാന് വേണ്ടി വീരക്കല്ല് നാട്ടുകയുണ്ടായി. (എ.നീലകണ്ഠശാസ്ത്രി. ദക്ഷിണേന്ത്യയുടെ ചരിത്രം)

കുടക്കോ ഇളംചേരൽ ഇരുമ്പൊറൈ (എഡി 190)തകടൂർജയിച്ച പെരുംചേരലിന്റെ ഒന്നുവിട്ട സഹോദരനാണ്.(അമ്മ വേറെയാണ്). ചോളരാജാക്കന്മാരോടും പിച്ചിയോടും യുദ്ധം ചെയ്തു. 5 കോട്ട പിടിച്ചടക്കി. പൊച്ചി എന്ന സ്ഥലത്തെ ചോളരാജാവും യുവരാജാവ് പഴയൻമാരനുമാണ് തോറ്റവർ. പഴവഞ്ചിയിലേക്ക് അവരുടെ നഗരങ്ങളിൽനിന്ന് ധാരാളം ധനം കൊണ്ടുവന്നു. വനിനദി ഒഴുകുന്ന ചേരതലസ്ഥാനമായ കരുവൂർ അഥവാ കരൌര എന്ന ഉൾനാട്ടുനഗരവും പല തുറമുഖനഗരങ്ങളും ഉണ്ടായിരുന്ന വംശമാണ് ചേരന്മാരുടേത്. യാനൈക്കൺചേയ് എന്നും മാന്തരന് ചേരനെന്നും ഇരുമ്പൊറൈ എന്നും വിളിക്കുന്ന (എഡി 210)ചേരനെ നെടുഞ്ചെഴിയൻ രണ്ടാമന് തലയലങ്കാനത്തുവെച്ച് തടവിലാക്കി. അദ്ദേഹം രക്ഷപ്പെട്ടുകയുണ്ടായി.

കരികാലചോളൻ(എഡി 190)കാറ്റിനെ കീഴടക്കി കപ്പലോട്ടിയ രാജാവിന്റെ പുത്രനാണ് എന്നല്ലാതെ രാജാവിന്റെ പേരു പറഞ്ഞിട്ടില്ല. ആ രാജാവിന് ഇളം ചേയ് ചെന്നി (സുന്ദരങ്ങളായ രഥങ്ങളുള്ള കുമാരൻ) എന്ന് ഒരു ബിരുദമുണ്ടായിരുന്നു. കരികാലനെന്നാൽ കറുത്തകാലുള്ളവനെന്നും കന്മഷപാദന്റെ വംശക്കാരനെന്നും അർത്ഥം. കുട്ടിക്കാലത്തു തന്നെ തടവിലാക്കപ്പെട്ടുകയും രക്ഷപ്പെട്ടുകയും വീണ്ടും സ്വന്തം സിംഹാസനം വീണ്ടെടുക്കുകയും ചെയ്ത കരികാലചോളൻ പെരും ചേരല് ഇരുംപൊറൈയോട് എതിർത്ത അതികമാന്റെ കൂടെ യുദ്ധം ചെയ്ത അതേ ചോളനാണ്. (കുട്ടിക്കാലത്ത് തടവിലിട്ടത് ചേരനാണ്). തഞ്ചാവൂരിന്റെ 15 മൈല് കിഴക്കുള്ള വെന്നിക്കോവലൂര് ഇദ്ദേഹം പിടിച്ചടക്കി. അത് ആദ്യമേ ചോളന്മാരുടേതാണ്. ചോളന് പിന്നേയും പിടിച്ചടക്കേണ്ട ആവശ്യമില്ല. അതായത് ചോളസിംഹാസനത്തിൽ എഡി 190ൽ ഇരുന്ന ചോളന് മുള്ളൂർമല കാരിയുടെ വംശത്തിലുള്ള ഒരു ചേരനാമ്. കാരി,കരി, ,ഇളംചേയ്(കന്തൻ.കുമരൻ)മുതലായ വാക്കുകളെല്ലാം ഇതാണ് കാണിക്കുന്നത്. എഡി 180ൽ ചെങ്കുട്ടവന് 7 ചോളരാജാക്കന്മാരെ അവകാശത്തർക്കം തീർക്കാനായി വധിച്ചു. ചേര,ചോളപാരമ്പര്യം രണ്ടുമുള്ള (തന്നെപ്പോലെ) കരികാലനെ ചോളസിംഹാസനത്തിലിരുത്തി. ഈ കരികാലൻ യുദ്ധം ചെയ്തത് തഞ്ചാവൂരിലെ വെണ്ണിയിലല്ല, വന്ദേരിയിലെ തിരുക്കോവിലൂരെന്ന പെരുമ്പടപ്പിലാണ്. 7 വേളിർമാരുടെ വീരമുരജം ഈ യുദ്ധത്തില് നഷ്ടപ്പെട്ടു എന്ന പരാമർശം ഇതിലേക്കാണ് വിരല് ചൂണ്ടുന്നത്. സംഘകാലത്ത് 7 വേളിർമാര് അവരുടെ രാജ്യമെന്നിവ ഭൂമിശാസ്ത്രപരമായി വന്ദേരി,തൃശ്ശൂർ,തലപ്പള്ളി,വള്ളുവനാട്,പാലക്കാട് (ഇപ്പോഴത്തെ മലപ്പുറവും)ഉൾപ്പെട്ട സ്ഥലങ്ങളിലാണ്. പാലക്കാട്ടുച്ചുരം സമുദ്രമാർഗ്ഗത്തെ ഉള്ളൂരിനോട് ബന്ധിപ്പിക്കുന്ന പ്രധാനമാ ർഗ്ഗവുമാണ്. തെക്കൻ ആയ് വേളിർ(പാണ്ഡ്യ),ചേരവംശക്കാരുടെ ശക്തി ക്ഷയിപ്പിച്ച് ,ചേരൻ ചെങ്കുട്ടവന്റെ ഔദാര്യത്തിന് നന്ദികേട്ടു കാട്ടിയതാണ് കരികാലനെന്ന ബിരുദത്തിന്റെ മറ്റൊരുകാരണം. ചേരന് പിന്നിൽനിന്ന് വെട്ടുകൊണ്ടു. വടക്കിരുന്ന് ആത്മാഹൂതി ചെയ്യേണ്ടിവന്നു. (കുട്ടിക്കാലത്ത് ഒരു ചേരൻ തോൽപ്പിച്ച കുടിപ്പക ,മൂപ്പിളമത്തർക്കത്തി ൽ മറ്റൊരു ചേരന് സഹായിച്ച് സിംഹാസനം തിരിച്ചുകൊടുത്തതോടെ തീരേണ്ടതായിരുന്നു. അത് തീർന്നില്ല) കരികാലന്റെ വാകൈപ്പുരന്തലൈ യുദ്ധത്തില് 9 രാജാക്കന്മാർക്ക് ഛത്രം നഷ്ടമായി. വാകൈപ്പുരന്തലൈ വാകയൂർപ്പെരുംതുറൈ എന്ന തിരുനാവാതന്നെയാണ്. 9 രാജാക്കന്മാരാകട്ടെ,മൂഷക,ചേര,രാജാക്കന്മാരും 7 വേളിര്എന്ന കുറുനില മന്നരുമാണ്. ഇങ്ങനെ ചേരചോളപാമ്ഡ്യദേശങ്ങളുടെ അധിപനാകയാൽ ഒലിയരും അരുവാളരും (ഓത്തരും പണ്ഡിതരും)ഉള്ള സഭ അദ്ദേഹത്തിന്റെ ആജ്ഞാനുവ ർത്തികളായി (പട്ടിനപ്പാലൈ).പാണ്ഡ്യൻ ഇരുംകോവിൽവംശം കരികാലനാണ് പൂർണ്ണമായി നശിപ്പിച്ചത്. പെണ്ണാറിന്റെ തീരത്തെ അരുവാനാട്ടിലേയും നിളാ(പൊന്നാനി)തീരത്തെ ആതവനാട്ടിലേയും സഭാസംഘങ്ങൾ (അംഗങ്ങൾ) തന്റെ സാമ്രാജ്യം വിട്ട് പുറത്തു പോ

കരുതെന്ന് വിളംബരം ചെയ്യുകയും പോകാതിരിക്കാനായി ആനുകൂല്യങ്ങള് കൊടുക്കുകയും ചെയ്തു.സൂക്ഷിച്ചുനോക്കിയാൽ 7 ചോളരാജാക്കന്മാർ,പാണ്ഡ്യൻ,ചേരനെന്നിവരുടെ മരണത്തിനും 9 പേരുടെ ഛത്രം നഷ്ടമാകാനും കാരണമാക്കിയ വ്യക്തിയാണ് കരികാലചോഴനെന്നു കാണാം. കരികാലന്റെ കാലത്തോടെ വന്ദേരിവഞ്ചിയിലെ അരിവാളരും ഒലിയരും പലരും കാവിരിപ്പൂംപട്ടണത്തിന്റെ പ്രശസ്തി പാടാനാരംഭിച്ചു. വഞ്ചിക്ക് പ്രശസ്തി കുറഞ്ഞു. ചിലപ്പതികാരകാലം മുതലുള്ള 11, 12 നൂറ്റാണ്ടുകളിലെ തമിഴ്കൃതികള് വരെ കരികാലചോളന്റെ കഥ പറയുമ്പോൾ മൂഷകവംശകാവ്യം അദ്ദേഹത്തെ രിപുരാമനെന്ന് വിളിക്കുന്നു. (ശത്രുരാമൻ).നാങ്കൂറിലെ വേളിർമകളാണ് കരികാലന്റെ പത്നി. (നാച്ചിയാ ർക്കിനിയാ ർ)ആദിമന്തി എന്ന പുത്രിയെ വിവാഹം ചെയ്തത് ആതൻ ആത്തി ചേരനെന്ന യുവരാജാവാണ്. രണ്ടുപേരും (പുത്രിയും പുത്രിയുടെ ഭർത്താവും)നർത്തകരും ദേവദാസരുമായിരുന്നു. കാഞ്ചീപുരത്തെ തൊണ്ടൈമാൻഇളംതിരയന് കരികാലന്റെ സമകാലീനനാണ്. വിഷ്ണുവംശജനും തിരയനെന്ന സമുദ്രജാതനായ മുക്കുവനുമാണ് അദ്ദേഹം. ഈ യുവരാജാവ് കരികാലന്റെ കീഴിലുള്ള സാമന്തനായിരുന്നില്ല എന്നും അതികമാന്റെ ദൌത്യവുമായി കവികുടിയായ ഈ യുവരാജാവിനെയാണ് ഔവ്വയാർ സന്ദർശിച്ചതെന്നും കാണുന്നു. ഇളന്തിരയനാണ് രാജധർമ്മത്തിലെ സദാചാരത്തെക്കുറിച്ച് കവിതകളെഴുതിയിട്ടുള്ളത്.

എഡി 210ൽ തലയലങ്കാനത്തെ യുദ്ധം ജയിച്ച പാണ്ഡ്യന് നെടുംചെഴിയന് മാങ്കുടി മരുതനാർകിളാർ,നക്കീരനിവരാൽ പതിറ്റപ്പത്തില് പുകഴ്ത്തപ്പെട്ടവനാമ്. മാങ്കുടി മരുതനാരുടെ മധുരക്കാഞ്ചിയിൽ നെടുഞ്ചെഴിയന്റെ പൂർവ്വികരെ പരാമർശിക്കുന്നു. വേൾവിക്കുടി, ശിന്നമാനാർ, ശാസനങ്ങളിലും ശിവപുരാണത്തിലും പറയുന്ന നെടിയോനെന്ന വിഷ്ണുവാണ് ആദ്യത്തെ പൂർവ്വികൻ. പരുളിനദി കൊണ്ടുവന്നതും സമുദ്രദേവനായ വരുണനെ ആരാധിക്കാൻ പഠിപ്പിച്ചതും നെടിയോനാണ്. പൽശാലൈ മുതുക്കുടുമി വേൾവിക്കുടിദാനത്തില് പരാമർശിക്കപ്പെടുന്നു. (അനേകം ശാലകളുള്ളവനും വൃദ്ധനുമായ കുടുമി-കുടുമയുള്ളവനും കുടുംബനാഥനും- ആണ് ഇദ്ദേഹം.) നെടുഞ്ചെഴിയന് കോവലന്റെ മരണത്തിനു കാരണക്കാരനായ പാണ്ഡ്യനാണ് . തഞ്ചാവൂരിലെ തിരുവാലൂരിന് 8 മൈല് വടക്കുപടിഞ്ഞാറുള്ള തലയലങ്കാനത്തുവെച്ച് യാനൈക്കൺ ചേയ് എന്ന ചേരനെ തടവിലാക്കി. മിലലൈയുടെ കുറ്റം (കുറ്റാലം)എവ്വിയുടെ മുത്തൂർ,എന്നിവ സ്വന്തമാക്കി. മുതുവെള്ളിലൈ എന്ന പഴയ വെളിയങ്കോടിലെ കർഷകരും വ്യാപാരികളും ഇക്കാലത്ത് പാണ്ഡ്യനെ വിശ്വസ്തതയോടെ സേവിച്ചിരുന്നു. (മധുരക്കാഞ്ചി)കോർക്കൈ,തെക്കേ പരതവരുടെ മുത്തുവ്യാപാരകേന്ദ്രമെന്നിവ പാണ്ഡ്യന്റേതായിരുന്നു. ഇക്കാലമെല്ലാം ചേരചോളപാണ്ഡ്യന്മാരുടെ മൂപ്പിളമത്തർക്കം സിവില് യുദ്ധങ്ങളാല് ഏറെക്കാലമായി നിലനിന്നിരുന്ന കുലരാഷ്ട്രവ്യവസ്ഥയെ കുറേശ്ശെയായി ക്ഷയിപ്പിച്ചുകൊണ്ടിരിക്കയാണ്. നലംകിള്ളി(ശേത്ശെന്നി)യും

നെടുംകിള്ളിയും തമ്മിലുള്ള മൂപ്പിളമത്തർക്കത്തിൽ നലങ്കിള്ളിയുടെ സഹോദരന് മാവില ത്താൻനെടുങ്കിള്ളിയെ ചിറയിലടച്ചു.കോവൂർ കിളാര് ഇതിനെ അപലപിക്കുന്നു. ഉറയൂരി ൽ വെച്ച് നെടുങ്കിള്ളിയെ നലംകിള്ളി കോട്ടയില് പ്രതിരോധിച്ചു. നലങ്കിള്ളിയുടെ ദൂതൻ കവി ഇളംദത്തൻ ചാരനെന്നു സംശയിച്ച് നെടുങ്കിള്ളി അയാളെ കൊല്ലാനൊരുങ്ങുമ്പോ ൾ കോവൂര് കിഴാര് അയാളെ രക്ഷിച്ചു. ഇപ്രകാരം വളരെ ബുദ്ധിമുട്ടുന്ന ഒരു ഘട്ടത്തിലാ ണ് സഭാംഗങ്ങൾ ചെങ്കുട്ടുവനെ തർക്കം തീര്ക്കാന് വിളിക്കുന്നത്.

നൈതലങ്കനാലിലെ ഇളംശേത് ചെന്നി(നലംകിള്ളി)ശേരുപ്പലി,പാമല്ലൂരെന്ന് രണ്ടുപ്രദേ ശം ചേരന്മാരിൽനിന്ന് പിടിച്ചെടുത്തിട്ടുണ്ട്. ചെങ്കണാരെന്ന ചോളൻ ശിവഭക്തനും പോ ർക്കളമെന്ന യുദ്ധസ്ഥലത്തുവെച്ച് കണൈക്കാല് ഇരുംപൊറൈ എന്ന ചേരനെ ചിറയി ലടച്ചവനുമാണ്. (പോർക്കളം വന്ദേരികുന്നംകുളത്തിനടുത്താണ്.) ചിറയിൽവെച്ച് ദാഹിച്ച വെള്ളം പോലും കൊടുക്കാതിരുന്നതിൽ അപമാനിതനായ ചേരന് എഴുതിയ ഒരു കവിത സംഘകാലസാഹിത്യത്തിലുണ്ട്. ചേരന്റെ സുഹൃത്ത് പൊയ്കയാർ(കവി)40 ശ്ലോകമുള്ള കളവലി എന്ന ചെങ്കണാൻപ്രശസ്തി എഴുതി സൂത്രത്തില് രക്ഷിച്ചു. ഈ കവിതയിൽ പോ ർക്കളത്തെ കളുമലം കരുവൂരിനടുത്ത് എന്നു പറയുന്നു.ഇത് പെരുമ്പടപ്പുരാജാക്കന്മാരുടെ കരുവൂരായ വന്ദേരിയാണ്. തിരുമങ്കൈയാഴ്വാർ ഈ രാജാവ് 70 ശിവാലയങ്ങളുണ്ടാ ക്കി എന്നു പറഞ്ഞിരിക്കുന്നു.

ദിണ്ഡിവനത്തിനടുത്ത കിടങ്ങിൽമുഖ്യനായ നല്ലിയക്കോടന് (എഡി 275)തെക്കൻ ആ ർക്കോട്ടുജില്ലയിലെ എയിർപട്ടണം (മർക്കാനവും ആമൂരും വേലൂരും)ഭരിച്ചിരുന്നു. പത്തു പ്പാട്ടിലെ സംഘകാലരാജാക്കന്മാരെല്ലാം അന്നേക്ക് ഇല്ലാതായിരുന്നു. പണ്ടത്തെ അറി വാളികളും ഇല്ലാതായി. വഞ്ചിയും ഉറയൂരും മധുരയും അവരുടെ അവരോഹണം ആരംഭി ച്ചുകഴിഞ്ഞിരുന്നു. (നീലണ്ഠശാസ്ത്രി 116-117). കേസരിബാലകൃഷ്ണപ്പിള്ളയുടെ കാലഗണനയും മൂഷകരാജാക്കന്മാരുമായി അദ്ദേഹത്തിന്റെ ഐഡന്റിഫിക്കേഷനും അതുകൊണ്ട് യോജി ക്കുന്നില്ല. എഡി 216ൽ വഞ്ചി സഭാംഗങ്ങള് സഭാരാഷ്ട്രതീരുമാനമനുസരിച്ച് 60 വര്ഷ ത്തിനു പകരം 12 വര്ഷം നിശ്ചയിച്ച് കേയപ്പെരുമാളെ വരുത്തുന്നത് മൂവർകുലസംഘ ത്തെ ഒരിക്കൽക്കൂടി ഉദ്ധരിക്കാനുള്ള ശ്രമമാണ്.(മൂഷകവംശാവലി കാണുക).

തമിഴകത്ത് നാലുതരം വിവാഹബന്ധം നിലനിന്നിരുന്നു. കർപ്പ് (പാതിവ്രത്യം)കളവ്(ഗാ ന്ധ ർവ്വം),കൈക്കിളൈ(ഒരാള്ക്കുമാത്രം ഉള്ള പ്രേമം)പെരുന്തിണൈ (അവിഹിതബന്ധം). ചേരന്റെ പോത്ത്,എരുമ,ചക്ക,കുരുമുളക്,മഞ്ഞൾ,ചോളന്റെ നെല്ല്,പാരിയുടെ മുളയ രി, ചക്ക,വല്ലിക്കിഴങ്ങ്,തേൻ,കരിമ്പും രാഗിയും ശർക്കരയും,-എല്ലാം വളരെ ആവശ്യമുള്ള വ സ്തുക്കളായിരുന്നു. അന്യനാട്ടുകളിലും അവക്ക് വിപണനസാദ്ധ്യത കൂടുതലായിരുന്നു. കവ ർച്ചചെയ്ത് ജീവിക്കുന്നവരായ മറവകുലം (മലയർ,യോദ്ധാക്കളായ എയ്നർ,നെയ്യും

വെണ്ണയും ഉണ്ടാക്കുന്ന ആയര്,ദേവവിചാരവും അഗ്നിപൂജയും അതിഥിപൂജയും ചെയ്യുന്ന പാർപ്പനര്(ദർശക),നാലുതുടികളിലായി ജീവിക്കുന്ന തുടിയർ, പാണരും പറയരും കാടവ രായ കദംബരും ഇങ്ങനെ ജോലിനോക്കിയ വിഭജനമല്ലാതെ ജാതിയുണ്ടായിരുന്നി ല്ല.എ ഡി ആദ്യശതകം മുതൽ വിദേശികള് തൊണ്ടി,മുസിരി,പുഹാറിൽ കച്ചവടത്തിനു വരാനാ രംഭിച്ചു. കച്ചവടമില്ലാത്ത നാളുകളിൽ ഇവർക്ക് മധുരയിലെ കൊട്ടാരം കാവലും പോലീസ് പെട്രോളിങ്ങും കൊടുത്തിരുന്നു.(ഇവരാണ് കോവലനെ പാണ്ഡ്യനു പിടിച്ചുകൊടുത്തത്). ഇന്ത്യയിലെ വിഭവങ്ങൾ വിദേശങ്ങളിലെത്തിക്കുന്ന കച്ചവടക്കാര് അവിടെനിന്ന് വിളക്കു കളും കുപ്പിയിലടച്ച വീഞ്ഞും ഇവിടേക്കും കൊണ്ടുവന്നു. സംഘകാലാവസാനത്തിനുശേഷ വും നാളവൈ (നാൾ സഭ)എന്ന ദിനംപ്രതി ദർബാറുകളില് എല്ലാ കാര്യങ്ങളും ചർച്ച ചെയ്തിരുന്നു.ബ്രാഹ്മണർ(പണ്ഡിതര്)രാജാക്കന്മാരെ തീർപ്പുകളെടുക്കുന്നതിന് ഉപദേഷ്ടാ ക്കളായിരുന്ന് സഹായിച്ചിരുന്നു. ഇപ്പോഴത്തെ പാർലിമെന്റില് മന്ത്രിമാരെ ഐ.എ.എസ്സു കാർ സഹായിക്കുന്ന പോലെ. ചുറ്റം എന്നാണ് ബ്രാഹ്മണരുടെ ഈ ഉപദേശസഹായ ത്തിന് പറഞ്ഞിരുന്നത്. കൃഷി.ഭക്ഷ്യധാന്യങ്ങൾ മറ്റുൽപ്പന്നങ്ങളെന്നിവയുടെ അധീശത്വ ത്തിനായി നടത്തുന്ന യുദ്ധങ്ങളിൽ നിന്നു മാറി,വംശനാശം വരുത്തുന്ന വിധം മഹായുദ്ധ മാവുമ്പോളൊക്കെ അവരാണ് ഇടപെട്ട് സന്ധി ചെയ്യിച്ച് യുദ്ധം അവസാനിപ്പിച്ചിരു ന്നത്. നാട്ടിൽ സമൃദ്ധിയും സമാധാനവും കൊണ്ടുവരാനുള്ള രാഷ്ട്രതന്ത്രജ്ഞത അവർക്കു ണ്ടെന്ന് അറിയാവുന്നതിനാലാണ് കരികാലൻ തന്റെ നാടുവിട്ട് അവരാരും പോകരുതെ ന്നു കൽപ്പിച്ചതും ആനുകൂല്യങ്ങള് കൊടുത്തതും. വിജിഗീഷുവാകണമെന്ന് മോഹിക്കുന്ന രാജാ വിന്റെ ദിഗ്വിജയം വലത്തുനിന്ന് ഇടത്തോട്ട്(ഘടികാരദിശ)ഇന്ത്യ ചുറ്റിയിട്ടാണ്. ഇത് പണ്ടുകാലത്തെ ലോകം ചുറ്റിയുള്ള യാത്രകളുടെ മാതൃകയിലാണ്. പുറനാനൂറിലെ ഒരു ശ്ലോകം കാറ്റിൽ സഞ്ചരിക്കുന്ന,സുവർണ്ണവും മുത്തും രത്നവും നിറച്ചുകൊണ്ടുവരുന്ന ഒരു ചക്രത്തിന്റെ പിന്നാലെ ചക്രവർത്തിയുടെ ദിഗ്വിജയമെന്നു പറയുന്നുണ്ട്. പഴയകാല ത്തെ പൂർവ്വീകരുടെ ദിഗ്വിജയത്തില് ശതകർണ്ണിമാരുടെ വാഹനങ്ങളിലെ ഐശ്വര്യത്തെ ഇത് സൂചിപ്പിക്കുന്നു. കാറ്റിൽ സഞ്ചരിക്കുക എന്നത് സമുദ്രത്തില് കാറ്റിന്റെ ഗതിയനു സരിച്ച് സഞ്ചരിക്കലാണ്. സഭ(മന്റം)എല്ലാ നിയന്ത്രണങ്ങളും ഉള്ള ഒരു ജനറൽബോഡി തെരഞ്ഞെടുത്ത കേന്ദ്രഭരണകമ്മിറ്റി പോലെയാണ് രാജാവിനെ സകലകാര്യങ്ങളിലും സഹായിച്ചിരുന്നത്. ചെറിയചെറിയ ഘടകസംഘങ്ങൾ എല്ലാ ഗ്രാമത്തിലും നഗരത്തി ലും പ്രതിനിധികളായിട്ട് ഉണ്ടായിരുന്നു. പറയും ശംഖും അടയാളമായി യുദ്ധത്തിലും ദേവാ ലയ ത്തിലും കോട്ടമുകളിലും സഭകളിലും ഉപയോഗിച്ചിരുന്നു. ഓരോ രാജാവിന്റേയും വീരമു രജത്തിന് മന്ത്രം ഉരുക്കഴിച്ചുകൊണ്ട് സ്നാനവും പ്രാർത്ഥനയും പതിവുണ്ടായിരുന്നു. വിവാ ഹത്തിനുശേഷം ഒരു ബാലികയെ വരന്റെ ഗൃഹത്തിലേക്ക് ചോദിച്ചിട്ട് കൊടുക്കാതിരുന്നാ ലും കൂടി യുദ്ധം പതിവുണ്ടായിരുന്നു. വ്യവഹാരങ്ങളില് മദ്ധ്യസ്ഥതകൊണ്ട് തീർപ്പുകൽപ്പി

ക്കാനാവാഞ്ഞാലും യുദ്ധംകൊണ്ട് തീർപ്പ കൽപ്പിച്ചിരുന്നു.പുരട്ച്ചിപ്പോരുകളെന്ന ചെറിയ യു ദ്ധങ്ങളായിരുന്നു അധികവും.(കന്നുകാലികൾക്കുവേണ്ടി). രാജാവിന്റെ അംഗരക്ഷകര് ആയുധപാണികളായ സ്ത്രീകളായിരുന്നു. രാത്രിയും പകലും മണിക്കുറുകൾശങ്കുവും ഘടികാരവും വെച്ചളന്ന് ,പെരുമ്പറ കൊട്ടി അറിയിക്കുന്നവരുണ്ടായിരുന്നു. പരിക്കേറ്റവരെ ചികിത്സിക്കുന്നതിന് ശല്യചികിത്സ,വാജീകരണം,അശ്വഹൃദയം,ഹസ്ത്യായുർവ്വേദം,ജ്യോതിഷം ഇവ വളരെ പുരോഗമിച്ചിരുന്നു. രാജാവിനും അദ്ദേഹത്തിന്റെ ഏനാദികൾക്കും വലിയ ബഹുമാനം കൊടുത്തിരുന്നു.കരികാലൻ സോളമന്റെ കൊട്ടാരത്തിലെ മാംസഭക്ഷണ രീതികളും മദ്യപാനവും ശീലിച്ചിരുന്നതായി കാണുന്നു.(നീലകണ്ഠശാസ്ത്രി പേജ് 122) 1,600,000 നാണ്യമാണ് കരികാലന് പട്ടിനപ്പാലയുടെ കർത്താവായ കവിക്കു കൊടുത്തത്. കവിയും രാജാവുമായ സുഹൃദ്ബന്ധങ്ങളാൽ സമൃദ്ധമാണ് സംഘകാലസാഹിത്യം.

1.പാരിയും കപിലനും

2.കോപ്പെരും ചോളനും പിശിരാരെണ്ടയാരും

3.ഒവ്വയാരും അതികമാൻ ആഞ്ചിയും

4.കപ്പെലിയങ്ങാട്ട് കാപ്പിയനാരും ചേരരാജാവും

പാണരും വിറലിയരും സംഗീതനൃത്തനാടകസംഘങ്ങളായി നാട്ടുനീളെ സഞ്ചരിക്കുന്നവരായിരുന്നു.അവർക്ക് പലതരം സംഗീതോപകരണങ്ങളുണ്ടായിരുന്നു.യാഴ് പലവിധം ഉണ്ടായിരുന്നു. കരികാലൻ സപ്തസ്വരപ്രയോഗത്തില് മിടുക്കനായിരുന്നു.ചുവന്ന അഗ്നി കൊണ്ടു ഉളച്ചാണ് ഓടക്കുഴലുണ്ടാക്കിയിരുന്നത്.(പേജ് 124 നീലകണ്ഠശാസ്ത്രി). കാമശാസ്ത്രപ്രകാരമുള്ള 64 കലകളും അഭ്യസിപ്പിച്ചിരുന്നു. വാസ്തു അനുസരിച്ച് ഇഷ്ടികകൊണ്ടാണ് രാജഗൃഹം പണിതിരുന്നത്. നെടുഞ്ചെഴിയന്റെ അന്തപുരത്തിൽ,യവനരുടെ വിളക്ക് തൂക്കിയിരുന്നു. ആനക്കൊമ്പുകൊണ്ട് കട്ടിൽക്കാലും മൃദുലമായ പഞ്ഞിമെത്തയും ഉണ്ടായിരുന്നു. പുലയന്മാരുടെ കയർപായകളും മൃഗചർമ്മങ്ങളും എല്ലാവരും ഉപയോഗിച്ചിരുന്നു. പെരിപ്ലസ്സിന്റെ തിണ്ടിസ് അഥവാ തൊണ്ടി പൊന്നാനിയാണെന്ന് നീലകണ്ഠശാസ്ത്രി പറയുന്നു(പേജ് 126).അധിരാജന്മാരെ നശിപ്പിക്കയും പാരമ്പര്യപ്രകാരമുള്ള കുലരാഷ്ട്രസമ്പ്രദായം അവസാനിപ്പിച്ച് ഏകാധിപത്യം സ്ഥാപിക്കയും ചെയ്യുന്നവരെയാണ് കലിയരശർ(കലികാലരാജാക്കന്മാർ)എന്നു (കളഭ്രരെന്നും പറയും)വിളിച്ചിരുന്നത്. (പേജ് 130).കരികാലനെന്നപേര് (കലികാലൻ)നിന്ദാസൂചകമായ ഇത്തരം ബിരുദമാകാമെന്നും സാരം.

കാദംബരെന്ന (കാടവ)ബ്രഹ്മക്ഷത്രശാഖയിലുള്ള ബ്രാഹ്മണൻ ഹാരീതീപുത്രമാണവ്യന് വേദം പഠിക്കാനായി കാഞ്ചീപുരത്തെ ഘടികയിൽ ചെന്നു. പല്ലവരാജാക്കന്മാരുടെ ദ്വാര

പാലകന്മാരുമായുണ്ടായ വാക്കേറ്റത്താൽ വേദപഠനം ഉപേക്ഷിച്ച് ആയുധശാസ്ത്രം പഠിച്ചു. വല്ലവരുടെ അതിർത്തികാവൽക്കാരെ തോൽപ്പിച്ച് ,ശ്രീപർവ്വതത്തിലെ കാട്ടുകളില് ബൃഹദ്ബാണരിൽനിന്നും പല്ലവരിൽനിന്നും ഗതാഗതത്തിന് നികുതി ഈടാക്കി. പടിഞ്ഞാ റ ൻ സമുദ്രം മുതല് പ്രഹാരംവരെ(തുംഗഭദ്ര,മലപ്രഭ)കീഴടക്കി. ചന്ദ്രവല്ലിലിഖിതത്തിൽ ആഭീര,ശാകസ്ഥാന,സൈന്ധക,പുന്നാട,മൊകാരിഭാഗങ്ങളിൽ ഇവർക്ക് ഗതാഗത, കച്ചവടനികുതി പിരികാകൻ കഴിഞ്ഞിരുന്നതായി കാണാം. വനവാസിയിലെ വൈജ യന്തി , പാലാശികാ അഥവാ ആൽശി(പാലക്കാട്ടെ ആലത്തിയൂർ)എന്ന് വയനാട്ടിലും പാലക്കാട്ടും രണ്ടു രാജധാനി ഇവർക്കുണ്ടായിരുന്നു.

1. മയൂരവർമ്മ(345-60)
2. കംകവർമ്മ(360-85)
3. ഭഗീരഥ(385-410)
4. രഘുവും കാകുത്സവർമ്മനും (425-50)
5. കാകുത്സവർമ്മന് 3 മക്കൾ.ശാന്തിവർമ്മ(450-75), കുമാരവർമ്മ, കൃഷ്ണവർമ്മ ഒന്നാമൻ.(കൃഷ്ണവര്മ്മപുത്രന്മാരാണ് വിഷ്ണുവർമ്മനും ദേവവർമ്മനും. വിഷ്ണുവർമ്മ പുത്രൻ സിംഹവർമ്മ,അദ്ദേഹത്തിന്റെ പുത്രനാണ് കൃഷ്ണവർമ്മ 2)
6. ശാന്തിവർമ്മപുത്രന് മൃഗേശവർമ്മന് (470-88)
7. കുമാരവർമ്മപുത്രന് മാന്ധാതൃവർമ്മ (488-500)
8. മൃഗേശവർമ്മപുത്രന് രവിവർമ്മന് (500-38),സഹോദരന്മാരാണ് ഭാനുവര്മ്മനും ശ്രീവരാഹനും
9. രവിവർമ്മപുത്രന് ഹരിവർമ്മ(538-50)
10. കൃഷ്ണവർമ്മ ഒന്നാമന്റെ വംശവൃക്ഷത്തിലെ കൃഷ്ണവർമ്മ രണ്ടാമന് (550-65)
11. കൃഷ്ണവർമ്മ രണ്ടാമന്റെ പുത്രനായ അജവർമ്മ (565-567). 567 എഡിയിലാണ് കീർത്തിവർമ്മ കദംബവംശവൃക്ഷം നശിപ്പിച്ചത്.

പടിഞ്ഞാറ് കദംബ,കിഴക്ക് പല്ലവ, നടുവിൽ ഗംഗരെന്ന ഗംഗാവാടിയിലെ കൊങ്ങുചേര-ഗാംഗേയരും മൈസൂരിലെ രാജവംശവുമായും സഹോദരബന്ധമുണ്ടായിരുന്നു. ഗാംഗേയ ർ കാണ്വായനഗോത്രം,ജാഹ്നവേയകുലം, ബിരുദം ധർമ്മാധിരാജാ. അതികമാന് ധർമ്മ രാജാ ബിരുദമുണ്ട്. വേണാടിലും ചിലരാജാക്കന്മാരിത് സ്വീകരിച്ചിട്ടുണ്ട്. എഡി 400ൽ കൊങ്കാനരാജാവായ കൊണ്കാനവർമ്മനാണ് ഗാംഗേയവംശത്തിന്റെ രാജാവ്. ആദ്യം കോലാറിലും (സ്വർണ്ണഖനിയുള്ള പുന്നാട്)പിന്നീട് പടിഞ്ഞാറ് കദംബരുടെ തൊട്ടടുത്ത തലക്കാട്ടും ഇവർക്ക് കോട്ട ഉണ്ടായിരുന്നു. കൊണ്കാനവർമ്മന്റെ വംശവൃക്ഷം.

1. കൊൺകാനവർമ്മ(എഡി 400)
2. മഹാധിരാജ മാധവ 1 (എഡി 425) ദത്തകസൂത്രം എന്ന കാമശാസ്ത്രഗ്രന്ഥകർത്താവ്.
3. ഹരിവർമ്മനെന്ന ആര്യവർമ്മ(എഡി 450).സഹോദരൻ കൃഷ്ണവർമ്മ. കാഞ്ചിവല്ലവസിംഹവർമ്മനാമ് ഹരിവർമ്മനെ അഭിഷിക്തനാക്കിയത്. തലക്കാട്ട് തലസ്ഥാനം മാറ്റിയത് ഇദ്ദേഹമാമ്. കൃഷ്ണവർമ്മ കോലാറിൽതന്നെ തുടർന്നു. രണ്ടുപേരുടേയും മക്കൾക്ക് സിംഹവർമ്മനെന്നു പേരിട്ടു.
4. ആര്യവർമ്മപുത്രനായ സിംഹവർമ്മ 2 (475) അഥവാ മാധവ 2.
5. കൃഷ്ണവർമ്മപുത്രനായ സിംഹവർമ്മ 2 (475).യുവരാജാവ് വീരവർമ്മനെന്ന സഹോദരനാണ്.
6. സിംഹവർമ്മ മാധവ രണ്ടാമന്റെ പുത്രനായ അവിനീത(500).

ചന്ദ്രവംശത്തിലെ പുരൂരവസ്സിന്റെ പുത്രനായ ഭ്രമന്റെ പരമ്പരയിലാണ് ഗാംഗേയവംശ ത്തിന്റെ ജനനം.

പുരൂരവസ്സ്

ഭീമൻ

കാഞ്ചനൻ

ഹോത്രകന്

ജഹ്നു. ജാഹ്നവേയവംശത്തിൽ കുശനും ,കൌശികവംശത്തിൽ വിശ്വാമിത്രനും വിശ്വാമിത്രവം ശത്തി ൽ വൈദികഋഷിമാരായി മധുഛന്ദസ്സുകളും ജനിച്ചു. ഇവരിൽനിന്നാണ് ഗാംഗേയരു ടെ ഉത്ഭവം. ഗംഗാധരക്കോയിലധികാരികളായി പെരുമ്പടപ്പവന്ദേരിമൂഷകവംശശാഖയും ,പല്ലവ,കദംബ,തലപ്പള്ളിശാഖയും ഉണ്ടായി.യയാതിപുത്രനായ പൂരുവംശത്തില് കൌശികവി ശ്വാമിത്രന്റെ പുത്രിയും കണ്വന്റെ പളർത്തുപുത്രിയുമായ ശകുന്തളക്കുമ്ടായ ആന്ധ്രകന് അമ്മ യുടെ സഹോദരരായ പ്രാസ്കണ്വാദികളെ ഗുരുപരമ്പരയാക്കി വരിച്ചു. ഇവരാണ് ശതകർണ്ണി വംശം. യയാതിപുത്രനായ യദുവിന്റെ ശതജിത്,കാർത്തവീര്യ,ഹൈഹയ,മൂഷകവംശവും പ്രസ്കണ്വാദികളും ഗംഗാധരക്കോവിലധികാരികളും ,ഗാംഗേയ,ജാഹ്നവവംശങ്ങളും ഒരേ മൂലചന്ദ്രവംശമാണ്. അതിൽനിന്ന് ഒരു ശാഖ ക്ഷത്രിയരും ഒരു ശാഖ ബ്രാഹ്മണരും ആയ പ്പോളും ഒരുശാഖ ബ്രഹ്മക്ഷത്രപാരമ്പര്യം നിലനിർത്തിക്കൊണ്ടുതന്നെ നിന്നു. ചോളരാജാവ് അനു,ശിബി,മാദ്ര,കേകയവംശവും (അംഗരാജ്യത്തെ രോമപാദന്റെ ദത്തുപുത്രി സൂര്യവംശ ത്തിലെ ശാന്തവഴി)വിഭാണ്ഡകന്റെ ഋശ്യശൃംഗഐക്ഷ്വാകുവംശവും ചേർന്നതാണ്. (മൂല

വംശം) ഇവർതമ്മില് പലപ്രാവശ്യം വിവാഹം വഴി സൂര്യചന്ദ്രാഗ്നികുലങ്ങള് ജനിതകപരമായി ഒന്നായിത്തീർന്നു.

സൂര്യചന്ദ്രാഗ്നികുലത്തിന്റെ കുലസംഘമാണ് ബിസി 8000 മുതല് ഇന്ത്യ ഭരിച്ചിരുന്ന മൂവേന്തരുടെ വംശം. ഇതിന്റെ ദക്ഷിണശാഖയാണ് ചേരചോളപാണ്ഡ്യരെന്ന് സംഘകാലത്ത് അരിയപ്പെട്ടിരുന്ന മൂവേന്തകുലം. എല്ലാ രാജവംശങ്ങളും സൂര്യചന്ദ്രാഗ്നികുലങ്ങളുടെ തെക്കും വടക്കുമുളള ശാഖകളുടെ സംയോഗം കൊണ്ടുണ്ടായതാണ്. ശാഖകളും പല്ലവങ്ങളുമായി ഈ അശ്വത്ഥം പന്തലിച്ചുനിന്നു. അശ്വത്ഥത്തിന്റെ മൂലം,കാണ്ഡം(സ്കന്ധം), ശാഖ(ശാക), പല്ലവങ്ങളും വിഴുതുകളുമെല്ലാം ആത്യന്തികമായി അശ്വത്ഥം തന്നെയാണ്. ഭൂമിയിലെ ദൃശ്യമായ അശ്വത്ഥം (ഊർദ്ധ്വശാഖംഅധഃമൂലം),അദൃശ്യമായ വംശവൃക്ഷമെന്ന അശ്വത്ഥം (ഊർദ്ധ്വമൂലം അധഃശാഖം എന്ന വ്യത്യാസമേയുളളു.



സിന്ധുലിപിയിൽ അശ്വത്ഥത്തിന്റെ ആരാധന ഇപ്രകാരം വംശങ്ങളുടെ ആരാധനയുമാണ്. വംശവൃക്ഷം(രാജവംശം)നശിപ്പിക്കുന്ന മറ്റൊരു രാജാവ് സ്വന്തം വൃക്ഷത്തിന്റെ ശാഖ തന്നെയാണ് മുറിക്കുന്നത്. ആ ശാഖകൊണ്ട് വാദ്യോപകരണങ്ങളും ചെങ്കോലും തീർത്തിരുന്നു. ഇത് തെറ്റായ പ്രാക്ടീസാണെന്ന് അതിരുവിട്ടുമ്പോൾ പറയാനാണ് സർവ്വസ്വവും ത്യജിച്ച

ഋഷിമാരുടെ അഗ്നികുലം. പരശുരാമനാണ് അഗ്നികുലത്തിന്റെ ഈ പതിവുതെറ്റിച്ചത്. 21 വട്ടം വേരോടെ പിഴുതെറിയാൻ ശ്രമിച്ചിട്ടും വൃക്ഷം വീണ്ടും മൂലവും സ്കന്ധവും വിഴുതുകളുമായി ശാഖകളും പല്ലവവും പ്രവരവുമായി തഴച്ചു. ഹിംസയും വംശനാശവും വേണ്ട,അഹിംസമതി എന്നു പറയുന്ന ത്യാഗികൾ രാജർഷിമാരും ബ്രഹ്മർഷിമാരും (നമ്പൂരികൊൾകൈ അന്തണരെന്ന ബ്രാഹ്മണരും ഇന്ദ്രിയജയം കിട്ടിയ ജൈനരും ബോധി ഉദിച്ച ബുദ്ധരും) ഇവർക്കിടയിലുണ്ടായിക്കൊണ്ടേ ഇരുന്നു. ഇതിന്റെ യഥാതഥമായ ചരിത്രം ഇത്ര ഭംഗിയായി എഴുതിവെച്ച ഇതിഹാസങ്ങളെ മിഥോളജിയെന്നും റിലിജിയനെന്നും തള്ളിക്കളഞ്ഞതാണ് നമ്മുടെ ചരിത്രത്തിൽ ഇത്രയേറെ മനസ്സിലാക്കാനാവാത്ത ദുർഗ്രാഹ്യതകളുണ്ടെന്നു തോന്നിച്ചതും,നമുക്ക് ചരിത്രമേ ഇല്ലെന്ന് തെറ്റിദ്ധരിപ്പിച്ചതും.

- **സൈന്ധവലിപിക്ക് സാമസംഗീതപരമായ വായന:**

സംഖ്യകളെക്കൊണ്ടുള്ള നൊട്ടേഷൻ സാമവേദത്തില് ആർഷേയബ്രാഹ്മണകാലത്ത് ഇങ്ങനെയാണ്. (എ.സി.ബർണ്ണല് കൽക്കത്ത 1822.പേജ് 407-410)



1 2 3 4 5 6, 7

മന്ദ്രം അനുസ്വാരം,അതിസ്വാരം

പ്രഥമ 1 കൃഷ്ട
7 വികൃതികൾ 11 പ്രേംഖ
1, 11,111 ആദ്യത്തെ മൂന്നു നോട്ടുകൾ. നമന(000)
1,11,111,1111,11111 , **എല്ലാ നോട്ടുകളും . കർഷണ (കൃഷ്ണ- ആകർഷണശബ്ദം)**

1, 11 വിനത  **ശ്യേനചിതി (ഗരുഡനും അരുണനും)**

111,1111,11111, **അത്യുത്ക്രമ**

11, 111, 1111, 11111 സംപ്രസാരണ

അ, അമ്പ്.  **ഏഴ്,ഏള, ഏല്യ ഒരേ നോട്ടിനെ ആവർത്തിക്കുന്ന ചിഹ്നങ്ങൾ**

സാമതന്ത്രത്തിൽ സംഖ്യക്കുപതരം അക്ഷരങ്ങളെ (ഗ്,ജ്,ഡ്,ദ്,ബ് എന്നിങ്ങനെ) ഉപയോഗിച്ചുതുടങ്ങി. ഒരക്ഷരത്തിന്റെ കൂടെ മൂന്നുവരവരച്ചാൽ മൂന്നു മാത്രയായി. എല്ലാ നോട്ടുകളും ഉപയോഗിച്ചാലാണ് ആകർഷണസ്വഭാവമുള്ള കൃഷ്ണമാവുന്നത്. ഓരോ പർവ്വത്തിലേയും അവസാനത്തെ സ്വരം(അന്ത്യസ്വരം)അമർത്തി,ഉറപ്പിച്ച് ഉച്ചരിക്കണം എന്ന് വ്യവസ്ഥ വന്നു.ഇങ്ങനെ ഉറപ്പിച്ച് ഉച്ചരിക്കുന്നതാണ് വൃദ്ധസ്വരം. മാത്ര ദീർഘിച്ച് മുഖ്യാക്ഷരം അഥവാ ദീർഘസ്വരം ആക്കുന്നതിന് മുകളിലേക്ക് അസ്ത്രചിഹ്നമിടണം. (*R.Simon.Introduction to pushpasuthra Munich 1908).* സാമജപത്തെ ഉദൂഹം (2 സ്വരം മുകളിലാക്കി പാടുന്നത് – 4,5,6 ഇവയെ 1,2,3 ആക്കുന്നു)ഉദ്ധാരം,ലോപം (ഒന്നിൽനിന്ന് അഞ്ചിലേക്ക് 2 പർവ്വണങ്ങളെ കൊണ്ടുപോകുന്നത്),ഉപഗ്രഹത്തെ നിധാനമാക്കുന്നത് (ഏ എന്ന സ്വരം നിധാനത്തിന്റെ മുമ്പ് ഉപയോഗിക്കുക)ഉപായം(വാ എന്ന സ്തോഭം ,ഉപദ്രവം),വിധം (ഒരു ഗീതത്തിലെ ഒരു ഭാഗത്തിന്റെ ഖണ്ഡം)എന്ന് വേർതിരിക്കുന്നു. വിധം തന്നെ രണ്ടുവിധമുണ്ട്. പർവ്വണവും പദവും.

വൃദ്ധസ്വരം അഥവാ വൃദ്ധേശ്വരൻ:- *A particular sequence of notes .A special kind of Karshana consisting of a pratyuthkrama beginning with the third note.*

ഒരു പ്രത്യേകക്രമത്തിൽ കർഷണത്തോടെ എല്ലാ സ്വരങ്ങളും ഉപയോഗിക്കുക എന്നാല് സമ്പൂർണ്ണമേളകർത്താരാഗമാണ്.ഇതിനെയാണ് വൃദ്ധസ്വരത്തിന്റെ നിർവ്വചനമായി പറയുന്നത്. സാമകാലത്തുതന്നെ മേളകർത്താരാഗങ്ങളും ഉത്ഭവിച്ചതിന് ഈ നിർവ്വചനമാണ് തെളിവ്.

1.നിധാനത്തിലവസാനിക്കുന്ന അവസാനസ്വരാക്ഷരം

2 നിധാനത്തിന്റെ അന്ത്യക്ഷരങ്ങളില് ആവർത്തിച്ചുവരുന്ന ഒരേ ക്രമമുള്ള സ്വരങ്ങള്.

അതായത് 7 സ്വരവും കർഷണ(കൃഷ്ണ)മുള്ള ക്രമത്തിലുപയോഗിച്ച് ദീർഘമാക്കി പാടുന്ന സമ്പൂർണ്ണരാഗത്തിന്റെ സ്കെയിലാണ് ഇത്. കൃഷ്ടാദിയിൽ,നിധപമഗരിസ എന്നത് കൃഷ്ട,

പ്രഥമ,ദ്വിതീയ, തൃതീയ,ചതുർത്ഥ,മന്ദ്ര,അതിസ്വര്യ (അതിതാരത്തിലുള്ളത്)എന്നാണ് വരിക.

നി ധ പ മ ഗ രി സ

0 1 11 111 1111 11111 

കൃഷ്ട പ്രഥമ ദ്വിതീയ തൃതീയ ചതുർത്ഥ മന്ദ്ര അതിസ്വര്യ

1 11  **(അതിതാരസ്വരങ്ങൾ)**

ശിക്ഷയിൽ

മ ഗ രി സ നി ധ പ

സ്വരിതം ഉദാത്തം അനുദാത്തം, സ്വരിതം ഉദാത്തം അനുദാത്തം സ്വരിതം



ആർച്ചിക	യോനി	ഉഷ,ഊർഷത്ത്	സ്വരക്രമം
സ്വരിതം	കർഷണം	സ്വരം	1-5
അനുദാത്തം	കർഷണമില്ല	സ്വര്യം	2-5
പ്രചയം(ഏകശ്രുതി)	കർഷണമില്ല	സ്വര്യം	2 -5, 3-5
ഉദാത്തം	ഉദാത്തം കർഷണം	വൃദ്ധോശ്വരം	1 -7 സമ്പൂർണ്ണരാഗം

കൃഷ്ടാദിയിലും ശിക്ഷയിലും കാണുന്ന ചിഹ്നങ്ങൾക്ക് വ്യാകരണപരമായി അർത്ഥമില്ല. ഉച്ചാരണം,സംഗീതം എന്നിവയിലേ അർത്ഥമുള്ളു.

ഗ,നി ഉദാത്തം

മദ്ധ്യം

സമപ ഉദാത്തത്തിനുമുകളിൽ സ്വരിതത്തിന്റെ

ശ്രുതി



മുകളിൽ



രി,ധ അനുദാത്തം

താഴെ വരുന്നു.





സമ്പൂർണ്ണസ്കെയിലിൽ,

അവരോഹണത്തിൽ

ഏറ്റവും താഴെയുള്ള നോട്ട്.

ഭരതമുനി,പാണിനി,നാരദശിക്ഷ,അഭിനവഗുപ്തൻ.)

സ ഗ, മ പ 	സ്വ രി തം	സമപ 4 ശ്രുതി ആകെ 12
ഗ, നി 	ഉദാത്തം (മദ്ധ്യം)	2 ശ്രുതി 4
രി, ധ	അനുദാത്തം (താഴെ)	3ശ്രുതി 6 ആകെ 22 ശ്രുതിസ്ഥാനം

കൌത്തുമർ 5, 7(പഞ്ചമം ,സമ്പൂർണ്ണം) ൊന്ന് രണ്ടുവിധം സ്കെയില് പാടി.അവരോഹണത്തിൽ 4(മ)5(പ)ന്റെ മുമ്പ് വരുമ്പോൾ ചതുർത്ഥത്തിന്റെ (ടെട്രാക്കോഡ്) പഞ്ചമമാവുന്നു (പെന്റാക്കോഡ്). 1 കൌത്തുമശാഖക്ക് ഒരേസമയം പ്രഥമവും കൃഷ്ടവുമാണ്. 1 നെ 11 എന്ന് എഴുതിയാൽ കൃഷ്ടമായിഅവർക്ക്. ഒരു ചെറിയ രേഖ ഒരക്ഷരത്തിനുമുകളിലിട്ടാൽ അത് സ്വരിതമായി ഉച്ചരിക്കണമെന്നും ഒരു 1 താഴെ (വിലങ്ങനെയോ മുകളിൽനിന്ന് താഴേക്കോ) ഇട്ടാൽ അനുദാത്തമായി ഉച്ചരിക്കണമെന്നും ആണ് ഋക്,സാമവേദങ്ങളുടെ നിയമം.

 മുകളിൽ ചിഹ്നം ഇട്ടാൽ സ്വരിതം

എന്നചിഹ്നം,  താഴെ വരയിട്ടാൽ അനുദാത്തം.

ദക്ഷിണേന്ത്യൻകൌത്ഥമശാഖയുടെ ചതുർത്ഥം (ടെട്രാക്കോഡ്)

ഗ രി സ നി (കച്ചം)



ധ പ മ (കൃഷ്ണം)മതില്വുള്ളവൃക്ഷം,

ധ്വജം,

ഋഗ്വേദത്തിലേയും സാമവേദത്തിലേയും മെലഡികളിൽ മൂന്നുതരം സ്തോഭമുണ്ട്.

വർണ്ണസ്തോഭം, പദസ്തോഭം,വാക്യസ്തോഭം.

അക്ഷരത്തിൽ മാത്ര അധികമാക്കുന്നതുകൊണ്ടുവരുന്നതാണ് വർണ്ണസ്തോഭം. 9 തരം വാക്യ സ്തോഭങ്ങളാണുള്ളത്. 15 തരം പദസ്ഥോഭങ്ങളുണ്ട്. വാക്യസ്തോഭമെന്നാൽ ഒരു ചിന്ത, ആശ യം,ഐഡിയ ഉൾക്കൊള്ളുന്ന ഒരു ചെറിയ വാക്യം.ഉദാഹരണം അർക്കപുഷ്പം.



അർക്കപുഷ്പം



വിഭാഗ്യസാമൻ ഭക്തികൾ സൂക്തത്തെ സമമായി ഭാഗിക്കുന്നത്.



താഴെ വര അനുദാത്തം, മുകളിലെ ചെറിയരേഖ ദീര്ഘസ്വരം

അർക്കപുഷ്പത്തിന്റെ സിംബലിനുവരാവുന്ന എല്ലാ അർത്ഥവും ആ വാക്യസ്തോഭത്തില്ലുൾക്കൊള്ളിച്ചുകൊണ്ട് പാടാം. ഇത് ആശിസ്തി (അസ്തി,ആശിസ്സ്),സ്തുതി, സംഖ്യാനം,പ്രലയം, പരിദേവനം,പ്രൈംശം,അന്വേഷണം,സൃഷ്ടി,ആഖ്യാനം എന്ന് 9 തരം വ്യാഖ്യാനിക്കാം. ആദിത്യവ്രതസാമനിൽ അന്വേഷണവാക്യസ്തോഭത്തില് സൂര്യനെ ദേവന്മാരുടെ വിറക് (ഇന്ധനം) എന്നു വിളിക്കുമ്പോൾ മനനം,ഗവേഷണം,പ്രതിഭ, ശാസ്ത്രബുദ്ധി,കണ്ടെത്തല്, വ്യാഖ്യാനിക്ക ൽ എന്ന അർത്ഥത്തിലാണ്. (ഊർജ്ജം). പദസ്തോഭം(13ആം അദ്ധ്യായം. മൂന്നാം പുസ്തകം മന്ത്രബ്രാഹ്മണം.)പുഷ്പിക എന്നും അറിയുന്നു. പൂക്കളാൽ മാല തൊടുക്കുന്നപോലെ അന്ത്യാക്ഷരങ്ങൾ ,സ്വരങ്ങൾ ആവർത്തിച്ച് സ്വരമാലിക ,രാഗമാലിക തൊടുക്കുന്ന വിദ്യയാണത്.

1, 11 എന്ന് പ്രകൃതിയാണ്. 11 എന്ന് എഎഴുതിമുകളിലൊരു വരയിട്ടാല് പൈ (π)വികൃതിയായി. 22 നെ 7 കൊണ്ടു ഹരിച്ചതാണ് πഎന്ന സംഖ്യ. 11, 111 ഇവക്കിടയിലായി ^ എന്ന ചിഹ്നമിട്ടാൽ 11 എന്നത് മാറ്റം വരാവുന്ന(വരുത്താവുന്ന) *variable* ആയി എന്ന് അ ർത്ഥം . പദം തുടർച്ചയായി ഒന്നിൽതന്നെ വരുന്നത് വിധം .ഓരോ പദത്തിലും 2,അല്ലെങ്കിൽ അതിലധികം വിധം (സ്വരമാലിക,രാഗമാലിക)ഉണ്ടാക്കാം. വിഭാഗ്യസാമനിൽ ഭക്തികള് സൂക്തത്തെ സമമായി വിഭജിക്കുന്ന വിധം മുകളിൽ കാണുക. പദമനുസരിച്ച് പദവിഭാഗ്യം,

സ്തോഭമനുസരിച്ച് സ്തോഭവിഭാഗ്യം. പദവും സ്തോഭവുമനുസരിച്ച് പദസ്തോഭവിഭാഗ്യം.സ്തോഭം കൊണ്ട് ഗീതം,ഗീതം കൊണ്ട് ദേവതാപ്രസാദം. ഋഗ്വേദത്തിൽ താഴെ അനുദാത്തചിഹ്നവും മുകളിൽ ചെറിയ രേഖയുമുള്ളതിനാല് അനുദാത്തത്തെ ദീർഘസ്വ രമായി ഉച്ചരിക്കണമെന്ന് കാണാം. വിരാമം,സന്നതരം ഇവക്കുമുമ്പ് ഉദാത്തം വരുന്ന സമ്പ്രദായം ഋഗ്വേദത്തിലുണ്ട്. അവിടെ സ്വരിതം,സന്നിതരം എന്നിവ ഭാഷയെയാണ് സംഗീതലിപിയെയല്ല കാണിക്കുന്നത്.

1. 111 + 3 ക

11 ഋ 2 ര മുതലായ പ്രയോഗങ്ങൾ സിംബലുകളുടെ മനനപ്രക്രിയ

2. സാമവേദത്തിലും ഋഗ്വേദത്തിലും ക്ഷൈപ്രസ്വരിതത്തെ വ്യത്യസ്തമായി ഉപയോഗിക്കുന്നത്.
3. സന്നതരം,അതിന്നുമുമ്പിലെ ഉദാത്തം എന്നിവയുടെ ശ്രുതി എന്നിവ നിശ്ചയിക്കുന്നതിൽ ഈ പ്രയോഗം സഹായിക്കുന്നു.(*Studies in accentuation of saamaveda .Sidheswara Varma.1930. in all India oriental conference Vol 6. B.O.R.I Poona pp 517-528)*

ഋഗ്വേദത്തിലെ സ്വരിതശ്രുതി ഋഷഭം ,ഉദാത്തം ഷഡ്ജം,അനുദാത്തം കോമളനിഷാദം. അനുദാത്തത്തിനും ഉദാത്തത്തിനുമിടയിൽ (സരിനി)സ്വരിതം. എന്നാൽ പ്രായോഗിക തലത്തിൽ സ്വരിതശ്രുതി ഉദാത്തത്തിനു മേലെയാണ്. ഋഗ്വേദത്തിലെ സംഖ്യാചിഹ്നങ്ങൾ സംഗീതശ്രുതികളല്ല, സാമവേദത്തിലേത് ശ്രുതിചിഹ്നങ്ങളാണ് എന്നതാണ് ഇതിന്നു കാരണം. സൈന്ധവലിപി ഋഗ്വേദ,സാമവേദ,അഥർവ്വവേദ,യജുർവ്വേദപരമായി വായിക്കാം.ഒരേ സിംബലിനെ ഭാഷാപരമായും സംഗീതപരമായും വായിക്കാനാവും. സാമവേദത്തിൽ 1,2,3 എന്ന് സംഖ്യ ഉദാത്തം,സ്വരിതം,അനുദാത്തത്തിനു കൊടുക്കുന്നു. ഉയർന്ന ശ്രുതിക്ക് എന്തേ താഴ്ന്ന സംഖ്യ കൊടുക്കാന്.

ഉയർന്ന ആദ്യഗ്രേഡ് ശ്രുതി എന്നാണ് ഏറ്റവും താഴ്ന്ന സംഖ്യ എന്നല്ല, ശ്രേണിയിൽ 0,1 എന്നിവക്ക് വേദം കൊടുക്കുന്നത് എന്ന് അർത്ഥം. (ഗണിതശ്രേണിയിൽ). അങ്ങനെ വരുമ്പോൾ സാമവേദത്തിലെ സ്വരിതസംഖ്യയായ 2 (11)ഋഗ്വേദത്തിലെ ഉദാത്തമാണ്. സാമവേദത്തിലെ രണ്ടാമത്തേത് ഋഗ്വേദത്തിലെ ഒന്നാമത്തേതാണ് എന്നതിനർത്ഥം ഏറ്റവും പഴയ വേദം(പഴക്കമുള്ള വേദം)സാമവേദമാണ് എന്നതത്രേ. വേദങ്ങളിൽ ഞാനാണ് സാമവേദമെന്ന കൃഷ്ണവാക്യവും താനാണ് ഏറ്റവും പുരാതനമെന്ന് സൂചിപ്പിക്കുന്നു. ആദ്യമുണ്ടായത് സംഗീതഭാഷ. ലിപി. പിന്നെ ഉണ്ടായതാണ് സാഹിത്യഭാഷയും ലിപിയും. ഇതാണ് ക്രമം.

ക്ഷൈപ്രം കഴിഞ്ഞ് ഉദാത്തം വരുന്നത് സന്ധി കൊണ്ടുണ്ടായ (സംയോഗം) പുതിയ ഒന്നാണ്.ഈ മൂന്നാമത്തേത് (2 എണ്ണം സന്ധി ചെയ്ത് ഉണ്ടാവുന്ന മൂന്ന്) പ്ലുതം. ഒരു ദീർഘസ്വരത്തിനു ശേഷമാണ് പ്ലുതം വരിക. പ്ലുതതത്ിന് 12 മാത്ര. ഗുരു 8 മാത്ര. ലഘു 4



മാത്ര. ദ്രുതം 2 മാത്ര.

ക്ഷൈപ്രസന്ധിയിൽ ഇ,ഉ മുതലായ സ്വരങ്ങൾ (ഹ്രസ്വവും ദീർഘവുമായവ) തുടർന്നു വരുന്ന മറ്റു സ്വരങ്ങളെ അർദ്ധസ്വരങ്ങളായി ഭാഗിക്കും. ഈ വിഭജനം ഇകാരത്തിലും ഉകാരത്തിലും എങ്ങനെ വരുമെന്നു കാണാം.



ഇകാരം വിഭജനം



ഉകാരം വിഭജനം

ഒക്ടേവിലെ ശ്രുതികളെ കോലെന്നും അന്തരക്കോലെന്നും ദ്രാവിഡഭാഷയായ തമിഴില് വിഭജിക്കുന്ന രീതിയാണിത്.സൈന്ധവലിപിയിലെ അടയാളങ്ങളിലൊന്നായ (താഴെ) ഇത് എങ്ങനെ ഉണ്ടായെന്നു കാണാം.



തൊവരിഗുഹാചിത്രങ്ങളിലും കാണുന്ന ഈ അടയാളത്തിന്റെ ഗണിതപരമായ പ്രാധാന്യവും സമുദ്രസഞ്ചാരം,വായുപഥം,ദിശ,അഷ്ടദളപത്മം മുതലായവയോടുചേർന്നതുമായ അർത്ഥങ്ങളെല്ലാം നാഗപഞ്ചമമെന്ന ഭാഗത്തില് ചർച്ച ചെയ്തു. ഇവിടെ ഒക്ടേവിനോടു ബന്ധപ്പെട്ട സപ്തസ്വരമൂർത്തി എന്ന സംഗീത,സാമവേദപരമായ അർത്ഥം മാത്രം പറയുന്നു. സാമവേദസംഹിതയിൽ പൂർവ്വാര്ച്ചിക,ആരണ്യകസംഹിത,ഉത്തരാർച്ചിക എന്ന് മൂന്ന് ഭാഗമുണ്ട്.

1.സോമയാഗത്തിലുപയോഗിക്കുന്ന ഗ്രാമഗേയഗാനങ്ങൾ -ഒരു ഗണം

2.സോമയാഗത്തിലുപയോഗിക്കുന്ന ആരണ്യഗാനങ്ങൾ രണ്ടാമത്തെ ഗണം

ഇവയുടെ ദർശകരായ ഋഷിമാരെ ഗണപതി,പുഷ്പദന്തഗണപതി അഥവാ ഗണേശരെന്ന് അറിയുന്നു.

3.ഊഹരൂപത്തിനുള്ള നിയമങ്ങള് (ഊഹ്യഗാനങ്ങൾ).സാമവേദത്തിന്റെ ഏറ്റവും പഴയ ഭാഗം ഇതാണ്.പക്ഷേ ഈ രഹസ്യഗാനം വ്യാഖ്യാനിക്കപ്പെട്ടത് അവസാനമാണ്. അതിനാലാമ് ഇവയെ ഉത്തരാർച്ചിക എന്നു പറയുന്നത്.

ഗ്രാമഗേയ,ആരണ്യക,ഊഹ്യങ്ങൾ മൂന്നും ചേർന്ന ഒരു ഗ്രന്ഥത്തെ ഒരു പുഷ്പം അഥവാ പുഷ്പ സൂത്രം എന്നു പറയും. മൂന്നിതളുള്ള സുവർണ്ണപുഷ്പം ഇതിനെ പ്രതിനിധീകരിക്കുന്നു. ഇതാണ് മോഹഞ്ജോദാരോവിലെ പുരോഹിതപുരുഷന്റെ ഉത്തരീയത്തിലും സുമേരിയയിലെ ഋഷഭ (നന്ദി) ത്തിന്റെ മേലും കാണുന്ന ചിഹ്നം. സാമഗാനത്തിന്റെ പ്രയോജനം യജ്ഞത്തിലാക യാൽസാമഗാനം യജ്ഞസ്വരൂപമാമ്. പൂർവ്വാർച്ചിക എന്നും സ്വാദ്ധ്യായമായി ചെയ്യണം. (സാധകം)ഉത്തരാർച്ചിക എല്ലാവർക്കും വെളിപ്പെട്ടു കിട്ടുകയില്ല. ഒരു പുഷ്പം സോമയാഗപ ണ്ഡിതർ അലങ്കാരപുഷ്പമെന്നും ,സാമ്പ്രദായികകർ പുഷ്പർഷി എന്നും (ഋഷിനാമം- പുഷ്പം ദർശിച്ച ദർശകൻ)ഗ്രഹിക്കുന്നു. ത്രിദളപുഷ്പം കൊണ്ട് സാമവേദിയും സംഗീതജ്ഞനുമായ വ്യക്തിയാണ് (നന്ദികേശ്വര, ഗണപതി,സപ്തസ്വരദേവതാരാധകൻ, ശ്രീകൃഷ്ണൻ,ഗന്ധർവ്വ ൻ) മുതലായ അർത്ഥങ്ങളെല്ലാം രാജപുരോഹിതനും നന്ദിപ്രതിമക്കും ചേരുന്നു.ഗണപതി, ഗന്ധർവ്വൻ,ഗാർഹപത്യം,ഗാന്ധാരം ഇവയിലെ ആദ്യാക്ഷരം ഗ. സായണന്റെ സാമവി ധാനഭാഷ്യത്തില് ഗാന്ധാരം ചതുർത്ഥവും നാരദശിക്ഷയില് ദ്വിതീയവുമാണ്. അതിന് 4 ശ്രുതി ഉൾക്കൊള്ളാം.



സാമവിധാനഭാഷ്യം . ഗാന്ധാരം ചതുർത്ഥവും
ദ്വിതീയവുമാണ്.4 ശ്രുതി ഉൾക്കൊള്ളുന്നു.

ദീപ്തത്തിന്റെ ചിഹ്നവും മുകളിലുണ്ട്. ദ്വിതീയം തൃതീയത്തെ തുടർന്ന് (ടതുർത്ഥമായി)വന്നാൽ ആയതചിഹ്നമിടുന്നു. കരുണഭാവത്തിൽ കൃഷ്ടമായി വരുന്നതിനെ 5 മുനയുള്ള നക്ഷത്രം(മകാ

രം) ആയി അറിയുന്നു. ഇതിൽ മണ്ഡലരൂപത്തില് എല്ലാ ജ്യാമിതീയരൂപങ്ങളേയും ഉൾക്കൊള്ളിക്കുന്നു. (*Scales of notes of saamaganam . Sri Sankara Narayanan. JMAM Madras Vol 4 .1933. pp 150-152.* പ്രസ്താവങ്ങളെ സൈന്ധവലിപിയിലേക്ക് കമ്പ്യൂട്ട് ചെയ്ത് കിട്ടിയത്)

സയ്ക്ക് കമ്പനം 24 എങ്കില് തുടർന്നുവരുന്നവയുടെ കമ്പനസംഖ്യകൾ:

3, 3, 2, 4, 4, 5, 3 എന്നിവ ക്രമത്തില് കൂട്ടിയിട്ടാണ്.

സ 24, രി 27, ഗ 30,മ 32, പ 36, ധ 40, നി 45, സ48 എന്നു കിട്ടും. (എം എസ് രാമസ്വാമി അയ്യർ ജെ.എം,എ.എം. മദ്രാസ് വാള്യം 5.1934. പേജ് 2-16) 24 എന്ന ആദ്യത്തെ സ, അവസാനത്തെ സയുടെ പകുതി(48ന്റെ)യാണ്. അർധമാണ്. ഒരു ഋജുരേഖമേൽ ഇത് വരച്ചുനോക്കുക.



സാമം ഗാന്ധാരത്തിൽ തുടങ്ങുമ്പോൾ(മദ്ധ്യമഗ്രാമത്തിനുപകരം)നിഷാദം കൈശികിയാണ്. (ഇംഗ്ലീഷിൽ ഫ്ലാറ്റ് ബി)ഈശ്രുതിനാമം തീവ്രമെന്നാണ്. ഗന്ധർവ്വന്മാര് ഇങ്ങനെ പാടിയിരുന്നു. ദക്ഷിണേന്ത്യയിലെ ഗൌതമസാമഗാനത്തിലാണ് ഗരിസാ എന്ന് ഗ വളരെ ഉറപ്പിച്ച് ഉപയോഗിക്കുന്നത്.

സ,രി – ചതുശ്രുതി

നി ദ്വിശ്രുതി.ഫ്ലാറ്റ്

രി കോമളം എന്നാമ് ദക്ഷിണേന്ത്യയിലെ ഗൌതമർക്ക്(കൌത്തുമി).

കോമളഋഷഭം കൈശികിനിഷാദമുള്ള ഗാന്ധാരഗ്രാമം തെക്കെ ഇന്ത്യയിലെ ഗൌതമവംശ ശാഖക്ക് പ്രത്യേകമുണ്ട്. ഋഗ്വേദത്തിൽ മന്ദ്രസ്വരം(ഉച്ചാരണം,ശിക്ഷ)യജ്ജൂർവ്വേദത്തില് ഭാസി (ഷാ)സ്വരം സംസാരഭാഷ,പദ്യഭാഷ,മര്മ്മരം എന്നിവ, സാമവേദത്തിൽ സപ്തസ്വരം ,അഷ്ട ദളപത്മം,(ഒക്ടേവ്)മണ്ഡലം.

കേരളത്തിലെ നമ്പൂതിരിമാരുടെ 6 സ്വരം മാത്രമുള്ള സാമസംഗീതമാണ് ഇപ്പോള് ദക്ഷിണേ ന്ത്യയിലുള്ള ഏറ്റവും പഴക്കമുള്ള സാമസംഗീതം. മറ്റു സ്വരങ്ങളിൽ സ്വരകമ്പനം കൂടുതലാക യാൽ സ്ഥായിസ്വരം കൂടുതല് ശ്രാവ്യമാണ്. വീണപോലെ ശ്രുതി ഗ്രഹിക്കാം ഗാത്രവീണയി ൽനിന്ന്. (സ്ഥായിസ്വരത്തിൽ കമ്പനമില്ല0അത് ജൈമിനീയത്തിനു മുമ്പുള്ള രീതിയാണത്. ജൈമിനീയത്തിലെ ഏറ്റവും പഴയതെന്ന് ഡോ.ആർനോൾഡ് ബേക്ക് .(*Arnold Bake. The practice of Saamaveda. Proceedings of 7th All India oriental conference. BORI Poona. 1935 pp 143-155).*തംബുരുവോടുകൂടിയാണ് സാമഗാനം പാടുന്നത്. രണായണീയവിഭാഗത്തിൽ പെട്ട എൽഎസ്.ദ്രാവിഡ് (പൂന ഓറിയന്റലിസ്റ്റ് .പൂന. വാള്യം. 4. 1939. പേജ് 1-21).പഴയ മദ്ധ്യമഗ്രാമം ,ഇപ്പോഴത്തെ ഷഡ്ജഗ്രാമം എന്നിവയെ താരതമ്യപ്പെടുത്തുന്നു.

സാമം(സംഖ്യ)	1	2	3	4	5	6	7
മദ്ധ്യമഗ്രാമം	മ	ഗ	രി	സ	നി	ധ	പ
ഗ്രീക്ക്	*F*	*E*	*D*	*C*	*B*	*A*	*G*
ഷഡ്ജഗ്രാമം	സ	രി	ഗ	മ	പ	ധ	നി
ഗ്രീക്ക്	*C*	*D*	*E*	*F*	*G*	*A*	*B*

ര(*r or 11)*അഥവാ 2 എന്ന് മുകളിലേക്ക് ഇട്ടാല് നീട്ടി (ദീർഘം)മാത്ര കൂട്ടി ഉച്ചരിക്കണം. ഒരു നോട്ട് തുടക്കത്തിൽ കൊടുത്താല് അതിന് ഷഡ്ജസ്ഥാനമാമ്. ഓം എന്ന പ്രണവം.

ഉത്തരകർണ്ണാടകത്തിലെ രണായണീയക്കാര് ഋ,രിക്കാണ് കൂടുതൽഊന്നൽകൊടുക്കുക.

2 1
ഓ 3 മ്   ശ്രുതി 2സ, 3നി, 1നി

— ശ്രുതികമ്പനം

∧ 2 ശ്രുതിയോ സ്വരമോ തമ്മിൽ സന്ധി

S മുമ്പിലത്തെ ശ്രുതി തന്നെ പാടുക

ശ്രുതി കൂട്ടുക

ആദ്യം രി, -രിസധപ എന്ന് പ്രാമുഖ്യം . ചെറിയ വ്യത്യാസം കൊണ്ട്എങ്ങനെ പ്രാദേശികമായി അനേകം രാഗങ്ങളുണ്ടാവുമെന്ന് ഇത് കാണിക്കുന്നു. 50000 വര്ഷം മുമ്പേ പുല്ലാങ്കുഴലുണ്ടായിരുന്നു. യാഴും കുഴലും വീണയുമുണ്ടാവുന്നതിനു മുമ്പേ മനുഷ്യര് തങ്ങളുടെ ഗാത്രവീണയില് വളരെ ശ്രദ്ധാപൂർവ്വം,അവധാനപൂർവ്വം സൂക്ഷിച്ചുവെച്ച് കൈമാറിയ ശ്രുതിശൈലികളാണ് സ്തോഭങ്ങളെന്ന എം എൽ.സീതാരാമന്റെ നിഗമനം സൈന്ധവസരസ്വതിലിപിയുടെ പശ്ചാത്തലത്തിൽ വളരെ പ്രസക്തമായി തോന്നുന്നു.(ജേർണ്ണല് ഓഫ് ദി താഞ്ചോര് സരസ്വതി മഹൽ ലൈബ്രറി .തഞ്ചാവൂർ വാള്യം 3, നമ്പ്ര് 1.പേജ് 13-21. 1942).സ്തോഭങ്ങളുടെ കൂടെ മുദ്ര (കൈകൊട്ടൽ),അത് ശിലാതലത്തിലും ഗുഹയിലും സീലിലും രേഖപ്പെടുത്തൽ, അതിൽനിന്ന് ഭാഷയും സാഹിത്യവും ജീവിതരീതിയും നാഗരികതയും വാണിജ്യവും നാണയവിജ്ഞാനീയവും ക്രമേണ ഉണ്ടാവൽ -ഇത് വളരെ സ്വാഭാവികമായി സംഭവിക്കുന്ന ഒരു പ്രക്രിയയാണ്. സാഹിത്യം,സംഗീതം എന്നിവയിൽ രണ്ടുതരം പ്രവണത അന്നും ഇന്നും എന്നും ഉണ്ട്.

1. സാംസ്കാരികപൈതൃകത്തെ വളളിപുളളിവിടാതെ സാമ്പ്രദായികമായി ചിട്ടപ്പെടുത്തി സംരക്ഷിക്കുന്നത് ആരോഗ്യകരമായ ,ശാസ്ത്രീയമായ,ചരിത്രപഠനങ്ങൾ വരുംതലമുറക്കായി കൈമാറുന്നതിനാമ് എന്നു ഗ്രഹിച്ച ഒരു കൂട്ടര്.
2. അതിലൊന്നും വലിയ താൽപ്പര്യമില്ലാത്തവർ. അന്നന്നത്തെ പണം,പ്രശസ്തി,എന്നിവക്ക് വേണ്ടി എല്ലാം മാറ്റിമറിച്ചും ചരിത്രത്തേയും ശാസ്ത്രത്തേയും നശിപ്പിച്ചും ഒന്നിനേയും മതിക്കാത്ത മറ്റൊരു കൂട്ടര്.

മൈസൂർ(കർണ്ണാടക) പുരുഷസൂക്തം എട്ടാമത്തെ സാമത്തിൽ 4 ഋക്കുകള് ഓരോന്നി ന്റെയും അവസാനം ഹാവു എന്ന സ്തോഭം ആവർത്തിച്ച് ഉപയോഗിക്കുന്നു. അവയുടെ വ്യത്യസ്തഫ്രിക്വൻസിസംഖ്യകളടക്കം താഴെ കാണുക.

ഹാവു	ഹാവു	ഹാവു	ഹാവു	ഹാവു
കൈ.നി *B Flat*	സ *C*	രി *D Flat*	ധ *A*	പ *G*
126	144	1516	117	108

ഒരുപക്ഷേ ഇത് ഏറ്റവും പഴയ വാമൊഴിസൂക്ഷിപ്പായ സംഗീതത്തിന്റെ മാതൃകയാവാ മെന്ന് സീതാരാമൻ കരുതുന്നു. ഉപനിഷദവേദകാലങ്ങളിലും മെഹ്ർഗാർഹ് കാലത്തും ചരിത്രാതീതകാലത്തും സംഗീതോപകരണങ്ങളുണ്ട്. അതിനു മുമ്പ് ഉദ്ഗാതാവ് ഉദ്ഗീഥം പാടിയിരുന്നത് ഗാത്രവീണയിൽഏകശ്രുതി ഉപകരണം മാത്രം വെച്ചാണ്. അക്കാലത്താ ണ് ഗുഹാചിത്രങ്ങളിലും സീലുകളിലുമെല്ലാം അവയുടെ മുദ്ര ആലേഖനം ചെയ്തത്. കൈ കാട്ടൽ,തലയാട്ടൽ,കൈത്താളം മുതലായ അംഗമുദ്രകളിൽ ഉച്ചാരണവും ചേർത്ത് വാ മൊഴിയായി കൈമാറിയത് ഏറെക്കാലം മുമ്പാണ്. ഉപകരണമില്ലെങ്കിലും ഉണ്ടെങ്കിലും വായ്പ്പാട്ടുകാർ സ്തോഭങ്ങളെ ആധാരമാക്കുന്നതിനാലാണ് (വായ്പ്പാട്ടും, ഉച്ചാരണശ്രുതി ഭേദങ്ങളും)സ്തോഭങ്ങൾ സാമഗാനത്തില് ഇത്ര കൃത്യമായി സംരക്ഷിക്കപ്പെട്ടത്. അന്നും ഇന്നും വൈണികർ തങ്ങളുടെ മെട്ട് മുറുക്കി താന്താങ്ങളുടെ കേൾവിയനുസരിച്ചാണ് ശ്രുതി അഡ്ജസ്റ്റ് ചെയ്യുന്നത്. സമ്പ്രദായം മാറ്റിപ്പാടുന്നവര് സ്തോഭങ്ങളെ മാറ്റിപ്പാടിയി രുന്നു എന്നും ,സ്തോഭങ്ങൾ അതിന്നെത്രയോ മുമ്പ് ഉണ്ടായിരുന്നിരിക്കണമെന്നും കാണി ക്കുന്ന ഒരു വാചകം മനു പറയുന്നുണ്ട്:-സാമവേദത്തിലെ ശബ്ദങ്ങൾ അശുദ്ധമായിരിക്കു ന്നു,എന്ന്. ശുദ്ദസ്വരത്തിൽനിന്നുളള സ്കെയിലുകളുടെ വ്യത്യസ്തങ്ങളായ പോസിബിലിറ്റീ സോടുകൂടിയ രാഗങ്ങൾ മനുവിന് മുമ്പേ നിലവിലിരുന്നു എന്ന് പഴക്കം കാണിക്കുന്ന വാചകമാണിത്.

സപ്തധാ വൈ വാഗ് വദത് (അ.7,ഖണ്ഡം 7 ഐതരേയബ്രാഹ്മണം)സപ്തസ്വരങ്ങളെ സൂചിപ്പിക്കുന്നു. എം 1186ലെ സപ്തസ്വരദേവതമാർ,അധിദേവതയായി വൃക്ഷത്തി ൽവസിക്കുന്ന ദൈവീമേധയായ സരസ്വതി ,ആരാധകനായ ദേവഗന്ധർവ്വപുരുഷനും അവന്റെ ഋഷഭക്കൊമ്പും ദീപ്തഗാന്ധാരമുദ്ര എന്നിവ ഞാനിങ്ങനെയാണ് വായിക്കുന്നത്.



ദീപ്തഗാന്ധാരമുദ്ര

പ്രോട്ടോശിവ(എം 304,),സപ്തസ്വരദേവത(എം 1186), ഫിഗ് ഡെയിറ്റി ഇവയിലെ ലിഖിതം ഒന്നുകൂടി ഇനി ശ്രദ്ധിച്ചുനോക്കുക.അതിന്റെ വായന ഇങ്ങനെയാണ്.



എം 304

ആൾ കൈലമച്ചനാമ ആല്വത നന്ദ് ആൾ

ആ കൈ മ നാ ആ ന ആ



എം 1186

ആൾകൈലപൊട്ടുമീൻനാമപെൺനന്ദ്ആല്വത

ആകൈപൊന്നാനാ ആ



ഓം തിരിപുര(ത്രിപുരാ) **ഓം പ്രണവ,ശിവചിഹ്നം**

ആ, ഉ, മ ഉര് ര് രി ത ആ (അനുദാത്തം(താഴെ ചെറിയവര) 1

ആ ഉ മാ ഉര് ര് ഋ ത ഓം 2

ഓം ആകമനാന(ആഗമജ്ഞാന)ആആആത്തി

ഓം ആഗപൊന്നാനാആ ആ ആ ത്തി

സംഗീതപരമായ വായന ദൈവീകവായനയാണ്.ഇനി മനുഷ്യം എന്ന വായന.

1. ആൾ,ഉ,മച്ച,ഊർ,രിചി,രചി,ആൾ.(അനുദാത്തം)

ആളുമത്സ്യഊരുള്ളൃഷിരക്ഷിആൾ . മത്സ്യരാജ്യത്തെ ആളുന്ന ഋഷിരക്ഷ(ബ്രഹ്മർഷി, രാജർഷി)യുടെ താഴെയുള്ള ആൾ(നിഷാദൻ).നാഷാദരൂപമെടുത്ത ശിവചിഹ്നം. ശിവയോഗി.

2. ഉമാ എന്ന് നീട്ടി ,ആറാമത്തെ അക്ഷരം അഞ്ചായി അതിന്നു നടുവിലായി ഒഢ്യാണ ചിഹ്നമിട്ട് (കാപ്പ്)ഇത് സ്ത്രീചിഹ്നമാക്കിയിരിക്കുന്നു. അഞ്ചാമത്തേത് ഇടത്തുനിന്ന് വലത്തോട്ട് മാറ്റമില്ലാതെ. അതായത് ശിവയോഗിയുടെ അർദ്ധാംഗിനി വാമഭാഗത്തെ ഉമ, ബ്രഹ്മർഷിയുടെ മിഥുനം സരസ്വതി.രാജർഷിയുടെ മിഥുനം ലക്ഷ്മി. അർദ്ധാംഗമായി വിഭജിച്ചതിനെ ഒരിക്കൽക്കൂടി വിഭജിക്കുന്നു.ത്രിമൂർത്തി,ത്രിപുര,ത്രിശക്തിചിഹ്നം. സ്തോഭം രണ്ടാമത്തെ വരിയിൽ ചതു ശ്രുതി ഋഷഭവും കൈശികിനിഷാദവും.



കാവ് സൈന്യണ്ടാവുന്നത് .ബാലൻസിങ്ങ്

സ്തോഭം 32 മ 27 ഋ 45 നി



താരം ,മന്ദ്രം ,മദ്ധ്യസപ്തകം എന്നിവയെ 3 സവനം(3 സ്ഥാനം)കൊണ്ട് അങ്ങനെ ഗാത്ര വീണയെന്ന യജ്ഞപാത്രത്തിൽ നിറയുന്ന സാമം എന്ന സോമത്തെ അളവിടുന്നു. ചതു ർത്ഥമെന്ന സൈനില് ചെറിയ ഒരു തുള്ളിപോലെ കാണുന്നത് ഈ യൂണിറ്റിനെ കാ ണിക്കുന്നു. പ്രാതസവനം,മാദ്ധ്യന്ദിനസവനം തൃതീയസവനം (സായം).മദ്ധ്യം (ഉച്ചം)മന്ദ്ര ത്തേക്കാളും ഇരട്ടി ശ്രുതിയിലാണ്. സ്തോഭങ്ങൾ പ്രൈമറി ആത്മീയഭാഷ എന്ന ഇനത്തി ലാണ് പെടുന്നത്. ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള ജ്ഞാനികൾ അതിനെ ആത്മീയം ദൈവീകം എന്ന് വിളിക്കുന്നു.

പ്രഭാതസവനം അഗ്നി-ബാസ് ശബ്ദം. ഉദയസൂര്യൻ.

മാദ്ധ്യന്ദിനം മിഡിൽ ഒക്ടേവ്. ഇന്ദ്രൻ.നിരന്തരമായ ശ്രീ,സമൃദ്ധി,ഉച്ചനേരത്തെ സൂര്യൻ.

തൃതീയസവനം വിശ്വേദേവകൾ മൂന്നാമത്തെ ഒക്ടേവ് .

പദങ്ങളെ പർവ്വണങ്ങളായി മുറിക്കുമ്പോള് ,വാക്കുമാത്രമല്ല അക്ഷരവും അപ്രകാരം മുറിക്കുന്നു.അപ്രകാരം പുഷ്പങ്ങളും സ്തോഭങ്ങളും ചേർക്കുന്നതും സംഗീതത്തിന് ഭാവരസങ്ങളെ കൊടുക്കുന്നതിൽ വളരെ പ്രാധാന്യമുളളവയാണ്. പുഷ്പസൂത്രത്തിൽ ഉളളവ ഇപ്പോള് അതേപടി പൂർണ്ണരൂപത്തില് (രൂപാന്തരസ്വരൂപത്താൽ) ഉണ്ടായിരിക്കയില്ല.എന്നാലും 99 ശതമാനവും ഇപ്പോഴും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. വേദകാലത്ത് അവരോഹണത്തിൽ നി(ഉച്ചം) ധ(പ്രചയം) രി(സ്വരിതം) സ(നീചം,അതിസ്വരം) എന്നാണ്. നി മുതൽ സവരെ അവരോഹണമാണ്.ഇവിടെ നിധപഗരി സനിധപമരിസ സനിധമപ എന്നാണ്ട പരിശേഷശിക്ഷയിൽ, നിത്യം,ക്ഷിപ്രം,അഭിനിഹിതം എന്ന് 3 തരം നിഷാദമുണ്ട്, തൈരോവ്യഞ്ജനം, പദാവിവൃത്തം എന്ന് 2 തരം ധൈവതം, പരിശിഷ്ടം,പരിഹൃതം എന്ന് 2 സ്വരിതം, മയും ഗയും ഉദാ ത്തം, രിസ അനുദാത്തം .അക്രരങ്ങൾക്ക് ഉച്ചാരണഭേദമനുസരിച്ച് കമ്പനസംഖ്യ മാറു മെന്നും ഒരു സ്വരം രണ്ടായി വിഭജിക്കാമെന്നും ഓരോന്നിന്റെ കമ്പനസംഖ്യയും സ്ഥിരമെ ന്നും(ഉച്ചാരണം എത്ര ശുദ്ധമെന്നതനുസരിച്ച്) ഉളള നിയമം പൂർവ്വികർക്കറിയാമെന്ന് സൈന്ധവലിപിയും പഴയ ഗ്രന്ഥങ്ങളും ഒരുപോലെ തെളിയിക്കുന്നു. വാജസനേയികൾ കമ്പനസംഖ്യ ഇങ്ങനെ പറയുന്നു:-

1. അഭിനിഹിതം 2560 കമ്പനം സെക്കന്റിൽ.
പ്രശ്ലിഷ്ടം 2460- 2030
ക്ഷൈപ്രം 1840
2. ക്ഷൈപ്രം,നിത്യം 1084, 1840, 812.
അഭിനിഹിതം 574 483
പ്രശ്ലിഷ്ടം 362, 342
(തൈത്തിരീയപ്രാതിശാഖ്യപ്രകാരം)

(Musical Notations in Veda and Vedanga .M.Raja Rao .Prof .P K Gode commemorative volume .Oriental Book agency Shukrawar .Poona 1960. 314-322)

പവമാനത്തിൽ 5 നോട്ടുകളേയുളളു(ഔഡവം). ഇന്ദ്രപുഛത്തിൽ മാത്രമേ 7 സ്വരമുളളു. 7 പൂർണ്ണസ്വരവുമുളള സാമങ്ങൾ:1.അത്രാ 2.കശ്യപവ്രതദശാനുഗാനം.3. ഐന്ദ്രസാമം പത്താം അനുഗാനം(പുഛം). കൌത്തു മർക്ക് ഇതില് ഏഴുസ്വരവുമുണ്ട്. 4.നമ്പൂതിരിമാരുടെ കൃഷ്ടസാമൻ.ഈ നാലെണ്ണത്തെ 18 വിധത്തിലുപയോഗിച്ചാണ് 72 മേളകർത്താരാഗങ്ങളുണ്ടാക്കുന്നത്. 297 പഴയ നൊട്ടേഷനല് അക്ഷരങ്ങള് 4 ഗ്രന്ഥങ്ങളിലുളളത് ഇപ്പോളുളളത് ലണ്ടന് ഇന്ത്യാ സീരീസിലാണ്.

1.സാമലക്ഷണം (സ്വരപരിഭാഷ)

2.ഛലലക്ഷണം (2 കോപ്പി)

3.ഛലപ്രക്രിയ

4.സാമപരിഭാഷ.കൃഷ്ണസ്വാമി ശ്രൌതി

(*Walter Kaufmann .Bloomington. 1968.1-18. Essays in Musicology. Indiana University school of Music 1968)*

കവർഗ്ഗം ആദ്യത്തെ ശ്രുതിയിലും ചവർഗ്ഗം രണ്ടാം ശ്രുതിയിലും ടവർഗ്ഗം മൂന്നാം ശ്രുതിയിലും തവർഗ്ഗം നാലാം ശ്രുതിയിലും പവർഗ്ഗം അഞ്ചാം ശ്രുതിയിലും ഉച്ചരിക്കണമെന്ന് സാമല ക്ഷ ണം പറയുന്നു. ഛലപ്രക്രിയയിൽ ഒരക്ഷരം കയ്യിലെ ഒരു സ്ഥാനത്തോടോ വിരലിനോടോ ബന്ധിപ്പിക്കുന്നു. ഇങ്ങനെ ഒരു കയ്യ് ,രണ്ടുകയ്യ്,കരണമുദ്ര എന്നിവ പൂജാമുദ്രപോലെ സംഗീത ത്തിലുമുണ്ട്. ഈ മുദ്രകൾ ബാലിയിലെ ആളുകളും ഉപയോഗിക്കുന്നു. ബാലിയിലേക്ക് ദക്ഷി ണേന്ത്യക്കാര് കുടിയേറിപ്പാർക്കുംവരെ ഈ മുദ്രകള് മാത്രമാണ് ഇന്ത്യയില് സാമസംഗീത ത്തിന് പരസ്പരം ഗുരുശിഷ്യന്മാർ കൈമാറാനുണ്ടായിരുന്നത്. (വാമൊഴിയും കൈമുദ്രയും മാത്രം). പിന്നീടാണ് ഇന്ത്യയിൽ മറ്റു മാർഗ്ഗങ്ങളും വന്നത്.അതുകൊണ്ട് ബാലിയിലെ ജനതക്ക് പഴയ മെത്തേഡ് മാത്രമേ അറിഞ്ഞുകൂട്ടൂ.

വേറൊരു മാർഗ്ഗം കുശപ്പുല്ല് വെച്ചുകാണിക്കലായിരുന്നു. 5 സ്വരം , 3 വരി 3 ഒക്ടേവ്. 15 പുല്ല് അഥവാ ചെറിയ മരക്കൊമ്പ് വെച്ചുകാമിക്കംസാമവേദികള്. ഇത് പിന്നീട് ബുദ്ധമതക്കാരും സ്വീകരിച്ചു. ജപ്പാനിലേക്ക് ബുദ്ധമതക്കാരാണ് ഇതു കൊണ്ടുപോയത്. ജപ്പാനിലെ ബുദ്ധിസ്റ്റ്

ചാന്റ് ഇങ്ങനെയാണ്:



അക്ഷരത്തിനുമുകളിലായി പ്രേംഖയിടുന്നത് ഒന്നോ രണ്ടോ മാത്ര നീട്ടിപ്പാടണമെന്നാണ്. ഇതിന് ഊഞ്ഞാലുപോലെ ചലിപ്പിക്കുന്നതെന്നും പറയും. പ്രേംഖയോടൊപ്പം ഉള്ള സൈന്ധവലിപിയിൽ അവ കണ്ടെത്തിയതോടെ ഇല്ലാതായിട്ടുണ്ട്. ണ്ടായത് പതിനേഴാം നൂറ്റാണ്ടിലാണെന്ന അഭിപ്രായം

അക്ഷരത്തിനുമുകളിൽ ദീര്ഘം (2 മാത്ര) ഇടുന്നത് സിന്ധുലിപികാലത്തും കാണുന്നു.സൈന്ധവലിപി ഉണ്ടാവുന്നതിവുമുമ്പ് പ്രേംഖയും പൂജ്യവും ഇട്ടിരുന്നു. ഭക്തികൾ ഉദ്ഗ്രഹം,ധ്രുവം,മേളപക്കം,ആഭോഗം,പല്ലവി,അനുപല്ലവി, ചരണം,അസ്ഥയ്,അന്തര എന്നിവയാണ്. വിരാമം(യതി)പാടാനായി പദഛേദം കൊണ്ട് പർവ്വണങ്ങളുണ്ടാക്കി. സാമലക്ഷണത്തിൽ ഇത്തരം 300 പർവ്വണങ്ങളുണ്ട്. ശ്രുതിശുദ്ധത്തിന് സ്തോഭം മാത്രമായ സ്തൌഭികാഗണങ്ങളാണ് (അനൃചം സാമൻ).ഉടക്കത്തില് ആലാപനം,മദ്ധ്യത്തിൽ സാഹിത്യം (പദം) ഒടുക്കം സ്വരപ്രസ്താരം എന്ന സാമഗാനത്തിലെ പതിവ് ഇന്നും സംഗീതത്തിലുണ്ട്. 33 സ്വരഭേദങ്ങൾ 33 ദേവകുടുംബങ്ങളാണ്. (33 കോടി സ്വരദേവന്മാർ).കേരളത്തിലെ രീതി മുഴുവന് കയ്യും താഴേക്കും മുകളിലേക്കും ആട്ടി,ശ്രുതി കാണിക്കുന്നതാണ്. വിരൽ തൊടുന്നത് വിസർഗ്ഗമാണ്.



ക്ഷേപണംപോലെ ,ആരോഹണം ചെയ്യുന്നതാണ് മർഷണം. ചൂണ്ടുവിരൽ മുതല് എല്ലാ വിരലുകളുടേയും ആദ്യസന്ധിയിൽ തള്ളവിരല് ഓരോന്നായി തൊട്ട് സ്വരം സൂചിപ്പിക്കുന്നതാണ് അനാംഗുലീമർദ്ദം. ഓരോ സാമവും 5 പർവ്വമായി ഭക്തമാക്കുന്നു. ഓരോ പർവ്വം ഒറ്റ ശ്വാസത്തിൽ പാടുന്നു(പഞ്ചപ്രാണൻ). ഒരു പർവ്വം കഴിഞ്ഞാല് ഒരു വര.ഒരു ഭക്തികഴിഞ്ഞാൽ രണ്ടുവര. ലോപമെന്നാൽ ഒരക്ഷരം കാണാതാവുന്നതും ആഗമമെന്നാല് ഒന്ന് വർദ്ധിക്കുന്നതുമാണ്. ഹാവു എന്ന് സോമം ജൈമിനീയത്തില് ഹാബു എന്ന് ഉച്ചരിക്കും. സോമയാഗത്തിലെ സാമഗായകരും അവരുടെ സാമവും ഇങ്ങനെയാണ്.

സാമഗായകർ				7 സ്വരമുള്ളപ്പോൾ
പ്രസ്തോതാ	പ്രസ്താവം		നിധാനം	ഹിങ്കാരം കഴിഞ്ഞ് പ്രസ്താവം
ഉദ്ഗാതാ	ഉദ്ഗീതം	ഉപദ്രവം	നിധാനം	ഓംകഴിഞ്ഞ് ഉദ്ഗീഥം
പ്രതിഹർത്താ	പ്രതിഹാരം		നിധാനം	
സുബ്രഹ്മണ്യൻ				

പര്യയത്തിൽ(ആവർത്തിക്കുന്നത്)എത്ര സ്തോമമാണ് എന്ന ശൈലിയെ വിസ്തൃതി എന്നു പറയും.

ഗാത്രവീണയിലെ കൈസ്ഥാനങ്ങൾ:

ഇടത്തുകയ്യിലെ ഗാത്രവീണാസ്ഥാനങ്ങളാണ് മുകളിലുള്ളത്. വടക്കൻകൌത്തുമർക്ക് കൃഷ്ട യും പ്രഥമയും അതേ കൈയ്യിലാണ്. തെക്കൻകൌത്തുമർക്ക് വടക്കൻകൌത്തുമരിൽനിന്ന് ചിലവ്യത്യാസങ്ങളുണ്ട്.അവർക്കും വടക്കൻകൌത്തുമരിലെ ചില സാമവേദികൾക്കും തള്ളവിരലിന്റെ 2 യവം (2 നവരനെല്ലിട അഥവാ എട്ടിലൊന്നു അംഗുലം)ദൂരെവെച്ച് കൃഷ്ടവും ,ഒരു നവരനെല്ലിടവെച്ച് പ്രഥമയുമാമ്. കേരളത്തിലെ ജൈമിനീയശാഖയിലെ നമ്പൂതിരിമാർക്ക് ഏതാണ്ട് 24 ശ്രുതിസൈലികളാണുള്ളത്. 8 ശ്രുതിയിൽനിന്ന് ഉണ്ടായ ഇവയില് ഒന്നാം ശ്രുതി പലപ്പോഴും പ്രകടമായി കേൾക്കും. ഒക്ടേവ് പൂർണ്ണമായിട്ടുണ്ട്. അവർക്ക് വാമൊഴിയും കൈകാട്ടൽമുദ്രയുമേ ഉള്ളു (ഗ്രന്ഥം-ടെക്സ്റ്റ് ഇല്ല)അതിനാൽ ഏറ്റവും പഴക്കമുള്ള ശാഖയാ

ണത്. തമിഴകത്തിന്റെ പശ്ചിമതീരത്തെ സാമവേദികളുടേതാണ് (കേരളത്തിലെ)ഏറ്റവും പഴക്കമുള്ള സാമവേദം. ചുരുക്കിപ്പറഞ്ഞാൽ,കേരളത്തിലാണ് സാമവേദം ഉണ്ടായത്.

രോഹ,രോഹിമി എന്നതിന് പർപ്പോള പറഞ്ഞ അർത്ഥങ്ങൾക്കുപുറമേ ഒരർത്ഥവും കൂടി സാമവേദികൾക്കുണ്ട്. മ കഴിഞ്ഞ് ഗ പാടുമ്പോൾ (മദ്ധ്യമം കഴിഞ്ഞ് ഗാന്ധാരം)ഗാന്ധാരത്തിന് രോഹപൂർവ്വ എന്നാണ് പറയുക. രോഹമെന്നാൽ ആരോഹണം . ദ്വിതീയസ്വരത്തിൽനിന്ന് ചതുർത്ഥത്തിലേക്ക് ഉള്ള കർഷണത്തിനും രോഹ എന്നാണ് പേര്. (ഋഷഭം –മദ്ധ്യമം)സരിമഗ എന്നതിൽ ഇതുരണ്ടും കാണും. ഗാന്ധാരദേശം,രോഹിതകപർവ്വതം എ ന്നെല്ലാം കാണുമ്പോള് സ്ഥലനാമങ്ങളിലുമുണ്ട് ഈ പ്രയോഗം. താഴെ നിന്ന് മുകളിലേക്ക് യാത്ര ചെയ്യുന്നവർ (മേലെനിന്ന് താഴോട്ടുവരുന്നവരല്ല)ഇട്ടപേരുകളാണവ. ദ്രാവിഡരാണ് ഇങ്ങനെ താഴെതെക്കുനിന്ന് മുകളിലേക്ക് വടക്കോട്ടു യാത്ര ചെയ്തജനവിഭാഗം.

സധനി എന്നത് ഗസരി എന്നാവുമ്പോൾ ഓരോ സ്വരവും മുമ്പിലത്തേതിന്റെ 2 എണ്ണം മേലെയാണ്(ഉദ്ഗൂഹം)സരിഗ, ധനിസ,നിസരി. ഇവയും ആരോഹണക്രമത്തിൽ തൃതീയ, ദ്വിതീയ, പ്രഥമകളിൽ ഉദാത്തതമമായ സ്വരവും ഉദ്ഗൂഹമെന്ന് അറിയുന്നു.ആദ്യം മുളങ്കുഴലും പിന്നെ തംബുരു,വീണ ഇങ്ങനെയുമാമ് ഉയർന്നതും താഴ്ന്നതുമായ ശ്രുതികളെ നിശ്ചയിക്കാനായി ക്രമത്തിൽ ഉപകരണങ്ങളുണ്ടാക്കിയതെന്നു നാരദമുനി. ഉയർന്നശ്രുതി ഋഷഭം ,താഴ്ന്നത് നിഷാദം. ഇടയിലുള്ളത് സാമാന്യം. നിഷാദത്തേക്കാലും താഴ്ന്നത് കേൾക്കണമെങ്കില് അനുസ്വാരം വേണമെന്നും ധീമത്തുക്കൾക്കുമാത്രമേ അതു കേൾക്കാനാവൂ എന്നും നിശ്ചയിക്കപ്പെട്ടു. ധീമത്തുക്കൾകേൾക്കുന്നത് ധൈവതം. അതിലും താഴെ പഞ്ചമം. അങ്ങനെ രി,നി,സ,ധ,പ എന്നു സ്വരപഞ്ചകം തീർത്തു.4,2,3,4 ശ്രുതിമൂല്യമുള്ള പഞ്ചമഋഷഭങ്ങള് ആകർഷകങ്ങളാണെന്നും അതിൽപഞ്ചമസ്വരം സാമാന്യമായി ഉപയോഗിക്കുമെന്നും നിശ്ചയിച്ചു. ഋഷഭത്തിന് 4 ശ്രുതി താഴെയുള്ള സാമാന്യം താരമദ്ധ്യങ്ങൽക്ക് അതിർത്തിയില് ഗാത്രവീണയില് മൂർദ്ധാവ്, കണ്ഠത്തിലാണ്. പഞ്ചമം മദ്ധ്യ,മന്ദ്രങ്ങൾക്കിടയിൽ കണ്ഠം ഉരസ്സിൽ. ഇങ്ങനെ ഗാത്രവീണയിൽ ജനിച്ച പുതിയസ്വരങ്ങൾക്ക് പ്രഥമക്ക് മദ്ധ്യമ,ദ്വിതീയക്ക് ഗാന്ധാര,തൃതീയക്ക് ഋഷഭ എന്നു പേരിട്ടു. ഇവയും സാമാന്യ.വും ചേർത്ത് അവരോഹണക്രമത്തില് മദ്ധ്യമഗ്രാമം ഉണ്ടാക്കി. ഗന്ധർവ്വം അഥവാ ഗാന്ധാരത്തിന്റെ സപ്തകം എപ്പോഴും ആരോഹണത്തിലാണ്. (അവരോഹണമില്ല)എന്നാൽ സ്വരമണ്ഡലത്തില് ആരോഹവും അവരോഹവുമുണ്ട്. ഈ ഗതിയെ ഋഷ അഥവാ ഋച എന്നു വിളിക്കും. ഋഷഭം,ഋചീക,ഋഷിപദങ്ങൾ ഇങ്ങനെ ആരോഹാവരോഹത്തോടുകൂടിയ സ്വരമണ്ഡലചിഹ്നമാണ്. (സാമവേദ് സെ സ്വര വാ ഗായനാ . എഛ്. ആർ. ദിവേക്കർ. സാഹിത്യഅനിനാമ്യകഹി സമസ്യ.ജോഷി. ലോഥണ്ഡേപ്രകാശന്.പൂന 1944. പേജ് 259-271)7 സ്വരമുള്ള സാമം ആദ്യം നിഷാദാദിയായിരുന്നു.

ഗാത്രവീണാമുദ്രകൾ.

'' | — ''

അ || യി

തള്ളവിരൽചെറുവിരലിൽ വെച്ച്, ചൂണ്ടുവിരലിൽകൊണ്ടുവരിക

| ∧

അ || യി –

ചൂണ്ടുവിരൽസ്ഥാനം ഘനസ്വരം,ദീർഘം. ചൂണ്ടുവിരൽ തള്ളവിരലിലേക്ക് താഴ്ത്തിപ്പിടിക്കുക

തള്ളവിരലറ്റംചൂണ്ടുവിരലിന്റെമൂലത്തിൽനിന്ന്

'' ഐ '' മുകളിലേക്കുംപിന്നെമദ്ധ്യത്തിലേക്കും . കൂട്ടതൽദ്രുതമായി പാടണം

|| /// | | ' '

ഹി യ 2 3 4 5

ചൂണ്ടുവിരലറ്റം,മദ്ധ്യമികയുടെമദ്ധ്യം,മോതിരവിരൽമദ്ധ്യം,ചെറുവിരൽ അഗ്രത്തിന്റെ മദ്ധ്യം. വിരലുകൊണ്ടു മുദ്രകാട്ടുമ്പോൾഓരോ നോട്ടിന് ഓരോമാത്രവെച്ച് ആലാപനംചെയ്യുന്നു.

അക്ഷരത്തിനുമുകളിൽ ര ഇട്ടാൽ അടുത്തുവരുന്നത് ക്ഷിപ്ര(ഗതിശീഘ്രമായി)യായി പാടണം.

////// 7.പഞ്ചമം.മദ്ധ്യമത്തിന് ഉപരിയോ അടുത്തോ.മന്ദ്രസ്വരം,ധൈവതം (നാരദശിക്ഷ)

സ്വരാന്തരം വഴി 5 താത് ഉണ്ടായി.

1. മഗരിസധ (ബിലവൽ താത്) കൃഷ്ടം പ, അതിസ്വരം നി.
2. ഗരിസധമ(യമൻ,യമുനാകല്യാണി)
3. രിസധമഗ(ഭൈരവി)
4. സധമഗരി(കാപി)
5. ധമഗരിസ(അസാവേരി)

ഇന്ത്യൻസംസ്കാരത്തിനും ചരിത്രത്തിനുമുള്ള തെളിവുകൾ,ഇന്ത്യയിലെ പഴയ അറിവുകളെ ക്രോഡീകരിച്ചുവെച്ച ഗ്രന്ഥങ്ങളും പുരാവസ്തുഗവേഷണവും ഇവിടത്തെ സംഗീതാദിശാസ്ത്രങ്ങളും കലകളും ഇന്നും ജീവിക്കുന്ന അവയുടെ സാമ്പ്രദായികമായ ആചാരങ്ങളും ഇവയുടെയെല്ലാം ശ്രദ്ധാപൂർവ്വമായ പഠനവുമാണ്. സാമവേദത്തെക്കുറിച്ച മേൽപ്പറഞ്ഞ അറിവുകളും (*G.h.tarlekar. The saaman chants .A review of Research Indian Musicological society. bombay.Baroda 1985*)ഇരാവതം മഹാദേവൻ *EBUDS(Extended basic unique data text)* വെച്ചു ചെയ്ത സൈന്ധവലിപി വർഗ്ഗീകരണവും *Asko Parpola (Finnish Uty)* യുടെ പണ്ഡിതോചിതമായ സൈന്ധവലിപിപഠനങ്ങളും ചേർത്തുവെച്ച് കേരളം,തമിഴ്നാട്, ദക്ഷിണേന്ത്യൻ

ദ്രാവിഡസമ്പ്രദായം ,സംസ്കൃത,തമിഴ് ഗ്രന്ഥങ്ങളിൽ ഇതിന്നുപോത്ബലകമായ പരാമർശ ങ്ങളെന്നിവ ഉദ്ധരിച്ച് ഞാനെത്തിച്ചേർന്ന നിഗമനങ്ങളാണിവ.



സൈന്ധവലിപിചിഹ്നങ്ങൾ



സാമവേദികളുടെ ശ്യേനചിതിയുടെ
ബേസിക് രൂപം
വാസ്തു



ഗായത്രിയുടെ ഗോളയന്ത്രം (ശൂലപാണിവാരിയർ വരച്ചുതന്ന പ്രകാരം)

ഉത്രാടം,പുണർതം,കാർത്തിക,വിശാഖം ഈ നക്ഷത്രങ്ങളാണ് ഗായത്രിയുടെ ഗോളയന്ത്ര ത്തിലെ നാലു ദിശാസ്ഥാനം. വേദി (ശ്യേനചിതി) ഗായത്രിമുതൽ ജഗതിവരെ 7 ഛന്ദസ്സു കൊണ്ട് ഉണ്ടാക്കുമ്പോൾ സംഗീതത്തിന്റെ സ്കെയിലുകളാണ് ഉപയോഗിക്കുന്നത്.

1. ഗായത്രി 24 കാൽമുട്ടുവരെ (പ്രാണം)നാസാ .വസിഷ്ഠ,കാശ്യപ
2. ഉഷ്ണിക്ക് 28 നേത്രം വിശ്വാമിത്ര,ജമദഗ്നി
3. അനുഷ്ടുപ്പ് 32 .ശബ്ദം .അത്രി
4. ബൃഹതി 36. മനസ്സ്
5. പംക്തി 40 ചെവി. ഗൌതമ,ഭരദ്വാജ
6. ത്രിഷ്ടുപ്പ് 44 നാഭിവരെയുള്ള പ്രാണം
7. ജഗതി 48 ഒരാളുടെ സരീരദൈർഘ്യം മുഴുവനും താഴോട്ടുള്ള പ്രാണം

ഏഴര ചതുരശ്രഅടി (സ്ക്വയർ ഫീറ്റ്) വേദിയുടെ അളവാണ്. (ഒക്ടേവ്)ഇത് 108000 ചതു രശ്രഅംഗുലമാണ്. ഒരു പുരുഷൻ 120 അംഗുലം.ഏഴര ചതുരശ്രപുരുൻ 108000 ചതുരശ്ര

അഗ്ഗലം ഒരു ബേസിക് ഹോമകുണ്ഡമാണ്. ഇതാണ് ഒരു ബേസിക് സാമസംഗീതസ്കെയിലും. ഏഴരപുരുഷനെന്നത് 360നെ ഏഴരകൊണ്ടുഗുണിച്ച 2700 വർഷമായ സപ്തർഷിയുഗമാണ്. ഋഗ്വേദപ്രകാരം ഇത്തരം 43 ലക്ഷത്തി ഇരുപതിനായിരം വർഷങ്ങളായി പ്രപഞ്ചസർഗ്ഗം നടന്നിട്ട്.





ഋഗ്വേദം സപ്തർഷിമാരില് ആറുപേര് ദേവജമിഥുനങ്ങളെന്നും മിഥുനമല്ലാത്തവന് അത്രി എന്നും പറയുന്നു.(ഋ. 1.164.15. അഥർവ്വ. 9.9.16, 10.8.5).വിശ്വാമിത്രനും ദേവജനാണ്. (ഋ. 3.53.9)

ഇരാവതം മഹാദേവൻ പഠനവിധേയമാക്കിയ ടെക്സ്റ്റുകൾ:

189 എണ്ണം ,ദൈർഘ്യം 2 (പി 1. പി 189) ഉള്ളവ

284 എണ്ണം ദൈർഘ്യം 3 (ടി 1-ടി 284)ഉള്ളവ

263 എണ്ണം ദൈർഘ്യം 4(ക്യൂ 1-ക്യൂ 263)ഉള്ളവ .(*Segmentation of Indus texts .Nisha Yadav. M.N.Wahia,Iravatham Mahadevan.Rishikesh Joglekar.Tata Institute of Fundamental*

*Research. Mumbai 400005)*അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളാണ് താഴെ കൊടുത്തിരിക്കുന്ന *APPENDIX*ൽ ഉള്ളത്.

സൈന്ധവസരസ്വതിലിപി ഉപയോഗിച്ചിരുന്നത് ഇന്ത്യയിലെ പടിഞ്ഞാറൻതീരം ഉൾപ്പെട്ട (ഗുജറാത്,സിന്ധുദേശം,സരസ്വതിതടം,മഹാരാഷ്ട്ര,കർണ്ണാടകം,കേരളം,തമിഴ്നാട്) ജനതയാണ്. അവരാണ് പുറംനാട്ടുകളിലേക്ക് സീലുകളായും നാണ്യമായും ചതുരത്തിലും വട്ടത്തിലുമുള്ളവയും സിലിണ്ടർരൂപമുള്ളവയുമായ തകിടുകളായും ചിത്രലിപികളും മറ്റും എത്തിച്ചത്. ഗണിതം, തൂക്കവും അളവും,സംഗീതം,ജ്യോതിശ്ശാസ്ത്രം ,വാണിജ്യവും നാണ്യവിജ്ഞാനീയവും, ചുങ്കസ്ഥാനങ്ങളിലെ അടയാളമുദ്രകളും സാംസ്കാരികവും ഭാഷാപരവുമായ സാഹിത്യസംവേദനങ്ങളും ഇവരാണ് നടത്തിയത്. ഇങ്ങനെ ചുരുങ്ങിയത് അഞ്ചാറു കർമ്മങ്ങളെങ്കിലും സൈന്ധവലിപിയിലൂടെ ദ്രാവിഡസമൂഹം നിർവ്വഹിക്കയും പുറംരാജ്യങ്ങളുമായി കൈമാറുകയും ചെയ്തു എന്നാണ് എന്റെ നിഗമനം. തൊവരിഗുഹയിലെ ചിലചിഹ്നങ്ങൾ സൈന്ധവലിപിയിലും കാണുന്നു.സംഘകാലത്തെ ഒന്നാം സംഘത്തലവനായിരുന്ന അഗസ്ത്യമുനി ആദ്യമായി തെക്കേ ഇന്ത്യയിലെത്തിയപ്പോൾ താമസിക്കാനായി തെരഞ്ഞെടുത്ത ഗുഹയാണ് തൊവരിക്കൈ എന്ന തൊവരിഗുഹ. രണ്ടാം സംഘകാലത്ത് സംഘത്തലവനായ ശ്രീകൃഷ്ണപരമാത്മാവിന്റെ ദ്വാര ക (ഗുജറാത്)തൊവരിക്കൈക്കോമാനെന്ന പദവിയോടെ തമിഴ് സംഘസാഹിത്യം അംഗീക രിക്കുന്നു. അകത്തീയരും ശ്രീകൃഷ്ണനുമാണ് ഒന്നും രണ്ടും സംഘകാലത്തെ ക്രോഡീകരിക്ക പ്പെട്ട ഗ്രന്ഥങ്ങളെ പരിശോധിച്ചവരെന്ന് തമിഴുസാഹിത്യം കരുതുന്നു. ഒന്നാം സംഘകാല ത്തെ തൊവരിലിപിയിൽനിന്ന് രണ്ടാം സംഘകാലത്തെ സൈന്ധവലിപിയിലേക്കുള്ള (ശ്രീ കൃഷ്ണകാലം) മീനവസഞ്ചാരികളുടെ വളർച്ചയും വികാസവും ഞാനീ ലിപികളിൽ കാണുന്നു.

- **സൈന്ധവലിപിയിൽ കാണുന്ന വൈഷ്ണവചിഹ്നങ്ങളും ശിവശക്തിചിഹ്നങ്ങളും**

ചക്രം,ശംഖം,ശിംശുമാരം,പത്മം,മീനം,ശ്രീചക്രം,ശ്രീയന്ത്രം,ഗദ,സിംഹം(നൃസിംഹം)കൂർമ്മം,വരാഹം,പരശു,ധനുസ്സ്,സംഗീതസാമപരമായ ലിപി,കലപ്പ,സംഗീതോപകരണങ്ങൾ,12 ആദിത്യരുടെ(സൂര്യനാരായണ)12 രാശികളുടെ ചിഹ്നങ്ങൾ(മീനം,ഞണ്ട്,മേഷം,ഋഷഭം,മിഥുനം, സിം ഹം, കന്യ,തുലാസ്,വൃശ്ചികം,ശിംശുമാരം,മകര,ധനു,കുംഭം)അവയിലെ നക്ഷത്രസമൂഹങ്ങളായഅശ്വതി,ഭരണി,കാർത്തിക,രോഹിണി,മൃഗശിര,തിരുവാതിര,പുണർതം,പൂയം,ആയ് ഇല്ല്യം,മകം,പൂരം,ഉത്രം,ചിത്ര,സ്വാതി,വിശാഖം,അനിഴം,തൃക്കേട്ട,മൂലം,പൂരാടം,ഉത്രാടം,തിരുവോണം,അവിട്ടം,ചതയം,പൂർവ്വഭദ്രപാദം,ഉത്തരഭദ്രപാദം രേവതി മുതലായ നക്ഷത്രസമൂഹങ്ങള്, ശുനകതാരം,അരുന്ധതി,ധ്രുവൻ,സപ്തർഷി,കപിലൻ,അഗസ്ത്യൻ മുതലായ താരങ്ങൾ, നാഗം(അനന്ത ൻ)നന്ദി,ദേവി ആരാധന,(ശ്രീചക്രം ത്രികോണം,വേദി,യോനീമുദ്ര,ലിംഗമുദ്ര, സപ്തസ്വരദേ

വത,) ശിവലിംഗം, വടവൃക്ഷാരാധന, സുവർണ്ണപുഷ്പചിഹ്നം, ത്രിശൂലം,ലിംഗയോനീമുദ്ര, ഉലൂഖലമുദ്ര ,പശുപതിമുദ്ര.

ഇവയിൽ വാസ്തു,ജ്യോതിശ്ശാസ്ത്രം ,കൃഷി,കച്ചവടം,ഗണിതം,വേദ,തന്ത്ര,മന്ത്ര,ശാസ്ത്രങ്ങളും യോഗശാസ്ത്രവും സമുദ്രസഞ്ചാരപാടവവും അടക്കം എല്ലാവിധത്തിലുമുള്ള വായന സാദ്ധ്യമാണെന്നതാണ് പുരാവസ്തുഗവേഷകരും കണ്ടെത്തിത്തുടങ്ങിയിരിക്കുന്നത്. എന്റെ ശ്രമം ഇതിലെ സംഗീതപരമായ വായനക്കും, ജ്യോതിഷത്തിനും അതിനോടു ബന്ധപ്പെട്ട സമുദ്രയാനത്തിനും അതിൽ പടിഞ്ഞാറൻതീരമായ കേരളമുൾപ്പെടെയുള്ള ഭാഗങ്ങളുടെ സംഭാവനക്കും കൂടി മുൻതൂക്കം കൊടുത്തുകൊണ്ട് വിശദമായി പഠിക്കുവാനാണ്. ഇതിന്റെ ആധാരം കാലവർഷക്കാറ്റുകളും,ഇന്ത്യയുടെ ഭൂമിശാസ്ത്രവും ,വേദാദികളായ പ്രാചീനഗ്രന്ഥങ്ങളിലെ പരാമർശങ്ങളും കേരളത്തിനും കാലവർഷക്കാറ്റിനുമുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച പലശാസ്ത്രജ്ഞരുടേയും പരാമർശങ്ങളും ഇവയെല്ലാമാണ്. ഏതൊരു രാജ്യത്തിന്റേയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെയും കാലാവസ്ഥയേയും അവിടത്തെ ഉൾപ്പന്നങ്ങളേയും അവ ജനത വിനിയോഗിച്ച വിധത്തേയും അറിയാതെ രചിക്കപ്പെടുന്ന ചരിത്രം യഥാർത്ഥചരിത്രമാവുകയില്ല. 18ആം നൂറ്റാണ്ടുമുതൽ 21ആം നൂറ്റാണ്ടുവരെ പഠിപ്പിക്കുന്ന ചരിത്രം 18,19 നൂറ്റആണ്ടുകളിൽ വിദേശികളെഴുതിവെച്ച ചരിത്രമാണ്.ഇവിടത്തെ ജനത എഴുതിവെച്ച ചരിത്രത്തെ മിഥോളജിയാക്കി മാറ്റിയിരിക്കയാണ്. വിദേശികളെഴുതിയ ഭാരതചരിത്രം തെറ്റാണെന്ന് നിരന്തരം പുരാവസ്തുഗവേഷണം തെളിവുതന്നുകൊണ്ടിരിക്കയാണ്. എല്ലാ പ്രാചീനഗ്രന്ഥങ്ങളും എല്ലാ ലിഖിതങ്ങളും പഠിച്ചാലേ പൂർണ്ണമായ ചരിത്രത്തിന്റെ ഏകദേശരൂപമെങ്കിലും കിട്ടൂ. ഇത്തരം ഒരു പഠനത്തിലേക്കുള്ള വഴികാട്ടി കൂടിയാണ് ഈ ഗ്രന്ഥരചന.

- *APPENDIX*

Table 1: Number of texts of lengths 1 to 14 in EBUDS

No. of Signs in the Text	No. of Texts (EBUDS)
1	69
2	189
3	284
4	263
5	296
6	195
7	133
8	59
9	26
10	21
11	9
12	1
13	1
14	2
Total	**1548**

Table 2: Selection Criteria of 2, 3 and 4 sign combinations used as segmentation units

Sl. No.	Sign-Combination	Maximum Frequency	Total Frequency cut-off (*)
1	Two-sign	168	≥ 20
2	Three- Sign	34	≥ 10
3	Four-sign	16	≥ 4

*The cut-off for total frequency of occurrence is selected by taking into consideration frequency of occurrence of most frequently occurring combination in the respective category. The beginner, middle and ender combinations of 4, 3, and 2 signs are given in tables 3-11 respectively. These were used for the segmentation of the texts already segmented using two-sign, three-sign and four-sign texts (section 3.1).

Table 3: Beginner Four-sign Combinations

Sl. No.	Beginner Four-sign combination					Total Frequency of occurrence	Percentage of occurrence as beginner	Marker
	Sign No.				Pictorial version			
1	391	99	87	59		4	100	QB1
2	267	99	87	59		9	67	QB2

Table 4: Middle Four-sign Combinations

Sl. No.	Middle Four-sign Combination					Total Frequency of occurrence	Percentage of occurrence at middle	Marker
	Sign No.				Pictorial version			
1	67	51	130	149		4	100	QM1
2	65	72	336	89		4	100	QM2
3	171	59	336	89		6	83	QM3

Table 5: Ender Four-sign Combinations

Sl. No.	Ender Four-sign Combination					Total Frequency of occurrence	Percentage of occurrence as ender	Marker
	Sign No.				Pictorial version			
1	98	178	389	15		5	100	QE1
2	99	171	8	342		4	100	QE2
3	59	249	169	342		4	100	QE3
4	343	249	162	342		4	100	QE4
5	59	336	89	211		4	100	QE5
6	70	336	89	211		4	100	QE6
7	99	336	89	211		4	100	QE7
8	72	336	89	211		5	80	QE8
9	175	230	53	342		5	80	QE9
10	336	89	216	254		4	75	QE10
11	65	67	342	1		4	75	QE11
12	51	130	149	342		16	69	QE12
13	72	182	293	342		4	50	QE13
14	67	171	8	342		4	50	QE14

Table 6: Beginner Three-sign Combinations

Sl. No.	Beginner Three-sign Combination				Total Frequency of occurrence	Percentage of occurrence as beginner	Marker
	Sign No.			Pictorial version			
1	293	123	343		25	100	TB1
2	267	99	67		14	93	TB2
3	267	99	65		12	92	TB3
4	267	99	87		14	79	TB4

Table 7: Middle Three-sign Combinations

Sl. No.	Middle Three-sign Combination				Total Frequency of occurrence	Percentage of occurrence at middle	Marker
	Sign No.			Pictorial version			
1	99	87	59		16	100	TM1
2	72	336	89		14	86	TM2
3	51	130	149		19	79	TM3
4	53	171	59		10	60	TM4

Table 8: Ender Three-sign Combinations

Sl. No.	Ender Three-sign Combination				Total Frequency of occurrence	Percentage of occurrence as ender	Marker
	Sign No.			Pictorial version			
1	25	245	245		10	90	TE1
2	336	89	211		34	88	TE2
3	249	162	342		24	83	TE3
4	403	87	342		16	81	TE4
5	130	149	342		16	75	TE5
6	171	8	342		19	74	TE6
7	178	389	15		11	73	TE7
8	249	169	342		20	70	TE8
9	67	244	342		12	67	TE9

Table 9: Beginner Two-sign Combinations

Sl. No.	Beginner Two-sign Combination			Total Frequency of occurrence	Percentage of occurrence as beginner	Marker
	Sign No.		Pictorial version			
1	293	123		40	100	PB1
2	150	123		22	95	PB2
3	391	123		20	95	PB3
4	391	99		56	91	PB4
5	267	99		168	86	PB5
6	267	402		20	55	PB6

Table 10: Middle Two-sign Combinations

Sl. No.	Middle Two-sign Combination			Total Frequency of occurrence	Percentage of occurrence at middle	Marker
	Sign No.		Pictorial version			
1	99	67		26	100	PM1
2	123	343		25	100	PM2
3	99	87		24	100	PM3
4	99	65		22	100	PM4
5	99	387		22	100	PM5
6	249	169		20	90	PM6
7	336	89		75	89	PM7
8	249	162		34	85	PM8
9	171	59		36	81	PM9
10	87	59		39	79	PM10
11	171	8		21	76	PM11
12	403	87		20	75	PM12
13	65	67		27	74	PM13
14	51	130		27	70	PM14

Table 11: Ender Two-sign Combinations

Sl. No.	Ender Two-sign Combination			Total Frequency of occurrence	Percentage of occurrence as ender	Marker
	Sign No.		Pictorial Version			
1	342	176		59	97	PE1
2	89	211		34	91	PE2
3	59	211		31	90	PE3
4	342	1		48	90	PE4
5	347	342		56	89	PE5
6	53	342		24	88	PE6
7	87	342		20	85	PE7
8	162	342		25	84	PE8
9	296	342		21	81	PE9
10	169	342		22	73	PE10
11	-	342		58	72	PE11
12	245	245		33	61	PE12
13	48	342		38	53	PE13

Table 12: Text Ender Signs

No	Ender Sign		Total Frequency of occurrence	Percentage of occurrence as ender	Marker
	Sign No.	Pictorial version			
1	12		50	86	E1
2	176		162	84	E2
3	211		137	83	E3
4	254		51	80	E4
5	1		61	77	E5
6	15		61	75	E6
7	342		715	73	E7
8	169		106	58	E8

Table 13: Text Beginner Signs

Sl. No.	Beginner Sign		Total Frequency of occurrence	Percentage of occurrence as beginner	Marker
	Sign No.	Pictorial version			
1	267		211	78	B1
2	391		128	71	B2
3	293		90	59	B3

Table 14: Auxiliary Text Ender (Middle) Signs

Sl. No	Auxiliary Ender Sign		Total Frequency of occurrence	Percentage of occurrence at middle	Marker
	Sign No.	Pictorial version			
1	99		377	98	AE1
2	123		127	98	AE2

STEPS FOR SEGMENTATION OF AN INDUS TEXT



Fig. 1: Steps for segmentation of an Indus text



Fig.2. Results of Segmentation process

Table 15: Results of segmentation starting with 734* texts

Sl. No.	Segmentation unit	No. of segments of length 5 and above		
		No. of segments of length 5 and above remaining un-split	Split % of 734 texts taken for segmentation	Un-split % of 734 texts taken for segmentation
1	Texts of length 2, 3, 4	334	55	45
2	Frequent Combination of length 4, 3,2 (Beginners and Enders only)	250	66	34
3	Freq. combination of length 4, 3, 2 (Middle)	168	77	23
4	By Text Enders	141	81	19
5	By Text Beginners	130	83	17
6	By Auxiliary Text Enders	89	88	12

There are 734 texts of length 5 and above in EBUDS

Table 16: Number of texts of Lengths 1 to 14 in EBUDS before and after segmentation

No. of Signs	No. of Texts (EBUDS)	Number of segments (EBUDS after segmentation)
1	69	630
2	189	1638
3	284	588
4	263	208
5	296	52
6	195	26
7	133	7
8	59	3
9	26	1
10	21	0
11	9	0
12	1	0
13	1	0
14	2	0
Total	1548	3153



Fig. 4: Segment Length vs. Segment Frequency in EBUDS before and after segmentation





Table 18

Sl. No.	Frequent segments in EBUDS after segmentation					Total Frequency of occurrence
	Marker	Sign No.			Pictorial Version	
1	P86		267	99	99 267	167
2	P169		8	342	342 8	57
3	PB4		391	99	99 391	46
4	P148		48	342	342 48	37
5	T148	336	89	211	211 89 336	34
6	PE5		347	342	342 347	28
7	PM10		87	59	59 87	26
8	PM7		336	89	89 336	25
9	TB1	293	123	343	343 123293	24
10	P42		162	342	342 162	24
11	PB2		150	123	123150	21
12	P43		169	342	342 169	21
13	P100		296	342	342 296	20

Table 19: Few Examples of Segmentation

Object No.	Segments of Text					
1232:	P148	P86				
	342 48	99 267				
	1279	4441				
4254:	P53	T148	P116	PM9	389	
	14 2	211 89 336	342 241	59 171	389	
	2371		1226			
2537:	P41	PM14	67	PM9	389	344	PB1
	342 149	130 51	67	59 171	389	344	123293
	8001						
2461:	T94	326	87	P131	178		
	246 245 25	326	87	15 389	178		
	1437			2682			

• ഭാഗം 2 ചരിത്രം തരുന്ന മഹാദ്വൈതം

കടൽവഴികച്ചവടം

എഴുനൂറുകിലോമീറ്ററുണ്ട് ഇന്നത്തെഇന്ത്യയുടെ സമുദ്രതീരത്തിന്. ഗുജറാത്തുമുതൽബംഗാള് വരെയുള്ള എട്ടുസംസ്ഥാനങ്ങളാണ് ഈ സമുദ്രതീരം പങ്കിടുന്നത്. മുമ്പ് സിന്ധുദേശം ഉൾപ്പെട്ട മല്ലൂഹ(മ്ലേഛ)ദേശംകൂടി കൂട്ടിയാൽ ഒമ്പത്. ഈ നവനഗരസ്വാമിമാരുടെ നാവാനഗരങ്ങളിലെ സമുദ്രാധിപത്യം സമുദ്രംവഴിയുള്ള കച്ചവടം കൊണ്ടായിരുന്നു. വ്യാപാരാവശ്യങ്ങൾക്കുള്ള വിദേശികളുടെ ആഗമനം എപ്പോഴും മലബാറിലൂടെയായിരുന്നു എന്ന ചരിത്രപരമായ വസ്തുതയും ,വാസ്കോഡിഗാമയുടെ കാലം വരെ പടിഞ്ഞാറൻരാജ്യക്കാർക്ക് ഇന്ത്യയിലേക്കുള്ള സമുദ്രമാർഗ്ഗം അറിവില്ലായിരുന്നു എന്ന വസ്തുതയും മാത്രം മതി, ഇവിടെ സമുദ്രംവഴിയുള്ള കച്ചവടം മലബാറും ഗുജറാത്തും കർണ്ണാടകമഹാരാഷ്ട്രദേശങ്ങളും നടത്തിയിരുന്നുവെങ്കിലും കാലവർഷക്കാറ്റുപയോഗിച്ച് സമുദ്രം തരണം ചെയ്യാൻ ഏറ്റവും ഉപയുക്തമായ മലബാർതീരമായിരുന്നു ഏറ്റവും പ്രധാനമെന്നറിയാൻ.. അനുമതിയില്ലാത്ത ഒരു കപ്പലിനും ഇന്ത്യയുടെ തീരത്തിറങ്ങാനാവാത്തവിധം ശക്തമായ കപ്പൽപ്പട പടിഞ്ഞാറൻതീരത്ത്, ചരിത്രാതീതകാലം മുതലേ, മലബാറിലുണ്ടായിരുന്നുവെന്നും അതിനാൽ വിദേശികൾഇവരെ കടൽക്കൊള്ളക്കാരെന്നു വിളിച്ചു എന്നതും ചരിത്രം. കപ്പൽനിർമ്മാണവും സമുദ്രയാത്രയും അതിന്നാവശ്യമായ ജ്യോതിശ്ശാസ്ത്ര,വാനനിരീക്ഷണങ്ങളും , വസ്തുക്കളുടെ വിപണനത്തിനായി മാർക്കറ്റുകൾ കണ്ടെത്തലും ,അവടെ ഗതാഗതമാർഗ്ഗങ്ങൾവഴി ബന്ധിപ്പിക്കാനുള്ള കേന്ദ്രീകൃതമായ ഭരണസംവിധാനവും അസംസ്കൃതവസ്തുക്കളും സംസ്കൃതവസ്തുക്കളും വേണ്ട സമയത്ത് ലഭ്യമാക്കാനുള്ള സംവിധാനങ്ങളും ,ഇപ്രകാരം കൃഷിയും വ്യാപാരവും ബന്ധിപ്പിക്കുന്ന കുലസംഘത്തിന്റെ പ്രവർത്തനശൈലിയും എല്ലാം കേരളത്തിലെ പ്രാചീനസമ്പ്രദായത്തിന്റെ മുഖമുദ്രയായിരുന്നു. ഈ കേന്ദ്രീകൃതകുലസംഘഭരണം ദക്ഷിണേന്ത്യയിലെ മാത്രമല്ല,ഉത്തരേന്ത്യയിലേയും പഞ്ചജനങ്ങളെ ഒന്നിച്ചുനിർത്തി. മഹാഭാരതകാലത്ത് ശ്രീകൃഷ്ണനും പാണ്ഡവരും ഇതേ സമ്പ്രദായമാണ്

പിന്തുടർന്നിരുന്നത്. രാമായണകാലത്തും അതിന്നുമുമ്പും ഈ രീതി നിലവില്ലുള്ള തായി സാഹിത്യകൃതികൾ ചൂണ്ടിക്കാട്ടുന്നു. ഭാരതത്തിന്റെ യഥാർത്ഥചരിത്രം ഇ താണ്. Writing permitted the organization of more complex tasks ,allowed storing of information,stimulated new types of aesthetic and cultural traditions and more importantly for this study, the ordering of information under numeric and alphabetic heads as well as the use of charts and maps. (Goody J. 2000. 144. The power of written tradition .Smithsonian Institution Press.)സൈന്ധവലി പി ബിസി 8000 മുതലിങ്ങോട്ട് നില നിൽക്കുന്നുണ്ട്. ഈ ലിപികൊണ്ട് ഇന്ത്യക്കാ ർ ക്രമീകരിച്ച അനേകം സങ്കീർണ്ണങ്ങളായ പ്രവൃത്തികൾ, എന്നേക്കുമായി നിലനി ല്ക്കണമെന്ന് അവരാശിച്ച സംവേദനങ്ങള്,അതിനായുപയോഗിച്ച ചാർട്ടുകളും ഭൂപ ടങ്ങളും ചിത്രങ്ങളും –ഇന്നും ഇവയൊന്നും പൂർണ്ണമായി ആരും മനസ്സിലാക്കിയെടു ത്തിട്ടില്ല. തൊവരിഗുഹാചിത്രത്തിൽ മീനെന്ന പദത്തിനുപകരം പഞ്ചഭുജനക്ഷത്രം ഉപയോഗിച്ചതും കപ്പൽ,വിമാനനിർമ്മാണം, അഷ്ടദലപത്മം, അഷ്ടകോണുള്ള മച്ച(മത്സ്യ)യന്ത്രം ഇവയുടെ സംഖ്യാശാസ്ത്രവും നേരത്തേ വിവരിക്കയുണ്ടായി.

തൊവരിയിലെ ഈ ലിപി സൈന്ധവലിപിചിത്രങ്ങളിലും കാണാമെന്നത് ശ്രദ്ധേ യമാണ്. വാണിജ്യം ,രാഷ്ട്രീയം,സംസ്കാരം ഇവമൂന്നും ചേർന്ന ഒരു സമീപനത്തി ലൂടെ മാത്രമേ സൈന്ധവലിപി ആവിഷ്കരിച്ച പൂർവ്വികരുടെ സംവേദനം മനസ്സി ലാക്കാനാവൂ. സൌത്ത് ഏഷ്യയുടെ ചരിത്രം ബിസി 3000 മുതല് എഡി അഞ്ചാം നൂറ്റാണ്ടുവരെയുള്ള സമുദ്രയാനങ്ങളുടേയും വാണിജ്യത്തിന്റേയും അതിനെ നില നിർത്തിയ ഏകീകൃത ഭരണസംവിധാനത്തിന്റേയും ചരിത്രമാണെങ്കിൽ(pp. 3. Histriography and the Maritime landscape. The archeology of seafaring in ancient South Asia. Himansu Prabha Ray .Cambridge world Archeology) ചരിത്ര ത്തിൽ, ആവിക്കപ്പൽകണ്ടു പിടിച്ച 19ആം നൂറ്റാണ്ടുവരെ, വെറും കാലവർഷക്കാ റ്റിനെമാത്രം ആശ്രയിച്ച് കപ്പലോട്ടുന്നതിന്ന് ആധാരമായി വർത്തിച്ച മലബാറി

ന്റെ ചരിത്രം ഒട്ടും നിസ്സാരമല്ല. ഇന്ത്യയുടെ ചരിത്രം തമിഴും സംസ്കൃതവും കലർന്ന ഭാഷ(വാമൊഴിയായും വരമൊഴിയായും)ഉപയോഗിച്ചിരുന്ന ദക്ഷിണേന്ത്യയിലെ മലയാളികളുടെ ചരിത്രമാണെന്നു പറഞ്ഞാലതിൽ അതിശയോക്തിയില്ല.

മത്സ്യത്തിന്റെ സുലഭതയോടു ബന്ധപ്പെട്ടാണ് കപ്പൽനിർമ്മാണമെന്ന് ഒരു തിയറിയുണ്ട്. കിഴക്കൻകടൽത്തീരത്ത് അനേകഇനം മത്സ്യങ്ങള് വരുന്നതിനാൽഅവിടെ കൂട്ടിക്കെട്ടിയ കട്ടമരം(റാഫ്റ്റ്)കൊണ്ടുതന്നെ ധാരാളം മത്സ്യം പിടിക്കാനാവും. ഗുജറാത്ത് മുതൽ മലബാറ്ഉള്പ്പെടെയുള്ള പടിഞ്ഞാറൻതീരം അങ്ങനെയല്ല. അവിടെ പുറംകടലിലും ആഴക്കടലിലും സഞ്ചരിക്കാവുന്ന വലിയ കപ്പലുകളുണ്ടെങ്കിലേ ധാരാളം മത്സ്യങ്ങളെ ബന്ധിക്കാനാവൂ. അതുകൊണ്ട് പടിഞ്ഞാറൻതീരം ചരക്കുകപ്പലുകളും യുദ്ധക്കപ്പലുകളും ഉണ്ടാക്കി.(ഹിമാംശു പ്രഭാറേ പേജ് 5)സാധനങ്ങൾഒരിടത്തുനിന്ന് ഒരിടത്തേക്ക് കൊണ്ടുപോകുന്നതിന് നദിമാർഗ്ഗവും കരമാർഗ്ഗവും ഏർപ്പെടുത്തിയിരുന്ന കടത്തുകൂലി തുറമുഖങ്ങളിലും ഉണ്ടായി. കപ്പലുകളും തോണികളും സ്വന്തമായില്ലാത്തവർക്ക് വസ്തുക്കള് മറ്റൊരാളുടെ വാഹനത്തിൽ കൊടുത്തയക്കാനും കപ്പല് (വാഹനം)ഒരു കൂട്ടം ആളുകൾക്ക് (ഗിൽഡ്)ലീസിന് എടുക്കാനും സാധിക്കുമെന്നായി. മരം,തുണി,ലോഹം,മത്സ്യം, ശംഖ്, ഉപ്പ് മുതലായ സാധാരണ വിപണനവസ്തുക്കളും ആളുകളും(അടിമകൾ, കൂലിക്കാർ,നർത്തകരും ഗായകരും,അദ്ധ്യാപകരും ദ്വിഭാഷികളും ശില്പികളും) പക്ഷിമൃഗാദികളും അരിയും പഞ്ചസാരയും മുതൽ വിലപിടിച്ച രത്നങ്ങൾവരെ ഇങ്ങനെ കൈമാറ്റം ചെയ്തു. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള വിവിധതരക്കാരായ മനുഷ്യരെ ഒരൊറ്റ ചരടിൽ കോർക്കാന് അങ്ങനെ സാധിച്ചു.1500 വസ്തുക്കൾ(ആനക്കൊമ്പുകൊണ്ടുമാത്രം ഉള്ളവ) ബെഗ്രാമിലും അനുരാധപുര സ്തൂപത്തിലും നിന്നു കിട്ടി എന്നു പറയുമ്പോൾ പടിഞ്ഞാറും കിഴക്കും തീരങ്ങളും ശ്രീലങ്കയും ചേർന്നദക്ഷിണാപഥം ആനക്കൊമ്പുകൊണ്ടുള്ള ശില്പനിർമ്മിതിയിലും അതിന്റെ വിപണനത്തിലും വഹിച്ചിരുന്ന പങ്ക് ഗ്രഹിക്കാം. 11ആം നൂറ്റാണ്ടിലെ ഭോജരാജാവിന്റെ യുക്തികല്പതരു എന്ന സംസ്കൃതഗ്രന്ഥത്തിൽ കപ്പൽനിർമ്മാണത്തെക്കുറിച്ച വിശദാംശങ്ങളുണ്ട്. 8-9 നൂറ്റാണ്ടുമുതല് മീൻപിടുത്താവകാശങ്ങളെക്കുറിച്ചും ചുങ്കത്തെക്കുറിച്ചും ഉള്ള ലിഖിതങ്ങൾകാണുന്നു. ക്രിസ്തുവർഷം ആദ്യശതകം മുതൽ തമിഴ് സംഘകൃതികളിൽകപ്പൽച്ചുങ്കം ,വാണിജ്യം ഇവയെ പരാമർശി

ക്കുന്നു. അർത്ഥശാസ്ത്രത്തില് തുറമുഖങ്ങളുടെ നടത്തിപ്പ് എങ്ങനെയായിരുന്നു എന്ന് വിശദമാക്കിയിട്ടുണ്ട്. ഹരപ്പകാലത്തും അതിനുമുമ്പുമുള്ള ഇന്ത്യയുടെ കേന്ദ്രീകൃത ഭരണം ഇത്തരം കൊള്ളക്കൊടുക്കകളും സഞ്ചാരങ്ങളും മൂലം നിയന്ത്രിതമാണെന്ന് കൃഷ്ണന്റെ തുറമുഖനഗരവും ഗുഹന്റെ തോണികടത്തലും എല്ലാമായി ഇതിഹാസങ്ങളും ചൂണ്ടിക്കാട്ടുന്നു. മൂഷകവംശത്തിലെ ആദ്യകാലരാജാക്കന്മാരെല്ലാം ഇതിൽ ഭാഗഭാക്കായിരുന്നുവെന്ന് അതുലന്റെ കൃതി ചൂണ്ടിക്കാട്ടുന്നു. വേദത്തിലും അശ്വിനി,ഭുജ്യു എന്നിവരുടെ സമുദ്രയാനം കാണാം. മലബാറിലെ തേക്കും തെങ്ങും കൊണ്ട് ,ലോഹആണികൂടാതെ നിർമ്മിച്ച മലബാർകപ്പലുകൾക്ക് മദ്ധ്യകാലം വരെ അറേബിയയിൽ വളരെ പ്രിയമായിരുന്നു.അറബികൾ അവയാണ്ഉപയോ ഗിച്ചിരുന്നത്. (Hourani 1963-1995. Pp 88 Arab seafaring in Indian oceans in ancient and early medieval times .Princeton uty press)ഹൌരാനി അറബികളു ടെ അക്കാലത്തെ സാഹിത്യത്തെ രണ്ടായി തിരിക്കുന്നു. ഭൂമിശാസ്ത്രജ്ഞരുടേതും സഞ്ചാരികളുടേതും. അറബി ഭൂമിശാസ്ത്രജ്ഞർ ഇന്ത്യയെ തങ്ങളുടെ കേന്ദ്രബിന്ദുവായ ജറുസലേമിൽനിന്ന് ഏറ്റവും അകലെ കിടക്കുന്ന ഭൂഭാഗമായി കണ്ടു. വളരെ ചൂടുള്ളഒരു സ്ഥാനത്ത് ,ഭൂഗോളത്തിന്റെ അതിർത്തിയിലാണ് ഇന്ത്യ എന്ന് യൂറോപ്പിൽ പ്രചരിച്ചത് അറബികളുടെ ഈ വിചാരത്തിൽനിന്നാണ്.അൽഹിന്ദ് എന്ന പേഴ്സ്യന് കൺസെപ്റ്റിനപ്പുറത്ത് സിന്ധിനും മക്രനും അപ്പുറം യഥാർത്ഥ ഇന്ത്യയും ഇന്തോനേഷ്യയുമുൾപ്പെട്ട ഒരു രാഷ്ട്രമുണ്ടെന്ന് വളരെ കഴിഞ്ഞാണ് അറബികൾതന്നെയറിയുന്നത്. 9ആം നൂറ്റാണ്ടുമുതലാരംഭിച്ച ഈ അറിവുവെച്ച് 15ആം നൂറ്റാണ്ടിൽ മാത്രമാണ് നോട്ടിക്കൽമൈൽസി ൽ അവര് റഹ്മാനി എന്ന ഭൂപടം(മാപ്പ്)മനസ്സിലാക്കുന്നത്. ഇത് ഉണ്ടാക്കിയ ഇബ്നു മജീദാണ് കിഴക്കെ ആ ഫ്രിക്കയിലെ മലിന്ദിയിൽനിന്ന് ഇന്ത്യയുടെ പടിഞ്ഞാറേ തീരത്തേക്ക് വാസ്കോ ഡിഗാമയെ എത്തിച്ച ഗുജറാത്തി മുസ്ലീം. (പകുതി അറബ് പകുതി ഇന്ത്യൻവംശജ നാണ്)A critical analysis of the itineries given by Arab geographers corroborates that until 15th century these were not based on actual sailing schedules. Instead they incorporate tales prevalent among the sailing communities and merchants and often replicates the stereotypes circulating from the period of the Greeks (pp 18 Himansu Prabha

Ray) ഉദാഹരണമായി, 1230-1250ലെ കിത്താബ് അൽജൂഗ്രാഫിയയാണ് ഹൌറാനി ചൂണ്ടിക്കാട്ടുന്നത്. ചെങ്കടലിലെ zarook എന്ന കപ്പലുകൾ പകൽമാത്രമാണ് സഞ്ചരിച്ചിരുന്നത്. ദിശ നോക്കാനറിയാത്തതിനാൽ രാത്രി നങ്കൂരമിട്ടു കിടക്കും. അറബി ഡാവുകൾ(dhow) നച്ചോദ അടക്കം എട്ടുപേരുള്ള 50 അടി നീളമുള്ള വഞ്ചികളാണ്. ചെങ്കടൽമുതല് ഒമാൻവരെയുള്ള വഴി അവരുടെ നച്ചോദകൾക്ക് കണ്ണടച്ചറിയാം. (Villiers 1954:174-5.Some aspects of the Dhow trade .Passage in a red sea Dhow. The mariner's mirror. 40.(3):171-82) ഈ വിവരണം ചിലകാര്യങ്ങൾ വ്യക്തമാക്കുന്നു.

1. മച്ചയന്ത്രം അഥവാ കോമ്പാസ് അവർക്കില്ല.
2. നക്ഷത്രം നോക്കി ദിശ നിർണ്ണയിക്കാനറിയില്ല.
3. ഒമാനിനപ്പുറം അവരുടെ നച്ചോദമാർക്ക് അറിയില്ല.
4. പുറംകടലിലേക്കുപോകാതെ, തീരത്തുകൂടിമാത്രം ,പകലിൽമാത്രമാണ് അവരുടെ സഞ്ചാരം. (സെപ്തംബര് മുതല് മെയ്വരെ ഗുജറാത്തിൽനിന്ന് ഏദനിലേക്കും,ഒക്ടോബറ്മുതൽ ഫെബ്രുവരിവരെ തിരിച്ച് ഏദനിൽനിന്ന് മലബാറിലേക്കും തക്കതായ സീൽ(മുദ്ര) ഉണ്ടെങ്കിൽമാത്രമാണ് ഈ കപ്പലുകളെ കടത്തിവിട്ടിരുന്നത്)

Within the Indian subcontinent maritime networks involving coastal centers in Gujarat have greater antiquity than those In other parts and dates from the third millennium BCE Harappan period onwards (pp 20 H P Ray) കിഴക്കൻതീരത്ത് 1000 ബിസി മുതൽതുറമുഖനഗരങ്ങളുണ്ട്. ബിസി 400ലെ മഹാസ്ഥാൻഗൃഹം (ബംഗാൾ) പിന്നീടുള്ള ചരിത്രത്താളുകളിലൊന്നും കാണുന്നില്ല.

കവിടി:(cowry. Cypraea moneta) മാലദ്വീപ്,തെക്കേ ഇന്ത്യയിലെ സമുദ്രം എന്നിവിടങ്ങളിലാണ് സുലഭമായി കാണുന്നത്. ബിസി 2000ത്തിനും മുമ്പ് ഹരപ്പയിലും വടക്കൻചൈനയിലെ ചരിത്രാതീതസ്ഥലങ്ങളിലും ഇവ എത്തിയിരുന്നതായി തെളിഞ്ഞിട്ടുണ്ട്. കവിടി ഒരുകാലത്ത് നാണ്യത്തിനു പകരമായി ഉപയോഗിച്ചിരുന്നു. അലഹബാദിലെ ഇരുമ്പുയിഗകാലത്തെ ഒരു ഖനനസ്ഥാനത്തും, മഹാസ്ഥാനിലെ ലിഖിതത്തിലും ഏഴാം നൂറ്റാണ്ടിലെ തേസ്സൂർലിഖിതത്തിലും കവിടി

നാണ്യമായാണ് ഉപയോഗിക്കുന്നത്. ഹർഷചരിതത്തില് ആസാമിലെ ഭാസ്കരവ ർമ്മന് കറുപ്പും വെളുപ്പമായ കവിടികള് അയച്ചുകൊടുക്കുന്നതായി പരാമർശിക്കു ന്നു.ജ്യോതിശ്ശാസ്ത്ര,ഗണിതഗ്രന്ഥങ്ങളിലും കവിടിയുടെ മൂല്യവും തുക്കക്കണക്കും കൃത്യമായി തരുന്നു.അത് വിപണനത്തിലുപയോഗിക്കുന്നത് പറയുന്നു.

ഫ്രാങ്കിൻസെൻസും മിറും അടക്കമുള്ള സുഗന്ധദ്രവ്യങ്ങൾ:- (Frankincense and Myrrh. Gum family. Bursaracene or Balsam family) ഫ്രാങ്കിൻസെൻസ് Boswellia എന്ന ജീനസ്സിൽനിന്നും , മിർ Commifora എന്ന ജീനസ്സിൽനിന്നും കിട്ടുന്ന പശക ളാണ്.പെരിപ്ലസ്സിൽ ആഫ്രിക്ക,തെക്കേ അറേബിയ,ഇന്ത്യ എന്നീ പ്രദേശങ്ങളാ ണ് ഇത്തരം സുഗന്ധദ്രവ്യങ്ങളുടെ വാണിജ്യത്തിലേർപ്പെട്ടിരുന്നതെന്ന് പറയു ന്നുണ്ട്.സോളമന്റെ കാലത്തും ക്രിസ്തുവിന്റെ കാലത്തും മിർ ഇസ്രായേലിലെ പള്ളികളിൽ ഉപയോഗിക്കുന്നുണ്ട്. ക്രൂശിതനായ ക്രിസ്തുവിനെ പൊതിയാനായി വേണ്ടിവന്ന മിറിന്റെ അളവ് ബൈബിളിലുണ്ട്. ഇത്രയും അളവ് ഇസ്രായേലിൽ സൂക്ഷിക്കണമെങ്കിൽ എത്രയേറെ കയറ്റുമതി നടന്നിരിക്കണമെന്ന് ഊഹിക്കാം.

ശംഖ്:- 8000-7000 ബിസി മുതലേ ശംഖും ശംഖുവളകളും ഒമാനിലും കറാച്ചിക്കു പടിഞ്ഞാറുള്ള കച്ച് തീരത്തും കച്ച് ഉൾക്കടൽതീരം,സൌരാഷ്ട്രം,ഗുജറാത്ത് പ്രദേ ശങ്ങളിലും കച്ചവടം ചെയ്തിരുന്നു. തെക്കേ കടലിൽമാത്രം വിളയുന്ന ശംഖുകള് മരു ഭൂമികളിലും കൂടി എത്തിയിരുന്നു. മെഹർഗാർഹില് ബിസി 7000 മുതലേ ഇവ ഉപ യോഗിക്കുന്നുണ്ട്.

ഒബ്സീഡിയൻ:-ചെങ്കടലിന്റെ തീരത്ത് 42 എണ്ണവും, അറേബിയയിൽ 10 എണ്ണ വുമാണ് ഒബ്സീഡിയൻകിട്ടുന്ന സ്ഥലങ്ങൾ. ഇത് അഗ്നിപർവ്വതസ്ഫടികമാണ്. 8000 ബിസിമുതലേ ഈ അപൂർവ്വസ്ഫടികം അമൂല്യമായിരുന്നു. ഈജിപ്ത് 4000 ബിസിമുതലാണ് ഇതുപയോഗിച്ചുതുടങ്ങിയത്. ഒബ്സീഡിയൻ, മാലക്കൈറ്റ്, റെസിനുകൾ,വെള്ളി,ലാപ്പിസ് ലെസൂലി ,ടർക്വോയിസ്,ഇവയുടെ വാണിജ്യ ത്തിൽ ഇന്ത്യയെല്ല വാണിജ്യസംഘങ്ങളാണ് പങ്കെടുത്തിരുന്നത്.

മുത്ത്:-മാന്നാർഉൾക്കടലിലും സുലുആർക്കിപെലാഗോവിലും പേഴ്സ്യൻഗൾഫിലും കടൽമുത്തു വിളഞ്ഞിരുന്നു. പെരിപ്ലസ്സിൽ ഇന്ത്യയിലെ മുത്ത് അറേബിയയിലെ

മുത്തിനേക്കആളും നല്ലതാണെന്ന് എടുത്തുപറയുന്നു. ഇതുകൂടാതെ, ശുദ്ധജലത്തി ലും മുത്ത് കൃത്രിമമായി വിളയിച്ചെടുക്കാനും ഇന്ത്യക്ക് കഴിഞ്ഞിരുന്നു. ചൂർണ്ണിനദി ക്കരയിൽ ആ നദിയിൽവിളയിക്കുന്ന ചൌർണ്ണേയമെന്ന അമൂല്യമുത്ത് വിളഞ്ഞി രുന്നു. കൌടില്യന്റെ അർത്ഥശാസ്ത്രം ആ മുത്തിനെ പേരെടുത്തുപറഞ്ഞിട്ടുണ്ട്.

ഉപ്പ്ഃ-ഇന്ത്യയിലെ ഉപ്പുകച്ചവടം ചരിത്രാതീതകാലം മുതലേ പരാമർശിക്കപ്പെട്ടതാ ണ്. ഹരപ്പകാലത്ത് കംബാത് ഉൾക്കടലിലെ പദ്രിയിൽനിന്ന് ഉപ്പെടുത്തിരുന്നു. ഉപ്പുപർവ്വതനിരകള് (സാൾട്ട് റേഞ്ചസ്)ഉപ്പുകച്ചവടക്കാരായ ഉമണന്മാര്,ഉപ്പ പാവക്കഥകൾ എന്നിവ ഇന്ത്യയിലെ ഉപ്പുകച്ചവടത്തിന്റെ സാക്ഷികളാണ്. ശത വാഹനകാലത്ത് രാജാവിന്റെ ഏറ്റവും വലിയ വരുമാനമാർഗ്ഗം ഉപ്പുകച്ചവടമാ യിരുന്നു. വരരുചികാലത്ത് ഉപ്പുകച്ചവടം ലാഭമുള്ളതായിരുന്നു .അന്ന് അദ്ദേഹ ത്തിന്റെ ഒരു പുത്രന് ഉപ്പുകൊറ്റൻ (ഉപ്പുകൊണ്ട് ഐശ്വര്യം അഥവാ കൊറ്റ്)നേടി യവനെന്നായിരുന്നു പേർ.

ആമത്തോട്ഃ വിവിധഇനം ആമത്തോടുകളും നക്ഷത്രആമകളും ഇന്ത്യാതീരത്തുനി ന്ന് കയറ്റിഅയച്ചിരുന്നു. ഗ്രീസിലായിരുന്നു ഏറ്റവമധികം ആവശ്യക്കാർ. ചൈന യിലേക്ക് ആമത്തോടിലാണ് ലോസു എന്ന ലോപാമുദ്രാസൂത്രം (മാജിക് ചതുരം) എത്തിയത്.

തെക്കേ ഏഷ്യയിലെ ഏറ്റവും പഴയ മീനവസമുദായങ്ങൾ ശ്രീലങ്കയിലെ ബത്ത ദോംബലേന ഗുഹകളിലെ ശംഖുനിക്ഷേപകാലംമുതലേ ഉണ്ട്. (28500 BC-16000 BP .DevaniyaGala 1990:215.The prehistoric chronology of SriLanka ;Ancient Ceylon, 12(6) വടക്കുപടിഞ്ഞാറെ മാന്തയിൽ 2000 ബിസിവരെ ഇതിന്റെ അവ ശിഷ്ടങ്ങൾ കാണുന്നുണ്ട്. ഇന്ത്യയുടെ പടിഞ്ഞാറെ തീരത്ത് 23050 ബിസി മുതല് 200 ബിസിവരെയുള്ള ചരിത്രാതീതസ്ഥാനങ്ങളിൽ(prehistoric site) തത്തുല്യമാ യ തെളിവുകൾകിട്ടി. (Sali :1989. Upper Paleolithic and Mesolithic cultres of Maharashtra ,Pune).10000 ബിസി മുതല് 1 -5 വരെ സെ.മീ നീളമുള്ള മൈക്രോ ലിത്ത് ആയുധങ്ങൾഇന്ത്യയില് ഗുജറാത്ത്,കൊങ്കൺതീരത്തെ മലമുകളിലും (കേ രളം ഉൾപ്പെടെ)തമിഴകത്തെ തീരപ്രദേശത്തെ മണല്പരപ്പുകളായ തേരികളിലും ആളുകൾഉപയോഗിക്കാന് തുടങ്ങിയിരുന്നു.(Misra:1989.Stone age India :An

ecological perspective ,man and environment ,14(1):17-64) കേരളത്തിലെ വൻതേരി (വന്ദേരി) യുടെ ചരിത്രാതീതകാലവും തമിഴകത്തെ കാലവും ഒരുമിച്ചാവണം ആരംഭിച്ചത്. (വന്ദേരിചരിത്രവും മൂഷകവംശകാവ്യവും നോക്കുക) ചെറിയ മോതിരക്കല്ലുകൾ(ഓട്ടയുള്ളതും ഇല്ലാത്തതും) മീൻപിടുത്തത്തിന് ഉപയോഗിക്കാ ൻതുടങ്ങി. ഈ സമ്പ്രദായം ചരിത്രകാലത്തും നിലനിന്നുപോന്നു.ഇന്നും ചിലയിടങ്ങളിലുണ്ട്. A study of the microlithusing sites around the Chithrakot Falls in the Central India indicates interaction between cultures of sites situated close to each other. This communal effort reflects a wide spectrum of economic behavior associated with wellorganised groups of fishermen,hunters and gatherers. (Cooper 1997:94-5 Prehistory of Chithrakot falls ; Central India Poona .Ravish Publishers) ഭരദ്വാജവംശജരുടെ ചിത്രകൂടമെന്ന വാസസ്ഥാനം ,നാഗങ്ങളായ ഫണീശരുടെ ചിത്രകൂടക്കല്ല്,മൂഷകവംശത്തിലെ വന്ദേരിപെരുമ്പടപ്പിന്റെ ആസ്ഥാനമായ ചിത്രകൂടം-ഈ കുലസംഘത്തിന്റെ പ്രവർത്തനരീതി പൂർണ്ണമായും ഗ്രഹിപ്പിക്കുകയാണ് സപ്തസൈന്ധവത്തിന്റെ ഉദ്ദേശം. രാമന്റെ കാലത്തുതന്നെ (രാമന്റെ കാലവും പരശുരാമന്റെ കാലവും മൂഷകവംശത്തിലെ രാമഘടമൂഷകകാലവും ഒന്നാണ്) ചിത്രകൂടവും ഭരദ്വാജാശ്രമവും ഇന്ത്യയിലുണ്ട്. സംഗന്തൻപള്ളി, ഹംപി, സേത്തവരായപർവ്വതങ്ങളിലെ(ദക്ഷിണേന്ത്യ) ശിലാചിത്രങ്ങൾ(റോക്ക് ആർട്ട്) ഗുഹാചിത്രങ്ങൾ എന്നിവയില് വിവിധതരത്തില് മീൻപിടിക്കുന്ന മീനവചിത്രങ്ങളുണ്ട്. സൈന്ധവലിപിയിലെ മച്ച(മത്സ്യ) ചിത്രങ്ങളും മീനവരായ ഈ ദാശ(ദാസ) സഞ്ചാരികളുടേതാണ്.

തെക്കുകിഴക്കേ ഏഷ്യയുടെ ഗ്ലോബൽതനിമഃ-

6000-1500 ബിസിയിൽസമുദ്രനിരപ്പിൽമാറ്റങ്ങളുണ്ടായി. വടക്കൻസുമാത്രയിലും പടിഞ്ഞാറേ മലേഷ്യയിലും വടക്കൻവിയറ്റ്നാമിലും ഗുഹകളില് കടലിലെ ചിപ്പികളും ശംഖും നിക്ഷേപിക്കപ്പെട്ടു. (8000 വർഷംമുമ്പ്) അതായത് മദ്ധ്യ ഹോളോസീൻകാലത്ത് സമുദ്രനിരപ്പ് ഉയർന്നിരുന്നു. 10- 15 കി മീ ഉള്ളോട്ടുമാറി കിടന്നിരുന്നു. കേരളതീരത്തും ഈ പ്രതിഭാസം ഉണ്ടായിരുന്നിരിക്കണം.തെക്കന്തായ്ലന്റ് തീരത്തെ ഫങ്ഗൻഗ,ക്രബി,ത്രാംഗ് പ്രവിശ്യകളിലായി 65 സ്വാഭാവികഗുഹകളു

ണ്ട്. 37000 കൊല്ലംമുമ്പുമുതല് 7500 കൊല്ലംമുമ്പുവരെ ഈ ഗുഹകളില് ആൾപ്പാർപ്പുണ്ടായിരുന്നു.അവിടെ റോക്ക് ഷെൽട്ടറുകളുണ്ട്. ആ പ്രദേശത്തൊന്നും കിട്ടാത്ത കക്കമാംസം ഇക്കൂട്ടർതിന്നിരുന്നതായും മുത്തുച്ചിപ്പി ഉപയോഗിച്ചിരുന്നതായും കാണുന്നു. (Anderson 1981: 43-59. Excavation of a Pleistocene rock shelter in krchi and prehistory of Southern Thailand .Thai Antiquity working group 43-59.)9 ഗുഹകളിലായികാണുന്ന ഗുഹാചിത്രസ്ഥാനങ്ങളിൽ(Phanganga and Krabi bay)മത്സ്യമാണ് പ്രധാനചിഹ്നം. ഒറ്റമത്സ്യം, ഒറ്റമത്സ്യവും ഡോൾഫിനും, മത്സ്യത്തെ പിടിച്ച മനുഷ്യൻ,ബോട്ടിൽനില്ക്കുന്ന മനുഷ്യന് ഇവ കാണാം. (Sangwan 1987 : 119-27. Seminar of prehistory of S E Asia. 12-25. January.Bangkok,Surai Thani,Phanganga ,Phuket and Krabi Q. H P Ray pp 41-43)

37000കൊല്ലം മുമ്പുതന്നെ ബോട്ടിൽ ഇവിടെയെത്തി മറ്റെവിടേയോ നിന്ന് മുത്തുച്ചിപ്പിയും കക്കയും കൊണ്ടുവന്ന ആ ഗുഹാമനുഷ്യർ ദക്ഷിണേന്ത്യയിലെ മാന്നാർതീരത്തുനിന്നും ശ്രീലങ്കയിൽനിന്നും വന്നവരാവണം. കരയിൽമാത്രമല്ല കടലിലും അലഞ്ഞുതിരിയുന്ന വാണ്ടറിങ്ങ് ട്രൈബുകളുണ്ടെന്നും(True nomads of the sea)ഇന്ത്യാമഹാസമുദ്രം എന്നും ഇന്നും അവരുടെ വിഹാരരംഗമാണെന്നും ഓർക്കണം.(പേജ് 43).ഒറാങ്ങ്ലൌട്ട്(ലാട)എന്നപേരിൽ കടലിലെ കൊള്ളക്കാരായും മീനവരായും സഞ്ചാരികളായും കഴിയുന്ന സുമാത്രയിലെ സമുദായത്തിന് ലോകത്തിൽ ഒരേ ഒരു താരതമ്യം സിന്ധുനദീതീരത്തെ മൊഹന്നസമുദായത്തോടാണ്. വേട്ട മീൻപിടുത്തം,സഞ്ചാരം,15 മുതല് 20 വഞ്ചി കൂട്ടിക്കെട്ടി ചങ്ങാടമുണ്ടാക്ക ൽ,ഈ വഞ്ചി ഉറപ്പുള്ള മരംകൊണ്ട് തെക്കുവടക്കുദിശയിൽ ഉറപ്പിക്കുന്ന വിധം, സിന്ധുതീരത്തെ താല്ക്കാലികഗ്രാമമായ മൊഹന്നയിൽ താല്ക്കാലികമായി ഷെൽട്ട റു കൾ കെട്ടി താമസിക്കൽ,അങ്ങനെ വിശ്രമിക്കുമ്പോൾ വഞ്ചികളുടെ കേടുപാടുക ളെല്ലാം തീർത്ത് വീണ്ടും സഞ്ചാരയോഗ്യമാക്കൽ, ഉൾനാടുകളിൽ യാത്രക്കാരെ കടവുകടത്തിവിട്ട് പകരം അരി മുതലായ കാർഷികവിളവുകൾ വാങ്ങൽ,ഈ ചിട്ട കളെല്ലാം മോഹന്നസമുദായത്തിനു മാത്രമല്ല,ഇങ്ങറ്റത്തെ കേരളസമുദായത്തിനു മുണ്ട്. അഥവാ ഇന്ത്യയിലെ ദ്രാവിഡസമുദായവുമായാണ് തായ്ലന്റിലെ സമുദായ ങ്ങൾക്ക് സാമ്യം.ഇവരുടെ കടൽക്കൊള്ള കേരളതീരത്തെ ഫണീശ്വരന്മാരുടെ (ഫുണീഷ്യര്)പോലെയാണ്.

(പ്ലിനി,പെരിപ്ലസ് ഇവ ആധാരം) ചിലപ്പതികാരത്തി ലെ കടമ്പ് ഇത്തരം കടൽക്കൊള്ളസംഘങ്ങളാണെന്നും നെടുംചേരൽആതനും ചെങ്കുട്ടവനും അത്തരം കപ്പൽപ്പട ഉണ്ടായിരുന്നു എന്നും ഡി റോമാനിസ് (1997-103) പറയുന്നു.ഇത്തരം കപ്പൽപ്പട ആദ്യമുണ്ടാക്കിയ മൂഷകവംശചക്രവർത്തിമാരെ നേരത്തേ പരാമർശിച്ചു. മണിമേഖലയിൽ കപ്പൽച്ചേതംവന്ന് മണിദ്വീപമെന്ന സുമാത്രയിലകപ്പെട്ട വണികസംഘത്തിലെ ആപുത്രനെ പരാമർശിക്കുന്നു. സമുദ്രയുദ്ധത്തിൽ വീരമൃത്യു അടഞ്ഞവർക്ക് വീരക്കല്ലുനാട്ടുന്നത് പശ്ചിമതീരത്ത് പതിവായിരുന്നു. കർണ്ണാടകത്തിൽമാത്രം 3000 വീരക്കല്ലുകളുണ്ട്. കേരളത്തിലും നാഗാർജ്ജുനക്കൊണ്ടയിലും ഹംപിയിലും മഹാരാഷ്ട്രയിലും ഈ പതിവുണ്ടായിരുന്നു. സമുദ്രയാനത്തിനുപോകുന്ന രാജാവ് ,ഇനി മടങ്ങിവന്നേക്കില്ല എന്ന ധാരണയിൽ, തന്റെ സർവ്വസ്വദാനംചെയ്ത് ഒരു ഛായാസ്തംഭം(ശങ്കു) നാട്ടി പോകുന്ന പതിവുമുണ്ടായിരുന്നു. ഛായാസ്തംഭം കപ്പലിന്റെ മുകളിലും നാട്ടുകപതിവുണ്ട്. (ഇത് സമയം, ദിശ എന്നിവ അളക്കാനുള്ള ഉപകരണം സ്ഥാപിക്കാനാണ്) ഗോവമ്യൂസിയത്തിലെ കൊങ്കൺതീരത്തെ കപ്പലിൽശങ്കുഛായനോക്കുന്നആളും (നച്ചോദ) സമയമറിയിക്കുന്നതിന് ചേങ്ങലകൊട്ടുന്നവനും തുഴക്കാരനും യോദ്ധാക്കളും,അനേകം തുഴകളും ചക്രവുമുണ്ട്.പരതവരുടെ കട്ടമാരൻ,നദിയിലും സമുദ്രതീരത്തും സഞ്ചരിക്കുന്ന വള്ളം,(ഇതിനെ 5-6 മീനവരാണ് നയിക്കുക) ധോണി എന്ന ചരക്കുവഞ്ചി , യുദ്ധക്കപ്പലുകൾ ഇതെല്ലാം ദക്ഷിണേന്ത്യയില് എക്കാലവും സുപരിചിതമായിരുന്നു.

1541ൽ ദക്ഷിണേന്ത്യയില് 20000 പരതവരെ മതംമാറ്റാനെത്തിയ ഫ്രാൻസിസ് ക്സേവിയറെന്ന പോർത്തുഗീസുകാരൻപാതിരി എങ്ങനെയാണ് മാന്നാറിലെ മുത്തുവ്യാപാരം പോർച്ചുഗീസുകാർക്ക് കിട്ടിയതെന്നു പറയുന്നുണ്ട്. പരതവരിലെ കപ്പൽത്തൊഴിലാളികളെ മതംമാറ്റിയശേഷം പോർച്ചുഗീസുകാരുടെ സംരക്ഷണത്തിൻകീഴില് ധൈര്യം കൊടുത്ത് ,മലബാറിലെ കടൽക്കൊള്ളക്കാരെന്നു വിളിക്കപ്പെട്ട അവരുടെ അത്രകാലത്തെ സഹയാത്രികരും സഹോദരങ്ങളുമായ മറ്റു പരതവരിൽനിന്ന്, മുത്തുച്ചിപ്പിവ്യാപാരവും ഫിഷിങ്ങും പൂർണ്ണമായും തങ്ങളുടേതാക്കി. (pp 54. Q from Schurrhammer 1977:312-13.319)

കാരിസ്വത്രൂപത്തേയും വേട്ടക്കാരൻപുത്തൂരിലെ വേട്ടക്കൊരുമകനെന്ന ധർമ്മ ദൈവത്തേയും ആരാധിക്കുന്ന രാജവംശങ്ങളും അത്തരം ധർമ്മദൈവം കുടി യിരിക്കുന്ന ശബരിമലക്കടുത്ത പമ്പാസരസ്സും പലകാലഘട്ടങ്ങളിലായി, പലപല ഭാവങ്ങളിൽ തുടർച്ചയായി ഇന്ത്യക്കാരായ കേരളീയരെ സ്വാധീനിച്ചുപോന്നു. ശബരിമലയിലും കേരളത്തിലെ ഇതരഭാഗങ്ങളിലും കൊങ്ങുചേരനാട്ടിലെ വേട്ട ക്കാരൻപുത്തൂരിലും കാരിസ്വത്രൂപത്തിന്റെ പഴയ വേട്ടക്കാരനായ കുതിരാനെന്ന കുതിരമലയിലും വേട്ടുവവരിയാടുന്ന ശാലിനിയുടെ പരദൈവമായ കൊറ്റവൈ എന്ന ദുർഗ്ഗയിലുമുള്ള അതേ ദേവതാസങ്കല്പമാണ് 13ആംനൂറ്റാണ്ടിലെ വിജയന ഗരത്തിലും നാം കാണുന്നത്. രാമായണകാലംമുതൽ സിന്ധുസംസ്കൃതികാലം വരേയും പിന്നീട് വിജയനഗരകാലംവരേയും തുടർച്ചയായി ശൈവവൈഷ്ണവസം ഗമചിഹ്നമായ വേട്ടക്ക് ഒരുമകൻ ആരാധിക്കപ്പെടുന്നു. ഈ തുടർച്ച(continuity) കാണാതെ പോകുന്നവരാണ് ഇന്ത്യാചരിത്രത്തിലെ gaps ഉണ്ടാക്കിയവരെന്ന് ഞാൻ കരുതുന്നു.

1380 മുതലാണ് വിജയനഗരസാമ്രാജ്യം ആരംഭിക്കുന്നത്. തെക്കുകിഴക്ക് ബേട്ട ക്കാരരുഹെബ്ബാഗിലു(വേട്ടക്കാരന്റെ വാതിൽ)വടക്ക് ഹോഡേയബാഗിലു (ഒടൈ യവരുടെ വാതിൽ എന്ന ഗണപതിവാതിൽ)കിഴക്ക് ശൃംഗാരകഹെബ്ബാഗിലും സോമവാരദബാഗിലും . വിനായകന്റെ ഇടത്തുവശംനിൽക്കുന്ന നഗ്നമായ സ്ത്രീ രൂപം. ഇടംകയ്യിൽ കിണ്ടിയും വലംകയ്യില് ദണ്ഡുമുണ്ട്.തലയിലെ കിരീടം ഇങ്ങ



നെയാണ്. വേട്ടക്കാരന്റെ വാതിലിനടുത്ത് മൈലാര തേവനെന്ന ശിവന് ഒരേതയ (കുളം)ഉണ്ടാക്കിയ ലിഖിതമുണ്ട്. ഹംപിയുടെ യഥാ ർത്ഥനാമം പമ്പാപുരമെന്നാണ്. പമ്പാദേവി(ഹംപാ)എന്ന നദീജലദേവതയുടെ പേരിൽ ആണ് നഗരം.തുംഗഭദ്രക്ക് പമ്പയെന്ന് പര്യായമുണ്ട്. ബ്രഹ്മാവിന്റെ മാനസപുത്രിയിയും വിരൂപാക്ഷന്റെ പത്നിയുമായ അവളാണ് സതിയും പാർവ്വതി യുമായി പുനർജ്ജനിച്ചത്. പമ്പവിരൂപാക്ഷ, പമ്പാവതി,പമ്പാസരോവരം ,പമ്പാ നദി, പമ്പാപതി,പമ്പാപുരം,പമ്പാക്ഷേത്രം മുതലായ നാമങ്ങളിലെല്ലാം ഈ നാമ

വും വിജയനഗരവും തമ്മിലുള്ള അഭേദ്യബന്ധംകാണാം. ഹരിഹരന്റെ പമ്പാശതകം, രക്ഷാകവചം എന്നീ കൃതികളിലും പമ്പാദേവിയെ വാഴ്ത്തുന്നു. മൈലാരദേവന്റെ കൾട്ട് വേട്ടേക്കരന്റെ കൾട്ടുതന്നെയാണ്. കുതിരപ്പുറത്ത് വാളും ഖഡ്വാംഗവും ധരിച്ച് നായ്ക്കളുടെ അകമ്പടിയോടെ വേട്ടക്കുപോകുന്ന രൂപം വേട്ടക്കൊരുമകനും അയ്യപ്പനുമുണ്ട്. ഇടവംരാശിയിലെ വേട്ടക്കാരനും മൃഗശിരസ്സും അടുത്തുള്ള ശുനകതാരവും (സിറിയസ് എന്ന ബൈനറി)ചേർന്നരൂപം സിന്ധുലിപിയിലും കാണുന്നത് അന്വർത്ഥമാണ്. ദ്രാവിഡ,ആര്യ,വൈദിക,ട്രൈബൽപാരമ്പര്യങ്ങള് ഇന്ത്യയിലെ സമൂഹങ്ങളെസംബന്ധിച്ചേടത്തോളം ഒന്നുതന്നെയാണെന്ന അദ്വൈതത്തിന്റെ തെളിവുകളാണിവ.

രോഹിണി (αOrionis)എന്ന supergiant range ലുള്ള നക്ഷത്രം ഓറിയോൺ എന്ന blister nebula (M 42) ഇവയെ ഇന്ന് ആസ്ട്രോണമി നന്നായി പഠിച്ചിരിക്കുന്നു . ആകാശത്തിൽ ഇന്ന് ഏറ്റവുമധികം ഫോട്ടോ എടുക്കപ്പെട്ട വസ്തു 1500 പ്രകാശവർഷം അകലെയുള്ള വേട്ടക്കാരന് നെബുലയാണ്. ഇതിനെ സിന്ധുഹരപ്പകാലത്തെ മനുഷ്യര് നിരീക്ഷിച്ചിരുന്നതായി അന്നത്തെ സീലുകളിൽനിന്ന് നാം കണ്ടു. ബിസി 6000മുതലേ ഇതിനെ ഇന്ത്യയിലുള്ളവർ നിരീക്ഷിച്ചിരുന്നു. ഞണ്ട് അഥവാ ക്രാബ് നെബുല.(crab nebula) എന്ന ഇടവരാശിയിലെ സൂപ്പർനോവ ജൂലൈ 1050 എഡിയില് പൊട്ടിത്തെറിച്ചു. രാത്രിയും പകലും അത് ഒരുപോലെ ദൃശ്യമായി. 6000 പ്രകാശവർഷം അകലെയാണിത്. ചൈന,ജപ്പാൻ, ഇന്ത്യ, സൌത്ത് വെസ്റ്റ് അമേരിക്കയിലെ അനസാസിയിലെ നിരീക്ഷകരെല്ലാം ഈ അതിഥിതാരത്തെ കണ്ടു. ഇവയെയെല്ലാംതന്നെ സിന്ധുലിപിചിത്രങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇന്ത്യയിലെ വാനനിരീക്ഷണത്തിന്റെ പഴക്കം കാണിക്കുന്നു.

ഋഗ്വേദത്തിലും പുരാണങ്ങളിലുമുള്ള ഗോളവിഭജനമാണ് ഇന്ത്യയിലെ സ്റ്റെല്ലാർ മാപ്പുകൾക്ക് ആധാരം. വേദത്തിൽ ഋഭുക്കള് 2,3,4 എന്നിങ്ങനെ ഗോളവിഭജനം ചെയ്തതായി പറയുന്നു.ഈ വിഭജനം തൊവരിഗുഹാചിത്രങ്ങളിലും സിന്ധുലിപിയിലും കാണാം.

ഋഭുക്കളുടെ വിഭജനം



ഓരോന്നും വീണ്ടും അതേമട്ടില് ഹരിക്കുന്ന പ്രക്രിയയില് 2, 4 എന്നീ വിഭാഗങ്ങള് ഒന്നായിത്തീരും. അങ്ങനെ ആവർത്തിച്ച വിഭജനത്തില് 5 തരം കിട്ടുന്നു. ഏകപദം(ഏകമുഖം) ദ്വിമുഖം(ദ്വിപദം) ത്രിപദം(ത്രിമുഖം) ചതുർമുഖം(ചതുഷ്പദം) പഞ്ചമുഖം(പഞ്ചപദം)അഥവാ മകരം, ഷണ്മുഖം (ഷഡ്പദം)സപ്തമുഖം (സപ്തപദം)അഷ്ടമുഖം (അഷ്ടപദം)നവമുഖം(നവപദം)ജശമുഖം(ദശപദം)എന്നിങ്ങനെ 360, 180, 120, 90, 72, 60, 51.4,45,40,36 എന്ന ക്രമത്തില് ഡിഗ്രികളാക്കി വിഭജിക്കുന്നു. ദ്വാദശാത്മകമായി 30 ഡിഗ്രിവീതം വിഭജിച്ച ചക്രം ഇതിനുശേഷമാണ് നടപ്പിലാവുന്നത്. ഈ ദ്വാദശാത്മകചക്രവും ഋഗ്വേദകാലത്തുതന്നെ ഇന്ത്യയിലുണ്ട്. ഇതിലെ പഞ്ചഭുജഭ്രുപടമാണ് സമുദ്രയാത്രികരുടെ എളുപ്പമേറിയഭ്രുപടം. ഇപ്പോഴത്തെ Cut and paste interrupted maps നോടു രൂപസാദൃശ്യമുള്ള ഒന്നാണിത്. 72 ഡിഗ്രിയുള്ള പഞ്ചഭുജം (മകരം)അതിസുന്ദരമാണ്. (വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തികയുടെ ഭാഷ്യം കാണുക) സുന്ദരമായ ആ മകരമത്സ്യമെന്ന ശിംശുമാരത്തെ ആകാശത്തിൽ വിഷ്ണുരൂപമായും (സ്റ്റെല്ലാർ മാപ്പ്) സമുദ്രസഞ്ചാരികളുടെ സിദ്ധഭാഷ കല്പിക്കുന്നു.പൈതാമഹസിദ്ധാന്തത്തിലെ പഞ്ചഭുജപ്രൊജക്ഷൻ Quinquinial projection

ഗോളത്തെ ചതുരശ്രീകരിച്ച് ഒരു വൈരക്കല്ലുപോലെയാക്കുന്ന ആ വൈരത്തിന്റെ ഭൂമദ്ധ്യരേഖ ഇന്ത്യയ്ക്കും സിലോണിനും അടുത്താണ്.



ഭൂമദ്ധ്യരേഖയിൽ 1830നാഴിക,ധ്രുവഭാഗത്ത് 1860 നാഴിക എന്ന് വ്യത്യസ്തമായ ജിയോഡെസിക് അക്ഷാംശങ്ങളുണ്ടെന്നും 3690 നെ 2 കൊണ്ടുഹരിച്ച 1845 ആണ് നോട്ടിക്കൽമൈലെന്ന് സ്റ്റാൻഡേഡൈസ് ചെയ്യാമെന്നും പൈതാമഹ സിദ്ധാന്തകാരൻ കണ്ടെത്തി. (ഇപ്പോൾ 1843 ഭൂമദ്ധ്യരേഖാഭാഗത്ത് 1861 ധ്രുവത്തിൽ സ്റ്റാൻഡേഡൈസ് ചെയ്യുന്നത് 1852 എന്നാണ്).ഭൂമദ്ധ്യരേഖാഭാഗത്തെ 1830ന്റെ ഇരട്ടിയായ 3660ന്റെ പത്തിലൊന്നാണ് പൈതാമഹവർഷം(366 ദിനം).കടലിലെ തിരയും ശബ്ദതരംഗവും പ്രകാശതരംഗവും ഒരേ അനുപാതത്തിലാണ് സഞ്ചരിക്കുന്നത് എന്ന അറിവുകൊണ്ട് പൈ (പ അഥവാ പരിധി) സംഖ്യയെ (ശ്രുതി സംഖ്യ / സ്വരസംഖ്യ) $\pi = 180$, $\pi/2=90$, $3\pi/2=270$,$2\pi=360$, $5\pi/2=450$,$3\pi=540$ എന്ന് ക്രമപ്പെടുത്തുന്ന ഒരു സിസ്റ്റം വേദകാലത്തേ ഉണ്ടായി. സമുദ്രസഞ്ചാരവും ആസ്ട്രോണമിയും സംഗീതശാസ്ത്രവും ഗണിതവും അങ്ങനെ

ഒരേ മൂലത്തിൽനിന്ന് ഉരുത്തിരിഞ്ഞു. സിന്ധുലിപിയിൽ ഈ മൂലവും വിഭജനവും നന്നായി കാണാൻ കഴിയുന്നു.

തത്വചിന്ത Philosophy	ശാസ്ത്രം science
പോസിറ്റിവിസം positivism Augustus Comte 1798-1857	നിരീക്ഷണം,അളവ് (observation, Measurement)
ലോജിക്കൽ എംപിരിസിസംLogical empiricism David Hume 1711-76	പരീക്ഷണം നടത്തുക,സ്ഥിരമായ യോഗങ്ങളുടെ നിയമം കണ്ടുപിടിക്കുക
ക്രിറ്റിക്കൽ റാഷണലിസം Critical Rationalism Carl Pauper 1902-04	തിയറികൾരൂപീകരിച്ച് പരീക്ഷിച്ച് തെളിയിക്കുകയോ നിരസിക്കയോ നവീകരിക്കയോ ചെയ്യുക
റിയലിസം Realism Andrew Sawer,Roy Bhaskar 1944	മറഞ്ഞിരുന്ന ശൈലികൾ, കാരണങ്ങൾ വെളിച്ചത്തുകൊണ്ടുവരിക
പോസ്റ്റ് മോഡേണിസം Post Modernism Einstein 1879-1955 w erner Eisenberg 1901-1976	നിരീക്ഷകന്റെ ദൃഷ്ടിക്കനുസരിച്ചാണ് ദർശനം സംഭവിക്കുക Uncertainty principle. നിരീക്ഷണപരീക്ഷണങ്ങളുടെ സീമ എത്തുമ്പോൾനോണ്ലീനിയാ ർ ഡൈനാമിക്കല് സിസ്റ്റങ്ങളുടെ കയോട്ടിക് പെരുമാറ്റം.

റാഷണൽ ക്രിറ്റിസിസം Rational criticism	

ശാസ്ത്രവും തത്വചിന്തയും തമ്മിലുള്ള പൊതുബന്ധം ആധുനികഭാഷയില് മുകളിൽകാണുക.ന്യായവൈശേഷികാദിഷഡ്ദർശനങ്ങളും വൈദ്യത്തിലും ആസ്ട്രോണമിയിലും നടത്തിയ നിരീക്ഷണപരീക്ഷണങ്ങളും ,ഇന്ത്യയിലെ ശാസ്ത്രജ്ഞർ ഈ ഘട്ടങ്ങളിലൂടെയെല്ലാം കടന്നുപോന്നതിന്റെ തെളിവുകളാണ് തരുന്നത്. എന്തിനാണ് പരീക്ഷണങ്ങള് നടത്തുന്നത്. എന്തിനാണ് ഗുരുപരമ്പരകൾ നിരന്തരം തലമുറകളിലൂടെ നിരീക്ഷണം നടത്തി തങ്ങളുടെ കണ്ടുപിടുത്തങ്ങളെ നവീകരിച്ചുകൊണ്ടേ ഇരിക്കുന്നത്. 1981ൽ ഹാരേ(Harre)തരുന്ന കാരണങ്ങൾ ഇവിടെ പ്രസക്തമാകയാൽ എടുത്തുപറയാം.

ഒരുമാർഗ്ഗത്തിന്റെ വിവിധവശങ്ങള് പഠിച്ച് വിവരിക്കാൻ:-. സ്വാഭാവികമായ ഒരു പ്രക്രിയയുടെ ഗുണങ്ങൾ പഠിക്കാനും വിരുദ്ധങ്ങളായ അഭിപ്രായങ്ങളില് ഏതുശരിയെന്നു നിർണ്ണയിക്കാനും സ്വാഭാവികനിയമങ്ങളുടെ സ്വരൂപം ഗ്രഹിക്കാനും ഗവേഷണം നടത്താൻ സാധിക്കാത്തതോ ബുദ്ധിമുട്ടുള്ളതോ ആയ ചില മേഖലകളിൽ തതത്ുല്യമായ മാതൃകകള് സൃഷ്ടിക്കാനും പെട്ടെന്നുണ്ടായ ഒരു സംഭവത്തെ മനസ്സിലാക്കാനും ചിലപ്പോൾ അങ്ങനെ ഒന്നില്ലെന്ന് സ്ഥാപിക്കാനും നിരീക്ഷണം ആവശ്യമാണ്.

ഒരു സിദ്ധാന്തത്തിന്റെ ഉള്ളടക്കം വികസിപ്പിച്ചെടുക്കാൻ:-അറിയാവുന്ന ഒരു കാര്യത്തിന്റെ അവ്യക്തമായ കാരണം കാണാനും ,തെളിവുകള് നൽകാനും ലളിതമായ ഒരു പ്രതിഭാസത്തെ ചെറുചെറുഘട്ടങ്ങളാക്കി വിവരിച്ചുപഠിപ്പിക്കാനും വൈവിദ്ധ്യങ്ങളിൽ അന്തർല്ലീനമായ ഏകത്വം(അദ്വൈതം)തെളിയിക്കാനും നിരീക്ഷണം വേണം.

ഒരുമാർഗ്ഗം (ടെക്നിക്ക്)ആവിഷ്കരിക്കാൻ:-ശ്രദ്ധയും കൃത്യമായ കർമ്മവും കൊണ്ട് പുതിയ യന്ത്രം ആവിഷ്കരിക്കാനും ആ ഉപകരണത്തിന്റെ ശക്തി തെളിയിക്കാനും

നിരീക്ഷണം വേണം. സുശ്രുതസംഹിത, പഞ്ചസിദ്ധാന്തിക, സംഗീതശാസ്ത്രഗ്രന്ഥ ങ്ങ ൾ എന്നിവ ഈ വെളിച്ചത്തില് പഠിച്ചുകൊണ്ട് നമ്മുടെ പൂർവ്വീകരുടെ ശാ സ്ത്രബോധവും ധിഷണയും മനസ്സിലാക്കാൻ എനിക്കു കഴിയുന്നു.

ജ്യോഗ്രഫി,ഹ്യൂമൻജ്യോഗ്രഫി ഒരു സോഷ്യൽസയൻസാണ്. മനുഷ്യസമുദായങ്ങ ളുടെ കർമ്മങ്ങൾവിലയിരുത്തുന്ന അതില് സോഷ്യോളജിയും ധനതത്വശാസ്ത്രവും രാഷ്ട്രമീമാംസയും പെടുന്നു.ഇന്ത്യമഹാസമുദ്രത്തിലെ ചരിത്രാതീതയാത്രകളും ആ യാത്രകൾക്ക് ആവശ്യമായ അറിവുകളും ധിഷണാശക്തിയും അതിന്റെ തെളിവുക ളായി നമ്മുടെ പൂർവ്വികര് നമുക്കുതന്ന ലിപികളും ചിത്രങ്ങളും ,ശാസ്ത്രവും കലയും തത്വചിന്തയും ആത്മശക്തിയും ഭാഷയും മൌനവും ഒന്നായി ലയിക്കുന്ന ഒരു പ്രത്യേകമേഖലയിലാണ് എന്റെ മനസ്സ്. സാഹിത്യം ,ഭാഷ,ചരിത്രം,കല, തത്ത്വ ചിന്ത,ആർക്കിയോളജി,സാംസ്കാരികപഠനങ്ങൾ,മനുഷ്യന്റെ സൃഷ്ടിപരത, അ ർത്ഥം, മൂല്യം,അനുഭവം ഇവയെല്ലാം ഹ്യൂമാനിറ്റീസിലാണ് പെടുന്നത്. ഇവിടെ ജ്യോഗ്രഫിയും ഹ്യൂമാനിറ്റീസും തമ്മിലുള്ള ക്രിയേറ്റീവ് ഇന്റർഫേസ് ആണ് ഞാന് അന്വേഷണവിധേയമാക്കുന്ന മേഖല. ഫിസിക്കൽജ്യോഗ്രഫിക്ക് കാലദേശങ്ങളുമാ

യുള്ള ബന്ധം ചിത്രരൂപത്തിൽ കാണുക.



Timespace convergence between cities by technological development



ഇക്കോളജിയിൽ തകരാറുവരാതെ പ്രകൃതിവിഭവങ്ങളെ ഉപയോഗപ്പെടുത്തുന്നതായിരുന്നു 13-14 നൂറ്റാണ്ടുവരെ ഇന്ത്യക്കാരുടെ ചരിത്രം. 1428ൽ ഗാമയുടെ വരവോടെ, പ്രകൃതിവിഭവങ്ങളെ ഇക്കോളജി നോക്കാതെ ചൂഷണം ചെയ്യുന്ന കച്ചവടസമ്പ്രദായം നിലവിലായി. ധനത്തവശാസ്ത്രവും രാഷ്ട്രമീമാംസയുമെല്ലാം സമവാക്യങ്ങൾ മാറി.ഇന്നും ഇന്ത്യ ഈ മാറിയ സമവാക്യത്തിന്റെ പിടിയിലാണെന്ന യാഥാർത്ഥ്യം നാം അറിയേണ്ടിയിരിക്കുന്നു. പ്രകൃതിയുടെ സമവാക്യങ്ങളൊന്നും തെറ്റിക്കാതെ ഇണങ്ങിജീവിച്ചുകൊണ്ടുതന്നെ ആധുനികസൌകര്യങ്ങൾ ഉപയോഗിക്കേണ്ട വിദ്യ നാം തന്നെ ആവിഷ്കരിക്കേണ്ടതാണ്. നമുക്ക് നാം തന്നെയാണ് തുണ.

കരയിൽ ചക്രവാഹനം,കുതിര എന്നിവയും കടലിൽ കാലവർഷക്കാറ്റുകൊണ്ട് അതിവേഗംപോകുന്ന കപ്പലും ആകാശത്ത് പുഷ്പകവിമാനവും പറപ്പിച്ച ജനസമൂഹമാണ് ഇന്ത്യയിലേത് എന്നത് ആലോചനാമൃതമായ വിഷയമാണ്. എന്നുവെച്ച് ഇനി നമുക്ക് ഒന്നും ചെയ്യാനില്ല എന്ന അലസത നന്നല്ല. സത്യയുഗത്തിലേയും കലിയുഗത്തിലേയും കാലം എങ്ങനെ വേഗത കൊണ്ട് വ്യത്യസ്തമാണെന്ന് സംസ്കൃതഭാഷയിൽ ഭാരതം പറയുമ്പോളെല്ലാം മിത്ത് എന്നു പുഛിക്കുന്ന ബുദ്ധിജീവിസമൂഹം ഇംഗ്ലീഷിൽ Timespace convergence എന്നു കേട്ടാല് ശാസ്ത്രമെന്നു പറയുന്നു.അപ്പോൾ ഭാഷയാണോ ശാസ്ത്രം .ഇന്ത്യയിൽ അനേകം പ്രാദേശിക ഭാഷകളും അവ സംസാരിക്കുന്ന ജനതയുമുണ്ട്. പ്രാദേശികത്തനിമകളൊന്നും വിടാതെ ഒരു ദേശീയ,അന്തർദ്ദേശീയ,ഗ്ലോബൽ അദ്വൈതമാണ് ഹ്യൂമനിസ്റ്റിക്ക്

ജ്യോഗ്രഫി കൊണ്ട് ഞാനുദ്ദേശിക്കുന്നത്.

വ്യത്യസ്തജനതയെ ഇണക്കുന്ന സാമാന്യപ്രതിഭാസങ്ങൾ





എല്ലാവരേയും ഒറ്റമതത്തിലേക്ക് മാറ്റി, ഒറ്റ രാഷ്ട്രീയക്കക്ഷിയിലാക്കി, ഒറ്റവർഗ്ഗമാക്കി, നാണ്യങ്ങളെപ്പോലെ അല്ലെങ്കിൽ ക്ലോൺചെയ്തപോലെ ആക്കിയെടുക്കലല്ല. അത് അപ്രായോഗികവും അസാദ്ധ്യവു മാണ്. Key concepts in geography (pp173,179) ഇതിനെ ഇങ്ങനെ വരച്ച് കാണിക്കുന്നു.

ഒരുപ്രദേശത്തെ ജനങ്ങളും വസ്തുക്കളും ,അറിവും ബിംബങ്ങളും മറ്റൊരു സ്ഥലത്തേക്ക് എത്തുകയും അവിടത്തെ ജനങ്ങളേയും സംസ്കാരത്തേയും നശിപ്പിക്കാതെ സ്വന്തം തനിമ നിലനിര്ത്തിക്കൊണ്ട് അതിജീവിക്കയും ചെയ്യുമ്പോളാണ് ഗ്ലോബലായ തനിമ ഉണ്ടാവുക. സംസ്കാരം നശിപ്പിക്കുക, ജനങ്ങളെ കൊന്നൊടുക്കുക,മതംമാറ്റുക എന്നിവയിലൂടെ ഇത്തരം ട്രാൻസാക്ഷന് നടക്കുകയില്ല. ഗ്ലോബൽതനിമയോടെ, ലോകത്തിന്റെ എല്ലാ ഭാഗത്തും എത്തി ജീവിച്ച transaction

community ഇന്ത്യക്കാരാണെന്നതിന് ലോകമെമ്പാടുമുള്ള ചരിത്രവും ആർക്കിയോളജിയുമാണ് സാക്ഷ്യം വഹിക്കുന്നത്.

ഇന്നുനാം കാണുന്ന വൻകരകള് മുമ്പ് ഇങ്ങനെയായിരുന്നില്ല. 570-510 മില്ല്യന് വർഷംമുമ്പ് കാംബ്രിയൻകാലത്ത് എല്ലാ വൻകരകളും ഭൂമദ്ധ്യരേഖാഭാഗത്തായിരുന്നു. ആസ്ത്രേലിയ,അന്റാർട്ടിക്ക ,ഇന്ത്യ,അറേബിയ ,ആഫ്രിക്ക,തെക്കേ അമേരിക്ക ഇവ കൂടിച്ചേർന്ന ഗൊന്ദ്വാനാലാന്റ് (കമ്പരാമായണത്തിലെ കൊന്നവനം, ഗോണ്ടുകളുടെ ആവാസകേന്ദ്രമായിരുന്ന വനഭൂമി) ഭൂമദ്ധ്യരേഖയിൽഏറ്റവും വലിയ വൻകരയായിരുന്നു.ദക്ഷിണധ്രുവംവരെ അത് നീണ്ടുകിടന്നിരുന്നു.408-362 മില്ല്യൻവർഷംമുമ്പുള്ള ദേവോണിയൻകാലത്ത് ഗൊന്ദ്വാനാലാന്റും ലോറേഷ്യ (വടക്കേ അമേരിക്ക)യും വടക്കോട്ട് ഒഴുകാൻതുടങ്ങി. വിലങ്ങനെ കിടന്നിരുന്ന ഗൊന്ദ്വാനാലാന്റിന്റെ ദിശമാറി. 362-290മില്ല്യൻവർഷംമുമ്പുള്ള കാർബോണിഫെറസ് കാലത്ത് 3 വൻകരകളേ ഉള്ളു. ലോറേഷ്യ, അംഗാരാലാന്റ്, ഗൊന്ദ്വാനാലാന്റ്. 208-145 മില്ല്യൻവർഷംമുമ്പുള്ളജ്യുറാസിക് കാലത്ത് വൻകരകള് അഞ്ചായി (പാഞ്ചിയ). വിഭജിക്കപ്പെട്ടു. അതിനാൽ സമുദ്രനിരപ്പ് ക്രമാതീതമായി ഉയർന്നു. 65- 2 മില്ല്യൻവർഷംമുമ്പ് ഹിമാലയമുണ്ടാവുന്നതിന് തൊട്ടുമുമ്പായി, ടെർഷ്യറികാലത്ത് ,ഗൊന്ദ്വാനാലാന്റ് കഷ്ണംകഷ്ണമായി .തെക്കേ അമേരിക്കയും ആഫ്രിക്കയും ഉൾപ്പെട്ട ഭൂമി സമുദ്രത്തിനടിയിലേക്ക് ചവിട്ടിത്താഴ്ത്തപ്പെട്ടതും ഹിമാലയം പൊന്തിവന്നതും ഹിമാലയംമുതൽ സമുദ്രംവരെയുള്ള ഭാഗം ഒരു രാഷ്ട്രമായതും നവദ്വീപങ്ങളായി ഭൂമി വിഭജിക്കപ്പെട്ടതും പുരാണേതിഹാസങ്ങളിൽ കാണുന്നത് ഈ കാലത്താണ് സംഭവിച്ചത്. അതായത്,ഇംഗ്ലീഷിൽ പറയുന്നകാര്യംതന്നെയാണ് സംസ്കൃതത്തിലും മനുഷ്യൻസംവദിക്കാൻശ്രമിച്ചുകൊണ്ടിരുന്നത്. ഇത് മിത്താണെന്ന വാദഗതിയാണ് ഏറ്റവും അപകടംപിടിച്ച മിത്ത്. സത്യം ഒന്നേയുള്ളു. ഏതുഭാഷയിൽപറഞ്ഞാലും സത്യം സത്യമാണ്,മിത്ത് ആവുകയില്ല. ഗൊന്ദ്വാനാലാന്റി ൽ ഇന്ത്യയോടുചേർന്നുകിടന്നഭാഗമായിരുന്ന മായരുടെ(മാഗർ)രോമകപുരത്തിന്റെ ചവിട്ടിത്താഴ്ത്തപ്പെടൽ,അതിലെ അവശേഷിച്ച മാഗബ്രാഹ്മണരായ ഭരദ്വാജരുടെ (മയവംശം)ശാസ്ത്രവും കലയും ഇന്ത്യയിൽ ബഹുമാനിക്കപ്പെട്ടത്, ഇതെല്ലാം പുരാണങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്നു.ഇവ പ്രപഞ്ചത്തിന്റെ ഏറ്റവും പുരാതനമായ ഓർമ്മക്കുറിപ്പുകളായി കാണേണ്ടവയാണ്. ടെർഷ്യറികാല

ത്തിന്റെ അവസാനം, 2 മില്ല്യൻവർഷംമുമ്പ് ഉണ്ടായ മനുഷ്യ ർമാത്രമായിരിക്കണം ഈ പ്രളയത്തിനും വിഭജനത്തിനും സാക്ഷികൾ. അവരാരൊക്കെയായിരുന്നു.

കാലം	വംശം
4.2 മില്ല്യൻവർഷംമുമ്പ്	ആസ്ത്രലോപിത്തക്കൻസ് അനിമൻസസ്
3.4 മില്ല്യൻവർഷംമുമ്പ്	ആസ്ത്രലോപിത്തക്കൻസ് അഫാറന്സിസ് (എത്തിയോപ്പിയയിലെ ലൂസി)
3 മില്ല്യൻവർഷംമുമ്പ്	ആസ്ത്രലോപിത്തക്കൻസ് ആഫ്രിക്കാനസ്
2.6 മില്ല്യൻവർഷംമുമ്പ്	ആസ്ത്രലോപിത്തക്കൻസ് ബൊയ്നെസ (കല്ലായുധം ഉപയോഗിച്ചു)
2.5 മില്ല്യൻവർഷംമുമ്പ്	ആസ്ത്രലോപിത്തക്കൻസ് ഹോമോഹാബിലസ്
2 മില്ല്യൻവർഷംമുമ്പ്	ആസ്ത്രലോപിത്തക്കൻസ് രോബസ്റ്റസ് (കല്ലായുധമുണ്ടാക്കാൻ സാധിക്കുന്ന തള്ളവിരലുള്ളവർ)
1.8 മില്ല്യൻവർഷംമുമ്പ്	ആസ്ത്രലോപിത്തക്കൻസ് ഹോമോഇറക്ടസ്
1 മില്ല്യൻവർഷംമുമ്പ്	ആസ്ത്രലോപിത്തക്കൻസ് ഹോമോഇറക്ടസ് ആദ്യമായി തീ ഉണ്ടാക്കുന്നു. (ഇന്ത്യയിലെ അഗ്നീധ്രൻ,പുരൂരവസ് ഉപാഖ്യാനം)
900000 വർഷംമുമ്പ്	ഏഷ്യയിൽ മനുഷ്യവാസം
850000 വർഷംമുമ്പ്	യൂറോപ്പിൽ മനുഷ്യവാസം
800000 വർഷംമുമ്പ്	ആർക്കെയിക്ക് ഹോമോസാപ്പിയ ൻസ് നർമ്മദാതീരത്ത്

120000 വര്ഷംമുമ്പ്	നിയാൻഡർതാല്
100000 വർഷംമുമ്പ്	ഹോമോസാപ്പിയൻസ് ആധുനിക മനുഷ്യവംശം
35000 വർഷംമുമ്പ്	മനുഷ്യൻയൂറോപ്പിൽ.നിയാൻഡർതാല് മനുഷ്യർ അപ്രത്യക്ഷരായി.

പുരൂരവസ്സിന് 5 മക്കൾക്കും പ്രജാപതിക്ക് 9 മക്കൾക്കുമായിഭൂമിയുടെ പഞ്ചജന, നവദ്വീപവിഭജനം ,ഒന്നായിരുന്ന പ്രപഞ്ചത്തിലെ വൻകരകള് പ്രളയത്തില് വേർപെട്ട (ചവിട്ടിത്താഴ്ത്തപ്പെട്ട) ചരിത്രം,ആദ്യത്തെ അഗ്നിആരാധന,ആയുധപൂജ ഇവയെല്ലാം ആദ്യം പ്രതിപാദിക്കപ്പെട്ടതും ഇന്നും മുടങ്ങാതെ അതിന്റെ ഓർമ്മ ആചരിക്കുന്നതും ഇന്ത്യയിലാണെന്നത് നമ്മുടെ ചരിത്രബോധവും ധിഷണയുടെ പഴക്കവും ഓർമ്മയും കാണിക്കുന്നു. വെറുതെ ജനിച്ച് മരിച്ച് കുറെ അസ്ഥി അവശേഷിപ്പിക്കലല്ലല്ലോ ,മാനവരാശിയുടെ സാംസ്കാരികചരിത്രമെന്നത്. അത് നമ്മുടെ ചരിത്രാതീതമായ ഓർമ്മകളുടെ തിരുശേഷിപ്പുകൂടിയാണ്. മദ്ധ്യേന്ത്യയിലെ കൽഫോത്തിയഗുഹയിലെ ചിത്രം നദീജലസഞ്ചാരം കാണിക്കുന്നു (പേജ് 13 Timelines world history) Late ice age ലെ നായാടിവർഗ്ഗം വരച്ചതാണ് ഈ ചിത്രം. 600 ബിസിയിലെ പഴയ ബാബിലോണിയന് മാപ്പ് (ലണ്ടനിലെ ബ്രിട്ടീഷ്

മ്യൂസിയം) ഇങ്ങനെയാണ്.



ബാബിലോണിയൻ മാപ്പ്

അസ്സീറിയ,ആർമേനിയ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റുസ്ഥലങ്ങളെ ചെറിയ വൃത്തമായി വരച്ചിരിക്കുന്നു.

12ആം നൂറ്റാണ്ടിലെ ജറുസലേം മാപ്പ് .ജറുസലേം ലോകത്തിന്റെ കേന്ദ്രമെന്ന് കാണിക്കുന്നത്.



ഇന്ത്യയിലേയും പോളിനേഷ്യയിലേയും പഴയ മാപ്പുകളിൽ സ്ഥലങ്ങൾക്കുപകരം ശംഖും കവിടിയുമാണ് പതിച്ചിരുന്നത്.ചെറിയ ഇനം ഭദ്രങ്ങൾ പ്രത്യേകിച്ചും ഇവക്ക് ഉപയോഗിച്ചിരുന്നു. സമുദ്രത്തിലെ ഒഴുക്കുകൾ,ചുഴികളെന്നിവയും ആകാശത്തിലെ നക്ഷത്രസ്ഥാനങ്ങളും രേഖപ്പെടുത്തിയ സ്റ്റെല്ലാര് മാപ്പുകളാണ് അവരുടേത്. അവരുടെ എല്ലാ കപ്പലുകളിലും ഇത്തരം പടങ്ങളുണ്ടായിരുന്നു.ഏഡി ഒമ്പതാം നൂറ്റാണ്ടിലാണ് അറബികൾ ആദ്യമായി സ്റ്റെല്ലാര് മാപ്പ് ഉണ്ടാക്കുന്നതും ഉപയോഗിക്കുന്നതും. 813-33 വരെ ഭരിച്ച ഖാലിഫ് അല് മാമൂന് ഇന്ത്യയിലെ ശാസ്ത്രജ്ഞരുടെ സഹായത്തോടെ ബാഗ്ദാദില് ആദ്യമായി ഒരു വാനനിരീക്ഷണ കേന്ദ്രം സ്ഥാപിച്ചു. അവിടെ ആസ്ട്രോലാബും ലോകഭൂപടവും ഉണ്ടാക്കിവെപ്പിച്ചു. രോഹിണി(അൽഡിബാരൻ),മകം(റൈഗൽ),വിഷ്ണുപാദനമസ്കാരം ചെയ്യുന്ന രാസ് ആൽഗട്ടി നക്ഷത്രസമൂഹം ഇവയെല്ലാം രേഖപ്പെടുത്തിയ അറബിമാപ്പ്

കൊടുക്കുന്ന അറബിനാമങ്ങളായ അൽഡിബാരന്,റൈഗലെന്നിവ ഇന്നും ജ്യോതിശ്ശാസ്ത്രജ്ഞർ ഉപയോഗിക്കുന്നു.

കേരളത്തിൽ പെരുന്തച്ചന്റെ മകന് ആലുവാപ്പുഴയുടെ തീരത്തെ ജലസംഭരണിക്കും പാലത്തിനും അറ്റത്ത് ജലം കൊണ്ടുപ്രവർത്തിക്കുന്ന ആസ്ട്രോണമിക്കല് ക്ലോക്കിൽ തുപ്പുന്നപാവയെ ഛടിപ്പിച്ച അഛനെ തോല്പിക്കാനായി അടിക്കുന്ന പാവയെ ഉണ്ടാക്കി. ഇതേ മാതൃകയിൽ ജലംകൊണ്ട് കറക്കുന്ന ഗോളയന്ത്രം സൂസുങ് 1090ൽ ചൈനയിലുംഉണ്ടാക്കി. ഇതിലെ പാവകൾ മണികിലുക്കുകയും ചേങ്ങല മുട്ടുകയും മണിക്കൂറുകൾ കാണിക്കുകയും ചെയ്യുന്ന മര്യാദക്കാരായിരുന്നു. 1120ലെ liber Floribus (ആർഡ്രസ്സിലെ ലംബർട്ടിന്റെ)ഭൂപടം ഗ്ലോബിന്റെ പകുതി യൂറോപ്പും ആഫ്രിക്കയും മറുപകുതി ഏഷ്യയുമാണെന്നു കാണിക്കുന്നു. യൂറോപ്പിലെ സ്ഥലങ്ങളും വഴികളും അതിലുണ്ട്. 12ആം നൂറ്റാണ്ടിലെ ജറൂസലേം മാപ്പിൽ ജറുസലേമാണ് ലോകത്തിന്റെ കേന്ദ്രം. ഇന്ത്യയിലെ മാപ്പുകളെല്ലാം ലങ്കയെ കേന്ദ്രമാക്കുന്നത് കണ്ടിട്ടാവണം ഇങ്ങനെ ചെയ്തത്. ലങ്ക ഭൂമദ്ധ്യരേഖക്ക് തൊട്ടടുത്ത് കിടക്കുന്നതിനാലും ഇന്ത്യാഉപഭൂഖണ്ഡത്തോട് അടുത്തുകിടക്കുന്നതിനാലുമാണ് ഇവിടെ നിന്ന് വീക്ഷിക്കുന്ന ധഗോളശാസ്ത്രജ്ഞർക്ക് ലങ്ക കേന്ദ്രമായത്. (മതപരമല്ല)

1154ല് സിസിലിയിലെ റോജർരണ്ടാമന് മൊറോക്കോയിലെ രാജകുമാരന് അൽ ഇദ്രിസിനോട് ഒരു ലോകഭൂപടം വരച്ചുകൊടുക്കാനാവശ്യപ്പെട്ടു. ടോളമിയെ അനുകരിച്ച് ആദ്യം ഭൂമിയെ ആറാക്കി. പിന്നെ തെക്കുവടക്ക് 10 അക്ഷം വരച്ചു. ഇപ്രകാരം 16 പ്രാദേശികമാപ്പുകളുണ്ടാക്കി അവയെ കൂട്ടിച്ചേർത്തു. നഗരം,നദി, മലകൾ,വീഥികൾഇവയെല്ലാം രേഖപ്പെടുത്തി. സഞ്ചാരികളും കച്ചവടക്കാരുമാണ് ഇതിന് സഹായിച്ചത്. കടലിനെ അറിയുന്ന സഞ്ചാരികളായ നാവികന്മാരല്ല.ഇന്ത്യയിലും അറേബിയയിലും തെക്കെ ധ്രുവമാണ് മുകളിൽ രേഖപ്പെടുത്തുന്നത്. ഉത്തരധ്രുവം താഴെയാണ്.അൽദിരിസിയുടെ മാപ്പിലും അങ്ങനെയാണ്. എഡി 1100 മുതലാണ് ചൈനക്കാര് കാന്തശക്തിയുള്ള സൂചിപിടിപ്പി്ച കോമ്പാസ് ഉപയോഗിക്കാനാരംഭിച്ചത്. 13ആം നൂറ്റാണ്ടിൽ ഒരു പെട്ടിയിലാണ് ഇത് സൂക്ഷിച്ചിരുന്നത്. ചൈനക്കാരിൽനിന്ന് അറബികള് ഇതുപഠിച്ച് 13ആം നൂറ്റാണ്ടിൽ സിന്ധുസമുദ്രത്തിലെ യാത്രയില് ഉപയോഗിക്കാ

നാരംഭിച്ചു. 1190ൽ അറബികളിൽനിന്ന് കോമ്പസിന്റെ തത്വം യൂറോപ്യരും ഗ്രഹിച്ചു. സഹസ്രാബ്ദങ്ങളായി ആരോടും പറയാതെ ഫുണീഷ്യരെന്ന ഇന്ത്യൻ നാഗ സഞ്ചാരിവർഗ്ഗം രഹസ്യമായി വെച്ചതെല്ലാം ഒന്നൊന്നായി പരസ്യമായിത്തുടങ്ങി . 1280ൽ യൂറോപ്പില് ആദ്യത്തെ മെക്കാനിക്കല് ക്ലോക്ക് നിർമ്മിച്ചു. (സയൻസ് മ്യൂസിയം ലണ്ടൻ).1375ൽആർഗൺരാജാവിന്റെ ആശ്രിതനായ അബ്രഹാം ക്രസ് ക്വിസ് എന്ന മജോർക്കൻ(യഹൂദൻ)കറ്റലൻ അറ്റ്ലസ് ഉണ്ടാക്കി. മാർക്കോപോളോ ,അറബിസഞ്ചാരികൾ എന്നിവരുടെ വിവരണത്തിൽനിന്നുണ്ടാക്കിയതാണ് ഇത്. യൂറോപ്പും ആഫ്രിക്കയും ഏറെക്കുറെ ചിത്രീകരിച്ചിട്ടുണ്ട്. മാലിയിലെ ഐശ്വര്യം,സഹാറയിലൂടെ നടക്കുന്ന സ്വർണ്ണക്കച്ചവടം എന്നിവ പരാമർശിച്ചിട്ടുണ്ട്. 1492ൽ കൊളംബസ്സിന്റെ യാത്രക്ക് തൊട്ടുമുമ്പ് ന്യൂറംബർഗ്ഗിലെ മാർട്ടിന് ബെരെഹം നിർമ്മിച്ച ഗ്ലോബില് അമേരിക്ക ഇല്ല. എന്നാൽ ഇന്ത്യയുടെ ചരിത്രാതീതമായ മാപ്പുകളിൽ മെക്സിക്കോയിലെ തുലാനഗരം, കേതുമാല (ഗ്വാട്ടിമാല)അതലാന്തം (അറ്റ്ലാന്റിസ്) എന്നിവയുണ്ട്. Antwerpലെ അബ്രഹാം ഒർട്ടീലിയസ്സിന്റെ തിയാടം ഓർബിസ് മെറാനം (1570)എന്ന അറ്റ്ലസ്സിൽ അമേരിക്കയെ പൂർണ്ണമായും ചിത്രീകരിച്ചു. ഓർട്ടീലിയസ്സും സമകാലീനനായ മെർക്കേറ്ററും തങ്ങളുടെ ഭൂപടങ്ങളാൽ ഭൂകേന്ദ്രത്തെ റോമിൽനിന്നും ഇറ്റലിയിൽനിന്നും മാറ്റി. 1569ലാമ് മെർക്കേറ്റർമാപ്പ് പ്രസിദ്ധീകരിക്കുന്നത്. (കോപ്പർനിക്കസിനു ശേഷം). 1769നും 1770നും ഇടയിൽ 2400മൈൽ(3862 കി മീ)സമുദ്രതീരത്തുകൂടി സഞ്ചരിച്ച് ന്യൂസിലാന്റിന്റെ മാപ്പ് ക്യാപ്റ്റന് കുക്ക് ഉണ്ടാക്കി. 1823ൽ ബ്രിട്ടന് തന്റെ കോളനിയായ ഇന്ത്യയുടെ ത്രികോണമിതി (ട്രിഗണോമെട്രി)പഠിച്ച് സർവ്വേ നടത്തി അതുവെച്ച് വരച്ച ഭൂപടംരേഖപ്പെടുത്തിവെച്ചു. ആധുനികയുഗത്തിൽ നാം റിമോട്ട് സെൻസിങ്ങ് മാപ്പുകളുപയോഗിക്കുന്നു.ഈ ചരിത്രപശ്ചാത്തലം വെച്ചുകൊണ്ടാണ് ഇന്ത്യയിലെ സ്റ്റെല്ലാർ മാപ്പുകളെയും ഭൂപടങ്ങളേയും ആസ്ട്രോണമിയേയും ഞാൻ പഠനവിധേയമാക്കുന്നത്.

ആന്ധ്രശിലാലിഖിതങ്ങൾ:- ശതവാഹന,വാകാടക,നാഗവംശരാജാക്കന്മാരുടെ ശാഖകളാണ് പല്ലവ,ഇക്ഷ്വാക,ആഭീര,വനവാസി(കാടവ)രാജവംശശാഖകളായി പില്ക്കാലത്ത് വേർപിരിഞ്ഞ് അറിയപ്പെട്ടത്.ഇവരുടെ പരസ്പരബന്ധം കാണിക്കുന്ന ആന്ധ്രയിലെ ശിലാലിഖിതങ്ങളിൽ ചിലത് താഴെ പരാമർശിക്കുന്നു. ഇതിൽ പറയുന്ന ബാലശ്രീ പ്രസിദ്ധമായ നാസിക് ലിഖിത്തിൽ പറയുന്ന ശതവാഹന രാജ്ഞി ബാലശ്രീയാണ് എന്നത് ശ്രദ്ധിക്കുക.

സമരശിരസി ജിതരിപുസഗസനാഗവരഖധാ ഗഗനതലം അഭിവിഗാധസ കുലവിപുലശിരികസ ശിരിശാതകണ്ണിസ മാതുലാ മഹാദേവിയാ ഗോതമീയാ ബാലശിരിയാ സചവചന ദാന-ഖമാഹിസാനിരതായ പെദമനിയമോപവാസ തല്പരായ രാജഋഷിവധുസദ്ധംഅഖിലം അനുവിധീയമാനായ കാരീതദേയ ദമ... മഹാധികംലേത.(എസ്.ശങ്കരനാരായണൻ പേജ് 260.)എന്നാണ് നാസിക്കിലെ ലിഖിതം.വാസിഷ്ഠിപുത്രശ്രീശതമൂലയുടെ പേരക്കുട്ടി, മഹാരാജാ വനവാസകന്റെ പത്നി,ഇക്ഷ്വാകുരാജാവ് ശ്രീ എഴുവുല ശാന്തമൂലയുടെ സഹോദരി ,ശ്രീശതകർണ്ണിയുടെ അമ്മ മഹാദേവി കൊൾദ(കോലോദ- കോലത്തിരിവംശമാകാം)ഗൌതമി ബാലശ്രീ എന്നാണ് നാസിക്കി ലെ ലിഖിതവും ആന്ധ്രലിഖിതവും ചേർത്തു വായിച്ചാൽകിട്ടുക. ഇതിലെ എഴുവുല (എഴുമൂല) എന്നത് ഏഴുമല, സപ്തഗിരി, ഏലമല, എലിമലഏഴിമല എന്നെല്ലാം വായിക്കാവുന്ന പദമാണ്.പുരുഷദത്തന്റെ കുടുംബത്തിലെ നാഗകന്യകക്ക് വല്ലഭനിലുണ്ടായ ഭവനന്ദിമാരുടെ വാകാടകശാഖയും ശ്രദ്ധേയമാണ്. കേരളത്തിലുള്ളവർക്ക് ഈ ബന്ധം പ്രത്യേകിച്ചും നമ്മുടെ ചരിത്രത്തിന്റെ വിട്ടുപോയ കണ്ണികളെ കൂട്ടിയിണക്കലാണ്.എഡി രണ്ടാംനൂറ്റാണ്ടു മുതൽ ആറാംനൂറ്റാണ്ടുവരെയുള്ള ചില ആന്ധ്രരാജകീയശാസനങ്ങളാണ് താഴെ കാണുന്നത്.

ആന്ധ്രശാസനങ്ങൾ:-

1. ഗുണ്ടർവെൽപുരുളുണില് ആയിര (ആയ് ര)മനസദന്റെ ലിഖിതം ഭാഷ പ്രാകൃതം, രണ്ടാംനൂറ്റാണ്ടിന്റെ ഒന്നാംപകുതി ഭൃതഗ്രാഹകന് മണ്ഡപദാനം. മഹാ രാജ ഹാരിതിപുത്രമനസദന്റെ രാജ്ഞി ദാനംചെയ്യുന്നു.(ഹാരിതിപുത്ര വാകാടക വംശനാമം).(EI XXX11. No: 8. 82-7) ആയിര (ആയ് ര)

എന്ന പദംശ്രദ്ധേയം. കലിംഗത്തിലെ ഖരവേലനും ഈ വംശമാണ്.(EI XXX11 :85) വേണാട്ടടികളും ആയ് അഥവാ ആയ് രവംശമാണ്.

2. ആഭീരവാസിഷ്ഠിപുത്രവസുസേനന്റെ 30ആംഭരണവർഷംനാഗാർജ്ജുനക്കൊണ്ടലിഖിതം. സംസ്കൃതം,പ്രാകൃതം. ശ്വേതഗിരിഅഷ്ടഭുജസ്വാമിപ്രതിഷ്ഠ.സഞ്ജയപുരത്തെ യവനരാജന്റെ മഹാദലവരശിവശേപ, ശകരുദ്രദാമ,വനവാസിശതകർണ്ണി ഇവർപ്രതിഷ്ഠ ചെയ്തു.അമാത്യൻതിസ്സ ശർമ്മൻഭര ദ്വാജഗോത്രജൻരചിച്ച് വർദ്ധമാനകനാല് എഴുതപ്പെട്ടു. (വാസിഷ്ഠിപുത്ര ശതകർണ്ണിനാമം)(EI XXX1V.No: 30)
3. ഇക്ഷ്വാകുരാജശിരിവീരപുരുഷദത്തന്റെ രാജ്ഞി മഹാദേവി ബപശിരിനികയുടെനാഗാർജ്ജുനക്കൊണ്ട ആയകത്തൂൺലിഖിതം. പ്രാകൃതം. ശ്രീവീരപുരുഷദത്തന്റെ ആറാംഭരണവർഷം.മഹാചൈതൃത്തിന്റെ തൂണും അടിത്തറയും ബദന്ത(നവകമ്മിക)അനന്തനാണ് ചെയ്തത്. മഹാരാജവാസിഷ്ഠിപുത്രഇക്ഷ്വാകുശിരിചന്തമുളയുടെ സഹോദരി ബുദ്ധന് വേണ്ടി സമർപ്പിച്ചത്. (ശ്രീവീരപുരുഷദത്തൻ ശിശുനാഗവംശത്തില് കാണുന്ന പുരുഷദത്തനാണ്.)(EI XX.No: 1. 19-20 c2)
4. ചാന്തിശിരിയുടെ നാഗാർജ്ജുനക്കൊണ്ട ആയുതലിഖിതം. പ്രാകൃതം. ഇക്ഷ്വാകുരാജാ ശിരിവീരപുരുഷദത്തന്റെ ആറാംഭരണവർഷം. മഹാചൈത്യത്തിന്റെ തൂണുകൾസ്ഥാപിച്ചതും ,ബ്രാഹ്മണർക്കും ശ്രമണർക്കും ദദാനവും. ബുദ്ധന്റെ നാമത്തിൽ മഹാതലവരി(ദലവര്) രാജാ മാതരിപുത്രവീരപുരുഷദത്തന്റെ അമ്മായിയും മഹാസേനാപതി മഹാദലവരകന്തശിരിയുടെ ഭാര്യയുമായ ദേവിയുടെ ദാനം.ഇഹപരസുഖത്തിനായി .EI XX No:1 15-17 c3)
5. ചാന്തിശിരിയുടെ നാഗാർജ്ജുനക്കൊണ്ടലിഖിതം. പ്രാകൃതം. ഇക്ഷ്വാകുരാജാ ശിരിവീരപുരുഷദത്തന്റെ ആറാംഭരണവർഷം. തൂണിൻറെ സ്ഥാപനം. മഹാരാജാ വാസിഷ്ഠിപുത്രചന്തമുള അശ്വമേധയാജിയുടെ പുത്രി 100000 പശുക്കളേയും അത്രയും കലംനിലവും സ്വർണ്ണവും ഇഹപരസുഖത്തിനായി ദാനം ചെയ്തു. (ഗാഗം,ദാനം,ധർമ്മം എന്നിവ ചെയ്യുന്നവരാണ് അന്നത്തെ

രാജവംശജർ.ക്ഷേത്രത്തിലേക്ക് അവരാണ് ദാനം ചെയ്യുന്നത്) (EI XX No:1. 18-b2)

6. മഹാദേവി രുദ്രഭട്ടാരികയുടെ നാഗാർജ്ജുനക്കൊണ്ടലിഖിതം . പ്രാകൃ തം. ഇക്ഷ്വാകുരാജാ ശിരിവീരപുരുഷദത്തന്റെ ആറാംഭരണവർഷം. തൂണുസ്ഥാപനവും 170 ദീനാരി മഷകം ദാനവും(സ്വർണ്ണം). ഉജ്ജയിനിയിലെ മഹാരാജാവിന്റെ പുത്രിയാണ് ദായിക രുദ്രഭട്ടാരികയെന്നു പറഞ്ഞിരിക്കുന്നു. ഇവളെ വിവാഹംകഴിച്ചത് ആന്ധ്രയിലേക്ക്. (ശരഭപുരി ലിഖിതങ്ങളും കാണുക) (EI.XX No: 19-b5)
7. ഉപാസിക ബോധിശ്രീയുടെ നാഗാർജ്ജുനക്കൊണ്ടലിഖിതം. പ്രാകൃതം. ഇക്ഷ്വാകുരാജ മാതരീപുത്രന്റെ 14ആം ഭരണവർഷം. വിവിധരാജ്യ ങ്ങളിലെ ഭിക്ഷുക്കൾക്ക് ഒരു ചൈത്യവും ബോധിവൃക്ഷത്തിന് ഒരു ക്ഷേത്രവും ,തൂണുകളുള്ള മണ്ഡപവും കുളവും പണിതത് തേര നവകമ്മിക. ഇത് ഇക്ഷ്വാകുവംശജനായ ബുദ്ധനെ ബഹുമാനിക്കുന്നതിനാണ്. ബോധിശിരിയുടെ വംശത്തിലെ പല അംഗങ്ങളേയും ലിഖിതം പരാമർശിക്കുന്നു. ബോധിശ്രീ, മാതരീപുത്രനാമങ്ങളും ഇക്ഷ്വാകുവംശബന്ധവും ശ്രദ്ധേയം. (EI XX No: 1 22-3 f)
8. ചാന്തിശിരിയുടെ ലിഖിതം. നാഗാർജ്ജുനക്കൊണ്ടയിലെ ശാലയിലെ പകുതിതൂണിൽ കാണുന്നത്. പ്രാകൃതം. ശിരിവീരപുരുഷിദത്തന്റെ 18ആം ഭരണവർഷം. അപരമഹാവിനശേലിയന്മാരുടെ ആചാര്യന്മാർക്ക് തൂണുകളോടുകൂടിയ ശാല ദാനം. ഒരുകഷ്ണമേയുള്ളൂ. ആരുദാനം ചെയ്തെന്ന് കാണുന്നില്ല.(EI XX1. No:8. 64-5 m 1-19)
9. ചാന്തിശിരിയുടെ നാഗാർജ്ജുനക്കൊണ്ടലിഖിതം. പ്രാകൃതം. ശിരിവീരപുരുഷിദത്തന്റെ 18ആം ഭരണവർഷം. ചൈത്യനിർമ്മാണം ,ചുറ്റമതില്, മഹാചൈത്യക്കീഴിൽത്തന്നെ എല്ലാം കിട്ടാനുള്ള സൌകര്യം. ഓർമ്മക്കായി(സ്മാരകം)തൂണ്). മഹാരാജശിരിശന്തമുല അശ്വമേധയാജിയുടെ പുത്രൻ മാതരിപുത്രവീരപുത്രപുരുഷദത്ത. (EI XX No:1 .21-2 e)
10. യശശ്ശരീരനായ വാസിഷ്ഠിപുത്രശിരിശന്തമുലയുടെഓർമ്മക്ക് സഹോദരിമാരും അമ്മമാരും പത്നിമാരും . ഒമ്പതാം സ്തൂപത്തിനടുത്ത തൂണിലെ ലിഖി

തം. പ്രാകൃതം. ശിരിവീര പുരുഷദത്തന്റെ 20ആം വർഷം.(EI XI XX1 No:11 63-5, I)

11. സ്വർണ്ണവും 160000 പശുവും ഭൂമിയും ദാനം ചെയ്ത ഇക്ഷ്വാകു വാസിഷ്ഠിപുത്ര ശിരിശാന്തമൂലഅശ്വമേധയാജിയുടെ പുത്രഭാര്യ മഹാദേവി ഭട്ടിദേവി ശിരി എഴുവുല(ഏഴിമല) ചന്തമുലയുടെ 20ആം ഭരണവർഷം , ബഹുസുതീയആ ചാര്യന്മാർക്ക് വിഹാരം നിർമ്മിച്ച കൊടുത്തു .ബുദ്ധന്റെ ആരാധികയായ മഹാരാജമാതരീപുത്രവീരപുരുഷദത്തന്റെ പത്നി, ശിരിഎഴുവുലചാന്തമുല യുടെ അമ്മ.പ്രാകൃതഭാഷാലിഖിതം. 3 ലിഖിതങ്ങളുണ്ട്. (EI XX No:1. 23-4g; EI XX1 No:11. 61-3.g2. g3.)
12. ഇക്ഷ്വാകുരാജാ ശിരിഎഴുവുല ചാന്തമുലയുടെ സഹോദരി മഹാദേവി കൊൾദബലശിരി നാഗാർജ്ജുനക്കൊണ്ടലിഖിതം. പ്രാകൃതം. ഇക്ഷ്വാകു രാജാ എഴുവുലശാന്തമുല വനവാസകന്റെ (രാജർഷി,വല്ലഭ) 11ആം ഭര ണവർഷം.ളുണം ആശ്രമവും നിർമ്മിച്ചുകൊടുത്തു.വസിഷ്ഠിപുത്രശിരി ശാ ന്തമുലയുടെ പേരമകളും മഹാരാജാ വനവാസകന്റെ പത്നിയും ബുദ്ധനെ ആരാധിക്കുന്നു.അത് അവരുടെ ഇക്ഷ്വാകുവംശത്തിലെ പൂർവ്വികനാക യാലാണ് എന്ന് വ്യക്തം. ശതവാഹനപുലുമാവിയുടെ നാസിക് ലിഖിത ത്തിലെ (EI .V11. 61-4)ഗൌതമി ബാലശ്രീ ,ശ്രീശതകർണ്ണിയുടെ അമ്മയും രാജർഷിവധുവുമാണ്.EI XX No:1. 24-5.h)
13. ഗുണ്ടൂർജില്ല ഗോരന്തലയിലെ അത്തിവർമ്മന്റെ താമ്രലിഖിതം. സംസ്കൃതവും പ്രാകൃതവും .എഡി നാലാം നൂറ്റാണ്ട്. കശ്യപ ഗോത്രത്തിലെ ബ്രാഹ്മ ണൻ കോടിശർമ്മന് 800 പട്ടി ഭൂമി കൃഷ്ണബെണ്ണ നദീതീരത്തും അന്തുക്കറ ഗ്രാമത്തിലുമായി തൺലിക്കോൺലയില് ദാനം ചെയ്യുന്നു. ദാതാവായ അത്തിവർമ്മന് (ഹസ്തിവർമ്മൻ) കന്തര നൃപതികുല(ഗന്ധർവ്വ) സമുദ്ഭൃ തനാണ്. ഗന്ധർവ്വരാജവംശം കൊല്ലങ്കോട്, തലപ്പള്ളി, കർണ്ണാടകരാജ വംശങ്ങൾ ഉൾപ്പെട്ട കോലത്തിരിവംശം തന്നെയാണ്. (Indian Antiquary 1X : 102 ff;Sircar 1939:55-61)
14. ഗുണ്ടൂർ മട്ടേപ്പാട്ടില് (മഠപ്പാട്ടിലെ) ദാമോദരവർമ്മന്റെ താമ്രലിഖിതം. സം സ്കൃതവും പ്രാകൃതവും. എഡി നാലാം നൂറ്റാണ്ട്. കംഗുരഗ്രാമം ബ്രാഹ്മണർക്ക്

ദാനം ചെയ്യുന്നു. കന്തരപുരത്തെ(ഗന്ധർവ്വപുരം) വിജയ സ്ഥാനത്തുനിന്ന് (വൈജയന്തി)ആണ് ദാനം ചെയ്യുന്നത്. അനന്തഗോത്രം,സമൃഗ്സംബു ദ്ധ, എന്ന് വിശേഷണം. ഗോസഹസ്രഹിരണ്യഗർഭദാനമാണ് ചെയ്തത്. (ചന്ദ്രഗുപ്തമൌര്യന്റെ പത്നി അനന്തദേവിയുടെ വംശമാണ് അനന്ത വം ശം.ഇത് പുരാതനനാഗവംശമാണ്) (EI XV11. No:18. 327-30)

15. ചേമ്പർല. ഗുണ്ടൂർജില്ല. സംസ്കൃതം. അനന്തഗോത്രത്തിലെ കന്തരരാ ജാവിന്റെ മകൾ ബ്രാഹ്മണർക്ക് ദാനം ചെയ്യുന്ന രേഖ. (Sircar 1939. 56-7)
16. വിഷ്ണുകുണ്ഡിൻ ഗോവിന്ദവർമ്മന് 1 . തുമ്മലഗുഡം ജില്ല.നൽഗൊണ്ട താമ്രലിഖിതം. സംസ്കൃതം.അഞ്ചാം നൂറ്റാണ്ട്. ഇന്ദ്രപുരത്തിലെ രാജ്ഞി യുടെ ബുദ്ധസംഘത്തിന് 2 ഗ്രാമം ദാനം ചെയ്തു. രാജാവിന്റെ വിശേ ഷണങ്ങൾ- മാധവവർമ്മന്റെ പുത്രനും വേദജ്ഞനും സമൃക്സംബുദ്ധനും ദാനശീലനും എല്ലാ മതങ്ങളേയും പോഷിപ്പിക്കുന്നവനും (Epigraphica Andhrika ll. 9-13).
17. വിഷ്ണുകുണ്ഡിൻ വിക്രമേന്ദ്രവർമ്മന് 2. തുമ്മലഗുഡം 2.നൽഗൊണ്ട പ്ലേറ്റ്. ആറാം നൂറ്റാണ്ട്. സംസ്കൃതം. ഇന്ദ്രപുരരാജ്ഞിയുടെ ബുദ്ധസംഘത്തിന് ഒരു ഗ്രാമം ദാനം ചെയ്തു. സത്യശ്രായപുത്രൻ വിക്രമേന്ദ്രവർമ്മന് യജ്ഞക ർത്താവായ മാധവവർമ്മന്റെ വംശമാണെന്ന് എടുത്തു പറയുന്നു. (EA 11: 15-17)
18. വിഷ്ണുകുണ്ഡിന് മാധവവർമ്മന് 2. വേൽവുരു(ഗുണ്ടൂർ) മാർബിൾശിലാശാ സനം. അഞ്ചാംനൂറ്റാണ്ട്. സംസ്കൃതം. ഗണേശപ്രതിഷ്ഠയും ആരാ ധനയും കഴിപ്പിച്ച രേഖ. വേൽപുരദേശത്തെ വിജയസ്ഥാനത്ത് .വിഷ്ണു കുണ്ഡഗോത്ര ത്തിലെ രാജവംശസ്ഥാപകനായ ഗോവിന്ദവർമ്മന്റെ പുത്രനായ അദ്ദേഹം ശ്രീപർവ്വതപ്രഭുവെ ധ്യാനിച്ചുകൊണ്ടാണ് ദാനം ചെയ്തത്.EI XXXV11. No:21. 128-9)
19. വിഷ്ണുകുണ്ഡിൻ മാധവവർമ്മന് 2. ഇപ്പൂർ(ഗുണ്ടൂർ)താമ്രലിഖിതം.സംസ്കൃതഗദ്യം.അഞ്ചാംനൂറ്റാണ്ട്.ഗ്രാമദാനം.മാ ധവവർമ്മന്റെ (ഒന്നാമൻ)പൌത്രനും യജ്ഞകർത്താവും ത്രികൂടത്തിന്റെ യും മലയത്തിന്റേയും(ലങ്കയും കേരളവും ഉൾപ്പെട്ട ദക്ഷിണാ പഥം) രാജാവും

ശിവപർവ്വതസ്വാമിഭക്തനുമായ മാധവവർമ്മന് 2 അമരപുരത്തുനിന്നാണ് (അമരാവതി) ദാനം ചെയ്യുന്നത്. (EI XV11.No: 20. 237-9)

20. വിഷ്ണുകുണ്ഡിന് മാധവവർമ്മന് 2 .ഖനപുരം സതാരജില്ല താമ്രലിഖിതം. സംസ്കൃതഗദ്യം.ആറാം നൂറ്റാണ്ട്. കൃഷ്ണവെണ്ണതീരദേശത്തെ രെട്ടുരകഗ്രാമം രണ്ടു ബ്രാഹ്മണർക്ക് 3 തീർത്ഥങ്ങളോടും 3 വാടികകളോടും കൂടി ദാനം ചെയ്തു. വൈശാഖത്തിലെ മഹാവൈശാഖിപൂർണ്ണിമനാളില് യജ്ഞകർത്താവും ഇന്ദ്രസദൃശനും ചതുർവ്വർണ്ണാശ്രമധർമ്മപാലകനുമായ മഹാരാജാവ് എന്ന് ദാനദിവസവും മഹാരാജാവിന്റെ വിശേഷണവും. (EI XXV11.No: 49. 312-18)

21. വിഷ്ണുകുണ്ഡിൻ മാധവവർമ്മന് 3. ഇപ്പൂർ(ഗുണ്ടൂർ)താമ്രലിഖിതം. സംസ്കൃതഗദ്യം ആറാംനൂറ്റാണ്ട്. അഗ്നിശർമ്മനെന്ന ബ്രാഹ്മണന് ഗുഡ്ഡഡിവിഷയത്തിലെ വിലെംബലിഗ്രാമം ദാനം ചെയ്തു. ഗോവിന്ദവർമ്മ പുത്രന് മഹാരാജാമാധവവർമ്മന് ശിവപർവ്വതസ്വാമിഭക്തന്റെ വിജയസ്ഥാനത്ത് .ദാനം നിർവ്വഹിക്കുന്നത് അദ്ദേഹത്തിന്റെ പുത്രനാണ്. (EI XV11, No: 20. 234-7)

22. വിഷ്ണുകുണ്ഡിൻ ഇന്ദ്രവർമ്മന് വിശാഖപട്ടണംജില്ല രാമതീർത്ഥം താമ്രലിഖിതം.സംസ്കൃതഗദ്യം. 4 ശ്ലോകവുമുണ്ട്. (മനു,വ്യാസനെന്നിവരുടെ).ആറാംനൂറ്റാണ്ട്. മന്ദിരഗോത്രബ്രാഹ്മണൻനഗശർമ്മന് പ്ലക്കിരാഷ്ട്രത്തിലെ പെരുവടകഗ്രാമം ദാനം. പുരണിസംഗമത്തിലെ പടകുടീരത്തിൽവെച്ച്,മഹാരാജാവിന്റെ അനുശാസനപ്രകാരം മഹാരാജാ മാധവവർമ്മന്റെ പേരക്കുട്ടിയും മഹാരാജാ വിക്രമേന്ദ്രന്റെ പുത്രനുമായ യജ്ഞകർത്താവ് ഇന്ദ്രവർമ്മനെന്ന് വിശേഷണം. (EI XV1No:17. 133-6)

23. വിഷ്ണുകുണ്ഡിൻ വിക്രമേന്ദ്രവർമ്മന് 1 കാലം. ചിക്കുല്ല ഗോദാവരി ജില്ല. സംസ്കൃതവും പ്രാകൃതവും .ആറാംനൂറ്റാണ്ട്. ശിവക്ഷേത്രത്തിന് കൃഷ്ണബെണ്ണതീരത്ത് രെഗോണഗ്രാമദാനം. ലെൻഡുലൂറ വിജയസ്ഥാനത്ത് വിക്രമേന്ദ്രപുത്രന് മഹാരാജാ മാധവവർമ്മന്റെ പൌത്രന്റെ പുത്രനാണ് ദാനം ചെയ്യുന്നത്. (EI 1VNo:25. 193-8)

24. കിഴക്കൻഗോദാവരിയിലെ തുണ്ടി.വിഷ്ണുകുണ്ഡിൻ വിക്രമേന്ദ്രവർമ്മന് 2. ലിഖിതങ്ങൾ. സംസ്കൃതം. 616-31എഡി. ആപസ്തംഭസൂത്രം പഠിക്കുന്ന കൌണ്ഡിന്യഗോത്രത്തിലെ ശ്രുമിശർമ്മണർക്കാണ് തുണ്ടിഗ്രാമദാനം. മുത്തച്ഛന്റെ അച്ഛന്ചെയ്ത ബ്രാഹ്മണദാനങ്ങളും യജ്ഞങ്ങളും ലിഖിതത്തിൽ സ്മരിക്കുന്നു.(EI .XXXV1. 1-18)

25. വിഷ്ണുകുണ്ഡിൻ മാധവവർമ്മന്റെ പൊലമുരു(കിഴക്കൻഗോദാവരി) ലിഖിതങ്ങൾ,സംസ്കൃതം ഏഴാംനൂറ്റാണ്ട്. ചതുർവ്വേദികളായ ഗൌതമ ഗോത്രത്തിലെ ശിവശർമ്മന് പുലോംബുരുഗ്രാമദാനം.ശുക്രന്റെ വിവേകവും വിഷ്ണുവിന്റെ ശക്തിയും ചേർന്ന് ഭൂമി കീഴടക്കിയവനും യജ്ഞങ്ങളനുഷ്ഠിച്ചവനുമാണ് ദാതാവ്. (J.of Andhra Historical Research society 6(1931). 19-21)

26. മഞ്ചിക്കല്ല്(ഗുണ്ടൂർ)സ്തൂപലിഖിതം. പല്ലവസിംഹവർമ്മന്.പ്രാകൃതം മൂന്നാംനൂറ്റാണ്ടിന്റെ അവസാനം.ജീവശിവസ്വാമിക്ഷേത്രത്തിലെ തീർത്ഥികർക്ക് കമ്പിളികളും പരവതാനികളും ദാനം. ഭരദ്വാജഗോത്രത്തിലുള്ളവനും ശാന്തിയും സ്വസ്ത്യയനവും കഴിഞ്ഞവനുമാണ് ദാതാവ്. (EI. XXX11. No:8. 87-90)കമ്പിളിപരവതാനി എന്ന് ഇംഗ്ലീഷുപരിഭാഷ. യഥാർത്ഥത്തില് കുർത്തക എന്നാണ് ഉപയോഗിച്ച പദം. പാലിയിൽ കുട്ടകം അഥവാ കുർത്തകമെന്നാല് പരവതാനി എന്നു പറഞ്ഞാണ് ഈ തർജ്ജമ. തമിഴിൽ കുട്ടകം വെള്ളംനിറക്കുന്ന വലിയ ചെമ്പുപാത്രമാണ്. കുട്ടുവനാണ് ആ താമ്ര(ചെമ്പ)പരണി(പർണ്ണി)ക്ക് അധീശൻ. കുരുത്തകം, കരൂഷകം അഥവാ കാരൂഷകം കുട്ടുവന്റെ കുട്ടകമാണ്,താമ്രപരണിയാണ്. മൂഷകവംശം കാന്താരക(കന്തിരവ)കാരൂഷകനൃപരാണ്.

27. പല്ലവശിവസ്കന്ദവർമ്മൻ. മയിദവൊലു(കൃഷ്ണജില്ല)താമ്രലിഖിതം. പ്രാകൃതം.നാലാംനൂറ്റാണ്ട്. അഗ്നിവേശ്യഗോത്രത്തിലെ രണ്ടുബ്രാഹ്മണർക്ക് ആന്ധ്രപഥത്തിലെ വിരിപ്പറഗ്രാമം ബ്രഹ്മദേയം.രാജാവ് ഭരദ്വാജഗോത്രം. ദന്നക്കടയിലെ വ്യാപൃതർക്കാണ്,കാഞ്ചീപുരത്തുനിന്ന് ഈ ദാനം കൊടുത്തത്.(EI. V1.No:8. 84-9)

28. പല്ലവശിവസ്കന്ദന്റെ ഹിരഹദഹെ് ലി(ബെല്ലാരി) താമ്രലിഖിതം. പ്രാകൃതം. നാലാം നൂറ്റാണ്ട്. അപിത്തിയിലെ വാസികൾക്കും ഭോജകർക്കും ബ്രാഹ്മണർക്കുമായി ചില്ലരേകക്കൊടുങ്കവാടി ദാനം. ഭരദ്വാജഗോത്രം, അഗ്നിഷ്ടോമം,വാജപേയം,അശ്വമേധമെന്നിവ ചെയ്തവന് എന്ന് രാജവിശേഷണം.കാഞ്ചീപുരത്തുവെച്ചാണ് ദാനം. രഹസധികത ഭട്ടിശർമ്മൻ, കോളിവലത്തെ ഭോജകനാണ് എഴുതിയത്. (EI. V1. No:1.2-10)

29. പല്ലവവിജയബുദ്ധവർമ്മന് 3ആമന്റെ രാജ്ഞി .ഗുണപാദേയം ഗുണ്ടൂർജില്ല. പ്രാകൃതവും സംസ്കൃതവും .വിജയസ്കന്ധവർമ്മന്റെ ഭരണകാലം. രാജാവിന്റെ ചിറക്കുതാഴെയുള്ള വയൽ ദാലൂരവിഷ്ണു ക്ഷേത്രത്തിനാണ് ദാനം ചെയ്തത്. ഭരദ്വാജഗോത്രം,കാടകവംശം. രോഹിണീഗുപ്തൻ ആജ്ഞാപ്തി. (EI .V111. No:12. 143-6).ആജ്ഞാപ്തി എന്നാൽ അഞ്ചു അമാത്യന്മാരുടെ സഭയാണ്. പത്താംനൂറ്റാണ്ടിലെ കിഴക്കൻചാലൂക്യരേഖകളിൽ കാടകരാജാവ് (കടകരാജാ)ഒരു സൈന്യശിബിരത്തിന്റെ തലവനാണ്.

30. ഒങ്കൊടു1. (ഗുണ്ടൂർജില്ല) പല്ലവവിജയസ്കന്ദവർമ്മന് 3.താമ്രലിഖിതം. സംസ്കൃതം.അഞ്ചാംനൂറ്റാണ്ട്. കശ്യപഗോത്രത്തിലെ ഗോളശർമ്മന് ബ്രഹ്മദേയഗ്രാമം 18 വ്യവസ്ഥകളോടെ വിട്ടുകൊടുക്കുന്നു. ഭരദ്വാജ ഗോത്രം അശ്വമേധയാജി കുമാരവിഷ്ണുവിന്റെ പൌത്രന്റെ പുത്രന് താമ്രപ(ർണ്ണി) സ്ഥാനത്തെ വിജയത്തിൽ കർമ്മരാഷ്ട്രത്തിലെ അധികൃതർക്കും അയുക്തർക്കുമായി കൊടുക്കുന്നത്. (EI XV No:11. 246-52.; Mahalingam 1988: No:5. 42-4)

31. ഒങ്കൊടു2 .പല്ലവസിംഹവർമ്മന് 2 ഗുണ്ടൂര് താമ്രലിഖിതം. അഞ്ചാം നൂറ്റാണ്ടിലെ ദാനത്തിന്റെ പ്രതി വീണ്ടും പുതുക്കികൊടുത്തത്. കശ്യപഗോത്രത്തിലെ ശാസ്ത്രജ്ഞനായ ദേവശർമ്മന് കർമ്മരാഷ്ട്രത്തിലെ ഗ്രാമദാനം. വിജയപടകുടീരത്തിൽവെച്ചാണ് ദാനം. ഭരദ്വാജഗോത്രത്തിലെ ധർമ്മമഹാരാജാ എന്ന് പല്ലവവംശത്തെ പറയുന്നു.മഹാരാജാവിന്റെ ശാസനത്താലാണ് പുതുക്കിഎഴുതുന്നത്. (EI XV. Appendix No:11 .252-5.; Mahalingam1988; No:12. 67-70) ധർമ്മരാജാ,ധർമ്മമഹാരാജാ മുതലായവ കേരളത്തിലെ രാജവംശങ്ങളുടെ വിശേഷണനാമങ്ങളാണ്. സത്യപ്രതിജ്ഞ, ധർമ്മം,

ഈശ്വരവിശ്വാസം,ബ്രഹ്മദേയം,യജ്ഞം,സർവ്വശാസ്ത്രാർത്ഥനിർണ്ണയജ്ഞാനം ഇവയാമ് രാജാക്കന്മാരിൽ കീർത്തിക്കപ്പെട്ടിരുന്നത്.

32. പല്ലവധർമ്മയുവമഹാരാജാ വിഷ്ണുഗോപവർമ്മന് ഉറുവുപള്ളി താമ്രലിഖിതം. സംസ്കൃതം.മഹാരാജാ സിംഹവർമ്മന് 1ന്റെ 11ആം ഭരണവർഷം. (447 എഡി).കുണ്ടൂക്കുറയിലെ സേനാപതി വിഷ്ണുവർമ്മന്റെ വിഷ്ണുക്ഷേത്രത്തിന് ദേവഭോഗമായി ഉറുവുപ്പള്ളിഗ്രാമത്തിലെ 200 നിവർത്തനം ഭൂമി ദാനം.പാലക്കാ(ട്ടെ)രാജസ്ഥാനത്തുവെച്ച് നൽകിയത്. പല്ലവവംശം . ഭഗവദ് വിഷ്ണുവിന് നമസ്കാരപൂർവ്വം(EI V11 appendix 619-107.; Mahalingam1988:45-8)5-7 നൂറ്റാണ്ടുകളിൽ സംസ്കൃതത്തിലും അതിനുശേഷം തമിഴിലുമാണ് പല്ലവലിഖിതങ്ങൾ. പല്ലവരുടെ മിലിട്ടറിക്യാമ്പുകളിലൊന്നായിരുന്നു അവരുടെ 3 തലസ്ഥാനങ്ങളിലൊന്നായ പാലക്കാട്. പാലക്കാട്ട് അധിഷ്ഠാനത്തിൽവെച്ച് (447-448 എഡി ,അഞ്ചാം നൂറ്റാണ്ട്)ദാനംചെയ്ത 3 ശാസനങ്ങളില് രണ്ടെണ്ണം വിഷ്ണുഗോപവർമ്മന് യുവരാജാവിന്റെ ദാനമാണ് പറയുന്നത്.(സിംഹവർമ്മൻ രണ്ടാമന്റെ പുത്രൻ) ഇതിലൊന്ന് വിജയാഘോഷവേളയിൽ സേനാപതി വിഷ്ണുവര്മ്മന് യുവരാജാവ് കൊടുക്കുന്നതാണ്. മൂന്നാംശാസനകാലത്ത് വിഷ്ണുഗോപവർമ്മന് യുവരാജാവല്ല,ധർമ്മമഹാരാജാവാണ്. അത് ചുരത്തിൽവെച്ച് നൈയായിക,സഞ്ചാരി,രാജവല്ലഭന്മാർക്കായി പുറപ്പെടുവിച്ച ശാസനമാണ്. രാജവ ല്ലഭനാമം മൂഷകവംശത്തിലെ വല്ലഭവംശത്തെ സൂചിപ്പിക്കുന്നു.

33. പല്ലവവിഷ്ണുഗോപവർമ്മപുത്രന്.നെടുങ്കരയതാമ്രലിഖിതം.സംസ്കൃതം.ധർമ്മമഹാരാജൻസിംഹവർമ്മൻരണ്ടാമന്റെ 12ആം ഭരണവർഷം. മുണ്ടരാഷ്ട്രത്തിലെ നെടുങ്കരയഗ്രാമദാനം. പാലക്കാട്ടുരാജസ്ഥാനത്തുവെച്ച് നല്കിയത്. വ്ഷ്ണുനമസ്കാരപൂർവ്വം. അയുക്ത,നൈയോഗിക, രാജവല്ലഭ,ചഞ്ചരർക്കാണ് ശാസനം.(Mahalingam1988:No:7. 49-52)

34. പല്ലവപരമഭാഗവതഅശ്വമേധയാജി സിംഹവർമ്മൻ2. വേസന്തതാമ്രലിഖിതം. സംസ്കൃതം.5ആം നൂറ്റാണ്ട്. മട്ടുഗള്ളിതടാകത്തിലെ വിജയസ്ഥാനത്തുവെച്ച്. ഗൌതമഗോത്രത്തിലെ ജ്യേഷ്ഠശർമ്മന് ആപസ്തംഭസൂത്രത്തിനായി വേസിന്തഗ്രാമം 18 ഉപാധികളോടെ ബ്രഹ്മദേയം. മഹാമാത്ര, അദ്ധ്യക്ഷ,രാജപുരുഷർക്കും ചഞ്ചരർക്കുമാണ് ശാസനം. രഹസ്യാധിപൻ കലിബാട്ടണനാണ് എഴുതിയത്.(Mahalingam 1988: No:8. 52-4)

35. ധർമ്മമഹാരാജാപല്ലവസിംഹവർമ്മന് 2 ശക്രേപട്ടണം താമ്രലിഖിതം. സംസ്കൃതം അഞ്ചാംനൂറ്റാണ്ട്. സേന്ദ്രകരാഷ്ട്രത്തിലെ വൾവില്ലി അഗ്രഹാരഗ്രാമം ആ അഗ്രഹാരത്തിലെ ബ്രാഹ്മണർക്കും ദാനം നൽകി. നൈയോഗിക,വല്ലഭ,വൈഷയികർക്ക് ശാസനം.. രാജാവിന്റെ വംശവൃക്ഷത്തിലെ പിതാവായ സ്കന്ധവർമ്മനെ അഞ്ചാംലോകപാലകനെന്ന് വിശേഷിപ്പിച്ചിരി ക്കുന്നു. (Mahalingam 1988:No:9 55-7)

36. പരമഭാഗവതധർമ്മമഹാരാജാ പല്ലവനന്ദിവർമ്മന് 1. ഉർയേന്തിരം താമ്രലിഖിതം. അഞ്ചാം നൂറ്റാണ്ട്. സംസ്കൃതം,തമിഴ് ഭാഷ്യത്തോടെ. (സഭകൾ കൊടുത്ത ഭാഷ്യം) പരകേസരിവർമ്മന്റെ കാലത്ത് ദാനം. കഞ്ചിവയലും 4 ഖണ്ഡംവനഭൂമിയും ബ്രഹ്മദേയമായി കൌശികഗോത്രത്തിലെ കുലശർമ്മന്. രാജാവ് ഭരദ്വാജഗോത്രമെന്ന് പറഞ്ഞിട്ടുണ്ട്. കാഞ്ചിയിൽവെച്ചാണ് ദാനം. (Mahalingam 1988:No:10. 58-61)

37. പല്ലവരാജകുമാരവിഷ്ണു 2. ചെണ്ടല്ലൂർ(നെല്ലൂർജില്ല) താമ്രലിഖിതം. സംസ്കൃതം ആറാംനൂറ്റാണ്ട്. രണ്ടാംകുമാരവിഷ്ണുവിന്റെ രണ്ടാംഭരണവർഷം.കമ്മാനകരാഷ്ട്രത്തിലെ ചെണ്ടലൂരഗ്രാമം കൌണ്ഡിന്യഗോത്രത്തിലെ ഭവസ്കന്ദത്രാതനെന്ന ബ്രാഹ്മണന്. പല്ലവ,കാഞ്ചിഭരദ്വാജ അശ്വമേധയാജിയായരാജാവ് വിഷ്ണുനാമത്തിലാണ് നൈയോഗികർക്കും ആശ്രിതർക്കു മായി ഈ ബ്രഹ്മദേയം ചെയ്യുന്നത്. EI V111. No:23. 233-6)

38. പല്ലവമഹാരാജാ സിംഹവർമ്മന് 2. പിക്കിര താമ്രലിഖിതം. സംസ്കൃതം 5ആം ഭരണവർഷ്ം . മുണ്ടരാഷ്ട്രബ്രാഹ്മണനും കശ്യപഗോത്രക്കാരനുമായ വിലാസശർമ്മന് പിക്കിരഗ്രാമം ദാനം. മേൽമധുരരാജസ്ഥാനത്തുവെച്ച് നൽകുന്നു. ഭരദ്വാജ,അശ്വമേധയാജി,പല്ലവവംശം,ഇവ രാജവിശേഷണങ്ങളാണ്. വിഷ്ണുനാമത്തിൽ, സർവ്വാദ്ധ്യക്ഷ,വല്ലഭന്മാർക്ക് ദാനം. ശാസനസഞ്ചാരികളോടാണ്.(EI 15. 159-63.; Mahalingam 1988.No:13. 71-3)

39. മംഗളൂരുതാമ്രലിഖിതം. പല്ലവധർമ്മമഹാരാജാ സിംഹവർമ്മൻ. സംസ്കൃതം.5ആംനൂറ്റാണ്ട്. വെങ്കോരാഷ്ട്രത്തിലെ മംഗളൂർഗ്രാമം ബ്രാഹ്മണർക്ക് കൊടുത്തു. ദശനപുരത്തിൽവെച്ച് ദാനം. അദ്ധ്യക്ഷന്മാർ, വല്ലഭന്മാർഇവർക്കുള്ള ദാനം.ശാസന സഞ്ചാരികളോടാണ്. (Mahalingam 1988:No:14. 74-7)

40. വിളവെട്ടി താമ്രലിഖിതം. ഭരദ്വാജഗോത്രത്തിലെ പല്ലവമഹാരാജാ സിംഹവർമ്മൻ. സംസ്കൃതം.5ആംനൂറ്റാണ്ട്. മുണ്ടരാഷ്ട്രത്തിലെ വിളവെട്ടി ഗ്രാമം ഗൌതമഗോത്രത്തിലെ വിഷ്ണുശർമ്മന് ദാനം. വിജയപട്ടക്കാര

അധിഷ്ഠാനത്തിൽവെച്ച്. അദ്ധ്യക്ഷരോട്ടം സഞ്ചരരോട്ടം ശാസനം. രഹസ്യാധികൃത അച്യുതന് എഴുതി. (Mahalingam No:15 . 78-81)

41. ചുരതാമ്രലിഖിതം. ഭരദ്വാജഗോത്രം ധർമ്മമഹാരാജാ വിഷ്ണഗോപവർമ്മൻ. സംസ്കൃതം.5ആംനൂറ്റാണ്ട്.കശ്യപഗോത്രത്തിലെ ശേഷവിശർമ്മന് 108 നിവർത്തനം ഭൂമി,വീട്,ഉദ്യാനം. പാലക്കാട് അധിഷ്ഠാനത്തിൽവെച്ച് .നൈയായികർ,സഞ്ചരന്തര്,രാജവല്ലഭരെന്നിവരുടെ മുമ്പിൽവെച്ച്. (Mahalingam 1988:No:16. 82-5)

42. ചന്ദ്രവല്ലി-ചിത്തൽദുർഗ്ഗ് ശിലാലിഖിതം. കദംബമയൂരവർമ്മൻ. പ്രാകൃതം.നാലാംനൂറ്റാണ്ട്. തടാകം കുഴിപ്പിച്ചത്. ത്രൈകൂടക,പല്ലവ,പരിയാത്രക, ശക്ക,സേന്ദ്രക,മൌക്കാരികളുടെ മേൽവിജയം നേടി.(Circar 1965/ 1993 473-4)

43. തലഗുണ്ട(ഷിമോഗജില്ല) സ്തൂപലിഖിതം. കദംബശാന്തിവർമ്മൻ. സ്തൂപം അഷ്ടകോണമാണ്. സംസ്കൃതലിഖിതമാണ്.പിതാവ് കാകുത്സവർമ്മനാമത്തി ൽ തടാകം കുഴിപ്പിച്ചത്. ബ്രാഹ്മണവംശം,കാഞ്ചി ഘടികയിലാണ് വിദ്യ അഭ്യസിച്ചത് എന്ന് രാജാവിനെക്കുറിച്ച് പ്രശസ്തി എഴുതിയിരിക്കുന്നു.എഴുതിയത് കുബ്ജൻ. ശിവനമസ്കാരത്തോടെ ലിഖിതം തുടങ്ങുന്നു. (EI V11 No:.

44. ഹൽമിഡിലിഖിതം. കാകുത്സവർമ്മൻ. (430-50) മയൂരശർമ്മന്റെ പൌത്രന്റെ പുത്രനാണ്. കന്നടത്തിലാണ് ലിഖിതം. കേകയപല്ലവരോട് യുദ്ധംചെയ്ത ബിജ(വിജ്ജ) അരശർക്ക് 2 ഗ്രാമം ദാനം ചെയ്യുന്നു. പശുപതി നമസ്കാരത്തോടെ ലിഖിതം ആരംഭിക്കുന്നു.(Ramesh 1970:5. 24-36) 29)

ഇക്ഷ്വാക,ശതകർണ്ണി,അനന്ത(നാഗ) വംശം,കന്തരവനൃപ,പല്ലവഭരദ്വാജ ഗോത്രക്കാരുടെ ശാഖകളാണ് 1 മുതല് 5 നൂറ്റാണ്ടുവരെ തുടർച്ചയായി ഭരിക്കുന്നത്. ആന്ധ്രശതകർണ്ണി, വേണാട്കന്തരവ, ഭരദ്വാജഅനന്തശാഖ,പല്ലവഭരദ്വാജശാഖ ഇവരെല്ലാം പൂരുവംശത്തിലെ ഭരതൻ ദത്തെടുത്ത വിതഥനെന്ന ഭരദ്വാജന്റെ പിൻഗാമികളാണ്. ഇവരുടെയെല്ലാം ഭരണരീതി ഒന്നുതന്നെയാണ്. അതായത്,ദക്ഷിണാപഥത്തിലെ കുലസംഘത്തിലുള്ള ഇവരെല്ലാം ഒരേ രീതി പിന്തുടരുന്ന ഒരേ ഗോത്രക്കാരാണ്. കാടവ അഥവാ കാടക,വനവാസിരാജാവിന്റെ പതിയാണ് ഇക്ഷ്വാകുരാ

ജാവായ ശ്രീഎഴുമല(ഏഴുമല) ശാന്തമുലയുടെ സഹോദരിയും വാസിഷ്ഠി പുത്രിശ്രീശാന്തമുലയുടെ പേരക്കുട്ടിയുമായ രാജ്ഞി. മഹാദേവി രുദ്രഭട്ടാരിക ഉജ്ജയിനിയിലെ മഹാരാജാവിന്റെ പത്നിയും ശ്രീ ശാന്തമുലയുടെ പുത്രിയുമാണ്. വിവാഹംവഴി ദക്ഷിണേന്ത്യയും മദ്ധ്യേന്ത്യയും തമ്മിലുള്ള ബന്ധം മൂഷകവംശകാവ്യത്തിൽ പ്രതിപാദിച്ചപടിതന്നെ ഈ ലിഖിതങ്ങളിലും കാണാം. അതിനാൽ മൂഷകവംശകാവ്യം മിത്തോ കവിഭാവനയോ അല്ല, ചരിത്രമാണെന്ന് കരുതണം.

വാണിജ്യം,കച്ചവടം

അർത്ഥശാസ്ത്രത്തിലെ വാണിജ്യം രാജ്യത്തിലെ പണ്യാദ്ധ്യക്ഷന്മാരുടെ നിയ ന്ത്രണത്തിലാണ്.. അവരാണ് വസ്തുക്കളുടെ വിലനിർണ്ണയിക്കുന്നതും നിയന്ത്രിക്കുന്നതും,കച്ചവടക്കാർക്കും രാജാവിനും പ്രജകൾക്കുമുള്ള നിശ്ചിത വിഹിതം നിർണ്ണയിക്കുന്നതുമെല്ലാം. സാർത്ഥവാഹകര് ഒരിടത്തുകൂടെ കടന്നുപോകുമ്പോൾ അവർക്ക് രക്ഷനൽകുന്നത് അതാതിടത്തെ രാജവല്ലഭന്മാരാണ്. കവാടങ്ങളിൽ ശുല്കം(ചുങ്കം)പിരിക്കുന്ന ശുല്കാദ്ധ്യക്ഷന്മാരുണ്ട്.ആടവികരും വനവാസികളുമായി സമ്പർക്കംപുലർത്തേണ്ടതിന്റേയും നല്ല ബന്ധം സ്ഥാപിക്കേണ്ടതിന്റേയും ആവശ്യകത വഴി അറിയലും വഴിയിലെ സുരക്ഷിതത്വവും വനവിഭവങ്ങളുടെ ശേഖരണവുമാണ്. അവർ സ്വന്തം വനഭൂമികളില് വസിക്കുകയേ.ുള്ളു. വളരെ ധീരരാണ്. ധർമ്മയുദ്ധംമാത്രം ചെയ്യുന്നവരും രാജതുല്യരുമാമ്. ആക്രമിക്കുമ്പോൾ അവര് ശത്രുക്കളെ കൊള്ളയടിക്കയും ചെയ്യും. ആരുടേയും കീഴിലല്ല വലവാസികളും അവരുടെ രാജാവും. അർത്ഥശാസ്ത്രത്തിലെ ഈ വരികളുടെ വെളിച്ചത്തില് വേണം വാനവാസികരാ ജാവ്,കാന്തരിയരാജാവ് ,കാടവരാജാക്കന്മാരായ തലപ്പള്ളി,കൊല്ലങ്കോട് മൈസൂർപോലുള്ള കാടവ,കദംബാദിആദിമജലസമൂഹങ്ങളുടെ സമ്പ്രദായങ്ങളെ കാണേണ്ടത്. തണ്ഡുലനളിജാതകത്തില് ബുദ്ധൻ അഗ്ഗഹാരകനെന്ന ബോധിസത്വനായി കാശിരാജാവിന്റെ കുതിര,ആന,രത്നങ്ങൾ,സ്വർണ്ണം എന്നിവക്ക് വില നിശ്ചയിച്ചിരുന്നു എന്നുപറയുന്നു. അഗ്രഹാരങ്ങളിലെ ബ്രാഹ്മണ,ശമണ, ബൌദ്ധാദികൾ തങ്ങൾക്കുവേണ്ടി ഒന്നും സമ്പാദിക്കാത്ത നിസ്വാർത്ഥികളാകയാലാണ് അവരെ ഇത്തരം കാര്യങ്ങളേൽപ്പിക്കുന്നത്.

നഗരം(പട്ടണം)പരപ്പകാലത്ത് മുതൽ വാണിജ്യകേന്ദ്രമായിരുന്നു. നഗരത്താർ എന്ന അഞ്ഞൂറ്റവർകുലസംഘം അവിടെ സജീവമായിരുന്നു. കടലോരനഗരവും ഉള്ളൂരിലെ നഗരവും ചേർന്ന പരസ്പരസംവേദനസഹകരണസംവിധാനം,കരയും

കടലും നദീമാർഗ്ഗവുമായ സഞ്ചാരസൌകര്യം,ഇവയുടെ നിയന്ത്രണം, പ്രാദേശികവും കേന്ദ്രാധിഷ്ഠിതവുമായ ഭരണസംവിധാനം ഇവയെല്ലാം ബിസി 7000 മുതലേ ഇവിടെ നിലനിന്നിരുന്നതിന് പുരാവസ്തുഗവേഷകർക്ക് തെളിവുകള് കിട്ടിക്കൊണ്ടേയിരിക്കയാണ്. ദാനങ്ങളെല്ലാം ഈ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിനും കീർത്തിക്കും ഇഹപരപുണ്യസമ്പാദനത്തിനുമാണ്.വണിക്കുകൾക്ക് ഒരുതരം restricted autonomy ഉണ്ടായിരുന്നു. മഥുരയിലെ ലിഖിതങ്ങളിൽ വ്യവഹാരികൾ വണിക്കുകൾ,സാർത്ഥവാഹകർ,ശ്രേഷ്ഠികളെന്ന് നാലായി വാണിജ്യത്തിലേർപ്പെട്ടവരെ തിരിക്കുന്നു. വടക്കുപടിഞ്ഞാറൻ പ്രാകൃതലിഖിതങ്ങളില് സഹായം എന്ന കൂട്ടുസഹകരണസംഘങ്ങളാമ് കാണുക.ശ്രേഷ്ഠി പണം പലിശക്ക് കൊടുക്കുന്നു. ഗന്ധികൻ,സോവനികൻ,മണികാരൻ, ഹൈരണ്യകന്,ലോഹവണികൻ(സുഗന്ധവില്പന,തട്ടാൻ,രത്നവ്യാപാരി,ഭണ്ഡാരസൂക്ഷിപ്പുകാരൻ,ഇരുമ്പുവ്യാപാരി)എന്നിഹ്ങനെ എല്ലാവരും ചേർന്നതാണ് ഈ സംഘങ്ങൾ. ഇത്തരം ഗിൽഡുകളെ ശ്രേണിയെന്നു വിളിച്ചു. 18 ശ്രേണികളുണ്ടായിരുന്നുവെന്ന് പറയുന്നുണ്ട്.അവ ഏതെന്നു പറഞ്ഞിട്ടില്ല. (pp 193. Merchant lineage and the guild. The archeology of sea-faring in ancient South Asia.H P Ray) രാജാവിനെ അനുഗമിക്കുന്നവരിൽ ശ്രേണിമുഖ്യനും പെടുന്നു. 18 വേളിർമാരെന്ന് തമിഴകത്ത് പറയുന്നവരാണ് ശ്രേണി.രാജാവിനേയും ചേർത്ത് പതിനെട്ടരസംഘമാണ് കേരളം പറയുന്നത്. കനിഷ്കന്റെ 28ആം ഭരണവർഷത്തില് രണ്ടു ശ്രേണികളില് പണം നിക്ഷേപിക്കുന്ന ലിഖിതങ്ങളുണ്ട്. (Epigraphica Indica X1 .61)ഒന്ന് മാവുണ്ടാക്കുന്ന ഗിൽഡാണ്.(flour guild)ഗോവർദ്ധനത്തില് രണ്ട് നെയ്ത്തുകാരുടെ ശ്രേണികളില് നിക്ഷേപിക്കുന്നു. രണ്ടിലും പളിശ വെവ്വേറെയാണ്. (E.I V11 82-5)ആന്ധ്രയിൽ നിഗമം ,ഗോഷ്ഠി എന്നാമ് സംഘങ്ങളുടെ പേർ. ഭട്ടിപ്രൊലുലിഖിതത്തിൽ നിഗമത്തിലെ 30 അംഗങ്ങളും ഗോഷ്ഠിയിലെ 20 അംഗങ്ങളുമുണ്ടായിരുന്നു. ധന്യകടകത്തിലും രണ്ടുമുണ്ടായിരുന്നു. വംദ എന്ന ഗോഷ്ഠിയുടെ ലിഖിതം അമരാവതിയിലും ധന്യകടകനിഗമത്തിന്റെ മറ്റൊരുലിഖിതത്തോടൊപ്പം കിട്ടിയിട്ടുണ്ട്. മധുരയിലെ 55 തമിഴ്ബ്രാഹ്മിലിഖിതങ്ങളില് (ബിസി 2 – എഡി 2 നൂറ്റാണ്ടുവരെ)നിഗമത്തെ പരാമർശിക്കുന്നു. അലഹബാദ് ബീഠക്കടുത്ത് കുശാനബ്രാഹ്മിയിൽ നിഗമസ എന്നുകാണാം.നാസിക്കിലെ ലിഖിതത്തിൽ എല്ലാ ഭൂദാനവും ആദ്യം ഒരു നിഗമസഭയിലാണ് അവതരിപ്പിച്ച് അനുമതിവാങ്ങുന്നത്. പിന്നീട് തുണിയിലോ താമ്രപത്രത്തിലോ എഴുതി രേഖപ്പെടുത്തും.ഇതിന് പ്രത്യേകഎഴുത്തുകാരുണ്ടായിരുന്നു. (എപ്പി.ഇൻഡിക്ക V11 : 82-5)ശ്രീലങ്കയിൽ നിഗമം,നിയമം എന്ന് രണ്ടുപദവും ഇതിനുപയോഗിച്ചിരുന്നതായി കാണാം.303-27 എഡിവരെ ഭരിച്ച ശ്രീമേഘവ

ർണ്ണന്റെ മൂന്നാം ഭരണവർഷത്തിൽ അനുരാധപുരം തൊണിഗലലിഖിതത്തിൽ, കലഹമാനകനിയമത്താന(നിഗമസ്ഥാനം)ത്തിന് ധാന്യം ദാനംചെയ്തതായി കാണാം. അതിലെ പലിശകൊണ്ട് ഭിക്ഷുക്കളുടെ നിത്യനിദാനം നടത്തണം. (Epi. Zeylanica 111 ,1933:172-98)100 കാർഹാപണമഹാതപഗനിയമത്തിനു കൊടുത്ത ബ്രാഹ്മിലിഖിതം ലബുഅത്തബന്ദിഗലയില്നിന്നുകിട്ടി. പുക,പൂഗ,ഗോത്തി(ഗോഷ്ഠി) മുതലായ വാക്കുകളും ഗിൽഡിന് ഉപയോഗിക്കുന്നു. പുക,പൂഗ എന്നത് ഒരു മുഴുവ ൻ ഗ്രാമം,ഗ്രാമസമൂഹം(കാംബോജം)എന്നർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. ഒരു കുലസംഘം എന്നർത്ഥം. സിധവൂയപൂഗ(സൈന്ധവഗ്രാമസമൂഹം)യുടെ ജെടെ, അനുജെടെ(Chief, subchief)എന്നും പ്രയോഗിച്ചുകാണാം. സംസ്കൃതഭഷയിൽ പൂഗം താംബൂലം അഥവാ വെറ്റിലയാണ്. സൈന്ധവ(ഇന്ത്യാ)രാജ്യത്തെ വെറ്റിലവ്യാ പാരിസംഘമാണ് സിധവീയപൂഗ. ഇതിന്റെ തലവന്മാർ പശ്ചിമതീരത്താണെ ന്നത് സംശയമില്ലാത്ത കാര്യമാണല്ലോ.

പാണിനി ക്രയവിക്രയിക,വസനിക,സംസ്ഥാനിക,ദ്രവ്യക എന്ന് പലതരം ആളു കളെ വാണിജ്യത്തിലേർപ്പെട്ടവരായി പറയുന്നു.കുലസംഘത്തിൽ(ഗിൽഡ്) അം ഗങ്ങളായി സംസ്ഥാനത്ത്തന്നെ വസിച്ച് വസ്തുക്കളുടെ ഉല്പാദനത്തിൽ സഹായി ക്കുന്നവരാണ് സംസ്ഥാനികന്മാർ.ജാതകകഥകളിൽ ബുദ്ധന് പലപ്പോഴും ഇത്തരം വാണിജ്യങ്ങളിലേർപ്പെടുന്ന വൈശ്യസമുദായക്കാരനാണ്. ജലപ ഥകഡികേന (ജലമാർഗ്ഗം)വാണിജ്യം നടത്തുന്നു.. ദ്വിനാവയന(2 നാവ അഥവാ കപ്പലുള്ളവൻ)പഞ്ചനാവപ്രിയ(5 കപ്പലിൽ യാത്രപോകുന്നവൻ)എന്ന് പാണിനി പറയുന്നുണ്ട്. കന്നേരിയിലെ ഒരു ലിഖിതം സാഗരപലോഗനർക്കുള്ള ദാനമാണ്. ബാവേരുജാതകത്തിൽകാശിയിലെ കച്ചവടക്കാര് ഒരു യാത്രയില് കപ്പലിൽ കൊണ്ടുപോയ കാക്കയെ 100 പണത്തിനു വിറ്റു. അടുത്തയാത്രയിൽ മയിലിനെ കൊണ്ടുപോയി 1000 പണത്തിന് വിറ്റു. വിയന്നപാപ്പിറസ്സിൽ ഇന്ത്യയിലെ മലബാറിലെ മുസിരിസ്സിൽനിന്ന് അലക്സാന്ഡ്രിയയിലേക്ക് കടൽവഴി കൊണ്ടുപോയ വസ്തുക്കളെ പരാമർശിക്കുന്നു.

ഉല്ലാസ് നദിയുടെ പടിഞ്ഞാറേ കരയിലെ കാൻഹേരിലിഖിതങ്ങള് മുറ്റത്തെ മതി ലിലാണ്. ആ ദാനങ്ങൾ ചെയ്തിരിക്കുന്നത് കച്ചവടക്കാരും തട്ടാന്മാരും കരുവാ ന്മാരും വൈദ്യന്മാരും വീട്ടമ്മമാരും കല്ലുചെത്തിമിനുസമാക്കുന്നവരുമൊക്കെയാ ണ്. ഇവരെല്ലാം കുലസംഘാംഗങ്ങളാണ്. സൊപ്പാര,കല്യാൺ,ചൌ ൾ, നാസി ക് എന്നിവിടങ്ങളിൽനിന്ന് സന്ദർശകരെത്തിയിരുന്നു. ത്രൈക്കൂടകരുടെ കാല ത്ത് (ആറാംനൂറ്റാണ്ട്)19 പുതിയഗുഹകളില് ശില്പങ്ങൾകൊത്തിയുണ്ടാക്കപ്പെട്ടു.

അഞ്ചാംനൂറ്റാണ്ടിലെ ഒരുലിഖിതത്തിൽ സിന്ധുദേശത്തിലെ ഒരാള് ഇവിടെ ഒരു ചൈത്യം പണിയാനായി ദാനം ചെയ്ത രേഖകാണാം.ഗുജറാത്ത് കത്തിയവാർ ലോഹതയിലെ വിഷ്ണുസേനലിഖിതത്തിൽ (എഡി 592)വണിഗ്രാമക്കാർക്ക് 70 നിയമങ്ങളാണ് രേഖപ്പെടുത്തിവെച്ചിരിക്കുന്നത്. കച്ചവടത്തിനായി, ഒരുകപ്പൽനിറയെ ഭരണി കൊണ്ടുപോകുന്നപക്ഷം തുറമുഖത്ത് 12 വെള്ളിപ്പണമാണ് ചുങ്കം. ഇത് മതപരമോ ആത്മീയമോ ആയ ആവശ്യത്തിനാണെങ്കിൽ ഒന്നരവെള്ളിപ്പണംമതി. അരിയോ നെല്ലോ (ഭക്ഷണസാധനം)കൊണ്ടുപോകുന്നപക്ഷം മുക്കാൽവെള്ളിമതി. ഉണങ്ങിയ ഇഞ്ചി,മുള എന്നിവയും പരാമർശിക്കുന്നുണ്ട്. വിളവെട്ടി താമ്രലിഖിതത്തിൽ ദക്ഷിണേന്ത്യയിലെ സിംഹവർമ്മൻ(5ആം നൂറ്റാണ്ട്)ലോഹപ്പണിക്കാർ,തോല്പണിക്കാർ,നെയ്ത്തുകാർ,കച്ചവടക്കാർ,കലാകാരന്മാർ,മുങ്ങിത്തപ്പുന്നവർ(മുത്തുവാരുക)എന്നിവർക്ക് ചുങ്കം ഏർപ്പെടുത്തുന്നു.

ഇന്തോനേഷ്യയിലെ 30 ലിഖിതങ്ങളില് സിദ്ധയാത്ര,ജയ,സർവ്വസത്വ മുതലായ സംസ്കൃതപദങ്ങളുണ്ട്. ഒരു മഹാനാവികൻ സമുദ്രസഞ്ചാരം കഴിഞ്ഞ് അനേകം സിദ്ധികൾനേടി മടങ്ങിവരുന്നതാണ് സിദ്ധയാത്ര. ഇത്തരമൊരു മഹാനാവികൻ ബുധഗുപ്തൻ,രക്തമാതൃകയിൽനിന്ന് കെദ്ദയിൽവന്നുനാട്ടിയ ബ്രാഹ്മിലിഖിതെ അവിടെയുണ്ട്. ഇതുപോലെ 2 എണ്ണം ബോർണ്ണിയോവിലും മഹാനാവികനെ പരാമർശിക്കുന്നു. (വെസ്റ്റ് കാളീമന്തനിലും ബ്രൂണേതീരത്തും).ബാലിയിൽ ക്രിസ്തുവർഷാരംഭത്തിലെ ശെമ്പിരാന് തുറമുഖം ജൂലായുടെ ഒരു കിമീ പടിഞ്ഞാറുകാണാം. അവിടെ പഴയകോട്ട ഉണ്ടായിരുന്നതായി പത്താംനൂറ്റാണ്ടിലെ താമ്രലിഖിതം പറയുന്നു. ജുക്കുങ്ങ്,തളകം,പരഹു,ബനവ,ലഞ്ചഹ്,ജോങ്,ബഹിത്ര മുതലായ വ്യത്യസ്തങ്ങളായ നാവകളെ പരാമർശിക്കുന്നു. ബഹിത്രയും ജങ്കും പുറങ്കടലിലേക്ക് പോകും. സിലോണിൽ ദമിലരും കാംബോജരുമാണ് പുറംലോകത്തുനിന്നുവന്ന് കച്ചവടം ചെയ്തിരുന്ന വിദേശികൾ.(പേജ് 205)അഭയഗിരി മോണാസ്റ്ററിയുടെ വടക്കുപടിഞ്ഞാറേപാറമേൽ(അനുരാധപുരം)ഈ ഭാഗം തമിഴ് ഗഹപതികന (ഗൃഹപതികളുടേത്)ആണെന്ന് പറയുന്നു. ഓരോഭാഗത്തും ദമേദസമന, ദമേദ ഗഹപതി,നാവിക എന്ന് ആർക്കാർക്കുള്ള സ്ഥലമെന്ന് പാറമേൽത്തന്നെ കുറിച്ചിട്ടിട്ടുണ്ട്. തമിഴകച്ചവടക്കാരനായ വിശാഖനെന്ന് പേരെടുത്തുപറഞ്ഞ ലിഖിതവുമുണ്ട്. മഹാവംശത്തിൽ ദമിളഅസ്സനാവികർ(ദ്രവിഡ അഥവാ തമിഴഅശ്വ നാവിക ർ)കപ്പലിൽ അശ്വങ്ങളെ കൊണ്ടുവന്ന് ലങ്കയില് വില്ക്കാറുണ്ടെന്നു പറയുന്നു. കബോഹിയമഹാപുഗിയന ,അവരുടെ ഗോത്രത്തിന്റെ (ഗോത്ത) പരുമക(പെരുമക ൻ പെരുമാള് അഥവാ ചീഫ്)എന്നിവരേയും രോഹണയിൽ അവർമാത്രം താമസിക്കുന്ന ഗ്രാമത്തേയും ശിഹലവത്തു എന്ന പാലിഗ്രന്ഥം പരാമർശിക്കുന്നു.

തുണിത്തരങ്ങൾക്ക് കേളികേട്ടതാണ് ഇന്ത്യ.ദാക്ക,ബനാറസ്,കാഞ്ചീപുരം എന്നിവ പരുത്തിയും പട്ടും മസ്ലിനും നെയ്യുന്ന സ്ഥലങ്ങളാമ്. ലോകത്തിന്റെ എല്ലാ ഭാഗത്തും അവ നെയ്യുന്ന തറിയും നൂലും വസ്ത്രവും ക്രി മു 6000-7000 മുതലേ ചെന്നെത്തിയിരുന്നു. The evolution of a cultivated version of cotton in south Asia is dated to the 5th millennium BCE levels at Mehrgarh in Baluchisthan, while finds dated to the Harappan period occur in a variety of contexts. മോഹഞ്ചോദാരോവിൽ മാർഷല് ചുവന്നചായം മുക്കിയ പരുത്തിത്തുണികൊണ്ടു പൊതിഞ്ഞ രണ്ടു വെള്ളിപ്പാത്രം കണ്ടെടുത്തു. ഗാന്ധാരത്തിലെ കമ്പിളിപ്പുതപ്പും ഉദ്ദിയാനത്തിലെ അമൂല്യമായ പരുത്തിത്തുണിഷാളുകളും മഹാവാണിജ്ജജാതകത്തിൽ പ്രസിദ്ധമാണ്. വാത്മീകിരാമായണകാലത്ത് ഭരതൻ കേകയമെന്ന ബലൂചിസ്ഥാനിലെ മെഹ്ർഗാർഹ് എന്ന മഹാഗൃഹത്തിൽനിന്നു പുറപ്പെട്ട് അയോദ്ധ്യയിലെത്തുംമുമ്പ് ഉജ്ജിയാനത്തിലെ ചുവന്ന പരുത്തിത്തോട്ടം സന്ദർശിക്കുന്നത് അന്നും അതിന്റെ പ്രസിദ്ധി നിലനിന്നിരുന്നതുകൊണ്ടാവണമല്ലോ. മാത്രമല്ല, അന്നും അതിന് അന്താരാഷ്ട്രവിപണിയിലുള്ള ആവശ്യകതയും അത് തരുന്ന സമ്പത്തും മുത്തശ്ശനായ അശ്വപതിയിൽനിന്ന് (ദ്രാവിഡനാണ് കേകയത്തിലെ അശ്വപതി)ഗ്രഹിച്ചുകൊണ്ടുകൂടിയാവണം. മെഹ്ർഗാർഹില് ബിസി 5000 മുതലേ പരുത്തിക്കൃഷിയുണ്ടെന്നതിന് തെളിവുണ്ട്. അതിന്നെത്രയോ മുമ്പാണ് ഭരതന്റെ രാമായണകാലത്തെ യാത്ര.ഇന്ത്യയിൽനിന്ന് കയറ്റിയയക്കുന്ന ചുവന്നഷാളുകളുടെ ഉല്പത്തിസ്ഥാനം ഭരതൻ നടന്നുകാണുന്നത് മെഹർഗാർഹ്കാലത്തിനും മുമ്പാണ്. ഉജ്ജിയാനത്തിലെ വിത്തും ചെടിയും മെഹ്ർഗാർഹിലെത്തിയത് ഭരതന്റെ ഈ സന്ദർശനത്തിനു ശേഷമായിരിക്കാം. അതുവരെ ഫിനിഷ്ഡ് വസ്തുക്കളാവാം എത്തിയിരുന്നത്. ഇന്ത്യയിലെ ഇൻ്ിഗോ(നീലം)മഞ്ഞൾ(വസ്ത്രം ഡൈ ചെയ്ത് നിറംമാറ്റുന്നതിന്) ,ചുവപ്പ് ,കറുപ്പ് വസ്ത്രങ്ങളെല്ലാം ഇന്നും ചില പ്രത്യേകദേവീദേവന്മാർക്ക് ചിലപ്രത്യേകക്ഷേത്രങ്ങളിലേക്ക് ,ചില പ്രത്യേകകാലങ്ങളിലുള്ള ഭക്തരുടെ പ്രത്യേകവസ്ത്രധാരണരീതിയാണ്.സാധാരണ വെള്ളവസ്ത്രമാണ് എല്ലാവരും ധരിച്ചിരുന്നത്. നിറവസ്ത്രം പ്രത്യേകആവശ്യങ്ങൾക്കും കയറ്റിഅയക്കാനുമായിരുന്നു. ക്ഷൌമം എന്ന വസ്ത്രമാണ് അശ്വമേധത്തിന് ധരിക്കുന്നത്. വംഗം, താമ്രലിപ്തം,പൌണ്ഡ്രകം,കലിംഗദേശങ്ങളിൽനിന്നാമ് യുധിഷ്ഠിരന് മഹാഭാരതകാലത്ത് ക്ഷൌമം കൊണ്ടുവരുന്നത്. പട്ടിന് മറ്റൊരുപേര് പത്രോർണ്ണമെന്നാണ്. ചീനയിലെ പട്ടിനെ ചീനപട്ടമെന്നാണ് അർത്ഥശാസ്ത്രം വിളിക്കുന്നത്. കൌശേയം പട്ടുനൂൽപ്പുഴുവിൽനിന്നെടുത്തതാണ്. കയറ്റിയയക്കാനുള്ള പരുത്തിയും തുണിയും ഗംഗാതീരത്തുനിന്നും ബാക്ട്രിയയിൽനിന്നും ബാരികഛയിലും തിമിരി

കൈയിലും എത്തുന്നു എന്ന് പെരിപ്ലസ് പറയുന്നു(ചുവന്ന വസ്ത്രം സന്യാസി, യോഗി,ഭിക്ഷുവർഗ്ഗമാണ് ധരിച്ചിരുന്നത്.ദേവീആരാധനക്കും ഉപയോഗിച്ചിരുന്നു.) തുണിനെയ്ത്ത്,നൂൽനൂല്പ്പ് ഇവയിലേർപ്പെട്ടിരുന്നത് സ്ത്രീകളായിരുന്നു. (അർത്ഥ ശാസ്ത്രവും ബുദ്ധിസ്റ്റ് സാഹിത്യവും) പരുത്തിയെ സംസ്കരിക്കുക, നൂലുണ്ടാക്കുക, അതിനെ മിനുസപ്പെടുത്തുക,നെയ്യുക,ഉന്നുക –ഇങ്ങനെ 5 കർമ്മവും അവരാണ് ചെയ്തിരുന്നത്. (parttime domestic job ആയി പണം സമ്പാദിക്കാനുള്ള മാർഗ്ഗം)ഇത്തരം കുടുംബങ്ങളുടെ സംഘം(ഗിൽഡ്)ഒന്നിച്ചൊരു ഗ്രാമമായി താമസിച്ചു. ഈ ഗ്രാമങ്ങളെ പളളി എന്ന് ചുരുക്കത്തിലും തത്തുവായൻപള്ളി എന്ന് പൊതുവായും വിളിച്ചിരുന്നു.ചിലപ്പോൾ ഒരു തെരുവുമുഴുവനും .അല്ലെങ്കിൽ ,വ്യത്യസ്തഗ്രാമങ്ങളിലെ ചെറുചെറുഗ്രൂപ്പുകളുടെ ഒരു സംഘം, ഇതുപോലെയാണ് മറ്റെല്ലാ സംഘങ്ങളും കുലസംഘങ്ങളായി പ്രവർത്തിച്ചിരുന്നത്. ഇവരെല്ലാം ചേർന്ന വാണിജ്യസംഘങ്ങളെയാണ് അഞ്ചുവണ്ണം , മണിഗ്രാമം, നൈഗമം (നിയമം),ഗോഷ്ഠി,എന്നെല്ലാം പലപേരുകളിൽ അറിഞ്ഞിരുന്നത്. മദ്ധ്യേന്ത്യയിലെ മണ്ഡസോർ ക്ഷേത്രത്തില് ഇത്തരമൊരു നെയ്ത്തുകാരഗിൽഡിന്റെ മുഖ്യന് കൊട്ടു ത്ത ദാനലിഖിതം (സംസ്കൃതം)അഞ്ചാം നൂറ്റാണ്ടിൽഉണ്ട്. അവർ വർണ്ണാന്തര വിഭാഗചിത്തേന ,(വ്യത്യസ്തനിറമുള്ള വ്യത്യസ്തചിത്രങ്ങൾ)തുണിയിൽ വരക്കുന്ന തായി,നെയ്തിരുന്നതായി പറയുന്നു. നർമ്മദ,തപതി ഈ നദികൾക്കിടയിലെ ലാടദേശത്തുനിന്ന് ദാസപുരത്തിൽ(ആധുനികമാണ്ഡസോർ)കുട്ടികുടുംബവുമായി വന്നുപാർത്തവരാണ് ഇവരെന്ന് ലിഖിതത്തിലുണ്ട്. ഈ സ്ഥലത്ത് ഞങ്ങളിൽ ചിലർ ധനുർദ്ധാരികളായി, ചിലർ കഥപറയുന്നവരായി,ചിലർ ധർമ്മം ഉപദേശിക്കുന്നവരായി ,ചിലർ തങ്ങളുടെ പുരാതനമായ മനോഹരകലാവിദ്യയില് അധിതീയരായി,ആത്മാന്വേഷികളായ മറ്റുചിലർ ജ്യോതിഷികളായി എന്ന് കാണാം. അതായത്,പ്രൊഫഷന് അവനവന്ന് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു.ഇങ്ങനെ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് ചെന്ന് കുലസംഘം സ്ഥാപിക്കുന്നത് പതിവായിരുന്നു. ഇതെല്ലാം ഇന്ത്യയിലെ ഗോത്രങ്ങളുടെ പൊതുസ്വഭാവമാണ്. പലതൊഴിലിൽ വ്യാപരിച്ചിട്ടും തങ്ങളുടെ കുലത്തിന്റെ ദേവതയായ സൂര്യന് ഒന്നിച്ച് ദാനം ചെയ്യുന്നതിന് അവരെല്ലാവരും കുലമുഖ്യന്റെ കൂടെ എത്തുമായിരുന്നു.(പേജ് 223 ഹിമാംശുപ്രഭാ റേ)

മണികളിലും ലോക്കറ്റുകളിലും സ്തൂപ,സ്വസ്തിക,ത്രിരത്ന,ശ്രീവത്സചിഹ്നം വരക്കുന്ന പതിവ് മെഹർഗാർഹ്ഹരപ്പകാലത്തുതന്നെ ഉണ്ട്. ഇന്നും അത് നിലനിൽക്കുന്നു .ആനക്കൊമ്പ്,മുത്ത്,മണി,രത്നം,സ്വർണ്ണം ഇവയുടെ കൊള്ളക്കൊടുക്ക വളരെ

ലാഭകരമായിരുന്നു. ഉത്തരദിക്കിലെ മരുത്തന്റെ യാഗശാലയിൽനിന്ന് ഉപേക്ഷിച്ചുപോന്ന സ്വർണ്ണം ഭീമന് സഹോദരന്റെ രാജസൂയയജ്ഞത്തിനായി കൊണ്ടുവന്നു എന്ന് മഹാഭാരതം. ശ്രീലങ്കയിലെ ജടവനനിധിപോലെ തെക്കേ അമേരിക്കയിലും മദ്ധ്യഅമേരിക്കയിലും സൈബീരിയയുടെ ഉത്തരഭാഗത്തും കിട്ടിയ സ്വർണ്ണാഭരണനിക്ഷേപങ്ങള് ലോകമെങ്ങും പങ്കെടുത്ത വാണ്ജ്യത്തിന്റെ സാക്ഷ്യപത്രങ്ങളാണ്.ബാലിയിലെ പഴയ തുറമുഖങ്ങൾക്ക് കൂടം എന്നാണ് പേര്. കൂടമെന്നാ ൽ തമിഴില് ഗൃഹത്തിന്റെ കേന്ദ്രബിന്ദുവാണ്. വാസ്തുവിലും മേൽക്കൂരയുടെ കേന്ദ്രഭാഗത്തെ കൂടം എന്നാണ് വിളിക്കുക. ഇപ്രകാരം രാജകുടുംബങ്ങളുടെ കേന്ദ്രസ്ഥാനമായ തുറമുഖനഗരങ്ങളേയും കൂടല്ലൂരെന്നും കൂടലെന്നും (കുടം,കുടക്കോനെന്നും) വിളിക്കുന്നവരായിരുന്നു കേരളീയരും. കൂടഗ്രാമത്തിലുള്ളവരുടെ കടമയായി ക്രിസ്തുവർഷാരംഭത്തിലെ ശെമ്പിരാന്റെ ലിഖിതം പറയുന്നത് ഉത്സവങ്ങൾക്ക് ദാനം, തുറമുഖസംരക്ഷണം,മരത്തടികൾ ഈർന്ന് യാനപാത്രങ്ങള് നിർമ്മിക്കലെന്നിവയാണ്. (ശെംപിരാൻ. A 1. ആർദ്ദികഃ 1991ഃഃ 139 Q. പേജ് 281 ഹിമാംശുപ്രഭ റേ) കൂടാതെ ബണീയഗരായ(വണിക്കുകളായ) സമുദ്രസഞ്ചാരികൾക്ക് താമസിക്കാനും കച്ചവടം ചെയ്യാനും മേൽക്കൂരയോടുകൂടി(ണ്യവസ്ഥ കേടുവരാതിരിക്കാൻ) സ്ഥലം കൊടുക്കുക,അതിന്പകരം അവരിൽനിന്ന് ഒരു മശകം സ്വീകരിക്കുക ഇവയുമുണ്ട്. വണിക്കുകൾ ദേശത്തെ ക്ഷേത്രത്തിലേക്ക് ദാനം കൊടുക്കണം. അവരിലാരെങ്കിലും മരിക്കുന്നപക്ഷം അവരുടെ സ്വത്ത് രണ്ടായി പകുക്കും. (ഒന്ന് ക്ഷേത്രത്തിനാണ്). കൂടത്തിന്റെ പ്രവർത്തനം ചേർപ്പശരെന്ന ഉദ്യോഗസ്ഥന്റെ കീഴിലാണ്. വഴിതെറ്റിവന്ന കപ്പലുകളിലേയും കൂടത്തിൽ വെച്ച്മരിച്ച വിദേശകച്ചവടക്കാരന്റേ യും വസ്തുക്കളെ ഇയാളാണ് ഭാഗിച്ചെടുത്ത് രാജാവിനും പ്രജകൾക്കും തനിക്കും ക്ഷേത്രത്തിനുമായി വിനിയോഗിക്കുന്നത്. ചിലപ്പതികാരകാവ്യത്തിൽ ചേരനെ ചേർപ്പനെന്നാണ് അഭിസംബോധന ചെയ്തിട്ടുള്ളത്. ചേർപ്പരശനായ ഈ ഉദ്യോഗസ്ഥന്റെ ധർമ്മം കേരളത്തിലെ മൂഷകവംശപ്പെരുമാക്കന്മാരും ചെയ്തിരുന്നു. ബാലിയിലെ കൂടവും ചേർപ്പശരും ഇങ്ങനെ കേരളത്തിന്റെ സമ്പ്രദായം തന്നെ കാണിക്കുന്നു.വഴിതെറ്റിയ കപ്പലിലെ സാധനങ്ങളെ കൊള്ളയടിക്കുന്ന ചേരന്റെ സ്വഭാവത്തെ വിദേശികളും പരാമർശിച്ചിട്ടുണ്ട്.

സമയം,അയ്യാവോൾ(ഐഹോൾ) മണിഗ്രാമം,അഞ്ചുവണ്ണം ,അഞ്ഞൂറ്റവരെന്നിവര് എങ്ങനെ,എന്തിന്,എപ്രകാരം ഏതുനിയമപ്രകാരം പ്രവർത്തിച്ചു ,അതിന്റെ ആരംഭമെപ്പോൾ,എന്നാണ് നാമിവിടെ നിരീക്ഷിക്കുന്നത്. മെഹ്ർഗാർഹ് കാലം മുതലേ ഒരേരീതിയിൽ പ്രവർത്തിച്ചുപോരുന്ന ഈ സംഘം ഹരപ്പകാലത്ത്

(ശ്രീകൃഷ്ണ)അതീവശക്തമായി. തുറമുഖനിയമങ്ങൾ ദ്വാരകാപുരിയില് ഏർപ്പെട്ടു ത്തിയവതന്നെയാണ്എക്കാലവും വണിക്സംഘങ്ങൾ പിന്തുടർന്നത്. അയ്യാവോ ൾമുതലായ സംഘങ്ങളുടെ തുടക്കം ബിസി 7000-8000 ത്തിലാണ്, അവസാന ഘട്ടമാണ് അവരുടെ ലിഖിതം കാണുന്ന എഡി 8-9 നൂറ്റാണ്ടുകാലം. ഇതൊക്കെ ഓർത്തുകൊണ്ടുവേണം സൈന്ധവസംസ്കൃതിയേയും ദക്ഷിണേന്ത്യയിലെ ശക്ത മായ സമുദ്രതീരപ്രതിരോധത്തേയും നാവിക,വാണിജ്യബ്രഹ്മക്ഷത്രവൈശ്യ സം ഘങ്ങളുടെ കുലസംഘപ്രവർത്തനത്തേയും മനസ്സിലാക്കാൻ.വണിക്ഗ്രാമം ,ബ ണിഗ്രാമവും മണിഗ്രാമവുമായതാണെന്ന് ചില ചരിത്രകാരന്മാർ രണ്ടു ബാലിനീ സ് ലിഖിതംവെച്ച് പറയുന്നുണ്ട്. അത് ഒരു സാദ്ധ്യതയാണ്. മണി,മുത്ത്,രത്നമെ ന്നിവയിൽ വാണിജ്യം നടത്തുന്നതില് സമർത്ഥരായവരുടെ കുലസംഘസ്ഥാ നമെന്നത് മറ്റൊരു സാദ്ധ്യത.മണികൾ കച്ചവടം ചെയ്യുന്നവരുടെ(വണിക്ക്)ബ ണിഗ്രാമം മണിഗ്രാമം. കിഴക്കൻജാവയിലും മദ്ധ്യജാവയിലും ബണിക്ഗ്രാമമെന്നാ ണ് ലിഖിതത്തിലുളളത്. കിഴക്കൻജാവയിലെ വട്ടുകര, കാലടിലിഖിതങ്ങളിൽ ബ ണ്യഗർക്കും ഹിലിരന്മാർക്കും രക്ഷക്കായി ,രാജരക്ഷയോട്ടുകൂടിയ ബണിഗ്രാമം പ്രവർത്തിക്കുന്നു എന്നാണ് പറയുന്നത്. ഇതിലെ ഹിലിരന്മാരാരാണ്. ഇലി അഥവാ ഹിലി എന്ന് പേരുളള മൌണ്ട് എലി എന്ന് വിദേശികളാൽ വിളിക്ക പ്പെട്ടവരല്ലേ. 13ആം നൂറ്റാണ്ടുമുതലുളള ബാലിലിഖിതങ്ങളിൽനിന്ന് ഇവര് പൂ ർണ്ണമായും അപ്രത്യക്ഷമാകുന്നത് അന്നേക്ക് സാമൂതിരിവാഴ്ച തുടങ്ങുകയും വന്ദേരി എലിഭൂപതി തികച്ചും അശക്തനാകയും ചെയ്തതുകൊണ്ടാണ്. ഈ ലി ഖിതങ്ങളുടെ ഉറവിടം വടകര (വട്ടുകര),കാലടി എന്ന് എലിവംശത്തിന്റെ രണ്ടു പ്രധാനകേന്ദ്രങ്ങളുടെ പേരിലാകയാലും ഈ സാദ്ധ്യത തളളിക്കളയാവതല്ല. തെക്കുകിഴക്കൻഏഷ്യയിലെ കുടൈയിലെ സ്തൂപലിഖിതങ്ങളിൽ(എഡി നാലാം നൂറ്റാണ്ട്)വപ്രകേശ്വരന്റെ പുണ്യതമക്ഷേത്രത്തില് മൂലവർമ്മന് ദ്വിജർക്ക് ആയി രം പശുവും വിപ്രപുരോഹിതർക്ക് സ്വർണ്ണവും ദാനം ചെയ്തു എന്നുണ്ട്. മദ്ധ്യജാവ യിൽധ(ന)ഞ്ജയനെന്നരാജാവ് ശിവലിംഗപ്രതിഷ്ഠ ചെയ്തു. ഇതിൽ ഗംഗാതീർത്ഥ ത്തെ പരാമർശിക്കുന്ന ലിഖിതമുണ്ട്. സാർത്ഥവാഹകസംഘം കച്ചവടാവശ്യ ത്തിനു മാത്രമാണ്. തീർത്ഥയാത്രാസംഘം സംഘപതിയുടെ കീഴില് (ഗുരുസ്വാമി പോലെ) പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്ന മറ്റൊരുതരം യാത്രാസംഘമാണ്. ഇതിലെ സിദ്ധയാത്രാസംഘമെന്നു വിളിച്ചിരുന്നു.രാജാക്കന്മാർക്ക് സമ്മാനം കൊണ്ടുപോകുന്ന മൂന്നാമതൊരുതരം സഞ്ചാരിസംഘത്തേയും പരാമർശിക്കുന്നു ആവശ്യകച്ചൂർണ്ണി എന്ന ജൈനഗ്രന്ഥം. ഭരതന്റെകൂടെ കേകയത്തിൽനിന്ന് പോ കുന്ന സംഘം ഈ മൂന്നാമത്തെ തരം സംഘമാണ്.യവനർ ഇന്ത്യയിലേക്കു വരാ

നാഗ്രഹം പ്രകടിപ്പിച്ചാൽ ഇന്ത്യക്കാരായ കപ്പിത്താന്മാര് നാവികവിദ്യ പഠിപ്പിക്കാതെ, ഇവിടെ കൊണ്ടുവന്നുകാട്ടി തിരിച്ചുകൊണ്ടുപോകുകയേ പതിവുള്ളു. അത്രയും വിശ്വസ്തരെ മാത്രമേ നാവികസംഘങ്ങളിൽമഹാനാവികൻചേർക്കുകയുള്ളു. ദണ്ഡിയുടെ ദശകുമാരചരിതത്തിൽ രാമേഷു നാമ്നേ നാവികനായികയാഃ എന്ന് രാമനെന്നുപേരായ ഒരു നാവികൻ ഒരു യവനനെ ബംഗാള് ഉൾക്കടലിനപ്പുറം വരെ കൊണ്ടുവന്ന കഥയുണ്ട്.വടക്കെ ഇന്ത്യയിൽ കരവഴി വിദേശികള് വന്നു താമസിച്ചിരുന്നു.(തജികന്മാരും തുരുഷ്കന്മാരും)പക്ഷേ ,അവരെല്ലാം ഇവിടെനിന്ന് കച്ചവടാവശ്യത്തിനു വിദേശത്തുപോയി അവിടെ കുടുംബം സ്ഥാപിച്ചവരുടെ മക്കളോ പേരക്കുട്ടികളോ ഒക്കെ ആയിരുന്നു. അങ്ങനെ വന്നുതാമസിക്കുന്നതിനുള്ള ചുങ്കം (വിസപോലെ ഒരനുമതിപത്രത്തിനുള്ള പണം))അവരെല്ലാം രാജാവിന് കൊടുത്തിരുന്നു.ഗുജറാത്തിലും കൊങ്കണതീരത്തും വിദേശികൾ കച്ചവടത്തിന് പാർത്തിരുന്നു. (സുഗദീപമധുമതി-മുഹമ്മദ് എന്ന താജികൻ ഉദാഹരണം)ഈ വ്യക്തി എല്ലാ വേലാകുപങ്ങളും(തുറമുഖം) പിടിച്ചടക്കി . (രാഷ്ട്രകൂടരാജാക്കന്മാരുടെ കാലം 878-915 കൃഷ്ണ 2, 915-927 ഇന്ദ്ര 3 എന്നിവരുടെ കാലം)സ്വന്തം ആളുകളെ ജോലിക്ക് നിയമിച്ചു. ദശമിദേവിക്ക് നിവേദ്യവും മഠത്തിന്റെ നിർമ്മാണപ്രവർത്തനവും നടത്തി സംഘങ്ങളുടെ പ്രീതി ആദ്യം സമ്പാദിക്കുക എന്ന കച്ചവടതന്ത്രമാണ് ഇദ്ദേഹം ചെയ്തത്. പതിനൊന്നാം നൂറ്റാണ്ടിൽ ചാമുണ്ഡ രാജാവിന്റെ കാലമാവുമ്പോഴേക്കും ആ പ്രദേശം മുഴുവനും അറബിനാമം വഹിക്കുന്നവരുടെ നിയന്ത്രണത്തിലായിക്കഴിഞ്ഞു. ഇതേ പ്രക്രിയയാണ് പൊന്നാനിയിലും കോഴിക്കോട്ടും മറ്റു തീരപ്രദേശങ്ങളിലും ആദ്യം അറബി,റോമൻ,പോർത്തുഗീസ്,ബ്രിട്ടീഷുകാരും ചെയ്തത്. അത് മതമായിരുന്നില്ല. പണം,രാഷ്ട്രീയബലം,വാണിജ്യം ഇവക്കുവേണ്ടിയുള്ള വടംവലിയിൽ ഒരു പരമ്പരാഗതആദിവാസിജനസമൂഹത്തേയും അതിന്റെ ഭരണാധികാരികളേയും വിദേശികൾ സൂത്രത്തില് കീഴടക്കി നാമാവശേഷമാക്കിയതായിരുന്നു.1095ലെ അനന്തദേവ ഒന്നാമന്റെ ഖരേപത്തൻലിഖിതത്തില് അനന്തപാലന് കൊങ്കണതീരത്തെ അധിപതികളെ ഓടിച്ചു എന്നുകാണാം. അത് ഗ്രീസുകാരോ റോമക്കാരോ ആയിരുന്നില്ല.(Mirashi 1977:115-20. Q pp 289 H.P Ray)

ജാവയിൽ ഇന്ത്യക്കാരെന്നതിന് കിള്ളിങ്ങുകള് (Kling)എന്നപദമുപയോഗിക്കുന്നുണ്ട്. വിദേശി എന്നർത്ഥത്തിലും ഉപയോഗിക്കുന്ന പദമാണിത്. ശ്രീ കിള്ളിങ്ങ് എന്ന് ശ്രീ പദം ചേർത്തും ലിഖിതം കാണുന്നുണ്ട്. കിള്ളി,കിളൈള മുതലായ പദങ്ങളെ നേരത്തേ പരാമർശിക്കയുണ്ടായി. ചേര,ചോള,മൂഷക,പിളൈള,കുട്ടി, തത്ത, കുമാരനെന്നിങ്ങനെ അർത്ഥമുണ്ടതിന്. കിള്ളിനദിയും അതിന്റെ തീര

ത്തെ സ്ത്രീസൈന്യവും ചരിത്രാതീതകാലം മുതലേ ഇന്ത്യയിൽ പ്രസിദ്ധമാണ്. അതിർത്തിമാറുന്ന അവസരങ്ങലില് ചുറ്റും കല്ലുവെച്ച് അളന്നുരേഖപ്പെടുത്തലും ,വസ്തുകൈമാറ്റത്തിനുശേഷം സദ്യ,നൃത്തം,സംഗീതം എന്നിവ രാജസദസ്സിലവ തരിപ്പിക്കലും സാക്ഷികളുടെ മുമ്പാകെ ലേഖനം ചെയ്യലും ഇന്ത്യയിലും അതിനെ ത്തുടർന്ന് ജാവമുതലായ സ്ഥലങ്ങളിലും പതിവായിരുന്നു. സിന്ധുലിപികളിലും ഇത്തരം നേരട്ടിപ്പേർലിഖിതങ്ങളും അതില് പങ്കെടുത്ത സംഘങ്ങളുടെ ചിഹ്ന ങ്ങളും ആകാനുളള സാദ്ധ്യത ഉണ്ട്. ചിത്രംനോക്കി കഥ അഥവാ ഐതിഹ്യം പറ യുന്ന കിളളികളുടെ ചിത്രം അജന്തയിലുമുണ്ട്.ഇത്തരം കഥാചിത്രങ്ങളും വംശാവ ലികളും പ്രശസ്തികളും ഈ ചിത്രങ്ങളിൽ നമുക്കു വായിച്ചെടുക്കാം.

അഗ്നികുലം- വടക്കേഇന്ത്യയിൽ:-

പ്രതിഹാരരും പരമാരരും ചാഹമാനരും(ചൌഹാൻ) ചാലൂക്യരും(സോളങ്കി,ശുക്ല) ഉൾപ്പെട്ട നാലുകൂട്ടരാണ് അഗ്നികുലം. ബ്രാഹ്മണരുടെ മുമ്പാകെ രാഷ്ട്രത്തെ സംര ക്ഷിക്കുമെന്ന് അഗ്നിസാക്ഷിയായി പ്രതിജ്ഞ ചെയ്ത സൂര്യചന്ദ്രവംശജരാണ് അ ഗ്നികുലം. എഡി 647ൽ ഹർഷനുശേഷം ഇവരാണ് വടക്കേഇന്ത്യയില് പ്രബലരാ യത്. വടക്ക് പ്രതിഹാരരും തെക്ക് രാഷ്ട്രകൂടരും വടക്കേ ഇന്ത്യയെ സംരക്ഷിച്ചു കൊണ്ടിരുന്നു. പത്താംനൂറ്റാണ്ടിൽ ഇവര് അപ്രത്യക്ഷരായി. ഗുജറാത്തിൽ ചാലൂ ക്യർ,രാജസ്ഥാനിൽ ചൊഹാന്മാർ,മാള്വയിലും അബുവിലും പരമാരർ,ദില്ലിയിൽ തോമരർ,കാനൂജിലും വാരാണസിയിലും ഗാഹദവാലർ,ബുന്ദേൽഖണ്ഡില് ചന്ദേ ലന്മാർ എന്നിവര് പ്രത്യക്ഷപ്പെട്ടു. ഇവരെല്ലാം പ്രതിഹാരന്മാരുടെ സാമ്രാജ്യത്തി ലെ കുലസംഘങ്ങളിലെ മുഖ്യന്മാരും ബന്ധുക്കളും അതേ വംശക്കാരുമാണ്. ദാഹ ലയിൽ ചേദികളും മഹാരാഷ്ട്രത്തില് ചാലൂക്യരും പ്രബലരായി. ചാലൂക്യരുടെ വീഴ്ച ക്കു ശേഷം യാദവരും ഹോയ്സലരും ആ സ്ഥാനത്തുവന്നു.

ആദ്യകാലത്ത് ബ്രാഹ്മണർക്ക് അദ്ധ്യയനം അദ്ധ്യാപനം ഈശ്വരചിന്ത ഇവ യാണ് പ്രവൃത്തി. ഏഴാം നൂറ്റാണ്ടിലെ പെഹോവലിഖിതത്തിൽ വാമുകനെന്ന ബ്രാഹ്മണൻ കുതിര യെ വിൽക്കുന്നതും കാണാം. പത്താംനൂറ്റാണ്ടിലെ സിയദോ നി ലിഖിതത്തിൽ ദമാ കബ്രാഹ്മണന് വെറ്റിലയാണ് വില്ക്കുന്നത്. ബംഗാളിലെ കച്ചവടക്കാരായ ബ്രാഹ്മണരെ വള്ളാളസേനന് ജാതിയില് താഴ്ത്തി. (വള്ളാളചരി തം . കൈവർത്തകർ,കുംഭകാരർ,കർമ്മകാരർ,മാലാകാരർ എന്നിവരാണ് ഉയർന്നവർ. സുവർണ്ണകാരരും കൈവർത്തബ്രാഹ്മണരും അവരുടെ കീഴെയാ ണ്,താഴ്ന്ന ജാതിയാണ്)ബൌധായനധർമ്മസൂത്രത്തില് സ്വന്തവർണ്ണത്തിന്റെ

ധർമ്മം ചെയ്യാന് സാധിക്കാത്ത ബ്രാഹ്മണർക്ക് ക്ഷത്രിയധർമ്മം ചെയ്യാം. (പരശുരാമനെന്നപോലെ)പരമാരർ വാസിഷ്ഠിഗോത്രബ്രാഹ്മണരായിരുന്നു ,ആദ്യം. ചൌഹാന്മാരും ഗുഹിലരും പ്രതിഹാരരും പല്ലവരും കദംബരും ബ്രഹ്മക്ഷത്രരാണ്. (ബ്രാഹ്മണർ ക്ഷത്രിയധർമ്മം സ്വീകരിച്ചതാണ്). സേനവംശത്തിലെ സാമന്തസേനൻ, പഞ്ചാബിലേയും അഫ്ഘാനിസ്ഥാനിലേയും സാഹികൾ,കേരളത്തിലെ രാജവംശങ്ങൾ ഇവരെല്ലാം അഗ്നികുലക്കാരായ ബ്രഹ്മക്ഷത്രരാണ്. പത്താം നൂറ്റാണ്ടിലെ ബാലാദിത്യന്റെ ചാത്സുലിഖിതം ഈ ഭർതൃപട്ടം ശ്രീരാമനെപ്പോലെ ബ്രഹ്മക്ഷത്രാന്വിതമെന്ന് എടുത്തുപറയുന്നു. ഭണ്ഡാർക്കര് ഇതിലെ രാമന് പരശുരാമനാണെന്ന് (ശ്രീരാമനല്ലഎന്ന്)എടുത്തുപറയുന്നു.ഇങ്ങനെ ബ്രാഹ്മണർ ആയുധമേന്തി പട്ടാളച്ചിട്ട ഏറ്റെടുക്കൽ രാഷ്ട്രസംരക്ഷണത്തിനായി പതിവായിരുന്നു. കേ രളത്തിൽ ഇതിനെ ചാത്തിരർസംഘമെന്നു വിളിച്ചു. വർമ്മവും ചർമ്മവും ധരിച്ച വരെ വർമ്മനെന്നും സർമ്മനെന്നും പണ്ണപയോഗിച്ച് മൂഷകവംശകാവ്യം പരാമ ർശിക്കുന്നുണ്ട്. ക്ഷത്രിയവൃത്തിയും ഉപേക്ഷിച്ച് ബ്രാഹ്മണർ വൈശ്യവൃത്തി എടു ക്കാറുണ്ട്. കൃഷി,കാലിവളർത്തൽ, നാവിക(മഹാനാവിക)സഞ്ചാരം, വാണിജ്യം, കലകൾ(സംഗീതം,നൃത്തം)ഗണിതം,ജ്യോതിഷം എല്ലാം ഇതിലുണ്ട്. പണം പലിശ ക്കു കൊടുക്കുന്നത് ബ്രാഹ്മണരും ക്ഷത്രിയരും താഴ്ന്ന പ്രവൃത്തിയായി കണക്കാക്കുന്നു. ബൃഹസ്പതിധർമ്മശാസ്ത്രം അത്യാവശ്യഘട്ടങ്ങളില് ,രാഷ്ട്രത്തിന്റെ സാമ്പത്തിക വ്യവസ്ഥക്ക് ആവശ്യമായിവരുമ്പോൾ ഇതും ചെയ്യാമെന്ന് വിധിച്ചിട്ടുണ്ട്. (ആപദ്വൃത്തി).ആപദ്ഘട്ടത്തിൽ ശൂദ്രവൃത്തി സ്വീകരിക്കുന്നതും വിലക്കപ്പെട്ടിരുന്നില്ല. വീട്ടിലിരിക്കുന്ന ബ്രാഹ്മണന് സ്വന്തം പേരുമാത്രമേ ഉള്ളു. ഒരഗ്നി ചെയ്താൽ ഇഷ്ടി, മൂന്ന് അഗ്നി പാലിച്ചാൽ അഗ്നിഹോത്രി,അഗ്ന്യാരാധകനായ താന്ത്രിക ബ്രാഹ്മണൻ ദീക്ഷിതർ, ഇങ്ങനെ നാമം വരും.മറ്റുനാമങ്ങളാണ്, ശ്രോത്രീയ ൻ, ശുക്ലൻ, ത്രിവേദി,ചതുർവ്വേദി,പഥക്,ആവസ്ഥികൻ, പണ്ഡിതൻ,സോമയാജി, രാജൻ,ഉപാദ്ധ്യായൻ,മഹാരാജൻ,പണ്ഡിതയാജ്ഞികൻ,മിശ്ര,ശർമ്മ എന്നിങ്ങനെ.

ഇന്ദ്രൻ മൂന്നാമന്റെ രാഷ്ട്രകൂടഭരണകാലത്ത് (926 എഡി)5 തരം ബ്രാഹ്മണരെ വടക്കേ ഇന്ത്യയിൽ കണ്ടിരുന്നു. ആര്യദേശീയമഹാപരിഷത്ത്, പഞ്ചഗൌഡീയ മഹാപരിഷത്ത് എന്ന് രണ്ടു സഭകൾ സംയാനത്തിലുണ്ടായിരുന്നു എന്ന് അന്ന

ത്തെ ലിഖിതം പറയുന്നു.സാരസ്വതരും കന്യാകുബ്ജരും ഉത്കലരും മൈഥിയരും (വടക്കേ ബീഹാർ)ഗൌഡരുമെന്ന് അഞ്ചുകൂട്ടരെ പറയുന്നുണ്ട്. അതാതു ബ്രാഹ്മണരുടെ സ്ഥലമനുസരിച്ചാണ് ഇത്. 925 എഡിയിലെ പുഷ്കരലിഖിതത്തില് പുഷ്കരബ്രാഹ്മണരേയും 948ലെ പരമാരരാജാ ശീയകന്റെ ഹർഡോല ദാനലിഖിതത്തി ൽ നാഗര,ദീക്ഷിതബ്രാഹ്മണരേയും പറയുന്നു. ഇതിൽ അവസാനം പറഞ്ഞവര് ഒരു പ്രത്യേകദേശവുമായി ബന്ധപ്പെട്ടവരല്ല. നാഗരർ നാഗവംശജരും നഗരവാസികളും ദീക്ഷിതർ 3 അഗ്നിയും ദീക്ഷയും പാലിക്കുന്നവരുമാണ്. ശാകദ്വീപിലെ മേചകർ അഥവാ ഭോജകന്മാര് ബ്രാഹ്മണരാണ് എന്നു പറഞ്ഞിട്ടുണ്ട്. (മേഘനിറമുള്ളവരും ഭോജരാജകുലവുമായ യാദവവംശമാണ് ഇവർ).ശ്രീകൃഷ്ണനും ഈ അഗ്നിവംശമാണ്.ബ്രഹ്മക്ഷത്രനാണ്,വൈശ്യകുലത്തിലാണ് വളർന്നത്. ഭവിഷ്യപുരാണത്തില് കൃഷ്ണപുത്രനായ സാംബൻ സ്ഥാപിച്ച സൂര്യക്ഷേത്രത്തില് പൂജചെയ്യാൻ ബ്രാഹ്മണരാരും കൂട്ടാക്കാഞ്ഞതിനാല് ഉഗ്രസേനന് ശാകദ്വീപിലെ മേഘ(മേചക)ബ്രാഹ്മണരെ വരുത്തിയെന്ന് പറയുന്നു. ഇവർ സൂര്യായാധകരാണ്. അങ്ങനെ ഗൊണ്ട്വാനാലാന്റ് അഞ്ചായി പിരിയുംമുമ്പ് ഒന്നായിരുന്ന കുലസംഘത്തിൽനിന്ന് വീണ്ടും ആളെ വരുത്തി .കൃഷ്ണന്റെ ദ്വാരകാപുരിയിലേക്ക് ഇങ്ങനെ സഹായിച്ചത് മലബാറിലെ ഫണീശവര്ഗ്ഗ(നാഗരബ്രാഹ്മണർ)ആണ്. കാരണം സാംബനെന്നത് ദ്രാവിഡനായ ഋക്ഷരാജാവ് ജാംബവാന്റെ പുത്രിയിൽ കൃഷ്ണനുണ്ടായ പുത്രനാണ്. ഭരദ്വാജനാണ് ഇന്ത്യയിലെ ആദ്യമാഗബ്രാഹ്മണനെന്നു പറയാം. ആ ഗോത്രത്തിന് ഇന്ത്യയിൽ നൂറോളം ശാഖകളുണ്ടായിരുന്നു. ഇതിലൊന്നിൽനിന്നാണ് ഉഗ്രസേനന് ആളെ വിളിച്ചത്. ഇതിലൊന്നിലെ ഭരദ്വാജനെയാണ് ഭരതമഹാരാജാവ് ദത്തെടുത്തത്. 1137 എഡിയിലെ ഗയഗോവിന്ദപുരലിഖിതമെഴുതിയതും മാഘബ്രാഹ്മണവംശജരാണ്. മൂലത്താനം(മുൾട്ടാൻ)ഇവരുടെ മൂലസ്ഥാനമായി കണക്കാക്കുന്നു. രാമഗിരിയിലെ ചിത്രകൂടത്തിലാണ് ഭരദ്വാജന്മാരുടെ ആശ്രമസ്ഥാനം. കേരളത്തിലെ വന്ദേരിമാടഭൂപതിമാരുടെ പെരുമ്പടപ്പിലെ വാസസ്ഥാനത്തിന് ചിത്രകൂടമെന്നു പേരുവന്നത് അവരും ഭരദ്വാജരായതുകൊണ്ടാണ്.ഭണ്ഡാർക്കറുടെ അഭിപ്രായത്തില് വരാഹമിഹിരനും മാഘബ്രാഹ്മണനാണ്. ഗ്വാട്ടിമാല,രോമകപുരം,മയസംസ്കൃതി ഇവയറിയുന്നത് മാഘബ്രാഹ്മണരുടെ സഞ്ചാരിസംഘങ്ങള്ക്ക് പ്രയാസമായിരുന്നില്ല.വരാഹമിഹിരന്റെ ആർക്കിടൈപ്പല് സ്മൃതിയിലാണ് അവ അറിയപ്പെടുന്നത്.കൃഷ്ണന്റെ ആവശ്യപ്രകാരം യുധിഷ്ഠിരനുവേണ്ടി സഭാമണ്ഡപം പണിത മയനും മാഘബ്രാഹ്മണനാണ്. ആൽബറൂണിയുടെ ഗ്രന്ഥപ്രകാരം ഇവര് പതിനൊന്നാം നൂറ്റാണ്ടുവരെയും ഇന്ത്യയിൽ ധാരാളം ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ ജനനം പ്രവചിച്ചതും ബാലനായ

ക്രിസ്തുവിനെ കാണാനെത്തിയതും (3 രാജാക്കന്മാർ) കേരളഭരദ്വാജഗോത്രത്തിലെ മാഘബ്രാഹ്മണരാണ്. അവർ പുരോഹിതർ,വൈദ്യർ,എല്ലാ ദുർവ്വിധികളേയും അകറ്റുന്ന പുണ്യവാന്മാരെന്നെല്ലാം വിളിക്കപ്പെട്ടവരും സൂര്യാരാധകരും കുഷ്ഠം മാറ്റുന്നവരും എന്ന രീതിയിൽ ഇന്ത്യയിലാകെ അറിയപ്പെട്ടവരും ആയ മാഗികളാണ്. ഇവരാണ് കൃഷ്ണജനനവും പ്രവചിച്ചത്. അതായത് ശാകദ്വീപർ വന്നത് അലക്സാന്ററുടെ ശേഷമെ ,ശ്രീകൃഷ്ണനുശേഷമോ അല്ല. രാമായണകാലത്തിനും മുമ്പാണ്. അതലാന്തം മുങ്ങിയ കാലത്താണ്. ബംഗാൾ ബ്രാഹ്മണർ രാഢീയർ,വീരേന്ദ്രര് എന്ന് രണ്ടുതരമാണ്.സിദ്ധളമാണ് വടക്കേ രാഢ. ദക്ഷിണരാഢ വില്വഗവാസവും (ഇപ്പോഴത്തെ മുർഷിദാബാദ് അല്ല.പണ്ട് രാഢ എന്നറിയപ്പെട്ടിരുന്ന സ്ഥലമാണ് മൂർഷിദാബാദ്.)

ബ്രാഹ്മണരുടെ സഞ്ചാരം കൊണ്ടുള്ള സ്ഥലംമാറ്റം അഥവാ Migration (PP 33-35.Sanskrit Inscriptions of North India Dr Akhilesh K Dubey)കാശ്മീരംമുതൽ കന്യാകുമാരിവരെ പലവട്ടം നടക്കുന്നത് രാജാക്കന്മാർ അവരെ ബഹുമാനിക്കുന്നതും ആദരിക്കുന്നതും കൊണ്ടാണ് .ഇത് തെളിയിക്കാനായി അനവധി ലിഖിതങ്ങളാണ് അദ്ദേഹംഉദ്ധരിക്കുന്നത്.ഇതിൽ പടിഞ്ഞാട്ട് Migration ഉണ്ടായിട്ടില്ല എന്ന് എടുത്തുപറയുന്നു.It is thus evident that the Brahmanas migrated to the East ,North and South ,southwest,avoiding directions of extreme west . ചംബലിനുകിഴക്കോ സിന്ധുവിന് പടിഞ്ഞാറോ ബ്രാഹ്മണർ പോകാറില്ലെന്ന് ആൽബറൂണി. അതായത് തങ്ങളുടെ ആദ്യകാലവാസസ്ഥാനം വിട്ട് എങ്ങും പോകാത്ത ആദിമവംശമാണ് ഗൊണ്ട്വാനാലാന്റ് അഞ്ചായിപിരിയും മുമ്പ് ഇവിടെ ഉണ്ടായിരുന്നവരും ,അന്നത്തെ ചരിത്രപരമായ ആർക്കെയിക്ക് ഓർമ്മവെച്ച് രാമായണകാലത്തിനുതൊട്ടുമുമ്പ് ഇവിടെ വന്നു കൂടിയ ശാകദ്വീപവാസികളുമായ വർഗ്ഗം. ഭരദ്വാജാശ്രമമായ ചിത്രകൂടത്തിൽനിന്ന് ചംബൽവരേയും സിന്ധുവിന് തൊട്ടപ്പുറത്ത് ഗാന്ധാരകേകയംവരെയുമാണ് ഇവരുടെ യാത്രകൾ.അതിനപ്പുറം പോകേണ്ടിവരുമ്പോൾ അവര് ബ്രാഹ്മണധർമ്മമുപേക്ഷിച്ച് ക്ഷത്രിയധര്മ്മവും വൈശ്യധർമ്മവും ശൂദ്രധർമ്മവും എടുക്കും.4 വർണ്ണങ്ങളുടെ ധർമ്മവും പഞ്ചമവേദമായ സംഗീതവും അഭ്യസിച്ച് പാലിച്ച സമുദ്രപാലയോഗിയായിരുന്നു ദ്വാരകാതുറമുഖത്തിന്റെ തലവനായ ശ്രീകൃഷ്ണൻ. ശ്രീകൃഷ്ണകാലത്താണ് ഹരപ്പൻവാണിജ്യം പരമോന്നതി പ്രാപിച്ചത്. പൂഞ്ഞയുള്ള ഋഷഭം ,സംഗീതോപകരണങ്ങളുടെ ഉപയോഗം, മച്ചയന്ത്രം,ശ്രീവത്സചിഹ്നം എല്ലാമുണ്ട് ഹരപ്പയിലെ സീലുകളിൽ. രാജപുത്രർ ചന്ദ്രവംശത്തിലും സൂര്യവംശത്തിലും പെട്ട ബ്രാഹ്മക്ഷത്രരാണ് .അവർ അവശ്യഘട്ടത്തിൽ ആയുധമെടുത്ത് ക്ഷത്രിയരാവും .മറിച്ച് രാഷ്ട്രം ത്യജിച്ച് ബ്രാഹ്മണ്യവും

സ്വീകരിക്കും. കാന്യജിലെ ജയരാജനെ വത്സഗോത്രത്തിൽ പഞ്ചപ്രവരങ്ങളായ ഭാർഗ്ഗവ,ഔർവ്വ,ച്യവന,ആപ്രവര,ജാമദഗ്ന്യനോട്ടു ചേർത്തുപറയുന്നു.(വത്സർ വാകാടക,മൂഷക,യാദവവംശജരാണ്).ഇതുപോലെ ക്ഷത്രിയവൃത്തി ഉപേക്ഷിച്ച് വൈശ്യവൃത്തി സ്വീകരിച്ചവരാണ് രാജ്സ്ഥാനിലെ അഗർവാല്,മഹേശ്വരികൾ, ഓസ്വാലർ(ഉമേശ്വാൾ).ഉപ്പും തോലും മാസവുമൊഴിച്ച് മറ്റുവസ്തുക്കളുടെ ക്രയവിക്ര യം ഇവർ നടത്തും. വെള്ളി,സ്വർണ്ണം,മുത്ത്,രത്നം,അശ്വമെന്നിവയാണ് സാധാര ണ ഇവരുടെ കച്ചവടം.ശാസനങ്ങൾ ലേഖനം ചെയ്യലും പ്രശസ്തിപത്രമെഴുതലും വൈശ്യവൃത്തിയിലാണ് പെട്ടിരുന്നത്. ഇവർ ദീർഘദൂരസഞ്ചാരങ്ങള് നടത്തി നാടുകൾകണ്ട് (സിദ്ധയാത്ര)അനേകം അറിവുകൾനേടുകയും ചെയ്തിരുന്നു. മൂഷകവംശത്തിലെ ചന്ദ്രവർമ്മനെന്ന രാജാവുമുതല് അനേകം പേര് ഇത്തരം സഞ്ചാരം ചെയ്തിരുന്നതായി അതുലൻ രേഖപ്പെടുത്തുന്നു.വണികനഗരങ്ങളുടെ ഭരണം അവർ തെരഞ്ഞെടുത്ത പഞ്ചകുല(പഞ്ചജന)ങ്ങളാണ് നിർവ്വഹിച്ചിരുന്ന ത്. (പാഞ്ചാലർ,പ്രപഞ്ചപ്രവരർ, പഞ്ചജനങ്ങൾ,ഐന്തിണൈകൾ ഇവരെല്ലാം ഇത്തരം കുലസംഘങ്ങളാണ്)കുലസംഘങ്ങളുടെ കൂട്ടായ്മയാണ് ചന്ദ്ര,സൂര്യ, അഗ്നികുലങ്ങളുടെ ഭരണരീതി.അതൊരുകാലത്തും ഏകാധിപത്യമായിരുന്നില്ല.

എഡി 900ൽ ഇബ്ന ഖുർദാസ്ദ ഇന്ത്യയില് 7 തരം ആളുകളുണ്ടെന്നെഴുതിയത് അൽ ഇദ്രിസി (പതിനൊന്നാം നൂറ്റാണ്ട്)ഉദ്ധരിക്കുന്നു. 1.സക്രിയ, 2 ക്ഷത്രിയ, 3.ബ്രാഹ്മണ,4 ശാർദ്ദൂല(ശൂദ്ര),5.ബനിയ(വൈശ്യ)അഥവാ വശിയ, 6.ശബ്ദാലിയ (സന്ധാലിയ)പാട്ടുകാർ, 7.ശാക്യ (മായാവികൾ,വാദ്യോപകരണം വായിക്കുന്നവ രും നർത്തകരും.സക്രിയരെന്നത് സദ്ക്ഷത്രിയരാവാം (Sanskrit inscriptions of North India)മദ്ധ്യപ്രദേശിലെ ഛട്ടിസ്ഘാർഹ് ലിഖിതങ്ങളില് രത്നപൂര് കാലാച്ചു രികളുടെ സാമന്തരാജാവും വൈശ്യവൃത്തിയിൽഏർപ്പെട്ടവനുമായ മന്ത്രി വല്ലഭ രാജനെ പ്രകീർത്തിക്കുന്നു. നല്ല യോദ്ധാവും ഈശ്വരചിന്തകനും അനേകം ക്ഷേ ത്രങ്ങൾ,തടാകങ്ങൾ,മാന്തോട്ടങ്ങളുണ്ടാക്കിയവനുമാണ് അദ്ദേഹം. അതിനാ ൽ രത്നദേവ രണ്ടാമന്റെ പത്നി ലാച്ചല്ലദേവി അദ്ദേഹത്തെ സ്വപുത്രനു തുല്യം സ്നേഹി ച്ചിരുന്നതായി പറയുന്നു. (വിവരണം കൊണ്ട് ഇത് മൂഷകവംശത്തിൽ പറയുന്ന വല്ലഭനാകാനാണ് സാദ്ധ്യത. ശൃംഗാരമഞ്ജരികഥയിൽ ഭോജരാജാവ് അശ്വവാ ഹനസിദ്ധി,ഗജായുർവ്വേദം,വാണിക് കല,ദ്യൂതരഹസ്യം,വൈശകോപനിഷത്ത് എന്ന കാമശാസ്ത്രം ,ചിത്രകല,പുസ്തകകല,ഇവയിലെല്ലാം അദ്വിതീയനായ ഒരു വൈശ്യപുത്രനെ പരാമർശിക്കുന്നു. ശൂദ്ര,വൈശ്യജനങ്ങളിൽ പാട്ട്,നൃത്തം,സാഹി ത്യം, സംഗീതവാദ്യോപകരണങ്ങളുടെ ജ്ഞാനം ഇവ പെടുന്നു.പക്ഷേ,ഇവ ഉപ യോഗിച്ചിരുന്നവരും പ്രയോഗിച്ചിരുന്നവരും പോഷിപ്പിച്ചിരുന്നവരും ബ്രഹ്മക്ഷത്രി

യരാണതാനും.അതിനാൽ ഇവരില്ലാതെ ഒരു ചടങ്ങും ഒരു ക്ഷേത്രത്തിലും കൊട്ടാരത്തിലുമില്ല. സിന്ധുലിപിയിലും ഇവരുടെയെല്ലാം സാന്നിദ്ധ്യമാണ് ഞാന് കാണുന്നത്. കായസ്ഥ,കരണ,ലേഖക,ലിപികവർഗ്ഗത്തിൽപെട്ട എഴുത്തുകാര് ശൂദ്ര, വൈശ്യ,ക്ഷത്ര,ബ്രഹ്മവംശങ്ങളിലൊക്കെ പെട്ടവരാണ്.വൈജയന്തി ഇവരെ ശൂദ്രരെന്ന് പറയുന്നു. പക്ഷേ ശൂദ്രരെക്കുറിച്ച അദ്ധ്യായത്തിൽ ഇവരെ ചേർക്കുന്നുമില്ല. അഭിജ്ഞാനചിന്താമണിയില് ദേവലന് ശൂദ്രനാണ്.വൈജയന്തിയിൽ ബ്രാഹ്മവർഗ്ഗവും. സ്മൃതിയിൽ സങ്കരവർഗ്ഗമാണ് ആഭീരർ.അമരകോശത്തിലും അഭിജ്ഞാനചിന്താമണിയിലും വൈശ്യരാണ്. മറ്റെല്ലാ ഗ്രന്ഥങ്ങളിലും ക്ഷത്രിയരും. അതായത്,അവരവരെടുക്കുന്ന ജോലി(പ്രൊഫഷൻ) വ്യത്യസ്തമാകയാൽ പലയിടത്തും ഒരേ കുലത്തിന് വ്യത്യസ്തവർണ്ണനാമം കൊടുക്കുന്നു.വർണ്ണാശ്രമധർമ്മത്തിലെ വ്യത്യാസം കർമ്മം കൊണ്ടാണ്,ജന്മം കൊണ്ടല്ല. ഹാരീതസ്മൃതിയെ ഉദ്ധരിച്ച് ലക്ഷ്മീധരൻ ഗൃഹസ്ഥകാണ്ഡത്തില് ശുദ്ധഹൃദയനായ ശൂദ്രന് കലുഷഹൃദയനായ മറ്റു മൂന്നു വർണ്ണത്തിലെ മനുഷ്യരേക്കാളും ആദരണീയനാണ് എന്നു പറഞ്ഞിരിക്കുന്നു. വ്യാകരണവും ശാസ്ത്രങ്ങളും പഠിപ്പിക്കാനും ആയുധമെടുത്ത് യുദ്ധം ചെയ്യാനും തന്ത്രവിദ്യക്കും ലക്ഷ്മീധരൻ ശൂദ്രരെയാണ് മിടുക്കരെന്ന് പ്രഖ്യാപിക്കുന്നത്. കൃഷി, ഗോരക്ഷ,ഭാരോദ്വഹനം,വില്പന,ചിത്രരചന,പെയിന്റിങ്ങ്,വാദ്യോപകരണാദികലകൾ ഇവയെല്ലാം ശൂദ്രര് ചെയ്തിരുന്നതായി ദേവലമുനി രേഖപ്പെടുത്തുന്നു. തേനും തോലും മാംസവും അരക്കും മദ്യവും ഒഴികെ മറ്റെല്ലാം ശൂദ്രനു വില്ക്കാമെന്ന് കാളികാപുരാണം. ബൃഹദ് പാരാശരീയം മാംസവും മദ്യവും വില്ക്കരുതെന്നേ വിലക്കുന്നുള്ളു. ശൂദ്രന്മാരുടെ 18 ശ്രേണി(ഗിൽഡ്,വേളിർ)കളുണ്ടായിരുന്നു. അഭിജ്ഞാനചിന്താമണിയിൽ ഹേമചന്ദ്രന് ഇവരെ പ്രാകൃതികളെന്നു പറയുന്നു. കംബാലിഖിതത്തിലും ഗാർവാല് ലിഖിതത്തിലും ഇവരെ പ്രകൃതികളെന്നു വിളിക്കുന്നു. ജംബുദ്വീപപ്രജ്ഞാപ്തി എന്ന ജൈനഗ്രന്ഥത്തിൽ ഇവരെ തൊടാനും തീണ്ടാനും പാടില്ലാത്തവരെന്ന് ആദ്യമായി വിഭജിച്ച് മാറ്റിനിർത്തുന്നു. ആ ഗ്രന്ഥമാണ് ഇവരെ നാരുവ,കാരുവ എന്ന് രണ്ടാക്കിയത്.

നാരുവാ (തൊടാനും തീണ്ടാനുമാവുന്നവര്)	കാരുവാ (തൊടാനും തീണ്ടാനും പാടില്ലാത്തവർ)
1.കുംഭാര(മൺപാത്രം)	10.കമ്മായനി(മോച്ചി)ചെരിപ്പുകുത്തി
2.പട്ടൈത്താ(നെയ്ത്ത്)	11.ജന്തപിലഗൻ(എണ്ണയാട്ടുന്നു)
3.സുവർണ്ണകാര(തട്ടാന്)	12.ഗാഞ്ചിയ(ഗച്ചിഗ)
4.സൂപ(വ)കാര(മുറമുണ്ടാക്കുന്നു)	13 ചിമ്പായ(നിറംമുക്കുന്നു)
5.ഗന്ധർവ്വ(പാട്ടുകാരൻ)	14.കാംസ്യകാര(ചെമ്പുപാത്രംഉണ്ടാക്കുന്നു)

6.കസവഗൻ(ബാർബർ)	15.ശീവക(ഉന്നക്കാരൻ) അടിമ
7.മാലാകാരൻ(മാലകെട്ടുന്നവൻ)	16.ഗ്വാര
8.കച്ചക്കാരൻ	17.ഭീല
9.തംബോലിയൻ	18.ധീവര(മുക്കുവ)

എല്ലാ ബ്രഹ്മദേയവും ബ്രാഹ്മണരുടെ പേരിലാണെങ്കിലും , അവ ഈ 18 പ്രകൃതികൾക്കുകൂടിയുള്ളതാണ് എന്ന സവിശേഷതയുണ്ട്. ഏഴാംനൂറ്റാണ്ടിലെ ഒറീസ്സയിലെ ഗ്രാമദാനത്തിലെ സതണ്ണുവായഗോകുട് ശൌണ്ഡകാദിപ്രകൃതഃ എന്ന വാക്യം ഇത് എടുത്തുകാണിക്കുന്നു. യാദവമഹാസാമന്തഭില്ലക രണ്ടാമൻ (1000 എഡി) അഹമ്മദ്നഗരത്തിലെ ലിഖിതത്തിലെ ശാസ്ത്രാദ സപ്രകൃത്യോപേതമെന്ന വാക്കും ഇതാണ് കാണിക്കുന്നത്. ജൈനലിഖിതങ്ങളിൽ ഇവരെ അഹ് മാ (അധർമ്മ) എന്നു പറയുന്നു.ഇത് സംഘകാലത്തെ ലിഖിതങ്ങളിലോ സൈന്ധവകാലത്തോ നടപ്പില്ലായിരുന്നു. അംബിഷ്ഠ(വൈദ്യ) മാഗധ(ഗായക) ആർദ്ധിക(ഒരു വസ്തുവിനെ അർദ്ധിക്കുന്ന ജോലി ചെയ്യുന്ന ഉറമുഖമീനവത്തലവൻ)



ശ്രേഷ്ഠി അഥവാ മാഹിഷ്യൻ മുതലായവരെല്ലാം സങ്കരജാതിയാണ്.വൈശ്യവൃത്തി സ്വീകരിച്ചവരുമാണ്.

ചില പ്രധാനസങ്കരജാതിക്കാർഃ-

1.നാപീതർ(അംബഷ്ഠർ) ബ്രാഹ്മണൻ പിതാവും ശൂദ്രസ്ത്രീ മാതാവും

2.കൈവർത്തന് നിഷാദനും അയോഗവസ്ത്രീയും അല്ലെങ്കില് മാർഗ്ഗവ അഥവാ ദാശസ്ത്രീ.

3. മഹിഷ്യ ക്ഷത്രിയപുരുഷനും വൈശ്യസ്ത്രീയും .ബ്രഹ്മവൈവർത്തപുരാണത്തില് ഇവർ കൈവർത്തതുല്യരാണ്. ബ്രഹ്മവൈവർത്തപുരാണത്തിലെ മറ്റു സങ്കരജനം സ്ത്രീപുരുഷന്മാര്ഃ-

1.. ഗോപന്മാർ (ശ്രീകൃഷ്ണനെ വളർത്തിയത് ഇവരാമ്)

2. ഭില്ലർ

3.മോദകർ.

4. ക്ലവരർ

5. തംബൂലി

6.സുവർണ്ണകാര

7.വണിക്കുകൾ (1 തൊട്ട് 7 വരെയുള്ളവരെ സദ്ശൂദ്രരെന്നു വിളിക്കുന്നു.)

8.മാലാകാര

9.കർമ്മകാര

10.ശംഖകാര

11. കുബിന്ദക)തന്തുവായ)

12. കുംഭകാര

13 .കംസകാര (8 മുതല് 13 വരെയുള്ളവരാണ് നല്ല അഥവാ സദ് കാരുക്കൾ)

14. ആത്താളികാകാര (ആശാരി)

15 കൊടകന് (വീടുണ്ടാക്കുന്നവർ)

16.തീവര

17 തൈലകാര

18.ലാട

19.മല്ല

20 ചർമ്മകാരസുന്ദി

21.പൌണ്ഡ്രക

22 രജക

23കൺലാലി.

കായസ്ഥനെന്നത് എട്ടാംനൂറ്റാണ്ടുവരെ ഒരു ജോലിപ്പേരാണ്. ഒമ്പതാംനൂറ്റാണ്ടു മുതൽ കായസ്ഥന്മാരുടെ വ്യത്യസ്തകുടുംബങ്ങളേ കാണുന്നു. വാണിജ്യത്തിലേർപ്പെട്ടവരെ പൊതുവെ പറഞ്ഞിരുന്ന പേരാണ് കായസ്ഥനെന്ന് ഇവരുടെ നാമങ്ങളിൽനിന്ന് അറിയാം.

1. വല്ലഭ (വളവ).രാജവല്ലഭരെന്നും പറയും.വാണിജ്യത്തിലേർപ്പെട്ട ഇളംതലമുറത്തമ്പുരാക്കന്മാർ
2. ഗൌഡർ
3. മാഥുരർ
4. കഠാരിയ
5. വാസ്തവ്യ(ശ്രീവാസ്തവ, സക്സേന)
6. നെഗമ(നിഗമ)
7. ഇവരെയെല്ലാം ചേർത്ത് പിൽക്കാലത്ത് ജാട്ടുകള് (യാദവവംശംഎന്നും വിളിക്കുന്നു.

   ഗാഹദവാല,ചാണ്ഡെല്ല ,കാലചുരി ലിഖിതങ്ങളിൽ ഇവരെല്ലാം പ്രധാനപ്പെട്ട വ്യക്തികളാണ്.വിഷ്ണുധർമ്മസൂത്രം (എഡി 300) രാജാക്കന്മാ ർ കായസ്ഥരെ ആധാരമെഴുതാനും ലിഖിതം രേഖപ്പെടുത്താനും സാക്ഷിനില്ക്കാനും നിയമിക്കുന്നതായി പറയുന്നു. യാജ്ഞവല്ക്യസ്മൃതിയിലും കായസ്ഥന് ഇതേ ജോലിയാണ്. ഗുപ്തകാലത്ത് ഗുമസ്തനാണ് കായസ്ഥൻ. കോട്ട, ക ൺസവാ ലിഖിതകാലം വരെ (8ആം നൂറ്റാണ്ട്)അങ്ങനെയാണ്. പ്രഥമ കായസ്ഥ,ജ്യേഷ്ഠകായസ്ഥ (ദാമോദർപൂര് ലിഖിതം)എന്ന് ഹെഡ് ക്ലാർക്ക് എന്ന തസ്തികയും കാണുന്നു. പത്താംനൂറ്റാണ്ടിലെ ഹരിസേനലിഖിതങ്ങളിൽ ലേഖകനെന്നത് കായസ്ഥപര്യായമാണ്.ചിലലിഖിതങ്ങളിൽ കരണ, കരണിക എന്നും കാണാം. കരദവ,കരണവ,കാരണവ (തലപ്പള്ളി കക്കാട്ടു കാരണവ എന്ന പോലെ)മുതലായ പദങ്ങളും വാണിജ്യത്തിലേർപ്പെട്ട രാജവല്ലഭരായ ഇളംതലമുറക്കാരുടെ ചീഫിനെ സൂചിപ്പിച്ച് വിളിച്ചിരുന്നത് കേരളത്തിലും കാണാം.(പന്ത്രണ്ടാം നൂറ്റാണ്ടിലെ വടക്കേ ഇന്ത്യയിലും ഇതുകാണാം) കരണം നിർവ്വഹിക്കുന്നവരായ ആളുകളെന്നേ അർത്ഥമുള്ളു. 13ആം നൂറ്റാണ്ടിലെ മഥുരയിൽ ലിപികൃതകുലം കായസ്ഥരുടെ ഒരു ശാഖയാണ്.ശ്രീവാത്സവന്മാർ ബുന്ദേൽഖണ്ഡിലും ഗൌഡര് ബംഗാളിലും വല്ലഭർ വളഭി(കേരളം)യിലും മാഥൂർ മഥുരയിലും കഠാരിയമാര് മഥുരയിലും നിന്നു വന്നിരുന്നു. നിഗമസംഘത്തിലെ പഞ്ചകുലത്തിലെ അംഗങ്ങളാണ് നെഗമ,പാഞ്ചോലി മുതലായവർ. വളഭി അഥവാ വളപട്ടണത്തിലെ

മൂഷകവംശമാണ് വല്ലഭവംശം. വല്ലഭവംശം കേരളത്തിൽ മാത്രമല്ല,വടക്കേ ഇന്ത്യയിലും പ്രധാനമായ നിഗമപഞ്ചകുലസാന്നിദ്ധ്യമായിരുന്നു. 1118 എഡി യിലെ ചേദി ജാജാജലദേവന്റെ രത്നപൂർ ലിഖിതത്തില് ശാസ്ത്രസാരജ്ഞ രിൽ അദിതീയനും ബുദ്ധിമാനും കാശ്യപഅക്ഷപാദദർശനങ്ങളില് പണ്ഡി തനും വാദിക്കാൻ വരുന്ന ശത്രുക്കൾക്ക് സിംഹവും രാഘവന്റെ പത്മപാദ ത്തിൽ അചഞ്ചലഭക്തിയാല് കല്പതരുപോലെ മേഘം വർഷിപ്പിക്കുന്നവനും ധർമ്മിഷ്ഠനും വാസ്തവ്യകുലത്തിന്റെ താമരപ്പൊയ്കക്ക് സൂര്യനും ധർമ്മരാജ ന്റെ വംശജനും രത്നപുരത്തിലെ കാലചുരിരാജാക്കന്മാരുടെ കുടുംബലേഖക നുമായ രത്നസിംഹനെന്ന വല്ലഭവംശക്കാരനെ പരാമർശിക്കുന്നു.1109 എഡിയിലെ വിജയരാജന്റെ കാലത്തെ അർത്ഥുനലിഖിതത്തില് വല്ലഭ കുടുംബത്തിലെ കായസ്ഥരാജപാലപുത്രൻ ശാന്തിവിഗ്രഹികവാമനനാലെ ഴുതപ്പെട്ടത് എന്നു കാണാം. അക്ഷപടലികനെന്ന വാതേശ്വരൻ 1091 എഡിയിലെ ചാലൂക്യൻ കർണ്ണന്റെ (ഒന്നാമൻ)ശുനകദാനം എഴുതിയിരി ക്കുന്നു. അക്ഷപാടലികനെന്നാൽ റെക്കോഡുകള് സൂക്ഷിക്കുന്നവനെന്ന് അർത്ഥം. അതായത്,രാജകുടുംബത്തിലുള്ളവരെ ഉമസ്ഥന്മാരാക്കി റെക്കോ ഡുകൾ സൂക്ഷിക്കുന്നുണ്ട്.അവരേയും കായസ്ഥരെന്ന് പ്രൊഫഷന്റെ പേരി ലാണ് വിളിക്കുക.

കരണർ വ്രാത്യക്ഷത്രിയരുടെ മക്കളോ ,വൈശ്യനായ അഛന് ശൂദ്രസ്ത്രീയിലു ണ്ടായ മക്കളോ ആകാം. അമരകോശത്തിന്റെ ഭാഷ്യകാരൻ ക്ഷീരസ്വാമിയും വൈജയന്തിയും കരണരും കായസ്ഥരും പര്യായമായി പറയുന്നു. സൂത്രങ്ങ ളിലും സ്മൃതികളിലും മഹാഭാരതത്തിലും കരണമെന്ന നാമമുണ്ട്. കായസ്ഥനെ ന്നത് ഇല്ല.അതിനാൽ കരണനെന്നതാണ് പഴക്കമുള്ള പേർ. ഹർഷചരിത കാലത്ത് ഈ രണ്ടുനാമവും ചേർന്ന കരണികായസ്ഥരെന്ന നാമം കാണാം. കരണരെന്നാൽ പണ്ഡിത,സാഹിത്യകാരന്മാരായ scribes , കരണികരെ ന്നാൽ നിയ മപരമായ ആധാരമെഴുതുന്ന legal document writers എന്ന് രണ്ടായി ചന്ദേല, ഗുഹില,കാലചൂരികൾ ഈ ജോലിയെ തിരിച്ചിരുന്നു.കരണർ മന്ത്രി,സേനാപതി മുതലായ ഏറ്റവും ഉയർന്ന പദവികളിലാണ് ഇരുന്നിരുന്ന ത്. ഇവരാണ് പടക്കേ ഇന്ത്യയിലെ പിന്നീടുള്ള കാലത്തെ ഠാക്കുറുകളായത്. പന്ത്രണ്ടാം നൂറ്റാണ്ടിലെ ചൌഹാൻഭരണകാലത്ത് ശ്രീകരണനെന്ന പേരി ലാണ് ഒദ്യോഗികസഭ പ്രവർത്തിച്ചിരുന്നത്. കേരളത്തിലും ശ്രീകാര്യം നട ത്തുന്ന കുലസംഘത്തലവനായിരുന്നു ശ്രീകാരണവസ്ഥാനമുള്ള രാജവംശ ജന്മാർ. കരണികര് പ്രശസ്തി എഴുതലും താമ്രപത്രലിപികള് എഴുതലുമാണ്

ചെയ്തിരുന്നത്. പക്ഷേ അവരും സംസ്കൃതഭാഷാവിജ്ഞരും വിദ്യാംബുധികളു മായിരുന്നു. 1214 എഡി കാലചുരി പ്രതാപമല്ലന്റെ കാലത്ത് പെൺല് രമ്പ്രന്ത് ലിഖിതം എഴുതിയ പ്രതിരാജാ ഒരു വിദ്യാംബുധിയായിരുന്നു. (എപ്പിഗ്രാഫിക്ക ഇൻഡിക്ക. XX111 .6)ഹേമചന്ദ്രന്റെ ശലാകാപുരുഷചരിതത്തിൽ(ജൈനകൃതി) മ്ലേഛന്മാരുടെ ലിസ്റ്റിലാണ് ദ്രാവിഡരുള്ളത്. ജൈനരുടെ ലിസ്റ്റിൽ മാത്രമാണ് ഇങ്ങനെ കാണുന്നത്. ഹേമചന്ദ്രന്റെ മ്ലേഛർ (അഥവാ മെലൂഹർ) ഇവരാണ്. ശാക,യവന.രോമക,പാർസ,മുരുണ്ഡ,ബർബ്ബര,ചീന.ഹൂണ, എന്നീ വിദേശികളും ശബര,ഭില്ല,പുളിന്ദ,കിരാത,കായ,ഖാസ,ഉദ്രസ,ഗോധ്രു അഥവാ ഗുർജ്ജര,ദ്രാവിഡരെന്നീ സ്വദേശികളും.ചെരിപ്പുകുത്തി ജൈനർക്ക് തീണ്ടാനാവാത്തവനാണ്. വല്ലഭകുലക്കാർ പ്രധാനമന്ത്രിമാരായി വാഴുന്ന കാലചുരിയിൽ ചെരിപ്പുകുത്തിയായ ദേവപാലന് ഈശ്വരഭക്തിയാലും ഭൌതികനേട്ടങ്ങളാലും ബഹുമാന്യനായി ഖൽ വാടികയില് (റായ് പൂർ ജില്ലയിലെ ഖലരി. മദ്ധ്യപ്രദേശ്)നാരായണനു വേണ്ടി ഒരു വിഷ്ണുക്ഷേത്രം പണിതു.(cii. 1V ,P CL XIX PP 65. Sanskrit Inscriptions of North India)നാഗരാജധാനിയിൽ വളർന്നുവന്ന ദേവകിയുടെ 6 മക്കള് സന്യാസിമാരും , നന്ദഗോപനെന്ന വൈശ്യഗൃഹത്തില് വളർന്ന കൃഷ്ണനെന്ന മകന് ഗൃഹസ്ഥനുമായി എന്ന് ഹേമചന്ദ്രന് ത്രിഷഷ്ടിശലാകാപുരുഷചരിതത്തിൽ എഴുതിക്കാണുന്നു. യശോവർമ്മന് ജന്മം നല്കിയ ദേവകിയെപ്പോലെ (പുത്രോർജന്മോന്നതംശിരഃ)ശിരസ്സ് ഉയർത്തിനടന്നു എന്ന് ഒരു ലിഖിതത്തിലുണ്ട്. (ബുന്ദേൽഖണ്ഡ്).

പാതകൾ,ഗതാഗതമാർഗ്ഗങ്ങൾഃ-

രാജാക്കന്മാർ തങ്ങളുടെ യാത്രകളില് വിവിധതരം പാതകളാണ് വെട്ടിയിരുന്നത്. ഇവയെ ശൃംഗാടകം അഥവാ ശൃംഗരൂപത്തിലുള്ള മുക്കൂട്ടപ്പെരുവഴി, തിഗ്ഗമെന്ന മുക്കൂട്ടപ്പെരുവഴി, ചൊക്ക അഥവാ ചിത്രകൂടമാതൃകയിലുള്ള നാൽക്കൂട്ടപ്പെരുവഴി (കര്ണ്ണാടകത്തിലും പഴയ മലയാളത്തിലും നാലപ്പാട്ട്) ചച്ചര (അനേകം വഴികൾ സന്ധിക്കുന്ന ചക്രരൂപമായ പെരുവഴി, മഹാപഥം(ഗ്രാന്റ് ട്രങ്ക് റോഡ്)ഗജമാർഗ്ഗം (ആനകൾക്കു സഞ്ചരിക്കാനുള്ള പാത എന്നിങ്ങനെ

പലവിധം പേരിട്ടു വിളിച്ചിരുന്നു.



രഥ്യ,മാർഗ്ഗം,പഥം,ഗോപഥം എന്നെല്ലാം റോഡിന് പേരുണ്ടായിരുന്നു. ഘട്ട ത്തി ൽ, തോണികളും ജലമാർഗ്ഗത്തിലെ സന്ധികളില് സാർത്ഥവാഹകരും ചുങ്കം കൊടുത്തിരുന്നു. മാർഗ്ഗദായം (അഥവാ രഥ്യ)എന്ന് ഇതിനും പേരുണ്ടാ യിരുന്നു. ചമ്പ,ഉജ്ജയിനി മുതലായവ ചച്ചരങ്ങളായിരുന്നു. ഉത്തരമഥുര മുത ലിങ്ങോട്ട് ദക്ഷിണാപഥംവരെ നീണ്ടുകിടക്കുന്നമഹാപഥം കച്ചവടക്കാരും, തീ ർത്ഥാടകരും രാജാക്കന്മാരമെല്ലാം ഉപയോഗിച്ചിരുന്നു. മാൾവ എല്ലാ പ്രദേശ ങ്ങളുമായും കരമാർഗ്ഗം സന്ധിച്ചിരുന്നു.ചരിത്രാതീതകാലംമുതൽ,12-13 നൂറ്റാണ്ടുവരെ ഒരേ പാതയിലൂടെയാണ് ജനസഞ്ചാരമെന്ന് അക്കാലങ്ങളിലെ സാഹിത്യരചനകളെല്ലാം ചൂണ്ടിക്കാണിക്കുന്നു.ഇന്ത്യയിൽ

കാന്യജ്,മഥുര, അതിൽ വാട,ധാര,ബാദി,ബയാന ഇവിടങ്ങളിലാരംഭിക്ക്ന്ന15 വ്യത്യസ്തമാർഗ്ഗങ്ങളുണ്ടെന്ന് ആൽബറൂണി പറയുന്നു. കാന്യജില്നിന്നുള്ള പ്രധാനവഴി പ്രയാഗവഴി കിഴക്ക് താമരലിപ്തിയിലേക്കും തെക്ക് കാണ്ഡിലേക്കും നീണ്ടുകിടക്കുന്നു.പ്രയാഗവരെയുള്ള വഴിയിൽ ജാജന്നൌ, അമപുരി,കദാ, ബ്രഹ്മശില എന്നീ സ്ഥലങ്ങള്. ഡോൽപൂരിലെ ബാദി(വാടി)യിൽനിന്ന് ഗംഗ സമുദ്രത്തിൽ വീഴുന്ന സ്ഥാനം വരെയുള്ള പാത ഇന്നും പഴയ പാതതന്നെയാണ്. ഈ പാത അയോദ്ധ്യ,കാശിവഴി ദക്ഷിണാപഥവുമായി ബന്ധിക്കപ്പെടുന്നു. പിന്നെ വടക്കുകിഴക്ക് സരവർ(ഗോരഖ് പൂർ)പാറ്റ്ന,മുരഗർ,ബഗൽപൂര് (ചമ്പാ) ദുഗമപൂർ വഴി ഗംഗാമുഖം വരെ ചെല്ലും. കപിലവസ്തു(നേപ്പാൾ)വിൽനിന്ന് ബുദ്ധന്റെ പരിനിർവ്വാണമാർഗ്ഗത്തെ ഗേറ്റ് കടന്ന് കട്ടകുപാടങ്ങളിലൂടെ 30 കിമീ സഞ്ചരിച്ചാൽ ഗൊരഖ്പൂർആയി. (ഈ വഴിയാണ് ബുദ്ധൻ തന്റെ കൊട്ടാരം വിട്ട് ഇന്ത്യയിലേക്ക് വന്നത്)

മറ്റൊരുപാത കാന്യജിൽനിന്ന് ആശീ(ആലിഗർ ഉ.പ്രദേശ്)ജന്ത്ര,രജൌരി മുതൽ ബയാന(ഭരത്പൂർ)വരെ നീളുന്നു. മൂന്നാമത്തേതാണ് കാനൌജിൽനിന്ന് പാനിപത്ത്,അതക്ക,കാബൂൾവഴി ഗസനിയിലെത്തുന്നത്. നാലാമത്തേത് കാനൌജ്,കാമരൂപം,നേപ്പാൾവഴി തിബത്തിലേക്കാണ്. അഞ്ചാമത്തേത് ബാരാമൂലമുതൽ ആദിസ്ഥാനം വരെ .ഇത് ബയാനഎന്ന ഭരത്പൂരിലൂടെ മാർവ്വാർമരുഭൂമി,ഭാട്ടി,ലോഹോർ തുറമുഖത്തേക്കും(കറാച്ചി)ധാരവഴി ബയാനയിൽനിന്ന് ഉജ്ജയിനിയിലേക്കും പോകുന്നു. ഇനിയൊന്ന് ദില്ലിയിൽനിന്ന് അജ്മീർവഴി അഹമ്മദ്ബാദിലേക്ക് കന്യജ്-ബയാന ദിശയിൽത്തന്നെ പോകുന്നതാണ്. (മോതിചന്ദ്ര പേജ് 21-22 ഇന്ത്യയിലെ സംസ്കൃതലിഖിതങ്ങൾ).സാർത്ഥവാഹകരുടെ ദേശി(പ്രാദേശിക)സംഘങ്ങൾ അതാതുദേശത്തെ വനവാസികളും ഉൾപ്പെട്ടതാണ്. വ്യത്യസ്തദേശികളുടെ കൂട്ടായ്മയായി രാഷ്ട്രമാകെ ഒരു സാർത്ഥവാഹകസംഘം(ഗിൽഡ്)പ്രവർത്തിച്ചിരുന്നു. അവരിലൂടെയാണ് കരയിലും കടലിലുമുള്ള വാണിജ്യം സുഗമമായി നടന്നിരുന്നത്. ദേശികനെന്നാൽ ദേശത്തിൽനിന്ന് ദേശത്തിലേക്കു സഞ്ചരിക്കുന്ന സഞ്ചാരിയാണ്. മേള,മേളീയ എന്നാണ് ഇവരുടെ സംഗമത്തിനു പറഞ്ഞിരുന്നത്. ദേശീയവണിക് സംഘങ്ങൾ സമ്മേളിക്കുന്ന മേളകൾ അഥവാ കൂടലുകൾ(കുംഭമേള, മാമാങ്കം,ഇരുങ്ങാലക്കൂടൽ മുതലായവ)ഇത്തരം സംഗമസ്ഥാനങ്ങളിലായിരുന്നു. ദേശീയവണിക് മേളീയ എന്നാൽ ,A group or guild of travelling vaniks എന്ന് ഹേമചന്ദ്രനെ ഉദ്ധരിച്ച് അഖിലേഷ് ദുബേ (പേജ് 129).1145 എഡിയിലെ നാദാലി ലിഖിതം (വനചാരകന്മാരെല്ലാം അഭിനവപള്ളി ബദരി, നാദാലി

യിലെ ഒരു ദേശിയിൽ കൂടി, ക്ഷേത്രവരുമാനത്തിനായി തുക നീക്കിവെച്ചത്), 973ലെ ഹർഷലിഖിതം(ബ്രാഹ്മഹദേശി ഓരോ കൂടകം ഉപ്പിനും ഒരു വിംശോപദം ശാകംബരിക്ഷേത്രത്തിന്)എന്നിവ ഈ അഭിപ്രായം ശരിവെക്കുന്നവയാണ്. ഒമ്പതാംനൂറ്റാണ്ടിലെ കർണ്ണാല് പെഹോർലിഖിതം അശ്വവണിക്കുകളുടെ ഒരു ദേശിയേയും സംഘത്തേയും പരാമർശിക്കുന്നു. Interstate,interregional ദേശികരായ സഞ്ചാരികളുടെ വണിക്സംഘങ്ങൾ കൂടി പ്രാദേശികവണിക്ദേശികളി ൽ അംഗങ്ങളായിരുന്നു എന്ന് സാരം. അതിനാൽ മുമ്പുകണ്ട നൈഗമവും ദേശിയും ഒന്നുതന്നെയാണ്.കേരളത്തിലെ അഞ്ചൂറ്റവരും അറുനൂറ്റവരും നാല്പത്തെണ്ണായിരത്തവരും ,അഞ്ചുവണ്ണവും മണിഗ്രാമവും ഇത്തരം സംഘങ്ങളാണ്. അതിൽ ഏതെങ്കിലും ഒരു വിദേശിക്ക് ഏതെങ്കിലും കാലത്ത് താല്ക്കാലിക അംഗത്വം ലഭിക്കുന്നത് കച്ചവടാവശ്യങ്ങൾക്കുമാത്രമാണ്. രാഷ്ട്രഭരണത്തിനുള്ള അധികാരമല്ല അത്. മാർഗ്ഗപതി,മാർഗ്ഗാധികാരി,എന്ന് വടക്കേന്ത്യയിലും കാപ്പുതമ്പുരാനെന്നും കാപ്പിരിക്കുന്നവനെന്നും തമിഴിലും മലയാളത്തിലും അറിയുന്ന രാജവല്ലഭരായ വളഭർ ഇവരെ നിയന്ത്രിച്ചിരുന്നു.ഇതിന് അവരെ സഹായിച്ചിരുന്നത് വനവായികളായ കായവരായിരുന്നു(പഴശ്ശിരാജയുടെ കാലം വരെ ഇതായിരുന്നു സ്ഥിതി)

ശ്രീകൃഷ്ണന്റെ കാളിയമർദ്ദനം യമുനയിലുണ്ടായി. ഇതൊരു സിംബലാണ്. നയധമ്മക്കഹാ എന്ന പ്രാകൃതഗ്രന്ഥത്തിൽ,കാളിയവായ(കാളിയമുഖം)എന്നത് അതിഭയങ്കരമായ സൈക്ലോണാണ്.കടലിലെ കൊടുങ്കാറ്റും കോളും ചുഴിയും ചുഴലിയും ,കടലിലെ കൊള്ളക്കാരേയും മകരമത്സ്യങ്ങളേയും ജയിച്ച് സമുദ്രയാത്ര നടത്താനുള്ള തുറമുഖത്തിന്റെ അധീശത്വം വഹിക്കേണ്ടവനാണ് ശ്രീകൃഷ്ണന്. അതിനാലാണ് നദിയിലെ ചെറിയ ചുഴലിയെ കുഞ്ഞായിരിക്കുമ്പോൾത്തന്നെ ജയിച്ച് പഠിച്ചത്. ഹരപ്പസംസ്കൃതിയുടെ ആരംഭദശയിലാണ് ശ്രീകൃഷ്ണന്റെ ജീവിത കാലം. ഒരു മിത്തിലുപരി,ജീവിച്ചിരുന്ന ചരിത്രപുരുഷനായ കൃഷ്ണനെ കാണാനാവാത്തത് നമ്മുടെ അറിവില്ലായ്മ മാത്രമാണ്. മലബാർതീരത്തെ തുറമുഖങ്ങളത്രയും ദ്വാരകയുടെ ശക്തമായ ലീഡർഷിപ്പിലാണ് ഹരപ്പൻവാണിജ്യത്തിന്റെ ഭാഗഭാക്കുകളായ കുലസംഘങ്ങളായി പ്രവർത്തിച്ചത്. ഭരദ്വാജ,ഭൃഗു,യദു,ശതകർണ്ണി, ഇക്ഷ്വാകു,അഗ്നി,മൂഷകവംശക്കാരുടെ കുലസംഘങ്ങളാണ് ഇവയെ നയിച്ച രാജവല്ലഭരുടേത്. പുന്നയൂർക്കുളത്ത് മൂഷകവനം(എലിയങ്ങാട്) കോവിലകത്തിന്റെ തൊട്ടടുത്ത് പൂഴിക്കള,ആറ്റുപുറം എന്ന് രണ്ട് ചന്തകളുണ്ടായിരുന്നു. ഇതിലെ ആറ്റുപുറം പുഞ്ചക്കോൾകായലിനോടുചേർന്ന് പറവൈയ്യൂരിനോ

ട്(പത്രർ)തൊട്ട് കിടക്കുന്നു. കായലാണടുത്ത്.ആറ്(നദി)അല്ല. എന്നാലും പേര് ആറ്റുപുറമെന്നാണ്. ഇതെങ്ങനെ വന്നു. ഭാട്ടേര പ്ലേറ്റിലെ ലിഖിതം ഹട്ടിയഗൃഹ,ഹട്ടാവര,ഹട്ട എന്നീ ചന്തകളെ മദ്ധ്യേന്ത്യയിൽ പറയുന്നുണ്ട്. ഹട്ടാവരം (വലിയചന്ത)അപഭ്രംശമാണ് അറ്റാവരം എന്നത്.ഇത് ആറ്റുപുറമായതാവാം. മൂഷകവനക്കാരുടെ തന്നെ തട്ടകത്തിൽ ഭാട്ടേരിപ്പാടിന്റെ പാടമെന്ന ഒന്ന് കാണുന്നത് ഭാട്ടേരപ്ലേറ്റിനോടു താരതമ്യപ്പെടുത്താം. മൂഷകവംശവും മദ്ധ്യേന്ത്യയിലെ കാർത്തവീര്യന്റെ വംശമാണല്ലോ. പൂഴിക്കള പൂഴിനാടിനെ ജയിച്ച വിജയചിഹ്നമായി നാമകരണം ചെയ്യപ്പെട്ട ബ്രഹ്മദേയമാണ്. എല്ലാത്തരം വണികഹട്ടകളും താമസിക്കുന്ന വണിക്ഗ്രാമമാണ്,വന്നേരിനാടിന്റെ ഗ്രാമക്ഷേത്രമായ ഗോവിന്ദപുരത്തിന്(ഇതിലെ വിഷ്ണുപ്രതിഷ്ഠ യുധിഷ്ഠിരനാണ് ചെയ്തത്)തൊട്ടാണ് പൂഴിക്കള. പരമാരന്മാരുടെ യശോധർമ്മന്റെ കല്യാൺലിഖിതത്തില് 14 വണിക്കുകളുടെ വണിക്ക് ഹട്ടയെപ്പറ്റി പറയുന്നുണ്ടല്ലോ.അതുപോലെ ഒന്ന്. തലപ്പള്ളി കാരണവരുടെ കുന്നംകുളവും ഇതുപോലെ പ്രസിദ്ധമായ മറ്റൊരു ഹട്ടയായിരുന്നു. അഞ്ഞൂറ്റവരുടെ അഞ്ഞൂരും ചിറ്റഞ്ഞൂരും അടുത്തുതന്നെ. മഹാജനങ്ങളും (ജനപദത്തിലെ)ഗ്രാമീണരും ഒത്തുചേരുന്ന ഇത്തരം വലുതും ചെറുതുമായ അനേകം വാണിജ്യകേന്ദ്രങ്ങളും അവയെ ബന്ധിപ്പിക്കുന്ന സഞ്ചാരപഥങ്ങളും സമുദ്ര,കരമാർഗ്ഗങ്ങളിലൂടെ ചുരുങ്ങിയത് 8000 വർഷമായി നടക്കുന്ന കച്ചവടവും ആശയവിനിമയവും ഇന്ത്യാഉപഭൂഖണ്ഡത്തിന് തനതായ ഒരു ചരിത്രവും സംസ്കാരവും നല്കി ജനതയെ ഒന്നാക്കി നിര്ത്തിയതിന് ആർക്കിയോളജിക്കലും ,സാഹിത്യപരവും ലിഖിതങ്ങളിലൂടെ ലഭിച്ചതുമായ തെളിവുകൾ അനേകമാണ്.ഇന്ത്യക്ക് ചരിത്രമില്ല എന്നു പറയുന്നവരാരും ഈ തെളിവുകളൊന്നും പരിശോധിച്ചവരോ പഠിച്ചവരോ ആയിരിക്കാനിടയില്ല. ഇന്ത്യക്ക് മിത്തുകളല്ലാതെ ചരിത്രമില്ലെന്നു ബുദ്ധിജീവികൾ പറയുമ്പോൾ,ബുദ്ധിയില്ലാത്ത അവരെ നോക്കി ഈ തെളിവുകളെല്ലാം കള്ളക്കണ്ണിട്ടു ചിരിക്കുന്ന കൃഷ്ണരൂപമാർജ്ജിച്ച് എന്റെ കണ്ണില് പ്രത്യക്ഷമാവുന്നു.

ദ്വാരികാദാനം(ചുങ്കം)

ദ്വാരം അഥവാ വാതിലിൽ(ഗേറ്റ്)കൊടുക്കേണ്ട ദാനം അഥവാ ചുങ്കമാണ് ദ്വാരികാദാനം. മേവാർ,ഭരത്പൂർ,രജോർ,അർത്ഥുന ലിഖിതങ്ങള് പ്രകാരം,

1.ഒരു മൃഗത്തെ വിറ്റാൽ ഒരു ദ്രമ്മം.

2.ഒരു കൊമ്പുള്ള മൃഗത്തെ(ഒന്നിനെ)വിറ്റാൽ കാൽദ്രമ്മം

3. ഒരു കുതിരയെ വിറ്റാൽ ഒരു ദ്രുപകം

4. ഒരു ലാടൻ കൊടുക്കേണ്ടത് ഒരു തുലാ

5.പൂ വില്ക്കുന്നവൻ ഒരു ദിവസം ഒരു ചതുശ്ശരം

6.ഒരു ചാക്ക് ധാന്യത്തിന് ഒരു വിംശോപകം

7. ഒരു ഘടകകുപകനെയ്യിൽനിന്ന് 2 പാലിക വീതം

8. ഒരു ചോളികക്കെട്ട് ഇലയിൽനിന്ന് 50 ഇല (ഇല നഗരത്തിനു പുറത്തുനിന്ന് കൊണ്ടുവന്നതാണെങ്കിൽ

9.ഒരു ഭാരകം നാളികേരത്തിന് ഒരു നാളികേരം

10 ഒരു മൂടകം(ചാക്ക്)ഉപ്പിൽനിന്ന് ഒരു മാനകം

11. ആയിരം അടക്കയിൽനിന്ന് ഒരടക്ക

12.ഒരു കോടിക തുണിക്ക് ഒന്നര ദ്രുപകം

13.ഒരു ജാല(മൊട്ടുകളുടെ പൂങ്കുല)യ്ക്ക് 2 പൂവ്

14. ഒരു സ്വർണ്ണ,വെള്ളി,ലോഹക്കട്ടിക്ക് 2 ശന്താ

15.ഒരു തലച്ചുമട് കാലിത്തീറ്റ അഥവാ വൈക്കോലിൽനിന്ന് ഒരു വൃഷവിംശോപകം

16.ഒരു കർഷം എണ്ണക്ക് ഒരു പാനകം എണ്ണ

17.ഒരു ചാക്ക് പഞ്ചസാരയിൽനിന്ന് ഒരു ദ്രമ്മം

(പ്രാദേശികമായ വ്യത്യാസങ്ങൾ അനുവദിച്ചിരുന്നു.പക്ഷേ സാമാന്യനിയമം ഒന്നുതന്നെ. അതാതുദേശത്തെ വസ്തുക്കളുടെ ദൌർല്ലഭ്യം ,സുലഭത ഇവ അനുസരിച്ചാണ് വ്യത്യാസം)

ബാലിയിൽ കുതിരമാർക്കറ്റില് ഒരു കുതിരയെ വിറ്റാല് ഒരു ദ്രമ്മം ദേവീക്ഷേത്രത്തിലേക്ക്, 2 ദ്രമ്മം സംഘപതിക്ക്,ഓരോ ദ്രമ്മംവെച്ച് എത്ര മദ്ധ്യസ്ഥരുണ്ടോ അവർക്ക് കൊടുക്കണം. ഇന്ത്യയിലെ ചൈത്രക്കൂടലിൽ(ചൈത്രമാസത്തിലെ കൂടലിൽനിന്നാണ് ചിത്രകൂടമെന്ന നാമം വന്നത്)ഓരോ സംഘത്തിലെ അം

ഗവും അവരവരുടെ ഉല്പാദനവസ്തുവോ തത്തുല്യമായ ധനമോ രാജാവിന് കാഴ്ച ദ്രവ്യമായി കൊടുക്കും. അതിനുപകരം രാജാവ്,അഥവാ മുഖ്യൻ അവർക്ക് കോടിമുണ്ടും പഴവും അരിയും കൊടുക്കണം. ഓണം വിഷു മുതലായ വിളവെടുപ്പുത്സവങ്ങൾ,പൊങ്കൽ മുതലായവ ഇത്തരം സമൂഹാധിഷ്ഠിതമായ ബന്ധങ്ങളുടെ ഉത്സവങ്ങളാണ്. നെയ്യ്,പാൽ,എണ്ണ,മുതലായവ ഗോപന്മാരും എണ്ണക്കാരും രാജാവിനും ക്ഷേത്രത്തിനും കൊടുക്കും. പകരം രാജാവിന്റെ സംരക്ഷണം അവർക്കുണ്ട്.ക്ഷേത്രത്തിലെ ആനുകൂല്യങ്ങളുമുണ്ട്. അർഘത്തം(ജലചക്രം കൊണ്ട് വെള്ളമെടുക്കുന്ന കിണർ),ചക്രം കൊണ്ടുവറ്റിച്ച് ചലസേചനം ചെയ്ത കൃഷി ഇവ ഹരപ്പകാലംമുതലേ ഇന്ത്യയിലുണ്ട് . ഓരോരുത്തരും എല്ലാം ഈശ്വരന്റേതാണെന്നും താനതിനെ പരിപാലിക്കാൻ ഏല്പിക്കപ്പെട്ട പ്രതിനിധി മാത്രമാണെന്നും കരുതി ഈശ്വരാർപ്പണമായി ധർമ്മാർത്ഥം കർമ്മം ചെയ്യുന്നു. ഇങ്ങനെയാവുമ്പോളാണ് കർമ്മരംഗത്ത് മാക്സിമം പൂർണ്ണത കൈവരിക്കാനും രാഷ്ട്രപുരോഗതിക്കും ഓരോരുത്തരും ഭാഗഭാക്കാവുന്നത്. അതായത്, ഇന്ത്യയിലെ കുലസംഘങ്ങളുടേത്, ഒരുതരം specialized ,civilized community living എന്നു പറയാവുന്ന കമ്യൂണുകളുടെ സംഘജീവിതമായിരുന്നു.(മാർക്സ് ഇതിനെ കമ്യൂണിസമെന്നുതന്നെ വിളിച്ചു) ജാതിയോ മതമോ അല്ല, professionalism ,ധർമ്മം എന്നിവയായിരുന്നു വർണ്ണാശ്രമധർമ്മത്തിന് അടിസ്ഥാനം.

ഒരു സാമന്തന് തന്റെ കീഴിലെ അനേകം ഗ്രാമങ്ങളിൽനിന്ന് ശേഖരിക്കുന്ന നികുതിവരവ് ചെലവുചെയ്യാനും ചില നിയമങ്ങളുണ്ട്. ആകെ ശേഖരിച്ച നികുതിയുടെ പന്ത്രണ്ടിലൊരുഭാഗം അയ്ൾക്കുതന്നെ എടുക്കാം. ബാക്കി ഇങ്ങനെ വിഭജിച്ചുകൊടുക്കണം.

1. പട്ടാളത്തിന് നാലിലൊന്ന്
2. ദാനധർമ്മങ്ങൾക്ക് 24ൽഒന്ന്
3. പ്രജകളുടെ യോഗക്ഷേമത്തിന് 24ല്ഒന്ന്
4. ഉദ്യോഗസ്ഥർക്ക് 24ലൊന്ന്
5. മറ്റാവശ്യങ്ങൾക്ക് 24ൽ1 .ഇതും ആദ്യം നീക്കിവെച്ച പന്ത്രണ്ടിലൊന്നുംകൂടി ചേർത്തതിന്റെ അരഭാഗം സാമന്തന് രാജാവിന് കൊടുക്കണം. അതായത് ഈ ധാന്യം അയാളൊറ്റക്കല്ല, കൊട്ടാരത്തിലെ സർവ്വഉദ്യോഗസ്ഥരും രാജാവും പ്രജകളും കൂടിയാണ് ഉപയോഗിക്കുന്നത്.

ഒരുവർഷത്തില് 100000 കാർഷാപമം ലഭിക്കുന്ന ഒരു രാജാവ് അതെങ്ങനെ ചെലവഴിക്കണമെന്ന് ശുക്രനീതി വിസ്തരിക്കുന്നു.

1. സ്വന്തം ചെലവിന് 1500
2. ഗ്രഹസ്ഥന്മാർക്ക്   100
3. മന്ത്രിമാർക്ക്   300
4. രാജകുടുംബങ്ങൾക്ക് 300
5. പണ്ഡിതർക്ക്   200
6. കാലാൾ,കുതിരപ്പട്ടാളം 4000
7. ആന,ഒട്ടകം,കാള,സേനാപതി   400
8. ബാക്കി ഭണ്ഡാരത്തിലിടേണ്ട് 1500
   (രാജാവ് സ്വന്തചെലവിനെടുക്കുന്നതും ക്ഷേത്രഭണ്ഡാരത്തിലിടുന്നതും തുല്യമാണ്)

ചൈത്രം(ഫെബ്രുവരി,മാർച്ച്,ഏപ്രിൽ)റെവന്യൂ കണക്കാക്കുന്ന കാലമാണ്. (മഹേന്ദ്രപാല 1 പ്രതാപ്ഗര് ലിഖിതം) അപ്പോഴാണ് ചിത്തിരക്കുടലും നടക്കുന്നത്. ഭാദ്രപദം (സപ്തംബർ)വാർഷികരാജഭോഗം(നികുതി) കാഴ്ചവെക്കണം (നോദോൽപ്ലേറ്റ് കീർത്തിപാലൻ). ചൈത്രോത്സവത്തിനാണ് നികുതി ലഭിക്കുക (അർത്ഥുന ലിഖിതം). ബംഗാളിൽ പൌഷത്തില് (ഫെബ്രുവരി,മാർച്ച്)വിളവെടുപ്പ് കഴിഞ്ഞാലുടനെ നെല്ല് രാജഭോഗമായി ലഭിക്കും. കേരളത്തിലെ ഓണം ,വിഷു,പൊങ്കലെന്നിവയും ചിത്തിരക്കുടലും ഇത്തരം ഉത്സവങ്ങളും രാജഭോഗവും ചേർന്നതാണ്. നികുതി പണമല്ല,ഉല്പാദനവസ്തുവിന്റെ ഒരു ചെറിയ പങ്കുമാത്രമാണ്. നിർബ്ബന്ധങ്ങളോ അടിച്ചമർത്തലുകളോ കൂടാതെ ,കളളവും ചതിയുമില്ലാതെ, കുലസംഘങ്ങൾ സമാധാനമായി ജീവിക്കുന്ന മാനുഷരെല്ലാരുമൊന്നുപോലെ ജീവിച്ച കാലമാണ് ഇത് എന്ന് പറയാം. ഇത് ഇല്ലാതായത് കച്ചവടത്തിലും വാണിജ്യസമ്പ്രദായങ്ങളിലും ബ്രഹ്മക്ഷത്രരുടെ ജീവിതരീതിയിലും വനവാസികളുടെ അധികാരപരിധികളിലും രാഷ്ട്രീയശക്തികളിലും വിദേശാധിപത്യത്തോടെ മാറ്റങ്ങൾ വന്നപ്പോഴാണ്.ഇന്ത്യ തീർച്ചയായും ആത്മീയതക്കും ധർമ്മത്തിനും മോക്ഷത്തിനും പ്രാധാ ന്യം കൊടുക്കുന്ന രാഷ്ട്രമാണ്.അവക്കുതാഴെ കെട്ടുറപ്പുളള ഒരു അർത്ഥശാസ്ത്രവും കാമശാസ്ത്രവും അസ്ഥിവാരമായിട്ടുണ്ടായിരുന്നു എന്നാണ് ഈ ചരിത്രം കാണിക്ക



ന്നത്. കൃഷ്ണൻ ഒരു പൂർണ്ണാവതാരമായിരിക്കുന്നത് പുരുഷാർത്ഥങ്ങളെ നാലിനേയും ഒരുപോലെ പോഷിപ്പിച്ച് ,നാലും നേടി ,ചതു ർവ ർണ്ണങ്ങളേയും തന്നില് ഒന്നാക്കി ലയിപ്പിച്ച്,സർവ്വദിശകളിലും സർവ്വകാലത്തും ഇന്ത്യയുടെ സംസ്കാരത്തെ എത്തിച്ചതുകൊണ്ടാണ്. ഹരിയുടെ ഹരപ്പസംസ്കൃതിക്കുമുമ്പും ഇന്ത്യയിൽ ഒരു സംസ്കാരമുണ്ടായിരുന്നു. (ശ്രീരാമനും,പരശുരാമനും പുരുരവസ്സും അതിന്റെ സന്തതികളും വിധാതാക്കളുമാണ്).എന്നാലിത്രയും വിപുലമായ ഒരു ഏകാത്മകരാഷ്ട്രമായി കേന്ദ്രീകൃതസമുദ്രമാർഗ്ഗ, കരമാർഗ്ഗവാണിജ്യ,ഭരണ, ആത്മീയസംസ്കൃതിയായി ഇന്ത്യയെ ലോകപ്രശസ്തമാക്കിയത് ഗോപകുമാരനും (ശൂദ്ര,വൈശിക)സംഗീതജ്ഞനും നർത്തകനും യോദ്ധാവും രാഷ്ട്രമീമാംസകനും യോഗേശ്വരനും നിഷ്കാമകർമ്മസമുദ്രപാലരാജയോഗിയുമായ ,പണ്ഡിതനും പാമരനും സ്ത്രീക്കും പുരുഷനും വർണ്ണാശ്രമം നാലിനും പ്രിയങ്കരനായ, സർവ്വശാസ്ത്രകലകൾക്കും ആധാരമായ പൂർണ്ണപുണ്യാവതാരമായ ദ്വാരകാധീശ്വരൻതന്നെയാണ്. Administration,management,law,dharma,music,dance,vedic knowledge, healing arts,sciences and arts and history- ഏതു ജ്ഞാനമാർഗ്ഗ,ഭക്തിമാർഗ്ഗ, കർമ്മമാർഗ്ഗ,ധ്യാനമാർഗ്ഗത്തിലൂടെ സഞ്ചരിക്കുമ്പോളും ഞാനാ പാദമുദ്രകളാണ് എല്ലായിടത്തും കാണുന്നത്. ഈ മഹാദ്വൈതത്തിന്റെ പ്രകാശനാദതരംഗങ്ങളുടെ ധ്വനികളാൽ, രാഗസാന്ദ്രമാണ് എന്റെ മസ്തിഷ്കസരണികളെല്ലാം.

അഞ്ഞൂറ്റവരും അഞ്ചുവണ്ണവും മണിഗ്രാമവും

അയ്യാവോൾ,വളാഞ്ചിയർ,വീരവളഞ്ചിയർ,നഗരത്താർ,നാനാദേശി(കർ),ഉഭയ നാനാദേശികർ എന്നെല്ലാം പേരുള്ള വണിക(പണിക,ഫണിക)കുലസംഘങ്ങൾ പാഞ്ചാലർ,(പഞ്ചജനം),കുംഭാലികർ(കുടം,ഭരണി ഉണ്ടാക്കുന്ന കുശവർ) എന്നിവരൊടൊപ്പമാണ് പ്രവർത്തിച്ചിരുന്നതും സഞ്ചരിച്ചിരുന്നതും. പ്രശസ്തികളിൽ ചിറ്റി

രമേലി പെരിയനാട്, പടിനെൻഭ്രമി ,വിഷയം (അഞ്ഞൂറ്റവരും 79 നാട്ടുകളും ചേർന്നത്)മുതലായ പദങ്ങൾ കാണാം. ചിറ്റിരമേലി എന്നതിന് സുന്ദരമായ ചെറിയ കലപ്പ എന്ന് അർത്ഥമുണ്ട്. കലപ്പചിഹ്നമുള്ള കർഷക,ഉഴവർസംഘമാണത്. ശബരിമലക്കടുത്ത എരുമേലി എരമേലിയാകാമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. (ചിറ്റഞ്ഞൂരെന്നത് ചെറിയ അഞ്ഞൂർ ആണ്.) കർഷകന്റെ കലപ്പ ബലരാമന്റെ ആയുധമാണ്.വിദേഹത്തിലെ ജനകനും ഇതാണ് ചിഹ്നം.(നാഗവംശം) കാള,കലപ്പ,ചെടി എന്നിവ സൈന്ധവലിപികളിൽ കാണുന്നു .അഞ്ഞൂറ്റവർ പ്രാദേശികമായും ,അനേകം അഞ്ഞൂറ്റവർസംഘങ്ങളിലെ പ്രതിനിധികള് ചേർന്ന അഞ്ചുവണ്ണം ഇന്റർനാഷണലായും പ്രവർത്തിച്ചിരുന്നു. (R.Chembakalakshmy) അതുകൊണ്ടാണ് അഞ്ചുവണ്ണമണിഗ്രാമങ്ങളില് യഹൂദർക്കും അംഗത്വം മലബാറിലെ അഞ്ചുവണ്ണഅംഗങ്ങൾ നൽകിയത്. കാവേരിജില്ലാലിഖിതങ്ങളി ൽഅഞ്ചുമാന, പാഞ്ചുമന്ന എന്നാണ് കാണുന്നത്. ഏഴാം നൂറ്റാണ്ടിലെ അഞ്ഞൂറ്റവരുടെ ഐഹോൾശാസനം കാണാം. കേരളത്തിലും 8,9 നൂറ്റാണ്ടുകളില് അഞ്ഞൂറ്റവർപരാമർശമുണ്ട്. ബീജാപ്പൂർ കർണ്ണാടകലിഖിതങ്ങളിൽ അയ്യാവോൾഅഞ്ഞൂറ്റവരെന്ന മഹാജനങ്ങൾഅഥവാ അഞ്ഞൂറുസ്വാമിമാർ,മഹാഗ്രഹാരത്തിലെ ചതുർവ്വേദി ബ്രാഹ്മണരാണെന്നത് ശ്രദ്ധാർഹമാണ്. ആര്യപുര,അഹിഛത്ര എന്നാണ് ഐഹോളിന് ലിഖിതത്തിലെ പര്യായം. (കൃഷ്ണൻ അഹിഛത്രത്തിൽനിന്നുവന്നവനാണെന്ന ഐതിഹ്യം നമുക്ക് ഓർക്കാം. ലിഖിതങ്ങൾക്കപ്പുറം ഈ സംഘത്തിന്റെ പഴക്കം ഇന്ത്യയുടെ സമുദ്രമാർഗ്ഗ,കരമാർഗ്ഗ വാണിജ്യശൃംഖലയുടെ മുഴുവനും പഴക്കമായതുകൊണ്ട് പ്രത്യേകിച്ചും)കേരളത്തിലെ അഞ്ഞൂരും ചിറ്റഞ്ഞൂരും എരുമേലിയും വളാഞ്ചേരിയും (സ്ഥലനാമം)ഈ സംഘത്തിന്റെ പ്രവർത്തനകേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുകാണേണ്ടവയാണ്. ബണൻജ്ജ അഥവാബണജിനധമ്മ (വാണിജ്യധർമ്മം അഥവാ ഫണഞ്ചുധർമ്മം)ഈ സംഘങ്ങൾ പാലിച്ചു. ഇവരിലെ ആയുധധാരികളായ ബ്രഹ്മക്ഷത്രവിഭാഗം സംഘങ്ങൾക്ക് രക്ഷ(കാപ്പ്)നൽകി. ഇളംചിങ്കം,ചിത്തിരവാലി,എറിവീരൻ,മുനൈവീരൻ,കൊംഗൈവാലർ മുതലായ പല വിശേഷണങ്ങളും ഇവർക്കു നൽകിയിരുന്നു. (യശോദയിൻ ഇളംചിങ്കം എന്ന് ആണ്ടാളും കൃഷ്ണനെ വിളിക്കുന്നു). ഈ സംഘക്കാരുടെ ആയുധശേഖര ങ്ങൾ ഉള്ള നഗരങ്ങളായ എറിവീരാപ്പട്ടണങ്ങളാമ് വാണിജ്യനഗരങ്ങളെ രക്ഷിച്ചിരുന്നത്. തമിഴിൽ അയ്യാവോളിന് അയ്യപ്പോളിൻ,ധർമ്മപ്പൊഴില് എന്നും അവരുടെ നഗരേശ്വരന് അയ്യപ്പോളിൽ പരമേശ്വെ എന്നും പറയുന്നു (ചമ്പകലക്ഷ്മി)ശബരിമലയും ആരുവാമൊഴിച്ചുരവും അയ്യപ്പനാണ് കാക്കുന്നത് ,പാലക്കാട്ടുചുരത്തിലുമുണ്ട് അയ്യപ്പന്റെ കാവൽ. നാനാദിശീയദിശൈഅയിരറ്റു ഐന്തു

റ്റവരെന്നു പഴയ പ്രയോഗം (ആയിരത്തുഅഞ്ഞൂറ്റവര്) ആയിരമല അഥവാ അയിരമല കൊത്തവൈയുടെ സ്ഥാനത്തെ കാണിക്കുന്നു. കേരളം,കർണ്ണാടകം, തമിഴ്,ആന്ധ്ര,മദ്ധ്യേന്ത്യയിൽ സജീവമായ ഈ സംഘത്തെ പരാമർശിക്കുന്ന രാമനാഥപുരം ജില്ല ശിവഗംഗതാലൂക്കിലെ തിരുമലശാസനത്തിൽ ആ ക്ഷേത്ര ത്തിലെ തിരുക്കാവനത്തിൽ ദാനം കൊടുത്തവരുടെ വലിയ ഒരു ലിസ്റ്റ് (എഡി 1233) കാണാം. അവരിൽ ചിലത്:-

1. വടകല വലനാട്തിശൈ ആയിരത്തുഅഞ്ഞൂറ്റവർ.
2. മലൈമണ്ഡലത്തിലെ വെംബത്തുർതിരുക്കൊറ്റിയൂര് മണിയമ്പലം (മണിമംഗലം , മണിഗ്രാമം)
3. അളകൈമാനകരത്തിലെ മണിഗ്രാമം
4. പാണ്ടിമണ്ഡലത്തിലെ മണിഗ്രാമം
5. പെരുനീരവൈദിശൈ ആയിരത്ത് അഞ്ഞൂറ്റവർ
6. ദേശിവല്ലഭർ,കോഴിക്കുറിച്ചിദിശൈ ആയിരത്തുഅഞ്ഞൂറ്റവർ
7. കടിത്താവ്വലദിശൈ ആയിരത്തുഅഞ്ഞൂറ്റവർ.

ഇങ്ങനെ നീണ്ടുപോകുന്ന ഒരു ലിസ്റ്റ്.അഞ്ഞൂറ്റവർ ഭട്ടൻ,അഞ്ഞൂറ്റവർ ഇന്പ ൻതേവൻചെട്ടി മുതലായ നാമങ്ങള് അഞ്ഞൂറ്റവരില് നാനാവർണ്ണങ്ങളേയും ഉൾപ്പെട്ടുത്തിയിരുന്നു എന്നു കാണിക്കുന്നു.8-9 നൂറ്റാണ്ടുമുതല്,14ആംനൂറ്റാണ്ടുവരെ (600 വർഷം)തുടർച്ചയായി പുതുക്കോട്ട,രാമനാഥപുരംജില്ലയിൽനിന്ന് കാവേരി വൈകൈഗ്രാമങ്ങൾവഴി,കിഴക്കേ തൊണ്ടിതുറമുഖംവരേയും പാലക്കാട് കൊട്ട മ്പാലൂർ(ചിലപ്പതികാരത്തിലെ കൊടുമ്പൈ)മണിഗ്രാമം,നഗരത്താർ ഇവരുമായും സ്ഥിരമായി ഗതാഗതബന്ധം ഉണ്ടായിരുന്നു.ചിലപ്പതികാരം എഡി രണ്ടാംനൂറ്റാ ണ്ടിലാണ്.അതായത് 1200 കൊല്ലം ഒരേ പാതയിലൂടെ രു ജനത സഞ്ചരിക്കയും ആശയവിനിമയവും കച്ചവടവും നടത്തുകയും ചെയ്തു. കന്നടഐഹോളിൽനിന്ന് ചിര്റ്റൂർ,പാലാർതാഴ്വരവഴി, തെക്കോട്ട് ആദിവാസികളായ കുറുംബർ ഉപയോ ഗിച്ചിരുന്നു. ഇതേ പഴയ നാടോടിവർഗ്ഗക്കാരുടെ പാതയാണ് സാർത്ഥവാഹക സംഘങ്ങളും ഉപയോഗിച്ചിരുന്നത്. കൃഷ്ണ മൂന്നാമന്റെ രാഷ്ട്രകൂടസൈന്യവും പ ത്താം നൂറ്റാണ്ടിൽ ഇതേ വഴി ഉപയോഗിച്ചു. കാവേരിക്കുവടക്കുള്ള ദേശങ്ങൾ പിടി ച്ചടക്കാൻ സൈന്യങ്ങള് മാർച്ച് ചെയ്ത വഴിയും ഇതുതന്നെ. (പുഗളിയൂർ, അരക്ക ല്ലൂ ർ,തിരുച്ചിറപ്പള്ളി,ശിത്തണവാസൽ തമിഴ് ബ്രാഹ്മിലിഖിതങ്ങൾ). പാലാർകൊ ങ്ങു ദേശത്ത് അഞ്ഞൂറ്റവർലിഖിതങ്ങള് 11ആം നൂറ്റാണ്ടുമുതലേ ഉള്ളു. കൊടുമ്പാലൂ രിലെ ഇരുക്കുവേൾ(വേളിർ)ചോളരുടെ ശാഖയുമായി (ആദ്യകാലശാഖ, മദ്ധ്യകാ

ലശാഖ)വിവാഹബന്ധം പുലർത്തിയിരുന്നു എന്നതും ചോളരും പുതുക്കോട്ട അഞ്ഞൂറ്റവരും തമ്മിലുള്ള ബന്ധവും ലിഖിതങ്ങൾവഴി വായിച്ചെടുത്തിട്ടുണ്ട്. ചോളരും അഞ്ഞൂറ്റവരും തമ്മിലുള്ള ബന്ധം ഏറെ തെളിയിക്കപ്പെട്ട ഒന്നാണ്.(ചേരചോളബന്ധവും 18 വേളിർമാരുടെ ബന്ധവും വന്ദേരിയുടേയും ആദ്യകാലകേരളത്തിന്റേയും ചരിത്രത്തിൽ കാണാം).985ൽ രാജരാജചോളന്റെ കാലത്ത് കാവേരിയുടെ വടക്ക് 18,തെക്ക് 18 എന്ന് 36 പട്ടണങ്ങള് വിഷ്ണുക്ഷേത്രത്തിന് ദാനം ചെയ്ത രേഖകളുണ്ട്. 11ആം നൂറ്റാണ്ടിൽ അയ്യപ്പൊഴില് കാട്ടൂർബസിനിക്കൊണ്ടശിരാവല്ലി (ചിങ്കൽപേട്ട്,ചിറ്റൂർജില്ലകളില്) എറിവീരപട്ടണങ്ങളായിത്തീർന്നു. ജയംകൊണ്ടചോളമണ്ഡലമെന്ന തൊണ്ടൈമണ്ഡലത്തിന്റെ പ്രത്യേകകേന്ദ്രങ്ങളായി. ശ്രീലങ്ക ചോളർ പിടിച്ചടക്കിയ ഉടനെ പൊളൊന്നരുവയിൽ അഞ്ഞൂറ്റവര് സജീവമായി. മദ്ധ്യചോളകാലത്ത് തൊണ്ടൈമണ്ഡലം, കൊംഗു, പാണ്ടി,അംബാസമുദ്രം,തിരുവാലീശ്വരം എറിവീരപട്ടണം എന്നിവയിൽനിന്ന് തെക്കൻകേരളത്തിലേക്കുള്ള ആരംബൊലിചുരം(ആരുവാമൊഴിച്ചുരം താമ്രപർണ്ണിയിലെ പാണ്ഡ്യരുടെ കയ്യിലായിരുന്നു. പന്തളരാജാവ് പാണ്ഡ്യവംശമാണ്)എന്ന ഗതാഗതമാർഗ്ഗം ചോളരുടേതായിതീർന്നിരുന്നു. പാണ്ഡ്യവംശത്തിലെ പന്തളം(അയ്യപ്പവംശം)അന്നേക്ക് ചോളന്റെ സാമന്തനായിരുന്നു.ശക്തനായ രാജാവിനെ അഞ്ഞൂറ്റവരുടെ സംഘം സേവിക്കുന്നു എന്ന് ഈ ചരിത്രരേഖകളെല്ലാം ചൂണ്ടിക്കാണിക്കുന്നു. (ഇന്നും അങ്ങനെയല്ലേ. ശക്തമായഭരണകൂടത്തെ വ്യാപാരികൾ എപ്പോഴും സഹായിക്കുന്നു.തങ്ങളുടെ ആവശ്യങ്ങളെല്ലാം നേടിയെടുക്കാൻ ശക്തമായ ഒരു രാഷ്ട്രീയപിൻബലം ഉണ്ടാവണമെന്ന ആഗ്രഹമാണത്) പാണ്ഡ്യന്റെ നിയന്ത്രണത്തിൽനിന്ന് ചോളന്റെ നിയന്ത്രണത്തിലായതോടെ, ഗതാഗതമാർഗ്ഗത്തിൽമാത്രമല്ല,താമ്രപർണ്ണിയിലെ കൃഷിനിലങ്ങളിലും കൂടി എറിവീരപ്പട്ടണങ്ങളുടെ എണ്ണം ഏറിവന്നു. അഞ്ഞൂറ്റവരെന്ന പേരെടുക്കുന്നതിനു മുമ്പ് ഈ സംഘങ്ങള് ചിറ്റിരുമേലി,പാടിനെൻവിഷയങ്ങൾ,പാടികൾ മുതലായ പേരുകളിലറിയപ്പെട്ടിരുന്നു. 11- 12 നൂറ്റആണ്ടുകളില് ഈ പഴയ പേരുകൾവീണ്ടും പ്രചാരത്തിലായി. പാടി അഥവാ പാണിനെൻവിഷയങ്ങൾ പാടുന്നവർ(പാണ), കാലിമേക്കുന്നവർ,കൃഷിക്കാർ,കച്ചവടസംഘക്കാർ എന്നിവരുടെയാണ്. ചിറ്റിരമേലി ഉഴവർ(കലപ്പ ഉപയോഗിക്കുന്നവർ)ചേർന്ന് വലിയ കർഷകസംഘങ്ങളുടെ (18 വിഷയം ചേർന്നത്)ഒരു മഹാസംഘമാണ്. 18 വേളിർമാര് ചേർന്നതാണ് ഒരു ചിറ്ററശ്. (ചിറ്റിരമേലി,ചിറ്റഞ്ഞൂർ)ചിറ്റിരമേലി പെരിയനാട് ലിഖിതം ഇത്തരമൊരു സംഘത്തിന്റെ മഹാസംഗമത്തിന്റെ രേഖയാണ്. അനേകം ചിറ്റഞ്ഞൂരുകൾ (ചിറ്റൂരുകൾ)ചേർന്ന് ഒരു അഞ്ഞൂർ(ഊർ)ഉണ്ടാവുന്നു.(തമിഴകത്തെ

ഇത്തരം ഊരുകളിലൊന്നാണ് ബാബിലോണിലെ Ur ൽ പ്രവർത്തിച്ചിരുന്നത്.) അഞ്ഞൂരി ന്റെ തലവൻ ഒരു രാജവല്ലഭനാണ്. അല്ലെങ്കിൽ ഒരു ദേശിവല്ലഭനാണ്. കർണ്ണാ ടകത്തിലെ ഒക്കാലുവും ഇത്തരമൊരുസംഘമാണ്. കേരളത്തിലെ ചാത്തിരർസം ഘം(ശാസ്ത്രിരർ അഥവാ ശാസ്ത്രാസംഘം),കർണ്ണാടകത്തിലെ മേലിശാസിരവാ രു, ആന്ധ്രയിലെ മേദിക്കുറ് എന്നെല്ലാം വിളിക്കും. മേദിക്കുറിനെ മിദിയന്മാരെന്നും സഭ കൂടുന്ന സംഘത്തെ സാഭേയരെന്നും യഹൂദ,അറേബിയൻജനത വിളിച്ചത് ഇന്ത്യയിലെ ഹരപ്പമെഹ്ർഗാർഹ് കാലത്തെ കച്ചവടക്കാരുമായുള്ള സമ്പർക്കം കാണിക്കുന്നു.ചീലൈചെട്ടിമാരുടെ മാനാട്(സഭ)കാഞ്ചീപുരത്ത് നടന്നിരുന്നു. ഓരോ ക്ഷേത്രത്തോടും ചേർന്ന് ചീലൈച്ചെട്ടി,കൈൽക്കോല,ശാലീയഗിൽട്ടുകളും ,വെള്ളാള,ബ്രാഹ്മണ,നൊടിയ,കമ്മാള,അനുലോമരഥകാര,പുഞ്ചകൾ കാപ്പതമ്പു രാന്മാരോടു ചേർന്ന് പ്രവർത്തിച്ചിരുന്നു. ഇത്തരം അനേകം കുലസംഘങ്ങളുടെ ഒരു കോൺഫെഡറേറ്റ് സ്റ്റേറ്റ് ആയി റിപ്പബ്ലിക് മോഡലിലുള്ള ഭരണസംവിധാ നമായിരുന്നു ഇന്ത്യയിലെ രാജഭരണം. ഈ സംവിധാനത്തിലേക്ക് വിദേശസം ഘങ്ങളെ ചില നിയന്ത്രണങ്ങളോടുകൂടിയാണ് പ്രവേശിപ്പിച്ചിരുന്നത്. ഈ നിയ ന്ത്രണം കേരളം എടുത്തുകളഞ്ഞതാണ് ചോളന്മാർ ഇങ്ങോട്ടുള്ള ഗതാഗതമാ ർഗ്ഗങ്ങളെല്ലാം കയ്യടക്കാനും അടച്ചുകളയാനും കാപ്പതമ്പുരാന്മാരായ വല്ലഭവം ശത്തെ മുഴുവനും നശിപ്പിക്കാനും കാരണമായത്. 18 അഗ്രഹാരം,18 വേളിർസം ഘം,32 വേളാപുരം,64 കടികൈ(ഘടിക)താവളം എന്നിങ്ങനെ സാർത്ഥവാഹക സംഘങ്ങളുടെ പ്രധാനയാത്രോത്സവസ്ഥാനങ്ങലായി തമിഴ്നാടിലേയും ആന്ധ്രയി ലേയും ലിഖിതങ്ങൾ പറയുന്നു. ഇവയിൽ,വഞ്ചിമാനഗരവും കരുരും, കൊടുമ്പാലൂ രും കുലശേഖരപട്ടിണവും അളകൈമാനഗരവും നാർത്താമലൈയും തൊണ്ടിയും പിരാൻമലയും കടലോരത്തെ തിരുപ്പൂലൈവനവും(പുലിക്കാട്)കോർക്കൈയും കായലും താമ്രപർണ്ണിയും കോവളവും സദ്രസ്സും ടാകിബാറും പെടുന്നു എന്നത് ശ്രദ്ധേയമാണ്. ഈ വാണിജ്യസംഘങ്ങളുടെ സമയം(ഓർഗനൈസേഷൻ) കർണ്ണാടകത്തില് പട്ടണസ്വാമി എന്നറിയപ്പെട്ടു. തമിഴ്നാട്ടിൽ അതില്ല(ഗിൽഡ് മാത്രം). കേരളത്തിലും കർണ്ണാടകത്തിലും അവരുടെ കൂടൽനഗരങ്ങളുണ്ട്. ചോളർക്ക് മലൈമണ്ഡലത്തിൽനിന്ന്(കേരളം)കുതിരച്ചെട്ടിമാർ നല്ല കുതിര കളെ കൊടുത്തിരുന്നു. (9 – 13 നൂറ്റാണ്ടുവരെ)വാണിജ്യക്കാരുടെ എല്ലാ സംഘ ടനകളും ദേശപ്രമുഖരും രാജപ്രമുഖരുമായ വല്ലഭരും ചേർന്നാണ് വാണീയനഗരം (പാടിനെൻവിഷയം, വാണിയൻകുളം നാട്ടുകൾആന്ധ്രയിലെ തെലിക്കി,) എന്ന വലിയ ചന്തകൾ നടത്തിയിരുന്നത്. കച്ചവടത്തിൽ പങ്കെടുക്കുന്ന രാജപ്രമുഖർക്ക്

ചക്രവർത്തിബിരുദം കോയമ്പത്തൂരിലെ പേരൂർമുട്ടം ലിഖിതത്തില് (13-14 നൂറ്റാണ്ട്) കാണാം. രത്നഗിരി ശീവായം, തിരുച്ചിറപ്പള്ളി തിരുവാൾപൊക്കി, പിരണ്മലൈലിഖിതം സമയചക്രവർത്തി എന്നു വിളിക്കുന്നു. രാജവല്ലഭൻ,വാൾനമ്പി മുതലായ അയിനിക്കുറ്റുനമ്പിടിവംശബിരുദങ്ങൾ കേരളമൂഷകവംശചരിത്രത്തിൽകാണുക. 13ആം നൂറ്റാണ്ടിൽ ചോളന്മാരുടെ പതനത്തോടെ തമിഴ്നാട്ടില് ഇവരിലെ പ്രാദേശികനേതാക്കന്മാരായ വീരദലം ,ശൂരദലം പ്രബലമായി. കേരളത്തിൽ സാമൂതിരിമാരും പ്രബലമായി.

ഒരു കുലസംഘത്തിൽ ആരൊക്കെയുണ്ട്:-

1. ചക്രവർത്തി.
2. അനേകം സാമന്തരാജാക്കന്മാര്.
3. ശ്രേഷ്ഠി ,സാർത്ഥവാഹകരുടെ മജ്ജിമകൾ. കച്ചവടം,പണം കടം കൊടുക്കൽ,സഞ്ചാരം,കാലം(സമയം)അറിയിക്കുന്ന വിദ്യ,പശുപാലനം , കൃഷി, കുതിര, ആന,ഒട്ടകം,ഋഷഭം ഇവയുടെ കൈമാറ്റം. ഇതെല്ലാം ജോലികൾ.
4. വിമദ്ധ്യം(വിമജ്ജിക) നിലമുഴുന്നവർ,ജലമാർഗ്ഗങ്ങളുണ്ടാക്കുന്നവർ,കരിമ്പുകൃഷിക്കാർ,ഉുക്കും കട്ടിയുമുണ്ടാക്കുന്നവർ
5. അഹമകൾ.തട്ടാൻ,കുശവൻ,കരുവാൻ,മണ്ണാൻ,വെളുത്തേടൻ,ശില്പ,കർമ്മകാരസമുദായം.

ഓരോരോ ചിറ്റൂരും ഇവരെല്ലാവരുമൊത്തുചേരുന്ന ചിത്രകൂടങ്ങളാണ്. (ചിത്തിരൈക്കൂടൽ)പേജ് 347 Trade In early India .സാംയാത്രികരെന്നും പോതവാണികരെന്നും കടലിലെ സഞ്ചാരികളേയും വാണിജ്യക്കാരേയും വിളിച്ചിരുന്നു. എ.കെ. മജുംദാർ ഗുജറാത്തിലെ ചാലൂക്യരുടെ ചരിത്രത്തില് ജഗദു എന്ന രാജകുമാരന് ഹോർമുസ്സിൽ(പേർഷ്യ)വാണിജ്യത്തിന് ഇന്ത്യക്കാരായ ഏജന്റുമാരാണ് ഉണ്ടായിരുന്നതെന്ന് പറയുന്നുണ്ട്. ശബരിമലകേന്ദ്രമാക്കിയ പുളിന്ദവംശം ദന്തവാണിജ്യത്തിൽ(ആനക്കൊമ്പ്)വലിയൊരു ഘടകമായിരുന്നു. പുളിന്ദരും വനവാസികളുമായി സാർത്ഥവാഹകസംഘം വസ്തുക്കൈമാറ്റം നടത്തുന്നതിന് ഒരു ആചാരമുണ്ടായിരുന്നു. ബൃഹദ്കഥാലോകസംഗ്രഹത്തിൽ ഇത് വിവരിക്കുന്നു. ഇടുങ്ങിയ മലയിടുക്കുകളിൽ തീയിടുന്നു.അത് ഒരു സിഗ്നലാണ്.ഇതുകണ്ട കിരാതന്മാർ കുങ്കുമം,കരിമ്പ്,അരി ,തേൻ,എണ്ണ,ആനക്കൊമ്പ് മുതലായി അവരവരുടെ വിഭവവുമായി എത്തുന്നു. ശബരിമലയിലെ കാണിക്കാരും മറ്റ് ആദിവാസികളും തീയിടുന്നത് ഇതിന്റെ ഓർമ്മപുതുക്കലാണ്.സമയക്കണക്കിൽ മകരനക്ഷത്രം ഉദിക്കുന്ന ദിനം,

പാണ്ഡ്യരാജാവിന്റെ അയ്യാവോള് പ്രതിനിധി അവർക്ക് സ്വർണ്ണനാണ്യങ്ങളും മറ്റുസമ്മാനങ്ങളും കൊടുക്കും. ജ്യോതിശ്ശാസ്ത്രപരമായി ഈ നക്ഷത്രം ഉദിക്കുന്ന ദിനം നോക്കിയാണ് മലയിൽ തീയിടുക. ഈ ആണ്ടുകണക്കും അഗസ്ത്യോദയവും ആദിവാസികൾക്കുപോലും അറിയാമായിരുന്നു.

അനേകം ഭാഷകൾ,ശാസ്ത്രങ്ങൾ,കലകള്, വഴികള്,നാണയവിജ്ഞാനീയം, തൂക്കവും അളവും കപ്പലോട്ടം,ജ്യോതിഷജ്ഞാനം,വൈദ്യം,പ്രപഞ്ചവിജ്ഞാനീയം-എല്ലാം അറിയുന്ന വിദ്വാനാണ് വൈശ്യന്.ലോഹവിദ്യ,ആൽക്കെമി, ഗണിതം, നിയമങ്ങൾ,ലേഖപദ്ധതി,ഗതാഗതം,വാർത്ത,വാഹനങ്ങൾ എല്ലാം അവരുടേതാണ്. വലിയ വിദ്യാമഠങ്ങളും അവയിലെ ഗ്രന്ഥപ്പുരകളും അവയിൽ പഠിപ്പിക്കുന്ന ആചാര്യന്മാരും ബ്രഹ്മജ്ഞാനികളും ഇവരിൽനിന്ന് ബ്രഹ്മദേയം സ്വീകരിക്കുന്നു. രാജാവിന് പത്മനിധിയും ശംഖനിധിയും ഇവരാണ് കൊടുക്കുന്നത്. രാഷ്ട്രനടത്തിപ്പിനു വേണ്ട പണം സമാഹരിക്കുന്നതും ഇവരുടെ നേതൃത്വത്തിലാണ്.ഇവരുടെ നേതാവായി രാജവല്ലഭനായി ഒരു രാജകുമാരനും ഉണ്ടാവും. വണിക്കുകളുടെ ഇത്തരം കോർപ്പറേറ്റ് ബോഡികള് പൂഗ,ശ്രേണി,വ്രാത,വ്രാത്യ,നൈഗമ, സംഘ, സംഘാത,സമൂഹ,സമുദായ,മണ്ഡല,ഗണ,സാർത്ഥവാഹകനാമങ്ങളില് അറിയപ്പെട്ടു. ശ്രേണിയിൽ ഒരേ തൊഴിലിലേർപ്പെട്ട അനേകം വർണ്ണങ്ങളുണ്ടാവും. പൂഗത്തിൽ പലതൊഴിലുചെയ്യുന്ന പലവർണ്ണക്കാര് ഒരേ ഗ്രാമത്തില് താമസിക്കുന്നു. ശരീരംകൊണ്ട്(മാന്വൽ ലേബർ)പണിചെയ്യുന്ന പലതരം തൊഴിൽക്കാരെ വ്രാതമെന്നു പറയും. സാർത്ഥവാഹകസംഘത്തിലും നൈഗമത്തിലും ഇവരെല്ലാവരും പെടും. ഇവരൊന്നിച്ച് സഞ്ചരിക്കുന്നതാണ് ദിഗ്വിജയമെന്നറിയുന്നത്. രാജസൂയത്തിനുമുമ്പ് ധനസമ്പാദനത്തിനായി യുവരാജാക്കന്മാരുടെ നേതൃത്വത്തിലുള്ള സാർത്ഥവാഹകസംഘങ്ങളും ചതുരംഗപ്പടയും ഗായകനൃത്തസംഘവും ദിഗ്വിജയം ചെയ്യുന്നു.ഇത് യുദ്ധത്തിലുപരി ഒരു ശക്തിപ്രകടനവും ഐശ്വര്യപ്രകടനവും സുഹൃദ്സമ്പാദനവും എല്ലാവരേയും രാജസൂയത്തിനു ക്ഷണിക്കലും ഒക്കെച്ചേർന്ന ഒരു യാത്രയാണ്. ചുരുക്കം രാജാക്കന്മാരേ യുദ്ധത്തിനു മുതിരാറുള്ളു. അതുകൊണ്ട് ആളപായം കുറവായിരുന്നു.അഥവാ യുദ്ധം വേണ്ടിവന്നാല്,(ഹിംസ പാപമാകയാൽ,ഓരോ വധത്തിനും(കേരളത്തിലെ രേഖകളില് ഇതിന് മാനുഷം മുറിച്ചതിന് എന്നു കാണാം) രാജാവ് പ്രായശ്ചിത്തം ചെയ്യണം. പ്രായശ്ചിത്തം ദാനം, ധർമ്മം,മരിച്ച(കൊന്ന)വ്യക്തിയുടെ കുടുംബത്തിലെ പുരുഷനെ(പുത്രനെ)രാജാവാക്കി വാഴിക്കല്,പുത്രിയെ വിവാഹം കഴിച്ച് ബന്ധുത്വം സ്ഥാപിച്ച് അവരുടെ വംശവൃദ്ധി വരുത്തലെന്നിവയെല്ലാമാണ്. ക്ഷേത്രനിർമ്മിതിയാണ് മറ്റൊരു പ്രായശ്ചിത്തകർമ്മം.

ഊരും മംഗലവും

ബ്രഹ്മദേയമോ ബ്രഹ്മക്ഷത്രസഭാഭരണമോ ഇല്ലാത്ത പ്രദേശങ്ങൾ ഊരെന്നും , ഇവയുള്ള പ്രദേശങ്ങൾ മംഗലങ്ങളെന്നും പേരുവഹിച്ചിരുന്നു. നൊബോട്ട കരാഷിമ(ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിപ്രസ് 2001)തെക്കേഇന്ത്യന്ചരിത്രത്തേയും സമൂഹത്തേയും കുറിച്ച പഠനഗ്രന്ഥത്തിന്റെ ആദ്യാദ്ധ്യായത്തിൽ ഇത്തരം രണ്ടുപ്രദേശങ്ങളുടെ ഭരണത്തെ ലിഖിതങ്ങളുടെ വെളിച്ചത്തിൽ(9-10 നൂറ്റാണ്ട് ചോളഭരണകാലം)താരതമ്യപഠനം ചെയ്യുന്നു.ഈശാനമംഗലവും അല്ലൂരുമാണ് ഇപ്രകാരം പഠനവിധേയമാക്കിയിരിക്കുന്നത്. ഒരു സമൂഹത്തിൽ സഭ,പരുദ,ഊർ എന്ന് മൂന്ന് ഭരണസംവിധാനനിയന്ത്രണങ്ങളുണ്ട്. സഭയാണ് അനേകം വലുതും ചെറുതുമായ കമ്മിറ്റികളിലൂടെ സമൂഹത്തെ പരസ്പരം ബന്ധിപ്പിക്കുന്നത്. അതിനാൽ പുറമേനിന്നുവരുന്ന ഒരാള് ഈ ഘടകത്തെ മാത്രമേ പരിചയപ്പെടുന്നുള്ളു. കാണുന്നുമുള്ളു. സഭയെയാണ് പുറംനാട്ടുകാർ ബ്രാഹ്മണരാണ് രാജ്യം ഭരിക്കുന്നതെന്ന് രേഖപ്പെടുത്തുന്നത്. പരുദയോ ഊരോ എങ്ങനെ പ്രവർത്തിക്കുന്നു എന്തു ചെയ്യുന്നു എന്നവരറിയുന്നില്ല. പരുദൈ(പരുടൈ)ക്ഷേത്രഭരണത്തിനുള്ള സംവിധാനമാണ്. ഊരാണ് യഥാർത്ഥജനത. അവരാണ് പരുടയേയും സഭയേയും നിയമിക്കുന്നതും നിയന്ത്രിക്കുന്നതും. കാർഷികവ്യവസായമേഖലകളിലേക്കു വേണ്ട വസ്തുക്കൾ ശേഖരിക്കുന്നതും അതിലൊരു വിഹിതം ക്ഷേത്രത്തിനും സഭക്കും അതിന്റെ നടത്തിപ്പിനുമായി നല്കുന്നതും അവരാണ്.

അല്ലൂരിൽ 11 ഖണ്ഡം ഭൂമിയില് 7ഖണ്ഡം ഊരാർക്ക്(നാട്ടുകാർക്ക്),2 ഖണ്ഡം ക്ഷേത്രനടത്തിപ്പിനായി തലവാച്ചാന്റാർക്ക്, ഒരു ഖണ്ഡം പൂജാരിക്ക്(തലൈവാക്കോയിലാർക്ക്)ഒരു ഖണ്ഡം ജലസംഭരണി,തോട് മുതലായവ വഴി ജലസേചനത്തിന് . 11ൽ 7 ഖണ്ഡം നാട്ടുകാരുടേതാണ്.ഈശാനമംഗലത്ത് 23 ഖണ്ഡം ഭൂമിയിൽ 3 ഖണ്ഡം സഭയുടെ നടത്തിപ്പിന്,4 ഖണ്ഡം പരുടയുടെ നടത്തിപ്പിന്, ഒരുഖണ്ഡം കീഴവരാർക്ക്(ഗ്രാമമുഖ്യർക്കും കുടുംബത്തലവരായ വൃദ്ധന്മാർക്കും)2 ഖണ്ഡം സമൂഹം കൂട്ടമായി നടത്തുന്ന പൊതുസ്വത്ത്, 13 ഖണ്ഡം സ്വകാര്യവ്യക്തിക ൾക്ക്. ഇവിടെ പകുതിയിലധികം(23ൽ 13)സ്വകാര്യവ്യക്തികൾക്കാണ്.23ൽ 10 ഭരണനടത്തിപ്പിനും വൃദ്ധന്മാർക്കും സമൂഹത്തിനു പൊതുവേയുമാണ്.രണ്ടു ഗ്രാമങ്ങളുടെ അതിർത്തിദേശങ്ങള് ആർക്ക്,എന്തിന് ദാനം ചെയ്യപ്പെട്ടു എന്നത് ശ്രദ്ധേയമാണ്. അല്ലൂരിൽ 44 അതിർത്തിപ്രദേശങ്ങളെ രണ്ടുപ്രധാനഇനമായി തിരിക്കുന്നു. 1. ചിരുക്കളംചേരി ചന്തിരമംഗലത്തുനീർനിലം അരുമാ 23 ഖണ്ഡം. സമൂഹത്തിന്റെ പൊതുആവശ്യത്തിന്. 2. 8 ക്ഷേത്രങ്ങൾക്കും 13 വ്യക്തികൾക്കും.

21 ഖണ്ഡം

കിഴക്ക് ഐലിൻചിക്കൈവിളൈ (കൃഷിനിലം).പടിഞ്ഞാറ് കണിയാർചേയ് (ജ്യോതിഷിപുത്ര),തെക്ക് നഗരത്താർതോട്ടച്ചുവര് (നഗരത്തിലെ സാർത്ഥവാഹകകച്ചവടസംഘക്കാരുടെ തോട്ടത്തിന്റെ മതില്)ചങ്കരന് പാടിയാർ തോട്ടത്തു മതിൽ,പുളിയൻപറമ്പുരാമന് വഡവൈ,ചിരിയാൻ കുണമന്തരിന് വടവൈ, അല്ലൂർ നാട്ടിയത്താർകൾ(നൃത്തക്കാർ)നിലം. പടിഞ്ഞാറ് കണിയാർചേയ്ക്കുപുറ മേരണ്ടു നൃത്തക്കാരുടെ നിലം(എട്ടൻകണ്ടനും ചിങ്കനീലനും നാട്ടിയത്താർനിലം)ഏട്ടനിലം(എട്ടൻകണ്ടന്റെ അഛൻ) ചിരിയൻ പുല്ലന് അമ്പലച്ചേയ്നിലം ചാത്തൻവയക്കൽനിലം അല്ലൂര് എട്ടികള് നിലം (എട്ടികൾ ക്ഷേത്രഗായകര് അഥവാ ഉവച്ചരെന്ന് കാണുന്നു) എന്നിവയുണ്ട്. വടക്ക് അല്ലൂരിലെ മദ്ധ്യസ്ഥൻ നാന്യാറ്റവർ തേരി ചേയ്. അല്ലൂരിലെ കാര്യങ്ങൾ നോക്കുന്ന നാന്യാറ്റവർഎന്ന സംഘത്തിന്റെ മുഖ്യൻ(കേന്ദ്രസ്ഥാനീയൻ)വടക്കുഭാഗത്തെ അതിർത്തിദേശം പാലിക്കുന്നു.44 ഖണ്ഡത്തിലെ 6.9 മാത്രം സ്വകാര്യവ്യക്തികൾക്ക്. മറ്റെല്ലാം ഗ്രാമക്ഷേത്രം,സഭ,ശ്രേണി മുതലായവയുടെ നടത്തിപ്പിനാണ്.ഇതെല്ലാം നോക്കി നടത്തുന്ന ഉദ്യോഗസ്ഥന്മാർക്കുള്ള ഗവർമ്മെണ്ടുശമ്പളമാണ് ഇവിടെ സ്വകാര്യഭൂമി. അല്ലാതെ അവരുടെ സ്വകാര്യസ്വത്തല്ല. വിദേശഭരണംവരുംവരേയും ഇന്ത്യയിലെ ഭൂമി പൊതുസ്വത്തായിരുന്നു. രാഷ്ട്രനടത്തിപ്പിനുള്ളതായിരുന്നു. ബ്രഹ്മക്ഷത്രവൈശ്യശൂദ്രരുൾപ്പെട്ട ഉദ്യോഗസ്ഥവൃന്ദവും ഊരാരും വെവ്വേറെയായിരുന്നില്ല. ഭിന്നിച്ചിരുന്നില്ല. രാജാവിനുപോലും ജോലിക്കുള്ള ശമ്പളമായാണ് ഭൂമിയിലെ വസ്തുക്കൾ കൊടുക്കപ്പെട്ടുന്നത്.

ഈശാനമംഗലത്ത് വടക്ക് കരികാലക്കരൈ,പടിഞ്ഞാറ് പരുടൈ.കിഴക്ക് ദേവദാനം. ഈശാനമുഗലത്തുണ്ടാക്കിയ നെല്ല് മുഴുവനും സ്വാമിഭോഗം (ഈശ്വരന്റേത്)ആണ്.സ്വകാര്യവ്യക്തികളുടേതല്ല. ഭൂമി സംരക്ഷിക്കുന്നതിന് (ഇരൈക്കാവലാക,ഇരൈക്കാട്ട്)അതിൽനിന്ന് നിശ്ചിതഭാഗം ശമ്പളമായി രാജാവിന് കൊടുക്കുന്നു. തിരുച്ചിറപ്പള്ളിയിൽ ആദ്യകാലചോളഭരണത്തില് ഇരൈ നികുതിയാണ് .(ഇരൈ അഥവാ തീറ്റക്കുള്ളത്)ഇതു ശേഖരിച്ചിരുന്ന കൊട്ടുംബാളൂരിലെ മുഖ്യന് ചില പ്രത്യേക ഇരൈയിളവുകളും പൂർവ്വകാലസേവനത്തിനായി (പെൻഷൻവക)മദ്ധ്യകാലചോളഭരണത്തിൽ അനുവദിക്കപ്പെട്ടിരുന്നു.

ഊരേ ഉളുതുകൊണ്ട് –നാട്ടുകാർതന്നെ കൃഷിചെയ്ത് അത് ക്ഷേത്രത്തിന് വഴിപാടായി സമർപ്പിക്കയാണ് ചെയ്തിരുന്നത്. അതിൽനിന്നുതന്നെയാണ് നാട്ടുകാർക്കും രാജാവിനും മറ്റ് ഉദ്യോഗസ്ഥന്മാർക്കും ഓരോരോ നിശ്ചിതഷെയര് ക്ഷേത്ര

സഭ നിശ്ചയിച്ച് കൊട്ടത്തിരുന്നത്. ഇറൈക്കാവൽ,ഇറൈക്കാട്ട്,ഇറൈയിളി മുതലായ പദങ്ങൾ ലിഖിതങ്ങളിലുണ്ട്. കുടിനീക്കം അഥവാ കുടിയൊഴിപ്പിക്കലെന്ന ഒന്ന് നിലവിലുണ്ടായിരുന്നില്ല. ഇത്രിക്കോയിപ്പട്ടുദൈയാർകളേ ഉളുതുകൊണ്ട്- ഈ ക്ഷേത്രത്തിലെ പരുദയാർതന്നെ ഉഴുതുകൊണ്ട്.(കോവിലിലെ പരുഷുടയാർ എന്നല്ല പരിഷകളെല്ലാം എന്നാണ് പറയുന്നത്. ഈ അർത്ഥമാവണം കേരള ത്തിലും ഉണ്ടായിരുന്നത്)പടുദൈ അഥവാ പരുദൈ കോവിലിലെ പൂജാരികളും തന്ത്രിമാരും നർത്തകീവൃന്ദവും നൃത്തവാദ്യക്കാരും എല്ലാമാണ്.അവരെല്ലാവരും ഉഴവാനും കൃഷിചെയ്യാനും കൂടിയിരുന്നു.നാട്ടുകാരിൽ ഇവരെല്ലാവരും പെടുന്നു. ഇവരുടേതടക്കം നാട്ടുകാരുടെ മുഴുവനും കർമ്മഫലം ബ്രഹ്മദേയഭൂമിയില് (മംഗ ലത്ത്)ക്ഷേത്രത്തിനുളളതാണ്.അല്ലൂരിൽ മുഴുവൻഭൂമിയും ഊരാര് നടത്തുന്നു. അവർ നിശ്ചിതവിഹിതം ക്ഷേത്രത്തിനും രാജാവിനും കൊടുക്കുന്നു.ബാക്കി അവ രാണ് എടുക്കുന്നത്. മംഗലത്ത് ഊരാരും മറ്റ് ക്ഷേത്രഉദ്യോഗസ്ഥവൃന്ദവും ചേ ർന്നു നടത്തി ക്ഷേത്രത്തിനു സമർപ്പിച്ചശേഷം ക്ഷേത്രസഭ എല്ലാവർക്കുമായി പങ്കിട്ടുകൊടുക്കുന്നു. ഈ വ്യത്യാസമാണുളളത്.അതായത് വ്യക്തികൾക്ക് നീക്കി വെച്ച ഭൂമി അവർക്ക് കൃഷിചെയ്യാമെന്നല്ലാതെ , ഭൂമി എപ്പോഴും (ഊരിലും മംഗ ലത്തും)ഈശ്വരന്റെ സ്വത്തുതന്നെയാണ്. ഭരണരീതിയിൽ ചെറിയ ഒരു മാറ്റമേ യുളളൂ.

എഡി 1231- 1249 വരെയുളള ഹ്രസ്വകാലഘട്ടത്തില് ജംബുകേശ്വരക്ഷേത്രത്തിന് 7 ഗ്രാമങ്ങളിലെ ഭൂമി കൈമാറുന്ന 16 ലിഖിതങ്ങളാണ് തമിഴ്നാട്ടിൽനിന്ന് കിട്ടിയി രിക്കുന്നത്.

1. ഈശനായ്ക്കുറൈഗ്രാമം . 3 ലിഖിതം. കാണിഉടൈയാർ ക്ഷേത്രത്തിന്, ഊരു് ക്ഷേത്രത്തിന്, 7 പുഞ്ചനിലം ക്ഷേത്രത്തിന് ദാനം.
2. കാരിചാത്തൻകുറൈഗ്രാമം. 3 ലിഖിതം. 16 കാണിഉടൈയാർമാര് അവ രുടെ വിഹിതം ക്ഷേത്രത്തിന് . 12 വിഹിതത്തില് ഓരോ കൈമാറ്റത്തിലും 4 വിഹിതം വീതം വില്ക്കുന്നു. 3 കൈമാറ്റത്തില് ഗ്രാമം മുഴുവനും ക്ഷേത്രത്തിന് നല്കുന്നു.
3. രാജരാജക്കുറ്റൻകുടി. 39 പേരുടെ 5 ലിഖിതം. 21 വേളിനിലം കൈമാറ്റം .നേരത്തേ ഗ്രാമത്തിൽ കാണിനിലമുണ്ടായിരുന്ന രണ്ടുപേരിൽനിന്ന് 39 പേർകൂടി വാങ്ങി,അത് ക്ഷേത്രത്തിന് കൊടുക്കുകയാണ്.

4. ശെമ്പിയൻകുറ്റർ.ഒരു ലിഖിതം. 33 വേലിനിലമുള്ള ഒരു ഗ്രാമം മുഴുവനും നേരത്തേ 4 ഗ്രാമക്കിഴവരും അവരുടെ 3 അനുജന്മാരും ചേർന്നു ഒരു വ്യക്തിക്ക് നല്കിയത്,അദ്ദേഹം ക്ഷേത്രത്തിന് കൊടുക്കുന്നു.
5. ശെമ്പിയനല്ലൂർ. 4 വർഷംമുമ്പ് പണയപ്പെടുത്തിയ 14 വേളിനിലം രാജരാജപെരുവിലയിൽ രാജാവിൽനിന്ന് പിതൃക്കൾക്ക്,പിതൃസ്വത്തായി ലഭിച്ചത് ഒരു വ്യക്തി ക്ഷേത്രത്തിന് കൈമാറുന്നു.
6. തത്തനല്ലൂർ.ശെമ്പിയനല്ലൂർ ദാനം ചെയ്ത അതേ വ്യക്തി പണയപ്പെടുത്തിയ പിതൃസ്വത്തിലെ 3 വേളിനിലം ക്ഷേത്രത്തിന് കൊടുക്കുന്നു.
7. തണ്ടൻഗുറൈ. 2 പുഞ്ചനിലവും അമ്മയുടെ സ്വത്തായ 7 വേളിനിലവും അതേ വ്യക്തി ക്ഷേത്രത്തിന് ദാനം ചെയ്യുന്നു.

കാണിനിലം,കീഴമൈ,കിളവൻ(വൃദ്ധനായ ഉടമ)എന്നുടയ മുതലായ പദങ്ങളും, ശെമ്പിയൻകുറ്റർ,ശെമ്പിയനല്ലൂർ,തത്തനല്ലൂർ,തണ്ടൻഗുറൈഗ്രാമങ്ങളില് ഒരേ വ്യക്തിയുടെ അവകാശവും ഇവിടെ കാണാം. അതുവരെ ഇല്ലാതിരുന്ന ജന്മിത്വവും ജന്മാവകാശവും രാജരാജ,രാജേന്ദ്രചോളകാലത്ത് ഉണ്ടാവാനാരംഭിച്ചതായും അവരുടെ കാലശേഷം അതിനെ ഇല്ലായ്മ ചെയ്യാനായി എല്ലാം (സർവ്വസ്വ) ക്ഷേത്രത്തിനു ദാനം ചെയ്യുന്ന പ്രക്രിയയെ പ്രോത്സാഹിപ്പിച്ചതായും ഇവിടെ കാണാം.വൻകിട ഭൂവുടമകളെക്കൊണ്ട് എല്ലാം ദേവദാനമായി പ്രഖ്യാപിപ്പിക്കുന്നു. വ്യക്തിഗതഉടമസ്ഥാവകാശമില്ലാത്ത അവസ്ഥയിലേക്ക് ഒരു തിരിച്ചുപോക്കിനാണിത്. രാഷ്ട്രത്തിന് ഈശ്വരനാമത്തിലുള്ള സ്വത്തുമാത്രമാണ് ഉള്ളത്. അതാണ് അഭികാമ്യമായ വ്യവസ്ഥ എന്ന് അറിവുള്ളതുകൊണ്ടാവണമല്ലോ ഈ നയം. 77 പേരാണ് ഇങ്ങനെ ക്ഷേത്രത്തിന് സ്ഥലം ദാനം ചെയ്യുകയോ വില്ക്കുകയോ ചെയ്തിരിക്കുന്നത്. അതിലെ 55 പേര് ഉടൈയാന്മാരാണ്.47 പേർക്ക് ഗ്രാമനാമവും കൂടിചേർത്താണ് ഉടൈയാനെന്ന നാമം .ഉദാഹരണത്തിന് തണ്ടൻഗുറൈ ഉടൈയാ ൻ. 19 പേര് അരയന്മാരാണ്. (അരയൻ,അടരയൻ,പേരരയന്, നിഴൈയുടൈച്ചോളപ്പേരരയൻ മുതലായ പദങ്ങൾ). 11 വേളാന്മാർ(ഇവരിൽ 3 പേര് മൂവേന്തവേളാന്മാരാണ്) 6 പേർ ആള്വാൻ(നാടാൾവാനെന്നും കാണുന്നു).34 പേർക്ക് അരയൻ(അരച)വേളാൻ,ആള്വാൻ ബിരുദമുണ്ട്. അരയ,ആൾവാൻ,ഉടയാ ൻ, കിളാവൻ(മുഖ്യ),വേളാൻ ബിരുദങ്ങള് പരസ്പരം overlap ചെയ്യാവുന്നവയാണ്. ഒരാള്ക്കുതന്നെ ഈ ബിരുദങ്ങളെല്ലാം കൊടുത്തുകാണുന്നുണ്ട്. 100 പേര് സാക്ഷികളുണ്ട്. അവർക്കുമുണ്ട് ഇതേ ബിരുദങ്ങൾ.

നമ്പ്ര് 493 RJ 3 ലിഖിതം ഉട്ടത്തൂർ ശിവക്ഷേത്രലിഖിതമാണ്. പിരമാത രായ മുത്തരയൻ ഒരു നഞ്ച, അരവേലി പുഞ്ചയുള്ള കാണിനിലം തന്റെ ചുരുട്ടിമാൻ(അടിയാൻ,സാമന്തൻ)ചോരൻ കൊണ്ടൻആന ഇലങ്കേശ്വരദേവന് (നീർക്കുളത്ത് കാണിയുള്ള)കൊടുക്കുന്നതാണത്. നമ്പ്ര് 493 RJ 3 മല്ലന് ചീയന് ആന പിരമാതരായമുത്തരയൻ ഉറ്റ്ടൂർനാടുടൈയാന് കാണി (നഞ്ച ഇരുപതിൽരണ്ട്, വേളി)നിലം അകമ്പടിയാന് നായന് ചോരന് ആന ഇരുങ്കോലന് ചുരുട്ടിമാന് നേർക്കുളത്ത് കൊടുക്കുന്നത്. നമ്പ്ര് 501 RJ 3 ഇവര് തമ്മിലുള്ള വടപാടാവൂരിലെ നഞ്ച,പുഞ്ച,വേളി,തോട്ടം ദാനമാണ്. നമ്പ്ര് 388 ഉയ്യക്കൊണ്ട തിരുമലക്ഷേത്രലിഖിതം (കാവേരിയുടെ തെക്കേ കര)കൊങ്ങുക്കൊണ്ട ചോളപുരത്തെ(ഗംഗൈകൊണ്ട)രാജശാസനത്താല് കുലോത്തുംഗചോളവിജയപാലനെന്ന ഗ്രാമക്കിളവൻ(രാജവംശജനായ വ്യാപാരി)ഒരുനാടിനെ നഗരമാക്കി നാനാദേശീയരായ വ്യാപാരികൾക്ക് അവിടെ കാണിഅവകാശങ്ങളും കൊടുത്ത് കുടിയിരുത്തുന്നതാണ്.

മൂന്നുലിഖിതങ്ങൾ വന്നേരി,വലികണ്ടപുരം കേരളരാജാവിനെ സംബന്ധിച്ചതാണ്.

1. KL1 .20, 283. വലികണ്ടപുരം ലിഖിതം. ചുട്ടലൻആനചെയ്യന് കൊങ്ങചോല വന്നാടുടൈയ വന്നാട് കാണിഉടൈയാൻ ഇറൈയിളി തിരുനാമത്തുക്കാണി ഇരുപതുവേലിനിലം അദ്ദേഹത്തിന്റെ സ്വന്തം കാണിനിലത്തിൽനിന്ന് 20 ഗ്രാമങ്ങളിൽനിന്നായി ദാനം ചെയ്യുന്നു.(മദ്ധ്യചോളകാലം)
2. KL1. 29, 274. ഒമ്പതുവർഷങ്ങൾക്കുശേഷം അദ്ദേഹം തന്റെ കാണിയിൽനിന്ന് ഒരുഗ്രാമം വലികണ്ടപുരം ശിവക്ഷേത്രത്തിന് തനിക്ക് അനപത്യത തീർന്ന് ഒരുകുഞ്ഞുജനിച്ചതിന്റെ നന്ദിക്കായി ദാനം ചെയ്യുന്നു.
3. A. 265. നാടാൾവാന് തിരുനാമക്കാണിയായ വലികണ്ടപുരം മുഴവന് കളങ്ങളും പുരങ്ങളും അടക്കം(കളാനി,പുരാണി)ദാനം ചെയ്യുന്നു. കൊള്ളിടത്തിന്റെ വടക്കുഭാഗത്തുള്ള ഫലഭൂയിഷ്ഠമായ ഭൂമി ,തെക്കേകരയിലുള്ള ധനികക്ഷത്രിയർ വാങ്ങിച്ച് പടനിലമായി ഉപയോഗിക്കുന്നതിനാല് കൃഷി നഷ്ടപ്പെടുന്നു. അതിനാൽ വടക്കുഭാഗത്തെ തീരം ഇനി തെക്കുഭാഗത്തുള്ളവർക്ക് കൊടുക്കുകയോ വില്ക്കുകയോ അരുതെന്ന ശാസനം പുറപ്പെടുവിക്കുന്നു.

.

സമൂഹത്തെ ഒന്നാക്കി നിർത്തുന്നതില് കൃഷിക്കാരായ വെള്ളാളരുടെ ചിത്രമൂല സഭകൾ(ചിത്രകൂട)ശ്രേണികളോടും രാജാക്കന്മാരോടും ബ്രാഹ്മണന്മാരോടും ചേർന്നാണ് പ്രവർത്തിച്ചിരുന്നത്. ഊരുകളായിരുന്നു എണ്ണത്തിലധികം. ബ്രഹ്മദേയവും വ്യക്തിഗതമായ സ്വത്തും കുറവായിരുന്നു.ഉള്ളഴ തന്നെ ഊരുകൾ നിയമിച്ചവർക്ക് കിട്ടുന്ന ആനുകൂല്യങ്ങളായിരുന്നു. രാഷ്ട്രത്തെ മണ്ഡലങ്ങളായും മണ്ഡലങ്ങളെ വലനാട്ടുകളായും (വളം,വളഭ)വളനാട്ടുകളെ നാട്ടുകളായും നാട്ടുകളെ ഗ്രാമങ്ങളായും ഗ്രാമങ്ങളെ ബ്രഹ്മദേയം(മംഗലം)ഊര്(അബ്രഹ്മദേയം)എന്നു രണ്ടായും തിരിച്ചിരുന്നു.ഒരു നാട്ടിൽ 2 തൊട്ടു 3 വരെ ബ്രഹ്മദേയമുണ്ടാവും. മറ്റെല്ലാം ഊരുകളാണ്. നാട്,മാനാട് (മഹാനാട്)എന്നിവ ഭരണത്തിനുവേണ്ടി കൂട്ടം ചേരുന്ന അസംബ്ലികളാണ്. കാണിഅവകാശങ്ങൾ നാട്(നാട്ടുകാർ) അംഗീകരിച്ചാലേ കിട്ടുകയുള്ളൂ. എല്ലാ ഗ്രാമത്തിലെ പ്രതിനിധികളും നാട്ടില് ഒത്തുകൂടുന്നു. (കൂടൽ)സഭയിലെ അംഗങ്ങൾ ഇതിലും അംഗങ്ങളായിരിക്കും. തെക്കും വടക്കും ഇന്ത്യയിലെ മണ്ഡലങ്ങൾ സഭ,നാട് എന്നിവവഴി പരസ്പരം സംവദിക്കുന്നു. സഹകരിക്കുന്നു. ഇത്തരം ഇന്ത്യൻ ഗ്രാമസഭകളെ കുറിച്ച് ഇന്ത്യയുടെ ആക്ടിങ്ങ് ഗവർണ്ണര് ജനറലായിരുന്ന സര് ചാൾസ് മെറ്റ്കാഫ് പറഞ്ഞ പ്രസക്തഭാഗം ഉദ്ധരിക്കുന്നു.The village committees are little Republics, having nearly everything that they want within themselves ,almost independent of any foreign relations. They seem to last where nothing else lasts. Dynasty after dynasty tumbles down. Revolution succeeds to revolution. But the village communities remain the same.(Minutes 1830) 19ആം നൂറ്റാണ്ടിൽ ശാശ്വതമായ ഈ നിലനില്പിനെയാണ് മാർക്സ് തന്റെ stagnant India Theory കൊണ്ട് വികൃതമാക്കിയത്.

1.ഗ്രാമങ്ങളിലെ ഭൂമി പൊതുസ്വത്താണ്

2. സാമ്പത്തികവും സാമൂഹികവുമായി സ്വതന്ത്രവും സ്വയംപര്യാപ്തവുമാണ് ജനത. മറ്റുള്ളവരുമായി പങ്കിടുന്ന ഇക്കോണമിയായിരുന്നു അവരുടേത്.

3.അതേസമയം അവരുടെ കാർഷിക,വ്യവസായഉല്പന്നങ്ങൾക്ക് ആഗോളവിപണി ഉണ്ടായിരുന്നുതാനും .

ഇത്തരമൊരു സംവിധാനത്തെ stagnant അഥവാ കെട്ടിക്കിടക്കുന്ന എന്ന് തെറ്റിവ്യാഖ്യാനിച്ച മാർക്സ്. ശാലാഭോഗങ്ങൾ(കച്ചവടക്കാർ, സന്യാസിമാർ, ഭിക്ഷുക്കൾ,അന്യദേശത്തുനിന്നുവരുന്ന സഞ്ചാരികൾഇവർക്കുള്ള താമസവും ഭക്ഷണവും)പള്ളിച്ചന്തം(വിദ്യാഭ്യാസസ്ഥാപനങ്ങൾ അഥവാ പള്ളിക്കൂടങ്ങ ൾക്കു ള്ള വിഹിതം). എന്നിവയെല്ലാം നാട്ടുകാരുടെ സഭയാണ് നൽകിയിരുന്നത്. classless society എങ്ങനെ പ്രവർത്തിക്കണമെന്ന് ആദ്യം പഠിപ്പിച്ചുതന്ന ജന തയെ stagnant എന്നു വിളിക്കുന്നതുവഴി മാർക്സ് സ്വന്തം സിദ്ധാന്തത്തെത്തന്നെ യാണ് പരാജയപ്പെടുത്തിയത്. എല്ലാം രാഷ്ട്രത്തിന്റേതാണെന്നു പ്രായോഗികമാ യി കാണിച്ചുതരുന്നതിനുപകരം ഭൂമിയെ തുണ്ടംതുണ്ടമാക്കി സ്വകാര്യവത്കരിക്കു ന്ന ഭൂപരിഷ്കരണനിയമമാണ് ഇതിന്റെ ഫലമായി ഉണ്ടായത്. പ്രൈവറ്റൈസേഷ ന്റെ ആദ്യത്തെ സ്റ്റെപ്പായ ഇത് സമ്പൂർണ്ണമായും രാജ്യത്തെ സ്വകാര്യവത്കരി ച്ചു. class/caste സിസ്റ്റം വർദ്ധിക്കാന് സ്വകാര്യസ്വത്തവകാശമാണ് കാരണ മാകുന്നത് എന്ന പ്രാഥമികതത്വം വിസ്മൃതമായിപ്പോയി. മൂവേന്തവേളൻ,ബ്രഹ്മരായ നെന്ന രണ്ടുവിധം ബിരുദങ്ങൾ ആർക്കൊക്കെയാണ് ഉണ്ടായിരുന്നതെന്ന് താഴെക്കാണുന്ന ലിസ്റ്റിൽകാണുക. (Personal names and designations used in Tamil language , a study conducted by Institute for study of languages and cultures of Asia and Africa)ജാതിയല്ല,അവനവന്റെ ജോലിയാണ് പ്രധാനമെന്ന നിയമം ഇവിടെ കാണാം. ഉദാഃമൂവേന്തവേലരിൽ നാം സേനാപതിയെ കാണുന്നി ല്ല, ബ്രഹ്മരായരിൽ കാണുന്നുണ്ട്താനും.

മൂവേന്തവേലൻ		ബ്രഹ്മരായന്
ആകെ 307		ആകെ 94
ബിരുദം		
രാജാവ്	288	83
ഉടയോൻ	118	1
കിഴാർ	12	0
കിഴവൻ	12	0
നാട്	34	0
സ്ഥാനം		

അധികാരി 78 പെരുന്തരം 3 കങ്കാണി 3 നായകം 12 കരണം 6 പുറവുവരി 37	4 2 1 4 1 0
നികുതിഉദ്യോഗം ശ്രീകാര്യം 9 തിരുവായ്ക്കേഴ്വി 3 ഓലൈ 39	 1 0 8
മറ്റുള്ളവ സേനാപതി 0 ദണ്ഡനായകം 0 വരിപൊട്ടകം 2 കൂറ് 4 മുനവെട്ടി 5 കരുമൻആരായും 12 പള്ളിത്തൊങ്കൽ 0 നഗര 13 ഊർ 4 ശിവബ്രാഹ്മണ 0	 6 1 1 0 0 0 2 0 0 1

നക്കൻഅഥവാ നഗ്നനെന്നത് (ദിഗംബര)ശിവപര്യായമായിട്ടാണ് ചോളകാലത്തും അതിനുമുമ്പും തമിഴിൽ ഉപയോഗിക്കുന്നത് .ആദ്യചോളന്മാരുടെ കാലത്ത് വളരെ ജനസമ്മതരായിരുന്ന നഗ്നർ പില്ക്കാലചോളകാലത്ത് അസമ്മതരായത് അക്കാലത്ത് അവരുടെ അഹിംസാസിദ്ധാന്തമാണ് ഇവിടത്തെ രാഷ്ട്രഭരണവ്യവസ്ഥയെ വിദേശികൾക്ക് കൊടുത്തതെന്ന അറിവ് ചോളർക്ക് ഉദിച്ചതുകൊണ്ടാവണം. അരയൻ,ബ്രഹ്മരായൻ,പല്ലവരായൻ,വില്ലുപ്പരായൻ,ഇളങ്കോവേൽ മുതലായവർ ഭരണത്തില് പ്രധാനപങ്കുവഹിച്ചിരുന്നു. രാജാക്കന്മാരുടെ ഫ്യൂഡേറ്ററി ബിരുദങ്ങൾ താഴെ പറയുന്നു.

1.ബ്രഹ്മ,2 ചേദി, 3 ഗംഗ,4. ഇളങ്കോവേൽ,5.ഇളാട,6 കാടവ, 7 കളപ്പാല, 8. കേരള 9 മലയകുല, 10 മാളവ, 11 മുനൈയ 12 മൂവേന്ത, 13. നുലംബ ,15 പല്ലവ, 16.പാലുവേ ട്ടു, 17 പങ്കല,18 ശംഭ,19. തിപട്ടു,20 വല്ലവ,21. വാനകോ,22. വാന, 23 വയിര, 24 വില്ലവ, 25 വിലീന, 26. വില്ലൂപ്പ , 27 യാദവ, 28 നാട്ടാൾവാർ, 29 മദ്ധ്യസ്ഥ (ARBITRATORS,SECRETARY,REGISTRAR OF THE SABHA),30. കുടൈയാ ൻ, 31 ചിത്തിരമേലി(ചിറ്റിരമേലി),32 അരയ, 33 ആദി അരയ, 34. പേരരയ, 35 പേ രാദിഅരയ, 36 മുത്തരയ 37 ബ്രഹ്മമാരായൻ,38. ആചാരി ,39.ഭട്ട,40 കാവിരി , 41 നാട്ടുമൂവേന്തവേലന് മറ്റു ബിരുദങ്ങളും ഉണ്ട് (താഴെ) ഇവയെല്ലാം പ്രൊഫഷ നെ നോക്കിയാണ് ,ജാതി എന്ന (കാസ്റ്റ്)ഒന്ന് ഇല്ലായിരുന്നു എന്ന് മനസ്സിലാ ക്കാനാണ് ഈ ലിസ്റ്റ് മുഴുവനായും എഴുതുന്നത്.

തലൈക്കോലി,കടികൈ,നിരുത്ത

പണ്ണൈക്കാരൻ,കോൻ,പണ്ഡിതർ

തച്ചൻ,തട്ടാൻ,കാമര,പീച്ചൻ

കൊല്ലൻ,കണ്ണാൻ,പിരയോഗ

നായക്കൻ,കുശവൻ,പിടാരൻ

ഏനാടി,ചാക്കൈ,മംഗല,ശിവൻ

ചെട്ടി,മാണിക്കം,ശ്രീവാസ്ത

ഗണി,നാടക,തൈയ്യൻ

തൊങ്കൽ,നാവിച്ചൻ,തിഗൈ

ഉവച്ചൻ,വാദ്യ,വീണൈ,ഉത്തരമന്തിരി



വെള്ളാർ താഴ്വരയിലൂടെ കേരളത്തിലേക്കുള്ള ഇടയരുടെ പുരാതനപാത

വടക്കൻആർക്കോട്ടുജില്ലക്കും തെക്കൻആർക്കോട്ടുജില്ലയുടെ പടിഞ്ഞാറേ പകുതിക്കുമുള്ള മലമ്പ്രദേശങ്ങൾ,അവക്കു കിഴക്കുള്ള സമതലം(തെക്കൻആർക്കോട്ട്) ഇവിടത്തെ വെള്ളാറിന്റെ താഴ്വരയിലൂടെ കേരളത്തിലേക്ക് അല്ലൂർ,പാലക്കാട്ടു ചുരംവഴി എത്താം. വടക്കൻആർക്കോട്ടിലെ ഇടയര് ഈ വഴി എന്നും ഇന്നും ഉപയോഗിക്കുന്നുണ്ട്. കൊള്ളിടം കൊങ്ങുദേശത്തിനു തൊട്ടാണ്. കേരളത്തിൽ കല്ലേക്കുറിച്ചി,പറുവൂർ സ്ഥലനാമങ്ങൾക്ക് (പലക്കുർപാരു)പാലാറിനും ചെയ്യാറിനുമിടയിൽ ബ്രഹ്മദേശം,വെല്ലൂർ ഇവയുടെ തെക്ക് പടവീടിനടുത്ത് കളവൈപ്പാറു (കേരളത്തിലെ കവളപ്പാറ)മുതലായ ഒരേതരം പേരുകളുടെ ആവർത്തനം കേരളവും ഈ പ്രദേശവും തമ്മിലുള്ള ബന്ധം കാണിക്കുന്നു.ഇവിടത്തെ കാര്യങ്ങൾ നോക്കിയിരുന്നവരെ കാരിയത്തുക്കു കർത്തരാരു അഥവാ കരദരെന്നു വിളിക്കുന്നു. (കരദാവികൾ,തലപ്പള്ളി കൊങ്ങുചേരരെന്നിവരെക്കുറിച്ച് വന്ദേരിനാട്ടിന്റെ ചരിത്രത്തിൽ എഴുതിയത് വായിക്കുക)283,274,265 എന്ന് മൂന്നുലിഖിതങ്ങളില് പറഞ്ഞ നാടാൾവാര് തിരുനാമക്കാമി വലികണ്ടുന് ഈ പ്രദേശത്തെ കരദവ

നായിരുന്നു എന്നു കാണുന്നു. കൃഷിസ്ഥലത്തെ യുദ്ധസ്ഥലമാക്കരുത് എന്ന ശാസനം ഇദ്ദേഹത്തിന്റേതാണ്.എഡി 1527 വരെയും ഈ വംശത്തിലെ ആളുകൾക്ക് ആർക്കോട്ടുജില്ലയില് സ്ഥാനമാനങ്ങളുണ്ടായിരുന്നു.56 ദേശത്തെ മുതലിമാരും നാനാപ്രകാശപണ്ടാരങ്ങളും ഇലവനാമ്പൂർമുതലിമാരും പന്ത്രണ്ടുപറ്റ്പട്ടണശീർമൈ മുത്തുകൃഷ്ണപ്പനായക്കന്റെ മുമ്പിൽവെച്ച് വിരുത്താചലപ്പെരുനാട്ടിലെ (വൃദ്ധാചലം)കണ്ടിയൻ(കന്തൻ)തേവർക്ക് യാദവരായനെന്ന ബിരുദവും പല്ലക്കും കൊടുക്കുന്നു. പകരം അദ്ദേഹം തന്റെ കുലസംഘത്തിലെ നെയ്ത്തുകാർ, വണികർ, തോൽപ്പണിക്കാരെന്നിവരുടെ സേവനം കൊടുക്കുന്നു. (എഡി 1527 കടലൂർലിഖിതം)കന്തൻതേവ എന്നത് എലിയങ്ങാട്ട് മൂഷകവംശത്തിന്റെ (തലപ്പള്ളി) ബിരുദമാണ് എന്ന് നേരത്തെ പ്രസ്താവിച്ചു. എലിയങ്ങാട്ടും കുന്നത്തൂരുമനയും തമ്മിലുള്ള ബന്ധം വന്ദേരിചരിത്രത്തിലും പറഞ്ഞു. നോർത്ത് ആർക്കോട്ടിലും കുന്നത്തൂരുണ്ട്.(1551 കുന്നത്തൂർശാസനം)എഡി 1482ലെ ഒരു ലിഖിതത്തിൽ പേട്ട(മാർക്കറ്റ്) വാരച്ചന്ത വെള്ളാറിന്റെ വടക്ക് നിർബന്ധമായി കരിമ്പുകൃഷി എന്നിവ വേണമെന്നും ,കേരളത്തിൽനിന്ന് അക്കാലത്ത് വിദേശവിപണിയിലേക്ക് ഏറ്റവുമധികം ഡിമാന്റ് കരിമ്പിനാണെന്നും കാണാം. മുതലിയാർമാരെന്ന ധനികകച്ചവടക്കാര് തെക്കൻആർക്കോട്ടുനിന്ന് കൊടുമ്പൈ(പാലക്കാട്)വഴി കേരളത്തിലേക്കു വന്നിരുന്ന പഴയ ഗതാഗതമാർഗ്ഗത്തിന്റെ കച്ചവടോപയോഗം ,അതിന്മേൽ ചരിത്രാതീതകാലംമുതൽ എഡി 1527 വരെ കരദവരെന്ന മൂഷകവംശശാഖക്ക് ഉണ്ടായിരുന്ന അധീശത്വമെന്നിവ ഈ ലിഖിതങ്ങൾ ചൂണ്ടിക്കാട്ടുന്നു. മന്റാടി(മന്നാടിയാർ) എന്ന ഇടയവംശക്കാർക്ക് സാദം(നികുതി)കൊടുക്കാതെ ആർക്കും ആ വഴി പോകാനായിരുന്നില്ലെന്ന് ചോളലിഖിതങ്ങളും കാണിക്കുന്നു.എഡി 1429 വൃദ്ധാചലലിഖിതത്തിൽ ഇരുംകോലപ്പടിനാട്ടിലെ വലങ്കൈ,ഇടങ്കൈനാട്ടവർ, എറുമ്പൂർഊരവ ർ, മറ്റ് പാറു(ഭാരു)ക്കൾ,നാനാദേശിപ്പാടിനെൻവിഷയം, കൈക്കോലത്തന്തിരികൾ(നെയ്ത്തുകാർ,കച്ചവടക്കാർ,തന്ത്രിമാർ),സേനൈക്കടയര്,മന്റാടി,കന്മാള,ആട്ടുയകൈകുടിമക്കൾ,വാണിയർകള് വൃദ്ധാചലത്തില് സഭ കൂടി പെരിയനാട്ടാർസേവനത്തിനുവേണ്ട ചെലവ് നിശ്ചയിക്കുന്നു.തെക്കൻആർക്കോട്ടുജില്ലയിൽകൊംഗരായർ,ചേദിരായർ,ഗംഗരായൻ,കച്ചിരായൻ,മലാവരായനെന്നിവരാമ് വാണിജ്യസംഘടനകളുടെ നേതാക്കളായിരുന്നത്. (എല്ലാവരും മൂഷകവംശവ്

മായി ബന്ധപ്പെട്ടവരാണ്).കൊംഗ(കൊങ്ങുചേര) കച്ചി(കച്ച് സമതലം മുതൽഭൂഗുകച്ഛംവരെ) മലാവ(മലയാള,മലവാരനാട്),ഗംഗ(ഗംഗാധരപ്പെരുമാൾ,പെരുമ്പടപ്പ്കൊച്ചി) ഇവരെല്ലാം പടിഞ്ഞാറൻതീരത്തെ കച്ചവടത്തേയും ചേദി മദ്ധ്യേന്ത്യ,കിഴക്കേ ഇന്ത്യയിലേയും കച്ചവടം നിയന്ത്രിക്കുന്നു. ആർക്കോട്ടിലെ കുന്നത്തൂർ വന്ധേരിയിലെന്നപോലെ തിരുക്കോയില്ലൂര് ക്ഷേത്രത്തിന്റെ അധീനത്തിലാണെന്നതും വെറും സാന്ദർഭികമെന്നു കരുതാവതല്ല. പാഞ്ചാലത്താർ(പഞ്ചജനം,അഞ്ചുജാതി) തന്നെയാണ് കമ്മാളർ.(കൊല്ലൻ, തട്ടാൻ, ആശാരി, മൂശാരി,കരുവാൻ).

തമിഴ്,കര്ണാടക,തെലുങ്കുഭാഷകളിലെ റെവന്യൂ പദങ്ങളുടെ താരതമ്യം.

	തമിഴ്	കന്നഡ	തെലുങ്ക്
സാമാന്യമായ പദങ്ങൾ	ആയം ഇറൈ ഇറക്കൈ കടമൈ പഴവരി പുതുവരി പൊൻവരി വരിയും ഉപാധിയും	കുലം തെരിഗെ ശുങ്കം സിദ്ധായ സുവർണ്ണദായ ഭട്ടാദായ	പണ്ണ റൊക്കം(റൊക്കധാന്യാവ്യ) ശുങ്കം സിദ്ധായം സുവർണ്ണദായ ധാന്യാദായ
സമ്മാനം	കാണിക്കൈ അരശുപേരു കട്ടായം മുഖംപാർവ്വൈ	കാണിക്കൈ ബെഡിഗൈ ബിരാദ,കഡ്ഡായ ഉഡുഗോരൈ	കാണിക കട്ട്ണം കഡായം വർത്തന
ടോൾനികുതി(കച്ചവടത്തിനുള്ള നികുതി)	കൊണിഗൈ	ഹാഡിഗൈ(ഹോഡിഗൈ)	ഹൊരവാരു(വൊലവാരു)
കർമ്മത്തിനുള്ളത്	പട്ടാടൈ നൂലായം, പേർക്കടമൈ,	മഗ്ഗദേരെ (നെയ്ത്തുകാർക്ക്)	

	തറിക്കടമൈ എന്നിവ നെയ്ത്തുകാർക്ക്	കുംകരദേരെ(കുശവ) മാദാരികൈ(ചെരിപ്പകുത്തി)	മംഗല്ലപണ്ണ(ബാർബർ)
പ്രാദേശികം	അരിശികാനം അശ്ശുപൊതുമക്കൾപേർകടമൈ നാട്ടുവിനിയോഗം വിനിയോഗം തലൈയാരിക്കം	തലവരികൈ ഗ്രാമഗദ്യാനം കൊട്ടണ	ഗ്രാമകട്ടണം കേര
ആറാംമുഖ ജോലി	വെറ്റിവരി ആൽഅമഞ്ചി	ബിറ്റി വിഷ്ടി(സംസ്കൃത)	വെറ്റിവേമുല്ല
കന്നുകാലി	നല്ലെരുത് നൽക്കിടാവ് നല്പശ്ശു സാദം ഇടൈത്തുറൈ	(ഇല്ല)	പുല്ലരി
--	ഇനവരി വാസൽപണം ജോടി,ശ്ശലവരി	മനൈവന ജോടി അലിവ്,അന്യായം(പിഴ) മഡുവേയശ്ശങ്കം(കല്യാണം)	ദൊമവരിപണ്ണ

വംശപരമ്പരയും ജനിതകവും

എന്റെ അമ്മക്ക് ജനിതകഗവേഷണത്തെക്കുറിച്ച് ഒന്നുമറിയില്ല. അമ്മ സ്കൂളിൽപോയിട്ടുമില്ല. എന്നാലും തന്റെ ജനിതകം പൂർണ്ണമായും തലപ്പള്ളി രാജവംശത്തിന്റേതായിരിക്കുന്നു എന്നറിയാം. നാലുതലമുറ തുടർച്ചയായി തലപ്പള്ളി രാജവംശത്തിലെ രാജാക്കന്മാരാമ് നാലപ്പാട്ട് സ്ത്രീകളെ വിവാഹം കഴിച്ചിരിക്കുന്നത് ,അതുകൊണ്ടാണ് തന്റെ ജനിതകം തലപ്പള്ളി ജനിതകമായിരിക്കുന്നു എന്ന് അമ്മ പറഞ്ഞത്. പിൽക്കാലത്ത് പല്ലവരിൽനിന്ന് ചോളന്മാര് ദത്തെടുത്തത് ഇതേ നിയമം വെച്ചാണെന്ന് ഞാനറിയുന്നത് ചരിത്രപുസ്തകങ്ങളിൽനിന്നാണ്.

മെഡിക്കൽശാസ്ത്രത്തിന്റെ ഭാഷയില് ഇതിങ്ങനെ പറയാം. ഒരാൾക്ക് 2 മാതാപിതാക്കൾ,4 മുത്തശ്ശനും മുത്തശ്ശിയും, 8 മുതുമുത്തശ്ശനും മുതുമുത്തശ്ശിയും.



ഇങ്ങനെ 9 തലമുറകഴിഞ്ഞാൽ വൈ ക്രോമസോം(പുരുഷ)എല്ലാ പ്രജകളിലേക്കും സംക്രമിക്കപ്പെടുന്നു.

അമ്മക്ക് 9 തലമുറയായി തന്റെ കുടുംബക്രോണോളജി അറിയാം.അതുകൊണ്ട് അമ്മപറഞ്ഞത് ശരിയാണ് എന്ന് ശാസ്ത്രഭാഷയില് പറയാം.അമ്മയുടെ എക്സ് എന്ന മാതൃജനിതകം 4 തലമുറകൊണ്ടുതന്നെ ഒരുപുത്രിയില് മുഴുവനും തലപ്പ

ള്ളിമാതാക്കളുടെ ജീനായിക്കഴിയും എന്നുകൂടി അതിനർത്ഥമുണ്ട്.



മനുഷ്യൻ(ഹോമോസാപ്പിയൻ)എല്ലായിടത്തും ജനിതകപരമായി ഒരേ വർഗ്ഗമായിരിക്കുന്നത് ഈ പ്രക്രിയകൊണ്ടാണ്.ഒര് ട്രൈബൽ(ആദിവാസി)ഇന്ത്യൻ,ആസ്ത്രേലിയൻജനിതകവും ആധുനികയൂറോപ്പിലെ ഒരു മനുഷ്യന്റെ ജനിതകവും തമ്മിൽ വ്യത്യാസത്തേക്കാളേറെ സാദൃശ്യങ്ങളാണധികം. Our ability to understand the past is a central part of what makes us different from the apes (Chris Pomery .Forward :Steve Jones 2004. The National Archieves :Kew Richmond,Surrey .DNA and Family History) മാതാവിൽനിന്നുള്ള Mitochondrial DNA ഘടന പഠിച്ചും 22 ഓട്ടോസാമല് ഡി.എൻഎ പഠിച്ചും മനസ്സിലാവുന്നത് ഓരോ മുത്തശ്ശനിൽനിന്നും 25 ശതമാനം വീതം 4 പേരിൽനിന്ന് (മൂന്നാം തലമുറ)50 ശതമാനം, 8 പേരിൽനിന്ന് (നാലാം തലമുറ)100 ശതമാനം ആണ് ജനിതകത്തിൻ അളവ്.അതുകൊണ്ട് അഞ്ചാം തലമുറ വീണ്ടും ഒരേ വംശത്തിൽനിന്നായാൽ ,പ്രതിലോമവിവാഹത്തിലുണ്ടായ കുട്ടികളായാലുംകൂടി അവരുടെ ജനിതകം ശുദ്ധജനിതകമായി മാറിയിരിക്കുമെന്നാണ് ഇന്ത്യക്കാരുടെ തത്വം. 12 തലമുറയിലെ പിതൃക്കളെ നമുക്കറിയാമെങ്കിൽ 4096 പിതൃക്കളുടെ ജനിതകം, 20 തലമുറ അറിയാമെങ്കിൽ ഒരു മില്യന് പിതൃക്കളുടെ ജനിതകം നമുക്കുണ്ട്,അവ നമുക്കറിയുകയും ചെയ്യാം എന്ന് സാരം. ഈ ഫൈലോജനിറ്റിക് ചാർട്ട് ആണ് ഓരോ

വംശവൃക്ഷവും. ഇന്ത്യയിലെ പുരാണേതിഹാസങ്ങളിലെ അമ്പരപ്പിക്കുന്നത്ര ദീർഘങ്ങളായ വംശവൃക്ഷപരമ്പരകള് ലോകത്തിന്റെ മറ്റൊരുഭാഗത്തും നാം കാണുന്നില്ല. അത് നമ്മുടെ പൂർവ്വികരുട് ഭൂതകാലചരിത്രത്തെക്കുറിച്ച അറിവ് ,മേധാശക്തിഎന്നിവ കാണിക്കുന്നു. ചാംക്രികമായ കല്പാദിഗണനകാലചരിത്രത്തോടൊപ്പം രേഖീയമായ ഈ ചരിത്രവും അവർക്കറിയാമായിരുന്നു. അതിനെ മിത്ത് എന്നു വിളിക്കുന്നത് ,തള്ളിക്കളയുന്നത്, ചരിത്രമെന്തെന്നറിയാത്ത ചരിത്രത്തെ അവലംബിക്കുന്ന കാലത്ത് വിദേശികൾക്കു പറ്റിയ മണ്ടത്തരം മാത്രമാണ്.അവരത് തിരുത്തുമ്പോളും നമ്മുടെ നാട്ടിലെ ബുദ്ധിജീവികൾ തിരുത്തിത്തുടങ്ങിയിട്ടില്ല. സ്കൂളിൽപോകാത്ത എന്റ അമ്മക്കുള്ള അറിവുപോലും ഈ സ്യൂഡോബുദ്ധിജീവികൾക്കില്ലല്ലോ എന്ന ദാരുണസത്യമാണ് ചരിത്രത്തിന്റേയും ശാസ്ത്രത്തിന്റേയും ഭാഷയിലൂടെ ഞാനിവിടെ സംവദിക്കാൻ ശ്രമിക്കുന്നത്.



ഈ ചാർട്ടിനെ ആധാരമാക്കി നമുക്കു ഗ്രഹിക്കാവുന്ന പ്രാഥമികകാര്യങ്ങൾഃ- ഏറ്റവും പഴക്കമുള്ള E മുതല് ഏറ്റവും ഇളയ Q വരെ എല്ലാ ഹാപ്ലോടൈപ്പുകളും ഏഷ്യിലാണുള്ളത്. 80000 വർഷംമുമ്പ് ഇന്ത്യയിലെ നർമ്മദാതീരത്ത് ഹോമോസാപ്പിയനുകളുണ്ടെന്നത് പുരാവസ്തുഗവേഷകരും പുരാണങ്ങളിലെ കഥകളും

പറയുന്നുമുണ്ട്.ആഫ്രിക്കയിലാണെങ്കിൽ ഏറ്റവും പഴയ A,B,E മാത്രമേ ഉള്ളൂ. പിന്നീടങ്ങോട്ട് ഇല്ല. ഇതിലെ E ഏഷ്യയിലുണ്ട്. യൂറോപ്പിലോ അമേരിക്കയിലോ ഇല്ലതാനും.യൂറോപ്പിലെ J,I,G,R എന്നിവയില് I,G,R അമേരിക്കയിലുമുണ്ട്. J,R ഏഷ്യയിലും ഉണ്ട്. എന്നാൽ I,G ഇല്ല.Q എന്ന സങ്കരജനം അമേരിക്കയിലും ഏഷ്യയിലുമുണ്ട്.

ഇതുവെച്ച് ആഫ്രിക്കയിൽനിന്ന് യൂറോപ്പിലേക്കും ഏഷ്യയിലേക്കും ഒരേ സമയം വനുഷ്യവർഗ്ഗം വ്യാപിച്ചു എന്ന തിയറി സാദ്ധ്യമാകുന്നില്ല. CDE എന്ന പഴയ ജനിതകം ഏഷ്യിലേ ഉള്ളൂ,യൂറോപ്പിലില്ല. അതിനെ വിശദീകരിക്കാന് ഈ തിയറി പറയുന്നവർക്ക് കഴിയില്ല. അമേരിക്കയിലെ വംശം I,G മുതലേ ഉള്ളൂ എന്നത് സ്പെയിനും പോർച്ചുഗലും നടത്തിയ വലിയ ജീനോസൈഡുകളുടെ ഫലമാണ്. I,G,R ജീനുകൾ യൂറോപ്പിലും അമേരിക്കയിലും കാണുന്നതും യൂറോപ്യന് കോളനൈസേഷന്റെ ഫലമാണ്. (അമേരിക്കയിലെ പഠനം അതിനാൽ ഇപ്പോഴും അപൂർണ്ണമാണ്)



ഏറ്റവും പഴയ E ആഫ്രിക്കൻ ഹാപ്ലോടൈപ്പ് ഏഷ്യയിലേ ഉള്ളൂ.യൂറോപ്പിലോ അമേരിക്കയിലോ ഇല്ല. അതിനാൽ ഏഷ്യയിലെ J ഹാപ്ലോടൈപ്പ് യൂറോപ്പിലേ

ക്ക് വ്യാപിച്ച് അവിടെ വംശങ്ങളുണ്ടായി എന്ന് വിശ്വസിക്കാനാണ് സാദ്ധ്യത .മറിച്ചല്ല. ആഫ്രിക്കക്കാരന്റെ മക്കളാണ് ഏഷ്യക്കാർ,ഏഷ്യക്കാരന്റെ മക്കളാണ് യൂറോപ്യരെന്നുവരും. ഇത് യൂറോപ്പിൽനിന്ന് ഏഷ്യയിലേക്കുള്ള ആര്യൻഅധിനിവേശമെന്ന തിയറിക്കും വിരുദ്ധമാണ്. 150000 വർഷംമുമ്പ് ആഫ്രിക്കയിലെ മനുഷ്യർ സഞ്ചരിച്ച് Y ക്രോമസോം അറേബിയയിലും ഇന്ത്യയിലും യൂറോപ്പിലും എത്തി എന്നല്ല, ആഫ്രിക്കയും ആസ്ത്രേല്യയും ഏഷ്യയും ചേർന്ന ഗൊണ്ട്വാനാലാന്റില് ജനിച്ച പൂർവ്വികമനുഷ്യവംശത്തിന്റെ രണ്ടുശാഖകൾ(ഏഷ്യ,ആഫ്രിക്ക) ഗൊണ്ട്വാനാലാന്റ് കഷണമായപ്പോൾവേർപിരിഞ്ഞ് നാലുവൻകരകളിലായിപ്പോയെങ്കിലും അവർ സമുദ്രം വഴി കച്ചവടവും സമ്പർക്കവും തുടർന്നിരുന്നു എന്നും അങ്ങനെ ചില സങ്കരവംശങ്ങളുണ്ടായി എന്നുമാണ് കരുതേണ്ടത്.

ഇന്ത്യ,ലങ്ക(ഏഷ്യ)	ആഫ്രിക്ക	ആസ്ട്രേല്യ	തെക്ക്,മദ്ധ്യഅമേരിക്ക
Eമുതൽ Jയൂറോപ്പിലേക്ക്. I,G ഇതിൽനിന്ന്. (ഇവർഏഷ്യയിലില്ല) Bയുടെശാഖ Fന്റെ JHഎന്നപഴയവംശം, Kഎന്നപുതിയവംശം, അതിന്റെ നാലുവക ഭേദംഏഷ്യയിൽമാത്രം	ABE മാത്രം പിന്നെസങ്കരമോ, വികാസമോ ഇല്ല	ആസ്ട്രലോഏഷ്യൻ	14,15നൂറ്റാണ്ടിൽ നശിപ്പിക്കപ്പെട്ടു

ആഫ്രിക്കയിൽ J ഇല്ല, അതുമുതലാണ് യൂറോപ്പിലെ വംശം.അതുള്ളത് ഏഷ്യയിലാണ്.

An encyclopedia of world history (William .l. Larger. Harward Uty 1972) 250000 വര്ഷം പഴക്കമാണ് ഹോമോസാപ്പിയൻവംശത്തിനു കൊടുക്കുന്നത്.വടക്കൻയൂറോപ്പില് 8000 ബിസിയിൽമാത്രമാണ് സീസോലിത്തിക് ദശ ആരംഭിച്ചതും കൃഷിയെ ആസ്പദമാക്കിയ ഒരു വ്യവസ്ഥ ആദ്യമായി ഉണ്ടാവുന്നതും. അന്നേക്ക്

ഇന്ത്യക്കാർ മെഹ്ർഗാർഹ് എന്ന നഗരസംസ്കൃതിയുടെ ഉടമസ്ഥന്മാരായിക്കഴി ഞ്ഞിരിക്കുന്നു. ഏഷ്യൻമുത്തശ്ശിയുടെ ചെരുപ്പിലേക്ക് യൂറോപ്പ്പേരക്കുട്ടിയുടെ കുഞ്ഞിക്കാല് കുത്തിച്ചെലുത്തി ചരിത്രത്തെ തിരുത്തിയെഴുതാനുള്ള വിഫലശ്രമ മാണ് ആര്യൻഅധിനിവേശകഥ. ഇത് ബാലിശമാണ്. ഗാന്ധാരദേശത്തിൽ 34000 വർഷംമുമ്പ് കാരക്കോറം ഗുഹയില് അപ്പർപാലിയോലിത്തിക് സംസ്കാര മുണ്ട്. ആസ്ത്രേല്യയിൽ 16000 + -400 BCയിലാണ് ഏറ്റവും പഴയ കല്ലായുധം. അമേരിക്കയിലും ഇതേ കാലത്താണ്. അഫ്ഘാനിസ്ഥാൻ(ഗാന്ധാരം)പോലുള്ള അപ്പർപാലിയോലിത്തിക് ഗുഹാചിത്രങ്ങള്,ആയുധങ്ങൾ മദ്ധ്യേന്ത്യ(നർമ്മദാതീ രം), വടക്കുപടിഞ്ഞാറേ ഇന്ത്യ എന്നിവിടങ്ങളിലും ഉണ്ട്. ,ശിലായുഗകാലത്ത് ഏഷ്യ,ആസ്ത്രേലിയആദിവാസികൾ(പോളിനേഷ്യ,തെക്കേ ഇന്ത്യ,ലങ്ക) ലോകത്തി ന്റെ എല്ലാ ഭാഗത്തും (യൂറോപ്പ്,അമേരിക്ക അടക്കം)എത്തി അവരുടെ സമുദ്രസ ഞ്ചാരവും കടലോരനഗരങ്ങളും ആർക്കിയോളജിസ്റ്റുകള് കണ്ടെത്തിക്കൊണ്ടേ ഇരിക്കുന്നു. പെറുവിൽ 4000 ബിസിയിലെ ക്ഷേത്രാവശിഷ്ടമുണ്ട്. സ്പാനിഷ് കോ ൺക്വിസ്റ്റഡോറുകൾമതഭ്രാന്തുകൊണ്ട് അവിടത്തെ വംശം നശിപ്പിക്കുന്നതിനു മുമ്പ് നവീനശിലായുഗകാലത്ത് വലിയൊരു സംസ്കൃതി അവിടെയുണ്ടായിരുന്നു. ഇന്ത്യ യിലെ മീസോലിത്തിക് നിയോലിത്തിക് ആരംഭിച്ചത് യൂറോപ്പിലേത് ആരംഭിച്ച കഴിഞ്ഞശേഷമാണെന്ന് യൂറോസെന്റ്റിക്ക് ആയ അഭിപ്രായം സ്ഥാപിക്കാൻശ്രമിക്കുന്നവര് ജനിതകങ്ങളുടേയും സമുദ്രയാനത്തിന്റേയും ചരി ത്രം കൂടി വിശദമായി പഠിക്കേണ്ടതുണ്ട്.തെക്കേഇന്ത്യയിലും (മലബാറിൽപ്രത്യേ കിച്ചും)മറ്റും കാണുന്ന മെഗാലിത്തുക്കളെ സമുദ്രസഞ്ചാരത്തിന്റെയും മൺസൂൺമ ഴക്കാറ്റുകളുടേയും പശ്ചാത്തലത്തിൽപഠിക്കാതെ ,യൂറോപ്പിലെസഞ്ചാരസാഹിത്യ ക്കാരുടെ കഥമാത്രം വെച്ചുപഠിക്കുന്നു.ഈ രാജ്യത്തെ ഇതിഹാസചരിത്രകാര ന്മാരെല്ലാം തന്നിട്ടുള്ള വംശാവലികളും ഗതാഗതമാർഗ്ഗങ്ങളുടെ വിവരണവും, സംസ്കൃതിയും അവയെല്ലാം എഴുതിവെക്കപ്പെട്ടഭാഷകളും തീരെ അവഗണിച്ചിട്ടാ ണ് ഈ പഠനം.ഇതാണ് നമ്മുടെ ബുദ്ധിജീവികളുടെ പ്രശ്നം. സമന്വയത്തിലൂടെ വേണം ഏതുപഠനവും. ശാസ്ത്രീയമായ ആധുനികരീതികൾക്ക് പാശ്ചാത്യരേയും മറ്റെല്ലാത്തിനും ഭാരതത്തിലെ ജ്ഞാനസ്രോതസ്സുകളേയും ആധാരമാക്കുന്നത് നന്നായിരിക്കും.

അക്കാദിയൻ രാജവംശത്തിലെ 3 രാജാക്കന്മാരുടെ നാമം സാർഗ്ഗൻ(ബിസി 2360-2305),നരംസിൻ(സാർഗ്ഗന്റെ പൌത്രനാണ്.ബിസി 2280-2244), ശാർക്കലിശാരു(ബിസി 2243-2209)അഥവാ ഗാരു. ഇവ സംസ്കൃതനാമങ്ങളാണ്(ഇന്ത്യയിലെ നാമങ്ങളാണ്).അപ്പോൾ അക്കാലത്തെ അവിടത്തെ ഗണിതവും (sexagismal system of place value notation for whole numbers and fractions, tables of squares,square roots, cubes,cube roots, sine of squares,cubes,cubic equations,exponential factors,the table of Pythagorean numbers,hanging gardens,stepped pyramid construction, construction with mud bricks)വാസ്തുവും ഇവിടെനിന്ന് കൊണ്ടുപോയതും ഈ ഇന്ത്യക്കാരാണെന്ന് ഊഹിക്കാ നെന്തു വിഷമമാണുള്ളത്. അവർക്കുവേണ്ട വസ്തുക്കള് ഇവിടത്തെ വാണിജ്യകേന്ദ്രങ്ങളിൽനിന്ന് എത്തിച്ചിരുന്നത് അവരും ഈ കുലസംഘത്തിലെ അംഗങ്ങളുമായതു കൊണ്ടാണ് എന്നംഗീകരിക്കാനും വിഷമമില്ല. അതുപോലെ മിത്തനി (മിത്രാനി) വംശം ഭരിച്ചവരെ നോക്കുക.

ബിസി 1500ൽ സുധർണ്ണൻഒന്നാമൻ,1475ൽ പൌത്രനായ ശുശ്ക്ഷത്രൻ(സുക്ഷത്രൻ).അദ്ദേഹത്തിന്റെ പൌത്രനായ അർത്ഥദാമൻ ഒന്നാമൻ,തന്റെ മകളെ ഈജിപ്തിലെ തുത്മോസിസ് നാലാമന്(1425-1415)വിവാഹം കഴിച്ചുകൊടുക്കുന്നത് അയാള് മിത്തനിയെ തുടരെത്തുടരെ ആക്രമിച്ച് സ്വത്തുക്കള് കവരുന്നത് തടയാനാണ്. ഇതിനെത്തുടർന്ന് സുദർണ്ണന് രണ്ടാമന് (1400)മകളെ അമ്നോഫിസ് മൂന്നാമന് (1417-1379)വിവാഹം കഴിച്ചുകൊടുത്തു.1379ൽ അദ്ദേഹത്തിന്റെ പിൻഗാമി ദശ്രഥൻ(ദശരഥൻ)തന്റെ മകളെ അമ്നോഫിസിന് വിവാഹം കഴിച്ചുകൊടുക്കുന്നു. മൂന്ന് മിത്തനിരാജകുമാരിമാർ തുടർച്ചയായി ഈജിപ്തിലെ രാജവംശത്തിന്റെ വധുവാകുന്നു. ഈജിപ്തിലെ ഹിക്സോസ് അഥവാ ഇക്ഷ്വാകുവംശം ഇങ്ങനെ മിത്തനി(മിത്ര അഥവാ സൂര്യ)വംശത്തിലെ അമ്മമാരിൽനിന്നുണ്ടായി. ഹിക്സോസിന് ഈജിപ്തിൽ വിദേശത്തെ മലമ്പ്രദേശത്തെ മുഖ്യനെന്നാണ് (chief of a foreign hill country)അർത്ഥം. മലബാറിലെ (മല അഥവാ കുന്നിലെ മുഖ്യൻ)ശാഖയിൽനിന്ന് ഹിക്സോസുകളുടെ പുന്തിലേക്ക് ചന്ദനമരങ്ങള് കൊണ്ടുപോകാനായി ഈജിപ്തിലെ സംഘം വന്നതും ഇതേ കാരണംകൊണ്ടാണ്.

മിത്തനിയിലെ ദശരഥൻ ഒരു അവകാശത്തർക്കത്തില് തന്റെ സഹോദരനായ അർത്ഥസുമര എന്ന സഹോദരനെ വധിച്ചു.(സുമര എന്നത് കേരളത്തിലെ വള്ളുവനാട്ടിലെ ഒരു സ്ഥാനപ്പേരാണ്. തമിഴ്നാട്ടിലെ ലിഖിതങ്ങളിലും ഇത് കാണാം). ഭയപ്പെട്ട മറ്റൊരു സഹോദരനായ അർത്ഥദാമന് രണ്ടാമന് 1380ൽ ഹിതായത് രാജാവായ സുപ്പിലിയുലിയുമിസ്സിനോട് സന്ധി ചെയ്തു. ഈ സന്ധി മിത്രൻ, വരുണൻ മുതലായ വൈദികദേവതമാരുടെ നാമങ്ങളില് സ്വസ്തിപറഞ്ഞു കൊണ്ടാണ് ആരംഭിക്കുന്നത്. ഇത് വെച്ചുകൊണ്ടാണ് മാക്സ്മുള്ളരെപ്പോലുള്ള പണ്ഡിതർ വേദം ഇക്കാലത്തേ ആരംഭിച്ചിട്ടുള്ളു എന്ന് തെറ്റായി ധരിച്ചത്. അശ്വപരിപാലനം ,യുദ്ധത്തിൽ അശ്വങ്ങലെ പരിശീലിപ്പിക്കുന്ന വിധം എന്നിവയടങ്ങിയ ഒരു സംസ്കൃതഗ്രന്ഥം മിത്തനിക്കാരുടേതായിട്ട് ആദ്യമായി കാണുന്നതും ഇക്കാലത്താണ്. മൂഷകവംശത്തിലെ ഉഗ്രന്റെ അശ്വപ്പടയെക്കുഖിച്ചും അദ്ദേഹത്തിന്റെ മകൻ ചന്ദ്രവർമ്മാവിന്റെ സമുദ്രയാത്രകളെയും ജലസമാധിയേയും കുറിച്ചും മൂഷകവംശകാവ്യകാരൻ പറയുന്ന ചരിത്രം (കേരളരാജവംശത്തിന്റെ വംശാവലി) ചരിത്രമല്ല മിത്താണ് എന്നു കരുതുന്നവർ, തള്ളിപ്പറയുന്നത് സ്വന്തം ചരിത്രത്തെയാണ്.

ദശരഥന്റെ പുത്രൻ മതിവോസയുടെ മരണശേഷം സുധർണ്ണന് മൂന്നാമന്റെ സുഹൃത്ത് അസുരഭല്ലിത ഒന്നാമൻ അസ്സീറിയയിൽനിന്നു വന്ന് മിത്തനിയെ ആക്രമിച്ചു. പിന്നീട് ബിസി 705-682ൽ സെന്ന ചെറീബിന്റെ കാലത്ത് യൂദായിലെ എസക്കിയാ(ഈ സാമ്രാജ്യത്തിന്റെ പടിഞ്ഞാറേ പ്രവിശ്യയിൽ) ഫുണീഷ്യർ,ഈജിപ്തുകാർ,ഫിലിസ്റ്റീനുകളിവരോട്ടു ചേർന്ന് വിപ്ലവം നയിച്ചതിന് സെന്നാചെറീബിന്റെ മകനാൽ കൊല്ലപ്പെട്ടു.ഇവിടുന്നങ്ങോട്ടുള്ള ചരിത്രമാണ് ബൈബിളിലെ പഴയ നിയമത്തിലുള്ള ചരിത്രം.

ബിസി 669-627 അസുര് വനപാല്

നിയോബാബിലോണിയൻ സാമ്രാജ്യം നബോ പോളശർ(പോൾ അസുർ) ബിസി 626-605, നബു ചന്ദസർ(ചന്ദ്ര അസുര്) ഒന്നാമൻ ബിസി 561-539, സിറസ് ബിസി 547ൽ പേഴ്സ്യയും മിദിയയും ഒന്നാകുന്നു. ബിസി 539-332 വരെ പേഴ്സ്യൻഭരണം. ബിസി 332-323 വരം അലക്സാന്ററുടെ ഭരണം. ബിസി 280

ആദ്യമായി ഈജിപ്തിലെ പൂജാരി മനെത്തോ ഈജിപ്തിന്റെ ചരിത്രം ഗ്രീക്കുഭാഷ യിലെഴുതുന്നു.

ദാവൂദിന്റെ കാലത്ത് (ബിസി 1000-961)ഫുണിഷ്യയെ ജയിച്ചില്ല,പകരം സിഡോനി യന്മാരുടെ രാജാവായ ടൈറിലെ ഇരാം(രാം ബിസി 969-936)എന്ന രാജാവി നോട് സന്ധിചെയ്യുകയാണുണ്ടായത്. മകൻ സോളമന് (961-922)അങ്ങനെ യാണ് മലബാറിലെ തീരവും ഏഴിയോൻഗബറുമായി ഇരാമന്റെ ഫുണീഷ്യൻകപ്പ ൽപ്പടയിലൂടെ കച്ചവടബന്ധം സ്ഥാപിക്കുന്നത്. സോളമന്റെ കാലത്ത് ആദ്യമാ യി ഏഴിയോൻഗബറില് ചെമ്പ് സംസ്കരിക്കാനാരംഭിച്ചതും ഈ ബന്ധത്തിന്റെ ഫലമാണ്. ആദ്യമായി അവിടെ യുദ്ധത്തിന് തേർ ഉപയോഗിച്ചു,രാജ്യത്തെ ഭരണസൌകര്യത്തിനായി ജില്ലകളായി തിരിച്ചു. ഇന്ത്യയിലെ കുലസംഘങ്ങൾ ചെയ്യുന്നപോലെ സന്ധികളും ഡിപ്ലോമാറ്റിക്ക് അയിനിക്കുറ് വിവാഹങ്ങളും തുട ങ്ങി. ഇരാമിന്റെ കപ്പലുകളോടൊപ്പം സോളമന്റെ ഭാര്യയുടെ വിഹിതമായ (സ്ത്രീ ധനം)കപ്പലുകളും മെഡിറ്ററേനിയൻ ,ചെങ്കടലുകൾവഴി ഇന്ത്യാസമുദ്രം വരെ യാ ത്രചെയ്തു. സിലിസിയ,ഈജിപ്ത് എന്നിവിടങ്ങളുമായി കുതിരയും തേരും കച്ചവടം ചെയ്യാനും അറേബിയക്കാരുമായി സുഗന്ധദ്രവ്യങ്ങൾ വരുന്ന സാർത്ഥവാഹക സംഘസഞ്ചാരമാർഗ്ഗം പങ്കിടാനും ഫുണീഷ്യയിലെ രാജാവായ ഇരാമന്റെ മകളു മായുള്ള വിവാഹം സോളമന് സഹായകമായി. 1100 -332 ബിസി വരെ, അലക്സാ ണ്ടറുടെ കാലം വരെ, ഈ മാർഗ്ഗം പ്രബലരായ ഫുണീഷ്യന്മാരുടെ(മലബാറിലെ ഫണീശരുടെ)മാത്രമായിരുന്നു. ഇരാമിന്റെ കമ്മാളരാണ് സോളമന്റെ പ്രസിദ്ധ മായ ക്ഷേത്രം പണിതുകൊടുത്തത്. അതിലുപയോഗിച്ച തേക്കുതടി മലബാറിലെ തേക്കാണ്.

ഇരാമിന്റെ പിൻഗാമികൾ:

ബിസി 1000 അഹിരാം, ബിസി 975 ഇത്തോബാൽ(അസ്താർത്തേയുടെ പുരോ ഹിതൻ), ബിസി 950 യെഹിമില്ക്ക്,ബിസി 930 അഹിപാൽ,ബിസി 920 എലിപാൽ, ബിസി 900 ശിപിത്പാൽ,(ബിസി 935-910 വരെ ഇരാമിന്റെ സഹോദരനായ പാ ൽ മാശര് ഒന്നാമന് ,918-910 വരെ അഷ്താർത്തേ,897-889 വരെ അസ്താ ർത്രോം , 988 പില്ലസ് എന്നിവരും പ്രബലരായിരുന്നു)മിന്നോവർ അഥവാ

മീനവരെന്ന ഫുണീഷ്യരുടെ പിൻഗാമിയാണ് ഇരാം(ഇരാമനെന്ന രാമൻ). അതായത് ബിസി 3000 മുതല് 323ലെ ഗ്രീക്ക് ആക്രമണം വരെയും അതിനു ശേഷവും ഇന്ത്യയുടെ പടിഞ്ഞാറേ തീരത്തെ സഞ്ചാരികളായ മീനവർക്ക് ശക്തമായ ഭരണസമ്പ്രദായവും ഏകീകൃതമായ കച്ചവട,ഗതാഗതനിയമങ്ങളും ശാസ്ത്രങ്ങളുമുണ്ടായിരുന്നു.അസ്സീറിയ,ബാബിലോണിയ,ഈജിപ്ത്,ഏഴിയോൻഗബർ എന്നിവിടങ്ങളില് അവര് എത്തിച്ച് പഠിപ്പിച്ച വിദ്യകളും ശാസ്ത്രങ്ങളും അതുകൊണ്ടുണ്ടായ അഭിവൃദ്ധിയും ആദ്യം ഗ്രീക്കുകാരേയും പിന്നീട് പോർച്ചുഗീസ്,ഫ്രഞ്ച്, ഡെച്ച്, ബ്രിട്ടീഷുകാരേയും ഇവിടേക്ക് എത്തിച്ചു. ലോകം മുഴുവനും ഒന്നായിക്കണ്ട് ബന്ധുത്വം സ്ഥാപിച്ച ഇന്ത്യക്കാരെ അമേരിക്കയിലെ ആദിവംശത്തെപ്പോലെ മുഴുവനായി നശിപ്പിക്കാൻ സ്പെയിനും പോർച്ചുഗലും ശ്രമിച്ചിട്ടും സാധിച്ചില്ല. പകരം അവർ മറ്റൊരു തന്ത്രം ഉപയോഗിച്ചു. ഇംഗ്ലീഷുകാർ വന്നിരുന്നില്ലെങ്കിൽ, ഇവിടത്തെ ഒരൊറ്റ സംസ്കാരചിഹ്നവും നിലനില്ക്കാത്ത വിധം പോർച്ചുഗീസുകാര് തുടച്ചുനീക്കുമായിരുന്നു. ഈശ്വരാധീനം കൊണ്ട് ബ്രിട്ടീഷുകാർ അതിനു തുനിഞ്ഞില്ല. അതിനവരോട് നാം നന്ദിപറയേണ്ടിയിരിക്കുന്നു.

ചരിത്രകാരിയോ ആർക്കിയോളജിസ്റ്റോ അല്ലാത്ത ഞാനെന്തിനീ ചരിത്രമെഴുതുന്നു. എന്റെ രാഷ്ട്രത്തിന്റെ ,എന്റെ പൂർവ്വീകരുടെ ചരിത്രത്തില് സഹജമായ താല്പര്യം തോന്നിയതുകൊണ്ടുമാത്രം. അതിന് വന്ദേരിയിലെ മണ്ണും ,അമ്മയുടേയും അഛന്റേയും ചരിത്രബോധവും വളവും വെള്ളവും നൽകിയതുകൊണ്ട്. **ഡോക്ടർമാർ എന്തിന് ഇതൊക്കെ എഴുതുന്നു എന്ന് എന്നോടു ചോദിച്ചവരുണ്ട് കേരളത്തിൽ. അവരോട് വിനയപൂർവ്വം ഒർമ്മപ്പെടുത്തട്ടെ. പാടലീപുത്രത്തിന്റെ ആർക്കിയോളജി പഠിച്ച് പ്രശസ്തനായത് ആർക്കിയോളജിസ്റ്റായിരുന്നില്ല, ഒരു മെഡിക്കൽ ഡോക്ടര് മാത്രമായ L.A.Waddell ആയിരുന്നു. ഒരാളുടെ താല്പര്യം, ശ്രദ്ധ, പഠനം എന്നിവയാണ് ഒരാളെ ഒന്നുപറയാനും എഴുതാനും അധികാരിയാക്കുന്നത്. ബിരുദങ്ങളോ അക്കാദമിക്ക് തസ്തികകളോ അല്ല.**

ഇന്ത്യയുടെ ജിയോളജി:-

1. അർച്ചയൻ: ദക്ഷിണേന്ത്യൻഭൂമിയില് ആദ്യം ഗ്രാനൈറ്റും നിസെസ്സും (granite & gnessus) ഉണ്ടായി. പിന്നെ യാർവാർആരവല്ലി ഉണ്ടായി.

2. ആദ്യപ്രീകാംബ്രിയൻ: മദ്ധ്യപ്രദേശിലെയും ആന്ധ്രപ്രദേശിലേയും കടപ്പക്കല്ല്.
3. യങ്ങർപ്രീകാംബിയൻ: ദില്ലി ക്വാർട്ട്സൈറ്റ്,ആരവല്ലിയുടെ കേന്ദ്രം.
4. കാംബ്രിയൻ:വിന്ധ്യപർവ്വതം,മദ്ധ്യപ്രദേശിലെ കടപ്പ. ഓഌോവിസിലൻ.
5. ഗൊണ്ട്വാനാലാന്റിന്റെ 3 ഘടകങ്ങളായ ലോവർ,അപ്പർ,മിഡിൽ കാർബോണിഫറസ്. ട്രയാസിക് മുതൽ ജുറാസിക് കാലം വരെ . സാന്റ്സ്റ്റോണും ഷേലുംകളിമണ്ണും.ഗോദാവരി,മഹാനദി, ദാമോദർനദീ താഴ്വാരങ്ങൾ.ഭൂഗകഛം,കത്തിയവാർ,തെക്കും കിഴക്കും സമുദ്രതീരങ്ങൾ-ജുറാസിക്,ക്രറ്റേഷ്യസ് ,ടെർഷ്യറി പാറകള്.ലാവ ഉറഞ്ഞ കട്ടിയുള്ള ബസാൾട്ട് ഡെപ്പോസിറ്റ് ഡക്കാൻലാവ അര മില്യൻസ്ക്വയ ർകിലോമീ റ്ററിലധികം (അതായത്,ഒരഗ്നിപർവ്വതം തണുത്തുറഞ്ഞതാണ് ഡെക്കാ ൻപീഠഭൂമി. താഴെ ഇപ്പോഴും ലാവ ഉണ്ട്.ലാവ ഒഴുകിയ പാട് ഇപ്പോഴും തിരുനെല്ലിയിലെ കാളിന്ദീബേസിനിലുണ്ട്.)ദണ്ഡകനെന്ന ഇക്ഷ്വാകു പുത്രന്റെ കാലത്ത് ഈ അഗ്നിപർവ്വതം ലാവചീറ്റി അദ്ദേഹത്തിന്റെ നാടാകെ പൊടി മൂടിപ്പോയത് ആദികവി വാത്മീകി രാമായണത്തിൽ പറയുന്നത് അതിനാൽ വിശ്വസനീയമാണ്. ഈ സ്ഥലമാണ് പിന്നെ ദണ്ഡകാരണ്യമെന്ന് വാത്മീകിയും കൊന്നവനമെന്ന് കമ്പരാമായണവും വിളിക്കുന്നത്. ഇവിടെ യാണ് ദണ്ഡകാരണ്യത്തിലെ നർമ്മദാനദീതീരത്ത് പുതിയ ഒരു വംശം ജനസ്ഥാനമായി സ്വീകരിച്ചത്.താടകയും രാവണനും സുബാഹുവും മാരീ ചനും ശൂർപ്പണഖയും മഹാബലിയും കാർത്തവീര്യനും ഘടോത്കചനുമെ ല്ലാം ഇതേ വംശത്തിലെ പ്രജകളായി പലകാലത്ത് പലസ്ഥലങ്ങളിൽ ജീവിച്ചവരാണ്. കേരളവും തമിഴ്നാട്ടും ഡെക്കാനുമായി ബന്ധിക്കുന്ന രണ്ടുച്ചുരങ്ങളുണ്ട്. പാലക്കാട്ടും ആരുവാമൊഴിച്ചുരവും. അതു പോലെ മൂന്നുചുരങ്ങളാണ് വടക്കുപടിഞ്ഞാറേ പ്രവിശ്യയിലുള്ളത്. അവിടെ ശക്തമായ കാവലുമുണ്ട്. ബോളനെന്നും ഖോജനെന്നും രണ്ടുമുഖങ്ങളോട്ടുകൂ ടിയ ബോളൻചുരം, സിന്ധുവിലെത്തുന്ന ഗോമൽചുരം,ഗോമലിനും ഉത്തര ഭാഗത്തെ കൈബർചുരത്തിനും ഇടയിലായി അഫ്ഘാനിസ്ഥാനമെന്ന ഗാന്ധാരത്തിൽനിന്ന് ഇന്ത്യയിലേക്കുള്ള തൊച്ചി,കുറം ചുരങ്ങൾ. വടക്ക്

കാബൂൾച്ചുരത്തെ ചുറ്റി സ്വാത്,കാബൂളെന്നീ നദികളുമുണ്ട്. കൈബർച്ചുരത്തിലെ പോരാളികൾ ബ്രിട്ടീഷുകാരുമായി നിരന്തരം പോരാടിയവരാണ്. സിൽക്ക്റൂട്ടായി ചൈനമുതല് റോം വരെ ഉപയാഗിച്ചിരുന്ന ,കാരക്കോറത്തിലൂടെ അഫ്ഘാനിസ്ഥാനം (ഗാന്ധാരം)വരെയുള്ള പാതകൾഃ

1. ഹുന്,ഗിലിഗിറ്റ്,കാരക്കോറം ഹൈവേ വഴി പെഷവാർ,ചിത്രാൽ ,പാമീറിലെത്തുന്നത്.
2. പാമീറിൽനിന്ന് കാഷ്ഗർ,യാർക്കണ്ഡ് എന്നീ രണ്ട് ഏഷ്യന് വിപണന സ്ഥാനങ്ങളിലേക്കുള്ളത്.
3. ലേയിൽനിന്ന് മുസ്താക് അത്തായുടെ ശിഖരംചുറ്റി ലഡാക്കില് മദ്ധ്യേഷ്യവരെ.

ഈ വഴികളിലൂടെയാണ് ബുദ്ധമതം അഫ്ഘാനിസ്ഥാനിലും ചൈനയിലും എത്തിയത്. ശ്രീലങ്കയിലെ ബെഗ്രാം ഭണ്ഡാരത്തിലെ ആനക്കൊമ്പ് കാബൂളിലെത്തിയത് ഇന്ത്യയിലെ നദീമാർഗ്ഗങ്ങളിലൂടെ ഉത്തരാപഥം ചുറ്റിയാണ്. കൌശികന്മാർ(കുശിക,വിശ്വാമിത്രഗോത്രം)ഗംഗയിലെ ശോണാതീരംമുതൽ ഓക്സസ്(ചാക്ഷുഷി)ജക്സാർത്തസ് വരെയുള്ള സാർത്ഥവാഹകസംഘങ്ങളുടേയും തീർത്ഥാടകരുടേയും ഭിക്ഷുക്കളുടേയും ഗതാഗതം നിയന്ത്രിക്കയും സുരക്ഷക്ക് ഏർപ്പാടുചെയ്കയും ചെയ്തിരുന്നു.അതിനാൽ ഈ ഭാഗത്തിന് സിന്ധുകുശ് (ഹിന്ദുക്കുഷ്)എന്ന് പേരുണ്ടായി. ഇതിന്റെ ഒരു ശാഖമാത്രമാണ് ചരിത്രത്തിൽ കാണുന്ന കുശാനരാജവംശം.

തിബത്ത്ഃ സിംലയിൽനിന്ന് സത്ലജ് താഴ്വരയിലൂടെ ഷിപ്പ കി ലാ, ഉത്തരപ്രദേശിലേക്ക് നിതി പാസ്, സിക്കിമിനും ഭൂട്ടാനും ഇടയിലെ ചുംബി താഴ്വര, വടക്കുകിഴക്ക് തവാങ് ബോംഡില വഴി അരുണാചൽവരെ വേഗത്തിലെത്താവുന്ന വഴി.

തെക്കൻചൈനയിൽനിന്ന് 600 ബിസി മുതല് 1200 എഡിവരെ ഉപയോഗിച്ചിരുന്ന വഴിഃ യുണ്ണാനിൽനിന്ന് സദിർജാ അതിർത്തി(കിഴക്കൻബർമ്മ), മണിപൂർതാഴ്വര,വടക്കൻബർമ്മ വരെ. ചിറ്റഗോങ് വഴിയും ബർമ്മയിലെത്തിയിരുന്നു. മണിപ്പൂർതാഴ്വര സില്ക്റൂട്ടിന്റെ ഭാഗമായിരുന്നു. നർമ്മദ,കാ

വേരി,ഗംഗാമുഖം(മൂഷകകേരളവംശവും മാഹിഷ്മതിയും, മൂവേന്ത ർവംശം, ചേദി, പാലകവംശം ഇവരുടെ സ്ഥാനം)ശക്തരായ ചേദി,മൂഷക,ചേര ചോളപാണ്ഡ്യ പാലകരുടെ കയ്യിലായിരുന്നു ഇപ്രകാരം ശക്തവും സുദൃഢവുമായ ഒരു കേന്ദ്രീകൃതരാഷ്ട്രമായി ഒറ്റ യൂണിറ്റായി ചക്രവർത്തിക്ഷേത്രമെന്ന് ഹിമാലയം മുതല് ഇന്ത്യാസമുദ്രം വരെയുള്ള ഭാരതത്തെ വിശേഷിപ്പിക്കുന്നത് വിഷ്ണുപുരാണത്തിലും നാം കാണുന്നു

India.An Archeological history .Dileep Chakaravarthy 1999 pp 26. പുരാതനമായ സിന്ധു,ഗുജറാത്ത്,ഘൾഫ്,കേരള,കർണ്ണാടകതീരസമുദ്രജലപാത ഇപ്പോൾ കള്ളക്കടത്തുകാരുടെ പാതയായിരിക്കുന്നത് ഒരു ആർക്കിടൈപ്പൽഓ ർമ്മയായിട്ടാണ് എടുത്തുകാട്ടുന്നത്.ഗുജറാത്തും കേരളവും എക്കാലത്തും വിദേശവാണിജ്യത്താലാകർഷകമായിരുന്നിട്ടും ശക്തമായ പ്രതിരോധനിരയും ഗതാഗതരഹസ്യങ്ങൾ പറഞ്ഞുകൊടുക്കില്ലെന്ന ദൃഢപ്രതിജ്ഞയും കൊണ്ട് വിദേശികൾക്ക് എത്തിപ്പെടാന് പ്രയാസമേറിയ പ്രദേശങ്ങളായി തുടർന്നു എന്നത് ഒരു വൈരുദ്ധ്യമായിട്ടല്ല,ഒരു ജനതയുടെ ഒരുമ,അഡ്മിനിസ്ട്രേറ്റീവ് വിശ്വസ്തത ഇവയുടേയും സ്വന്തം കേന്ദ്രീകൃതഭരണസമ്പ്രദായത്തിൽ അവർക്കുണ്ടായിരുന്ന വിശ്വാസത്തേയും കൂറിനേയും കാട്ടുന്ന ചിഹ്നമായിട്ടുമാണ് അറിയേണ്ടത്. ഈ സ്വഭാവം കൊണ്ടാണ് അവരെ കടലിലെ കൊള്ളക്കാരായി വിദേശികൾക്ക് തോന്നിയതും. ദ്വാരകാപതിയായ കൃഷ്ണന്റെ കാലം മുതൽ കള്ളനെന്ന പേർ ഇവർക്ക് അസൂയക്കാരെല്ലാം ചാർത്തിക്കൊടുത്തിരുന്നുവല്ലോ.

ആന്ത്രപ്പോളജിക്കൽസർവ്വേ:) ചക്രവർത്തി(1999) ഒരേ ജാതിയും മതവുമുള്ള ഇന്ത്യയിൽ 4635 സമുദായങ്ങളുണ്ട്. ഒരേ സമുദായക്കാർ തമ്മിലുള്ള വിവാഹവും ഒരേ തൊഴിലിൽ പരമ്പരകളായി ഏർപ്പെടലും ഇവിടെ കാണുന്ന പൊതു സ്വഭാവങ്ങളാണ്. ചാമരർ(തോൽപ്പണി)ജോഗി(ഭിക്ഷു)കമ്മാര (പാത്രനിർമ്മാണം) കലു(എണ്ണയുണ്ടാക്കുന്നവർ)നൈ (ബാർബർ)എന്നിവർ വടക്കേ ഇന്ത്യയിലെ തൊഴിൽസമുദായങ്ങളാണ്,ജാതികളല്ല.ഇതുപോലെയാണ് തെക്കേഇന്ത്യയിലും. സർവ്വേയില് 584 മുസ്ലീം സമുദായങ്ങളുമുണ്ട്. ഇവരിലെ 53

സമുദായങ്ങൾക്ക് അവരവരുടെ വർണ്ണമറിയാം. 12 സമുദായം ബ്രാഹ്മണര് മതംമാറിയതാണെന്ന് അവകാശപ്പെടുന്നു. 339 കൂട്ടര് ക്രിസ്ത്യാനികള് മതംമാറിയതാണെന്നാണ് കരുതുന്നത്. 76 കൂട്ടര് തങ്ങള് വർണ്ണധർമ്മത്തിന്റെ ഭാഗമാണെന്നും മനസ്സിലാക്കിയവരാണ്. മതം,ജാതി,സമുദായം എന്നിവ തമ്മിലുള്ള വ്യത്യാസം അറിയാത്തത് ചരിത്രം എഴുതുന്ന ബുദ്ധിജീവികൾക്കും മനുഷ്യരെ തമ്മിലടിപ്പിക്കുന്ന രാഷ്ട്രീയക്കാർക്കും ഏതാനും മതഭ്രാന്തന്മാർക്കുമാണ്. ജീവിതത്തിലെ ചില പ്രത്യേകതകൾ ഈ ആന്ത്രപ്പോളജിക്കല് സർവ്വേയിൽ കണ്ടെത്തി. ജാതിമതഭാഷാഭേദമെന്യേ, ഇന്ത്യക്കാരെ ഒന്നിപ്പിക്കുന്ന ഈ പ്രത്യേകസ്വഭാവങ്ങളിവയാണ്.

1. ഗ്രാമഭരണരീതികൾ.
2. വിദ്യാഭ്യാസസമ്പ്രദായങ്ങൾ
3. അരിയോ ഗോതമ്പോ സ്റ്റേപ്പിൾ ഭക്ഷണം
4. എണ്ണ ,എണ്ണക്കുരുക്കളുടെ ഉപയോഗം
5. കലപ്പ,കൃഷിയായുധങ്ങൾ,ഉമി കളയുന്നവിധം
6. സ്ത്രീപുരുഷന്മാരുടെ വേഷധാരണം
7. പാദരക്ഷ
8. കാള,കാളവണ്ടി ഉപയോഗം
9. കലപ്പ,ചാണ,അമ്മി,ഉലൂഖലം(ഉരൽ) ശുദ്ധമാണെന്നു കരുതുന്നു.
10. വസ്ത്രം കുട്ടിത്തുന്നാതെ ,രണ്ടു കഷ്ണമായി ചുറ്റിയുടുക്കുന്നു.
11. സ്ത്രീകളുടെ വർണ്ണം ശുദ്ധമാണെന്നു വിശ്വസിക്കുന്നു.
12. ഇപ്പറഞ്ഞ മൂന്നു ശുദ്ധങ്ങൾ(9,10,11) എല്ലാ സമുദായക്കാരിലും സാമ്പ്രദായികമായി കാണുന്നു.

ഇന്ത്യക്കാരുടെ ഏകത്വത്തെ പിരമിഡ്രൂപത്തിൽ വരച്ചാല് ഏറ്റവും താഴെയുള്ള നിലയിലേ വൈവിദ്ധ്യങ്ങളോ വൈരുദ്ധ്യങ്ങളോ ഉള്ളൂ എന്നും വാസ്തവത്തിൽ അദ്വൈതമാണ് അതിന്റെയെല്ലാം ആധാരമായി നിലനിൽക്കുന്നതെന്നും ചുരുക്കം. പ്രാദേശികവും ഭാഷാപരവുമായ വൈവിദ്ധ്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ദേശീയവും രാഷ്ട്രീയവുമായി തനിമയുംഒരുമയും നിലനിർത്തിയവരാണ്

ഇന്ത്യയിലെ സമൂഹം അന്നും,ഇന്നും എന്നും. റിസ്ലി പറഞ്ഞ 7 തരം റേസുകള് (seven races of India.Risley. page .36-37 ചക്രവർത്തി 1999) ഇപ്രകാരം നോക്കിയാൽ വെറും പ്രാദേശികവൈവിദ്ധ്യം മാത്രമാണ്.

1. Indo-Iranian ബലൂചി,ബ്രഹ്മയി,അഫ്ഘാൻ.(കേകയ,ഗാന്ധാര)
2. Indo-Aryan രജ്പുത്,ഖത്രി,ജാട്(പഞ്ചാബ്,രജ്പുത്താന,കാശ്മീർ)
3. Sittho-dravidian മഹാരാഷ്ട്രബ്രാഹ്മണ,കുൺബി,പടിഞ്ഞേറേഇന്ത്യയിലെ കൂർഗ്ഗികൾ.ഉയരം മദ്ധ്യമം.വെളുപ്പനിറം,മുഖത്ത് രോമം കുറവ്, നീണ്ട സുന്ദരമായ മൂക്ക്,പരന്ന് ഉയർന്ന വിശാലമായ നെറ്റി.
4. Aryo-Dravidian യു.പി,രാജസ്ഥാനം,ബീഹാർശ്രീലങ്ക,ഹിന്ദുസ്ഥാനിബ്രാഹ്മണർ,ചാമരർ.
5. Mangol Dravidian ബംഗാൾ കായസ്ഥബ്രാഹ്മണർ,കിഴക്കൻബംഗാൾമുസ്ലീം
6. Mangoloid ഹിമാലയത്തിലെ ആളുകൾ,ബ്രഹ്മപുത്രയിലെ ബോഡോ
7. Dravida ദക്ഷിണേന്ത്യ,മലകളിലെ പണിയ,കിഴക്കേ ഇന്ത്യയിലെ സാന്താള്.

ബി.എസ്.ഗുഹയുടെ അഭിപ്രായത്തിൽ തെക്കേ ഇന്ത്യയിലെ മെഗാലിത്തിക്ക് ജനതയാണ് ഇന്ത്യയിലെ സംഘടിതമായ(സഹകരണാടിസ്ഥാനത്തിലുള്ള) കൃഷിസമ്പ്രദായം ആദ്യം ഏർപ്പെടുത്തിയത്.ഇത് ശരിയാവണം. മൺസൂ ൺകാലവർഷക്കാര്റുകളുടെ പാതയും ട്രോപ്പിക്കല് മഴക്കാടുകളും വനവിഭവങ്ങളും സ്വാഭാവികമായ സസ്യസമൃദ്ധിയും അതുനോക്കി കാലവർഷത്തിനനുസരിച്ച് വിത്തു നടാനുള്ള പ്രവണതയും ജലസേചനത്തിനുള്ള നദികളുടെ സുലഭതയും ഈ പ്രദേശത്തുണ്ട്.മാത്രമല്ല,ഇവിടെ തീരദേശത്തെ കോൾനിലങ്ങളിലാണ് ജനതയുടെ സ്റ്റേപ്പിൾ ഭക്ഷണമായ നെല്ല് ഏറ്റവുമധികം ഉല്പാദിപ്പിക്കപ്പെടുന്നത്. കോൾപ്പാടങ്ങളിൽ വ്യക്തികൾക്ക് കൃഷി നടത്താനാവില്ല,സഹകരണാടിസ്ഥാനത്തിലുള്ള കൂട്ടുകൃഷിയേ സാധിക്കുകയുള്ളു. ഇവിടെനിന്നുപോയവരെല്ലാം തങ്ങൾ ചെന്നസ്ഥലത്ത് കൃഷി നടപ്പാക്കി. അങ്ങനെയാണ് സിന്ധു,അർമ്മേനിയ പ്രദേശങ്ങളിലടക്കം കൃഷിയുടെ പ്രചാരം.

ഹട്ടന്റെ അഭിപ്രായത്തില് ഇന്ത്യയില് 5 റേസുകളേയുള്ളു,ഏഴില്ല.

1.ഏറ്റവും പ്രാചീനം നെഗ്രിറ്റോ(ഏഷ്യൻആഫ്രിക്കൻ) കൃഷി തൊഴിൽ

2 പ്രോട്ടോആസ്ത്രലോയിഡ് ,(ആസ്ത്രലോഏഷ്യാറ്റിക് ഭാഷ സംസാരിക്കുന്നു) കൃഷിയും സമുദ്രസഞ്ചാരവും

3.ഇവരിൽനിന്ന് ആദ്യകാലമെഡിറ്ററേനിയന് വംശം ,പാലസ്തീനിയന്മാരെന്നിവ രുണ്ടായി.അങ്ങനെ കൃഷി,സമുദ്രസഞ്ചാരമെന്നിവ മറ്റുവൻകരകളിലുമെത്തി.

4. പിൽക്കാല മെഡിറ്ററേനിയന് വംശം

5.ആർമ്മനോയിഡ് ആല്പ്പൈൻവർഗ്ഗം. ദ്രാവിഡഭാഷ സംസാരിക്കുന്നവരാണ്. ഇവരുടേയാണ് സൈന്ധവസംസ്കൃതി.

ഈ അവസാനം പറഞ്ഞ വാചകം(അടിവരയിട്ടത്) പ്രോട്ടോആസ്ത്രലോയിഡുക ൾക്ക് അവകാശപ്പെട്ടതാണ്. നേരത്തേ പറഞ്ഞ ജനിതകപാറ്റേണുകളെല്ലാം അതാണ് തെളിയിക്കുന്നതും. ദ്രാവിഡഭാഷ സംസാരിക്കയും സൈന്ധവസം സ്കൃതി ഉണ്ടാക്കുകയും ചെയ്ത , സിന്ധുലിപിയും സംസ്കൃതവും പൊതുസംവേദനഭാഷ കളായി ഉണ്ടായിരുന്ന (പ്രാദേശികഭാഷാബാഹുല്യപ്രശ്നംഅങ്ങനെ തീർത്ത)പ്രോ ട്ടോ ആസ്ത്രലോയിഡ് ,നെഗ്രിറ്റോ സങ്കരവംശം ഹരപ്പയും മൊഹഞ്ജോദാരോയും മെഹ്ർഗാർഹും സൃഷ്ടിച്ചു. ആദ്യകാല,പിൽക്കാലമെഡിറ്ററേനിയ ൻവംശപിതാക്ക ളായി. ലോകത്തിലെ എല്ലാ വൻകരകളിലും തങ്ങളുടെ വംശവും സംസ്കാരവും എത്തിച്ചു. ആർമ്മനോയിഡ് ആൽപ്പൈൻവർഗ്ഗം ദ്രാവിഡഭാഷ സംസാരിച്ചത് അവരുടെ പൂർവ്വീകര് ദ്രാവിഡഭാഷ സംസാരിക്കുന്ന ദ്രാവിഡരാകയാലാണ്. മറിച്ചല്ല. ഇന്ത്യയുടെ പടിഞ്ഞാറെ തീരത്തുള്ളവരെയും 3000 ബിസിയിലെ ഇന്തോയൂറോപ്പ്യൻ ബ്രാക്കികെഫാലിക്ക് റേസ് എന്നു വിലിക്കുന്ന ഹട്ടന് തെക്കേ ഇന്ത്യയുടെ അറ്റത്തുള്ളവർ മംഗളോയിഡ്(1500 ബിസി)എന്നും മറ്റും പറഞ്ഞ് ആകെ കൺഫ്യൂഷനിലാണ്. ഇന്ത്യയിൽ യൂറോപ്പിന്റെ അധിനിവേശത്തിനുമുമ്പ് ഒരു സംസ്കൃതിയുണ്ടാവാൻ ന്യായമില്ല,അവർ പാഗനാണല്ലോ എന്ന പ്രീഫോംഡ് മുൻവിധികൊണ്ടാണ് ഇത്. 1500 ബിസിയില് തെക്ക് മംഗോളിയരും വടക്ക് പഞ്ചാബിൽ ഇന്തോയൂറോപ്യവർഗ്ഗവും വന്ന് പടിഞ്ഞാറൻതീരത്തേക്ക് വ്യാപിച്ച് ഇവിടത്തെ ഫിലോസഫിയും കലകളും ലിപികളും ഭാഷകളും പൌരാണിക ഭാരത

ത്തിന്റെ ഗ്ലോറിയും സൃഷ്ടിച്ച എന്ന ഹട്ടന്റെ വാക്കുകളേക്കാളും വലിയ ഒരു മിത്ത് ഇന്നുവരെ ലോകത്തിലുണ്ടായിട്ടില്ല. പൌരാണികഭാരത ത്തിന്റെ ഗ്ലോറി യൂറോപ്പി ന്റെ സംഭാവനയല്ല എന്ന് സൈന്ധവസംസ്കൃതിയുടെ കണ്ടെത്തലോടെ തെളി ഞ്ഞു. ആര്യന്മാരുടെ ആക്രമണവും ഇതുപോലെ ഒരു മിത്താണ്. 1500ൽ വേദമു ണ്ടാക്കിയ യൂറോപ്പിലെ ആര്യജനത അതും കക്ഷത്തുവെച്ച് നേരെ ഇന്ത്യയിലേക്കു വന്ന്,ഇവിടെ അത് പ്രചരിപ്പിച്ചു,സ്വന്തം നാട്ടിലത് ആരും അറിഞ്ഞതുമില്ല. ഇതാ ണ് ശരിയായ മിത്ത്.

കൃഷിയും മൺസൂൺകാലവർഷക്കാറ്റനുസരിച്ച സമുദ്രയാത്രയും അതിനാവശ്യ മായ അറിവുകളും നിരന്തരമായ പ്രകൃതിസാന്നിദ്ധ്യം കൊണ്ട് ലഭിച്ച് വായ്മൊഴി ദ്രാവിഡവും ലിപി സൈന്ധവലിപിയും വരമൊഴി സംസ്കൃതവുമായ പ്രോട്ടോആസ്ട്ര ലോയിഡ് ആസ്ത്രലോവേടവംശമായ മീനവ(പരതവ)ന്മാരുടെ സംസ്കാരവും ജനി തകവുമാണ് ഇവിടെയുള്ളത്,അവരാണ് സംസ്കൃതി ലോകമെങ്ങും വ്യാപിപ്പിച്ചതും. ഇത് അംഗീകരിക്കാനുള്ള പ്രയാസം തങ്ങളുടെ റേസാണ് മികച്ചതെന്ന വിചാരമു ള്ള കൊളോണിയൽ പ്രഭുക്കന്മാർക്കുണ്ടായതില് അത്ഭുതമില്ല.പക്ഷേ ഇന്ന് കൊ ളോണിയൽ പ്രഭുക്കന്മാരല്ല നമ്മെ ഭരിക്കുന്നത്. കൂടുതൽ ആർക്കിയോളജിക്കല് തെളിവുകൾ ,ജിയോളജിക്കലും ജനിതകപരവുമായ തെളിവുകൾ നമുക്ക് കിട്ടി ക്കൊണ്ടേ ഇരിക്കുന്നുമുണ്ട്. എന്നിട്ടും ചരിത്രകാരന്മാർ പഴയ കൊളോണിയല് ചരിത്രപല്ലവി പാടിക്കൊണ്ടിരിക്കുന്നതാണ് അത്ഭുതം.

പാലിയോലിത്തിക് ,ജിയോക്രോണോളജിക്കൽ:-ശോണാനദീതീരത്തെ ആയു ധങ്ങൾ ഗ്ലേഷ്യൽസൈക്കിൾവെച്ച് തെറാ പെറ്റേഴ്സന്റെ സ്കീമിൽ(1939) ഇപ്രകാരം ക്ലാസിഫൈ ചെയ്തിരിക്കുന്നു.

TD 2,Glacial

T-1 -2 Interglacial

T 2 -3 Glacial

T3-3. Interglacial

T4-4.Glacial

T 5 The last , current level of the river.

ഇത് നർമ്മദാതീരത്തെ സംസ്കൃതിയുമായി താരതമ്യം ചെയ്യുമ്പോൾ, ശോണയിലെ T1, T2 നർമ്മദയിലെ Lower (.basal) ആദിമസോഹൻഇൻഡസ്ട്രി, അച്ചൂലിയൻകൈമഴുകാലം.ശോണയിലെ T3 ,T4 നർമ്മദയിലെ Upper (late) സോഹൻകാലം.

മദ്രാസിലെകോർത്തലയാർസമതലം,വടമധുരൈ,അതിരംപക്കം.കോർത്തലയാർ 3 ടെറസ്സ്. വടമധുരയിൽ3 ഗ്രൂപ്പ് പുരാതനംമുതല് പുതിയതുവരെ. അതിരംപക്കത്ത് ലേറ്റ് അച്ചൂലിയൻ.

സ്വതന്ത്ര്യഇന്ത്യയിൽ ജനവരി 1947ൽ വി,ഡി,കൃഷ്ണസ്വാമിയുടെ കീഴിലാണ് പാലിയോലിത്തിക് റിസർച്ച് ആരംഭിച്ചത്. (എച്.ഡി.സങ്കാലിയ ആദ്യ എഡിഷൻ.രണ്ടാമത്തേത് 11 വര്ഷംകഴിഞ്ഞ് 1974ൽ പ്രസിദ്ധീകരിച്ചു.) ഇതുപ്രകാരം- അപ്പർ പാലിയോലിത്തിക് കാലം കുർണൂലിലും ആന്ധ്രയിലെ മറ്റു പ്രദേശങ്ങളിലും,ഉത്തർപ്രദേശത്തെ ബേലൻസമതലം,മഹാരാഷ്ട്രയിലെ ഛത്തീസ്ഗാർഹിലെ പാത്രേ,എന്നിവിടങ്ങളിലാരംഭിച്ചു.എ.പി ഖാട്ടു നർമ്മദാതീരത്തെ ഓൾഡോവൻ പെബിൾആയുധവും എ.കെ.ഘോഷ് തെക്കൻബീഹാറിലെ സിംഹഭ്രമിയിലെ അബ്ബെവില്ലൻ മുതല് അച്ചൂലിയൻവരെയുള്ള കൈമഴു(കൽമഴു)വും കണ്ടുപിടിച്ചു. അരുൾ സോനാക്കിയ(1982)നർമ്മദാതീരത്തെ ആർക്കേയിക്ക് മനുഷ്യാസ്ഥി കണ്ടെത്തി.സിഡിൽ പ്ലീസ്റ്റോസീൻകാലത്തുതന്നെ ഉയർന്ന നെറ്റിയുള്ള, മസ്തിഷ്കവളർച്ച പൂർണ്ണമായതിനാല് ബുദ്ധിശക്തികൂടിയ മനുഷ്യവർഗ്ഗം നർമ്മദാതീരത്തു ജീവിച്ചിരുന്നു എന്നും ഇവർ നിയാൻഡർതാല് മനുഷ്യനുമുമ്പേ ഉള്ള വർഗ്ഗമാണെന്നും മനസ്സിലാക്കി. ഹതോറ തലയോടിന്റെ ഫ്ലറിൻ,ഫോസ്ഫറസ് അനുപാതം 1995ൽ മാത്രമാണ് പഠനവിധേയമാക്കിയത്.7.53 ആണ് അനുപാതം. 900000 മുതല് 127000 വർഷംവരെ നീണ്ടുനിന്ന മദ്ധ്യപ്ലീസ്റ്റോസീൻകാലത്താണ് ആ തലയോടിന്റെ ഉടമസ്ഥൻ നർമ്മദാതീരത്ത് ജീവിച്ചതെന്ന് അർത്ഥം.

നർമ്മദാതീരത്തെ പ്ലീസ്റ്റോസീൻകാലം ബ്രുൺഹസ് ക്രോണെന്ന് (Brunhes chron) അറിയപ്പെടുന്ന ജിയോമാഗ്നറ്റിക് പൊളാരിറ്റി (കാന്തികധ്രുവീകരണകാലം) കാലത്താണ് ഉണ്ടായതെന്നും ഈ കാലം 780000 വർഷം മുമ്പാണ് ഉണ്ടായ തെന്നും കൂടി ഓർക്കുക. ഹത്നോവയിൽനിന്ന് ഈയിടെ ആന്ത്രപ്പോളജിക്കല് സർവ്വേക്ക് ഒരു പുരാതനമനുഷ്യന്റെ തോളെല്ല്(ക്ലാവിക്കിൾ) കിട്ടി.അത് പഠനവി ധേയമാകുന്നതെയുള്ളു.

മഹാരാഷ്ട്രയിലെ പൂനയിലെകുക്ക്ടിനദീതാഴ്വരയിലെ ബോറിഗ്രാമത്തിൽ പാലി യോലിത്തിക് ആയുധങ്ങൾ(കന്മഴു,ഫ്ലേക്സ് മുതലായവ) കിട്ടി. കുക്ക്ടിനദിയുടെ ഉത്ഭവസ്ഥാനമായ കുക്കുടേശ്വരക്ഷേത്രം കുക്കടനീർ ഗ്രാമം എന്നിവിടങ്ങളിലേക്കു ള്ള പാതയുടെ ആരംഭത്തില്(3 കി മീ അകലെ) 34 കി മീ ജുന്നാറിനു പടിഞ്ഞാ റാണ് നാനേഘട്ട് ലിഖിതങ്ങൾ കിട്ടിയതെന്നത് ശ്രദ്ധേയമാണ്. പാലിയോലി ത്തിക് കാലം മുതൽ ശതകർണ്ണികാലം വരെ കൊങ്കണതീരം,സൊപ്പാര, കല്യാ ണെന്നിവയെ ബന്ധിച്ചിരുന്ന ഗതാഗതമാർഗ്ഗമാണത്. ജക്കതിക്കാരാംഗൺ (ച്ച ങ്കം ശേഖരിക്കുന്ന പാത്രം) എന്ന പേരിൽ വലിയ ഒരു കൽച്ചട്ടി ഈ പാതയുടെ തുട ക്കത്തിലുണ്ട്. നാനേഘട്ടിലെ നാനേപദം നാണയമെന്ന പേരിൽ ഇന്നും ഇന്ത്യയി ലെ ഭാഷകളിലുപയോഗിക്കുന്നുമുണ്ട്. (റെഫ. 77 പേജ് 239-260).അച്ച്ലിയ ൻആ യുധശേഖരം നെഫ്റയിലെ അഗ്നിപർവ്വതഭസ്മത്തിൽനിന്നും കിട്ടി.(ആദ്യകാല, മദ്ധ്യകാല പ്ലീസ്റ്റോസീൻ,അച്ച്ലിയൻ ഇൻഡസ്ട്രിയുടെ തെളിവ്) ആർഗോ ൺജില്ലയിലെ പൊട്ടാമിയിലെ ഇത്തരം ആയുധശേഖരത്തിന് 538000 വർഷം പഴക്കം കണ്ടു. ഏറ്റവും പുതിയ നെഫ്ര ആയുധശേഖരം (കിട്ടിയവയിൽവെച്ച്) തോബലിലേതാണ്. ഇതിനും ഇന്തോനേഷ്യയിൽനിന്നു കിട്ടിയതിനും പഴക്കം 75000 വർഷമാണ്. ഗോദാവരിയുടെ പോഷകനദിയായ പ്രവരയുടെ താഴ്വര യിലെ നെവാസയിൽ ലോവർ, മിഡിൽ പാലിയോലിത്തിക് ആയുധശേഖരം കിട്ടി. അത് പെട്ടെന്നു പൊടിയുന്ന ബസാൾട്ട് കൊണ്ടുള്ള അച്ച്ലിയന് ആയുധ ശേഖരമായിരുന്നു. മദ്ധ്യപ്രദേശ് ബോപ്പാലിനടുത്ത് ഭീംഭേക്ത ഗുഹയില് കുതിരയു ടെ ചിത്രം വരച്ചിട്ടുണ്ട്. (ഇന്ത്യക്കാർ കുതിരയെ കണ്ടിട്ടില്ല എന്ന വാദത്തിന്റെ പ്രസക്തി അതോടെ തീർന്നു)മദ്ധ്യപ്രദേശിലെ സോൺതാഴ്വരസിദ്ധി സെക്ട ർ,മഹാരാഷ്ട്ര,കൊങ്കൺതീരം,വാർദ്ധ,കിഴക്ക് വനഗംഗ(ബാണഗംഗ) വരെയുള്ള

നാല്ല നദീതാഴ്‌വരകളിൽ ഇതുപോലെ പൌരാണികആയുധശേഖരം കണ്ടെത്തി യിട്ടുണ്ട്.

പ്രാദേശികമായി ദത്താവതിയെന്നു വിളിക്കുന്ന മൂലമുക്താനദി(പൂന) ഗോദാവരി (നാസിക്)പ്രവര(നേവാസ)തപതി(പാറ്റ്ന)ഈ താഴ്‌വരകളിലെ ആയുധശേഖരം പഠനവിധേയമായിട്ടുണ്ട്. ദത്താവതിയിൽ മണൽത്തിട്ടകൾക്ക് ക്രമബദ്ധമായ ലയറിങ്ങ് ഉണ്ട്. 12 അടി കട്ടിയിലാണ് ലോവര് പാലിയോലിത്തിക് . 35 അടി കട്ടിയുണ്ട് മിഡിൽ പാലിയോലിത്തിക് ലയറിന്. ഇത്രയും കട്ടിയിൽ പഴയ മണ്ണു ള്ളതും അതിൽ ആയുധശേഖരം കണ്ടതും വളരെ ശ്രദ്ധേയമാണ്. മൂലമുക്ത അഥ വാ ദത്താവതി ദത്താത്രേയമുനിയുടെ പൌരാണികവാസസ്ഥാനമാണ്. (കാ ർത്തവീര്യാർജ്ജുനാദി മാഹിഷ്മതിരാജാക്കന്മാരുടെ ഗുരുസ്ഥാനമലങ്കരിക്കുന്ന കാലത്ത്)നെവാസയിലെ മിഡിൽ പാലിയോലിത്തിക് ലയര് വളരെ ചെറുതാ ണ്. ഗുജറാത്ത് മുതൽ ഗോവവരെയുള്ള കൊങ്കൺതീരത്ത് ലോവര് പാലിയോ ലിത്തിക് ആയുധങ്ങൾ കിട്ടി. കേരളതീരത്തെ ബസാൾട്ട്,യുറാനിയം മുതലായവ യുടെ ആധിക്യം ഇത് അഗ്നിപർവ്വതശിലയാണെന്ന് തെളിയിക്കുന്നു. അതായത് ഡെക്കാൻ പീഠഭൂമിയുടെ പഴക്കം തന്നെ കേരളത്തിനുമുണ്ടാവണം. തിരുനെല്ലിയി ലെ കാളിന്ദീതീരത്ത് കാണാനായ ലാവ ഉരുകിയ പാട് ഇത് സാധൂകരിക്കുന്നു. കർണ്ണാടകത്തില് കൃഷ്ണാനദിയുടെ പോഷകനദികളായ മലപ്രഭ,ഘടപ്രഭ നദീതാ ഴ്‌വരകളിൽ ലോവർ,മിഡിൽ പാലിയോലിത്തിക്ക് അഷ്യൂലിയൻശേഖരം കിട്ടിയി ട്ടുണ്ട്. കൃഷ്ണാതീരത്തെ യദുർവാടിയില് ഗ്രേവലില് പൂഴ്ന്നുപോയ വൃക്ഷങ്ങളുടെ കാ ൽസൈറ്റ് കാസ്റ്റുകള് കണ്ടെത്തി. (buried in fluvial silt and pedogonised).ഇത്രയും പുരാതനമായ ബൂമി,ഇത്രയും പുരാതനമായ മനുഷ്യവംശം ജീവിച്ച സ്ഥലം. അവരു ടെ ചരിത്ര,വംശ,സംസ്കാരരേഖകളും ഇതിഹാസങ്ങളും ധാരാളം ഉണ്ടുതാനും.അവ യെ ഗൌരവമായി പഠിക്കുന്നതിനുപകരം , അവരുടെ ഗ്രന്ഥങ്ങളെല്ലാം മതപരമാ ണെന്നും മിത്ത് ആണെന്നും തള്ളിക്കളയുന്നതിലെ യുക്തിഹീനതയാണ് ബുദ്ധി യുണ്ടെന്ന് അഭിമാനിക്കുന്നവരെല്ലാം തിരിച്ചറിയേണ്ടത്.

ചരിത്രാതീതജിയോളജി പ്രൊഫൈൽഃ-

1. ബോറിഃ-കുക്ക്ടിതാഴ്വര.പൂന.2.8 മി.മീ. അച്യൂലിയൻ ആയുധവും 1- 1.5 മീറ്റർ കട്ടിയുള്ള അഗ്നിപർവ്വതഭസ്മവും.
2. ഗോദാവരി .6- 35 മീറ്ററ് കട്ടി. നദീനിരപ്പിൽനിന്നുയരെ കൃഷ്ണ,ഭീമ,ഗോദാവരി, ഘടപ്രഭ,മലപ്രഭ,തുംഗഭദ്ര താഴ്വരകളിൽ മിഡിൽ പാലിയോലിത്തിക് ആയുധങ്ങൾ.
3. അപ്പർഭീമാഃ-ഭീമാ.കൃഷ്ണാനദീതീരങ്ങളിൽനദീനിരപ്പിൽനിന്ന് 5.30മീറ്റർ കട്ടിയിൽ താഴത്തെ ഭാഗത്ത് ചരലുള്ള വലിയതരികളുള്ള മണലും അതില് അച്യൂലിയൻ ആയുധശേഖരവും കുതിര,ആന എന്നിവയുടെ ഫോസിലുകളും . പൂഞ്ഞക്കാളയുടെ ഫോസിലുകൾ താഴത്തെ ഭാഗത്ത്.മുകളിൽ അപ്പര് പാലിയോലിത്തിക്,പ്ലീസ്റ്റോസീൻ.
4. ചന്ദ്രപുരിഃ-താഴെ ലേറ്റ് പ്ലീസ്റ്റോസീൻ,ഹോളോസീൻ. ഹോളോസീൻ ആദ്യകാലത്ത് ഇവിടുത്തെ നദികളുടെ പുനരുജ്ജീവനം നടന്ന തെളിവുകളുമുണ്ട്. (1 -4 വരെ ആർ.എസ്.പപ്പ 1995)
5. പാലക്കാട്ട് ക്വാർട്സ് പെബിള് ആയുധങ്ങള് .പാലിയോലിത്തിക് ആയുധശേഖരം. (രാജേന്ദ്രൻ). മുതലമടയിലെ കപ്പ് മാർക്കിങ്ങുകള് (ഡോ.സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ് 2013-14)
6. പാലാർ കോർത്തലയാർ(ചെന്നൈക്ക് അടുത്ത്) ടെർഷ്യറിമുതല് ആദ്യകാലപ്ലീസ്റ്റോസീന് വരെ .ഇരുമ്പുള്ള പോറപ്പുറത്ത് ആദ്യകാല അച്യൂലിയൻ ആയുധങ്ങള് (ശാന്തിപപ്പ 1996).മദ്ധ്യപ്ലീസ്റ്റോസീൻ ആദ്യപ്ലീസ്റ്റോസീൻ വരെ അച്യൂലിയന് മിഡില് പാലിയോലിത്തിക്ക്, പുറത്തെ സ്ലിറ്റിൽ ആയുധമൊന്നും കിട്ടിയില്ല.
7. ആന്ധ്ര,കടപ്പ,കർണ്ണൂൽ,ചിറ്റൂർ,നെല്ലൂര് മുതലായ സ്ഥലങ്ങളില് പാലിയോലിത്തിക്ക്. കർണ്ണൂല് ഗുഹകളില് അസ്ഥികൊണ്ടുള്ള ആയുധശേഖരം (അപ്പർ പാലിയോലിത്തിക് തൊഴിൽശാല). സാംഗോഗുഹ (വടക്കുപടിഞ്ഞാറ്) ജനവാസമുണ്ട്. പക്ഷേ,അസ്ഥിആയുധങ്ങളില്ല. വിശാഖപട്ടണം അച്യൂലിയൻ ഇൻഡസ്ട്രികള് .ഏറ്റവും പഴയത് ഇപ്പോഴത്തെ സമുദ്രനിരപ്പിൽനിന്ന് 7 മീറ്ററ് ഉയരത്തിലാണ്.

8. ഒറീസഃ-മയൂരബഞ്ജ് ,ഡെൻകനാൽ,സുന്ദർഗാർഹ്,സംബൽപൂർ, ഫൂൽബനി,ബോലാൻഗർ. 3 ഘട്ടത്തിലേയും പാലിയോലിത്തിക് ആയുധങ്ങൾ .
9. പടിഞ്ഞാറൻ ബംഗാൾ. ബീർഭൂം,ബർദ്വാൻ,ബങ്കുര,പുരുളി,മിഡ്നാപൂർ. പാലിയോലിത്തിക്.മിഡ്നാപൂർ താരഫേനി നദി,പുരുലിയയിലെ നദികൾ - ലോവർ പാലിയോലിത്തിക് മുതല് ഏറ്റവും അടിയിലെ സിമന്റഡ് ഗ്രേവൽ വരെ ഉണ്ട്.
10. ബീഹാർഃ(ഛോട്ടാനാഗ്പൂർ മുഴുവനും ഏറ്റവും കിഴക്ക് സിംഹഭൂം മുതല് റാഞ്ചി, പലമാവു,ഹസാരിബാഗ്,ഗിരിഡീ,സന്താൾ,പർഗാനജില്ലവരെ.). ഗയ ജില്ലയിലെ നവധാ പ്ലാറ്റൂമുതൽ രാജ്ഗർ,ഖരഖ്പൂരിൽ മുങ്കേർകാട്ടിലെ പൈശ്റ വരെ. മുകളിൽ അപ്പര് പാലിയോലിത്തിക് ,പുറത്തെ തലത്തിൽ മണലിൽപോലും കാണുന്നു. പ്രാദേശികമായ പാറക്കൂട്ടങ്ങൾക്കുമുകളിലായി ഇത്തരം ശേഖരങ്ങളുണ്ട്.
11. യു.പിഃ-ലലിത്പൂരിലെ ഝാൻസി,മഥുരയിലെ ഗോവർദ്ധനഗിരി, രേനക്കോട്ടിനപ്പുറത്തെ ശിൻഗ്രോലി,അലഹബാദിനടുത്ത് വേലൻ താഴ്‌വര. വില്യം ക്ലർക്ക് (1995) ബേലൻതാഴ്‌വരയിലെ 7 ഘട്ടങ്ങളെ വിവരിച്ചു. 1. വിന്ധ്യൻ സാൻഡ്സ്റ്റോണ് പാറകൾക്കുമുകളില് (tabular sandstone) ലോവർ പാലിയോലിത്തിക് ആയുധങ്ങളും മിഡില് പ്ലീസ്റ്റോസീനും. 2. കാൽക്കേരിയസ് തവിട്ടുകളിമണ്ണ്(loam)മിഡിൽ പ്ലീസ്റ്റോസീന് കാലം (sterile)3. Planar and X-bedded sandstone gravel .middle Pleistocene and late to upper pleistoceve. 4.ചുവപ്പും ബ്രൌണും കലർന്ന കളിമണ്ണ്. Clay loam upper Pleistocene 5. Shell-bearing gravel. Carbonate nodule,കറുത്ത ഇരുമ്പയിരുള്ള പിസൊലൈറ്റ്,അപ്പർ പാലിയോലിത്തിക്,അപ്പർ പ്ലീസ്റ്റൊസീൻ,.6. തവിട്ടും മഞ്ഞച്ച തവിട്ടുമുള്ള കാൽക്കേരിയസ് കളിമണ്ണ്(ലോം)മണൽ.അപ്പർപാലിയോലിത്തിക്,എപ്പിപാലിയോലിത്തിക്,മൈക്രോലിത്തിക്,ലേറ്റ് അപ്പ ർപ്ലീസ്റ്റോസീൻ. .7. ഹോളോസീൻ കളിമണ്ണ്,നനുത്ത അലൂവിയം, മീസോലിത്തിക്,നിയോലിത്തിക്,പ്രോട്ടോഹിസ്റ്റോറിക് വസ്തുക്കൾ,ഉപകരണങ്ങ ൾ.

12. നേപ്പാൾഃ-ശിവാലിക്കിലെ ദാങ്, ദിയോക്കുറി എന്നീ താഴ്വരകളിലെ 5 ലവലുകളിലായി. 1.ലോവർശിവാലിക്ക് പാറകൾ.2 ബേസല് ഗ്രാവൽ, കന്മഴ (ദാങിലെ ഗദാരിയിൽ. വലിയ ഫ്ലേക്കുകൾ,കോറുകൾ -മിഡിൽ പ്ലീസ്റ്റോസീൻ തുയി(tui)നദിയുടെ പോഷകനദികളുടെ താഴ്വാരങ്ങളിൽ. 3.ബബ്ബയ് അലൂവിയം 25.30 മീറ്ററ് നദീനിരപ്പിൽനിന്നുപരി ഫ്ലേക്ക്,ഫ്ലേക്ക് ചോപ്പർ ഇൻഡസ്ട്രി(ദെങ്ങിൽ). ഫ്ലേക്ക്ചോപ്പര്,ചോപ്പർ,ചോപ്പർബ്ലേഡ് (ദിയോക്കുറിയിൽ).ലേറ്റ് പ്ലീസ്റ്റോസീൻ.4. സീതൽപ്പൂര് 10 മീറ്ററ് ഉപരി .ഇന്ഡസ്ട്രിയുടെ അവശേഷിപ്പില്ല. യങ്ങർ അലൂവിയം.
13. അപ്പർ ഇരാവതിഃ- (മിയാന്മാർ,ബർമ്മ) ഇന്ത്യ,ബംഗ്ലാദേശ്,ബർമ്മ അതിർത്തിപ്രദേശത്ത് തുടർച്ചയായി അപ്പര് പാലിയോലിത്തിക് .

ഇതിൽനിന്ന്എല്ലാം നമുക്ക് മനസ്സിലാവുന്നത് മിഡില് ,അപ്പർ പാലിയോലിത്തിക് ആയുധശേഖരവും അവശിഷ്ടങ്ങളുമാണ് കൂടുതലെന്നാണ്. ലോവർ പാലിയോലിത്തിക് കുറവാണ്,പക്ഷേ ഉണ്ട് (ബിപി 50000) അതായത് തുടർച്ചയായി ഈ ഭൂഖണ്ഡത്തില് സദാ ആൾപ്പാർപ്പുണ്ട്.സംസ്കൃതിയുണ്ട്.

കാർബണ് 14 പഠനങ്ങൾഃ-

1. വടക്കുപടിഞ്ഞാറൻസംഗവോ ഗുഹ (അപ്പർപാലിയോലിത്തിക്) ജബൽപൂർ,ദിന(പൊത്വാർ താഴ്വര)ലോവർ പാലിയോലിത്തിക്	41825+-4120BP to 20260+360(one sample 12088BP)- 600000-400000BP (paleomagnetic stratigraphy) Minimum 45000BP site 55 upper Paleolithic
2. പടിഞ്ഞാറൻരാജസ്ഥാൻ(ദിദ്വന) ലോവർപാലിയോലിതിക്, മിഡിൽ പാലിയോലിത്തിക് അപ്പർ പാലിയോലിത്തിക്	390000BP (Uranium Thoriumseries) 144000-150000BP(thermoluminiscent dating Quartz grain) 26210+-2200-1700BP(C14)
3. സൌരാഷ്ട്ര,ഗുജറാത്(ഹിരൺതാഴ്വര)	190000-69000BP(Uranium

ലോവർപാലിയോലിതിക്ക് മിഡിൽപാലിയോലിതിക്	thorium Acheulean weapons) 56800BP
4. മദ്ധ്യപ്രദേശ് (സോൺതാഴ്വര) ലോവർ പാലിയോലിത്തിക് അപ്പര് പാലിയോലിത്തിക് ബാഗോർ 1. നർമ്മദ,ചംബൽ(മാലിനി) അപ്പർ പാലിയോലിത്തിക്	103800+=19800BP 10000-12000BP C14
5. മഹാരാഷ്ട്ര നെവാസ,പ്രവര. ലോവർപാലിയോലിത്തിക് അപ്പർ പാലിയോലിത്തിക്	 3500000BP 27000-25000 Minimum till 13000 BP
6. കർണ്ണാടക,യദുർവാടി,അപ്പർകൃഷ്ണലോവര് പാലിയോലിത്തിക് തെഗ്ഗിവില്ലി,ഹംസുരി,ബൈക്ബെൽലോവര് പാലിയോലിത്തിക് അവിടെത്തന്നെയുള്ള സദപ്പ്	 350000BP (before) 350000BP (before), 287731+27269 or 18186 BP (2 opinions) 290405+20999 or 18186
7. ആന്ധ്ര,കർണ്ണൂൽഗുഹ അപ്പർ പാലിയോലിത്തിക്മാത്രം	ESR(Electrospin resonance) 16686,&19224 BP Tc method 17390BP+-10% difference
8. യുപി ബേലൻതാഴ്വര ഏറ്റവും പഴയത് ഏറ്റവും പുതിയത്	C14. 25000 BP 9000 BC

ചംബൽ(മാലിനീ) നദീതീരത്തുനിന്ന് ഒട്ടകപ്പക്ഷിയുടെ മുട്ടത്തോട് കിട്ടി. ഇതിന്റെ പഴക്കം 36550 + -660BP to 38900+ - 750BP . അതേ നദീതീരത്ത് (നഗ്ദാ എന്ന

സ്ഥലത്ത്) 31000 BP പഴക്കമുള്ളതും മെഹ്ത്താഖേരിയിൽ 41000 BP പഴക്കമുള്ള തുമായ ഒട്ടകപ്പക്ഷിയുടെ മുട്ടത്തോട് കിട്ടി. ശുദ്ധജലത്തിൽമാത്രം കാണുന്ന കക്ക ത്തോട്(freshwater shell)കിട്ടിയതിന് 30680 + - 1040-920 BP പഴക്കം . ഒട്ടക പ്പക്ഷി മരുഭൂമിയിലെ പക്ഷിയാണ്. ഒരുകാലത്ത് ഈ പ്രദേശം മരുഭൂമിയായി രുന്നു എന്ന രാമായണത്തിലെ പരാമർശം ശ്രദ്ധേയമാണ്. ദണ്ഡകവനം ഭസ്മം (അഗ്നിപർവ്വതഭസ്മം)വർഷിച്ച് പൊടിമൂടിയശേഷം ഏറെക്കാലം മരുഭൂമിയായി രുന്നു.പിന്നീടാണ് കാടായത് എന്ന് വാത്മീകി പറഞ്ഞത് ഇതുവെച്ച് സത്യമാവ ണം.

ആയുധശേഖരങ്ങൾ,ഫാക്ടറികൾ എന്നിവ മുകളിലെ നിരപ്പിലാണ് കണ്ടത്. എങ്ങനെയാണ് ആയുധങ്ങളുണ്ടാക്കിയിരുന്നത്. എന്തൊക്കെ അസംസ്കൃതവസ്തു ക്കളായിരുന്നു പ്രിയം. ഇതെല്ലാം പഠിക്കാൻ ആദ്യം മദ്ധ്യപ്രദേശിലെ അച്യൂലിയന് ശേഖരങ്ങളെയാണ് ആധാരമായി എടുത്തത്. കാട്ടിനുനടുവിലെ അരുവിക്കരയി ലെ മിനർവാലക്കുണ്ഡത്തില് 1500-4500 സ്ക്വയർമീറ്ററില് അനേകം ശേഖരങ്ങ ളാണ്കണ്ടെത്തിയത്. ആറെണ്ണം 2000-3000 സ്ക്വയർമീറ്റര് (അര മുതൽ മുക്കാ ലേക്കർവരെ)വീതം പരന്നുകിടക്കുന്നു.ഗുഹാസ്ഥാനങ്ങളാണ് പ്രൈമറിസ്ഥാനങ്ങ ൾ. ഇന്ത്യയിൽ അനേകം ഗുഹാസ്ഥാനങ്ങളുണ്ട്. ഇവയിൽ മൂന്നെണ്ണംമാത്രമേ ഖനനം ചെയ്ത് പഠിച്ചിട്ടുള്ളൂ. (സംഗവോ,കുർണൂൽ,ബിംബേക്തയിലെ അച്യൂലിയ ൻ റോക്ക് ഷെൽട്ടര് 3. F.23.)

ആന്ധ്രയിലെ കുർണൂൽഗുഹകൾഃ-ഉപകരണങ്ങളുടെ ഇവൊല്യൂഷൻ ഇവിടെനി ന്ന് ഗ്രഹിക്കാനാവും. ഏറ്റവും പഴക്കമുള്ള കൈമഴു,ചോപ്പര്, പോളിഹെഡ്രൺ, സ്പൈറോയിഡ്,ക്ലീവറുകൾ,ഫ്ലേക്കുകൾ മുതലായ കോര് ആയുധങ്ങള് ഇവിടെ യുണ്ട്.കല്ലുളികൊണ്ടു മേടുന്നത് കൂടുതല് പ്രചാരത്തിലിരുന്നു. Levallus technique ഉണ്ടായിട്ടില്ല. കുറച്ചുകൂടി പുതിയ ശേഖരം ബൈഫേസർ,ഫ്ലേക്ക് ഉപകരണ(സ്ക്രേപ്പ രുകള്)ങ്ങളെന്നിവ ഉപയോഗിക്കാനാരംഭിച്ചു. ക്ലീവറുകളുടെ എണ്ണം കൂടി. കൈമഴു വിന്റേത് കുറഞ്ഞു. Soft hammer ,levellus ,discoid core techniques ഉണ്ടായിക്കഴി ഞ്ഞു.വെളുത്തകന്മഴു(വെണ്മഴു)ഏറ്റവുംപഴക്കമുള്ള ആയുധമായിരുന്നു എന്നു കാ ണുന്നു. പെബ്ബിൾബേസിൽനിന്ന് വെണ്മഴുവിലേക്കുള്ള ആദിമമനുഷ്യന്റെ ഇവൊല്യൂ ഷനാണ് വരശുരാമകഥയിൽ നാം കാണുന്നത്. മഴക്കാടുകൾ വെട്ടിത്തെളിയിച്ച് നഗരങ്ങൾ ,ഗ്രാമങ്ങളെന്നിവ ആദ്യമായി ഉണ്ടാക്കിയതിന്റെ ചിഹ്നവുമാണ് മഴു.

കന്മഴവിനുശേഷം , നേടിയതെല്ലാം സംരക്ഷിക്കാനുള്ള ശ്രമത്തിൽനിന്ന് വില്ല് (ധനുസ്സ്)എന്ന ആയുധവും അതിന്റെ ധാരിയായി വില്ലവനായ ശ്രീരാമനുമുണ്ടായി. നേടിയെടുത്ത കൃഷിസ്ഥലത്തെല്ലാം ജലസേചനം ചെയ്യാനും ഉഴാനുമുള്ള കലപ്പയേന്തിയ ബലരാമനും ഉണ്ടായി. പതുക്കെ പതുക്കെ കാട്ടുജീവിയായ മനുഷ്യൻ ഗ്രാമ,നഗരവാസിയും കൃഷിക്കാരനും ക്ഷത്രിയനുമായതിന്റെ സൂചനകളാണ് ഈ മൂന്നു രാമന്മാരും. പിന്നീടാണ് സംഗീതവും തുറമുഖനഗരപരിപാലനവും രാഷ്ട്രമീമാംസയും ശംഖനി ധിയും പത്മനിധിയും ശ്രീവത്സവുമായി സർവ്വവർണ്ണങ്ങളേയും സർവ്വലോകങ്ങ ളേയും ഒന്നായിണക്കിയ അദ്വൈതിയായ പൂർണ്ണപുണ്യാവതാരമായ കൃഷ്ണന്റെ വരവ്. ദശാവതാരകഥ ഭൂമിയിലെ മനുഷ്യന്റെ പരിണാമചരിത്രമാണ്.

നർമ്മദാതീരത്ത് മഹേശ്വറിനടുത്ത് ദുർക്കാടിയില് നിരവധി pebble artefacts, രൂപം ശരിയാകാത്ത pebblebutted കൈമഴു,2 പ്രോട്ടോകൈമഴുക്കളെന്നിവ മുകളിലെ 15 സെ.മീ ലവലിൽനിന്ന് കിട്ടി. യൂറോപ്പിലെ അപ്പർ പാലിയോലിത്തിക്ക് കാലത്ത് അസ്ഥികൊണ്ടുള്ള ആയുധങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇന്ത്യയിലെ കുർണ്ണൂലിലെ ഗുഹകളില് മാത്രമാണ് അസ്ഥികൊണ്ടുള്ള ആയുധശേഖരം കിട്ടിയത്. അവയിൽ 90.30 ശതമാനം ആയുധങ്ങളും മുച്ചട്ട ചിന്തമണ ഗവി എന്ന് പ്രാദേശികമായി വിളിക്കുന്നവയാണ്(അതായത്, instruments made on shafts of long animal bones ,including finished forms of scrapers ,perforators,chisels, shouldered points ,barbs and spatulas)ഒരു ജലധാരയുടെ ചുറ്റും 40 സ്പീഷീസിലു ള്ള കാട്ടുസസ്യങ്ങളും കൃഷി ചെയ്തിരുന്നതായും കാണുന്നു. അതിലെ 26 എണ്ണം പഴം,കായ,കടലവർഗ്ഗങ്ങളിൽപെട്ടതും പത്തെണ്ണം പച്ചക്കറി,ഇലവർഗ്ഗവുമാണ്. കുണ്ടുകളുമുണ്ട്. ആന്ധ്രകർണ്ണൂൽഗുഹയില് മനുഷ്യന് അഗ്നി ജ്വലിപ്പിച്ചിരുന്ന അഗ്നികുണ്ഡവും അടുപ്പുമുണ്ട്. പാലിയോലിത്തിക് ഇന്ത്യൻമനുഷ്യന്റെ അഗ്നിഉപ യോഗത്തിന്റെ തെളിവാണിത്. വറ്റാത്ത ജലധാരക്കും ജലസ്രോതസ്സിനും സമീപം ഇന്നും കാണുന്ന യാനാടികൾ(കേരളത്തിലെ നായാടിസാമ്യം)എന്ന ആദിവാസി കൾ അന്നത്തെ മനുഷ്യന്റെ പിൻഗാമികളാണെന്ന് പണ്ഡിതരുടെ അഭിപ്രായം. ഇവരാണ് ആന്ധ്രകന്മാരെന്ന പേരില് (രാക്ഷന്മാരെന്നും സുമേരുവിലെ ദേവന്മാ രെന്നും വിളിക്കാറുണ്ട്) മഹാജനപദമായ രാമായണകാലശ്രീലങ്കയിലറിയപ്പെട്ടി രുന്നത്. ഈ പുരാതനവർഗ്ഗത്തിന്റെ പരിണാമചരിത്രമാണ് നമ്മുടേത്. വേട, വെ ഡ്ഡ, ആസ്ത്രലോവേടഇനത്തിൽ പെട്ട ദക്ഷിണേന്ത്യക്കാരുടെ ചരിത്രം.

ഹുംസ്ഗി-ഗുൽബർഗ്ഗ (കർണ്ണാടക)ക്കടുത്ത് ഇന്ത്യയിലെ വലിയ അച്യൂലിയ ന്ആയുധശേഖരം ലഭിച്ചത് ഗുഹക്കു പുറത്തുനിന്നാണ്. ലൊക്കാലിറ്റി അഞ്ചിലെ 63 സ്ക്വയര് മീറ്ററാണ് പഠനവിധേയമാക്കിയിട്ടുള്ളത്. ഇതിന്റെ തറ ഗ്രാനൈറ്റ് ബ്ലോക്കുകൊണ്ട് ഈരണ്ടുമീറ്റർവീതം കിഴക്ക്,പടിഞ്ഞാറ്,വടക്ക്,തെക്ക് എന്ന് വെർതിരിച്ചിട്ടുണ്ട്. കിഴക്കും പടിഞ്ഞാറും ഗ്രാനൈറ്റുകൊണ്ടുള്ള മുകൾഭാഗത്തിന്റെ സ്വാഭാവികമായ ഒരു ഭാഗംതന്നെയാണ്. വടക്ക് മനുഷ്യർ ഗ്രാനൈറ്റ് ബ്ലോക്ക് കൊണ്ട് ഒരു ഋജുരേഖയിൽ കെട്ടിപ്പടുത്തിരിക്കയാണ്. ഇത് ജനവാസമുള്ള തറ യുടെ(occupation floor)താഴേക്ക് പോകുന്നില്ല. അതായത് അച്യൂലിയൻആയുധ ശേഖരം ഉപയോഗിച്ചിരുന്ന അച്യൂലിയൻഇന്ത്യക്കാര് താഴെ കട്ടിയുള്ള പാറ,ചുറ്റും ശക്തമായ വലിയ ഗ്രാനൈറ്റ് ബോൾഡറുകള് ഇവയുള്ള ഭൂപ്രദേശം (പ്രതലം) തങ്ങളുടെ താമസത്തിനും ഫാക്ടറിക്കും ഉപയോഗിച്ചിരുന്നു. അതിൽ ചില കൂട്ടി ച്ചേർക്കലുകള്(വടക്കേ അതിർത്തിപോലെ)ഉണ്ടാക്കിയതരം കോട്ടകൾ (ദുർഗ്ഗങ്ങ ൾ)ആയിരുന്നു അവ. അതിർത്തിതിരിവ് ,മുകളിൽ മേൽക്കൂരയുള്ള ഗുഹ ,മേ ൽക്കൂരയില്ലാത്ത പ്രതലത്തിലും താല്ക്കാലികമായ ഓല,മരം,മുള എന്നിവ മേഞ്ഞ് താമസിക്കാമെന്ന അറിവ് ഇതെല്ലാം അക്കാലത്തേ വന്നിട്ടുണ്ട്. (കുന്നംകുളത്തെ നരിമടക്ക് മുകളിലെ കക്കാട്ടുകലശമലയിലും ഇത്തരമൊരു സെറ്റിൽമെന്റ് ഉണ്ടാ യിരുന്നിരിക്കണമെന്ന് അതിന്റെ ഘടന പറയുന്നു. ഒരു ഫാക്ടറി കോംപ്ലക്സ് ,അ സംസ്കൃതവസ്തു ലഭിക്കുന്ന ഒരു ബേസ് ഇവചേർന്നതാണ് ഇന്ത്യയിലെ പുരാതന അധിവാസകേന്ദ്രങ്ങളെല്ലാം. ആന്ധ്രകുർണ്ണൂൽഫോസിലില് റൈനോസറസ്(ഒ റ്റക്കൊമ്പനായ കണ്ടാമൃഗം)കിട്ടിയിട്ടുണ്ട്.വെസ്റ്റ് ബംഗാളിലെ ബങ്കുരയിലും അതി ന്റെ ഫോസിൽ കിട്ടി . മറ്റുഫോസിലുകൾ കന്നുകാലി, കുതിര,ആന, പോത്ത്, മാ ൻ,നാൽഗായ്,പുലി,നരി,എന്നിവയാണ്. മദ്ധ്യപ്രദേശിലും മഹാരാഷ്ട്രയിലും രാജ സ്ഥാനിലും ഒട്ടകപ്പക്ഷിയുടെ ഫോസില് കിട്ടിയിട്ടുണ്ട്. ബിനിബന്ധിലെ പൈസ്ര , കരഗ്പൂറിലെ ഉഷ്ണജലപ്രവാഹം ,ബീഹാറിലെ മുംഗേറിനടുത്ത് കിട്ടിയ ആയുധശേ ഖരങ്ങളിൽ finished ,semifinished ആയുധങ്ങളും flakes,chips,quartzite blocks എന്നിവയും Anvil ഉണ്ടാക്കാനുള്ള അസംസ്കൃതവസ്തുക്കളും കണ്ടതുകൊണ്ട് ഇത് ആയുധമുണ്ടാക്കാനുള്ള ഫാക്ടറിയാണെന്ന് ഊഹിക്കുന്നു. അച്യൂലിയന്മാരുടെ താമസസ്ഥലത്ത് 8 കുഴികള് (തൂണ് നാട്ടിയത്)കണ്ടു. ഏറ്റവും വലുത് 20 സെ മീ ,ഏറ്റവും ചെറുത് 12 സെ മീ. ഈ രണ്ടെണ്ണം ഒരേ വലിപ്പത്തിൽ പരസ്പരം 80-120 സെ മീ അകലത്തിലാണ്. ഹെമറ്റൈറ്റ് (ഇരുമ്പയിർ)പെല്ലറ്റുകളുടെ പാറമേലാ ണ് ഈ കുഴികൾ കുഴിച്ചിട്ടുള്ളത്. അവയിൽ ഇളംമഞ്ഞമണ്ണ് നിറഞ്ഞിരിക്കുന്നു. ആഴം 20-30 സെ മീ. ഈ തൂണുകൾക്കുമുകളില് മേഞ്ഞ മേൽക്കൂര കെട്ടിമേഞ്ഞ

തായിരുന്നിരിക്കാം. ഇപ്പോഴും ട്രൈബൽനാടോടികള് അത്തരം കുടിലുകള് കെട്ടുന്നുണ്ട്. മദ്ധ്യപ്രദേശ് ബോപ്പാലിനു തെക്ക് ഭീംഭേക്തറോക്ക് ഷെൽട്ടർ മൂന്ന് എഫ്ഫിൽ, പല വലിപ്പത്തിലുള്ള പാറകൾ അടുക്കിയ അനേകം നിലങ്ങളുണ്ട് (floors) അവിടെ അഗ്നി കാണുന്നില്ല. വേനലിൽ പുറത്തും മഴക്കാലത്തും ഹേമന്തത്തിലും അകത്തെ ഗുഹയിലും താമസിച്ചവരാണ് അന്നത്തെ ഗുഹാമനുഷ്യരെന്ന് തെളിയിക്കുന്ന അവശിഷ്ടങ്ങളാണിവയെല്ലാം.

ബാഗേർ 1 പാലിയോലിത്തിക്ക്



85.സെ മീ വ്യാസത്തിൽ വൃത്താകൃതിയില് (ദ്രാവിഡശൈലി) കല്ലുപടുത്ത ഒരു വേദി. അതിനു നടുവിലായി ത്രികോണാകൃതിയിൽ ഒരു പാറക്കല്ല്.15 സെ മീ ഉയരം,6.5 സെ മീ വീതി, 6.5 സെ മീ കനം. തൊട്ടടുത്ത് ജനവാസമുള്ള കൈമൂറിൽ അതേ പോലുള്ള മറ്റൊരു കല്ലിനെ മായി (അമ്മ) എന്ന് ശക്തിസ്വരൂപമായി അവിടത്തെ പ്രാദേശിക ആദിവാസിജനത പൂജിക്കുന്നു. ഈ ശക്ത്യാരാധനയുടെ ശിലയും അപ്പർപാലിയോലിത്തിക് കാലശിലയും ഒരേ രൂപം മാത്രമല്ല,ഒരേ അളവുമാണ്. കൈമൂറിലേത് ഗ്രാമദേവതയായി ആരാധിക്കപ്പെടുന്നു. അതിന് 9000-8000 ബിസിയിലെ പഴക്കമുണ്ട്. പാലിയോലിത്തിക് കാലം മുതൽ 9000-8000 ബിസിവരെ തുടർച്ചയായി ഒരേ രൂപഭാവങ്ങളില് ശക്ത്യാരാധനയുണ്ടായിരുന്നതിന്റെ തെളിവായി ഇതിനെ ചൂണ്ടിക്കാട്ടുന്നു.ഈ ശിലയുടെ ആസ്ട്രോണമിക്കലായ പ്രാധാന്യം ആരും പറഞ്ഞുകാണുന്നില്ല. 85 വ്യാസമുള്ള വൃത്തത്തിന്റെ അർദ്ധവ്യാസം 42.5. നടുവിലെ ത്രികോണശിലയുടെ വീതിയും കനവും കൂടി ഗുണിച്ചാൽ കിട്ടുക 42.25 . ഉയരമായ 15 കൊണ്ടു 6.5 നെ ഗുണിച്ചാല് 975.

താന്ത്രികമായി (ശാരദാതിലകതന്ത്രം) ഋതുസപ്തനവ (976)എന്ന ഭാരതഖണ്ഡ ത്തിലെ ദേവി,ആഗ്നേയആരാധനകളുടെ എണ്ണത്തിൽനിന്ന് ഒന്നു മാത്രം കുറവ്. 6.5 നെ 6.5 കൊണ്ടും പിന്നീട് 15 കൊണ്ടും തുടർച്ചയായി ഗുണിച്ചാല് 633.75. പഞ്ചദശി (15)എന്നത് തിഥിസംഖ്യയുമാണ്. ഈ ത്രികോണശില ഒരു ശങ്കുവായി കരുതേണ്ടതുണ്ട്.(വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തിക നോക്കുക)ഇതും 8 കുഴി കളിലായി വ്യത്യസ്തവലിപ്പങ്ങളിൽ ഒരേ അവലത്തിലായി നാട്ടിയ തൂണുകളും ശങ്കു ഛായ,അടിയളവ് മുതലായ ആദിമആസ്ട്രോണമിക്കൽ പഠനങ്ങളുടെ ചിഹ്നങ്ങളു മാണ്.

ബാഗോർ രണ്ടില് അരകല്ല്,ചാണ,ഉളിക്കല്ല്,ചുറ്റും ചെത്തിയ വൃത്താകൃതിയിലുള്ള കല്ലുകൾ,പ്രതലം ഉഴിഞ്ഞുചിന്തേരിട്ട ഇരുമ്പയിരുള്ള ഹെമറ്റൈറ്റ് ഓക്കർ,15 സെ മീ വ്യാസമുള്ള കുഴികൾ,10 സെ മീ നീളമുള്ള ഒരേതരം കല്ലുപാകിയ തറ, ഉറങ്ങാ നും വസ്തുക്കൾ സംഭരിക്കാനുമുള്ള ഉയരമുള്ള പ്ലാറ്റ്ഫോമുകൾ,കിടക്കാനുള്ളവയി ൽ കല്ലുകൊണ്ട് തലവെക്കാനും കൈവെക്കാനും ഉപധാനങ്ങള് (ഏതാണ്ട് ഇപ്പോഴത്തെ സോഫപോലെ) ഇതെല്ലാം കണ്ടുകിട്ടി. സോൺതാഴ്വരയിലെ നാടോടികൾ കല്ക്കരി കളിമണ്ണടുപ്പിൽവെച്ച് ഹേമന്തകാലത്ത് തീ കാഞ്ഞിരുന്നു. 7000-8000 ബിസിയിലെ സാംബാർമാനിന്റെ മൂന്ന് കുളമ്പടയാളങ്ങള് അതിന്ന ടുത്തു കാണുന്നു.റിവ്വാത്(സൈറ്റ് 55) പൊത്വാര് സമതലത്തില് 45000 ബി പി പഴക്കമുള്ള താമസസ്ഥലങ്ങളിൽ മരംകൊണ്ട് തൂണും മേൽക്കൂരയും വെച്ച വാസ്തു അന്നേ ഉണ്ടായിരുന്നു എന്നതിന്റെ അവശിഷ്ടങ്ങൾ കിട്ടി. ചുമരുകളുടെ രണ്ടുവശ ങ്ങളിലായി 7 കുഴികളുണ്ട്(തൂണുകൾക്ക്)ഇവ തൂണുകൾക്കാണെന്ന അഭിപ്രായം ശരിയെങ്കിൽ എന്തുകൊണ്ട് തൂണുകള് ഏഴ് എന്ന ചോദ്യം ഞാനിവിടെ ചോദിക്ക യാണ്. എന്തു കൊണ്ട് അവ 4, 8, 12 എന്നിങ്ങനെയല്ല. സപ്തസ്വരമണ്ഡപത്തി ന്റെ ആദിമരൂപമായതുകൊണ്ടാവണമെന്നാണ് എന്റെ വിചാരം. 7നെ 3 കൊണ്ടു ഗുണിച്ച 21 യൂപം നാട്ടുന്ന രാമായണകാലത്തെ യാഗശാലയുടെ മുൻഗാമിയോ പൂർവ്വരൂപമോ ആയതുകൊണ്ടാവാമോ എന്നും ചോദിക്കാം. ബിംബേക്തയിലെ ചെറിയ കപ്പിന്റെ ആകൃതിയിലുള്ള 7 കുഴികളും ഇതുമായി താരതമ്യവുമാകാം.

ബിംബേക്ത സൈറ്റ് 3 എഫ് 24ലെ കല വളരെ പ്രാചീനമാണ്. ഇവിടത്തെ 25 ആം ടണലിന് 25 മീറ്ററാണ് നീളം. ഇത് പ്രവേശിക്കുന്നത് വലിയ ഒരു ഹാളിലേ

ക്കാണ്. അതിന്റെ നടുവിലായി വലിയൊരു പാറ. അതിന്റെ സമപ്രതലത്തിൽ , പ്രവേശിക്കുന്ന ഇടനാഴിയെ അഭിമുഖീകരിച്ച് 7 കപ്പുകളുടെ ആകൃതിയിലുള്ള കോപ്പക്കുഴി(കപ്മാർക്കിങ്ങ് അഥവാ കുപ്പോള). ഇവയുടെ ആഴം 16.8 മി.മീറ്ററാണ്. ഈ പാറക്കരികിലുള്ള മറ്റൊരു പാറമേലായി ഒരൊറ്റ വൃത്താകൃതിയിലുള്ള കോപ്പക്കുഴിയുണ്ട്. അതിന്നുമുകളിലായി ഒരു ചെറിയ വര(നേർരേഖ)യുണ്ട്.ഇത് സംഗീതലിപിയാണ്. കോപ്പക്കുഴികളും ആകാശഗോള,നക്ഷത്രങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠനങ്ങളുണ്ടായിട്ടുണ്ട് എന്ന് നേരത്തെ മുതലമടയിലെ കോപ്പക്കുഴികൾ കണ്ടെത്തിയപ്പോള് ഞാന് പറഞ്ഞിരുന്നത് ഓർക്കുന്ന പക്ഷം ഈ 7 കുഴികളും സപ്തർഷിമണ്ഡലമാകാം.

സപ്തസ്വര(സപ്തമാതൃക)മാതൃകയിലുള്ള കോപ്പക്കുഴി



സംഗീതലിപി



ആരോഹണം

ആരോഹണത്തിന് ഇപ്പോഴും സംഗീതലിപിയിൽ ഇപ്രകാരം മുകളിലൊരു ചെറിയ വരയാണ് ഇടുക. വൃത്തത്തിലും ഗുരുവായി ഉച്ചരിക്കുക എന്നാണ് ഈ ചിഹ്നത്തിന്റെ അര്ത്ഥം .ഇതേ രീതിയിൽ സൈന്ധവലിപിയും ഞാന് വായിച്ചത് ഓർക്കുക. മിഡിൽ പാലിയോലിത്തിക് ,അച്യൂലിയൻ കാലഘട്ടങ്ങൾക്കിടയില് അച്യൂലിയൻ കാലത്തോടടുപ്പിച്ചാണ് ഇവ ഉണ്ടാക്കിയിട്ടുള്ളത് എന്നു കാണുന്നു (പേജ് 89.ദിലീപ് ചക്രവർത്തി 1999)ബിംബേക്തയിലേയും മദ്ധ്യപ്രദേശിലെ

അച്യൂലിയൻ സൈറ്റ് മൈഹാറിലേയും ചക്രാകൃതിയില് നിർമ്മിച്ച (ഡിസ്ക് രൂപം) കല്ലുകളും ശ്രദ്ധയർഹിക്കുന്നു.പടിഞ്ഞാറൻ രാജസ്ഥാനിലെ ദിദ്വാനയിലെ സുർഗിതലാറില് അച്യൂലിയൻകാലത്തെ 6 ചെറിയ ക്വാർട്ട്സ് ക്രിസ്റ്റലുകള് കിട്ടിയിട്ടുണ്ട്. ഹ്വാസ്ഗിയിലെ അഞ്ചാം സൈറ്റിൽ ഒരു സെ മീ വലിപ്പമുള്ള ചുവന്ന ഓക്കർ മണികള് കിട്ടി. പാലിയോലിത്തിക് സ്ഥാനങ്ങളില് കൽമണി (റോക്ക് ക്രിസ്റ്റൽ)ചുവന്ന ഓക്കറെന്നിവ അക്കാലത്തെ മനുഷ്യന്റെ ബോധം അഥവാ അവബോധം(cognitive awareness)എത്രമാത്രം വികസിച്ചിരുന്നു എന്നുഗ്രഹിക്കാൻ സഹായിക്കുന്നതായി ആധുനികശാസ്ത്രരീത്യാ ചിന്തകരും ആർക്കിയോളജിസ്റ്റുകളും ഒരുപോലെ തെളിയിച്ചിട്ടുണ്ട്. ബിംബേക്തയിലെ 3 എ 28 എന്ന ഗുഹയിലാണ് പച്ചച്ചായം (പ്രകൃതിദത്തം)ഉപയോഗിച്ചഏറ്റവും പഴയ അപ്പർപാലിയോലിത്തിക് പെയിന്റിങ്ങും കണ്ടെത്തിയിട്ടുള്ള്. മഹാരാഷ്ട്രയിലെ പത്വയിൽ ഒട്ടകപ്പക്ഷിയുടെ മുട്ടത്തൊണ്ടുപതിച്ച് 2 പാനലുകളിലായി എക്സ് എന്നെഴുതിയപോലുള്ള ക്രിസ്ക്രോസ് ഡിസൈനുകളുണ്ടാക്കിയിരിക്കുന്നതിലെ കലാഭംഗി അന്നത്തെ മനുഷ്യരുടെ കലാഭിരുചി കാണിക്കുന്നു. ബേലൻതാഴ്വരയിലെ ലോഹന്ദനളയിലെ അപ്പർ പാലിയോലിത്തിക് മേഖല (25000- 19000 ബി പി)യിൽനിന്നുകിട്ടിയ അസ്ഥിക്കഷ്ണംകൊണ്ടുള്ള രൂപം ആദ്യം അമ്മദൈവത്തിന്റെ രൂപമെന്നാണ് വിചാരിച്ചിരുന്നത്. പിന്നീടാണ് അതൊരു ഹാർപ്പൂണാണെന്നു മനസ്സിലായത്.അപ്പർപാലിയോലിത്തിക് ഇന്ത്യയിലെ അസ്ഥിആയുധങ്ങൾക്ക് അത്രയും സോഫിസ്റ്റിക്കേറ്റഡ് ആയ ഒരു സമ്പ്രദായമുണ്ടായിരുന്നു എന്നും ഇതാണ് പിന്നീട് കല്ലായുധങ്ങൾ കൊണ്ടുള്ള ശില്പവിദ്യയിലെത്തിയതെന്നും അർത്ഥം. പാർപ്പൂണ് അസ്ഥികള് ആഫ്രിക്കയിലും കിട്ടിയിട്ടുണ്ട്.

ജിയോളജിക്കൽ പർവ്വതനിരകള്

പാലിയോലിത്തിക്ക് കല്ലായുധങ്ങൾ

ആർക്കിയോളജിക്കല് ചരിത്രം

സാമ്പ്രദായികവും പുരാണേതിഹാസങ്ങളിലുള്ളതുമായ സാഹിത്യചരിത്രം

ഇവനാലും ഇത്ര കൃത്യമായി ഒത്തുപോകുന്ന ഒരു ഭൂപ്രദേശം ഇന്ത്യയിലൊഴികെ മറ്റെവിടേയുമില്ല. കോർത്തലയൻസമനിരപ്പിലുള്ളവർക്ക് 4 കി മീ അപ്പുറം ഹുൻസ്ഗിയില് തങ്ങൾക്കുവേണ്ട അസംസ്കൃതസാധനങ്ങള് കിട്ടുമെന്നറിയാം. ഈ അറിവ് (എവിടെ എന്തുകിട്ടും,അതെങ്ങനെ ഉപയോഗപ്പെടുത്താം ,അതിന്റെ ആവശ്യക്കാരാര് ,അവർക്ക് എങ്ങനെ എളുപ്പത്തില് എത്തിച്ചുകൊടുക്കാം) പാലിയോലിത്തിക്ക് ഗുഹാമനുഷ്യർക്കുപോലും ഇന്ത്യയിലുണ്ടായിരുന്നു എന്നാണ് ഈ തെളിവുകളെല്ലാം ചൂണ്ടിക്കാട്ടുന്നത്.ഈ അറിവും മൺസൂൺകാറ്റും,ഭൂപ്രകൃതിയും സമുദ്രത്തെ സഞ്ചാരമാർഗ്ഗമാക്കി തുറമുഖനഗരങ്ങളുടെ ശൃംഖലയുണ്ടാക്കിയതുമാണ് ഇന്ത്യയുടെ ചരിത്രം.സൌത്ത് ഏഷ്യ എന്ന ജ്യോഗ്രഫിക്കൽസോണിക് ആർക്കേയിക്ക് ഹോമോസാപ്പിയൻസിന്റെ ജീവിതമേഖലയിലെ ഇന്ത്യയുടെ പ്രാധാന്യം മൺസൂൺകാറ്റുകളാണ് നിശ്ചയിച്ചതെന്നുപറഞ്ഞാലത് അതിശയോക്തിയാവില്ല.

മീസോലിത്തിക് ചക്രവാളം

അപ്പർപാലിയോലിത്തിക് കാലത്തെ നായാടി,വേട്ടക്കാര,വർഗ്ഗക്കാർ, കാട്ടുകനിശേഖരണവർഗ്ഗക്കാര് മീസോലിത്തിക് കാലത്തേക്ക് ഗ്രാമനഗരസംവിധാനമുള്ള പരിഷ്കൃതമനുഷ്യരായി വളർന്ന ചിത്രമാണ് സൈന്ധവസരസ്വതീസംസ്കൃതിയിലൂടെ നമുക്ക് കാണാനാവുക. പാലിയോലിത്തിക് മൈക്രോലിത്തിക് ആയുധോപകരണങ്ങൾക്ക് ഇടയിലുള്ള കാലത്തെ മീസോലിത്തിക് എന്നു വിളിക്കുന്നു. മീസോലിത്തിക് ഉപകരണങ്ങളിൽനിന്നു വിഭിന്നമാണ് മീസോലിത്തിക് ഉപകരണങ്ങൾ. മൈക്രോലിത്തിക് ഉപകരണങ്ങളുടെ സ്വഭാവം ഇങ്ങനെഃ- ഇരുവശം സമാന്തരമായ ചെറിയ ബ്ലേഡുകൾ,കേന്ദ്രം(Core) ക്രിപ്റ്റോക്രിസ്റ്റലൈന് സിലിക്ക (ചെർട്ട്,ചാൽസെഡെനി,ക്രിസ്റ്റൽ,ജാസ്പർ,അഗേറ്റ്) അപ്പർപാലിയോലിത്തിക് ഉപകരണങ്ങളുടെ പിശിമോഡൽഉപകരണങ്ങള്[redacted](സൂചി,,സ്ക്രേപ്പറുകൾ, ചന്ദ്രക്കലാകൃതിയിലുള്ള ഉപകരണങ്ങൾ,awls, മരം,അസ്ഥിഇവകൊണ്ടുണ്ടാക്കിയ പിടിയിലേക്ക് അടിച്ചിറക്കിയ ഡ്രിൽപോയിന്റുകള്, റോംബോയിഡ്, ട്രപ്പീസിയം, ട്രപ്പീസിയോയിഡ്,ത്രികോണം മുതലായ ജ്യാമിതീയരൂപങ്ങൾ,ഇവയാണ് മൈക്രോലിത്തുകൾ.ശ്രീലങ്കയിൽ നടുവിലെ പീഠഭൂമിയുടെ പടിഞ്ഞാറ് ബത്തദോംബേ-

ലേനയിൽനിന്ന് 26000 ബിസി മുതല് 9500 ബിസിവരെയുള്ള ജ്യാമിതീയ മൈക്രോലിത്ത് ഉപകരണങ്ങള് കിട്ടിയിട്ടുണ്ട്. കേരളത്തിലെ ഇപ്പോളത്തെ കല്ലാശാരിമാർ ഉപയോഗിക്കുന്ന പരമാണ(പരമണ)എന്നുവിളിക്കുന്ന ഉപകരണം , മരത്തിനും അസ്ഥിക്കും പകരം കല്ലുകൊണ്ടുള്ള പിടിയിലേക്ക് ഡ്രിൽപോയിന്റ് അടിച്ചിറക്കുന്ന ഒന്നാണ്.ഇതിന്റെ മുൻഗാമിയാണ് അസ്ഥികൊണ്ടും മരം കൊണ്ടും പിടിയുള്ള ഉപകരണം. കുർണ്ണൂല് ഗുഹയിലെ അസ്ഥിആയുധശേഖരത്തെ പ്രാദേശികർ വിളിക്കുന്ന പേര് മുച്ചട്ട ചിന്തമണഗവി എന്നാണ് . മൈക്രോലിത്തിക് ആയുധശേഖരത്തിലെ ഒരിനത്തെ കേരളത്തിലെ കല്ലാശാരി ഇപ്പോഴും പരമണ എന്നു വിളിക്കുന്നു. ചിന്തമണ ,പരമണ എന്ന വാക്കുകളുടെ സാമ്യം ശ്രദ്ധേയമാണെന്ന് എനിക്കു തോന്നുന്നു. തെക്കുകിഴക്കേ ഇന്ത്യയിലെ തൂത്തുക്കുടിയിൽ ചുവന്ന മണ്ണുള്ള (റെഡ് സാൻഡ്സ്റ്റൂൺ)പ്രദേശത്തിന് തേരി എന്നാണ് പറയുക. തൂത്തുക്കുടിയിലെ തേരിയിൽനിന്ന് മൈക്രോലിത്തിക് ആയുധശേഖരം കിട്ടി.ലങ്കയിലെ ആയുധശേഖരത്തോട് സാമ്യമുള്ള ഇതിനും തേരി ഇൻഡസ്ട്രി എന്ന് പേരുകൊടുത്തിരിക്കുന്നു. വൻ തേരി,വന്തേരി,തേരപുത്ത,തേരീപുത്ത മുതലായ വാക്കുകളെ ഈ അർത്ഥത്തിലെടുക്കണം. പില്ക്കാലപ്ലീസ്റ്റോസീൻകാലത്തും ആദ്യമദ്ധ്യ ഹോളോസീൻകാലത്തും ഇരുമ്പയിരുള്ള പാറ പൊടിഞ്ഞാണ് തേരിമണ്ണ് ഉണ്ടായത്. വന്തേരിനാട്ടിലെ ചെമ്മണ്ണൂര് ചെക്കച്ചെവന്ത മണ്ണും വലിയ തേരികളുമുള്ള വന്തേരിയെന്ന പിംഗലനിഘണ്ടുവിന്റെ നിർവ്വചനത്തിനോട് അടുത്തുനില്ക്കുന്നു. രണ്ടഭിപ്രായങ്ങളാണ് തേരിമണ്ണിന്റേയും ആയുധശേഖരത്തിന്റേയും ഉത്ഭവത്തെപ്പറ്റിയുള്ളത്. ഒന്ന്,തേരിമൺകൂമ്പാരങ്ങൾക്കുശേഷമാണോ ആയുധമുണ്ടാക്കിയത്. മണ്ണുപൊടിയുന്നതിനു മുമ്പോ ശേഷമോ. രണ്ട്,തേരിയേക്കാളും പഴക്കമുണ്ട് ചുവന്ന ഫെറിക് ഓക്സൈഡിന്റെ അംശമുള്ള ഉപകരണങ്ങൾക്ക് .അതിനാലവയാണ് പഴയവ.

ബോളൻതാഴ്വരയിലെ താഴത്തെ ലവൽ ആറിൽ ബ്രൌൺ,മഞ്ഞ കാൽക്കേരിയസ് കളിമണ്ണ്,മണലെന്നിവ കാണുന്നു.ഇത് അപ്പർപാലിയോലിത്തിക് ,എപ്പിപാലിയോലിത്തിക്,നിയോലിത്തിക് ആയുധങ്ങളെല്ലാം കാണുന്ന ലയറാണ്. എപ്പിപാലിയോലിത്തിക് ആയുധങ്ങൾ അപ്പര് പാലിയോലിത്തിക് ആയുധങ്ങളേക്കാ ൾ ചെറുതാണ്.പക്ഷേ,നീളം,ഭാരം,വീതി എന്നിവ മീസോലിത്തിക് ആയുധ

ങ്ങളേക്കാളും കൂടുതലാണ്. ഇന്ത്യയിൽ ആദ്യകാലഇരുമ്പുയുഗം വരെ മൈക്രോ ലിത്തുകൾ ഉപയോഗിച്ചിരുന്നു. മദ്ധ്യകാലത്തും ഉപയോഗിച്ചിരുന്നു. ഇന്നും ഉപ യോഗിക്കുന്നുണ്ട്. അതിനാൽ ഇന്നുവരെ തുടർച്ചയായി ഉപയോഗിക്കുന്ന ആയുധ ങ്ങൾ ,ഉപയോഗിക്കുന്ന വംശപരമ്പരകളുടെ ശ്രേണി എന്നിവയെ മനസ്സിലാക്ക ണം. വെസ്റ്റ് ബംഗാളിലെ ബംഗ്ഗറയില് പന്ത്രണ്ടാം നൂറ്റാണ്ടുവരെ ഒരേതരം ആയു ധങ്ങളുപയോഗിച്ച് കളിമൺപാത്രനിർമ്മാണം ഉണ്ടായിരുന്നു. അന്തമാനിൽ 19ആം നൂറ്റാണ്ടുവരെ ഒരേതരം ആയുധമുപയാഗിച്ചിരുന്നു.പരമണ എന്ന മൈ ക്രോലിത്ത് ഇരുപത്തിഒന്നാം നൂറ്റാണ്ടിലും കേരളത്തിലെ കുന്നംകുളത്തെ കുറുക്കം പാറയിലടക്കമുള്ള കല്ലാശാരിമാരുപയോഗിക്കുന്നു.മൈക്രോലിത്ത് ഇല്ലാത്ത ഒരേ ഒരു ഇന്ത്യൻസ്ഥലം പ്രതാപ്ഗാർഹ് മുതല് കാശിവരെയുള്ള ഗംഗാതടം,വടക്കു കിഴക്കെ മലനിരകളെന്നിവയാണ്. വിന്ധ്യനിലും ഗംഗാതടമൊഴിച്ചുള്ള കാശിയി ലും ധാരാളമുണ്ട്.

രാജസ്ഥാനിലെ പഠനം,ക്രോണോളജി(മെഹർഹോംജി 1980)

Pre-middle stone age	Major dune formation, major dry phase
Middle stone age	Deep weathering . Humid
Upper Paleolithic (before 8000 BC)	Base of lake covered with dunes. Severe dry phase.
8000-7000 BC	Pollen grains seen. Moist phase
7500 BC	Homosapiens start to burn grass . Pollen grains of foodgrain plants plenty.(Agriculture common)
7500- 3000 BC	Dry phase with scanty plants
3000-2000 BC	Steppes,Savanna. Moist phase
2000 BC	Western Lake Lankaaran becomes dry.
1800-1400 BC	Sambhar lake becomes salty
1400-1000 BC	Slight amelioration of climate
1000 BC	Aridity
AD 1st century till date	Aridity

ഇന്ത്യയിലെ ഏറ്റവും സസ്യംകുറഞ്ഞ പ്രദേശമായ രാജസ്ഥാനിലാണിത്. സസ്യ സമൃദ്ധവും കാലവർഷക്കാറ്റുകൊണ്ടും സമുദ്രം,നദി ,കായലെന്നിവകളാലും സമൃദ്ധ മായ കേരളതീരത്തല്ല. ചെക്കച്ചിവന്ത മൺപാങ്കുള്ള വൻതേരികളുടെ സസ്യസമൃ ദ്ധി ഇന്നും പ്രീമിഡിൽ,മിഡിൽ,പാലിയോലിത്തിക് കാലത്തേതെന്നപോലെ കാ ണണമെങ്കിൽ കേരളത്തിലെ വന്ദേരി(വൻ തേരി) നാട്ടിലേക്കു ചെല്ലുക. അറബിക്ക ടൽ മുതല് പാലക്കാട്ടുചുരംവരെയുള്ള ഭൂമിയുടെ പ്രകൃതികാണുക

മീസോലിത്തിക് ഇന്ത്യ റേഡിയോകാർബണ് പഠനം (Possehel 1994)

Adam Garh (M P)	5505+- 130BC , 6179- 5960 BC
Bheembhektha (M P)	6556 – 6177 BC , 4875-4580 BC
Bagore Near Sindhu in MP	.6385+- 225 -7416-6622 BC , 4246-3991 BC
Bagore Bethwara (Near Rajasthan)	4480+- 205, 5418-4936, 4575-4344 BC
Mahagrih (UP)	8175+- 165, 9253- 8965, 9049-8741 BC, 11748-11320 BC, 11135-10761 BC
Sarai Nahar Ray (Prathap Garh UP)	9958-9059 BC
Paishara Mungur Near Bihar	6377-6067 BC

സരായ് നഹർ റായ്ഃ-

സരയു,നഗരം,രാജാരാമനെന്നീ മൂന്നുവാക്കുചേർന്നതാണ് പ്രതാപ്നഗറിന് 15 കി മീ തെക്കുപടിഞ്ഞാറുകിടക്കുന്ന സരായ്ഗഹർറായ്. സരയുവിന്റെ കനാലാ യ(നഹർ) ഈ സ്ഥലത്തുവെച്ചാണ് രാമനെ ഗുഹൻ സരയുവിനപ്പുറത്തേക്ക് കടത്തിയതെന്ന് വിശ്വസിക്കപ്പെടുന്നു. ഇപ്പോൾ ഗംഗ 55 കിമീ തെക്കോട്ടുമാറി യാണ് ഒഴുകുന്നത്. 1800 സ്ക്വയർമീറ്ററ് വരുന്ന വറ്റിപ്പോയ ധനുസ്സാകൃതിയുള്ള ഒരു ഭാഗം പണ്ടത്തെ ഗംഗയുടെ അവശിഷ്ടമായി ഇവിടെ കാണുന്നുണ്ട്. ഈ ഭാഗത്തുനിന്ന് 3 റേഡിയോകാർബണ് ഡേറ്റിങ്ങുകള് കിട്ടി. ഏറ്റവും പഴയത് 9000 ബിസി(ആദിമമീസോലിത്തിക്) കാലത്തേതാണ്. ദാംദഹയില് 5000 ബിസി,മഹാദഹയിൽ 2853-2347 ബിസി, കാലത്തേതും. ദഹ,ദാഹ് എന്നത് ദാശ എന്നതിനുള്ള പ്രാകൃതപദമാണ്. ശരത്കാലത്ത് ദേശാടനക്കിളികളുടെ വംശവർദ്ധനവിനായുള്ള പ്രജനനസ്ഥാനമാണിത്.ഭരതന്റെ യാത്രയിൽ വാ ത്മീകി ദേശാടനക്കിളികളെ പരാമർശിക്കുന്നുണ്ട്. ഈ പ്രദേശത്ത് ഒരു ജ്യോമെ ട്രിക്ക് മൈക്രോലിത്തിക് ഇൻഡസ്ട്രിയും ആയുധഫാക്ടറിയുമുണ്ടായിരുന്നു. മഹി ഷം,കണ്ടാമൃഗം,കലമാനെന്നിവയുടെ കൊമ്പുകളും അസ്ഥികളും ,ആമത്തോട്ടു കൾ,ശംഖുകൾ മുതലായി അനേകവസ്തുക്കള് ഇവിടത്തെ ഖനനത്തില് കിട്ടി. 11 ശ്മശാനങ്ങളിൽനിന്നായി 14 മനുഷ്യാസ്ഥികൂടങ്ങളും കിട്ടി. 4 അസ്ഥികൂടങ്ങള് ഒരേ സ്ഥലത്തുനിന്നുതന്നെയാണ്. (കുടുംബശ്മശാനം)അണ്ഡാകൃതിയിലുള്ള കുഴിയിൽ മണലുവിരിച്ച് കിഴക്കുപടിഞ്ഞാറുദിശയിൽ തല പടിഞ്ഞാട്ടാണ് മറവുചെയ്തിരിക്കു ന്നത്. പുരുഷന്റെ ഇടത്തുകയ്യും സ്ത്രീയുടെ വലത്തുകയ്യും നാഭീദേശത്തു തൊട്ടു വെ ക്കുന്നു. മൈക്രോലിത്തുകളും ശംഖുകളും ചിപ്പികളുമാണ് ഓരോ ശ്മശാനത്തിലും ശവത്തിന്റെ കൂടെ മറവുചെയ്തിരിക്കുന്നത്. ഒരാളുടെ വാരിയെല്ലിൽ ഒരു മൈക്രോ ലിത്തിക് അമ്പുതറച്ചിരിക്കയാൽ ഇദ്ദേഹം യുദ്ധത്തിലാണ് മരിച്ചതെന്നു കരുതു ന്നു. 16 തൊട്ടു 34 വയസ്സുവരെ മതിക്കുന്ന 9 പുരുഷന്മാരും 15 തൊട്ട് 35 വരെ മതിക്കുന്ന 4 സ്ത്രീകളും ഒരു കുട്ടിയുമാണ് ഇവിടെ കിട്ടിയത്. പുരുഷന്മാരുടെ ശരാശരി ഉയരം 173.93 മുതല് 192 .08 വരെ.സ്ത്രീകളുടേത് 174.89 മുതല് 187.68 സെ മീ വരെ. എല്ലാവരും വലിയ ശക്തമായ തലയോട്ടുകളുള്ളവരാണ്. ആ ർക്കും ദന്തരോഗമില്ല.ചില അസ്ഥികൂടങ്ങളിൽ സന്ധിരോഗലക്ഷണമുണ്ട്. മഹാ ദഹയിലെ ശ്മശാനത്തിൽ അസ്ഥികൊണ്ടുള്ള ആഭരണങ്ങൾ(മാല, ലോക്കറ്റ്)

കിട്ടി. 70-100 കി മീ അകലെയുള്ള വിന്ധ്യനിൽനി ന്ന് കൊണ്ടുവന്ന ചാല്ക്കോദമി, ക്വാർട്ട്സ്,ക്രിസ്റ്റൽ,അഗേറ്റ്,കാർണീലിയന് മണികളും കിട്ടി. അവിടത്തെ പുരുഷന് 190 സെ മീ ,സ്ത്രീക്ക് 162- 176 സെ മീ ഉയ രമുണ്ട്. ഒരു സ്ത്രീക്ക് 40-50 വയസ്സുണ്ട്. മറ്റുള്ളവരെല്ലാം 18-40 വയസ്സുള്ളവരാണ്. ഓസ്റ്റിയോആർത്രൈറ്റിസിന്റെ ലക്ഷണങ്ങളുണ്ട്. ഒരു അടുപ്പിൽ വേവിക്കാനിട്ട മഹിഷത്തല കണ്ടു. അവിടത്തെ ശവങ്ങൾക്കെല്ലാം ദന്തരോഗമുണ്ട്. ഒരു വർഷം നീണ്ടുനില്ക്കുന്ന ശവസംസ്കാരച്ചടങ്ങുകളും ഉണ്ടായിരുന്നു. ദാംദഹയിൽ സംസ്കാരത്തിനുമുമ്പ് അഗ്നിആരാധന പതിവുണ്ടായിരുന്നു. സ്ത്രീപുരുഷന്മാരെ ഒന്നിച്ച് മറവുചെയ്യുന്നു. ഭംഗിയായി കൊത്തുപണിചെയ്ത ആനക്കൊമ്പുകൊണ്ടുള്ള ലോക്കറ്റ് ഒരു അസ്ഥികൂടത്തിന്റെ ഉയർന്ന സാമൂഹികാവസ്ഥയും ധനസ്ഥിതിയും കാട്ടുന്നു. ഒ.സി.പി അഥവാ ഓക്കറും കണ്ടു. 7000 ബിസിയില് പൈസ്രയില് 3 തരം അഗ്നി ഉപയോഗിച്ചിരുന്നതായി കണ്ടെത്തി. (ലൊക്കാലിറ്റി എഫിൽ).നിലത്ത് ഉണക്കച്ചുള്ളിക്കമ്പുകൂട്ടി ഉണ്ടാക്കുന്നതും, കളിമൺകട്ടകൾക്കു മുകളിലും ചുവട്ടിലുമായി ഉണ്ടാക്കുന്നതും കുഴി അഥവാ കുണ്ഡത്തിൽവെച്ച് ഉണ്ടാക്കുന്നതുമാണ് ഇവ. 26 തരം ആയുധങ്ങൾ ഈ സ്ഥലത്ത് കിട്ടി. ഈ സ്ഥലം താല്ക്കാലികവാസത്തിനും ആയുധനിർമ്മാണത്തിനും മീസോലിത്തിക് മനുഷ്യര് ഉപയോഗിച്ചിരുന്നു. ആയുധനിർമ്മാണത്തിനുമുമ്പ് (ഫ്ലേക്കിങ്ങിനു മുമ്പ്)കല്ല് ചൂടാക്കിയിരുന്നു.

പാറകളിലെ ചുവന്ന മീസോലിത്തിക് പെയിന്റിങ്ങ്:-

കിഴക്കൻവിന്ധ്യനിലെ ഗെറുവിൽ(ഉരുമ്പെടുത്ത ഹീമറ്റൈറ്റ് –അയേൺ പെറോക്സൈഡ്)കൊണ്ടുള്ള ചിത്രങ്ങൾ മദ്ധ്യേന്ത്യവരെ കിഴക്കുപടിഞ്ഞാറെ ദിശയിലായി പർവ്വതം മുഴുവനും നീണ്ടുകിടക്കുന്നു. പൂർവ്വികശിലായുഗമനുഷ്യരുടെ മൃഗങ്ങള്,ആയുധങ്ങൾ,ജീവിതദൃശ്യങ്ങളെന്നിവയും കാണാം. ഏറ്റവും കൂടുതൽ ചിത്രങ്ങൾ മദ്ധ്യേന്ത്യയിലാണ്. ഇന്ത്യയിലെ ആധുനികമനുഷ്യർ അതിലെ പല മോട്ടിഫുകളും തിരിച്ചറിയാനാവാത്തവിധം ജീവിതരീതികൾ മാറ്റി പരിഷ്കൃതരായിരിക്കുന്നു. ആസ്ത്രേലിയയിലെ അബോറിജിനുകൾക്ക് അവരുടെ പാറച്ചിത്രങ്ങളിലെ മോട്ടിഫുകൾ ഇന്നും വായിക്കാനും മനസ്സിലാക്കാനും കഴിയുന്നുണ്ട്. ഇന്ത്യക്കാരന് സാധിക്കുന്നില്ല.

ഭോപ്പാലിന്റെ 45 കി മീ തെക്കുപടിഞ്ഞാറ്, 10 കി മീറ്ററില് കിടക്കുന്ന 7 ലൊക്കേഷനുകളെയാണ് ബീംഭേക്തറോക്ക് ഷെൽട്ടറുകളെന്നു പറയുന്നത്. (വിനായക, ബോനരവാലി,ബീംഭേക്ത,കിഴക്കെ ലക്കജ്വാരം ,പടിഞ്ഞാറെ ലക്കജ്വാരം,ജോൺഡ്ര, മുനിബാബാ കി പഹാഡി) 642 ഷെൽട്ടറുകളില് 55 ശതമാനം ചിത്രങ്ങളാണ്. ബീംഭേക്തയിൽമാത്രം 243 ഷെൽട്ടറുകളുണ്ട്. 133 എണ്ണത്തില് പെയിന്റിങ്ങുകളുണ്ട്. കിഴക്കുപടിഞ്ഞാറുകിടക്കുന്ന വിന്ധ്യനിരകളിൽ നിന്ന് വടക്കോട്ടുനീണ്ടു കിടക്കുന്ന 40 മൈല് നീളം 8 മൈല് വീതിയുള്ള പാറമേലാണിത്. നർമ്മദാനദിയുടെ ഡ്രെയിനേജ് ഏരിയയിൽ റെയ്സൺജില്ല ഗോഹർഗഞ്ച് തഹസിലില് പുത്ലികാരർ മാത്രം പെടുന്നു(പുത്ലിയെന്നാൽ പാവ അഥവാ ശില്പമാണ്).മറ്റെല്ലാം ബെത്വാമദീതാഴ്‌വരയിലാണ്. 1600- 2051 അടി ഉയരം (സമുദ്രനിരപ്പിൽനിന്ന്) ഇതിന്നുണ്ട്. സാൻഡ്സ്റ്റോൺപർവ്വതങ്ങളുടെ ഉയർന്നശിഖരങ്ങളിലാണിവ കാണുന്നത്. ചിലതുമാത്രം സ്വാഭാവികമായി രൂപപ്പെട്ട കുഴികളിലും ഗുഹകളിലുമായി താഴത്തെ ഭാഗത്തും കാണാം. 4- 16 അടിവരെ ഉയരമുള്ള ഗുഹാമുഖം , 10- 60 അടി മുതല് 1390 അടിവരെ നീളമുള്ള സ്വാഭാവികഗുഹകൾ, 10-15 അടി ആഴം (5 തൊട്ട് 30 വരെ റേഞ്ച്) ഉള്ള ഇവയിൽ ഒന്നോ രണ്ടോ കുടുംബങ്ങൾക്ക് സുഖമായി താമസിക്കാം. ചുമരും മോന്തായവും നിറയെ ചിത്രാലംകൃതമാണ്. ചുവപ്പ്, വെളുപ്പ്,ഇവരണ്ടും ചേർന്ന നിറം ആണ് ചിത്രങ്ങൾക്ക്. ചിലതിൽ മഞ്ഞ,പച്ച,കറുപ്പ്, ഇവയുമുണ്ട്. ഇന്ത്യയിലെ മ്യൂറൽ പെയിന്റിങ്ങ് ഈ ഗുഹാ ചിത്രങ്ങളിൽനിന്ന് ഉണ്ടായതാണ്. നായാടിവർഗ്ഗം,വനത്തിൽ കായ്കറി ശേഖ രിക്കുന്നവർ,ആന, കുതിര,ലോഹായുധം എന്നിവ ഉപയോഗിക്കുന്നവർ,ജാഥയായി പോകുന്ന ചതുരംഗപ്പട ഇവ കാണാം. ഈ ആളുകളാണ് ചിത്രം വരച്ചതെന്ന് ചിത്രങ്ങളുടെ സ്വഭാവം കൊണ്ടു വ്യക്തമാണ്. നായാടി,കായ്കറി ശേഖരിക്കു ന്നവരുടെ പിൻഗാമികളാണ് ലോഹായുധവും ചതുരംഗപ്പടയുമുപയോഗിച്ച യോദ്ധാക്കളെന്നും (സ്റ്റൈ ലിസ്റ്റിക് സക്സസേഴ്സ്)ഇവതമ്മിൽ ഓവർലാപ്പിങ്ങ് ഉണ്ടെന്നുമുള്ള അഭിപ്രായം ശ്രദ്ധേയമാണ്.(മത്പാൽ 1984)

ഫേസ് എ ആദ്യഘട്ടം. വലിയ മൃഗങ്ങൾ,പകുതിയോളം നിറം കൊടുത്തിട്ടുണ്ട്. ജ്യോമെട്രിക് മേസ് ശൈലി. 26 ചിത്രങ്ങളുണ്ട്. കാട്ടുപോത്ത് ,പുള്ളിപ്പുലി,പശു,

ആന ഇവയുണ്ട്. നിറങ്ങൾ വെള്ള,ഇളംചുവപ്പ്,ചുവപ്പ്,ക്രിംസൺ,പർപ്പിൾ, raw sienna .

ഫേസ് ബി.രണ്ടാം ഘട്ടം . 1167 ചിത്രങ്ങൾ. മൃഗ, മനുഷ്യരൂപങ്ങളുണ്ട്.മൃഗങ്ങൾ ആദ്യഘട്ടത്തേക്കാളും ചെറിയവയാണ്. മൃഗങ്ങളുടെ ശരീരത്തിനകത്ത് ജ്യാമിതീയ,അബ്സ്ട്രാക്റ്റ് രൂപങ്ങളും വരച്ചിട്ടുണ്ട്. 22 തരം മൃഗങ്ങളെ കാണുന്നു. പ്രധാനമായും മാനും കാട്ടുപോത്തുമാണ്. മനുഷ്യരൂപമെല്ലാം വടിപോലെയാണ്. സിന്ധുലിപിയിലെ മനുഷ്യരൂപങ്ങളും ഇങ്ങനെ വടിപോലെയാണെന്ന് ഓർക്കണം. ചിലർ മുഖംമൂടി വെച്ചിരിക്കുന്നു. കയ്യിൽ വടിയേന്തിയവരും അമ്പുംവില്ലും ഏന്തിയവരും കുന്തം പിടിച്ചവരും മൃഗങ്ങളെ തുരത്തി ഓടിക്കുന്നവരും അരയിൽ ചൂലുപോലെ ഒരുടുത്തുകെട്ടുകെട്ടി ഒട്ടപ്പക്ഷിയെപ്പോലെയുള്ളവരും തലയില് പീലിപോലെ ഒന്നു ധരിച്ചവരും കാണുന്നു. സ്ത്രീകളും വേട്ടയാടുന്നുണ്ട്. നിറങ്ങൾ ഇളംചുവപ്പ് ,കരിച്ച burned sienna,ക്രിംസൺൺ,സെപ്പിയ, പർപ്പിൾ,മരതകപ്പച്ച, സ്കാർലറ്റ്, മഞ്ഞൾനിറം.

മൂന്നാംഘട്ടം (സി) .മനുഷ്യരുടേയും മൃഗങ്ങളുടേയും ചിത്രങ്ങള് കൂടുതല് സ്വാഭാവികമായി. മൃഗങ്ങൾക്ക് രണ്ടുനിറം. അകത്ത് കുത്തനേയും വിലങ്ങനേയും ക്രിസ്ക്രോസ് ആയും വരകളുണ്ട്. മനുഷ്യർ വടിയും അമ്പും വില്ലും ധരിച്ചവരാണ്. കരിച്ച മരക്കഷ്ണം,ഇളംചുവപ്പ്, Raw sienna , ഓറഞ്ച്, burned sienna,ക്രിംസൺ, കടുംപർപ്പിള്,മഞ്ഞൾ,സെപ്പിയ നിറങ്ങളാണുള്ളത്. മാനുംപശുവുമാണ് അധികം. സ്ത്രീകളുടെ കൂടെ കുട്ടികളേയും കാണാം. വരകളും കുത്തുകളും, വർണ്ണങ്ങൾകൊണ്ട് patches ,കയ്യടയാളങ്ങൾ,വിരലടയാളങ്ങൾ (കേരളത്തിൽ നിറയ്ക്കുമ്പോള് അരിമാവുകൊണ്ട് വാതിലിലും മറ്റും ചെയ്യുന്നപോലെ)എന്നിവ കാണാം.

നാലാംഘട്ടം(ഡി). 280 ചിത്രം. 183 മനുഷ്യരൂപം. ബാക്കി മൃഗരൂപം. കുത്തുകളിട്ട ഋജുരേഖകൾ, വർണ്ണ patches, വെള്ള, Raw sienna,ഇളംചുവപ്പ്,കടുംചുവപ്പ്, കരിച്ച മരക്കഷ്ണം,ക്രിംസൺ,സെപ്പിയ,ഇവ നിറങ്ങൾ. സ്റ്റൈലൈസ്ഡ് ജൈവവസ്തുക്കൾ കാണാം.

അഞ്ചാംഘട്ടം(ഇ). അലങ്കാരരൂപങ്ങളാണ്. നീണ്ടകൊമ്പുള്ളപോത്തുകൾ, ശരീരത്തിൽ തേൻകൂട്,സിഗ്സാഗ്,കോൺസെൻടിക്ക്,സ്ക്വയർ പാറ്റേണുകൾ,ക്രീമിവെള്ളനിറത്തിൽ. അതേ ക്രീമിവെള്ളനിറത്തിലുള്ള അമ്മദൈവങ്ങളെ കാണാം. കരിച്ച ആംബർ,കരിച്ച സിയന്ന,സെപ്പിയ,ക്രിംസൺ,കറുപ്പ് നിറങ്ങളുണ്ട്. ബിസി 2000ത്തിലെ നീലഗിരിജില്ലയിലെ കരിക്കിയൂരെന്ന ഗ്രാമത്തിലെ പാറമേലുള്ള കാളകൾ ഇതേ സ്റ്റൈലിലാണ് വരച്ചിരിക്കുന്നത്. കോട്ടഗിരിയിൽനിന്ന് 40 കി മീ മാറിയാണ് കരിക്കിയൂർ. കരി അഥവാ കലപ്പകൊണ്ട് കന്നുപൂട്ടുന്ന ആളുടെ ചിത്രമാണവിടെയുള്ളത്. കണ്ടെത്തിയ ഗാന്ധിരാജനും പ്രൊ.ചന്ദ്രശേഖരനും ഇതിനെ ബുൾചേസിങ്ങ്(കാളയോട്ടം)എന്നു പറയുന്നു. ഒരുകാള കറുപ്പും ഒരുകാള വെളുപ്പുമാണ്.(ഇരട്ടക്കാള).അതിനുപിന്നിലായി വെളുത്ത കലപ്പ,അതിനു മുകളിലായി മനുഷ്യരൂപം. വയലിൽ രണ്ടുമൂന്നാളുകളെ കാണാം. കാളപൂട്ട്,എരുതുപൂട്ട് എന്ന കാർഷികസമൂഹത്തിന്റെ ഉത്സവചിത്രമാണ്.തമിഴിൽ എരുതുകട്ടുതലെന്നും മാഞ്ചുവിരട്ട് എന്നും പറയും. ഇത് ജല്ലിക്കെട്ടല്ല.

ഗംഗാസമതലത്തിലെ മിർസാപ്പൂരിൽനിന്ന് ഡക്കാനിലേക്കുള്ള പഴയ പാത, റോബർട്ട്സ് ഗാർഹിനപ്പുറം സോൺതാഴ്വരയിലേക്ക് മദ്ധ്യപ്രദേശത്തിലെ സുർഗീയദേശംവഴിയുള്ള പാത,അഹ്രൌര മുതൽ കാശിവരെയുള്ള മലകളിലെ ഭ്രയിശിലിപെയിന്റിങ്ങ്, അഹ്രൌരമുതൽബീഹാർവരെയുള്ള സസരാൻവഴികളിലുള്ളവ –ഇപ്രകാരം മൈക്രോലിത്തിക്ക് പിതൃക്കളുടെ സഞ്ചാര, സാർത്ഥവാഹകമാ ർഗ്ഗങ്ങളിലാണ് റോക്ക് പെയിന്റിങ്ങുകള് കാണുന്നതെന്നത് ശ്രദ്ധേയമാണ്. പാക്കിസ്ഥാനിൽ ഗിൽഗിറ്റിൽക്കൂടിവരുന്ന കാരക്കോറം പർവ്വതനിരമുഴുവനും ഇത്തരം പെയിന്റിങ്ങുകളാൽ അലംകൃതമാണ്. 6000 ബിസിയിലുള്ള ആദാംഗർ, ബഗർചിത്രങ്ങള് ചെമ്മരിയാട്,ആട്,കന്നുകൾ(വളർത്തുമൃഗങ്ങൾ),ഇവയെ ആട്ടിത്തെളിക്കുന്ന ഇടയവംശ(നോമഡ്)ത്തിന്റേതാണ്.നീലഗിരിയിലുള്ളവ കർഷകരുടേതാണ്. 7000-8000 ബിസിക്കുമുമ്പേ ശക്തി ആരാധന ഉണ്ട് എന്നതും സഞ്ചാരമാർഗ്ഗങ്ങള് അതിപ്രാചീനമാണെന്നതും അതാതു സഞ്ചാരമാർഗ്ഗത്തിലെ ചിത്രങ്ങൾ സഞ്ചാരികളുടെ സ്വഭാവം കൂടി കാണിക്കുന്നുവെന്നും മനസ്സിലാക്കാം.

കേകയദേശം

ഭൃഗുകച്ഛത്തിന്റെ വടക്കുപടിഞ്ഞാറ് ബലൂചിസ്ഥാനം അഥവാ ബാഹ്ലീകദേശമെന്ന കേകയമാണ്. ബൃഹ് എന്ന ധാതുവാണ് ഭൃഗുപദം അഥവാ ബ്രഹ്മപദമാവുന്നത്. ബൃഹദ്ഗൃഹം അഥവാ വലിയഗൃഹം(കാര്യഷകം)എന്നാണ് ഭൃഗുവർഗ്ഗക്കാരായ ഭരദ്വാജ മാഗബ്രാഹ്ണണരുടെ ഗൃഹത്തെ വിളിച്ചിരുന്നത്. അവരുടെ മഹാഗൃഹം 2 ബോളൻനദീതീരത്തെ മെഹ്ർഗാർഹ് ആയിരുന്നു. ക്വറ്റതാഴ്വര,രണഗുണ്ടൈ (zhob loralai),കാലാത്ത് സമതലം,കോശധര,നള,ശക്രസ്ഥാനം, കുള്ളി, മൂഷികി താഴ്വരയിലെ മേഹി,ബാലക്കോട്ട് സൊന്മിയാനി ഉൾക്കടൽ, പാഞ്ച്ഗർ, ബന്നുപർവ്വതം,കൊട്ട്ദിജി,ഗോമൾവാലി,ഇൻഡസ്ഹക്രയുടെ പടിഞ്ഞാറൻ അതിർത്തിയിൽ കൊഹിസ്ഥാൻ,കിർത്താർഅദ്രിവരെയുള്ള വടക്കുഭാഗം, അതിനുതെക്ക് സിന്ധു,ഗുജറാത്ത്, മഹാരാഷ്ട്ര,സൌരാഷ്ട്ര, കൊങ്കൺ,കേരളം, കന്യാകുമാരി വരെയുള്ള പടിഞ്ഞാറൻതീരം ഇങ്ങനെ ഭരദ്വാജഗോത്രക്കാർക്ക് വടക്കപടിഞ്ഞാറേ ഭാരതത്തിൽ 2 മഹാഗൃഹങ്ങളുണ്ടായിരുന്നു.ഭരദ്വാജരുടെ ഈ ദ്രാവിഡ,ആന്ധ്രക,ശതകർണ്ണി,മെലൂഹ,മൂഷകവംശത്തിന്റെ വടക്കുഭാഗമായ ബാഹ്ലീക,പാർശ്വീക(പാരസീക)ദേശത്തേക്ക് നമുക്ക് ഒന്നു കണ്ണോടിക്കാം.

വടക്കുകിഴക്കൻ ബലൂചിസ്ഥാനിന്റെ വടക്കേ ഖണ്ഡത്തിൽ ഗോമൽ(കോമള)നദി ശോഭാനദിയുമായി(zhob)ചേരുന്നഭാഗത്ത് ശോഭലോറലായ് എന്നുവിളിക്കുന്ന രണഗുണ്ടൈ കാണാം. റാണാഗുണ്ടൈ എന്നും ഉച്ചരിക്കും. സന്ധേമാൻകോട്ട നില്ക്കുന്ന പെരിയാനഗുണ്ടൈ(പെരിയാനക്കുണ്ട്)മുതൽ 4 നദികൾ(അനംബര,തൽ, കോമൾ,ശോഭ)സന്ധിക്കുന്നതാണ് സന്ധേമനമെന്ന ഈ പ്രദേശം. ആന്ധ്ര, വിജയനഗരസാമ്രാജ്യത്തിലും രണഗുണ്ട, ആനക്കുണ്ഡ(ആനഗുണ്ഡി)ഗുണ്ടൂർ , പെനുഗൊണ്ട മുതലായ സ്ഥലനാമങ്ങളുണ്ട്. അതേ ദ്രാവിഡസ്ഥലനാമങ്ങളാണ് കേകയത്തിലുമെന്നത് ശ്രദ്ധിക്കുക.പ്രത്യേകിച്ചും പെരിയാനക്കുണ്ടൈ എന്ന പേർ തമിഴുതന്നെയാണ്. ഈ സന്ധിസ്ഥാനത്ത് ദാംബ്സലാത്ത് 3, മെഹ്ർഗാർഹ് 6 ലവലില് കണ്ണാടകണ്ണും സർപ്പഫണവുമുള്ള ടെറാക്കോട്ട നാഗമാതാവിന്റെ പ്രതിമയും സൈന്ധവസംസ്കൃതിയിലെ പാത്രങ്ങളും കിട്ടി. അനംബരനദീതാഴ്വരയിൽ സുർജംഗൽ,ദബർക്കോട്ട്,രണഗുണ്ട എന്നീ

മൂന്നുസ്ഥലങ്ങൾ 4500-4300 ബിസിമുതലുള്ളവയാണ്. വടക്കും തെക്കും ബലൂചിസ്ഥാനിന്റെ പരസ്പരഗതാഗതത്തിന്റെ പ്രധാനസംഗമസ്ഥാനം കലാത്ത് സമതലത്തിലെ അഞ്ചിറയും സിയാദംബ(സൌരബാരിയ)യുമാണ്. അവിടെ പിരീഡ് രണ്ടിലെ ചളിക്കട്ടഇഷ്ടികകൊണ്ടാണ് കെട്ടിടങ്ങള്. വടക്കും തെക്കും ബലൂചിസ്ഥാനിന്റെ ഇടയിൽ കോശധര,നള,ശക്രദേശങ്ങൾ ത്രികോണാകൃതിയി ല് കിടക്കുന്നു.ശക്രനെന്നാൽ ഇന്ദ്രനാണ്. കോശധരനെന്നാൽ ഭണ്ഡാരം ധരിക്കുന്നവനായ നാഗമാണ്. നള അഥവാ നാളി,നാഡി നാഡിക,ജലനാളികയുടെ ഉടമസ്ഥനാണ് നളൻ. ശക്ര(ഇന്ദ്ര)കോശധര(നാഗ)നളദേശങ്ങളുടെ ത്രികോണസ്ഥാനം അതുകൊണ്ട് പ്രാധാന്യമുള്ളതാണ്.



നളത്തിലെ ചളിക്കട്ടഇഷ്ടികകൊണ്ടുള്ള ശവക്കല്ലറയിൽ 16 മണികളുള്ള മാലയിൽ ക്രിസ്റ്റലുകൊണ്ടുള്ള പതക്കം ചാർത്തിയ കുട്ടിയുടെശവം അടക്കം ചെയ്തിരിക്കുന്നു. നൾപോട്ടറിയിലെ പ്രത്യേകശൈലി ,മത്സ്യചിത്രങ്ങൾ,ഐബെക്സ് അഥവാ നീല ഗിരിക്കാളയുടെ ചിത്രങ്ങളെന്നിവ എടുത്തുപറയേണ്ടതുണ്ട്. ഈ സ്ഥലത്ത് ജല സംഭരണവും കൃഷിയും രണ്ടുവിധത്തിലാണ് നടത്തിയിരുന്നത്. വെള്ളം ഒഴുകി യിറങ്ങുന്ന കുന്നിന്റെ ചെരുവിൽ പടിപോലെ ബണ്ടുകെട്ടി മണ്ണ് ഒഴുകിപ്പോകുന്നത് തടഞ്ഞ് ചെയ്യുന്ന പുനംകൃഷി . ജലത്തെ ഒരുകായലോ

തടാകമോ പോലെ ബണ്ടുകെട്ടി റിസർവോയര് അണക്കെട്ടുകൾക്കകത്തു പിടിച്ചുനിർത്തി , അതി ൽനിന്ന് അല്പാല്പമായി തോടുകൾ(നൾ)വഴി വയലു കളിലേക്ക് തുറന്നുവിട്ടുകൊടുക്കു ന്ന രീതി .ഇത് വന്ദേരിനാട്ടിലെ പുഞ്ചക്കോ ൾക്കൃഷിയോടുതുല്യമാണ്. പാലക്കാട്ടുമുതൽവന്ദേരിവരെ കേരളത്തിലുപയോ ഗിക്കുന്ന രണ്ടുവിധകൃഷിതന്നെയാണ് നൾ, കോശധര,ശക്രദേശത്തെ ദ്രാവി ഡരും ഉപയോഗിച്ചിരുന്നത്. ബേലക്കു ചുറ്റുമുള്ള നിയായിബുത്തി,നിന്ദോവരി, ഇഡിത്ത്ഷാകോംപ്ലക്സും കൊല്ലവ(കൊലവ)യും ചേർന്നപ്രദേശത്തെയാണ് കുള്ളി എന്നു വിളിക്കുന്നത്. ഇവിടത്തെ പുരാതന സംസ്കൃതിയെ ആർക്കിയോളജിസ്റ്റുകള് കുള്ളിസംസ്കൃതിയെന്നു വിളിക്കുന്നു. വേൽപ്പട്ട് മാർഗ്ഗത്തില് ബേലയെ പൊറളിനദി (പുരുലി)എന്നാണ് പറയുക. (കേരളത്തിലും പുരുളി,പറളി പുരലിമല മുതലായവ കാണുന്നു)തീരദേശംമുഴുവനും കാലാത്ത് തെക്കൻബലൂചിസ്ഥാനിൽകൃഷിയിട ങ്ങളാണ്. കൊല്ലവമാർഗ്ഗം ബേലയുടെ വടക്കുപടിഞ്ഞാറാണ്. അവിടെനിന്ന് ധാന്യം ചുറ്റുമുള്ള ,കൃഷിയില്ലാത്ത സ്ഥലങ്ങളിലേക്ക് കൊണ്ടുപോയിരുന്നു. കൊല്ലു വയിലെ പ്രധാനസ്ഥാനമായ കുള്ളിയിലെ പോട്ടറിയുടെ പ്രത്യേകസ്വഭാവമാണ് ഇതിന് കുള്ളിസംസ്കാരമെന്ന പേരുണ്ടാക്കിക്കൊടുത്തത്. ചേരന്മാരെ കൊല്ലികാ വലനെന്നും മൂഷകരാജധാനിയെ കോലമെന്നും കൊല്ലമെന്നും വിളിക്കുന്നവരാണ് കേരളീയർ. കൊള്ളിടംനദീതീരമുള്ള തമിഴ്നാട്,കിള്ളി എന്ന സ്ത്രീയോദ്ധാക്കളുടെ ചോളനാട് ,മൂഷകനാട് ഇവയെല്ലാം ദ്രാവിഡവംശജരുടേതാണ്.ഇതിന്റെ ഭാഗ മാണ് കുള്ളിസംസ്കൃതിയും.

കൊല്ലുവയുടെ വടക്കുപടിഞ്ഞാറ് മൂഷ്കിതാഴ്വരയിലെ മെഹിയാണ് കുള്ളികഴി ഞ്ഞാൽ പ്രധാനനഗരം. കുള്ളിയിലും മേഹിയിലും ഇതുവരെ മുകളിലെ ലയറുകൾ മാത്രമാണ് പഠനം നടത്തിയിട്ടുള്ളത്. താഴത്തെ ലയറുകൾ കുല്ലി(കുള്ളി) അ നേകം അറകളുള്ള ,കല്ലുകൊണ്ടുപണിത വാസ്തുവാണ്. 3 കി മീ അപ്പുറത്തുനിന്ന് ഇതിനു ള്ള കല്ല് കൊണ്ടുവന്നിരിക്കുന്നു. വളരെ വലിയ രണ്ടുകല്ല്(അമ്മിക്കല്ല്), അവ മേലു രക്കാനുള്ള കുഴകൾ,കറുത്തമണികൾ,ലാപിസ് ലസൂലി,അഗേറ്റ് , കാ ർണീലിയൻമണികൾ,വളഞ്ഞ അസ്ഥിവളകൾ,താമ്രം, സ്വർണ്ണം ,ഗ്ലാസ് വസ്തു ക്കൾ എന്നിവ ഇവിടെ കിട്ടി. മൃഗങ്ങൾ നീണ്ടവയും വലിയകണ്ണുള്ളവയും പ്രകൃതി പശ്ചാത്തലത്തിൽ വരക്കപ്പെട്ടവയുമാണ്.. മേഹിയിൽ കേരളത്തിലെ ദ്രാവിഡര്

ചെയ്യുന്ന പോലെ ആദ്യം ശവം ചിതയിൽ ദഹിപ്പിച്ച ശേഷം ബാക്കിവരുന്ന അസ്ഥിക്കഷ്ണം കലത്തിലോ മണ്ണിന്നടിയിലോ കുഴിച്ചിടുന്നു.നിയായിബുത്തിയിൽ കുല്ലിസംസ്കാരത്തിന്റെ ഉപരിഘട്ടമാണ്. ഇതിന് കാർബൺ14, ബിസി 3000 എന്നകാലം കൊടുക്കുന്നു. നിന്ദോവരിയിൽ കേന്ദ്രഭാഗത്തായി പടികൾഉള്ള ഒരുശിലാവാസ്തുവുണ്ട്. ഇതിൽ ഒരു ടണ് തൂക്കമുള്ള കല്ലുകളുപയോഗിച്ചിട്ടുണ്ട്. കുല്ലിപോട്ടറിയിൽ അമ്മദൈവചിത്രങ്ങളുണ്ട്. കാളകളുടെ ചിത്രങ്ങളുമുണ്ട്. രണ്ടു സൈന്ധവസീലുകൾ ഇവിടെനിന്ന് കിട്ടി. (3000 ബിസിയിലെ). സോപാനരീതിയിൽ പടികളായി വേദി (പ്ലാറ്റ്ഫോം)കളുടെ ശ്രേണി കെട്ടുന്നത്, അമ്മദേവികൾട്ട് ,കുല്ലി പോട്ടറി എന്നിവ ഇവരുടെ പ്രത്യേകതയാണ്. സൊന്മിയാനി ഉൾക്കടലില് വിന്ദർനദീമുഖത്ത് ഖുർഖെരാ അലൂവിയൽസമതലത്തിലാണ് ബാലക്കോട്ട്. ആർക്കിയോളജിസ്റ്റുകള് ഇവിടത്തെ താഴത്തെ ഘട്ടം 1 ബാലക്കോട്ടിയനെന്നും മുകളിലെ ഘട്ടം സിന്ധുസംസ്കാരമെന്നും കരുതുന്നു. ബാലക്കോട്ടിലെ മചർഹരപ്പൻസൈറ്റിലെ ഒരു ഫ്ലോർഡിസൈൻ, ബോധഗയയിൽ ബിസി മൂന്നാം നൂറ്റാണ്ടിലെ ബോധിസിംഹാസനത്തിൽ കാണുന്നതു തന്നെയാണെന്നാണ് എന്റെ നിരീക്ഷണം. ഇതിലെ ഒന്നിനെ ഒറ്റക്കെടുത്താൽ അത് (സിംബൽ)



സൈന്ധവസംസ്കൃതിയിലും കാണുന്നുണ്ട്.

ബാലക്കോട്ടിലെ കളിമണ്ണിഷ്ടികകൾ പാകിയ ഗൃഹങ്ങളിലെ ഇഷ്ടികകളുടെ അനുപാതം കേരളത്തിലും സൈന്ധവ,ഹരപ്പൻ,ഇന്ത്യൻ വാസ്തുവിലും സാധാരണ കാണുന്ന 10 x 20 x 40 (1 :2 :4)തന്നെയാണ്.കുലാലചക്രമുപയോഗിച്ചും പെയിന്റു ചെയ്തും കളിമൺപാത്രമുണ്ടാക്കുന്നു. നൽപ്രദേശത്ത് ജനവാസം തുടങ്ങിയമുതലേ പോളിക്രോംശൈലി പോട്ടറിയും പൂഞ്ഞക്കാളസിംബലും ലാപിസ് ലസൂലിയും മൈ

ക്രോലിത്തിക് ആയുധങ്ങളും ശംഖും താമ്ര,ടെറക്കോട്ട,അസ്ഥിവസ്തുക്കളുമുണ്ട്. അ വരാരും കടലിലെ മത്സ്യം തിന്നിരുന്നില്ല. 4200 ബിസിമുതല് വളർത്തുമൃഗങ്ങളെ പരിപാലിക്കുന്നുമുണ്ട്. അതായത് 4200 ബിസിയില് നളിലേക്ക് കുടിയേറിപ്പാർത്തവര് ഇന്ത്യയിലെ ദ്രാവിഡ,ഹരപ്പൻ,ഭൃഗുകഛ,മൂഷകവംശമാണ്. (ജനവാസം തുടങ്ങിയമുതലേ ഈ സിംബലുകളുള്ളതിനാല്.)

കെഗ് താഴ്വരയിലെ തുർബാത് മരുപ്പച്ചയുടെ പടിഞ്ഞാറ്,ഇറാനിയൻ ബലൂചിസ്ഥാനിലാണ് ബേലചുരം. ഇവിടെ 7 മൈല് വ്യാസത്തില് അനേകം ഗ്രാമങ്ങളിലായി വസിക്കുന്നവരാണ് മക്രൻജനത. മദ്ധ്യത്തിലായി ജലസേചനംകൊണ്ട് കൃഷിവിഭവങ്ങളുല്പാദിപ്പിക്കുന്ന മിറികലാത് സിന്ധുസംസ്കാരകേന്ദ്രമാണ്. തൊട്ടടുത്ത ഷാഹിതുമ്പിലും പൂഞ്ഞക്കാളസീലുകളുണ്ട്. ബലൂചിസ്ഥാനിലെ ഏറ്റവും പുരാതനജനത താമസിച്ചിരുന്ന പ്രീഹിസ്റ്റോറിക് ഗ്രാമങ്ങളാണിവ. വടക്കുകിഴക്ക ൻബലൂചിസ്ഥാനിലെ പാഞ്ച്ഗർ(പഞ്ചഗൃഹം)മരുപ്പച്ച ഇതുവരെ പഠനവിധേയമാക്കിയിട്ടില്ല. വടക്കുപടിഞ്ഞാറ് ബന്നു(ബന്ദു,വന്ദു)താഴ്വര 70 x 80 കി മീ ഉള്ള ഒരു സെഡിമെന്ററി ബേസിനാണ്. ചുറ്റും മലകളാലാവൃതമായ ഒരു രാജഗൃഹം. കുറം, തൊച്ചി എന്ന് രണ്ടുനദികൾ ഒഴുകുന്നു. തൊച്ചിതാഴ്വരയിൽ 4500-3000 ബിസിമുതല് സൈന്ധവസംസ്കൃതി ഉണ്ട്. ബന്ദുവോട് തൊട്ട കോട്ട് ദിജിയിലും 3000 ബിസി മുതൽ സൈന്ധവസംസ്കൃതിയുണ്ട്. ബന്ദുവില് ബിസി 5000 മുതല് ഗ്രാമീണജീവിതവും ബിസി 4500-3000ത്തിൽ നാഗരികസംസ്കാരവുമുണ്ട്.ഗോമൾതാഴ്വര സിന്ധുഹക്രസരസ്വതി അലൂവിയൽസമതലത്തിന് തൊട്ടുപടിഞ്ഞാറാണ്. ഗോമൽപിരീഡ് 1 സിന്ധുസംസ്കാരം അവസാനിച്ചതോടൊപ്പംന്നെ അവസാനിച്ചു. ഇവിടത്തെ റഹ്മാൻഢേരിയില് വർഷത്തില് 164 സെ മീറ്ററില് കുറവാണ് മഴ. അതിനാൽ ഒരു പ്രത്യേകജലസേചനമാർഗ്ഗത്തിലൂടെ 3400-2100 ബിസിവരെ കൃഷി ചെയ്തിരുന്നു. ഈ മാർഗ്ഗത്തെ പരണിദാഹ (BARANI DAHAR)എന്നു വിളിക്കുന്നു. പരണി അഥവാ ഭരണി, ദാഹ അഥവാ ദാശ(ദാസ)എന്ന രണ്ടു വാക്കുകൾ ചേർത്ത ദ്രാവിഡപദമാണിത്. താഴ്ന്ന ഭാഗത്ത് ബണ്ടുകെട്ടി വയലിലേക്ക് മഴക്കാലത്ത് വെള്ളം കെട്ടിനിർത്തുക. വെള്ളം വറ്റുമ്പോൾ ഉഴുത് വിത്തുവിതക്കുക. വയൽ കട്ടയുടച്ച് സമമാക്കാനായി മരക്കട്ടഉപയോഗിക്കുന്നു. ചെറിയ നാളികൾ(തോട്) സീൽചെയ്ത് വെള്ളം തേവിനനച്ച് നനവുനിലനിർത്തുന്നു. മഴകുറഞ്ഞ തമിഴ്ദ്രാ

വിഡദേശത്തുചെയ്യുന്ന (താമ്രപരണി ഭാഗത്ത്)ഈ മാർഗ്ഗത്തെ പരണിദാഹ എന്നുതന്നെ രഹ്മാൻതേരിയിലും വിളിക്കുന്നു. ചളി,കളിമണ്ണ്ഇഷ്ടിക പതിച്ച ചുമ രുകൊണ്ടുള്ള മൺകോട്ട,ആനക്കൊമ്പുകൊണ്ടുള്ള സീലെന്നിവ കിട്ടി. സീലിന്റെ ഒരുവശത്ത് 2 കലമാനും (കൊമ്പുള്ളത്)മറുവശത്ത് ഒരുതേളും(വൃശ്ചികം) തവ ളയും .കൊറ്റവൈയുടെ വാഹനമാണ് കൊമ്പുള്ള കലമാൻ. തവള മഴകിട്ടാത്ത ഭാഗത്ത് മഴ കൊണ്ടുവരുന്ന നിമിത്തമാണ് തമിഴ്നാട്ടിൽ. നവംബറിൽ വടക്കുകിഴ ക്കൻ കാലവർഷക്കാറ്റിനോട് ബന്ധപ്പെട്ടാണ് തമിഴ്നാട്ടില് മഴയും ജലസമൃദ്ധിയും കൃഷിയും .നവംബർ വൃഷ്ചികരാശിയാണ്. അതിനാൽ ഈ സീല് തമിഴ്ദ്രാവിഡ ദേശത്തെ സീലാണ്. പടിഞ്ഞാറൻ സിന്ധുഹക്രസരസ്വതിഅലൂവിയത്തിൽ കി ർത്താർ,കോഹിസ്ഥാൻ,സിന്ധുനദിയുടെ വലത്തേ കരയിൽനിന്ന് 2 കി മീ മാറി അമ്രി എന്നിവ സ്ഥിതി ചെയ്യുന്നു. കോഹിസ്ഥാനിലെ പ്രത്യേകത മനുഷ്യനിർമ്മി തവും കോണാകൃതിയുള്ളതും സമതലത്തിൽനിന്ന് 25 മീ ഉയരത്തിലുണ്ടാക്കിയ തുമായ മലയും അതിനുചുറ്റും ടെറസ് മാതൃകയിലുള്ള മതിലുകളുമാണ്.ഏറ്റവും താഴെ കല്ലുകൊണ്ടുള്ള അടിത്തറമേൽആളുകള് താമസിക്കുന്ന വീടുകളാണ്. തെക്കേഭാഗത്ത് റാമ്പ് പോലെ സ്ലോപ്പ് . മറ്റുവശങ്ങളിൽ സോപാനമാതൃകയി ലുള്ള കോണിപ്പടി. 3400-2800 ബിസിയാണ് ഇതിന്റെ കാലം. ബാഗേർ1 പാലി യോലിത്തിക്ക് ശക്തിആരാധനാമാതൃകയിൽ ത്രികോണാകൃതി കല്ലിനുപകരം ത്രികോണാകൃതിയിൽ കുന്നുതന്നെ ഉണ്ടാക്കിയിരിക്കുന്നു(മേരുയന്ത്രം) കുന്നംകുളം നരിമടക്കുന്നിന്റെ വശങ്ങളിലെ സോപാനം .താഴത്ത് കല്ലുകൊണ്ടുള്ള അടിത്തറ മേൽ താമസിക്കാനുള്ള സ്ഥലം ,കുളം,എന്നിവ നേരത്തെ വിവരിച്ചു. നരിമട സ്വാ ഭാവികമായ കുന്നാണ്. കോഹിസ്ഥാനിലേത് മനുഷ്യനിർമ്മിതമാണ്. കൂടുതൽ പരിഷ്കൃതവും ആണ്. ആസ്ട്രോണമിക്കൽ നിരീക്ഷണത്തിന് രണ്ടും ഉപയോഗി ക്കാം. കോഹിസ്ഥാനെന്നത് കോയി(ൽ)സ്ഥാനമാണ്. വന്ദേരിയിലെ കോയി പ്പള്ളിപോലെ. കോ,കോൻ,കോയി, കോഴി,കൊറ്റവൈ,രാജാവ് മുതലായ പദ ങ്ങളാണ് ഇതിന്റെ ഉത്ഭവസ്ഥാനം. കോയിസ്ഥാനിലും ബാഗേറിലും കുന്നംകുള ത്തും ശക്തിആരാധന, കൃഷി, കോട്ട കൊത്തളമാതൃക, ശങ്കുഛായ കാണുന്ന വിധം മുതലായി ഒട്ടേറെ സാദൃശ്യങ്ങളുണ്ട്.ഹക്രസമതലത്തെ ഗഗ്ഗർഹക്ര, സര സ്വതിമുതല് റാൺഓഫ് കച്ച്(ഭൃഗുകഛം)വരെ ചോളിസ്ഥാനെന്നും കോലി

സ്ഥാനെന്നും ഗൌഡസാരസ്വതദേശമെന്നും വിളിക്കപ്പെട്ടിരുന്നു. ച ,ക എന്നീ അക്ഷരങ്ങൾ ചേര(ള),കേര(ള)എന്ന് മാറിവന്നപോലെ ഇവിടേയും ചോളി(ലി), കോളി(ലി)എന്ന് ഉച്ചാരണം മാറിവരുന്നത് കാണാം. ചോര.ചോള എന്ന് രള (ല)യോരഭേദവുംവരുന്നു.

ഗുജറാത്തിലെ പ്രീഇൻഡസ് സിക്വൻസ്ഃ-

റാൺഓഫ് കച്ച് എന്ന താഴ്ന്ന (അനൂപദേശം)ഭൂഉകചരത്തിൽ പഴയ ഗഗ്ര-ഹക്കർ-സരസ്വതിനദീമുഖത്ത് പ്രോട്ടോഹിസ്റ്റോറിക്കൽകാലത്തെ വെള്ളത്താല് ചുറ്റപ്പെട്ട (ജലദുർഗ്ഗം)ദോളവീര(ധവളവീര)കാണാം. ഹരപ്പയുടെ തെക്കുകിഴക്കേ ദ്വാരാപുരി യാണ് ധവളവീര. ബൈറ്റ് (Bight 1996)പ്രീഇന്ഡസ് ദോലവീരദ്വീപി ന്റെ ഘട്ടങ്ങളെ ഇങ്ങനെ തരുന്നു.

ഒന്നാംഘട്ടം തെക്കുവശത്തെ അറ്റത്ത് കോട്ടമതിലിന്റെ അവശിഷ്ടം കണ്ടു. ഇഷ്ടിക 1:2 :4 എന്ന ക്ലാസിക്കല് അനുപാതത്തിലാണ്. താമ്രം(ചെമ്പ്)മെറ്റലർജി , കല്ലുപണി,കല്ലുളി,കല്ൽബ്ലേഡ് ഇന്ഡസ്ട്രി, ശംഖുപണികൾ ടെറാക്കോട്ട വസ്തുക്കളും ശംഖുവളകളും കല്ലുമണികളും ,ചെറിയ ദ്വാരമിട്ട ഭരണികൾ, കാലുകളിൽ നില്ക്കുന്ന ഭരണികൾ എന്നിവയുണ്ട്. രണ്ടാംഘട്ടത്തിൽ 2.8 മീറ്റര് കട്ടിയുള്ള ഇഷ്ടികച്ചുമരു കളുണ്ട്. മൂന്നാംഘട്ടം ഇന്ഡസ്‌വാലി സംസ്കൃതിയുടെ എല്ലാ ലക്ഷണങ്ങളും കാ ണുന്നു.നാലാം ഘട്ടം ക്ലാസിക്കൽ സൈന്ധവസംസ്കൃതി തന്നെയാണ്.

കിഴക്ക് വശം വളരെ ഉയർന്നകോട്ട,പടിഞ്ഞാറുവശം ഉയരം കുറഞ്ഞകോട്ട , ഘട്ടം രണ്ടിലെ വാസ്തുഗൃഹങ്ങൾ പടിഞ്ഞാറേ കോട്ടക്കു വടക്ക് കാണാം. അവിടെ ഒരു ശ്മശാനമുണ്ട്. അതിനും വടക്ക് കോട്ടമതിലുള്ള ഒരു നഗരം. പകുതിഭാഗം റോക്ക് ആർട്ട്,പകുതി മനുഷ്യനിർമ്മിതമായ ജലസംഭരണികൾ,ചതുര, ദീർഘ ചതുരാകൃതിയിൽ ലിപികളില്ലാത്ത സ്റ്റിയറ്റൈറ്റ് സീലുകൾ,സിന്ധുമോട്ടിഫുകളോടുകൂടി കാണുന്നു. സിന്ധുലിപികളുള്ള രണ്ടു പാത്രക്കഷ്ണങ്ങളും ക്ലാസിക്കൽ സൈന്ധവ ളുക്കക്കട്ടികളും കിട്ടി.

ഇന്ത്യയിലെ നഗരങ്ങളിൽനിന്നെല്ലാം ഏറ്റവും അകലെയുള്ള സൈന്ധവസംസ്ഥാനം വടക്കുകിഴക്കൻ അഫ്ഘാനിസ്ഥാനിൽകോക്ച്ചയിൽനിന്ന് 25 കി മീ അകലെയുള്ള ഷോർത്തുഗൈയിലാണ്. ചാക്ഷുഷി(ഓക്സസ്)നദിയുടെ ഒരു കൈവഴിയാണ് കോക്ച്ച അഥവാ കൊച്ച. ചാക്ഷുഷീതീരത്തെ ശത്രുഘ്നനഗരം ,മദ്ധ്യേന്ത്യയിലെ ഭരത്പൂർ,അഫ്ഘാനിസ്ഥാനിലെ ലഗ്മനം(ലക്ഷ്മൺ) മദ്ധ്യേന്ത്യയിലെ ബാന്ധവപുരമെന്ന ലക്ഷ്മണഗൃഹവും എല്ലാം രാമരാജ്യത്തിന്റെ ഭാഗങ്ങളായിരുന്നു. വേദത്തിലും ചാക്ഷുഷിമുതൽ ഇങ്ങോട്ടുള്ള നദികളെയാണ് പറഞ്ഞിരിക്കുന്നത്. വേദവും കൊണ്ട് ഒരു വിദേശിആര്യനും ഇന്ത്യയിലേക്കു വന്നതല്ല എന്ന് സ്ഥലനാമങ്ങളും കൂടി പറയുന്നുണ്ട്. അശോകന്റെ കാലംവരെ ലഗ്മനെന്നായിരുന്നു അഫ്ഘാനിസ്ഥാനിലെ പ്രസിദ്ധനഗരത്തിനു പേർ. അവിടെ ഒരു അശോകശാസനമുണ്ട്.

ഷോർത്തുഗയില് ഹരപ്പൻഇന്ത്യക്കാരല്ലാതെ മറ്റാരും താമസിച്ചിട്ടേ ഇല്ല എന്നും അത് ഒരു ഹരപ്പൻഇന്ത്യന് ഔട്ട്പോസ്റ്റ് ആയിരുന്നു എന്നും ആർക്കിയോളജിസ്റ്റുകൾ കരുതുന്നു. .അതിന്റെ പടിഞ്ഞാറുഭാഗമാണ് വടക്കൻഅഫ്ഘാനിസ്ഥാനിലെ ബാക്ട്രിയ. തെക്കൻഅഫ്ഘാനിസ്ഥാനും ഹിന്ദുക്കുഷും കടക്കാതെ ഷോർത്തുഗയിലും (അവസാനത്തെ ഇന്ത്യൻ ഔട്ട്പോസ്റ്റ് ആയ ശത്രുഘ്നനഗരം) അപ്പുറമുള്ള ബാക്ട്രിയയിലും എത്താനാവില്ല എന്നത് വേദകാലത്തേയും രാമായണകാലത്തേയും ഇന്ത്യയുടെ അതിരുകൾ കാണിക്കുന്നു. ബാക്ട്രിയചാക്ഷുഷീതീരത്തെ സൈബീരിയക്കാർ,കിംപുരുഷർ,സിന്ധുക്കൾഅഥവാ ഇന്ത്യക്കാര് എന്നിവർ പരസ്പരം വസ്തുക്കള് കൈമാറുന്ന ഇന്റർആക്ഷൻപ്രദേശത്തിന്റെ ഉത്തരാപഥഭൂപടം ഇതിൽനിന്ന് മനസാ കാണാം. ജമ്മുവിലെ മന്ദ(മാണ്ഡ)യിലും ഹരപ്പൻസംസ്കാരസ്ഥലങ്ങളുണ്ട്. ബലൂചിസ്ഥാനിലെ ഗ്രാമങ്ങളിലാണ് ഹരപ്പസംസ്കാരചിഹ്നങ്ങളധികവും.

മോഞ്ചദാരോ എന്ന മോഹഞ്ജോദാരോ മരിച്ചവരുടെ നഗരമാണ്. മാഞ്ചവർ,മാണ്ടവർ,മണ്മറഞ്ഞവരെന്നാണ് മോഞ്ചപദത്തിനർത്ഥം. മരിച്ചവരുടെ ആത്മാക്കളെ ധർമ്മരാജാവിന്റെ വാഹനമായ മഹിഷം(പോത്ത്)കൊണ്ടുപോകുന്നു. മഹിഷവും പൂഞ്ഞക്കാളയും ഒരേസമയം പ്രജനന(ഫെർട്ടിലിറ്റി)മരണ,പുനജന്മ

ങ്ങളുടെ സിംബലാണ്. സിന്ധുവിന് 5 കി മീ പടിഞ്ഞാറ് 2 മൌണ്ടുകളെയാണ് മോഹഞ്ജോദാരോ എന്ന് വിളിക്കുന്നത്. ഇവക്കിടയിൽ തുറന്ന സ്പേസ് അഥവാ മുറ്റം ഉണ്ട്. പടിഞ്ഞാറ് ഉയരം കൂടിയ ചെറിയതും കിഴക്ക് ഉയരം കുറഞ്ഞ വലിയതും സ്ഥിതിചെയ്യുന്നു. ആകെ 22 മീറ്റര് ഒക്കുപ്പേഷനല് ഡെഫിസിറ്റ്. മോഞ്ചോദാരോവിലെ ഏറ്റവും പഴയ ലയർ പഠനവിഷയമാക്കിയിട്ടില്ല. 4.5 മീ തറ ലവലിൽ,താഴെ ജലമായതുകൊണ്ട് പഠനം സാധിച്ചിട്ടില്ല. 7 മീറ്ററോളം ഇനിയും ഖനനം നടത്താൻ ബാക്കിയിരിക്കെയാണ് നാം ഇപ്പോള് മോഞ്ചോദാരോവിലെ ഇന്ത്യൻസംസ്കൃതികാലം നിർണ്ണയിച്ചിരിക്കുന്നത് എന്ന് ഓർക്കണം. ആ 7 മീ കനമുള്ള ലവലിൽ എന്തുകാണുമെന്നോ എത്ര പഴക്കമുണ്ടെന്നോ അറിവില്ല. മെഹ്ർഗാർഹിൽ 7000- 8000 ബിസിയോളം പഴക്കമുണ്ട് എന്ന് എല്ലാ ലയറും ഖനനം നടത്തിയാണ് പറയുന്നത്. സൈന്ധവസംസ്കൃതി മോഞ്ചോദാരോവിലെ 7 മീറ്ററും കൂടി ഖനനം ചെയ്തു പഠിച്ചുകഴിഞ്ഞാൽ അതിനേക്കാളുംപഴക്കമുള്ളതാവാനാണ് സാദ്ധ്യതയെന്ന് ചരിത്രകാരന്മാർക്ക് അറിയാം.

ഗഗ്ഗർനദിയുടെ ഉണങ്ങിപ്പോയ തിട്ടിലാണ് കാളീബംഗന്. കിഴക്ക് വലുതും പടിഞ്ഞാറ് ചെറുതുമായി രണ്ടു മൌണ്ടുകളാണിവിടെ. ഇടയിലായി തുറന്ന അങ്കണം. പടിഞ്ഞാറ് കോട്ടമതിലിന്റെ അവശിഷ്ടം. (240 x 120 മീ നീളം, 3 x 7 മീ വീതി) ഇടക്ക് ഗോപുരമുണ്ട്. ഇരുവശവും സോപാനപ്പടികളാൽ ഈ കോട്ടമതിലിനെ രണ്ടായി പകുത്തിട്ടുണ്ട്. തെക്കുഭാഗത്തെ പടികൾ ഇടക്കിടക്ക് വിസ്താരമേറിയ വേദികൾ(പ്ലാറ്റ്ഫോമുകള്)ഉള്ളവയാണ്.ഇവമേൽ ദീർഘചതുരാകൃതിയില് തറമേൽ വരിവരിയായി കുഴിച്ച 7 ഹോമകുണ്ഡങ്ങളുണ്ട്. ഇതിനോട്ടുചേർന്ന് കുളവും കുളത്തിലേക്കുള്ള പടവുകളുമുണ്ട്.(നരിമടക്കുന്നിലെ തെക്കുപടിഞ്ഞാറുഭാഗത്ത് ജലാശയം,പടവ്,ഇടക്ക് പ്ലാറ്റ്ഫോമുകൾ,എന്നരീതിയിലുള്ള കോട്ടമതിലും ഈ മാതൃകയാണ്) തെക്കുപടിഞ്ഞാറ് പിതൃക്രിയ, ഹോമം,യാഗമെന്നിവക്കും തർപ്പണം തേവാരങ്ങൾക്കും ഉപയോഗിച്ചിരുന്നു എന്ന് അർത്ഥം. 7 ഹോമകുണ്ഡങ്ങളിൽ ഒന്ന് അല്പ്പം മാറി മറ്റൊരു എൻക്ലോഷറിലാണ്. അതായത് , ഋഗ്വേദത്തിലെ ധിഷ്ണകളിൽ പറയുന്ന അഗ്നീധ്രമെന്ന ധിഷ്ണയാണ് അത്. 360 x 240 മീ കിഴക്കേ മൌണ്ടും വടക്കേമുറികളും കൂടി (താമസസ്ഥാനം)3 x 3.9 മീ ഇഷ്ടികച്ചുമരുവെച്ച് മറച്ചിരിക്കുന്നു. പടിഞ്ഞാട്ട് വാതിലുണ്ട്. (വടക്കുപടിഞ്ഞാറേ മൂലയി

ൽ). 1.8 x7.2 മീ വീതിയില് 5 റോഡുകള് ഇഷ്ടികപാകിയിരിക്കുന്നു. എല്ലാ വീട്ടിലും ഹോമകുണ്ഡമുണ്ട്. ദീർഘവൃത്താകൃതിയില് കന്നുകാലികൾക്ക് വെള്ളം കൊടുക്കാനുള്ള തൊട്ടി എല്ലാ വീട്ടുമുറ്റത്തുമുണ്ട്. ഏറ്റവും കിഴക്കുഭാഗത്ത് വളരെ വിശുദ്ധമായ 5 ഹോമകുണ്ഡങ്ങള് ഇതിൽനിന്നെല്ലാം വിട്ട് പണിഞ്ഞിരിക്കുന്നു.

ദോളവീരക്കും ബെറ്റ്ദ്വാരകക്കും അരികിലായി,സൌരാഷ്ട്രത്തിലെ കച്ചിലാണ് ജിംജോധാനനദീതീരത്തെ കുന്തസി. ഇതിന് ഇരട്ടക്കോട്ടമതിലുണ്ട്. അസംസ്കൃതങ്ങളായ രത്നക്കല്ലുകളുടെ സംസ്കരണം ഇവിടെ നടന്നിരുന്നു. 20.3 x 3.8 മീ ഉള്ള വലിയ കല്ലുകൊണ്ടുള്ള പ്ലാറ്റ്ഫോം(വേദിക) വടക്കുതെക്കുദിശയിലായി കാണാം. ചുറ്റും അനേകം മുറികൾ,ഹോമകുണ്ഡങ്ങൾ,ചൂളകൾ,സംഭരണശാലകൾ, വസ്തുക്കളെല്ലാം നദീതീരംവരെ എത്തിക്കാനായി ഒരു ചെരിഞ്ഞ പ്രതലം(റാമ്പ്) മാഞ്ചോദാരോ,ലോത്തൽ,കാളിബംഗൻ,കുന്തസി-എല്ലായിടത്തും വാസ്തുവിന്റെ ലേ ഔട്ട് ഒരേപോലെയാണ്.വലിപ്പവ്യത്യാസമുണ്ടെന്നേ ഉള്ളു. സിന്ധിലെ രോർഹിമലകളിൽ2466-2201 ബിസിമുതല് പാറവെട്ടും ഖനനവുമുണ്ട്. (ഹരപ്പൻ ശിലാഖാറി). മോഹഞ്ചോദാരോവിലെ എല്ലാ വീട്ടിലും കല്ലുകൊണ്ടുള്ള ആയുധങ്ങളുണ്ട് (ഫ്ലേക്ക്സ്,കോർസ്)ചെർട്ടുകള് രോർഹിഹില്ലിൽനിന്നല്ല,അവ ചെറുതാണ്. ഹരപ്പയിൽഅവ ഉപയോഗിച്ചിരുന്നു. രോർഹി കൂടാതെ വേറേയും ക്വാറികള് ഹരപ്പയിലേക്ക് കല്ലായുധങ്ങളെത്തിച്ചിരുന്നു. (സ്പെഷ്യലൈസ്ഡ് മിനിയേച്ചർ ബ്ലേഡുകൾ)ലോത്തലിൽഇരുവശം സമാന്തരമായ ആയിരക്കണക്കിന് കൽക്കത്തിയലകുകളാണ് കിട്ടിയത്. വീട്ടാവശ്യത്തിനുള്ള കത്തികളും കൃഷിക്കുള്ള അരിവാളുകളും അടക്കം. അവയിൽപലതും തെക്കേഇന്ത്യയിലെ കൃഷ്ണാനദീതാഴ്വരയിലെ കലദ്ഗിപർവ്വതത്തിൽനിന്നു വന്നവയാണെന്നത് ശ്രദ്ധേയമാണ്. നല്ല വാണിജ്യ,ഗതാഗതബന്ധങ്ങൾ ഹരപ്പകാലത്തും നിലനിന്നിരുന്നതിന്റെ തെളിവാണത്.

മെറ്റലർജ്ജിഃ- സങ്കരലോഹങ്ങൾകൊണ്ടുള്ള ആയുധങ്ങള്,ഒറ്റ ലോഹത്തകിട്ടുകൊണ്ടുണ്ടാക്കിയ ചെമ്പുപാത്രങ്ങൾ,രണ്ടുതകിട് വിളക്കിച്ചേർത്ത ഉപകരണങ്ങൾ,വലുതും ചെറുതുമായ ചെമ്പുമഴു,അമ്പുമുനകൾ,കത്തികളും കഠാരകളും, വാൾ, ഈർച്ചവാൾ,മീൻകൊക്ക,ഉളി,awls,സൂചി,reamer,അഞ്ജനമെഴുതാനുള്ള ചെമ്പുകോൽ,ഡ്രിൽഡോൾട്ട്,പ്ലംബ് ബോബ്,തുലാസുതട്ട്,തുലാക്കോൽ, കണ്ണാടി, സ്പാറ്റ

ല, മോതിരം,കാതിലണിയുന്ന ആഭരണങ്ങൾ,വള, പാത്രപ്പിടികൾ, നാളികൾ, കവചം,പക്ഷികളുടേയും പൂഞ്ഞക്കാളകളുടേയും ബിംബങ്ങൾ,മണികൾ, സിംഹാസനങ്ങൾ,മനോഹരമായ നർത്തകീവിഗ്രഹം, പിടിയിൽ ദ്വാരമുള്ള മഴു,(ഇതിന്റെ ടെറക്കോട്ടമോഡൽ മൊഹഞ്ജോദാരോവിലും കിട്ടി)ഇങ്ങനെ അനേകംവസ്തുക്കൾ അക്കാലത്തെ മെറ്റലർജ്ജിയുടെ വികാസം മാത്രമല്ല, ജനജീവിതത്തിന്റെ പരിഷ്കാരവും കാണിക്കുന്നു. അവരുടെ തൊഴിലുകളും വസ്ത്രാഭരണരീതികളും കലാഭിരുചികളും ആരാധനാസമ്പ്രദായവുമെല്ലാം ഈ വസ്തുക്കളിൽനിന്ന് ഗ്രഹിക്കാം.

തൂക്കം

സൂസയിലും ഇറാക്കിലും കിട്ടിയ തൂക്കക്കട്ടികളുടെ തൂക്കം കൃത്യമല്ല. (കള്ളത്തൂക്കം എന്ന് വ്യാപാരികൾ വിളിക്കുന്നതാണ്അവിടെ കിട്ടിയത്). എന്നാൽ, ഹരപ്പ, സൈന്ധവസംസ്കൃതിയിലെ തൂക്കവും കട്ടിയും ക-ത്യമാണ്. കനമുള്ള ചെർട്ടില് മുഖങ്ങൾ പോളിഷ് ചെയ്ത് ചെറിയ തൂക്കങ്ങള് ബൈനറിസിസ്റ്റത്തിലും ദശാംശത്തിലും ചെയ്തിരിക്കുന്നു.തൂക്കങ്ങളുടെ അനുപാതം എല്ലായിടത്തും ഒന്നുതന്നെയാണ്. 1, 2, 1/3 X 8,4,16,32,64,160 ,200,320,640,1600 എന്നിങ്ങനെ. (ഈ ഗണിതം തന്നെയാണ് സംഗീതത്തിലും ആസ്ട്രോണമിയിലും ഇന്ത്യക്കാർ കൃത്യമായി ഉപയോഗിച്ചിരുന്നത്.ലോത്തലിൽനിന്ന് കോണുകള് അളക്കാനുപയോഗിക്കുന്ന ശംഖുകൊണ്ടുള്ള ഒരു കോംപാസ് കിട്ടി. ശംഖുനിർമ്മിതമായ സ്കെയിലിന്റെ കഷ്ണം മോഞ്ചോദാരോവിലും കിട്ടി. ഈ കഷ്ണം 1.57 സെ മീ വീതി,5.29 സെ മീ നീളം 0.67 സെമീ കനമുള്ളതാണ്. സ്കെയിലിലെ ചെറിയ അടയാളരേഖകൾ വളരെ സൂക്ഷ്മമായി മൂർച്ചയുള്ള ഉപകരണത്താലാണ് ചെയ്തിരിക്കുന്നത്. രണ്ടു ബിന്ദുവിനും വൃത്തത്തിനുമിടയിൽ ദശാംശസ്കെയിലുണ്ട്. ഒരു ബിന്ദുവിനും വൃത്തത്തിനും ഇടയിലുള്ള ദൂരം 33.53 സെ മീ. ഇതിനെ ഇന്ഡസ് ഇഞ്ച് എന്നു വിളിക്കുന്നു. (ഒരു കാർഷാപണം 3.33 – 3.74 ഗ്രാം സ്വർണ്ണമാണ്.അതിന്റെ മദ്ധ്യം അഥവാ ശരാശരി) രേഖായൂനിറ്റ് (സ്കെയിലിലെ)ഒരുവാരയുടെ 36ൽ ഒരുഭാഗം ഒരിഞ്ച് എന്ന കണക്കിലാണ്. ഭക്ഷണധാന്യങ്ങൾക്കും സസ്യങ്ങൾക്കും പുറമേ ശേഫാലികാപുഷ്പം(പവിഴമല്ലി)മയിലാഞ്ചി,ദേവദാരു,തേക്ക്,സാലവൃക്ഷം,മുന്തിരി,പരുത്തി,മുതലായവയും ഹരപ്പക്കാർ കൃഷിചെയ്തിരുന്നു. പശു,പോത്ത്,കാള,എരുമ,ആട്, ചെമ്മരി

യാട്,പന്നി,ഒട്ടകം,ആന,നായ,പൂച്ച,കഴുത,കുതിര എന്നിവയെ വളർത്തിയിരുന്നു. ഹരപ്പ,മോഞ്ചദാരോ,ലോത്തൽ,സുർക്കോത്തദ,കാലിബംഗൻ,കുന്തസി എന്നിവിടങ്ങളിലെല്ലാം കുതിര ഉണ്ടായിരുന്നു. മദ്ധ്യേന്ത്യയിലെ പാറച്ചിത്രങ്ങളില് അതിപുരാതനകാലം മുതലേ കുതിരച്ചിത്രം കാണുന്നുണ്ട്. അതുകൊണ്ട് ഇന്ത്യക്കാർക്ക് കുതിരയെ അറിയില്ല എന്ന വാദഗതി തീരെ കഴമ്പില്ലാത്തതാണ്. കന്നുകാലികളുടെ ബീജസങ്കലനം,വിത്തുകാള വളർത്തല് എന്നിവ ഹരപ്പക്കാർക്ക് അറിയാമായിരുന്നു. വൈദികകാലത്തും ഇവ അറിയാമെന്ന് കാണുന്നു. ആമ,മത്സ്യം,കക്ക മുതലായ സമുദ്രോല്പന്നങ്ങൾ ഭക്ഷിക്കയും കയറ്റിഅയക്കയും ചെയ്തിരുന്നു. ഗുജറാത്ത് ഭാഗത്തുനിന്നുമാത്രം 28 അസംസ്കൃതപദാർത്ഥങ്ങള് കയറ്റിഅയച്ചിരുന്നു.

മദ്ധ്യസിന്ധുദേശം-രാജസ്ഥാനം ഗതാഗതമാർഗ്ഗം

1. മുൾത്താന് അഥവാ മൂലസ്ഥാനത്തെ രാജപാത ബഹവത് പൂര് (ഭഗവത്പുരം)വഴി അനൂപ്ഗർ(ഭാഗവതത്തിലെ അനൂപദേശം),ലങ്കാരൺ സരസ്സ്, ബിക്കാനീർ, ജുംജ്ജനുവരെ പോകുന്നു.
2. മുൾത്താനിൽനിന്ന് പൂദൽവഴി ബിക്കാനീറിലേക്കുള്ള വഴി
3. ഗണേശ്വരം- സോത്തി- ബദ്ര്യവഴി നീംകൈത്താന- ഖേത്രി വരെ
4. രാജസ്ഥാനും വടക്കുപടിഞ്ഞാറ് സിന്ധുദേശവും തമ്മിന് കാന്ത്ളി അഥവാ കാന്ത്രിനദിയിലൂടെ ജലഗതാഗതമാർഗ്ഗം.

കിഴക്കൻപഞ്ചാബും രാജസ്ഥാനും ഗതാഗതമാർഗ്ഗം

1. ഇപ്പോൾ വറ്റിപ്പോയ ഒരു പോഷകനദിയിലൂടെ(കാന്തളിനദിയുടെ)സിക്കാറും ഹിസ്സാറും തമ്മിലുള്ള ജലഗതാഗതം
2. ഹരിയാനയിലേക്ക് ദോഹൻനദിവഴി
3. ഗണേശ്വരിൽനിന്ന് രാജഗൃഹംവരെയുള്ള കരമാർഗ്ഗം ഭിവാനിയിലേക്കും, സോത്തിഭദ്രായിലേക്കും.

ഇങ്ങനെ ദക്ഷിണേനത്യ,മദ്ധ്യേന്ത്യ ,രാജസ്ഥാനം സിന്ധുദേശം,പഞ്ചാബ് വഴി കരയിലൂടെയും ജലമാർഗ്ഗമായും ഇന്ത്യക്കാരുടെ വാണിജ്യവും ഗതാഗതവും നടന്നു.

മെസപ്പട്ടോമിയയിലേക്കുള്ള കരമാർഗ്ഗങ്ങൾ:-

1.വടക്കേ ഇറാനിയൻ മാർഗ്ഗം. എൽബുർസ് മലനിരകളുടെ തെക്കേ താഴ്വാരത്തിൽ ഹിസ്സാർ- മെഷെദ്(വടക്കുകിഴക്കേ ഇറാൻ)- ഹേരാത്ത്-ഗിരിഷ്ക്- കാന്തഹാർ(ഗാനാധാരം).ഒരുകാലത്ത് ഇന്ത്യയുടെ ഭാഗമായിരുന്ന ഹേരാത്തും,ഗിരിഷ്കം കാന്തഹാറും ഇപ്പോൾ അഫ്ഘാനിസ്ഥാനിലാണ്.

2.തെക്കന് മാർഗ്ഗം. ബലൂചിസ്ഥാൻ(ബാഹ്ലീകം,കേകയം)- കിസ്മാൻ-ഫാർസ് സമതലം-ലൂറിസ്ഥാൻ-കുജേസ്ഥാൻ.

3. തുർക്ക്മെനിസ്ഥാനിലേക്ക് മൂന്നു മാർഗ്ഗങ്ങളുണ്ടായിരുന്നു. ഒന്ന് ഷോർത്തുഗൈ വഴി,രണ്ടാമത്തേത് ഹേരാത്ത് വഴി,മൂന്നാമത്തേത് മേഷദിൽനിന്ന് കോപ്പറ്റ്ദാഗ് പർവ്വതനിരകളിലൂടെ.

ശില്പങ്ങൾ:-ചെറിയൊരു ചെടി വിത്തുപൊട്ടി മുളച്ച് അമ്മദൈവത്തിന്റെ ഗർഭപാത്രത്തിൽനിന്ന് വരുന്ന ചിത്രം ഒരു ഹരപ്പൻസീലിലുണ്ട്. അണ്ഡാകൃതിയുള്ള ആലിലയിലെ,ഗർഭപാത്രത്തിൽനിന്നുവരുന്ന ഉണ്ണിശിശുവിനെ സ്നേഹിക്കുന്ന ,ആരാധിക്കുന്ന ഈ സമ്പ്രദായത്തിന് ഇന്ത്യയില് ഏറെ പഴക്കമുണ്ട്. ഈ മോട്ടിഫ് പിന്നീട് പലരാജ്യക്കാരും (ഗ്രീസ് അടക്കം)കടമെടുത്തിട്ടുണ്ട്. പ്രീഇൻഡസ് മോട്ടിഫുകളിലെ ടെറക്കോട്ട സ്റ്റൈലൈസ്ഡ് സ്ത്രീകളുടേയും മൃഗങ്ങളുടേയും ശില്പങ്ങൾ മനോഹരമാണ്. ചക്രമുള്ള ആനയെയും മറ്റുമൃഗങ്ങളേയും കുട്ടികൾ ചരടിട്ടു വലിച്ചുനടന്നിരുന്നു.ഇന്നും ഇന്ത്യയിലെ കുട്ടികൾ അതുചെയ്യുന്നുണ്ട്. എനിക്ക് ഒരു വയസ്സാവുമ്പോൾ കളിക്കാനായി കിട്ടിയ ആനയും ഹരപ്പൻകാലത്തെ കുട്ടികളുടെ കളിപ്പാട്ടമായ ആനയും നേപ്പാളിലെ ശംഖുനാരായണക്ഷേത്രത്തിന്റെ ഗർഭഗൃഹത്തിൽ കണ്ട ആനയും തമ്മിലുള്ള അത്ഭുതാവഹമായ സാദൃശ്യം ഇവിടെ സ്മരിക്കുകയാണ്. കേരളംമുതൽ നേപ്പാൾവരെ ഹരപ്പൻകാലംമുതല് ഇന്ന് വരെ ഒരേപോലെ തുടർച്ചയായി കാലദേശങ്ങളെ അതിജീവിച്ചുനിന്ന ഒരു സംസ്കാരസ്മൃതി.

മോഞ്ജോദാരോവിലെ അർദ്ധനിമീലിതനേത്രനായി കണ്ണുകള് മൂക്കത്ത് ഉറപ്പിച്ചുനോക്കുന്ന യോഗി(ശ്രമണ)രൂപത്തിന്റെ ഉത്തരീയത്തിലെ ത്രിദളസുവർണ്ണപുഷ്പമുദ്ര ,അതു ധരിച്ചവിധം,ഇവയെല്ലാം മുമ്പ് പലയിടങ്ങളിലായി നാം ചർച്ചചെയ്യു

കയുണ്ടായി. അദ്ദേഹത്തിന്റെ ശിരോലങ്കാരം മുന്നില് പതക്കത്തോട്ടുകൂടി,പിന്നിൽ



കെട്ടിയവിധമാണ്.

ഈ ചിത്രത്തിലെ മനുഷ്യന്റെ ഹനു (കീഴ്ത്താടിയെല്ല്) വളരെ ദൃഢമാണ്.ഹരപ്പയിലെ അനേകം ടെറക്കോട്ടരാജ്ഞിമാരുടെ മുഖം ആസ്ട്രലോനീഗ്രോയിഡ് , ദ്രാവിഡിയൻവംശജരുടേതാണ്. (ഹനു,ചുണ്ട്,നെറ്റി എല്ലാം).ഇതേ മുഖസ്വഭാവങ്ങളാണ് തലപ്പള്ളികോവിലകത്തെ അംഗമായ എന്റെ അമ്മയുടെ അഛന്റേതുമെന്നത് യാദൃഛികമാണെന്നു ഞാൻകരുതുന്നില്ല. തലപ്പള്ളി ചിറ്റഞ്ഞൂരിലെ ദ്രാവിഡകോവിലകത്തെ ബ്രഹ്മക്ഷത്രനായ ചിറ്ററചനായിരുന്നുവല്ലോ അദ്ദേഹവും. ദോലവിരയിലെ (ഹരപ്പയിൽനിന്ന് 160 കി മീ അകലെ)തലയോട്ടുകളും ഇന്നത്തെ ഇന്ത്യക്കാരുടെ തലയോട്ടും തമ്മിലൊരു വ്യത്യാസവുമില്ല എന്നാണ് ലുധിയാന ക്രിസ്ത്യൻമെഡിക്കൽകോളേജിലെ പഠനത്തിനുശേഷം ഉള്ള റിപ്പോർട്ട്. അവർക്ക് മലേറിയജനിതകത്തോട് ബന്ധമുള്ള തലാസീമിയ ,സിക്കിൾസെൽജീനുകൾപോലും ഉണ്ടായിരുന്നു. (ദിലീപ് ചക്രവർത്തി പേജ് 198)ഉർഡൈനാസ്റ്റി 3 യുടെരാജകീയശ്മശാനഗൃഹകളില് എച്ച്ഡ് കാർണീലിയന് ,നീണ്ട ബാരൽസിലിണ്ടർസീലുകള്,ലിപികളെന്നിവ 2600 ബിസിമുതലേ കാണുന്നുള്ളു. നിപ്പൂറിൽ പൂഞ്ഞക്കാളയുടെ സിന്ധുസീലുകള് 1400-1300 ബിസിമുതലേ ഉള്ളു. അതിന്നെത്രയോമുമ്പ് ഷോർത്തുഗൈവരെയുള്ള പഴയ ഭാരതഭൂമിയില് പലസ്ഥലത്തും അവയുണ്ട്.യോഗം,ശക്തിആരാധന,തന്ത്രം,വേദം,വൈദികമായ ഹോമം, യാഗം,അശ്വമേധം,നൃത്തം,സംഗീതം,സാർത്ഥവാഹകസംഘങ്ങളിലൂടെകരസമുദ്രമാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കാനുള്ള എല്ലാവിധ അറിവുകളും, ചതുരംഗപ്പടയും,

ആയുർവ്വേദവും ഇതിനെല്ലാം ആവശ്യമായ കേന്ദ്രീകൃതഭരണസംവിധാനവും അതിനായി കുലസംഘങ്ങളായി പഞ്ചജനങ്ങളുടെ പ്രതിനിധികൾ എല്ലായിടത്തും വസിക്കയും സഞ്ചരിക്കയും ചെയ്യുന്ന രീതിയും- ഇത്രയും ഭാരതത്തിലെ ആളുകള് സ്വയം ഉണ്ടാക്കിയെടുത്ത സംസ്കാരമാണെന്നതിന് വേണ്ടത്ര തെളിവുകളാണ്. തെളിവുകളെല്ലാം ഇവിടെത്തന്നെ ധാരാളം ഉണ്ട്. അവയെ അവഗണിച്ച് റോമി ലേക്കും ഗ്രീസിലേക്കും (അവർക്ക് ബിസി 5ദദന് ഇപ്പുറമുള്ള ചരിത്രമേ ഉള്ളൂ) നോ ക്കിയിരിക്കുന്ന ചരിത്രകാരന്മാർക്ക് ഈ ചെറുസംരംഭം ഒരു വഴികാട്ടിയാവുമെന്ന പ്രതീക്ഷയോടെ സവിനയം സമർപ്പിക്കുന്നു.

ഓർമ്മയുടെ സംഭരണികൾ:-18 മഹാപുരാണങ്ങളിലെ വംശവൃക്ഷങ്ങളെ storehouses of folk memory എന്നാണ് ചരിത്രകാരന്മാർ വിളിച്ചിട്ടുള്ളത്. ഓർമ്മ കളിലെ ആ വംശവൃക്ഷങ്ങളെ നേരത്തേ പറയുകയുണ്ടായി. ഇപ്പോളിവിടെ അവ രുടെ തലസ്ഥാനനഗരികളേയും ഇപ്പോഴത്തെ സ്ഥാനങ്ങളേയും ഒന്നു പറയാ ൻശ്രമിക്കാം.

കുരുവംശം ആരംഭിച്ചത് തപതിതീരത്താണ്.(മദ്ധ്യേന്ത്യയിൽ).അവരുടെ പില്ക്കാല തലസ്ഥാനം ഗംഗക്കും സരസ്വതിക്കും ഇടയിലായിരുന്നു. ആദ്യം തലസ്ഥാനം അശാന്തരഥ് (ദൃഷദ്വതീതീരം)എന്ന അശാന്തനഗരവും പിന്നീട് മീററ്റിനടുത്തുള്ള ഹസ്തിനാപുരവുമായി.ജനമേജയരാജാവ് തക്ഷശില കീഴടക്കിയപ്പോൾ താഴത്തെ സമതലത്തിൽ വംശ(വത്സ)രാജ്യത്തെ കൌശാംബിയിലും മറ്റൊരു തലസ്ഥാനം ഉണ്ടായി. ഹസ്തിനാപുരം ശാഖയേക്കാളും ഈ ശാഖ പ്രബലമായി. കൂടാതെ യുധി ഷ്ഠിരന്റെ ഇന്ദ്രപ്രസ്ഥം(ദില്ലി,ആഗ്ര ഭാഗത്ത്)ഏറെക്കാലം തലസ്ഥാനമായിരുന്നു.

പാഞ്ചാലം- കുരുപാഞ്ചാലദേശം എന്നാണ് ഒരുമിച്ചുപറയാറുള്ളത്. റായ് ബറേ ലി, ബുദാവുൻ,ഫറൂക്കബാദ്,രോഹിത്ക്കണ്ട് ,മദ്ധ്യസമതലം(Central doab)എന്നിവ പാഞ്ചാലത്തിലാണ് ഉൾപ്പെട്ടിരുന്നത്.

വിദേഹം- വടക്കേ ബീഹാര് മുതല് ഗണ്ഡകീനദി(സദാനിര)എന്ന പടിഞ്ഞാറൻ അതിർത്തിവരെ. ഇതിന്റെ തലസ്ഥാനം മിഥില. അഗ്നി സരസ്വതീനദിയെ ഇഎരിച്ചകാലത്ത് സരസ്വതീതീരത്തുനിന്ന് നിമിവംശജനായ വിദേഹമാധവൻ

ഇവിടെയെത്തി സ്ഥാപിച്ച നഗരമാണ് വിദേഹം. നേപ്പാളിലെ ആളുകൾ സീതാപ്പൂരിനെ വിദേഹന് സീതയെ ലഭിച്ച സീതാജന്മഭൂമിയായിട്ടാണ് കരുതുന്നത്. അവർ ശ്രീരാമനെ തങ്ങളുടെ മരുമകനായി വിചാരിക്കുന്നു. കപിലവസ്തുവിൽ ശ്രീരാമവംശത്തിലാണ് ശുദ്ധോദനനും ഗൌതമബുദ്ധനും ജനിച്ചത്. കപിലവസ്തുവിൽനിന്ന് 20 കി മീ കട്ടുകുപാടത്തിലൂടെ നടന്നാൽ ഗൊരഖ്പൂരിൽ(യു.പി) എത്തും.

യദുവംശം. – മഥുര,ജാലന്ധരപീഠം, ദ്വാരക,വൃന്ദാവനം,ഭൃഗുകച്ഛംമുതൽ കന്യാകുമാരിവരെയുള്ള ദക്ഷിണാപഥം(ആയ് വംശം) എന്നിവ യദുവംശത്തിന്റേതായിരുന്നു. മറ്റര യു പിയിലും,ജാലന്ധരപീഠം അഥവാ ജലന്തർ പഞ്ചാബിലും ദ്വാരക ഗുജറാത്തിലും (ദോലവീര സൌരാഷ്ട്രത്തില്)വൃന്ദാവനഭൂമി രാജസ്ഥാനത്തിലും യുപിയിലുമാണ് .അതായത് ഏതാണ്ട് മുഴുവനും ദക്ഷിണേന്ത്യയും പടിഞ്ഞാറെ ഇന്ത്യയും യദുവംശത്തിന്റെയാണ്. കച്ചം അഥവാ കച്ഛിസമതലമെന്ന് ഭൃഗുകച്ഛത്തെ പ്രാകൃത,പാലിഭാഷകളിൽ പറഞ്ഞിരുന്നു. ജൈനബുദ്ധമതഗ്രന്ഥങ്ങളും പ്രാകൃത,പാലിഭാഷകളും നോക്കിയാൽ കച്ച എന്നതിന് കൊച്ച എന്നും പറയുമെന്ന് കാണാം. അച്ച(അംഗ,ആന്ധ്ര) വച്ച(വജ്ജ,വത്സ),കൊച്ച(കച്ച്)പദ(പട,പാണ്ഡ്യ)പൌണ്ഡ്ര(വടക്കൻവംഗം)ലാധഅഥവാ ലാട(ഗുജറാത്ത്, പടിഞ്ഞാറേ സമതലത്തിലെ ലാടദേശം,ലോത്തൽ)സംബൂത്തര അഥവാ ശംബൂത്തര (സമുദ്രദേശം) എന്ന് പ്രാകൃതഗ്രന്ഥങ്ങളിലുള്ളത് കാണുക.

ഗാന്ധാരഃ-കാന്തഹാറും പെഷവാറും റാവൽപിണ്ഡിയും

കേകയം- ബാഹ്ലീകദേശം,ബലൂചിസ്ഥാനം,ജലം ചീനാബിനിടയിലും അപ്പുറവും

മാദ്ര- ചീനാബ് രവിനദികൾക്കിടക്ക്

ഉശീനരം ഹരിദ്വാരം

മത്സ്യവും വീരമത്സ്യവും

കാശി-ബനാറസ് –വാരാണസി

കോസലം –സരയൂ സമതലം .നദിയുടെ ഇരുകരയിലുമായി

വിദർഭ- ബേറാർ.

അസ്സക,അശ്മക- നാഗപുരം

കലിംഗ –മഹാനദി ഡെൽട്ട

ദണ്ഡക-ജനസ്ഥാനം നാസിക്

വിന്ധ്യ- അതായത് ണദ്ധ്യേന്ത്യയിലേയും ദക്ഷിണേന്ത്യയിലേയും വർഗ്ഗം. ആന്ധ്ര, ശബര,പുളിന്ദ,മുതിബവർഗ്ഗക്കാരുടെ സ്ഥാനം (ശബരപുളിന്ദന്മാർകേരളത്തിലും മുതിബവർഗ്ഗം കർണ്ണാടകത്തിലുമാണ്)

ശ്രാവസ്തി (മദ്ധ്യഗംഗാസമതലം,സരയൂസമതലം)പ്രപ്രവാഹ അഥവാ പിപ്രവാഹ എന്ന് വേദത്തിലുള്ള പ്രദേശം.

വാരാണസി കാശിസെക്ടറിൽ നഹുഷ്ക്കാ തിലാ (നഹുഷന്റെ തലസ്ഥാനം) എന്ന ഒന്ന് കാണാം.നൾകാ തിലാ (നളചക്രവർത്തിയുടെ തലസ്ഥാനം)

വടക്കേ ബീഹാറിൽഃ മഞ്ചി,ക്ഷത്രഗാർ,ദൽബർഗ്ഗ,വൈശാലി,മധുബനിയില് കോപഗാർഹം ബായിരാജ് കാ ഗാർഹം, സമസ്തിപൂരിൽ മംഗലഗാർഹ്,നാല്ല ഗാർഹ്,ജയ്മംഗലഗാർഹ്

തെക്കേ ബീഹാറിൽഃ-ബോധഗയ,മഗധയുടെ രാജഗൃഹം(ജരാസന്ധന്റെ തലസ്ഥാനം)പാടലീപുത്രം ,ചമ്പാ (അംഗതലസ്ഥാനം),സോൺപൂർ,ദേവൻഗാർഹ്

ബംഗാൾ,ബംഗളാദേശ്ഃ-
മഹാസ്ഥാനനഗരം(പുണ്ഡ്രനഗരം)കർത്തോയനദീതീരത്ത്.

വാരിബഡേശ്വരം മേഘ്നാനദീതീരത്ത്.ഇത് ജലമാർഗ്ഗം ബ്രഹ്മപുത്രാനദിതാഴ്വരയോട് ബന്ധിച്ചിരിക്കുന്നു.

ബൻഗൃഹ് (വടക്കുപടിഞ്ഞാറേ ബംഗാളിലെ വനപ്രദേശം)

ചന്ദ്രകേതുഗൃഹം (ബരസാത്തിനരികിൽ)

താമ്രലിപ്ത (Tamluk)കോടാസുർ(ബീർഭൂം)മംഗൾകോട്ട്(ബർദ്വാനിലെ അജയനദിക്കര)പൊക്കാർണ(ദാമോദർനദിയുടെ തെക്കേക്കര) ദീഹാർ(ദ്വാരകേശ്വരനദീതീരം)

ഒറീസ്സഃ ശിശുപാലഗൃഹം (ഭുവനേശ്വരത്തിനടുത്ത്),ജവ്ഗഘടം (സമുദ്രതീരത്ത്) രാധാനഗരം (ബ്രാഹ്മണിനദിയുടെ പോഷകനദി കാളിയുടെ തീരത്ത് ജജ്പൂരി

നടുത്ത്.)പഴയ കലിംഗത്തിന്റെ തലസ്ഥാനമായിരുന്ന ദന്തപുരമാണ് രാധാ നഗരം. മഗധയിലെ അധിരഥന്റെ (കർണ്ണന്റെ വളർത്തമ്മ)പതി രാധയുടെ ജന്മഭൂമിയാണിത്.

ആന്ധ്ര,കർണ്ണാടക,കേരളം,തമിഴ് നാട്:-(ദ്രാവിഡദേശം)

കൃഷ്ണ,ഗോദാവരി ഡെൽട്ടയിലെ നാഗാർജ്ജുനക്കൊണ്ട,കുർണ്ണൂലിലെ തംഗഭദ്രാതീരത്തെ ശതനിക്കോട്ട,അമരാവതി,കൊണ്ടപ്പൂർ(കുന്ദപുരം)അടുത്ത് ധേനുകാടകം.

കർണ്ണാടകത്തിലെ സന്നതി,ഉദയവരം(ഉദയാൻ,ഇപ്പോഴത്തെ ഉഡുപ്പി) ബനവാസി(വടക്കെ കാനറദേശം),വടഗാം (മാധവപുരം ബെൽഗാം) ഇശില (ചിത്രദുർഗ്ഗിലെ ബ്രഹ്മഗിരിയും കുടകും)

തമിഴ് നാട് – മധുര വൈകൈനദിക്കരയില്, പാലാർ,താമ്രപർണ്ണിനദിഇവയുടെ കരകളിലെ ദേശങ്ങൾ,പമ്പാതീരത്തെ ശബരിഗിരിയും ആരുവാമൊഴിച്ചുരവും, അരിക്കമേട്ടും കപ്പലൂരുഊരണിയും, ചെല്ലൂർ(പെരിഞ്ചെല്ലൂർ)നളസേതുഅഥവാ രാമസേതു (രാമനാഥപുരം ഡില്ലയിലെ രാമേശ്വരം,പാമ്പൻ,മണ്ഡപം,ധനുഷ്കോടി ഉൾപ്പെട്ട ഭൂഭാഗം)കാവേരിപ്പൂമ്പട്ടണം (പൂംപുകാർ)കൊടുമണൽ, കൊടുമ്പൈ (കൊടുമ്പ്) നെടുമ്പ്ര(നെടുമ്പ്രനാട് .ഇതിന്റെ ഭരണകേന്ദ്രം നെടുമ്പ്രത്തളി) പാല ക്കാട് ചുരം ,സിലോണിലെ അനുരാധപുരം കൊങ്കണതീരത്തെ സൊപ്പാര. പെരുമ്പടപ്പ് അഥവാ മഹാഉദയമെന്ന മാക്കോതപുരം(കേരളം)

മദ്ധ്യേന്ത്യയിലെ നാസിക് (ജനസ്ഥാനം)ദണ്ഡകം,പൈത്താൻ,കൌന്തൻപൂർ, ഉജ്ജയിനി,വിദിശ,പവയ,ഭൃഗുകച്ഛം(ബ്രോച്ച്)

(ലിസ്റ്റ് പൂർണ്ണമല്ല)

മധുരയിലെ അരിത്തപ്പട്ടി (അരിഷ്ടഗ്രാമം)അഥവാ മാങ്കുളം എന്ന സ്ഥലത്താണ് യാക്കസിതി വെള്ളാടൈയുടെ മകൾ രചിച്ച് ചാത്തന് പിനക്കല് കൊത്തിവെച്ച് ഏറ്റവും പഴയ തമിഴ്ബ്രാഹ്മി ലിപിയിലുള്ള ലിഖിതം കാണുന്ന ഗുഹ. അശോകനെ പ്പോലെ പ്രസിദ്ധർമാത്രമല്ല, ഇങ്ങനെ ലിഖിതം കൊത്തിവെച്ചിരുന്നത് എന്ന ർത്ഥം. (സബ് ആൾട്ടേണ് ഹിസ്റ്ററി)പടിഞ്ഞാറെ ഇന്ത്യയിലെ ക്ഷത്രൻ നഹാ പനന്റെ മകളുടെ ഭർത്താവ് ഉഷദത്തന് നാസിക് ഗുഹ 10, 12ൽ 2 ലിഖിതം കൊത്തിയിട്ടുണ്ട്. 10ൽ,താൻ പുണ്യംകിട്ടാനായി 8 കന്യകമാരെ ബ്രാഹ്മണർക്ക് കന്യാദാനം ചെയ്തുകൊടുത്തു എന്നു കാണാം. തപതിഅടക്കമുള്ള വലിയ നദി

കളിലും ചങ്ങാടം കൊണ്ടുള്ള ഗതാഗതം തുടങ്ങി എന്നും ഈ ലിഖിതത്തിലുണ്ട്. അതുവരെ ചെറിയവഞ്ചികളാണ് നദികളിലുപയോഗിച്ചിരുന്നത്.വലിയവ സമുദ്ര ത്തില് മാത്രമാണ് ഉപയോഗിച്ചിരുന്നത്. 12ൽ താൻ നെയ്ത്തുകാരുടെ കുലസംഘ ത്തിൽ(ഗിൽഡ്)പണം നിക്ഷേപിച്ചത് ഗുഹകളിൽ വസിക്കുന്ന സന്യാസിമാരുടെ ചെലവിന് അതിലെ പലിശ ഉപയോഗിക്കാനാണെന്നും ഈ കല്പന നഗരത്തി ലെ കണക്കെഴുത്തുകാരുടെ ഗ്രന്ഥത്തിലും രേഖപ്പെടുത്തിയിട്ടുണ്ടെന്നും പറഞ്ഞിരി ക്കുന്നു.

കുന്നിക്കുരു ഒരു വലിയ ഉരുളിനിറച്ചുവെച്ച് കുട്ടികളെക്കൊണ്ട് വാരിയിടീക്കും ഗുരു വായൂരിൽ.ദുർഗ്ഗയുടെ ഒരു രൂപം (കിരാതിവേഷം)ആയ ത്വരിതയും ഗോപവാട ത്തി ൽ വസിക്കുന്ന കാലത്ത് കൃഷ്ണനും കുന്നിക്കുരുമണിമാല അണിഞ്ഞിരുന്നു. പണ്ടെല്ലാം വീട്ടിലെ കോലായിലിരുന്ന് തട്ടാന്മാരെക്കൊണ്ട് ആഭരണമുണ്ടാ ക്കിക്കും.അവരുടെ കയ്യിലും കുന്നിക്കുരുമണി കാണാറുണ്ട്. കുന്നിക്കുരു ഒരു തൂക്കവും നാണ്യവുമായി പണ്ട് ഉപയോഗിച്ചിരുന്നതിന്റെ ആധുനികകാലത്തെ തെളിവുകൾ ഇതുമാത്രമാണ്. ഒരു കുന്നിക്കുരുത്തൂക്കത്തിന് ഒരു രതി എന്നു പറയും.

100 രതി(100 കുന്നിക്കുരുത്തൂക്കം)ഒരു ശതമാനം ആണ് 10.4 – 11.7 ഗ്രാം. 32 രതി ഒരു കാർഷാപണം(കാർഹാപണം) .ഒരു കാർഷാപണത്തൂക്കമാണ് 3.33 – 3.74 ഗ്രാം. വെള്ളി,ചെമ്പ്,സ്വർണ്ണം എന്നിവ ഇങ്ങനെ തൂക്കിയാണ് നാണ്യമുണ്ടാ ക്കിയിരുന്നത്. പഞ്ച്മാർക്ക് നാണ്യങ്ങള് ആദ്യം ചതുരം ,ദീർഘചതുരസീലുകളാ യിരുന്നു. പിന്നെയാണ് വൃത്താകൃതിയായത്. ജ്യാമിതീയരൂപം,ആൽമരം,ചെടി,ആയുധം,മനുഷ്യരൂപം,ആന,ഋഷഭം,പത്മം,ചക്രം എന്നീ മുദ്രകൾ നാണ്യത്തില് കൊത്തിയിരുന്നു. 6 ഗ്രൂപ്പ് ആക്കാവുന്ന 500 സിംബ ലുകൾ സൈന്ധവകാലംമുതല് ഉപയോഗിച്ചിരുന്നു. ഒരുനാണ്യത്തിൽ ഒന്നുമുതല് അഞ്ചുവരെ സിംബലുകളുണ്ടാവും. ഗാന്ധാരത്തിൽ ഒരു ബാറിന്റെ രണ്ട് അറ്റത്ത് ഓരോ ചക്രം വെച്ച് ഇത്തിരി വളഞ്ഞ ഒരു നാണ്യം (bent bar coin)ഉണ്ടായിരു ന്നു. ശൃംഗിവേരപുരത്തും കൌശാംബിയിലും മൂന്നുതരം നാണ്യം കാണാം.



പഴയ നാണ്യം
ദീർഘചതുരം,ചതുരം

പുതിയ നാണ്യം
വൃത്തം

ശൃംഗിവേരപുരം,കൌശാംബിനാണ്യം



വാസ്തുവിലെ മാതൃകകൾ



സൈന്ധവസീലുകൾ ആദ്യകാലത്ത് ലിഖിതമായും നാണ്യമായും ഉപയോഗിച്ചിരുന്നിരിക്കണം. ചതുരവും ദീർഘചതുരവും സ്വസ്തികസർവ്വതോഭദ്രവുമായ വാസ്തുവിൽനിന്ന് ഗോള,വൃത്ത,വേസര,ദ്രാവിഡവാസ്തുവിലേക്കും നഗരദുർഗ്ഗസംവിധാനത്തിലേക്കും ഉള്ള മാറ്റവും നാണ്യത്തിലെ ആകൃതിമാറ്റവും ശ്രദ്ധേയമാണ്. വീണാദാസിന്റെ The Oxford India companion to sociology and social anthropology (2003)page 219ൽ,യാഗങ്ങൾ,രാജസൂയാദികളെന്നിവക്ക് ദേശാന്തരസഞ്ചാരങ്ങ ൾ ,അറിയാത്ത രാഷ്ട്രങ്ങളിലേക്കുള്ള യാത്രകൾ ആവശ്യമാക്കുന്നതുകൊണ്ട് ജന തയുടെ Institutionalised de-localisations ആയിരുന്നു എന്നു കാണാം. Ethnography എന്നു പറയുന്നത് Mutual bonds between spaces and people ആണ്. ഇന്ത്യക്കാർക്ക് ചരിത്രാതീതകാലം മുതല് തങ്ങളുടെ ദേശകാലങ്ങളോടും വിവിധജനസമൂഹങ്ങളോടും ഉള്ള പരസ്പരബന്ധം

അവരുടെ സഞ്ചാര,ഗതാഗത മാ ർഗ്ഗങ്ങളും ആശയവിനിമയവും വഴിയായിരുന്നു. സ്വന്തം സാംസ്കാരികത്തനിമ നിലനിർത്തിക്കൊണ്ട് ഒരു ഗ്ലോബൽ സൌഹൃദശൃംഖല എല്ലാവരുടേയും അഭിവൃ ദ്ധിക്കും നന്മക്കുമായി നിഷ്കാമമായി കെട്ടിപ്പടുത്തതാണ് നമ്മുടെ നേട്ടം എന്നു പറ യാവുന്നത്. അങ്ങനെ കെട്ടിപ്പടുത്ത പൂർവ്വികരുടെ നിരയില് ആരെല്ലാമുണ്ടായി രുന്നു.

1. Pastoralists/Animal husbandry കൃഷി,കന്നുകാലിവളർത്തൽ,കാലിമേക്കൽ,പുതിയ മേച്ചിൽപ്പുറം തേടൽ, ഇവരെ wandering nomads എന്നു വിളിക്കുന്നു. ശ്രീകൃഷ്ണന്റെ യദു,ആയ്, ഗോപ,ആഭീരവംശം ഇതിലാണ് പെടുക.
2. Hunter /gatherers.നായാടികളും വേടന്മാരും മത്സ്യം പിടിക്കുന്നവരും (മീന വ)കടവുകടത്തുന്നവരും ദാശരും പരതവരും . കിരാത,ക്ഷത്രിയവംശക്കാ രും ഇതേ പ്രൊഫഷനാണ് പിന്തുടർന്നത്.ഇവരിലെ നാവികരാണ് മര ക്കലം നയിക്കുന്ന മരക്കാരും വലിയ കപ്പലോട്ടുന്ന പെരുംപടകുമുത്തരയരും
3. Peripatites .ഭക്ഷണം കൃഷിചെയ്തുണ്ടാക്കുകയോ ശേഖരിക്കുകയോ ചെയ്യാ ത്തവരാണ് ഇവർ.സ്വന്തം വർണ്ണത്തിൽനിന്നുതന്നെ വിവാഹം കഴിക്കുന്നു (endogamy)വർണ്ണസങ്കരം വരാതെ സൂക്ഷിക്കുന്നു.കരകൌശലവിദ്യകളും കുടിൽവ്യവസായങ്ങളും കാരുകലകളും ന-ത്തസംഗീതാദിചാരുകലകളും ഇവരുടെ ഉപജീവനമാർഗ്ഗമാണ്. ക്ഷേത്രത്തോടനുബന്ധിച്ച് ഗ്രാമങ്ങളിലും നഗരങ്ങളിലും ല്ഥിരമായി വസിക്കുന്നവരും, നാട്ടുനീളെ സഞ്ചരിക്കുന്നവരും (നാടോടി)ഉണ്ട്. Specialized services കൊടുത്ത് ബാർട്ടർരീതിയില് ഇവര് ഭക്ഷണം സമ്പാദിക്കുന്നു. symbiotic nomads ,service nomads , trader nomads എന്നിവരും കഴകക്കാരും ദേവദാസികളും നട്ടുവരും സർക്കസ്സുകാ രും ഇവരിലുൾപ്പെടും. സംഗീതോപകരണങ്ങള് ഇവരുടേതാണ്. തമിഴ്ലിഖി തങ്ങളിൽ ഇവരെ വിളിക്കുന്നു. ബഞ്ചാരകളെന്നും വിളിക്കുന്നു. ചതുരംഗപ്പട കളേയും സഞ്ചാരികളേയും പിന്തുടർന്ന് സാർത്ഥവാഹകസംഘങ്ങളോ ടൊപ്പം ജിപ്സികളായി ഇവരാണ് യൂറോപ്പിലാകെ വ്യാപിച്ചത്. .
4. Migrant labourers തൊഴിലിനായി ദേശാന്തരം പോകുന്നവര്.ഈ നാലുതര ക്കാരുടേയും ചരിത്രമാണ് ഇന്ത്യയുടെ മുഴുവനും ചരിത്രം. ഇന്ത്യയിലെ പ്രാചീ നസംസ്കൃതിയിൽ ഞാനിവരെയെല്ലാം കാണുന്നു. സൈന്ധവലിപികളിലും ഇതുതന്നെയാണ് എനിക്കുകാണാനാവുന്നത്. ഈ നാലുതരക്കാരും ഇന്നും എന്നും ഇന്ത്യയിലുണ്ട് എന്നതാണ് സത്യം. ഇവർതമ്മിൽത്തമ്മിലുള്ള പര സ്പരബന്ധം ,സഹകരണം,കൊള്ളക്കൊടുക്ക,കൂറ്,എന്നിവയിലൂടെ ഇന്ത്യ

ൻസമൂഹം വളർന്നുവന്നു. അവരുടെ ചേരിപ്പോരുകളും മത്സരവും വംശനാശം വരുത്തുന്ന കലഹങ്ങളും യുദ്ധങ്ങളും ഉണ്ടാവുമ്പോഴെല്ലാം ഇവിടത്തെ തത്വചിന്തകർ അതിന് അങ്കുശമിട്ടിരുന്നു.അഹിംസയുടെ ആ നാദത്തിന് ഏതുകാലത്തും സ്വതേ ഹിംസകരായ ക്ഷത്രിയര് ബഹുമാനം കൊടുത്തു.ആ നാദത്തിന് വില കല്പിക്കാത്ത ഒരു വിദേശസമൂഹത്തിന്റെ കയ്യിലേക്ക് ഭരണം പോയതോടെ ഇവിടത്തെ ക്ഷത്രിയരും പ്രഭുക്കളും ഈശ്വരദാസരല്ലാതായി.വെറും ജന്മികളും നായക്കന്മാരും കുടിയാന്മാരുമായി സമൂഹം മാറി. വിദേശിക്കച്ചവടക്കാര് പ്രലോഭിപ്പിച്ചപ്പോള് പണം,പ്രശസ്തി,സാമ്രാജ്യം, രാഷ്ട്രീയശക്തി ഇവ മോഹിച്ച് അവരെല്ലാം പെരുമാറി. അലക്സാന്ററുടെ കാലത്ത് അംബി മുതലാണ് ഈ പ്രവണത നാം കാണുന്നത്.

ഇന്ന് നമ്മൾ സ്വതന്ത്രരായ ഇന്ത്യൻപൌരന്മാരാണ്. എല്ലാവരും ഭാരതീയർ,ഇന്ത്യന്പൌരർ. ഇന്ത്യൻസംസ്കാരത്തെ ഉൾക്കൊണ്ട് ദേശീയബോധത്തോടെ സഹകരിച്ച് സമാധാനമായി ഐശ്വര്യമായി ജീവിക്കാൻ എന്തു വേണമെന്ന് ആലോചിക്കേണ്ടവർ. ഭേദഭാവനകളെ ഉപേക്ഷിച്ച് അദ്വൈതഭാവനയോടെ ജീവിക്കാൻ ഭാരതത്തിന്റ്യും ലോകത്തിന്റേയും സാംസ്കാരിക ചരിത്രം നമ്മെ സഹായിക്കട്ടെ. ജാതിമതവർഗ്ഗീയതകൾക്കും രാഷ്ട്രീയങ്ങൾക്കും മറ്റു സങ്കുചിതചിന്തകൾക്കും അതീതമായി,നമ്മുടെ നാടിനെ ഒന്നായിക്കണ്ട് തനിമ നിലനിർത്തിക്കൊണ്ടുതന്നെ വിശ്വപൌരന്മാരായി ജീവിക്കാന് നമുക്കെല്ലാവർക്കും ഇത് പ്രചോദനമാവട്ടെ.

16.ജനുവരി 2008 ചെന്നൈ

References

1. The secret doctrine .Madame Blavatsky Vol 1-5 Theosophical society of India 1938
2. World history BC 1200-AD 500 Louini Pareity Vol 2. Translated to Malayalam Bhasha Institute Kerala 1989.
3. Rgvedasamhitha S.Padmanabha Iyengar .Soumya Press Mylapur
4. The last mysteries of the world Readers Digest Publication
5. The crest of the peacock . Non-European roots of Mathematics.Dr George Geevergheese Joseph .Penguin Books
6. Panchasidhanthika of Varahamihira . Study by Dr Suvarna Nalapat Ed 2. 2000 NBS Kottayam
7. P.D.Ouspensky .A new model of universe .Vintage Books
8. Holy Koran. A.Yusuf Ali. Khathar National Printing Press
9. History of Kerala Raghava Warrier and Rajan Gurukkal .Vallathol Vidyapeetam Publications Sukapuram 2nd ed. 1992
10. Kalakaumudi 1994 sept 4. Pp 43-48 Lalu Joseph ,J Rajasekharan Nair
11. Mahabharatham Vedavyasa
12. Adivasikalude keralam .Vettur P Damodaran
13. Natayasasthram Bharathamuni .KP NarayanaPisharady .Keralasahitya Academy
14. Arshajnanam .Nalapat Narayana Menon 1954
15. Prajnaparamitham . Nagarjuna
16. Bhagavathapuranam Vedavyasa
17. Bhashabhushanam .A R.Rajarajavarma
18. Pranavavadam .Bhagavan Das
19. Diaries of Nalapat Narayana Menon

20.Hamlyn's children's Encyclopaedia pp 88

21. . myths and symbols in ancient Egypt

22. Advanced history of India .K.A.Neelakanthasasthri ,G Sreenivasachari

23.Leelavathy of Bhaskaracharya

24. chilappathikaram Ilamkovadikal .Trans Nenmara Viswanathan Nair Keralasahitya Academi

25.Hymns of Shiva .Indira Viswanathan Paterson Motilal Banarasi Das publishers pp 194-195

26. Manimekhalaakavyam. Koolavanikan Chathanaar

27. Pathittuppath

28. Keralathinte samskarikacharithram. P.K.Gopalakrishnan.Kerala Bhasha Institute

29. Keralathinte sthalacharithram. V.V.K.Valath. (Palaghat district)Kerala SahithyaAcademy

30. Vannerinad . Kattumadam Shashtipurthy Upaharasmaranika

31. Saradathilakam . Raghavabhattan. Culcutta Agamanusandhanasamithi publication. 1933

32. Arthasasthra.Koutilyan .Trans .K.V.M. Kerala sahitya Academy

33. Srimad Bhagavad Gita (studies by various authors including Sankarabhashya)

34. Dravidabhasha vyakaranam Caldwell. Keralabhasha Institute.Trans S K Nair

35. Rgvedaparibhasha Vallathol Narayana Menon

36 Mooshakavansakavya .Athulan .Trans Chirakkal Balakrishnan Nair with preface of Dr K Raghavan Pillai

37.Gems from pre-historic past .N Mahalingam Madras 1981 pp 11

38.K P Jayaswal. Q Indian history pp 241 Mahajan

39.Bharatheeyadarsanam Dr S Radhakrishnan pp 728-729

40.C Kunjan Raja Presentation Volume

41. Pragathi Thrimasika volumes from 1987 March to 1989 September

42.Visions of cosmos Carolyn Collins Peterson and John C Brandt . Oxford University Press 2003

43.Cartographic science A compendium of map projections with derivations. Donald Femne. C R C Press Taylor and Francis Group. 2007

44. Maritime India Rival companions of trade in the orient .1600-1800 Holden Furber. ; Maritime India in 17th century Sinnappah Arasurathnam ; The Indian ocean –A history of people and the sea .Kenneth Mcpherson Oxford University press 2004

45.Musical Instruments of the world .An illustrated encyclopaedia with more than 4000 original drawings.Facts on file publications Newyork .Printed in Singapore 1976.

46. Sacred Britain. A guide to sacred sites and pilgrim routes of England ,Scotland and wales. Martin Palmer, Nigel Palmer .Official guide to the sacred land project Forward by David Ballancy. Judy Piatkus Publication 1997.

47. A history of India . Hermann Kulka ,Dietmar Rotherman 3rd Ed. Routledge 1999

48. A history of Indian Archeology from beginning to 1947 Dilip Chakavarthy Munshiram Manoharlal 1988

49. A history of South India from pre-historic times to fall of Vijayanagara 4th Ed K A Neelakantasasthry. Oxford University Press India 1999

50 Deciphering the Indus script .Asko Parpola Cambridge Uty Press 2000

51. Trade in early India .Themes in Indian History .Ranabir Chakravarthy Oxford uty press 2001

52. Budhism in western Himalayas .A study of the Tabo monastery .Laxman S Thakur Oxford Uty Press 2001

53.India ,an archeological history .Paleolithic beginnings to early historical foundations .Dilip Chakravarthy .oxford uty press 1999

54. Key concepts in Geography . Sarah L Holloway ,Stephan P Rice, Gill Valentine. Sage publications 2004

55. Timeline of world history John B Teeple .DK Publishing 2002

56. Sanskrit Inscriptions of North India Dr Akhilesh K Dubey. Vidyanidhi prakasan.2005

57.Archeology ,Art and Religion.New perspectives on Vijayanagara .Anila Vergheese Oxford Uty Press 2000.

58.The archeology of seafaring in ancient South Asia .Himanshu Prabha RAY. Cambridge world archeology Cambridge uty press 2003

59.Valmiki Ramayanam Trans- Vallathol Narayana Menon

60.Sudhasindhu study of 12 Upanishads Dr Suvarna Nalapat DC Books Kottayam 2003.

61. Brahmasindhu .Brahmasuthra Commentary Dr Suvarna Nalapat . DC Books Kottayam 2006

62. Nadalayasindhu Dr Suvarna Nalapat DC Books Kottayam 2008

63.Harappan civilization .second revised ed. Gregory L Possehl .American Institute of Indian studies Oxford and IBH publishing co pvt ltd. 1993

64. Souvenir of Malabar mahotsav 1991-92

65. The gift .Marshall Moss 1967

66. Atharvaveda

67. People's chronology .James Trager 1980. Heinemann.London

68. Travancore archeological series .T A GopinathaRao

69.Charithrathinte Adiverukal. Kesari Balakrishna Pillai

70. Stone crafts of India Neelam Chiber vol 1 and 2 Published with the help of Cultural Ministry of Government of India.

71. Timeline of India Wilipedia

72. Andera Pliny Hist .Nat Vol V1 . 21.8-23 11 Q Megasthenes

73. Studies in accentuation of samaveda Sidheswar Varma. 1930. All India oriental conference Vol V1 B.O.R. 1 Poona pp 517-528

74.The saman chants .A review of Research .Indian musicological society .Bombay/Baroda 1985. G H Tarlakar .

75.The oxford India companion to society and social Anthropology Veena Das 2003

76. South Asian Archeology 1993 Proceedings of the 12th International conference of European Association of South Asian Archeologists held in Helsinki University 5-9 July 1993 Ed Asko Parpola and Petteri Koshikalleo Vol 1 Helsinki 1994

77.Brahmavidya .The Adyar Library Bulletin Vol 68-70 .2004- 2006 Colonel Henry Steel Olcott Death Centenary Commemoration Volume (Vedic and Mesopotamian interaction .N. Razanas pp 1-88)

78.A cultural history of India Ed A I Basham. Oxford India paperback 1975.

79. The invention of history. Essays on the representation of the past .Stephan Bann. Manchester Uty Press. 1990.

80. A companion to the study of history . Micheal Stanford Blackwell Publishers 1994

81. Lapis Lazuli beads from Susa and central Asia . A preliminary study .Michael Casanova pp 137-145 South Asian Archeology 1993.

82. Paleographic analysis of early Harappan ceramics from Bughi,Baluchisthan .Graham M Chaudder .147-155. (In the southern extant of Sulaiman Mountain)

83. Trading encounters –from the Euphrates to Indus in Bronze age. Shereen Ratnakar Oxford 2004

84. J of American oriental society .Vol 126.No: 3 July –September 2006. ISSN 0003-0279 . A: Palnkolivelle .When texts conceal;& B: Review article by Morde Chai Friedman,Qusayr and Geniza. & C: Documents on Indian ocean trade (pp 401), &D: Role of Phoenician kings at battle of Salamais 480 BCE Josette Elanji (411-418)

85. The Cambridge companion to Travel writing Ed Peter Hulme & Tim Young Cambridge Uty press 2002

86. Land ,politics and trade in South Asia .Ed Sanjay Subramaniam Oxford Uty Press 2004

87.India-The social Anthropology of a civilization .Bernard S Cohen Oxford uty press 2000

88. Glimpses of world history .Jawaharlal Nehru Penguin books 2004 (3rd ed)

89. Merchants,companies and trade Europe and Asia in the early Modern Era. Studies in Modern capitalism. Ed Sushil Chowdhury and Michael Morineau Cambridge uty press 1999.

90. British India 1772-1947 A survey of the nature and effects of alien rule.Michael Edwardes Rupa &co 4th Ed.2006

91. Exploring India's rural past –A Gujarat village in the early 19th century A M Shaw Oxford uty press 2002

92. Environment and ethnicity in India 1200-1991. Sumit Guha Cambridge studies in Indian history and society 1999

93. State and Nation in the context of social change Ed T V Sathyamurthy Vol 1 and 3 Oxford India paperbacks sec impression 2000.

94. A South Indian subcaste .Social organization and religion of the Pramalai kallar Louis Dumont Oxford uty press Oxford India paperbacks 2000

95.India's culture .The state,the arts and beyond. B P Singh .Oxford uty press Forward by Dalai Lama Ed: 2000

96. Psychoanalysis in colonial India Christiana Hartnack Oxford uty press 2001

97. The interplay of gender ,religion,and politics in India .Invented identities Ed Julia Leslie ,Mary McGee Oxford uty press. 2000

98. Human rights in India .Historical ,social,and political perspectives. Chiranjivi J Nirmal .Oxford India paperbacks 2002

99.Penumbral vision. Making politics in early modern South India . Sanjay Subramaniam Oxford Uty press 2001

100. Women's voices .Selection from nineteenth and early twentieth century Indian writing in English. Eunice de Souza ,Lindsay Pereira .Oxford India paperbacks 2004

101 . Hindu revivalism in Bengal 1872-1905. Some essays in interpretation. Amiya P. Sen Oxford India paperbacks 2001

102. Nature and the orient .The environmental history of the South and South EastAsia .Ed Richard H Grove,Vinita Damodaran,Satpal Sangwan.Oxford Uty press 2000.

Filename:	സപ്തസൈന്ധവം ഭാഗം 1 സിന്ധുസരസ്വതീലിപി.docx
Directory:	C:\Users\user\Documents
Template:	C:\Users\user\AppData\Roaming\Microsoft\Templates\Normal.dotm
Title:	
Subject:	
Author:	user
Keywords:	
Comments:	
Creation Date:	12/5/2015 2:29:00 PM
Change Number:	378
Last Saved On:	5/1/2020 7:53:00 AM
Last Saved By:	user
Total Editing Time:	2,784 Minutes
Last Printed On:	5/1/2020 7:53:00 AM
As of Last Complete Printing	
Number of Pages:	394
Number of Words:	81,029 (approx.)
Number of Characters:	461,866 (approx.)